
# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും




തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും

വാല്യം-1


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും

## വാല്യം I

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581

| | |
|---|---|
| **Editorial Board** | **എഡിറ്റോറിയൽ ബോർഡ്,** |
| January 2014 | ജനുവരി 2014 |
| **Chief Editor :** | **ചീഫ് എഡിറ്റർ** |
| Dr. P. P. Balan | ഡോ. പി.പി. ബാലൻ |
| Director, KILA | ഡയറക്ടർ, കില |
| **Editor:** | **എഡിറ്റർ** |
| Dr. Peter.M.Raj | ഡോ. പീറ്റർ.എം.രാജ് |
| Associate Professer, KILA | അസോസിയേറ്റ് പ്രൊഫസർ, കില |
| **Associate Editor**: | **അസോസിയേറ്റ് എഡിറ്റർ** |
| Sri. M.K.Ravindranathan | ശ്രി. എം.കെ. രവീന്ദ്രനാഥൻ |
| Consultant, KILA | കൺസൽട്ടന്റ്, കില |
| **D.T.P** | **ഡി.ടി.പി.** |
| Vinitha Ravi | വിനിത രവി |
| **Layout Designing** | **ലേ ഔട്ട് ഡിസെനിംഗ്** |
| Co-operative Press | കോ-ഓപ്പറേറ്റീവ് പ്രസ്സ് |
| **Cover Designing** | **കവർ ഡിസൈനിംഗ്** |
| Usman Kuttoth | ഉസ്മാൻ കൂട്ടോത്ത് |
| **Published by:** | **പ്രസാദനം** |
| Kerala Institute of Loca | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ |
| Administration | അഡ്മിനിസ്ട്രേഷൻ, |
| Mulamkunnathukavu, | മുളങ്കുന്നത്തുകാവ്, |
| Thrissur – 680581 | തൃശൂർ 680581 |
| Phone: 0487-2201768, | ഫോൺ : 04872201768, |
| 2200244 (Office) | 2200244 (ഓഫീസ്) |
| 0487-2201312 (Director) | 04872201312 (ഡയറക്ടർ) |
| 0487-2201062 (Fax) | 04872201062 (ഫാക്സ്) |
| e-mail: mail@kilaonline.org | ഇ-മെയിൽ : mail@kilaonline.org |
| Website : www.kilaonline.org | വെബ്സൈറ്റ്: www.kilaonline.org |



**മാന്യരെ,**

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് കില പ്രസിദ്ധീകരിച്ച കൈപുസ്തകം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും വളരെയധികം പ്രയോജനം നൽകിയിട്ടുണ്ട്. ആയതിൽ നിന്നാണ് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന സംസ്ഥാനസർക്കാരിന്റെ വിവിധ സ്കീമുകളെക്കുറിച്ച്, പ്രത്യേകിച്ച് സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട സ്കീമുകൾ ഉൾപ്പെടുത്തി, ഒരു കൈപുസ്തകം തയ്യാറാക്കണമെന്ന ആശയം ഉടലെടുത്തത്. കില യഥാസമയം അതിനുള്ള നേതൃത്വം ഏറ്റെടുത്തത് ഏറ്റവും ശ്ലാഘനീയമായകാര്യം തന്നെയാണ്.

സംസ്ഥാന സ്കീമുകൾ, പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളെ ഉദ്ദേശിച്ചുള്ളവ, ഇന്നും വേണ്ടത്ര രീതിയിൽ പൊതുജനസമക്ഷം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സ്കീമുകളുടെ ബാഹുല്യവും എങ്ങനെ അപേക്ഷിക്കണമെന്ന അജ്ഞതയും പലർക്കും അവസരം നഷ്ടപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ എല്ലാവർക്കും വേണ്ടത്ര രീതിയിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ഫലം അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ വിവിധ വകുപ്പുകൾ വഴി ൮൦൦ ഓളം സ്കീമുകൾ നടപ്പിലാക്കുന്നുണ്ട് എന്നു പറയുമ്പോൾ തന്നെ ആയതിന്റെ വ്യാപ്തി നമുക്ക് ബോധ്യമാകും. ഇതുകൂടാതെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും എം.എൽ.എ, എം.പി സ്കീമുകളും പ്രാദേശിക സർക്കാരുകളുടെ പദ്ധതികളും നടപ്പിലാക്കാനുണ്ട്. ഇവയെല്ലാം തന്നെ പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിന് മുൻഗണന നൽകികൊണ്ടാണ് ചെയ്യുന്നത്. ആയതിനാൽ തന്നെ വിവിധ സർക്കാരുകളുടെ സ്കീമുകളെക്കുറിച്ചുള്ള അവബോധം അനിവാര്യവുമാണ്. ഇത് പാഴ്ച്ചിലവും അഴിമതിയും ഒഴിവാക്കി സാധാരണ ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യുന്നതരത്തിൽ സ്കീമുകൾ ആസൂത്രണം ചെയ്യുന്നതിന് അവസരം നൽകുന്നു. ഇതു കൂടാതെ ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ, അതോറിറ്റികൾ മുതലായ പൊതുമേഖലാ

സ്ഥാപനങ്ങളും അവയുടെ സ്കീമുകളും നിലവിലുണ്ട് . രണ്ടാംഘട്ടമായി ഈ സ്കീമുകളും കൈപുസ്തകരൂപത്തിൽ തയ്യാറാക്കുന്നതിന് കില ഉദ്ദേശിക്കുന്നു എന്ന് മനസിലാക്കുന്നു.

രണ്ട് വാല്യങ്ങളായി കില തയ്യാറാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഈ കൈപുസ്തകം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും സർവ്വോപരി പൊതുജനങ്ങൾക്കും വളരെയധികം ഗുണം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഉദ്യമം ഏറ്റെടുത്ത കിലയേയും, ഡയറക്ടർ ശ്രീ പി.പി. ബാലനേയും ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു.

എല്ലാ ആശംസകളും

ഉമ്മൻചാണ്ടി
കേരള മുഖ്യമന്ത്രി



മാന്യരെ,

പാവപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി കേരള സർക്കാർ വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നിരവധി സ്കീമുകൾ നടപ്പിലാക്കി വരുന്നുണ്ട്. സ്ത്രീ ശാക്തീകരണം, ശിശുവികസനം, വൃദ്ധ-വികലാംഗ ക്ഷേമം, ഭക്ഷ്യസുരക്ഷ, ആരോഗ്യ വിദ്യാഭ്യാസ മേഖല, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ വിഷയങ്ങളിൽ നിരവധി സ്കീമുകൾ നിലവിലുണ്ട്. കൂടാതെ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ ഡിപ്പാർട്ട്മെന്റുകൾ വഴി വിവിധ സ്കീമുകൾ നടപ്പിലാക്കി വരുന്നു. എന്നാൽ ടി സ്കീമുകളെക്കുറിച്ച് ബന്ധപ്പെട്ട ജനവിഭാഗത്തിന് ഇന്നും മതിയായ അറിവ് ലഭ്യമല്ല. വികേന്ദ്രീകരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ പതിന്മടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. ആയതിനാൽ തന്നെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകളെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വേണ്ട വിധം അറിഞ്ഞിരിക്കേണ്ടതും അവയുടെ പദ്ധതി രൂപീകരിക്കുമ്പോൾ പ്രസ്തുത സ്കീമുകൾ കൂടി ചർച്ച ചെയ്യപ്പെടുകയും ആയതിനനുസരിച്ച് തങ്ങളുടെ പദ്ധതിയുമായുള്ള ഏകോപന സംയോജന സാധ്യതകൾ പരിഗണിക്കപ്പെടേണ്ടതും പരമ പ്രാധാന്യമുള്ള കാര്യവുമാണ്. ആയത് കേന്ദ്ര-സംസ്ഥാനവിഷ്കൃത സ്കീമുകളിലുള്ള അവഗാഹം വർദ്ധിപ്പിക്കുന്നതിന് പുറമെ അവയുമായി സംയോജിപ്പിച്ചുകൊണ്ട് പദ്ധതി രൂപീകരണത്തിന് സഹായിക്കുകയും ചെയ്യും. കൂടാതെ വിവിധ സർക്കാർ സ്കീമുകളുടെ വിടവുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയുമായി ബന്ധപ്പെട്ട് സ്കീമുകൾ മുഖേന പരിഹരിക്കുകയും ചെയ്യാം. ആയതിന് വകുപ്പുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും സംസ്ഥാന സർക്കാരിന്റെ വിവിധ മേഖലയിലെ സ്കീമുകളെക്കുറിച്ചുള്ള അവബോധം അനിവാര്യമാണ്. ആയതിനായി കില ഏറ്റെടുത്ത ഈ സംരംഭം ശ്ലാഘനീയം തന്നെയാണ്. ആയതിനാൽ തന്നെ ഈ കൈപുസ്തകം സ്കീമുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനവും സാമൂഹ്യനീതിയും പ്രദാനം ചെയ്യുന്നതിനും വളരെയധികം പ്രയോജനം ചെയ്യുമെന്നും നിസ്സംശയം പറയാം. ഈ സംരംഭം ഏറ്റെടുത്ത് പൂർത്തി

യാക്കിയ കില ഡയറക്ടർ പി.പി. ബാലനേയും ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വരേയും അഭിനന്ദിക്കുന്നു.

**ശ്രീ. എം.കെ.മുനീർ**
ബഹു. കേരള പഞ്ചായത്ത്
സാമൂഹ്യ നീതി വകുപ്പ് മന്ത്രി



ബഹുമാന്യരെ,

വികേന്ദ്രീകരണത്തിൽ പ്രാദേശിക സർക്കാരുകൾക്കുള്ള പ്രാധാന്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലൊ. എന്നാൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത സൽഭ രണം കാഴ്ചവെക്കുന്നതിന്  അവർക്ക് കഴിഞ്ഞു എന്ന് തീർത്തും പറയാനാവില്ല. വികേന്ദ്രീകരണം പ്രാബല്യത്തിൽ വന്ന് 3 പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിട്ടും ദാരി ദ്ര്യനിർമ്മാർജനവും സാമ്പത്തിക വികസനവും സാമൂഹ്യനീതിയും പ്രദാനം ചെയ്യു ന്നതിൽ ഇനിയും മുന്നോട്ട് പോകാനുണ്ട്. പ്രാദേശിക ഭരണത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മുമ്പിലാണെങ്കിലും ജനപങ്കാളിത്തം പൂർണ്ണതോതിൽ ഉറപ്പു വരു ത്തുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.

പദ്ധതികൾ വേണ്ട വിധത്തിൽ ആസൂത്രണം ചെയ്യായ്ക, മുൻഗണനകൾ നിശ്ച യിക്കുന്നതിലും അർഹരെ തെരഞ്ഞെടുക്കുന്നതിലും സുസ്ഥിര വികസനം നടപ്പാ ക്കുന്നതിലും ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിലും, സ്ത്രീനീതി, ബാല നീതി എന്നിവ നടപ്പിലാക്കുന്നതിലും ദുർബല ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടി കജാതി പട്ടികവർഗ്ഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പ്രത്യേക വിഭാഗ ങ്ങളുടെ പ്രത്യേകിച്ച് ശാരീരിക-മാനസീക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്ന ങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനും വിജയം പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമത ഇല്ലായ്മ, അഴിമതി, പാഴ്ചെ ലവ് എന്നിവ ഒഴിവാക്കേണ്ടതാണ്. ജനങ്ങളെ ബോധ്യപ്പെടുത്തികൊണ്ടുള്ള ഭരണം കാഴ്ച്ചവെയ്ക്കുന്നതിൽ ഇനിയും ശ്രദ്ധചെലുത്തേണ്ടതുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പണം ഉപയോഗിച്ചുകൊണ്ടുള്ള ആസൂ ത്രണം ഇതിനൊരു പരിഹാരമാണ്. കേന്ദ്ര-സംസ്ഥാന ഫണ്ടുകളും എം.എൽ.എ, എം.പി ഫണ്ടുകളുമായുള്ള സംയോജന ഏകോപനവും അനിവാര്യമാണ്. ആയതി നാൽ തന്നെ പ്രാദേശിക സർക്കാരുകളെ ഇതിനുവേണ്ടി സജ്ജമാക്കുക എന്നത്

പരമപ്രധാനമാണ്. ആയതിനുള്ള പ്രധാനദൗത്യം എന്ന നിലയിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആദ്യപുസ്തകം കഴിഞ്ഞവർഷം പുറത്തിറക്കിയത്. അതിന്റെ വിജയത്തിൽ നിന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടേയും നിർദ്ദേശപ്രകാരം സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. വിവിധ വകുപ്പുകളുടെ ൪00 ഓളം സ്കീമുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രധാനപ്പെട്ട ചില പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാ. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി മുതലായവ. സ്കീമുകളുടെ ബാഹുല്യം മൂലം ഇവ രണ്ട് വാല്യം ആയിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. രണ്ടാംഘട്ടത്തിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, അതോറിറ്റികൾ മുതലായ സർക്കാർ പണം കൈകാര്യം ചെയ്യുന്നവരുടെ സ്കീമുകൾ അടങ്ങിയ കൈപുസ്തകം രണ്ടാംഘട്ടമായി ഈ വർഷം തന്നെ പുറത്തിറക്കുന്നു. ഇവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനും പാഴ്ച്ചെലവുകൾ ഒഴിവാക്കുന്നതിനും എം.എൽ എ, എം.പി സ്കീമുകളുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്യുന്നതിനും വളരെയേറെ ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ എങ്ങനെ പ്രസ്തുത പ്രോജക്ടുകളുമായി ബന്ധപ്പെടണം എന്ന് വ്യക്തമായി ഇതിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾക്കും വകുപ്പുദ്യോഗസ്ഥർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരിക്കുമ്പോൾ ഇത് ഒരു മുതൽ കൂട്ടാവുമെന്നതിൽ സംശയമില്ല. ഇത് കിലയുടെ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. ഈ കൈപുസ്തകം തയ്യാറാക്കുന്നതിനായി പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകം പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

**ഡോ. പി.പി. ബാലൻ**
ഡയറക്ടർ

| അദ്ധ്യായം നം. | അദ്ധ്യായത്തിന്റെ പേര് | പേജ് നമ്പർ |
|---|---|---|
| | **വാല്യം I** | |
| I | തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും | 27-36 |
| II | കൃഷിവകുപ്പ് | 37-82 |
| III | മണ്ണു സംരക്ഷണ - മണ്ണു പര്യവേഷണ വകുപ്പ് | 83-100 |
| IV | ജലസേചന വകുപ്പ് | 101-106 |
| V | മത്സ്യബന്ധന വകുപ്പ് | 107-148 |
| VI | മൃഗസംരക്ഷണ വകുപ്പ് | 149-184 |
| VII | ക്ഷീരവികസനം | 185-230 |
| VIII | വ്യവസായ-വാണിജ്യ വകുപ്പ് | 231-252 |
| IX | കയർ ഡിപ്പാർട്ട്മെന്റ് | 253-256 |
| X | ആരോഗ്യ വകുപ്പ് | 257-284 |
| XI | ആയൂർവ്വേദ വകുപ്പ് | 285-322 |
| XII | ഹോമിയോപ്പതി വകുപ്പ് | 232-242 |
| XII | കേരള സംസ്ഥാന സാക്ഷരതാമിഷൻ | 343-370 |
| XIV | ഭൂജല വകുപ്പ് | 371-380 |
| XV | ജലനിധി | 381-393 |
| XVI | വാട്ടർ അതോറിറ്റി | 394-404 |
| XVII | പട്ടികജാതി വികസനം | 405-424 |
| XVIII | പട്ടികവർഗ്ഗ വികസനം | 425-436 |
| XIX | സാമൂഹ്യ നീതി വകുപ്പ് | 437-513 |
| XX | കുടുംബശ്രീ | 514-523 |
| | **വാല്യം II** | പേജ് നമ്പറുകൾ രണ്ടാം വ്യാളിയത്തിൽ നൽകിയിട്ടുണ്ട് |
| XXI | ശാസ്ത്ര സാങ്കേതിക വകുപ്പ് | |
| XXII | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് | |
| XXIII | കൈത്തറി & വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് | |
| XXIV | വനം വകുപ്പ് | |
| XXV | വിദ്യാഭ്യാസ വകുപ്പ് | |
| XXVI | കോളേജ് വിദ്യാഭ്യാസ വകുപ്പ് | |
| XXVII | സഹകരണ വകുപ്പ് | |
| XXVIII | നാഷ്ണൽ എംപ്ലോയ്മെന്റ് സർവ്വീസസ്, കേരള | |
| XXIX | തൊഴിൽ വകുപ്പ് | |
| XXX | ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് | |

| | |
|---|---|
| XXXI | പിന്നോക്ക സമുദായ വകുപ്പ് |
| XXXII | വിനോദ സഞ്ചാര വകുപ്പ് |
| XXXIII | സിവിൽ സപ്ലൈസ് വകുപ്പ് |
| XXXIV | റവന്യൂ വകുപ്പ് |
| XXXV | കായിക-യുവജനകാര്യ വകുപ്പ് |
| XXXVI | പോലീസ് വകുപ്പ് |
| XXXVII | ഭാഗ്യക്കുറി വകുപ്പ് |
| XXXVIII | ലീഗൽ മെട്രോളജി വകുപ്പ് |
| XXXIX | സംസ്ഥാന ഇൻഷുറൻസ് വകുപ്പ് |
| XL | മൈനിംഗ് & ജിയോളജി വകുപ്പ് |
| XLI | എക്സൈസ് വകുപ്പ് |
| XLII | ഔഷധ ഗുണനിയന്ത്രണ വകുപ്പ് |
| XLIII | ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പ് |
| XLIV | മോട്ടോർ വാഹന വകുപ്പ് |
| XLV | പൊതുമരാമത്ത് വകുപ്പ് |
| XLVI | പുരാവസ്തു വകുപ്പ് |
| XLVII | റിമോട്ട് സെൻസിംഗ് |
| XLVIII | ഇലക്ട്രിസിറ്റി ബോർഡ് |
| XLIX | ഭൂവിനിയോഗ ബോർഡ് |
| L | ഭവന നിർമ്മാണ ബോർഡ് |
| LI | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| LII | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ |
| LIII | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ |
| LIV | വികസന കോർപ്പറേഷനുകൾ |
| LV | കേരള ലീഗൽ സർവ്വീസ് അതോറിറ്റി |
| LVI | കേരള സംഗീത നാടക അക്കാദമി |
| LVII | അനർട്ട് |
| LVIII | എം.എൽ.എ മാർക്കുള്ള സ്പെഷൽ വികസന ഫണ്ട് സ്കീം |
| LIX | കേന്ദ്രാവിഷ്കൃത പദ്ധതികൾ - സപ്ലിമെന്റ് |
| LX | കയർ-ജിയോ ടെക്സ്റ്റയിൽസ് |
| LXI | എം.പി മാരുടെ പ്രാദേശിക വികസന പരിപാടി സ്കീമുകൾ |
| LXII | ബാങ്കിംഗ് മേഖല |

വാല്യം I

# ഉള്ളടക്കം

പേജ് നമ്പർ


| | | |
|---|---|---|
| **I. തദ്ദേശസ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും.** | | 27–36 |
| **II. കൃഷി വകുപ്പ്** | | |
| 1. | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി | 37–40 |
| 2. | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി | 40–42 |
| 3. | ദേശീയ കാർഷിക വിള ഇൻഷുറൻസ് പദ്ധതി | 42–43 |
| 4. | നാളികേര വിള ഇൻഷുറൻസ് പദ്ധതി | 43–45 |
| 5. | പച്ചക്കറി വിള ഇൻഷുറൻസ് പദ്ധതി | 45–46 |
| 6. | ജൈവകൃഷി പദ്ധതി - കാസർഗോഡ് ജില്ല | 46–48 |
| 7. | ഡിപ്പാർട്ട്മെന്റ് ലാബുകളുടെ നവീകരണം | 48–49 |
| 8. | അഗ്മാർക്ക് നെറ്റ് & മാർക്കറ്റ് ഇന്റലിജൻസ് | 49–51 |
| 9. | സംയോജിത കീടനിയന്ത്രണം. | 51–52 |
| 10. | സുസ്ഥിര നെൽകൃഷി വികസനം | 52–54 |
| 11. | കരനെൽകൃഷി | 54–56 |
| 12. | പ്രത്യേകതയുള്ള നെൽകൃഷി (സ്പെഷാലിറ്റി റൈസ്) | 56–57 |
| 13. | പഞ്ചായത്ത്തല സുസ്ഥിര നെൽകൃഷി വികസനമുന്നേറ്റ പരിപ്രേക്ഷ്യം (PPPSRI) | 57–59 |
| 14. | നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം | 59–60 |
| 15. | ഉൽപാദനക്ഷമതാ ലക്ഷ്യത്തിനുള്ള പ്രോൽസാഹനം (Incentive for Targeted Productivity) | 61–62 |
| 16. | സുഗന്ധവിളകളുടെ വികസനം | 65–64 |
| 17. | കരുമുളക് കൃഷി വികസനം | 64–67 |
| 18. | വയനാട് ജില്ലയിൽ കുരുമുളകിന്റെ ദ്രുതവാട്ട രോഗ നിയന്ത്രണ പദ്ധതി | 66–67 |
| 19. | വയനാട് പാക്കേജ് പ്രകാരം കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം | 67–60 |
| 20. | വയനാട് പാക്കേജ് - വയനാട് ജില്ലയിലെ പച്ചക്കറി വികസന പദ്ധതി | 69–71 |
| 21. | സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി | 71–73 |

| | | |
|---|---|---|
| 22. | പച്ചക്കറി കൃഷിയിൻ കീഴിൽ അവാർഡുകൾ പഠന യാത്രകൾ എന്നിവയ്ക്കുള്ള പദ്ധതി | 73–75 |
| 23. | ശാസ്ത്രീയ മണ്ണുപരിശോധനയും, വിളപരിപാലനവും | 75–77 |
| 24. | ഗുണനിലവാരമുള്ള വിത്തുതേങ്ങ സംഭരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കൽ | 77–78 |
| 25. | സങ്കരയിനം തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനു വേണ്ടി കുറിയ ഇനം തൈകൾ നട്ടുപിടിപ്പിക്കൽ | 78–79 |
| 26. | കൃഷി സാധനങ്ങളുടെ ഗ്രേഡിംഗും ഗുണനിലവാര നിയന്ത്രണവും | 79–80 |
| 27. | നടീൽ വസ്തുക്കളുടെ ഉൽപാദനം കൂട്ടൽ | 80–81 |
| **III.** | **മണ്ണു സംരക്ഷണ - പര്യവേഷണ വകുപ്പ്** | |
| 1. | നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള മണ്ണുജല സംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്) | 83–87 |
| 2. | ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതി | 87–88 |
| 3. | ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുജല സംരക്ഷണം | 88–90 |
| 4. | കൺസൾട്ടൻസി | 90–91 |
| 5. | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് & മാനേജ്മെന്റ്, കേരള - ചടയമംഗലം | 91–93 |
| 6. | മണ്ണുപരിശോധന | 93–94 |
| 7. | കർഷകർക്കുള്ള സോയിൽ ഹെൽത്ത് കാർഡ് വിതരണം | 94–96 |
| 8. | ജില്ലാതല സൂക്ഷ്മ നീർത്തട അറ്റ്ലസ് തയ്യാറാക്കൽ | 96 |
| 9. | സോയിൽ മ്യൂസിയം | 96–97 |
| 10. | ജിയോമാറ്റിക്സ് ലാബ് | 97–100 |
| **IV.** | **ജലസേചന വകുപ്പ്** | 101–106 |
| **V.** | **മത്സ്യബന്ധന വകുപ്പ്** | |
| 1. | മത്സ്യ സമൃദ്ധി | 107–112 |
| 2. | കേരള മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കലും, കടൽരക്ഷാ പ്രവർത്തനങ്ങളും | 112–114 |
| 3. | ഫിഷറീസ് സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ | 114–116 |
| 4. | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ചെലവിനുള്ള പദ്ധതി | 116–117 |

5. മത്സ്യ വിഭവ സംരക്ഷണവും പരിപാലനവും 117–118

**തീരദേശ വികസന കോർപ്പറേഷൻ**

6. സംയോജിത മത്സ്യഗ്രാമ വികസനം 119–120
7. വിഭവ സംരംക്ഷണവും പരിപാലനവും 120–121

**സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവുമൺ (സാഫ്).**

8. തീരമൈത്രി 121–124

**ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ)**

9. ഡവലപ്മെന്റ് ഓഫ് ഡാറ്റാബേസ് ഓൺ എക്സ്പ്ലോയിറ്റഡ് ഫിഷറി റിസോഴ്സ് ഓഫ് മറൈൻ ആന്റ് ഇൻലാന്റ് റിസോഴ്സ് ഓഫ് കേരള. 124–125
10. എക്സ്പ്ലോയിറ്റഡ് ഫിഷറീസ് റിസോഴ്സസ് ഓഫ് കുട്ടനാട് വെറ്റ്ലാന്റ് ഇക്കോ സിസ്റ്റംസ് വിത്ത് സ്പെഷ്യൽ റഫറൻസ് റ്റു ഡെവലെപ്മെന്റ് പ്ലാൻ ഫോർ ദി ഇംപ്രൂവ്ഡ് സസ്റ്റൈനബിലിറ്റി ഓഫ് ദി റിസോഴ്സ്. 126–127
11. അസസ്മെന്റ് ഓഫ് സ്റ്റാറ്റസ് ഓഫ് റിവറൈൻ ഫിഷറീസ് ആന്റ് ലിങ്കിങ്ങ് വിത്ത് വാട്ടർ ക്വാളിറ്റി റീസ്റ്റോറേഷൻ പ്രോഗ്രാം 127–129

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശൂർ**

12. മത്സ്യത്തൊഴിലാളികളുടേയും മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികളുടേയും ക്ഷേമത്തിനായി 25 ക്ഷേമ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നു. 129–131
13. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി. 132
14. വള്ളങ്ങൾക്കും, എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ 132
15. വാർദ്ധക്യകാല പെൻഷൻ 133
16. വിധവാ പെൻഷൻ 133
17. മത്സ്യബന്ധന സമയത്തോ, തൊട്ടു പിന്നാലേയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം 133
18. വിവാഹധനസഹായം 133
19. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം 134
20. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം. 134
21. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം 134

22. S.S.L.C പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് കാഷ് അവാർഡ്. 134
23. കുടുംബ സംവിധാന പദ്ധതി 135
24. മാരക രോഗചികിത്സാ പദ്ധതി 135
25. ചെയർമാൻ റിലീഫ് ഫണ്ട് 135
26. .പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം 135
27. ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി 135
28. പ്രത്യേക ധനസഹായം. 136

**അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതി**

29. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി 136
30. വാർദ്ധക്യകാല പെൻഷൻ. 136
31. അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം 137
32. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്. 137
33. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം 137
34. മാരക രോഗചികിത്സാ പദ്ധതി 137
35. വിവാഹധനസഹായം 138
36. കുടുംബ സംവിധാനത്തിന് ധനസഹായം. 138
37. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി. 138

**മത്സ്യഫെഡ്**

38. ബാങ്കബിൾ സ്കീം 138–139
39. എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി 139–141
40. മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ അനുബന്ധ ഉപകരണങ്ങളുടെ വിതരണം 141–143

**ജലകൃഷി വികസന ഏജൻസി**

41. കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി 143
42. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതി 144
43. കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി പദ്ധതി 145–147
44. ജലകൃഷി വികസന ഏജൻസി (അഡാക് പദ്ധതികൾ) 148

| | | |
|---|---|---|
| **VI.** | **മൃഗസംരക്ഷണവകുപ്പ്** | |
| 1. | വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗ ചികിത്സാ സേവനം | 149–153 |
| | a. മൾട്ടി സ്പെഷ്യാലിറ്റി സഞ്ചരിക്കുന്ന മൃഗാശുപത്രികൾ | 151–152 |
| | b. രാത്രികാലങ്ങളിലെ സേവനം | 152–153 |
| 2. | പാൽ സൊസൈറ്റികൾ വഴി നടത്തുന്ന ബോധവല്ക്കരണ ക്യാമ്പുകൾ | 153–155 |
| 3. | വന്ധ്യതാ നിവാരണ ക്യാമ്പുകൾ | 155–156 |
| 4. | സമഗ്ര മൃഗാരോഗ്യ പരിപാലന പദ്ധതി (കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം) | 156–157 |
| 5. | ഫീൽഡ് സന്ദർശന-വിജ്ഞാന വ്യാപന പരിപാടി (റഗുലർ ഫീൽഡ് വിസിറ്റ് ഓറിയന്റഡ് എക്സ്റ്റൻഷൻ പ്രോഗ്രാം) | 158–159 |
| 6. | പങ്കാളിത്ത പരിശീലന പരിപാടി | 159–161 |
| 7. | സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണപരിപാടി | 161–162 |
| 8. | സ്കൂളുകളിലെ ജന്തുക്ഷേമക്ലബുകൾ | 162–164 |
| 9. | സെമിനാറുകളും പ്രവർത്തനങ്ങളും | 164–165 |
| 10. | സംരംഭക പരിശീലന പരിപാടികൾ | 165–167 |
| 11. | ഫാം സ്കൂൾ പരിശീലനങ്ങൾ | 167–169 |
| 12. | ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് | 169–171 |
| 13. | സാറ്റലൈറ്റ് പന്നി യൂണിറ്റുകൾ | 171–172 |
| 14. | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - കാഫ് അഡോപ്ഷൻ പദ്ധതി | 172–174 |
| 15. | വീട്ടുമുറ്റത്തെ കോഴിവളർത്തൽ | 174–176 |
| 16. | മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം | 176 |
| 17. | മൃഗസംരക്ഷണ വകുപ്പ് സ്ഥാപനങ്ങൾ | 177–184 |
| **VII.** | **ക്ഷീര വികസനവകുപ്പ്** | |
| 1. | തീറ്റപുൽകൃഷി വികസന പരിപാടി | 185–192 |
| 2. | ഗ്രാമീണ വിജ്ഞാന വ്യാപന പരിപാടികൾ | 192–197 |
| 3. | മിൽക്ക് ഷെഡ് വികസന പദ്ധതി | 197–201 |
| 4. | ക്ഷീരസംഘങ്ങൾ മുഖേനയുള്ള കാലിത്തീറ്റ സഹായ പദ്ധതി | 201–204 |
| 5. | ഗുണനിലവാര ശാക്തീകരണ പ്രവർത്തനങ്ങൾ | 204–207 |

6. ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണവും നവീകരണവും കമ്പ്യൂട്ടർവൽക്കരണവും 207–211
7. കേരള സംസ്ഥാന ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം 211–213
8. സംസ്ഥാന ക്ഷീര വിപണന ഫെഡറേഷനു വേണ്ടിയുള്ള സഹായം 214–216
9. കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനുള്ള സഹായം 216–217
10. കേരള ക്ഷീരകർഷക ക്ഷേമനിധി 217–222

**മിൽമ മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

11. ഫാം സപ്പോർട്ട് പ്രോഗ്രാം/മിനി ഡയറി സ്കീം 222–226
12. പട്ടികജാതി വിഭാഗക്കാർക്കുള്ള കിടാരി വളർത്തൽ/സ്വയം തൊഴിൽ പരിപാടി 227–230

**VIII. വ്യവസായ-വാണിജ്യ വകുപ്പ്**

1. സംരംഭകത്വ സഹായ പദ്ധതി (Entrepreneur Support Scheme) 231–239
2. എന്റർപ്രണേർഷിപ്പ് ഡെവലപ്പ്മെന്റ് ക്ലബ്ബ് (ED Club ) 239–240
3. കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ 240–243
4. മാർജിൻ മണി ലോൺ 243–244
5. കേരളത്തിന് പുറത്ത് താമസിക്കുന്ന കേരളീയർക്കായി മാർജിൻ മണി വായ്പ പദ്ധതി 244–245
6. സ്ത്രീകൾക്കു വേണ്ടിയുള്ള വ്യാവസായിക പദ്ധതി (Women’s Industries Programme) 245–246
7. ഹരിജൻ ഡെവലപ്പ്മെന്റ് സ്കീം 246–247
8. സ്റ്റേറ്റ് ഇൻവസ്റ്റ്മെന്റ് സബ്സിഡി 247–250

**എംപ്ലോയ്മെന്റ് വകുപ്പ്**

9. കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്ട്രേഡ് അൺഎംപ്ലോയ്ഡ്. 250–251
10. കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ, സാമൂഹ്യ ക്ഷേമ വകുപ്പ്, കേരള സർക്കാർ - വായ്പ പദ്ധതികൾ 251–252

**IX. കയർ ഡിപ്പാർട്ട്മെന്റ്**

1. വിപണനം, പ്രചരണ പരിപാടികൾ, വ്യാപാരി മേളകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം 253–254

2. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം 254–255

3. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ 255–256

**X. ആരോഗ്യവകുപ്പ്**

1. പകർച്ച വ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും 257–262
2. കൊതുകുജന്യ രോഗ നിയന്ത്രണം 257–262
3. ജല ജന്യ രോഗങ്ങളുടെ നിയന്ത്രണം 257–262
4. സാംക്രമികേതര രോഗങ്ങൾക്ക് പ്രതിരോധ നടപടി (ജീവിത ശൈലി രോഗ പ്രതിരോധ പരിപാടി) 262–265
5. മോണിറ്ററിംഗ് സെൽ ഇൻഫോർമേഷൻ സംവിധാനവും കമ്പ്യൂട്ടർവൽക്കരണവും 265–267
6. ആരോഗ്യവകുപ്പിലെ രക്ത ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ 267–268
7. ആരോഗ്യ ഗതാഗത വിഭാഗം 268–269
8. ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റും ലിംബ് ഫിറ്റിംഗ് സെന്ററും ശക്തിപ്പെടുത്തൽ: 269–270
9. മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനം. 270–271
10. ജില്ല മാനസികാരോഗ്യപരിപാടികളും കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമും. 271
11. ദന്ത ചികിത്സയും ദന്ത രോഗ ക്ലീനിക്കുകൾ ശക്തിപ്പെടുത്തലും 272
12. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോഗ്രാമും വയോജന ആരോഗ്യ പരിപാടികളും 272–273
13. ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം 274–276
14. ഗ്രാമീണ മേഖലയിലെ പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നബാർഡ് സഹായം 276
15. ജില്ല/ജനറൽ/താലൂക്ക്/ആശുപത്രികളിലെയും സി.എച്ച്.സി. കളിലേയും ലാബോറട്ടറികളിൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ 277–278
16. ആശുപത്രികളിലേക്കും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലേക്കുമുള്ള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ
17. ക്യാൻസർ കെയർ പ്രോഗ്രാം

| | | |
|---|---|---|
| 18. | അക്രമങ്ങൾക്കും സാമൂഹിക നിന്ദകൾക്കും ഇരയാവുന്നവർക്ക് ആരോഗ്യ സംരക്ഷണം. | 279 |
| 19. | ഡീ അഡിക്ഷൻ സെന്ററുകൾ | 280 |
| 20. | പുകയില ഉപയോഗം പ്രതിരോധവും നിയന്ത്രണവും. | 280–281 |
| 21. | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ | 281–284 |
| **XI.** | **A. ഭാരതീയ ചികിത്സാവകുപ്പ്** | |
| 1. | ഗ്രാമീണ ആയ്യൂർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും | 285–286 |
| 2. | ജില്ല താലൂക്ക് ആശുപത്രികളിൽ നിലവാരം ഉയർത്തലും ക്രമീകരണവും | |
| 3. | സിദ്ധ ആശുപത്രി | 287–288 |
| 4. | ആയ്യൂർവ്വേദ ഡയറക്ടറേറ്റിന്റെ ആധുനികവത്കരണവും കമ്പ്യൂട്ടർവത്കരണവും | 288–289 |
| 5. | പ്രകൃതി ചികിത്സാ ആശുപത്രി, വർക്കല | 289–291 |
| 6. | മാനസിക രോഗങ്ങൾക്കായുള്ള ആയ്യൂർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയ്ക്കൽ | 291–293 |
| 7. | ഔഷധി (ഷെയർ ക്യാപിറ്റൽ) | 293 |
| 8. | തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനായിട്ടുള്ള ഗവേഷണ വിഭാഗം | 294–295 |
| 9. | പകർച്ചവ്യാധികളും പ്രകൃതി ദുരന്തങ്ങളും നിയന്ത്രിക്കൽ | 294–295 |
| 10. | ജില്ലാ മെഡിക്കൽ ഓഫീസുകളുടെ നവീകരണം | 296 |
| 11. | നിർമ്മാണ പ്രവർത്തനങ്ങൾ | 297–299 |
| 12. | ബാലമുകുളം - സ്കൂൾ ഹെൽത്ത് പ്രോഗ്രാം (പുതിയ സ്കീം) | 297–299 |
| 13. | ഓപ്പണിംഗ് ഓഫ് ന്യൂ ഡിസ്പെൻസറീസ് | 299–300 |
| 14. | സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് | 300–301 |
| 15. | ട്രൈബൽ സെറ്റിൽമെന്റിലെ (ആരോഗ്യ മിത്രം) ആരോഗ്യ സംരക്ഷണം | 301–303 |
| 16. | സ്പോർട്സ് ആയ്യൂർവ്വേദ ആശുപത്രി നിർമ്മാണം | 303–304 |
| 17. | ജില്ല/താലൂക്ക് ആശുപത്രികളിൽ നിലവാരം ഉയർത്തലും ക്രമീകരണവും | 304–306 |

| | | |
|---|---|---|
| 18. | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും ഔഷധങ്ങൾക്കും | 306–307 |
| 19. | ആയുർവേദ ആശുപത്രികൾക്ക് ആശുപത്രി ഉപകരണങ്ങളും ഫർണീച്ചർ ഉപകരണങ്ങളും വാങ്ങുവാൻ. | 308–309 |
| 20. | ആയ്യൂർവ്വേദ റൂറൽ ഡിസ്പെൻസറികൾക്ക് ഫർണീച്ചർ ഉപകരണങ്ങൾ വാങ്ങുവാൻ | 309–311 |
| 21. | ആയൂർവേദ റൂറൽ ഡിസ്പെൻസറികൾക്ക് ഔഷധം വാങ്ങുവാൻ | 311–314 |
| 22. | ജീവനി | 314–315 |
| 23. | പുനർന്നവ | 315–317 |
| 24. | ദൃഷ്ടി | 317–319 |
| B. | **ആയ്യൂർവ്വേദ പഠന ഗവേഷണ സൊസൈറ്റി കോട്ടക്കൽ** | |
| **XII.** | **ഹോമിയോപ്പതി വകുപ്പ്** | |
| 1. | വിമൺ ഹെൽത്ത് കെയർ സെന്റർ (സീതാലയം) | 323–325 |
| 2. | തുടർ മെഡിക്കൽ വിദ്യാഭ്യാസ പദ്ധതി | 325–326 |
| 3. | അഡോളസെന്റ ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജ്മെന്റ് (സദ്ഗമയ) ക്ലീനിക്ക് | 326–329 |
| 4. | ഗ്രാമീണ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കൽ | 329–330 |
| 5. | പുതിയ ഹോമിയോ ആശുപത്രി ആരംഭിക്കൽ | 330–331 |
| 6. | സാന്ത്വന പരിചരണ കേന്ദ്രം | 332–333 |
| 7. | ഹോമിയോപ്പതിക്ക് സ്പെഷാലിറ്റി സെന്റർ | 333–334 |
| 8. | മെഡിക്കൽ സ്റ്റോറുകളുടെ ശക്തിപ്പെടുത്തൽ | 335–336 |
| 9. | മരുന്നുകളുടെ നിലവാരം ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ലാബ്. | 336–337 |
| 10. | ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്. | 337–339 |
| 11. | ഹോമിയോപ്പതി വകുപ്പിലെ ആധൂനിക വൽക്കരണവും, കമ്പ്യൂട്ടർവൽക്കരണവും | 339–340 |
| 12. | ജില്ലാ ആശുപത്രികളിലും മറ്റ് ആശുപത്രികളിലും നിശ്ചിത നിലവാരം ഏർപ്പെടുത്തൽ | 340–342 |
| **XIII.** | **സാക്ഷരതാമിഷൻ** | |
| 1. | അടിസ്ഥാന സാക്ഷരതാ പരിപാടി (Basic Literacy Programe) | 343–348 |

2. നാലാംതരം തുല്യതാ പരിപാടി (4th Equivalency Programe) 348–350
3. ഏഴാംതരം തുല്യതാ പരിപാടി (7th Equivalency Programe) 350–353
4. പത്താംതരം തുല്യതാ കോഴ്സ് 353–354
5. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി 354–355
6. സുസ്ഥിരമായ വിദ്യാകേന്ദ്രങ്ങൾ 355–356
7. തീരദേശ തുല്യത-സാക്ഷരതാ പരിപാടി 357–359
8. മാനസിക-ശാരീരിക സവിശേഷതയുള്ളവർക്കുള്ള പ്രത്യേക തുല്യതാ പരിപാടി 359–361
9. ആദിവാസി സാക്ഷരതാ തുല്യതാ പദ്ധതികൾ 361–362
10. ചേരി നിവാസികൾക്കുള്ള പ്രത്യേക തുല്യതാ പദ്ധതി 362
11. ഭാഷാ ന്യൂന പക്ഷങ്ങൾക്കുള്ള പ്രത്യേക തുല്യത 363
12. സാങ്കേതിക തുല്യതാ പരിപാടി 363–364
13. വിവിധ വകുപ്പുകളുമായുള്ള ബോധവൽക്കരണ പരിപാടി. 364–365
14. തൊഴിൽ പരിശീലന പരിപാടികൾ 365–366
15. കലാപരിശീലന പരിപാടി 366–367
16. ബ്രെയിൽ സാക്ഷരതാ തുല്യതാ പരിപാടി 367–368
17. ഹയർ സെക്കണ്ടറി തുല്യതാ പരിപാടി 370

**XIV. ഭൂജല വകുപ്പ്**

1. ഭൂജല പര്യവേഷണം 371–373
2. ഭൂജല വികസനം 373–374
3. ഭൂജലത്തിന്റെ ഗുണ നിലവാരം 375
4. സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ 375
5. ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും 375–376
6. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഹൈഡ്രോളജി പ്രോജക്റ്റ് 376
7. സാങ്കേതിക സഹായവും ഉപദേശവും 376–677
8. രാജീവ് ഗാന്ധി കുടിവെള്ളപദ്ധതി 377–379
9. ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും 379–380

**XV. A ജലനിധി**

1. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി II) 381–390

| | | |
|---|---|---|
| **B.** | **ജില്ല മഴവെള്ള സംരക്ഷണ മിഷൻ, തൃശ്ശൂർ** | |
| 2. | മഴപൊലിമ-കിണർ റീചാർജിംഗ് പദ്ധതി | 390–393 |
| **XVI.** | **കേരള വാട്ടർ അതോറിറ്റി** | |
| | 2013–14 ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ – സീരിയൽ നമ്പർ 1 മുതൽ 104 വരെ | 393–404 |
| **XVII.** | **പട്ടികജാതി വികസന വകുപ്പ്** | |
| **I.** | **വിദ്യാഭ്യാസം** | |
| 1. | ലാപ്സം ഗ്രാന്റ് | 405–407 |
| 2. | സ്റ്റൈപന്റ് | 407 |
| 3. | അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംമ്പേഴ്സ്മെന്റ് | 407 |
| 4. | ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം | 407 |
| 5. | ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 108–411 |
| 6. | മോഡൽ റസിഡൻഷ്യൽ സ്കൂൾ | 408–411 |
| 7. | സബ്സിഡൈസ്ഡ് ഹോസ്റ്റൽ | 408–411 |
| 8. | പ്രീമെട്രിക് ഹോസ്റ്റലുകൾ | 408–411 |
| 9. | ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം | 408–411 |
| **II.** | **സാമ്പത്തിക വികസന പദ്ധതികൾ** | |
| 10. | സ്വയംതൊഴിൽ പദ്ധതി | 411–412 |
| 11. | വക്കീലന്മാർക്ക് ധനസഹായം | 413 |
| 12. | സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ് | 413–414 |
| 13. | ടൂൾകിറ്റ് | 414 |
| 14. | കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി | 414 |
| 15. | ഉൽപന്ന പ്രദർശന വിപണനമേള | 415–416 |
| **III.** | **സാമൂഹ്യക്ഷേമപരിപാടികൾ** | |
| 16. | ഭൂരഹിത പുനരധിവാസ പദ്ധതി | 417 |
| 17. | ഭവന നിർമ്മാണ ഗ്രാന്റ് | 417–418 |
| 18. | ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി | 418 |
| 19. | ടോയ്ലറ്റ് നിർമ്മാണം | 418–419 |
| 20. | പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി | 419 |

| | | |
|---|---|---|
| 21. | ഉദ്യോഗാർത്ഥികൾക്ക് യാത്രബത്ത | 419 |
| 22. | വിവാഹ ധനസഹായം | 419 |
| 23. | മിശ്ര വിവാഹിതർക്ക് ധനസഹായം | 520 |
| 24. | അമ്മയും കുഞ്ഞും പദ്ധതി | 420 |
| 25. | സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം | 420–421 |
| **IV.** | **സാംസ്ക്കാരിക പരിപാടികൾ** | |
| 26. | നാടൻ കലാമേള | 421 |
| 27. | അംബേദ്ക്കർ ജയന്തി/അയ്യങ്കാളി ജയന്തി ആചരണം | 421 |
| 28. | ഡോ. ബി. ആർ അംബേദ്ക്കർ മാധ്യമ അവാർഡ് | 421–422 |
| 29. | സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രാന്റ് | 422 |
| 30. | പടവുകൾ മാസിക | 422 |
| 31. | സാഹിത്യ ശിൽപശാല | 422–423 |
| **V.** | **നിയമാധിഷ്ഠിത സേവനങ്ങൾ** | |
| 32. | 1955 ലെ പൗരാവകാശ സംരക്ഷണ നിയമം | 423 |
| 33. | 1989 ലെ അതിക്രമം തടയൽ നിയമം | 423–424 |
| **XVIII.** | **പട്ടികവർഗ്ഗ വികസനവകുപ്പ്** | |
| I. | **വിദ്യാഭ്യാസ പരിപാടികൾ** | |
| 1. | നഴ്സറി സ്കൂളുകൾ | 425–429 |
| 2. | പ്രീ-മെട്രിക് വിദ്യാഭ്യാസം | 426–429 |
| 3. | പോസ്റ്റ് മെട്രിക് പനം | 426–429 |
| 4. | വസ്ത്ര വിതരണം | 427–429 |
| 5. | ബോർഡിംഗിനുള്ള ധനസഹായം | 427–429 |
| 6. | മാതാപിതാക്കൾക്ക് പ്രോത്സാഹനം | 427–429 |
| 7. | സ്കൂളിൽ പഠിക്കുന്നവർക്കും, പരാജിതരായവർക്കും വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി | 427–429 |
| 8. | സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം | 427–429 |
| 9. | അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പരിപാടി | 427–429 |
| 10. | പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥലം വാങ്ങൽ | 427–429 |
| 11. | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ | 428–429 |
| 12. | വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ | 428–429 |

| | | |
|---|---|---|
| 13. | ഉൽപ്പാദനപരിശീലന കേന്ദ്രം | 428–429 |
| 14. | വിദ്യാർത്ഥികളുടെ വിനോദയാത്രക്കുള്ള സഹായം | 428–429 |
| II. | **ആരോഗ്യ പദ്ധതികൾ** | |
| 15. | വൈദ്യസഹായ ഘടകങ്ങൾ (മെഡിക്കൽ യൂണിറ്റുകൾ) | 429–430 |
| 16. | സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ | 429–430 |
| 17. | മാനന്തവാടി, അട്ടപ്പാടി, ഇടുക്കി, ചാലക്കുടി ആരോഗ്യപദ്ധതികൾ | 429–430 |
| 18. | അട്ടപ്പാടി ആരോഗ്യ പദ്ധതി | 429–430 |
| 19. | വിവിധരോഗങ്ങൾ ബാധിക്കുന്നവരുടെ ചികിത്സയും പുനരധിവാസവും | 429–430 |
| 20. | സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി | 429–430 |
| III. | **സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികൾ** | 431–433 |
| 21. | അടിയൻ, പണിയൻ, മറ്റ് പ്രത്യേക ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പാക്കേജ് | 431–433 |
| 22. | വർഷക്കാലത്ത് ജോലിക്ക് ആഹാരം നൽകുന്ന പരിപാടി | 431–433 |
| 23. | ആദിവാസി പുനരധിവാസ മിഷൻ, പുനരധിവസിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 431–433 |
| 24. | പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പരിപാടി | 431–433 |
| 25. | ഭവന നിർമ്മാണ ഗ്രാന്റ് | 431–433 |
| 26. | പെൺകുട്ടികൾക്ക് വിവാഹധനസഹായം | 431–433 |
| 27. | ചിങ്ങേരി വികസന പദ്ധതി | 431–433 |
| 28. | പട്ടികവർഗ്ഗ പ്രമോട്ടർമാർ | 431–433 |
| 29. | ഊരുകൂട്ട രൂപീകരണവും പരിശീലനവും | 431–433 |
| 30. | പട്ടികവർഗ്ഗ കലാ വ്യാപാരമേള | 431–433 |
| 31. | ഇൻഫർമേഷൻ എഡ്യുക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ പ്രോജക്ട് | 431–433 |
| 32. | പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെട്ട സ്കീമുകളുടെ മോണിറ്ററിംഗും | 431–433 |
| 33. | അനാഥകുട്ടികളുടെ സംരക്ഷണം | 431–433 |
| IV. | **തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ** | |
| 34. | ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ | 431–435 |

| | | |
|---|---|---|
| 35. | പട്ടിക വർക്ഷമേഖലകളിൽ കുടുംബശ്രി പരിപാടി | 431–435 |
| 36. | അംബേദ്കർ മെമ്മോറിയൽ റൂറൽ ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ധനസഹായം | 431–435 |
| 37. | വനത്തിനുള്ളിൽ വസിക്കുന്നവരുടെ സമഗ്ര വികസനം | 431–435 |
| 38. | പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 431–435 |
| 39. | ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനവും അനുബന്ധ പദ്ധതികളും | 431–435 |
| **V.** | **പുതിയ പദ്ധതികൾ** | |
| 40. | വിപുലമായ അടിസ്ഥാന വിവരങ്ങളുടെ സംരക്ഷണം | 435–436 |
| 41. | പട്ടികവർഗ ക്ഷേമത്തിന് വേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ | 435–436 |
| 42. | വനിതകൾക്ക് ഓട്ടോറിക്ഷ പരിശീലനം | 435–436 |
| 43. | ഐഡന്റിറ്റി കാർഡ് വിതരണം | 435–436 |
| 44. | അരിവാൾ രോഗം - ധനസഹായ പദ്ധതി | 435–436 |
| 45. | പാരമ്പര്യ വൈദ്യ പഠന കേന്ദ്രം | 435–436 |
| 46. | ലാപ്പ്ടോപ്പ് | 435–436 |
| **XIX.** | **സാമൂഹ്യനീതി വകുപ്പ് (സാമൂഹ്യക്ഷേമം)** | |
| 1. | കേരള സർക്കാർ അനാഥാലയങ്ങൾക്കുള്ള ധനസഹായപദ്ധതി ഗ്രാന്റ് | 437–445 |
| 2. | വൃദ്ധ സദനം,പകൽ വീടുകൾ എന്നിവ തുടങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി | 441–443 |
| 3. | സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി | 443–444 |
| 4. | ലിംഗാവബോധ പരിപാടി | 444–446 |
| 5. | ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന പെൺക്കുട്ടികൾക്കും ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹ ധനസഹായ പദ്ധതി | 446–447 |
| 6. | മംഗല്യ (വിധവാ വിവാഹ പ്രോത്സാഹന പദ്ധതി) | 448–449 |
| 7. | വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ പദ്ധതി | 449–451 |
| 8. | അംഗൻവാടി പ്രവർത്തകർക്കുള്ള സംസ്ഥാന അവാർഡ് | 451–453 |

| | | |
|---|---|---|
| 9. | വികലാംഗ മേഖലയിലെ ഏറ്റവും നല്ല ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ, സ്ഥാപനം, തൊഴിൽ ദാതാവ് എന്നിവർക്കുള്ള സംസ്ഥാന അവാർഡുകൾ | 453–455 |
| 10. | വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാ സഹായം | 455–456 |
| 11. | സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് | 457–458 |
| 12. | അന്ധർക്കും അസ്ഥി സംബന്ധമായ വൈകല്ല്യമുള്ള വരുമായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി | 458–460 |
| 13. | വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 460–461 |
| 14. | ലോക വികലാംഗ ദിനാചരണം | 462–463 |
| 15. | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 463–464 |
| 16. | എച്ച്.ഐ.വി.ബാധിതരായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര വിതരണ പദ്ധതി | 464–466 |
| 17. | മിശ്ര വിവാഹ ധനസഹായ പദ്ധതി | 466–467 |
| 18. | തടവുകാരുടെ ആശ്രിതരുടെ പുനരധിവാസ പദ്ധതി | 467–469 |
| 19. | ആക്രമത്തിനിരയായവരുടെ പുനരധിവാസം | 469–471 |
| 20. | വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | 471–472 |
| 21. | ദുർബല ജനവിഭാഗങ്ങൾക്കുള്ള സംരക്ഷണ പുനരധിവാസ പദ്ധതി | 472–475 |
| 22. | സൈക്കോ സോഷ്യൽ സർവീസസ് പദ്ധതി | 475–476 |
| 23. | ആശ്വാസകിരണം പദ്ധതി | 476–478 |
| 24. | ക്യാൻസർ സുരക്ഷാപദ്ധതി | 478–480 |
| 25. | താലോലം | 480–482 |
| 26. | ശ്രുതിതരംഗം-കോക്ലിയാർ ഇം പ്ലാന്റേഷൻ പദ്ധതി | 482–484 |
| 27. | സ്നേഹപൂർവ്വം പദ്ധതി | 484–486 |
| 28. | സ്നേഹസ്പർശം പദ്ധതി | 486–487 |
| 29. | കാരുണ്യ ഡെപ്പോസിറ്റ് സ്കീം | 487–489 |
| 30. | വയോമിത്രം പദ്ധതി | 489–490 |
| 31. | പരിപാലനം പദ്ധതി | 490–491 |
| 32. | അന്നാദായിനി | 491–493 |
| 33. | ഹംഗർ ഫ്രീ സിറ്റി (വിശപ്പു രഹിത നഗരം)പദ്ധതി | 493–494 |

| | | |
|---|---|---|
| 34. | സാമൂഹ്യ നീതി വകുപ്പിലെ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കൽ | 494–495 |
| 35. | സ്ഥാപനങ്ങൾക്ക് സംരക്ഷകരെ (care givers) നൽകുന്ന പദ്ധതി | 496–497 |
| 36. | വ്യത്യസ്ത വൈകല്യമുള്ളവർക്ക് വൈകല്യനിർണ്ണയ തിരിച്ചറിയൽ കാർഡും, സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതി | 497–499 |
| 37. | സ്നേഹ സാന്ത്വനം പദ്ധതി | 499–500 |
| 38. | എൻഡോസൾഫാൻ ബാധിതരുടെ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | 500–501 |
| 39. | സമാശ്വാസം പദ്ധതി | 501–503 |
| 40. | ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളായ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം | 503–504 |
| 41. | മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ, എക്സ്പ്യൂപ്പിൾസ്, മുൻ അന്തേവാസികൾക്കും ധനസഹായം നൽകൽ | 504–506 |
| 42. | അഗതിപെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും) | 506–507 |
| 43. | വികലാംഗ പെൻഷൻ | 508–509 |
| 44. | കർഷകതൊഴിലാളി പെൻഷൻ | 509–510 |
| 45. | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 510–511 |
| 46. | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 511–513 |
| **XX.** | **കുടുംബശ്രീ** | |
| 1. | സംഘകൃഷി ചെയ്യുന്ന ജോയിന്റ് (ലയബിലിറ്റി ഗ്രൂപ്പുകൾ)ക്കുള്ള ധനസഹായം | 515–517 |
| 2. | ആശ്രയ പദ്ധതി | 517–519 |
| 3. | റൂറൽ മൈക്രോ എന്റർപ്രൈസ് സ്കീം | 519–520 |
| 4. | യുവശ്രീ | 520–521 |
| 5. | ഇന്നവേഷൻ ഫണ്ട് | 521–522 |
| 6. | ടെക്നോളജി ഫണ്ട് സ്കീം | 522–523 |
| 7. | റിവോൾവിംഗ് ഫണ്ട് സ്കീം | 523–524 |
| | വൈബ് സൈറ്റ് & ഇ-മെയിൽ | 524–530 |

# I.

# തദ്ദേശസ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും



## സംസ്ഥാനാവിഷ്കൃതപദ്ധതികൾ-

സംസ്ഥാനസർക്കാർ അവരുടെ പ്ലാൻ, നോൺപ്ലാൻ ഫണ്ടുകൾ വിനിയോഗിച്ച് സംസ്ഥാനസർക്കാരിന്റെ വിവിധ ഡിപ്പാർട്ടമെന്റുകൾ വഴി പ്രത്യേക ലക്ഷ്യങ്ങൾ സാധിക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നു പറയുന്നു. വാർഷിക-പഞ്ചവത്സരപദ്ധതികളും നോൺപ്ലാൻ ചെലവുകളും ഇതിൽപ്പെടുന്നു. കേന്ദ്രസർക്കാർ നൽകുന്ന വിവിധ വിഹിതങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുന്നു. കേന്ദ്രസർക്കാർ വിഹിതം (പ്ലാൻ) കൂട്ടിച്ചേർത്ത് കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി വാർഷിക ബജറ്റിന്റെ വിവിധ ശീർഷകങ്ങളിൽപ്പെടുത്തിയാണ് ചെലവു ചെയ്യുന്നത്. സ്ഥിരമായി നടപ്പിലാക്കേണ്ട വിവിധ സ്കീമുകൾ നോൺപ്ലാൻ ഫണ്ടിൽപ്പെടുത്തിയും വിവിധ വികസനസ്കീമുകൾ പ്ലാൻഫണ്ട് വിനിയോഗിച്ചും നടപ്പിലാക്കുന്നു. സാമ്പത്തിക വികസനവും സാമൂഹ്യനീതിയും നടപ്പിലാക്കുകയെന്ന ഭരണഘടനാവാക്യം സാക്ഷാത്കരിക്കേണ്ടത് തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളുടെ കർത്തവ്യമാണല്ലോ?

## എങ്ങനെ നടപ്പിലാക്കുന്നു?

സംസ്ഥാവിഷ്കൃത പദ്ധികൾ സംസ്ഥാനസർക്കാരിന്റെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. ബജറ്റ് പ്രകാരമുള്ള ഫണ്ട് അതാത് വകുപ്പുകൾക്ക്

യഥാവിധി കൈമാറുകയും വകുപ്പുകൾ ടി ഫണ്ട് (നേരിട്ടോ വിവിധ നിർവ്വഹണ സ്ഥാപനങ്ങൾ /ഏജൻസികൾ) വഴിയോ സ്കീം നടപ്പിലാക്കി ലക്ഷ്യം പ്രാവർത്തികമാക്കുന്നു. ഉദാ: ഉച്ചക്കഞ്ഞി വിതരണം- വിദ്യാഭ്യാസവകുപ്പുവഴി ഫണ്ട് സ്കൂൾ മേധാവികൾക്ക് കൈമാറി പദ്ധതി നടപ്പിലാക്കി ലക്ഷ്യം സാധിക്കുകയും ചെയ്യുന്നു. (2) വിവിധ പെൻഷൻ വിതരണം സംസ്ഥാനസർക്കാർ ബജറ്റ് നിർദ്ദേശപ്രകാരം വകുപ്പുകൾ വഴി തുക (നോൺപ്ലാൻ) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ ഗുണഭോക്താക്കളെ ഗ്രാമസഭകൾവഴി തെരഞ്ഞെടുത്ത് പെൻഷൻ യഥാവിധി നല്കുന്നു. (3) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള റോഡുകളുടെ നിർമ്മാണവും സംരക്ഷണവും പൊതുമരാമത്ത് വകുപ്പ് വഴി നേരിട്ട് നടപ്പിലാക്കുന്നു. (4) പല സ്കീമുകളും കേന്ദ്രസംസ്ഥാനസർക്കാർ വിഹിതവുമായി സമന്വയിപ്പിച്ച് സംസ്ഥാനസർക്കാർ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്നു. ഉദാ: ദേശീയഗ്രാമീണആരോഗ്യമിഷൻ സ്കീമുകൾ- കേന്ദ്രസർക്കാർ നയങ്ങൾക്ക് വിധേയമായി സംസ്ഥാനസർക്കാർ വിഹിതവും കൂട്ടി ചേർത്ത് ആരോഗ്യവകുപ്പ് വഴി നിർവ്വഹിക്കപ്പെടുന്നു.

## വികേന്ദ്രീകൃതാസൂത്രണത്തിന് മുൻപുണ്ടായിരുന്ന അവസ്ഥ

73, 74 ഭരണഘടന ഭേദഗതികൾ വരെ (1994 മുൻപ് ) എല്ലാ സ്കീമുകളും സംസ്ഥാനാവിഷ്കൃത സ്കീമുകളായാണ് നടപ്പിലാക്കി വന്നത് . ആയതിനാൽ തന്നെ ഒരു കേന്ദ്രീകൃത സമീപനത്തിൽ തന്നെയായിരുന്നു പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും മോണിറ്ററിംഗും ചെയ്തുപോന്നത്. (അൺടൈഡ് മുതലായ ചുരുക്കം ചില ഫണ്ടുകളും ഗ്രാന്റുകളും ഒഴിച്ച്) സംസ്ഥാനസർക്കാരിന്റെ വിവിധ വകുപ്പുകൾ വഴിയാണ് ഇത് നിർവഹിച്ചിരുന്നത്. ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതും നിർവ്വഹണം നടത്തിയിരുന്നതും പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിരുന്നതും സംസ്ഥാനസർക്കാരിന് വേണ്ടി അതാത് വകുപ്പുകൾ തന്നെയായിരുന്നു. യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവെന്ന് ഉറപ്പുവരുത്തുന്നതിനും നിർവ്വഹണത്തിൽ ഉണ്ടായികൊണ്ടിരുന്ന അഴിമതിയും കെടുകാര്യസ്ഥതയും , പാഴ്ചെലവവും ഭൗതികലക്ഷ്യം നിറവേറ്റി എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള താഴെതട്ടിലുള്ള ജനകീയ സംവിധാനങ്ങൾ ഒന്നും തന്നെ കേന്ദ്രീകൃതസംവിധാനത്തിൽ ഉണ്ടായിരുന്നില്ല. ഉള്ളവ തന്നെ വെറും സമിതികളോ നോമിനേറ്റഡ് പ്രതിനിധികളോ ആയിരുന്നു. ആയതുകൊണ്ട് തന്നെ വികസനലക്ഷ്യം പൂർത്തിയായി കൈവരിക്കുന്നതിൽ പരാജയപെടുകയും ചെയ്തു. ജനങ്ങൾക്ക് അഭിപ്രായം പറയുന്നതിനും നിർവ്വഹണം നടത്തേണ്ടുന്നവർക്ക് മറുപടി നല്കുന്നതിനുള്ള വേദികൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ആയതെല്ലാം നിർവ്വഹണം നടത്തുന്ന വകുപ്പിൽ തന്നെ ഒതുങ്ങി നില്ക്കുകയും ചെയ്തു. മുഴുവൻ ഫണ്ടും സംസ്ഥാനസർക്കാർ തന്നെ വിവിധ വകുപ്പുകൾ വഴി ചെലവഴിച്ചുകൊണ്ടിരുന്നു. ആയതിനാൽ തന്നെ ഭരണഘടനാപരമായ സാമ്പത്തികവികസനവും ദാരിദ്ര്യനിർമ്മാർജ്ജനവും സാമൂഹ്യനീതിയും യഥാസമയം കൈവ

രിക്കുന്നതിൽ കേന്ദ്രീകൃതഭരണസംവിധാനം ഒരർത്ഥത്തിൽ പരാജയപ്പെടുകയും ചെയ്തു.

## കേരളത്തിൽ വികേന്ദ്രീകൃത ഭരണവ്യവസ്ഥ വരുത്തിയ മാറ്റങ്ങൾ

നമ്മുടെ ഗ്രാമങ്ങളെ ഗാന്ധിയൻ രീതിയിലുള്ള സ്വാശ്രയഗ്രാമങ്ങൾ ആക്കി മാറ്റുന്നതിനുള്ള ആശയം സ്വാതന്ത്ര്യാനന്തരകാലം മുതൽ അംഗീകരിച്ചിട്ടുള്ളതാണ്. ആയതിന് നിയോഗിച്ച ബലവന്തറായ് മേത്ത, അശോക് മേത്ത തുടങ്ങിയ കമ്മിറ്റികളെല്ലാം തന്നെ വികേന്ദ്രീകരണം തന്നെയാണ് ആയതിനുള്ള ഒറ്റമൂലി എന്ന് ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. പക്ഷെ അധികാരവും ചുമതലകളും താഴെ തട്ടിലേക്ക് കൈമാറുന്നതിനുള്ള വൈമനസ്യം അധികാരികളിൽ പ്രബലമായിരുന്നതിനാൽ ആയത് സാക്ഷാൽക്കരിക്കുന്നതിന് 73,74 ഭരണഘടന ഭേദഗതികൾ വരെ കാത്തിരിക്കേണ്ടി വന്നു. പ്രസ്തുത ഭരണഘടന ഭേദഗതി രാഷ്ട്രപതിയുടെ അംഗീകാരം നേടി 1993 ഏപ്രിൽ 24 ന് നിലവിൽ വരുകയും ആയതനുസരിച്ചുള്ള ത്രിതലപഞ്ചായത്തകളും നഗരസഭകളും 1995 ൽ നിലവിൽ വരുകയും ചെയ്തു.

## കേരളപഞ്ചായത്ത് മുൻസിപ്പൽ നിയമം പ്രത്യേകതകൾ

ഭരണഘടനാപരമായ പ്രസ്തുതനിയമങ്ങൾ കേരളത്തിൽ മറ്റ് സംസ്ഥാനസർക്കാരുകളിൽ നിന്ന് വിഭിന്നമായി പല പ്രത്യേകതകളും ഉൾക്കൊള്ളുന്നു. ആയതിന് കേരളത്തിലെ സർക്കാർ കടപ്പെട്ടിരിക്കുന്നു. കൃത്യമായ ചുമതല വിഭജനം (ഗ്രാമപഞ്ചായത്ത് 117 ചുമതലകൾ, ബ്ലോക്ക് പഞ്ചായത്ത് 31, ജില്ലാപഞ്ചായത്ത് 68, നഗരസഭകൾ 151) , സ്വതന്ത്രചുമതലയുള്ള ത്രിതലപഞ്ചായത്തുകൾ, ഗ്രാമസഭകൾക്ക് നല്കിയിട്ടുള്ള ചുമതലകൾ, അവകാശങ്ങൾ, ഉത്തരവാദിത്തങ്ങൾ വിവിധ വിഷയചുമതലയുമായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സ്റ്റിയറിംഗ് കമ്മിറ്റികൾ , സ്വതന്ത്രമായ രണ്ട് നീതിന്യായവ്യവസ്ഥകൾ (ഓംബുഡ്സ്മാൻ, ട്രൈബൂണൽ) അറിയുവാൻ ഉള്ള അവകാശത്തിൽ നിന്നും ഉടലെടുത്ത പൗരാവകാശരേഖ, തെരഞ്ഞെടുത്ത ജനപ്രതിനിധികളെ അയോഗ്യരാകാനുള്ള വകുപ്പുകൾ [(1) ഗ്രാമസഭ/വാർഡ്സഭ വിളിച്ചുചേർത്തില്ലെങ്കിൽ (2) നിശ്ചിത എണ്ണം സ്റ്റൻഡിംഗ് കമ്മിറ്റി/ തദ്ദേശഭരണയോഗങ്ങളിൽ ഹാജരാകാത്ത പക്ഷം], ത്രിതലപഞ്ചായത്തുകൾ തമ്മിലുള്ള ഏകോപനത്തിനുള്ള വകുപ്പുകൾ (ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ പഞ്ചായത്തിലും വോട്ടവകാശമുള്ള എക്സ് ഒഫീഷ്യോ അംഗങ്ങൾ) വിവിധ ജനകീയ കമ്മിറ്റികൾക്കുള്ള വകുപ്പുകൾ (പ്രവർത്തനകമ്മിറ്റികൾ , വാർഡ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ, അയൽക്കൂട്ടങ്ങൾ, ഗുണഭോക്തൃസമിതികൾ മുതലായവ) മുൻഗണകൾ നിർണ്ണയിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും ഗ്രാമസഭ/വാർഡ്സഭയ്ക്ക് നൽകിയ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ മുതലായവ കേരളത്തിലെ നിയമത്തിന്റെ സവിശേഷതകൾ

തന്നെയാണ്. ഈ നിയമങ്ങളുടെ പിൻബലത്താൽ തന്നെയാണ് ഇന്ന് കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ.

## തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും

ഭരണഘടനയുടെ 243(എഫ്) വകുപ്പ് തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഫണ്ടും ചുമതലകളും ആവശ്യമായ ജീവനക്കാരേയും നല്കുന്നതിന് സംസ്ഥാനസർക്കാരുകൾക്ക് സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. ആയതിൻപ്രകാരം മൂന്ന് പഞ്ചവത്സരപദ്ധതികൾ പിന്നിടവേ, ഏറ്റവും അധികം ഫണ്ടും, ചുമതലകളും ജീവനക്കാരേയും (വിവിധ വകുപ്പസ്ഥാപനങ്ങളും ജീവനക്കാരും ) ത്രിതലപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി നല്കിയിട്ടുണ്ട്. ഭരണഘടനയുടെ 11, 12 പട്ടികകളിൽ പറഞ്ഞിട്ടുള്ള 47 വിഷയങ്ങളുമായി ബന്ധപ്പെട്ട (പഞ്ചായത്ത് 29, നഗരസഭ 18) 19 എണ്ണം ഗ്രാമപഞ്ചായത്തിനും 14 എണ്ണം ബ്ലോക്ക് പഞ്ചായത്തിനും 16 എണ്ണം ജില്ലാപഞ്ചായത്തിനും 18 എണ്ണം നഗരസഭകൾക്കും നല്കിയിട്ടുണ്ട്. കൂടാതെ ഗ്രാമസഭ/വാർഡ്സഭകളെ ആസൂത്രണത്തിന്റെ അടിസ്ഥാനഘടകമായി കണക്കാക്കുകയും ആസൂത്രണം അടിത്തട്ടിൽ നിന്ന് തുടങ്ങുകയും നിർവ്വഹണവും മോണിറ്ററിംഗിനുമുള്ള അധികാരങ്ങൾകൂടി ഗ്രാമസഭ/വാർഡ്സഭകൾക്കും വിവിധ ജനകീയ കമ്മിറ്റികൾക്കുമായും വിന്യസിയ്ക്കുകയും ആയതിനുള്ള നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും ഇറക്കി അവയെ എല്ലാ നിലയിലും പ്രാദേശികസർക്കാരുകളാക്കി മാറ്റിയിരിക്കുന്നതും കേരളത്തിന് മാത്രമായി അവകാശപ്പെടാവുന്ന കാര്യങ്ങളാണ്.

## തദ്ദേശഭരണസ്ഥാപനങ്ങളും ആസൂത്രണവും, നടത്തിപ്പും മോണിറ്ററിംങ്ങും

തദ്ദേശസ്ഥാപനങ്ങൾക്ക് നല്കുന്ന വികസനഫണ്ടും , മെയിന്റനൻസ്, ജനറൽ പർപ്പസ് ഗ്രാന്റുകളും മറ്റ് പ്രത്യേക ഗ്രാന്റുകളും (ധനകാര്യകമ്മീഷൻ, കേരള സർവ്വീസ് ഡെലിവറി പ്രോജക്റ്റ്, സ്പെഷൽ ഗ്രാന്റുകൾ മുതലായവ ) അവയുടെ പദ്ധതി തയ്യാറാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നികുതി നികുതിയേതര വരുമാനങ്ങളിൽ നിന്ന് ലഭിക്കുന്ന മിച്ചതനത് വരുമാനവും പദ്ധതികൾക്കായി ചെലവഴിക്കണം. പല കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളും പ്രാദേശികസർക്കാരുകൾ മുഖേനയും അവയുടെ പദ്ധതികളുമായി ഏകോപിപ്പിച്ചുമാണ് നടപ്പിലാക്കേണ്ടത്. ഉദാ: തൊഴിലുറപ്പ് പദ്ധതി, എസ്.എസ്.എ, ഉച്ചക്കഞ്ഞി വിതരണം, സൗരോർജ്ജപദ്ധതി, മാലിന്യനിർമ്മാർജ്ജന സ്കീമുകൾ മുതലായവ. കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ എല്ലാം തന്നെ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നത് വിവിധ ജനകീയാസൂത്രണനടപടിക്രമങ്ങൾ പാലിച്ചു കൊണ്ടും മുൻഗണനകൾ അയൽക്കൂട്ട/ഗ്രാമസഭകളിൽ നിന്നും ഉടലെടുത്തതിൽ നിന്നുമാണ്. ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുന്നത്

അയൽക്കൂട്ടങ്ങൾ തന്നെയാണ്. വിവിധ സ്കീമുകൾ പ്രോജക്റ്റുകൾ എല്ലാം തന്നെ ആവശ്യാധിഷ്ഠിതമായി അടിത്തട്ടിൽ നിന്ന് തന്നെ ഉടലെടുക്കുന്നു. അവ വിവിധ ജനകീയ സമിതികൾ വഴിയാണ് (അയൽക്കൂട്ടം, വർക്കിംഗ് ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്ഥാപനങ്ങൾ, സ്റ്റേയ്ക്ക് ഹോൾഡേഴ്സ്, വാർഡ് കമ്മിറ്റികൾ, ഗ്രാമസഭകൾ, വികസനസെമിനാർ, മുതലായവ) വാർഷിക പദ്ധതികളും പഞ്ചവത്സരപദ്ധതികളുമായി രൂപാന്തരപെട്ട് വരുന്നത്. കൂടാതെ നിർവ്വഹണവും മോണിറ്ററിംങ്ങും വിവിധ ജനകീയ കമ്മിറ്റികൾ വഴിയോ അവയുടെ മേൽനോട്ടത്തിലോ നടത്തപെടുന്നു. ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റ് വേദികളായി മാറുന്നു. ഗ്രാമസഭ/വാർഡ്സഭകൾ ഭരണകൂടത്തേയും ഭരണകർത്താക്കളേയും അവരുടെ പ്രവർത്തികളേയും വിലയിരുത്തപെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. അങ്ങനെ തീരുമാനമെടുക്കൽ പ്രക്രിയയിൽ ആസൂത്രണത്തിലും നടത്തിപ്പിലും അവലോകനത്തിലും ജനങ്ങൾ ഭാഗമാക്കുന്നു.

## സംസ്ഥാനാവിഷ്കൃതപദ്ധതികളിന്മേൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് എങ്ങനെ ഇടപെടാം.

കേന്ദ്രാവിഷ്കൃതപദ്ധതികളെക്കുറിച്ചുള്ള കൺവെർജൻസ് റിപ്പോർട്ടിൽ എല്ലാ കേന്ദ്രാവിഷ്കൃതപദ്ധതികളും (തദ്ദേശസ്വയംഭരണസ്ഥാപനം നേരിട്ട് നടപ്പിലാക്കുന്നവയും വകുപ്പ് വഴി നടപ്പിലാക്കുന്നവയും) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അറിവോടും ഉപദേശത്തോടും അവയുടെ പദ്ധതിയുമായി ഏകോപിപ്പിച്ചും അവയുടെ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിലും, അവയുടെ ശക്തമായ മോണിറ്ററിംഗിനും സോഷ്യൽ ഓഡിറ്റിനും വിധേയമായും ചെയ്യപ്പെടണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

കേരളത്തിലെ വിവിധ വകുപ്പുകളുടെ സ്ഥാപനങ്ങളും അതിലെ ജീവനക്കാരേയും തദ്ദേശസ്ഥാപനങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്. കൈമാറിയ ഘടകസ്ഥാപനങ്ങൾ എല്ലാം തന്നെ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തിയും അതിലെ ജിവനക്കാർ എല്ലാം തന്നെ അതാത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാരും ആയി നിയമം വഴി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ തന്നെയാണ് സംസ്ഥാനസർക്കാരിന്റെ വിവിധ സംസ്ഥാനാവിഷ്കൃതസ്കീമുകളും നടപ്പിലാക്കുന്നത്. ആയത് കൊണ്ട് തന്നെ പ്രസ്തുത സ്കീമുകൾ കണ്ടും അറിഞ്ഞും കൂട്ടി യോജിപ്പിച്ചും സംയോജിപ്പിച്ചും ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കിയും തദ്ദേശസ്ഥാപനത്തിന്റെ അറിവോടേയും ഗ്രാമസഭയുടെ അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും മുൻഗണനകളുടേയും അടിസ്ഥാനത്തിൽ , തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി തയ്യാറാകുമ്പോൾ അവ പരിഗണിച്ച് മാത്രം പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ്. ഏത് സംസ്ഥാനാവിഷകൃതപദ്ധതിയും സ്കീമുകളും അയൽക്കൂട്ടം, ഗ്രാമസഭ സ്റ്റാൻഡിംഗ്കമ്മിറ്റികൾ,

തദ്ദേശഭരണ യോഗം, വർക്കിംഗ് ഗ്രൂപ്പ് യോഗം, സ്ഥാപനകമ്മിറ്റിയോഗം എന്നിവയിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ആയതിൻ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിരേഖ തയ്യാറാക്കുകയും ആയതിൽ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതിയെക്കുറിച്ചും ഏകോപനസംയോജനപദ്ധതിയെക്കുറിച്ച് പ്രതിപാദിക്കുകയും ചെയ്യണം. കൂടാതെ എല്ലാ സംസ്ഥാനാവിഷ്കൃതസ്കീമുകളും ഗ്രാമസഭയുടേയും തദ്ദേശഭരണസ്ഥാപനത്തിന്റെയും മോണിറ്ററിംങ്ങിനും സോഷ്യൽ ഓഡിറ്റിനും വിധേയമാക്കാവുന്നതുമാണ്. സംസ്ഥാനാവിഷ്കൃതപദ്ധതികളുടെ ഗുണഭോക്താക്കൾ തദ്ദേശഭരണസ്ഥാപനം ഗ്രാമസഭയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് തന്നെയാകേണ്ടതാണ്. എന്തെന്നാൽ കേന്ദ്ര സംസ്ഥാന പ്രാദേശിക സർക്കാരുകളുടെ ഗുണഭോക്താക്കൾ എല്ലാം ഒന്നു തന്നെ. വിവിധ സർക്കാർ ഉത്തരവുകളും ആയത് നിഷ്കർഷിക്കുന്നുണ്ട്.

## വകുപ്പിന്റെ ഉദ്ദോഗസ്ഥരുടെ ചുമതലകൾ

എല്ലാ സർക്കാരുകളും കൈകാര്യം ചെയ്യുന്നത് പൊതുപണമാണ്. കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകൾ ചുമതലകൾ പങ്കിട്ടെടുത്തിരിക്കുന്നു. അവരുടെ ഗുണഭോക്താക്കൾ എല്ലാം തന്നെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മാത്രമാണ്. ആയതിനാൽ തന്നെ പൊതുപണം വിവിധസർക്കാരുകൾ എങ്ങനെ ഏതിനെല്ലാം ആർക്ക് വേണ്ടി ചെലവാക്കുന്നു എന്നറിയുവാനുള്ള അവകാശവും ആയത് വിലയിരുത്താനുള്ള അധികാരവും ജനങ്ങൾക്ക് ഉണ്ട്. ജനാധിപത്യവ്യവസ്ഥിതിയിൽ ഇത് ഒഴിച്ച് കൂടാൻ കഴിയാത്തതാണ്. ആയതിനാൽ തന്നെ തദ്ദേശഭരണസ്ഥാപനത്തിന്റെ വിവിധ സ്കീമുകളും പദ്ധതികളും ഡിപ്പാർട്ടമെന്റ് ഉദ്യോഗസ്ഥരും മേധാവികളും അവരുടെ മാസാന്ത്യ അവലോകന യോഗങ്ങളിലും അതു പോലെ വിവിധ വകുപ്പുവഴി ആസൂത്രണവും നിർവ്വഹണവും നടത്തുന്ന വിവിധ സ്കീമുകളും പദ്ധതികളും തദ്ദേശഭരണസ്ഥാപനങ്ങളുടെ അവലോകനങ്ങളിലും / ഗ്രാമസഭ വാർഡ്സഭ തലത്തിലും വിലയിരുത്തപ്പെടണം. ആയത് തന്നെയാണ് വികേന്ദ്രീകൃതാസൂത്രണത്തിന്റേയും യഥാർത്ഥ ജനാധിപത്യത്തിന്റേയും കാതൽ. ജനങ്ങളുടെ വിശ്വാസ്യത ഏറെ പ്രാധാന്യം തന്നെ. ആയതിനാൽ തന്നെ എല്ലാ സ്കീമുകളും ആർ നടത്തിയാലും പരസ്പരം ധാരണയിലും ജനങ്ങളുടെ ഓഡിറ്റിനും വിധേയമാകണം. ഇത് പ്രാവർത്തികമാക്കാനുള്ള ബാദ്ധ്യത തദ്ദേശഭരണസ്ഥാപനത്തിന്റേയും വകുപ്പിന്റേയും ഉദ്യോഗസ്ഥരായ അതേ നിർവ്വഹണഉദ്യോഗസ്ഥർക്കുണ്ട്. അവർ ഈ കടമ യഥാവിധി നിറവേറ്റിയാൽ മാത്രമേ വികേന്ദ്രീകൃതഭരണത്തിന് ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളൂ.

## തദ്ദേശഭരണസ്ഥാപനങ്ങളും അവയുടെ പദ്ധതികളും

തദ്ദേശഭരണസ്ഥാപനങ്ങൾ ജനങ്ങളുടെ സാമ്പത്തികവികസനത്തിനും സാമൂഹ്യനീതിയ്ക്കും വേണ്ടി വാർഷിക, പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂ

ത്രണസമിതിയുടെ പരിശോധനയ്ക്ക് അയച്ചു കൊടുക്കണമെന്ന് പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ നിഷ്കർഷിക്കുന്നു. തദ്ദേശസ്ഥാപനങ്ങളെ പ്രാദേശിക സർക്കാരായി പ്രവർത്തിക്കുന്നതിന് വേണ്ട ചുമതലകളും ഫണ്ടും ജീവനക്കാരെയും സംസ്ഥാനസർക്കാർ നിശ്ചയിച്ചു നല്കണമെന്ന് 73, 74 ഭരണഘടനഭേദഗതികൾ അനുശാസിക്കുന്നു. ആയത് അനുസരിച്ച് കേരള സർക്കാർ കഴിഞ്ഞ 3 പഞ്ചവത്സരപദ്ധതികളിലും സംസ്ഥാനസർക്കാരിന്റെ നോൺപ്ലാൻ വിഹിതത്തിൽ ഉൾകൊള്ളിച്ച് ഏകദേശം 33% ഫണ്ട് ത്രിതലപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും ആയി നൽകി വരുന്നു. (വികസനഫണ്ട്) കൂടാതെ ധനകാര്യകമ്മീഷൻ നിർദ്ദേശമനുസരിച്ച് ബജറ്റ് വിഹിതത്തിന്റെ 5.5 % മെയിന്റനൻസ് ഗ്രാന്റായും 3.5% ജനറൽ പർപ്പസ് ഫണ്ടായും നല്കി വരുന്നു. മെയിന്റനൻസ് ഗ്രാന്റ് പ്രധാനമായും കൈമാറിയ ആസ്തികളുടെയും നിലവിലുള്ള ആസ്തികളുടെയും സംരക്ഷണത്തിനായും ജനറൽ പർപ്പസ് ഫണ്ട് കൈമാറിയ സ്ഥാപനങ്ങളുടെ ഓഫീസ് കണ്ടിജെൻസി ചെലവുകൾക്കും തദ്ദേശഭരണസ്ഥാപനങ്ങളുടെ പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിന് ചെലവിടാനുമാണ് നല്കുന്നത്. കൂടാതെ ഫിനാൻസ് കമ്മീഷൻ നിർദ്ദേശിക്കുന്ന ഫണ്ടും ലോകബാങ്ക് സഹായം മറ്റ് പ്രത്യേക ആവശ്യങ്ങൾക്കായി നല്കുന്ന ഗ്രാന്റുകളും തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവർക്ക് വേർതിരിച്ച് നല്കിയ ചുമതലകൾ നിർവഹിക്കുന്നതിനും പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിനും പദ്ധതിരൂപീകരണത്തിനു വേണ്ടിയുമാണ് നല്കുന്നത്. സംസ്ഥാനസർക്കാർ നല്കുന്ന ഗ്രാന്റുകൾ എല്ലാം തന്നെ അവയുടെ നോൺപ്ലാൻ ഹെഡിൽ ഉൾപെടുത്തിയാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതികൾ തയ്യാറാക്കുന്നതിനായി നല്കുന്നത്. ഇത് കൂടാതെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവയുടെ സ്വയമാർജിത നികുതി വരുമാനങ്ങളും നികുതിയേതര വരുമാനങ്ങളും പദ്ധതി രൂപീകരണത്തിനായി ഉപയോഗിക്കാം. മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾക്കും അവരുടെ നികുതിയേതര വരുമാനങ്ങളും പദ്ധതി രൂപീകരണത്തിനായി ഉപയോഗിക്കാം. ഇവയെല്ലാം ചേർത്ത് കൊണ്ടാണ് തദ്ദേശസ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയും പഞ്ചവത്സരപദ്ധതിയും തയ്യാറാക്കുന്നത്. ഭരണഘടനയുടെ 11, 12 പട്ടികകളിൽ പറഞ്ഞിട്ടുള്ള കൈമാറിയ വിഷയങ്ങളുടെയും അനിവാര്യചുമതലകളുമായും ബന്ധപ്പെട്ട കാര്യങ്ങൾക്കായിട്ടാണ് തദ്ദേശസ്ഥാപനങ്ങൾ ഈ പണം വിനിയോഗിക്കുന്നത്. ത്രിതലപഞ്ചായത്തുകൾ തമ്മിലുള്ള പദ്ധതി ഏകോപനവും സംയോജനവും സംസ്ഥാനാവിഷ്കൃത- കേന്ദ്രാവിഷ്കൃത പദ്ധതികളും, MLA, MP ഫണ്ടുകളുമായുള്ള ഏകോപനവും സംയോജനവും പ്രാവർത്തികമാക്കേണ്ടതാണ്. കേരളത്തിലെ ഒരു ഗ്രാമപഞ്ചായത്തിന് സർക്കാരിൽ നിന്നും ഗ്രാന്റ് ഇൻ എയ്ഡ് ആയി വർഷംതോറും ശരാശരി ഒരു കോടിരൂപ ലഭിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇത് ശരാശരി 1½ കോടി രൂപയും ജില്ലാപഞ്ചായത്തുകൾക്ക് ഇത് ശരാശരി 20 കോടി രൂപയും മുൻസിപ്പാലിറ്റികൾക്ക് 5 കോടി രൂപയും കോർപ്പറേഷനുകൾക്ക്

ഇത് ശരാശരി 50 കോടി രൂപയും ആണ്. കൂടാതെ നികുതി നികുതിയേതര, ഗുണഭോക്തൃവിഹിതങ്ങളും മറ്റ് വിഭവങ്ങളും ലഭ്യമാക്കുന്നത് വഴി ഇവിടുത്തെ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി അടങ്കൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് കാണാം. ടി വിഭവസ്രോതസ്സുകൾ ഉപയോഗിച്ച് കൊണ്ടാണ് ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും വിവിധവിഷയമേഖലകളിൽ അവർക്ക് നല്കിയ ചുമതലകളുമായി ബന്ധപ്പെട്ട് (കൃഷി, മണ്ണ് ജലസംരക്ഷണം, മത്സ്യബന്ധനം, മൃഗസംരക്ഷണം, വ്യവസായം, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം, ശുചിത്വം, ദാരിദ്ര്യലഘൂകരണം, ശിശുവനിതാവികസനം, പട്ടികജാതി-പട്ടികവർഗ്ഗവികസനം, ഊർജ്ജം, സാമൂഹ്യക്ഷേമം, ചേരിനിർമ്മാർജ്ജനം, പൊതുമരാമത്ത്, കായികം, സംസ്ക്കാരം, പൊതുവിതരണം) പദ്ധതികൾ തയ്യാറാക്കുന്നത്. അവയുടെ പദ്ധതികൾ എല്ലാം തന്നെ അയൽക്കൂട്ടം, ഗ്രാമസഭകൾ, വികസനസെമിനാർ മറ്റ് ജനകീയ കമ്മിറ്റികൾ, സ്ഥാപനകമ്മിറ്റികൾ എന്നിവയിൽ നിന്ന് ഉരുതിരിഞ്ഞ് വരുന്നതാണ്. (ഉദാ: ദാരിദ്ര്യനിർമ്മാർജ്ജനഉപപദ്ധതി അയൽക്കൂട്ടങ്ങളിൽ നിന്നുമാണ് തുടക്കമിടുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതി ഊരുക്കൂട്ടങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമാണ്.) അതുകൊണ്ട് തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ അവർക്ക് കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട്ഏത് വികസനാവശ്യം നിറവേറ്റുന്നതിനും സാമൂഹ്യ നീതി നടപ്പിലാക്കുന്നതിന് വാർഷിക ദീർഘകാല പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. ആയതിനാൽ അവയുടെ പദ്ധതികൾ ഒന്നുംതന്നെ ഇവിടെ വേർതിരിച്ച് നൽകുന്നില്ല. എന്നാൽ അവയുമായി ഏകോപിപ്പിക്കാവുന്ന സംയോജിപ്പിക്കാവുന്ന എല്ലാ സംസ്ഥാനാവിഷ്കൃത സ്കീമുകൾ എല്ലാം തന്നെ ഈ കൈപുസ്തകത്തിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും വിവിധ വികസനമുൻഗണനകൾ നിശ്ചയിക്കുന്നതും ഗ്രാമസഭ /വാർഡ്സഭകളാണ്. കൂടാതെ ആസൂത്രണത്തിൽ മാത്രമല്ല തീരുമാനത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനകീയകമ്മിറ്റികൾ സജീവമാണ്. പദ്ധതികൾ എല്ലാം തന്നെ പ്രത്യേകിച്ച് തൊഴിലുറപ്പ് പദ്ധതി ഗ്രാമസഭയുടെ സോഷ്യൽ ഓഡിറ്റിനും വിധേയമാണ്. ആയതിനാൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ എല്ലാം തന്നെ ഡിപ്പാർട്ടമെന്റ് പദ്ധതികളുമായി ഏകോപിപ്പിച്ചും സംയോജിപ്പിച്ചും ചെയ്യേണ്ടതാണ്. ജീവനക്കാർ എല്ലാം തന്നെ ഇക്കാര്യം ഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. എങ്കിൽ മാത്രമെ കാത്തിരുന്ന് കൈവരിച്ച വികേന്ദ്രീകൃതഭരണം അതിന്റെ ലക്ഷ്യം കൈവരിച്ചു എന്ന പറയുവാൻ കഴിയുകയുള്ളൂ.

## ഈ കൈപുസ്തകം എന്ത് ലക്ഷ്യമിടുന്നു?

വിവിധതലത്തിലുള്ള സർക്കാരുകളുടെ വിവിധ സ്കീമുകളും പദ്ധതികളും ഓരോരുത്തർക്കും പരസ്പരം അറിഞ്ഞും ചർച്ചചെയ്തും അവലോകനം ചെയ്തും ഓരോ തലത്തിലും ഏകോപിപ്പിച്ചും സംയോജിപ്പിച്ചും പാഴ്ചെലവ് ഇല്ലാതാക്കി ജനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കുന്നതിനും ഉതകുമാറ് വിവിധതലത്തിലുള്ള സർക്കാരുകളെ പ്രവർത്തനക്ഷമമാക്കുന്നതിനും ബന്ധപ്പെടുത്തുന്നതിനും ഈ കൈപു

സ്തകം ലക്ഷ്യമിടുന്നു. പരസ്പരപൂരിതമായ പദ്ധതി ഇത് വിഭാവനം ചെയ്യുന്നു. മേൽ പറഞ്ഞ ലക്ഷ്യസാക്ഷാൽക്കരണത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും ഈ കൈപുസ്തകം വളരെയധികം ഉപകരിക്കുമെന്ന് കരുതുന്നു. അതിന് വേണ്ടി ഓരോ സ്കീമും പൊതുവായ ഫോർമാറ്റിൽ വ്യക്തമായ വിവിധ തലക്കെട്ടുകളിലാണ് പ്രതിപാദിച്ചിട്ടുള്ളത്. ആയതിൽ വകുപ്പും തദ്ദേശഭരണസ്ഥാപനങ്ങളും ഇടപെടേണ്ടത് എങ്ങനെയെന്ന് ഹ്രസ്വമായി പ്രതിപാദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച കൈപുസ്തകം ഇതിനകം തന്നെ ഏവർക്കും ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ സമന്വയിപ്പിച്ച് കൊണ്ടുള്ള സ്കീമുകൾ പ്രസ്തുത കൈപുസ്തകത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഈ കൈപുസ്തകത്തിൽ ടി സ്കീമുകൾ ചുരുക്കമായാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ അതിൽ വിട്ടുപോയ കേന്ദ്രാവിഷ്കൃത പദ്ധതികൾ -സ്റ്റേറ്റ് വിഹിതം ഉൾപ്പെടെയുള്ളത് - (മുഴുവൻ വിഹിതവും കേന്ദ്രാവിഷ്കൃതമായതും, സംസ്ഥാന സർക്കാർ വിഹിതം ചേർന്നീട്ടുള്ളതും) സപ്ലിമെന്റായി ഈ കൈപുസ്തകത്തിന്റെ അവസാന ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട് (എം.പി.എൽ.എ.ഡി) മുഴുവൻ ഫണ്ടും സംസ്ഥാന സർക്കാരിന്റെ മാത്രമായ സ്കീമുകൾ എല്ലാം തന്നെ മുഴുവനായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഓരോ സ്കീമിലും വകുപ്പും തദ്ദേശഭരണസ്ഥാപനവും എങ്ങനെ ഇടപെടണമെന്ന് പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ട്. കാര്യമാത്ര പ്രസക്തമായാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ഉള്ളടക്കവും അനുബന്ധങ്ങളും റഫറൻസും വെവ്വേറെ നല്കിയിട്ടുണ്ട്. ഓരോ വകുപ്പുമായി ബന്ധപ്പെട്ട സ്കീമുകൾ എല്ലാം തന്നെ ഓരോ അധ്യായമായാണ് ഉൾകൊള്ളിച്ചിട്ടുള്ളത്. വികേന്ദ്രീകൃതഭരണം വ്യവസ്ഥാപിതമാകുന്നതിന് ഈ കൈപുസ്തകം മുതൽ കൂട്ടാകുമെന്ന് കരുതുന്നു. കാലാകാലങ്ങളിൽ ഈ പുസ്തകം മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്ക്കരിക്കേണ്ടിവരുന്നതുമാണ്. പെൻഷൻ, സ്കോളർഷിപ്പുകൾ, മറ്റ് ധനസഹായങ്ങൾ, സബ്സിഡികൾ, അർഹതാ മാനദണ്ഡങ്ങൾ എന്നിവ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. 2013 ആഗസ്റ്റ് മാസം നിലവിലുള്ള നിരക്കുകളും മാനദണ്ഡങ്ങളുമാണ് ഇതിൽ ചേർത്തീട്ടുള്ളത്. ആയതിനാൽ തന്നെ അവയ്ക്ക് കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉറപ്പ് വരുത്തി ആധികാരികമാക്കേണ്ടതുണ്ട്. സ്കീമുകൾക്ക് സീരിയൽ നമ്പറും പേജ് നമ്പറും നൽകിയിട്ടുണ്ട്. സ്കീമുകളുടെ എളുപ്പത്തിലുള്ള റഫറൻസിന് ആയത് സഹായകരമാവുമെന്ന് പ്രതീക്ഷിക്കുന്നു. സ്കീമുകളുടെ ബാഹുല്യം തന്നെ സംസ്ഥാനാവിഷ്കൃത സ്കീമുകളുടെ പ്രസക്തി വർദ്ധിപ്പിക്കുകയും കൈപുസ്തകം രണ്ട് ഭാഗമായി പുറത്തിറക്കുന്നതിന് പ്രചോദനമാവുകയും ചെയ്തു. അധ്യായം 1 മുതൽ 20 വരെയുള്ളവ വാല്യം I ലും ശേഷിക്കുന്നവ വാല്യം II ലുമായാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. വാല്യം ഒന്നിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സ്കീമുകളും രണ്ടാം വാല്യത്തിൽ മറ്റ് വകുപ്പുകളുടെ സ്കീമു

കളുമാണ് നൽകിയിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൈപുസ്തകത്തിൽ ചേർക്കാൻ കഴിയാത്തവയും എം.പി.എൽ.എ.ഡി സംബന്ധിച്ച വിവരങ്ങളും വാള്യം II ൽ സപ്ലിമെന്ററായി ചേർത്തിട്ടുണ്ട്. കൂടാതെ വകുപ്പുകളുടെ വെബ്സൈറ്റും, മെയിൽ അഡ്രസ്സും, ഫോൺ നമ്പറും ചേർത്തിട്ടുണ്ട്. സംസ്ഥാനസർക്കാരിന്റെ സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ വകുപ്പുകളുടെ പ്ലാൻ, നോൺപ്ലാൻ സ്കീമുകളും ഏതാനും വകുപ്പുകളുടെ സേവനങ്ങളും ആണ് ഇതിൽ നൽകിയിട്ടുള്ളത്. ചുരുക്കം ചില പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ സകീമുകളും ഇതിൽ ഉൾപെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ പണം വിനിയോഗിച്ച് രൂപീകരിച്ചിട്ടുള്ള വിവിധ ബോർഡുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, സഹകരണസ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയുടെ വിവിധ സ്കീമുകൾ ഇതിൽ ഉൾപെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ആയത് ഉടൻ തന്നെ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു. 2012-13, 2013-14 വർഷത്തെ പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ അവ വർഷാവർഷം ചിലത് ഒഴിവാക്കിയും കൂട്ടിച്ചേർത്തും പരിഷ്ക്കരിക്കേണ്ടതുണ്ട്. ആറു മാസത്തെ വിവിധ വകുപ്പുകളുമായുള്ള നിരന്തര സമ്പർക്കവും ചർച്ചകളും നടത്തിയതിന്റെ ഫലമായാണ് ഇത്തരമൊരു സംരംഭം പ്രാവർത്തികമാക്കാൻ കഴിഞ്ഞത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൈപുസ്തകമാണ് സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഈ പുസ്തകത്തിന് തുടക്കം കുറിച്ചത്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശവും ഇതിന് പ്രചോദനമായിട്ടുണ്ട്. ചില വകുപ്പുകളുമായി അനേകം തവണ സമ്പർക്കം പുലർത്തേണ്ടതായി വന്നിട്ടുണ്ട്. വകുപ്പുകളുടെ അന്തിമ പരിശോധനയ്ക്ക് വിധേയമാക്കിയാണ് ഇത് പുറത്തിറക്കുന്നത്.

ഈ കൈപുസ്തകം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും നല്ല പൊതുജനസേവനം കാഴ്ചവെക്കാനും അവയുടെ പദ്ധതികൾ തയ്യാറാക്കുന്നതിനും സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.. സർവ്വോപരി പൊതുജനങ്ങൾക്ക് സംസ്ഥാന സ്കീമുകളെക്കുറിച്ചുള്ള അറിവ് ഈ കൈപുസ്തകം പകർന്ന് നൽകുമെന്ന് വിശ്വസിക്കുന്നു. ആയതിനാൽ തന്നെ ഇത് കിലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുന്നതാണ്. ഈ കൈപുസ്തകം പുറത്തിറക്കുന്നതിന് സഹായിച്ച, പ്രവർത്തിച്ച എല്ലാവരോടും കൃതജ്ഞത രേഖപ്പെടുത്തുന്നു.

# II.
# കൃഷി വകുപ്പ്



## 1. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

### ലക്ഷ്യങ്ങൾ

പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുകയെന്നതാണ് കാർഷിക വിള ഇൻഷുറൻസ് പദ്ധതിയുടെ ഉദ്ദേശം. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങ്, വാഴ, റബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, തേയില മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. വരൾച്ച, വെള്ളപൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും, വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു മാത്രമെ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളു.

## ഗുണഭോക്താക്കൾ

സ്വന്തമായോ, പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ്ങ് അടിസ്ഥാനത്തിൽ പാടശേഖരം മൊത്തമായും ഇൻഷുർ ചെയ്യേണ്ടതാണ്. എന്നാൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടമുണ്ടായാലും അതിനും നഷ്ടപരിഹാരം നൽകുന്നതാണ്. പദ്ധതിയിൽ ചേരുന്ന കർഷകന് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. ഈ തുക മടക്കി കൊടുക്കുന്നതല്ല. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴു ദിവസങ്ങൾക്കു ശേഷം മാത്രമെ നഷ്ടപരിഹാരത്തിന് അർഹതയുള്ളു.

വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിനു മാത്രമെ നഷ്ടപരിഹാരം ലഭിക്കുകയുള്ളു. ഭാഗികമായ നഷ്ടം കണക്കാക്കുന്നതല്ല. നാശനഷ്ടം സംഭവിച്ച വിളകളുടെ വില നഷ്ടപരിഹാരത്തിൽ നിന്നും കുറവു ചെയ്യുന്നതല്ല. ഒരു കൃഷി ഭൂമിയിൽ ഭാഗികമായി ഒരു വിള ഇൻഷുറൻസ് ചെയ്യുന്നതല്ല. അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് കർഷകർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരതുക നൽകുന്നതാണ്. ഉൽപാദനക്ഷമത കുറഞ്ഞതും പ്രായാധിക്യമുള്ളതുമായ വൃക്ഷ വിളകളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല. ഇഞ്ചി മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരച്ചീനി, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷുർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10% എങ്കിലും നാശനഷ്ടമുണ്ടായാലെ നഷ്ടപരിഹാരം ലഭിക്കുകയുള്ളു. ഹ്രസ്വകാല വിളകളുടെ ഇൻഷുറൻസ് കാലയളവ് പ്രീമിയം അടച്ച ഒരാഴ്ച മുതൽ വിളവെടുപ്പ് തുടങ്ങുന്നതുവരെയാണ്.

പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്ന കർഷകന്, ഇതിനായി നിശ്ചിത ഫോറത്തിൽ അതാതു സ്ഥലത്തെ കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്.

## പദ്ധതി നിർവ്വഹണം നിർവ്വഹണം.

കൃഷി വകുപ്പിന്റെ വിവിധ ആഫീസുകൾ വഴി പദ്ധതി നടപ്പാക്കും. പഞ്ചായത്തു തലത്തിൽ കൃഷിഭവൻ വഴിയാണ് പദ്ധതി നടപ്പാക്കുക. കർഷകന്റെ അപേക്ഷ കൃഷിഭവനിൽ ലഭിച്ചു കഴിഞ്ഞാൽ കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് പ്രീമിയം തിട്ടപ്പെടുത്തും. കൃഷിഭവനിൽ നിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക ഇതിനായി നിയോഗിച്ച ഏജന്റ് വഴി സ്ഥലത്തെ സഹകരണ ബാങ്കിലോ, ഗ്രാമീണ ബാങ്കിലോ അടക്കണം. ഏജന്റ് പ്രീമിയം അടച്ച രസീത് കൃഷിഭവനിൽ ഏൽപ്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് പോളിസി കർഷകനു നൽകും.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന വിഹിതം, അംഗങ്ങളായ കർഷകരിൽ നിന്നും ലഭിക്കുന്ന പ്രീമിയം, ഫണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന പലിശ എന്നിവ കൂടി ചേർന്നാണ് വിള ഇൻഷുറൻസ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്.

കൃഷി ഡയറക്ടർ സംസ്ഥാനതലത്തിൽ സംസ്ഥാന സഹകരണ ബാങ്കിലും, ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ സഹകരണ ബാങ്കിലും ഒരു വിള ഇൻഷുറൻസ് ഫണ്ട് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ പ്രീമിയമായി അടയ്ക്കുന്ന തുക, അടുത്തമാസം ഒന്നാം തിയതി തന്നെ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ജില്ലാ അക്കൗണ്ടിലേക്ക് മാറ്റുന്നു. ജില്ലാ വിള ഇൻഷുറൻസ് ഫണ്ടിൽ 50,000/- രൂപ കവിഞ്ഞു വരുന്ന തുക കൃഷി ഡയറക്ടർക്കും, ഒരു ലക്ഷത്തിനു മുകളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കും നഷ്ട പരിഹാരതുക അനുവദിക്കാവുന്നതാണ്.

നെൽകൃഷിക്ക് 50,000/ രൂപവരെയുള്ള നഷ്ടപരിഹാര തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും, ഒരു ലക്ഷം വരെയുള്ള തുക പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും, രണ്ടുലക്ഷം വരെയുള്ള തുക കൃഷി ഡയറക്ടർക്കും രണ്ടു ലക്ഷത്തിനു മുകളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കും നഷ്ടപരിഹാര തുക അനുവദിക്കാവുന്നതാണ്.

## പ്രവർത്തനങ്ങൾ

പദ്ധതി നിർവഹണം കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നു. പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസറും, ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, ജില്ലാതല ത്തിൽ ജില്ലാ കൃഷി ഓഫീസറുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻമാർ.

ജില്ലാതലത്തിൽ പദ്ധതി മോണിറ്ററിംഗ് പ്രിൻസിപ്പൽ കൃഷി ഓഫിസർ മുഖേന യും സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) മുഖേനയുമാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കർഷകരെ അവബോധം നൽകി സ്കീമിൽ അംഗമാക്കുക. പദ്ധതിയുടെ മോണിറ്ററിംഗ് നിർവ്വഹിക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ പദ്ധതി തയ്യാറാക്കുമ്പോൾ ടി സ്കീമുകൾ വഴി നൽകുന്ന സേവനങ്ങൾ കൂടി പരിഗണിച്ച് പദ്ധതി തയ്യാറാക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി പ്രവർത്തനങ്ങൾ ഗ്രാമസഭ/വാർഡ് സഭകളിൽ അവലോകനം ചെയ്യപ്പെടണം.

## 2. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി

### ലക്ഷ്യങ്ങൾ

ഓരോ വിളകൾക്കും അതിന്റെ വളർച്ചയ്ക്കും പരമാവധി ഉൽപാദനം ലഭ്യമാക്കുന്നതിനും അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളുടെ പരിധി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ ഘടകങ്ങളുടെ ഉണ്ടാകുന്ന ഏറ്റ കുറച്ചിലുകൾക്ക് ആനുപാതികമായി ഉൽപാദന നഷ്ടം സംഭവിക്കുന്നു. ഈ നഷ്ടത്തിൻമേലാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്. ഉൽപാദനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാ ഘടകത്തിന്റെ ഏറ്റകുറച്ചിലുകളാണ് മാനദണ്ഡമാക്കുന്നത്. നെല്ല്, കുരുമുളക്, കശുമാവ് എന്നീ വിളകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### ഗുണഭോക്താക്കൾ

2 ഹെക്ടർ അഥവാ 5 ഏക്കർ വരെ മൊത്തം കൃഷിഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്ക് പദ്ധതിയുടെ ഗുണഭോക്താക്കളാകാം.

### പദ്ധതി നിർവ്വഹണം

കൃഷി വകുപ്പ് നിർവ്വഹണ ഏജൻസിയായി കാർഷിക ഇൻഷുറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കുന്നു. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്), ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്തു തലത്തിൽ കൃഷി ഓഫീസർ എന്നിവരാണ് നിർവ്വഹണ ഉദ്യോഗസ്ഥൻമാർ.

### ഫണ്ടിംഗ്

പദ്ധതിപ്രകാരം ആകെ പ്രീമിയം തുകയുടെ 75% പ്രീമിയം തുക നെല്ലിനും, 50% പ്രീമിയം തുക കുരുമുളകിനും, കശുമാവിനും സർക്കാർ നൽകുന്നു. ഓരോ വിളയുടെയും ആകെ പ്രീമിയം തുകയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം കൃഷി വകുപ്പ് മുഖേന കാർഷിക ഇൻഷുറൻസ് കമ്പനിക്ക് നൽകുന്നു. 2012-13 വർഷത്തിൽ 2401-00-110-99 എന്ന ശീർഷകത്തിൽ സംസ്ഥാന സർക്കാർ വിഹിതമായ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷിക ഇൻഷുറൻസ് കമ്പനിയിൽ നിന്നും ക്ലെയിമുകളുടെ വിശദാംശം ലഭിക്കുന്നതനുസരിച്ച് ഈ തുക (പ്രീമിയത്തിന്റെ വിഹിതം) ഇൻഷുറൻസ് കമ്പനിക്ക് നൽകുന്നു.

## പ്രവർത്തനങ്ങൾ

സംസ്ഥാന ഗവൺമെന്റ് പദ്ധതി തയ്യാറാക്കുകയും പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണം കൃഷി വകുപ്പ് കാർഷിക ഇൻഷുറൻസ് കമ്പനി (നിർവ്വഹണ ഏജൻസി) മുഖേന നടപ്പിലാക്കുന്നു. സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടറും (സി.പി), ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും (ക്രെഡിറ്റ്), ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നു.

ഓരോ സീസണിലും (ഖരീഫ്, റാബി തുടങ്ങിയവ) ഏതൊക്കെ ജില്ലയിൽ ഏതൊക്കെ വിളകൾക്ക് ഇൻഷുറൻസ് സംരക്ഷണം ഉറപ്പാക്കണം എന്നതിന്റെ വിജ്ഞാപനവും സംസ്ഥാന സർക്കാർ നടത്തുന്നു. കൃഷിക്കായി ബാങ്ക് വായ്പ എടുത്തിട്ടുള്ള കർഷകർ പദ്ധതിയിൽ ചേരാൻ പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. അല്ലാത്തവർ കൃഷിഭവൻ മുഖേന പദ്ധതിയിൽ അംഗങ്ങളാവുകയും പൂരിപ്പിച്ച അപേക്ഷയും പ്രീമിയം തുകയും പദ്ധതി നിർവ്വഹണ ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനിക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഇൻഷുറൻസ് ആനുകൂല്യങ്ങൾ കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ദേശീയ കാർഷീക ഇൻഷുറൻസ് കമ്പനി കർഷകർക്ക് നൽകുന്നു.

## സംഘാടനം

കാർഷിക ഇൻഷുറൻസ് കമ്പനിയുടെ സഹായത്തോടെ കൃഷി വകുപ്പ് ഉദ്യോഗസ്ഥരിലൂടെ പദ്ധതി നടപ്പിലാക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ/വാർഡ്സഭ വഴി അവലോകനം നൽകി എല്ലാ കർഷകരേയും സ്കീമിൽ ഉൾക്കൊള്ളിക്കാൻ പ്രയത്നിക്കുക. പദ്ധതിയുടെ മോണിറ്ററിംഗ് നിർവ്വഹിക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുമ്പോൾ കാലാവസ്ഥാ വിള ഇൻഷുറൻസ് പരിഗണിക്കുകയും വിടവുകൾ അവയുടെ പദ്ധതിയിൽ പരിഹരിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നടത്തിപ്പിലുള്ള അപാകതകൾ, തടസ്സങ്ങൾ എന്നിവ ഗ്രാമസഭ അവലോകനത്തിന് വിധേയമാക്കാവുന്നതാണ്. ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കണം.

# 3. ദേശീയ കാർഷിക വിള ഇൻഷുറൻസ് പദ്ധതി

## ലക്ഷ്യങ്ങൾ

വരൾച്ച, വെള്ളപ്പൊക്കം ഉരുൾപ്പൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മുലമോ, രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉൽപാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷുറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതിയിലൂടെ നൽകുന്നു. നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവയെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഗുണഭോക്താക്കൾ

2 ഹെക്ടർ വരെ അഥവാ 5 ഏക്കർ വരെ മാത്രം മൊത്തം കൃഷി ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്ക് പദ്ധതിയുടെ ഗുണഭോക്താക്കളാകാം.

## സ്കീമിന്റെ നിർവ്വഹണം

കൃഷി ഭൂമിയുടെ വിസ്തൃതി അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. നെൽകൃഷിക്ക് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയുള്ള സോണും വാണിജ്യ ഉദ്യാന വിളകൾക്ക് ബ്ലോക്കുമാണ് ഈ പദ്ധതിയനുസരിച്ചുള്ള യൂണിറ്റ് ഏരിയ. ഇതിലേയ്ക്കായി ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത പ്രദേശങ്ങളെ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുന്നു. ശരാശരി ഉൽപാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളകളുടെ ഉൽപാദനത്തിലുണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിള ഇൻഷുർ ചെയ്ത തുകയേയും ആശ്രയിച്ചാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്.

നിർവ്വഹണ ഏജൻസിയായ കാർഷിക ഇൻഷുറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും (ക്രെഡിറ്റ്), ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, പഞ്ചായത്തു തലത്തിൽ കൃഷി ഓഫീസറുമാണ് നിർവഹണ ഉദ്യോഗസ്ഥർ.

## ഫണ്ടിംഗ്

ചെറുകിട-നാമമാത്ര കർഷകർക്ക് 10% പ്രീമിയം സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്നു. 2012–13 വർഷത്തിൽ 2401–00–110–99 പ്ലാൻ എന്ന ശീർഷകത്തിൽ 150.00 ലക്ഷം രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇൻഷുറൻസ് ആനുകൂല്യം ദേശീയ കാർഷിക ഇൻഷുറൻസ് കമ്പനിയും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായാണ് നൽകുന്നത്. സംസ്ഥാന സർക്കാർ വിഹിതം പൂർണ്ണമായി ഇൻഷുറൻസ് കമ്പനിക്ക് നൽകി കഴിയുമ്പോൾ കേന്ദ്ര

സർക്കാർ വിഹിതം കൂടി ചേർത്ത് ഇൻഷുറൻസ് കമ്പനി കൃഷിക്കാർക്ക് അർഹമായ ഇൻഷുറൻസ് ആനുകൂല്യം കൃഷിക്കാരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതാണ്.

### പ്രവർത്തനങ്ങൾ

പദ്ധതി തയ്യാറാക്കുന്നതും പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുന്നതും സംസ്ഥാന ഗവൺമെന്റാണ്. പദ്ധതി നിർവ്വഹണം കൃഷി വകുപ്പ് കാർഷിക ഇൻഷുറൻസ് കമ്പനി (നിർവഹണ ഏജൻസി) മുഖേന നടപ്പിലാക്കുന്നു. സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) യും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും ബ്ലോക്കു തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നു. ഓരോ സീസണിലും (ഖരീഫ്, റാബി തുടങ്ങിയവ) ഏതൊക്കെ ജില്ലയിൽ ഏതൊക്കെ വിളകൾക്ക് ഇൻഷുറൻസ് സംരക്ഷണം ഉറപ്പാക്കണം എന്നതിന്റെ വിജ്ഞാപനം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നു.

### സംഘാടനം

കാർഷിക ഇൻഷുറൻസ് കമ്പനിയുടെ സഹായത്തോടെ (നിർവ്വഹണ ഏജൻസി) കൃഷി വകുപ്പ് ഉദ്യോഗസ്ഥരിലൂടെ പദ്ധതി നടപ്പിലാക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ചുള്ള അവബോധം നൽകൽ, അർഹതപ്പെട്ട എല്ലാവരും ഇൻഷുർ ചെയ്യപ്പെട്ടു എന്നുറപ്പു വരുത്തൽ, പദ്ധതിയുടെ മോണിറ്ററിംഗിന്റെ നിർവ്വഹണം എന്നിവ

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി തയ്യാറാക്കുമ്പോൾ ഇൻഷുർ ചെയ്യപ്പെട്ടവർ ആരൊക്കെയെന്നും ചെയ്യപ്പെടാത്തവർ ആരൊക്കെയെന്നും വിവരിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സ്കീം ഗ്രാമസഭ വിലയിരുത്തലിന് വിധേയമാക്കണം.

## 4. നാളികേര വിള ഇൻഷുറൻസ് പദ്ധതി

### ലക്ഷ്യങ്ങൾ

ഉൽപാദനക്ഷമതയുള്ള തെങ്ങുകൾ പ്രകൃതിക്ഷോഭം മൂലം നശിച്ചാൽ കർഷകന് ഇൻഷുറൻസ് സംരക്ഷണം ഉറപ്പാക്കുന്നതിന് വേണ്ടി കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

## ഗുണഭോക്താക്കൾ

ഉൽപാദനക്ഷമതയുള്ള, കുറഞ്ഞത് പത്തു തെങ്ങുകളെങ്കിലും ഉള്ള, കർഷകന് പദ്ധതി മുഖേന അവയെ ഇൻഷുർ ചെയ്യാം. ഇതിനായുള്ള അപേക്ഷ കൃഷിഭവൻ മുഖേന നൽകണം.

## സ്കീമിന്റെ നിർവ്വഹണം

കാർഷിക ഇൻഷുറൻസ് കമ്പനിയും, നാളികേര വികസന ബോർഡും, സംസ്ഥാന സർക്കാരും (കൃഷി വകുപ്പ്) സംയുക്തമായി ചേർന്ന് നാളികേര വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു. നിർവ്വഹണ ഏജൻസി കാർഷിക ഇൻഷുറൻസ് കമ്പനിയാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി)യും, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും, ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, പഞ്ചായത്തു തലത്തിൽ കൃഷി ഓഫീസറുമാണ്. 2012-13 വർഷത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്

2012-13 വർഷത്തിൽ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% കർഷകനും ചേർന്ന് നൽകുന്നു. ഇൻഷുർ ചെയ്ത തെങ്ങുകൾ 30 ശതമാനത്തിൽ അധികം നശിക്കുകയാണെങ്കിൽ നഷ്ടപരിഹാര തുക അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി മുഖേന നൽകുന്നു. 15 വർഷം വരെ പ്രായമുള്ള തെങ്ങൊന്നിന് 600/- രൂപയും അതിനുമുകളിൽ 60 വർഷം വരെ പ്രായമുള്ളവയ്ക്ക് 1150/- രൂപയും ഇൻഷുറൻസ് സംരക്ഷണം ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

പദ്ധതി തയ്യാറാക്കുന്നതും, അനുമതി നൽകുന്നതും സംസ്ഥാന ഗവൺമെന്റാണ്. പദ്ധതി നിർവഹണം കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നു. കർഷകരുടെ പൂരിപ്പിച്ച അപേക്ഷയും പ്രീമിയം തുകയും കൃഷിഭവനിലൂടെ നിർവ്വഹണ ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനിക്ക് അയച്ചു കൊടുക്കുന്നു. കാർഷിക ഇൻഷുറൻസ് കമ്പനി ക്ലെയിമുകളുടെ വിശദാംശം കൃഷി ഡയറക്ടർ നൽകുന്നതനുസരിച്ച് സംസ്ഥാന സർക്കാർ വിഹിതമായ തുക ഇൻഷുറൻസ് കമ്പനിക്ക് നൽകുന്നു.

പദ്ധതിയുടെ അവലോകനം സംസ്ഥാന തലത്തിൽ കൃഷി അഢീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്), ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ നിർവ്വഹിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അവബോധം നൽകൽ, അർഹതപ്പെട്ട എല്ലാവരും ഇൻഷ്വർ ചെയ്യപ്പെട്ടു എന്ന് ഉറപ്പു വരുത്തൽ, മോണിറ്ററിംഗ് തുടങ്ങിയ കാര്യങ്ങൾ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

നാളികേര വിള ഇൻഷുറൻസ് പദ്ധതി കണക്കിലെടുത്ത് വാർഷിക പദ്ധതി തയ്യാറാക്കുകയും ഉൾപ്പെടുത്തുകയും ചെയ്യണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗ്രാമസഭ/വാർഡ്സഭകളിൽ സ്കീമിനെക്കുറിച്ച് അവബോധം നൽകാവുന്നതും അവലോകനം നടത്താവുന്നതുമാണ്.

## 5. പച്ചക്കറി വിള ഇൻഷുറൻസ് പദ്ധതി

### ലക്ഷ്യങ്ങൾ

പച്ചക്കറി വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും അപ്രതീക്ഷിതമായ നഷ്ടം നികത്തുന്നതിനുമായി വികസനത്തെ സഹായിക്കുന്നതിനായി പച്ചക്കറി വിള ഇൻഷുറൻസ് പദ്ധതി 201213 വർഷത്തിൽ നടപ്പിലാക്കുന്നു.

### ഗുണഭോക്താവ്

ഏറ്റവും കുറഞ്ഞത് പത്തു സെന്റിലെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന കർഷകന് പദ്ധതി പ്രകാരം കൃഷി ഇൻഷുർ ചെയ്യാവുന്നതാണ്. പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ ജില്ലാ ക്ലസ്റ്ററുകളായി രൂപീകരിച്ച് വിള ഇൻഷുൻസ് പദ്ധതിപ്രകാരം ഇൻഷുർ ചെയ്യുന്നു.

### സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നു. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും (ക്രെഡിറ്റ്), ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസറുമാണ് നിർവ്വഹണ ഉദ്യോഗസ്ഥർ.

### ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 150.00 ലക്ഷം രൂപ വകയിരുത്തുകയും തുക സംസ്ഥാന വിള ഇൻഷുറൻസ് ഫണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. വിളനാശം സംഭവിക്കുന്ന മുറയ്ക്ക് അർഹമായ തുക (ഇൻഷുർ ചെയ്ത കൃഷി പ്രകൃതിക്ഷോഭം മൂലം നശിച്ചാൽ പന്തലില്ലാത്തവയ്ക്ക് ഹെക്ടറിന് 20,000/- രൂപയും പന്തലുള്ളവയ്ക്ക് 40,000/- രൂപയും ധനസഹായം നൽകുന്നു) കർഷകർക്ക് കൃഷിഭവൻ വഴി വിതരണം നടത്തുന്നതാണ്.

### പ്രവർത്തനങ്ങൾ

പദ്ധതി തയ്യാറാക്കൽ, അനുമതി നൽകൽ എന്നിവ സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നു. പദ്ധതി നിർവ്വഹണം ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടരും (ക്രെഡിറ്റ്), ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസറും നിർവ്വഹിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കർഷകർക്ക് ഗ്രാമസഭ വഴി അവബോധം നൽകി എല്ലാവരേയും സ്കീമിൽ കൊണ്ടുവരുക. പദ്ധതിയുടെ മോണിറ്ററിംഗ് നിർവ്വഹിക്കുകയും ചെയ്യുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പച്ചക്കറി കൃഷി വിളയിൻഷുറൻസ് പദ്ധതിയുമായി സംയോജിപ്പിച്ച് സ്വയം പര്യാപ്തത നേടുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സ്കീം ഗ്രാമസഭ അവലോകനത്തിന് വിധേയമാക്കുകയും പച്ചക്കറി കൃഷിക്ക് പരമാവധി പ്രോത്സാഹനം നൽകുകയും ചെയ്യുക.

## 6. ജൈവകൃഷി പദ്ധതി – കാസർഗോഡ് ജില്ല

### ലക്ഷ്യങ്ങൾ

- കൃഷി സുസ്ഥിരവും ആദായകരവും, മാന്യതയുള്ളതുമാക്കുക
- മണ്ണിന്റെ തനതായ ഫലഭൂയിഷ്ഠതയും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക
- ജൈവ മോഡൽ കൃഷി രീതി വികസിപ്പിക്കുക
- കാർഷിക ജൈവ സുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുക
- ജൈവ ഗ്രാമങ്ങൾ കർഷക പങ്കാളിത്തത്തോടെ സൃഷ്ടിക്കുക
- വിഷലിപ്തമായ രാസകീടനാശിനികളുടെ ഉപയോഗം ഇല്ലാതാക്കുകയും പരിസ്ഥിതി സംരക്ഷിക്കുകയും ചെയ്യുക.
- കൂട്ടായ കൃഷി (ക്ലസ്റ്റർ അടിസ്ഥാനത്തിൽ) നടപ്പിലാക്കുക
- ജൈവ വൈവിധ്യം സംരക്ഷിക്കുക
- വിളകൾക്ക് ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക
- സുരക്ഷിതമായ ഭക്ഷണം വഴി ആരോഗ്യം നിലനിർത്തുക

## ഗുണഭോക്താക്കൾ

കാസർഗോഡ് ജില്ലയിലെ 15 പഞ്ചായത്തുകളിലെ കർഷകർ പദ്ധതിയിൽ ഗുണ ഭോക്താക്കളാണ്.

## സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ്, കാസർഗോഡ് ജില്ലയിലെ എൻമകജെ, കുമ്പള, ബേഡഡുക്ക, കുറ്റിക്കോൽ, മൂളിയാർ, മടിക്കൈ, പനത്തടി, കോടമ്പാളൂർ, ബിളാൽ, വെസ്റ്റ് എളേ രി, ഈസ്റ്റ് എളേരി, കിനാനൂർ കരിന്തളം, കയ്യൂർ ചീമേനി, ചെറുവത്തൂർ, പീലി ക്കോട് എന്നീ പഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർ മറ്റു നിർവഹണ ഏജൻസി കളായ കാർഷിക കോളേജ് പടന്നക്കാട്, ഐ.ഐ.ഐ.റ്റി.എം.കെ മലപ്പുറം, കാസർഗോഡ് ജില്ലകളിലെ കെ.വി.കെ, വി.എഫ്.സി.കെ എന്നിവയും പദ്ധതി നിർവ്വ ഹണത്തിൽ പങ്കാളികളാക്കുക.

## ഫണ്ടിംഗ്

സംസ്ഥാന ഗവൺമെന്റിൽ നിന്നും കൃഷി ഡയറക്ടർ മുഖേന കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും മറ്റ് നിർവ്വഹണ ഏജൻസികൾക്കും ഫണ്ട് അനു വദിക്കുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇത് അതാത് പ്രദേശത്തെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ഒറ്റ ഗഡുവായി തുക നൽകും.

## പ്രവർത്തനങ്ങൾ

പ്രോജക്ട് റിപ്പോർട്ട് കൃഷി ഡയറക്ടർ തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പി ക്കും. സംസ്ഥാന സർക്കാർ പദ്ധതിക്ക് അനുമതി നൽകും. ബന്ധപ്പെട്ട കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണം നടത്തും. മോണിറ്ററിംഗ് ഗവൺമെന്റ് തലത്തിൽ ഓരോ ഘട്ടത്തിലും നടത്തും.

## സംഘാടനം

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ഫണ്ടിംഗിൽ പറഞ്ഞിട്ടുള്ള ഏജൻസികൾ സംഘാടനം നടത്തും. കൂടാതെ കർഷക ഗ്രൂപ്പുകളും ഇതിൽ പങ്കെടുക്കുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്ഥാപനത്തിന്റെ അറിവും അനുമതിയോടെയുമാണ് പദ്ധതി നടപ്പിലാക്കു ന്നത്.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും പരിശീലനങ്ങൾ സംഘടിപ്പിക്കു കയും ചെയ്യുക.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

കാർഷിക-അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങളുമായി ജൈവകൃഷി സംയോജിപ്പിക്കാം. ഉല്പന്നങ്ങളുടെ വിപണന പദ്ധതികൾ ഏറ്റെടുത്ത് മെച്ചപ്പെട്ട വില കർഷകർക്ക് ഉറപ്പാക്കാം. വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് മുൻ-പിൻ ബന്ധങ്ങൾ സാധ്യമാക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി അവലോകനത്തിന് തദ്ദേശസ്ഥാപനത്തിന്റെ സഹകരണം ഉണ്ടാകണം. പദ്ധതി കൂടുതൽ സുതാര്യമാക്കി അഴിമതി ഇല്ലാതാക്കാൻ ഉപകരിക്കും. ജൈവ കൃഷി നടപ്പിലാക്കുമ്പോൾ ശരിയായ ബോധവൽക്കരണവും സുസ്ഥിരത ഉറപ്പാക്കലും ഡോക്യുമെന്റേഷനും അനിവാര്യമാണ്.

## 7. ഡിപ്പാർട്ട്മെന്റ് ലാബുകളുടെ നവീകരണം

### ലക്ഷ്യങ്ങൾ

- കാർഷിക ഉൽപാദന ഉപാധികളായ രാസവളം, കീടനാശിനി എന്നിവയുടെ ഗുണമേന്മ ഉറപ്പ് വരുത്തുക
- ഇവ പരിശോധിക്കുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക
- നൂതന യന്ത്രസാമഗ്രികൾ പരിശോധനയ്ക്ക് ലഭ്യമാക്കുക
- ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യയിൽ പരിശീലനം ലഭ്യമാക്കുക

### ഗുണഭോക്താക്കൾ

സംസ്ഥാനത്തെ മുഴുവൻ കർഷകരും ഗുണഭോക്താക്കളായിരിക്കും

### സ്കീമിന്റെ നിർവ്വഹണം

കൃഷി ഡയറക്ടർ, ലബോറട്ടറിയുടെ തലവന്മാർ എന്നിവർക്കാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല നൽകിയിട്ടുള്ളത്.

### പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടർ പദ്ധതി തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുന്നു. ഗവൺമെന്റ് അനുമതി ലഭിക്കുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ താഴേക്ക് പ്രവർത്തന നിർദ്ദേശവും ഫണ്ടും ലഭ്യമാക്കുന്നു. മോണിറ്ററിംഗ് കൃഷി ഡയറക്ടർതലത്തിൽ എല്ലാ മാസവും നടത്തുന്നു.

### സംഘാടനം

ഈ പദ്ധതിയുടെ സംഘാടനം കൃഷി വകുപ്പിലെ വിവിധ ലാബോറട്ടറികളിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നു. ജില്ലാപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും തുക നീക്കി വച്ച് പദ്ധതികൾ തയ്യാറാക്കി നൽകുന്നു. ലബോറട്ടറികളുടെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കണം.

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റ ചുമതല

ഡിപ്പാർട്ട്മെന്റ് ലാബുകളുടെ പ്രവർത്തനങ്ങൾക്ക് നിലവിൽ കൃഷി വകുപ്പ് നേരിട്ട് ചുമതല വഹിക്കുകയാണ്. ലാബിന്റെ പ്രവർത്തന പുരോഗതി, മോണിറ്ററിംഗ്, വിപുലീകരണം, റിപ്പയറുകൾ തുടങ്ങിയ കാര്യങ്ങൾ ജില്ലാപഞ്ചായത്തുമായി കൂടിയാലോചിക്കേണ്ടതാണ്.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

മണ്ണ്, ഉല്പാദനോപാദികൾ, കീടനാശിനികൾ എന്നിവയുടെ ഗുണനിലവാര പരിശോധന, കാർഷീകോൽപാദന പ്രക്രിയയിൽ അത്യന്താപേക്ഷിതമാണ്. ആയതിനാൽ ലാബോറട്ടറിയുടെ പ്രവർത്തനവുമായി ബന്ധപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ കാർഷികമേഖലയ്ക്ക് ശരിയായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നുവെന്നും പരിശോധനയുടെ കൃത്യതയും പരിശോധന സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. ലാബുകളുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണം.

## 8. കാർഷീകോല്പന്നങ്ങളുടെ വിലനിലവാരം ലഭ്യമാക്കൽ (അഗ്മാർക്ക് നെറ്റ് & മാർക്കറ്റ് ഇന്റലിജൻസ്)

### ലക്ഷ്യങ്ങൾ

കേരളത്തിലെ 92 അഗ്മാർക്ക് നെറ്റ്നോട് പ്രവർത്തിക്കുന്ന മാർക്കറ്റുകളിലെ കാർഷിക ഉൽപന്നങ്ങളുടെ വരവിന്റെയും വിലയുടെയും വിവരം ശേഖരിച്ച അതാത്

ദിവസം രാവിലെ തന്നെ നെറ്റ് വഴി ലഭ്യമാക്കുക. ഇതിനായി ഒരു തൊഴിൽ രഹിത യുവാവിനെ വിവരശേഖരണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഗുണഭോക്താക്കൾ

കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്താനുദ്ദേശിക്കുന്ന കർഷകർ

## സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ്, അഗ്മാർക്ക് നെറ്റ്നോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ

## ഫണ്ടിംഗ്

കൃഷി ഡയറക്ടർ ഫണ്ട് അലോട്ട് ചെയ്യുന്നു. അഗ്മാർക്ക് നെറ്റ്നോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ വഴി വിവരശേഖരണം നടത്തുന്ന വ്യക്തിക്ക് പ്രതിമാസം 2500/- രൂപ വീതം വേതനമായി നൽകുന്നു.

## പ്രവർത്തനങ്ങൾ

92 അഗ്മാർക്ക് നെറ്റ്നോട് മാർക്കറ്റുകളിലെ മാർക്കറ്റ് ദിവസങ്ങളിലെ വിവരം രാവിലെ തന്നെ ശേഖരിച്ച് അതാത് നെറ്റ്നോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലേൽപ്പിക്കുന്നു. നെറ്റ്നോടിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ അപ്പോൾതന്നെ അഗ്മാർക്ക് വെബ്സൈറ്റിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നു. കർഷകർ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് മുമ്പായിതന്നെ അഗ്മാർക്ക് നെറ്റ് നോടിലെ വിവരങ്ങൾ മനസ്സിലാക്കുകയും അവയുടെ ഉൽപന്നത്തിന് മെച്ചപ്പെട്ട വില ലഭിക്കുവാൻ ഉപകരിക്കുകയും ചെയ്യുന്നു.

## സംഘാടനം

അഗ്മാർക്ക് നെറ്റ്നോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, മാർക്കറ്റ് വിവരം ശേഖരിക്കാൻ നിയോഗിച്ച തൊഴിൽ രഹിതയുവാക്കൾ എന്നിവരുടെ ചുമതലയിൽ പദ്ധതി നടപ്പിലാക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കർഷകരായ ഗുണഭോക്താക്കൾക്ക് സ്കീമിനെക്കുറിച്ച് ബോധവൽക്കരണം നൽകുകയും പ്രസ്തുത സൗകര്യങ്ങൾ കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി ഉപയോഗപ്പെടുത്തുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

എല്ലാ മാർക്കറ്റ് ദിവസങ്ങളിലും മാർക്കറ്റിൽ നിന്നും ശേഖരിച്ച വിവരം നെറ്റിൽ നൽകിയിട്ടുള്ളതായി ഉറപ്പു വരുത്തണം.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

കാർഷികോൽപ്പനങ്ങളുടെ മുൻവർഷങ്ങളിലെ വിലനിലവാരവും നടപ്പ് വർഷത്തെ പ്രതീക്ഷിതവിലയും പരിഗണിച്ച് മെച്ചപ്പെട്ട വില ലഭിക്കുന്ന വിളകൾ പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജില്ലാതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയക്ടർ (മാർക്കറ്റിംഗ്) നെറ്റനോട് ഡാറ്റ ശേഖരം പതിവായി പരിശോധന നടത്തേണ്ടതും ശരിയായ വിവരം നെറ്റിൽ നൽകുന്നവെന്ന് ഉറപ്പുവരുത്തുകയും വേണം. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ പദ്ധതി മേൽനോട്ടം വഹിക്കും. സംസ്ഥാനതലത്തിൽ പദ്ധതി അവലോകനം നടത്തുന്നത് കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്).

## 9. സംയോജിത കീടനിയന്ത്രണം.

### ലക്ഷ്യങ്ങൾ

കീടനിയന്ത്രണത്തിലൂടെ വിളനാശം കുറച്ച് ഉൽപാദനം വർദ്ധനവ്, കീടനാശിനികളുടെ ഉപയോഗം കുറയ്ക്കൽ എന്നിവയാണ് ലക്ഷ്യങ്ങൾ.

### ഗുണഭോക്താക്കൾ

ചെറുകിട-നാമമാത്ര കർഷകർ

### സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ് മുഖേന, പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നു. ഗുണഭോക്താക്കളെ കൃഷി ഓഫീസർ തെരഞ്ഞെടുക്കുന്നു.

### ഫണ്ടിംഗ്

കൃഷി വകുപ്പ് ഡയറക്ടർ ജില്ലാ കൃഷി ഓഫീസർക്കും ജില്ലാ കൃഷി ഓഫീസർ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും ഫണ്ട് കൈമാറുന്നു. പദ്ധതി പ്രകാരം ലൈറ്റ് ട്രാപ്പ് സ്ഥാപിക്കൽ, എലി നശീകരണത്തിനുള്ള കാമ്പെയിൻ, പെട്ടെന്നുണ്ടാകുന്ന കീടരോഗ നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യൽ, സംയോജിത കീടനിയന്ത്രണത്തിന് പരിശീലനം നൽകൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

### പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ ആസൂത്രണ വിഭാഗം പദ്ധതി തയ്യാറാക്കി സർക്കാർ അനുമതി വാങ്ങി നിർവ്വഹണത്തിനായി ജില്ലാ ആഫീസർ വഴി കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നു. പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നു. ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടറും മോണി റ്ററിംഗ് നിർവ്വഹിക്കുന്നു.

### സംഘാടനം

കർഷകർ, ഗ്രൂപ്പ് ഫാമിംഗ് സമിതി എന്നിവയുടെ സഹകരണത്തോടെ കൃഷി ഭവൻ മുഖേന പദ്ധതി നിർവ്വഹിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകൽ, പദ്ധതി നിർവ്വ ഹണത്തിൽ സഹായം നൽകൽ, മോണിറ്ററിംഗ് തുടങ്ങിയവയാണ് ഗ്രാമപഞ്ചായ ത്തിന്റെ ചുമതലകൾ.

### വകുപ്പിന്റെ പങ്ക്

യഥാസമയം കീടരോഗബാധ കണ്ടെത്തി കർഷകർക്ക് ആവശ്യമായ നിർദ്ദേശ ങ്ങളും സഹായവും ലഭ്യമാക്കുക. ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക വികസന പദ്ധതികൾ സംയോ ജിത നിയന്ത്രണ പരിപാടിയുമായി സംയോജിപ്പിക്കണം. കൂടാതെ മറ്റ് വകുപ്പുക ളേയും സർക്കാരിതര ഏജൻസികളേയും ഏകോപിപ്പിക്കുകയും ഉൽപാദനോപാ ധികൾ പ്രാദേശികമായി നിർമ്മിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

## 10. സുസ്ഥിര നെൽകൃഷി വികസനം

### ലക്ഷ്യങ്ങൾ

- നെൽകൃഷി വ്യാപനവും ഉൽപാദന വർദ്ധനവും ഉറപ്പാക്കുക
- യന്ത്രവൽക്കരണം, അത്യുൽപാദന ശേഷി വിത്ത്, കൂട്ടുഞാറ്റടി, ശാസ്ത്രീയ വളപ്രയോഗം മുതലായവയുടെ ഉപയോഗം മൂലം ഉൽപാദന ചെലവ് കുറച്ച് നെല്ലുൽപാദനം വർദ്ധിപ്പിക്കുക.

## ഗുണഭോക്താക്കൾ

നെൽകൃഷി സ്വന്തമായോ, പാട്ടത്തിനോ കൃഷി ചെയ്യാൻ താൽപര്യമുള്ള കർഷകർ, ഗ്രൂപ്പ് ഫാമിംഗ് സമിതി എന്നിവർ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. കൃഷി ആഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ്, ഗ്രൂപ്പ് ഫാമിംഗ് സമിതി മുഖാന്തിരം പഞ്ചായത്ത് തലത്തിൽ കൃഷി ആഫീസർ പദ്ധതി നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

കൃഷി വകുപ്പ് ഡയറക്ടർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ഫണ്ട് നൽകുകയും ആയത് ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ വഴി കൃഷി ഭവനുകളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. കൃഷി ചെയ്യുന്നതിന് ശേഷം ഒറ്റ ഗഡുവായി ഒരു ഹെക്ടറിന് 4000/- രൂപ നിരക്കിൽ സബ്സിഡി (വിത്ത്, വളം, കീടനാശിനി എന്നിവയുടെ ചെലവിനായി) കർഷകന് ഇ-പേയ്മെന്റ് മുഖാന്തിരം ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.

## പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ പദ്ധതി തയ്യാറാക്കുകയും സർക്കാർ അനുമതി വാങ്ങിയശേഷം നിർവ്വഹണത്തിനായി ജില്ലാ ആഫീസർ മുഖാന്തിരം കൃഷിഭവനുകളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നു. പഞ്ചായത്തു തലത്തിൽ കാർഷിക വികസന സമിതിയും, ബ്ലോക്കു തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM), പ്രിൻസിപ്പൽ കൃഷി ആഫീസറും, സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടറും (സി.പി) മോണിറ്ററിംഗ് നിർവ്വഹിക്കുന്നു.

## സംഘാടനം

ഉൽപാദനോപാദികൾ (വളം, കുമ്മായം, കീടനാശിനി) എന്നിവ ഗ്രൂപ്പ് ഫാമിംഗ് സമിതി മുഖാന്തിരം വാങ്ങി ശാസ്ത്രീയമായി ഉപയോഗിക്കുന്നു. വിത്ത് കൃഷി ഓഫീസർ KSSDA, NSCM, KSSCM, SFC എന്നിവിടങ്ങളിൽ നിന്ന് വാങ്ങി സമിതി മുഖാന്തിരം കർഷകന് നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ ഗുണകരമായ നടത്തിപ്പിനായി പഞ്ചായത്ത് തലത്തിൽ കാർഷിക വികസന സമിതിയും, പഞ്ചായത്ത് ഭരണ സമിതിയും മുഖ്യ പങ്കു വഹിക്കുന്നു.

ഭക്ഷ്യോത്പാദനത്തോടൊപ്പം ജലസംരക്ഷണ പ്രവർത്തനം കൂടി ആകയാൽ നെൽകൃഷി വികസനം പരമാവധി വർദ്ധിപ്പിക്കുവാനും ആയത് യഥാസമയങ്ങളിൽ മോണിറ്ററിംഗിന് വിധേയമാക്കാനും കൃഷി ലാഭകരമാക്കാനും വിവിധ ഏജൻസികളെ ഏകോപിപ്പിക്കുവാനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നെൽകൃഷി പരമാവധി വ്യാപിപ്പിക്കുവാനും പാടശേഖര സമിതികളെ പ്രോത്സാഹിപ്പിക്കുവാനും ശ്രമിക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

കുടുംബശ്രീ, പാടശേഖരസമിതികൾ എന്നിവ ഉൾപ്പെടെയുള്ള ഏജൻസികളുടെ ഏകോപനം ഉറപ്പാക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുമായി ബന്ധിപ്പിക്കുകയും വിപണി ഉറപ്പാക്കുകയും മൂല്യവർദ്ധനാ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി യഥാസമയം നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുകയും മുൻപിൻ ബന്ധങ്ങൾ സാധ്യമാക്കുകയും ചെയ്യുക

## 11. കരനെൽകൃഷി

### ലക്ഷ്യങ്ങൾ

- കരനെൽകൃഷി വികസനം
- കരനെൽകൃഷി പ്രോത്സാഹിപ്പിക്കുകയും അതുവഴി കൂടുതൽ പ്രദേശത്ത് നെൽവിസ്തൃതി കൂട്ടുന്നു. നെൽവയൽ ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കുന്നു.

### ഗുണഭോക്താക്കൾ

കരപ്രദേശത്ത് നെൽകൃഷി ചെയ്യാൻ സന്നദ്ധരായുള്ള കർഷകർ, ഗ്രൂപ്പുകൾ, സ്കൂളുകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ മുതലായവ

### സ്കീമിന്റെ നിർവ്വഹണം

പദ്ധതിയുടെ നിർവ്വഹണ ചുമതല കൃഷിഭവനും നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ആഫീസറും ആയിരിക്കും.

## ഫണ്ടിംഗ്

കൃഷിവകുപ്പ് ഡയറക്ടർ ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് ഫണ്ട് നൽകുകയും ആയത് ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ വഴി കൃഷി ഭവനുകളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. സബ്സ്ഡി തുക ഒരു ഹെക്ടറിന് 7500/- രൂപ നിരക്കിൽ (വിത്ത്, വളം, കീടനാശിനി, കുമ്മായം എന്നിവയ്ക്കായി) ഒറ്റ ഗഡുവായി കൃഷി ചെയ്തതിന് ശേഷം കർഷകന്റെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.

## പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ പ്രോജക്ട് തയ്യാറാക്കുകയും സർക്കാർ അനുമതി വാങ്ങിയ ശേഷം നിർവ്വഹണത്തിനായി ജില്ലാ ആഫീസർ മുഖാന്തിരം കൃഷി ഭവനുകളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ കൃഷി ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്നു. പഞ്ചായത്ത് തലത്തിൽ കാർഷിക വികസനസമിതിയും ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടരും (WM) സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടറും (സി.പി) എന്നിവർ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു.

## സംഘാടനം

ഈ പദ്ധതിക്കാവശ്യമായ നല്ലയിനം വിത്ത് ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർ KSSDA, KAU ജോയിന്റ് ഡയറക്ടർ വഴി വാങ്ങി നൽകുന്നു. മറ്റ് സംഘാടനം കൃഷിഭവൻ മുഖേന പാടശേഖര സമിതികളുടെ സഹകരണത്തോടെ നിർവ്വഹിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത് തലത്തിൽ പ്രസിഡണ്ട്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗമായുള്ള കാർഷിക വികസന സമിതിയും പഞ്ചായത്ത് കമ്മിറ്റിയും സംയുക്തമായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിലും പദ്ധതി സംബന്ധിച്ച സ്കീം അവബോധം നൽകുന്നതിലും മുഖ്യ പങ്കു വഹിക്കുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും പദ്ധതിയെകുറിച്ച് വിശദീകരിക്കുക, ഗുണഭോക്താക്കളെ കണ്ടെത്തുക. അവലോകന യോഗങ്ങൾ സംഘടിപ്പിക്കുക, ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ സഹകരണം ഉറപ്പാക്കുക മുതലായവ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതിയെകുറിച്ച് കർഷകർക്ക് ബോധവൽക്കരണവും ആയതിന്റെ നടത്തിപ്പും ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളെ ഉപയോ

ഗപ്പെടുത്തി വിവിധ ഏജൻസികളുടെ സഹായത്തോടെ വികസന വിടവുകൾ നികത്തി നെൽകൃഷി സമഗ്രവും സുസ്ഥിരവുമാക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി നടത്തിപ്പുനുശേഷം കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനുള്ള കമ്മിറ്റികൾ ശക്തമാക്കുക. ഗ്രാമസഭ അവലോകനത്തിന് വിധേയമാക്കുക

## 12. പ്രത്യേകതയുള്ള നെൽകൃഷി (സ്പെഷാലിറ്റി റൈസ്)

### ലക്ഷ്യങ്ങൾ

- പ്രത്യേക ഇനം നെൽവിത്ത് പ്രയോഗിച്ചുള്ള നെൽകൃഷി വികസനം
- ജൈവ കൃഷി രീതിയിലൂടെ ഞവര, ബസുമതി എന്നിവ കൃഷി ചെയ്ത് ഉൽപാദനം വർദ്ധിപ്പിക്കുക, പൊക്കാളി കൃഷി പ്രോത്സാഹിപ്പിക്കുക

### ഗുണഭോക്താക്കൾ

തൃശ്ശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കളി മേഖലയിലെ കർഷകർ/പാടശേഖര സമിതി/ സ്വയംസഹായ സംഘങ്ങൾ/എൻ.ജി.ഒ കൾ

### സ്കീമിന്റെ നിർവ്വഹണം

കൃഷി ആഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനും പദ്ധതി നടത്തിപ്പിന്റെ ചുമതല കൃഷിഭവനുമായിരിക്കും.

### ഫണ്ടിംഗ്

കൃഷിവകുപ്പ് ഡയറക്ടർ ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് ഫണ്ട് നൽകുകയും ആയത് ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ വഴി കൃഷി ഭവനുകളിൽ എത്തുന്നു. സബ്സ്ഡി തുക ഒരു ഹെക്ടറിന് 10,000/- രൂപ എന്ന നിരക്കിൽ ഒരു ഗഡുവായി കൃഷി ചെയ്തതിന് ശേഷം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. കൃഷി ചെലവിന്റെ വിവരങ്ങൾ സ്റ്റേറ്റ്മെന്റ് ആയി കൃഷി ആഫീസർക്ക് നൽകണം.

### പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാർ അനുമതി വാങ്ങിയ ശേഷം നിർവ്വഹണത്തിനായി കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ കൃഷി ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്നു. പഞ്ചായത്ത് തലത്തിൽ കാർഷിക വികസനസമിതിയും ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും മോണിറ്ററിംഗിന്റെ ചുമതല വഹിക്കുന്നു.

### സംഘാടനം

പദ്ധതിക്കാവശ്യമായ നല്ലയിനം വിത്ത് ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർ KSSDA, KAU, ജോയിന്റ് ഡയറക്ടർ വഴി വാങ്ങി നൽകുന്നു. മറ്റ് ഉൽപാദനോ പാധികൾ കർഷക/ഗ്രൂപ്പ് ഫാമിംഗ് സമിതി വാങ്ങി ഉപയോഗപ്പെടുത്തുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത്തലത്തിൽ പ്രസിഡണ്ട്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗമായുള്ള കാർഷിക വികസന സമിതിയും പഞ്ചായത്ത് കമ്മിറ്റിയും സംയുക്തമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. സ്കീം അവബോധം നൽകുന്നതിനായി മുഖ്യ പങ്ക് വഹിക്കുന്നു.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും പദ്ധതിയെകുറിച്ച് വിശദീകരിക്കുക, ഗുണ ഭോക്താക്കളെ കണ്ടെത്തുക, വകുപ്പ്തല അവലോകന യോഗങ്ങൾ സംഘടിപ്പി ക്കുക തുടങ്ങിയവയാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോ ജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, ആയതിന്റെ നടത്തിപ്പ്, തദ്ദേ ശഭരണ പദ്ധതി രൂപീകരണ മുന്നൊരുക്കങ്ങൾ സംഘടിപ്പിക്കൽ, വിടവുകൾ പരി ഹരിക്കൽ, കുടുംബശ്രീ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ ഏകോപനം തുടങ്ങിയ കാര്യങ്ങൾ.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി നടത്തിപ്പിനുശേഷം കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനുള്ള കമ്മി റ്റികൾ ശക്തമാക്കുകയും പദ്ധതി നിർവ്വഹണം യഥാസമയം നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുകയും യന്ത്രവൽക്കരണ സാധ്യതകൾ പരിശോധിക്കുകയും വിപണി ഉറപ്പാക്കുകയും ചെയ്യുക.

## 13. പഞ്ചായത്ത്തല സുസ്ഥിര നെൽകൃഷി വികസനമുന്നേറ്റ പരി പ്രേക്ഷ്യം (PPPSRI)

### ലക്ഷ്യങ്ങൾ

ഭക്ഷ്യ സുരക്ഷ പദ്ധതി മുഖാന്തിരം നടപ്പിലാക്കുന്ന മറ്റു പദ്ധതികളിൽ ഉൾപ്പെ ടാത്ത ആവശ്യാധിഷ്ഠിത ഘടകങ്ങൾ ഉൾപ്പെടുത്തി കാർഷികോൽപ്പാദനം വർദ്ധി പ്പിക്കുക.

## ഗുണഭോക്താക്കൾ

ഒരു ഹെക്ടർ വരെ കൃഷിഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യമുള്ളതുമായ കർഷകർ/ഗ്രൂപ്പ് ഫാമിംഗ് സമിതി എന്നിവർ

## സ്കീമിന്റെ നിർവ്വഹണം

കൃഷി ആഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹണ ചുമതല കൃഷിഭവനുമാണ്.

## ഫണ്ടിംഗ്

കൃഷി വകുപ്പ് ഡയറക്ട്ർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖാന്തിരം ഫണ്ട് കൃഷിഭവനുകളിൽ എത്തുന്നു. പഞ്ചായത്ത് തല പദ്ധതിയുമായി ഏകോപിപ്പിച്ചിട്ടുള്ളതിനാൽ അധിക ഫണ്ട് ജനകീയാസൂത്രണ പദ്ധതിയിൽ നിന്ന് നൽകുന്നു. സബ്സിഡി തുക ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

സ്കീം നിർദ്ദേശം പഞ്ചായത്ത്തലത്തിൽ ക്രോഡീകരിച്ച് ജില്ലാ ആഫീസർ കൃഷി ഡയറക്ടറേറ്റിൽ നൽകുകയും പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർ, സ്റ്റേറ്റ് ഹോൾഡേഴ്സ് എന്നിവരുമായി കൂടി ആലോചിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യുന്നു. ആയത് അംഗീകരിച്ച് നൽകുന്നു. പഞ്ചായത്തുതലത്തിൽ കൃഷി ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തുന്നു. മോണിറ്ററിംഗിനായി പഞ്ചായത്തു തലത്തിൽ കാർഷിക വികസന സമിതിയും പഞ്ചായത്ത് കമ്മിറ്റിയും, ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM), സംസ്ഥാനതലത്തിൽ നെൽകൃഷി വികസന സെല്ലും നിർവ്വഹണം നടത്തുന്നു.

## സംഘാടനം

വിത്ത് (നല്ലയിനം) കൃഷി ആഫീസർ KSSDA, KAU എന്നിവിടങ്ങളിൽ നിന്ന് വാങ്ങി നൽകുന്നു. മറ്റ് ഉൽപാദനോപാധികൾ കർഷകർ/ഗ്രൂപ്പ് ഫാമിംഗ് സമിതി വാങ്ങി ഉപയോഗിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത്തലത്തിൽ പ്രസിഡണ്ട്, വാർഡ്മെമ്പർ, തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റേറ്റ് ഹോൾഡേഴ്സ് ഗ്രൂപ്പ് ഫാമിംഗ് സമിതി എന്നിവരുമായി ആലോചിച്ച് പഞ്ചായത്ത്തല ആക്ഷൻ പ്ലാൻ ഉണ്ടാക്കുകയും ആയത് അംഗീകാരത്തിനായി കൃഷി ഡയറക്ടർക്ക് നൽകുകയും ചെയ്യുന്നു. ഗവൺമെന്റ് അംഗീകാരത്തോടെ പദ്ധതി നടപ്പിലാക്കുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

രോഗബാധയും കീടബാധയുമുണ്ടായാൽ രൂക്ഷമായ പ്രദേശങ്ങളിൽ കർഷകരെ കണ്ടെത്തി സസ്യസംരക്ഷണത്തിനുള്ള അവബോധം നൽകണം. വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും പദ്ധതിയെക്കുറിച്ച് വിശദീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്തുക, വകുപ്പുതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഈ പദ്ധതിയിലെ ഉൽപാദനോപാധിയായ വിത്ത് പഞ്ചായത്ത് ഫണ്ടുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നു.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി നടത്തിപ്പിനുശേഷം കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനുള്ള കമ്മിറ്റികൾ ശക്തമാക്കുകയും ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുക.

# 14. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം

## ലക്ഷ്യങ്ങൾ

സംസ്ഥാനതലത്തിൽ 11 നെൽകൃഷി വികസന ഏജൻസികൾ മുഖാന്തിരം അതാത് (ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട് ജില്ല) പ്രശ്നബാധിത പ്രദേശങ്ങളിൽ സാമ്പത്തിക സഹായം നൽകി ഉൽപദനോപാധികൾ മറ്റ് ആവശ്യങ്ങൾ എന്നിവ ലഭ്യമാക്കുക.

## ഗുണഭോക്താവ്

പ്രശ്നബാധിത പ്രദേശങ്ങളിലെ നെൽകർഷകർ

## സ്കീമിന്റെ നിർവ്വഹണം

പഞ്ചാത്ത്തല കൃഷി ആഫീസറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ നെൽകൃഷി വികസന ഏജൻസികളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്

നെൽകൃഷി വികസന ഏജൻസികൾ ആക്ഷൻ പ്ലാൻ ഉണ്ടാക്കുകയും ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചതിന് ശേഷം ജില്ലാ ആഫീസർ (കൃഷി) മുഖാന്തിരം കൃഷി ഡയറക്ടർക്ക് നൽകുകയും ആയത് കൃഷി ഡയറക്ടർ അഡ്മിനിസ്ട്രേറ്റീവ് അനുവാദം നൽകി തുക പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖാന്തിരം

വികസന ഏജൻസികൾക്ക് നൽകണം. 2012-13 വർഷം ആകെ 150 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്നു.

## പ്രവർത്തനങ്ങൾ

സ്കീം വികസന ഏജൻസികൾ തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരത്തോടുകൂടി ജില്ലാ കൃഷി ആഫീസർ മുഖാന്തിരം കൃഷി ഡയറക്ടർക്ക് നൽകുകയും ആയത് കൃഷി ഡയറക്ടർ ഭരണാനുമതി നൽകിയ ശേഷം ജില്ലാ കൃഷി ആഫീസർ മുഖാന്തിരം (കൃഷിഭവൻ മുഖാന്തിരം) ഏജൻസിക്ക് നൽകുന്നു. മോണിറ്ററിംഗിനായി പഞ്ചായത്ത് തലത്തിൽ കാർഷിക വികസന സമിതി, പഞ്ചായത്ത് കമ്മിറ്റി, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ആഫീസർ, സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) എന്നിവർ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു.

## സംഘാടനം

പ്രശ്നബാധിത മേഖലയിൽ ആവശ്യാധിഷ്ഠിതമായ ഉൽപാദനോപാധികളും മറ്റും ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ ആക്ഷൻ പ്ലാൻ ഉണ്ടാക്കുന്നതിനായി പഞ്ചായത്ത് കാർഷിക വികസന സമിതി, പഞ്ചായത്ത് കമ്മിറ്റി എന്നിവയുമായി ആലോചിച്ച് നടപ്പിലാക്കൽ, ഏജൻസിയുടെ പ്രവർത്തനം വിലയിരുത്തൽ, ഗുണഭോക്താക്കളെ കണ്ടെത്തൽ മുതലായവ.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിഭവസമാഹരണം, ഏകോപനം, മോണിറ്ററിംഗ് മുതലായ കാര്യങ്ങൾ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെം സാധ്യമാക്കാം.

പദ്ധതിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണവും ആയതിന്റെ നടത്തിപ്പും.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി തുക ചെലവാക്കിയതിനുശേഷം കൃഷി ആഫീസർ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കമ്മിറ്റി ആഡിറ്റ് നടത്തേണ്ടതാണ്. ഗ്രാമസഭയിൽ നിർവ്വഹണം വിലയിരുത്തുക.

## 15. ഉൽപാദനക്ഷമതാ ലക്ഷ്യത്തിനുള്ള പ്രോൽസാഹനം (Incentive for Targeted Productivity)

### ലക്ഷ്യങ്ങൾ

ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ താഴെയുള്ള നെൽകൃഷി മേഖലയിൽ (5 ബ്ലോക്കുകളിൽ) ഹരിപ്പാട്, കൂവപ്പടി, കോതമംഗലം, ശ്രീകൃഷ്ണപുരം, നിലമ്പൂർ എന്നിവിടങ്ങളിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക.

### ഗുണഭോക്താക്കൾ

ഉൽപാദനക്ഷമത കുറഞ്ഞ നെൽകൃഷി മേഖലയിലെ തെരഞ്ഞെടുക്കുന്ന കർഷകർ/ഗ്രൂപ്പ് ഫാമിംഗ് സമിതി

### സ്കീമിന്റെ നിർവ്വഹണം

കൃഷി ആഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനും കൃഷിഭവൻ നിർവ്വഹണ സ്ഥാപനവുമായിരിക്കും

### ഫണ്ടിംഗ്

ഫണ്ട് കൃഷി വകുപ്പ് ഡയറക്ടർ ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർ മുഖാന്തിരം ഫണ്ട് കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നു. അതാത് സ്ഥലങ്ങൾക്കാവശ്യമായ ഉൽപാദനോപാധികൾ പഞ്ചായത്തുതലത്തിൽ തന്നെ തീരുമാനിച്ച് ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർ വഴി കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുമതി വാങ്ങി പദ്ധതി നടപ്പിലാക്കുന്നു. കൃഷി ചെയ്തതിനുശേഷം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി നിക്ഷേപിക്കുന്നു. കൃഷി ചെലവിന്റെ വിവരങ്ങൾ കർഷകൻ സ്റ്റേറ്റ്മെന്റായി കൃഷി ആഫീസർക്ക് നൽകണം.

### പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ പദ്ധതി തയ്യാറാക്കുകയും സർക്കാർ അനുമതി ലഭിച്ച ശേഷം നിർവ്വഹണത്തിനായി കൃഷിഭവനുകളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. പഞ്ചായത്ത് തലത്തിൽ കൃഷി ഉദ്യാഗസ്ഥൻ നിർവ്വഹണം നടത്തുന്നു. മോണിറ്ററിംഗിനായി പഞ്ചായത്തുതലത്തിൽ കാർഷിക വികസന സമിതിയും ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും (WM), പ്രിൻസിപ്പൽ കൃഷി ഓഫീസറും മോണിറ്ററിംഗ് നടത്തുന്നു.

### സംഘാടനം

കൃഷിഭവൻ മുഖേന KSSDA, KAU എന്നിവിടങ്ങളിൽ നിന്ന് നല്ലയിനം വിത്തുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുന്നു. മറ്റ് ഉൽപാദനോപാധികൾ കർഷകർ ഗ്രൂപ്പ് ഫാമിംഗ് സമിതി നേരിട്ട് വാങ്ങുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത്തലത്തിൽ പ്രസിഡണ്ട്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തുടങ്ങിയവർ അംഗമായുള്ള കാർഷിക വികസന സമിതിയും പഞ്ചായത്ത് കമ്മിറ്റിയും സംയുക്തമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ഗ്രാമസഭയിൽ അവ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും പദ്ധതിയെകുറിച്ച് വിശദീകരിക്കുക. ഗുണഭോക്താക്കളെ കണ്ടെത്തുക, അവലോകന യോഗങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ കുറിച്ച് കർഷകർക്ക് ബോധവത്ക്കരണവും ആയതിന്റെ നടത്തിപ്പും. ഉൽപാദനക്ഷമത വസ്തുവുമായി ബന്ധപ്പെട്ട മറ്റ് പ്രോജക്ടുകളുമായി സംയോജിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി നടത്തിപ്പിനുശേഷം കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനുള്ള കമ്മിറ്റികൾ ശക്തമാക്കുകയും ഗ്രാമസഭകളിൽ പ്രവർത്തനം ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുക

## 16. സുഗന്ധവിളകളുടെ വികസനം

### ലക്ഷ്യങ്ങൾ

ഇഞ്ചി, മഞ്ഞൾ എന്നീ കൃഷികളുടെ വിസ്തൃതി വ്യാപനം, ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ, ഉൽപാദന വർദ്ധനവിനായി അത്യുൽപാദനശേഷിയുള്ള ഇനങ്ങളുടെ ഉപയോഗം, സാങ്കേതിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കൽ മുതലായവ

### ഗുണഭോക്താക്കൾ

ഇഞ്ചി, മഞ്ഞൾ എന്നിവ സ്വന്തമായോ പാട്ടത്തിനോ ചെയ്യാൻ തയ്യാറുള്ള ചെറുകിട-നാമമാത്ര കർഷകർ. ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നു. അപേക്ഷകൾ കൃഷിഭവനുകളിൽ സമർപ്പിക്കേണ്ടതാണ്.

## സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ് മുഖാന്തിരം ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ധനസഹായം അനുവദിക്കുന്നു. സബ്സിഡി ഒരു ഹെക്ടറിന് 12,500/- രൂപ നിരക്കിൽ (കുമ്മായം, ജൈവവളം, കീടനാശിനി എന്നിവയുടെ വിലയായി) ഒറ്റ ഗഡുവായി കൃഷി ചെയ്തതിന് ശേഷം കർഷകന്റെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് വഴി നൽകുന്നു.

### ഫണ്ടിംഗ്

കൃഷി വകുപ്പ് ഡയറക്ടർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും ജില്ലാ കൃഷി ഓഫീസർ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്കും ഫണ്ട് നൽകുന്നു. സബ്സിഡി ഒരു ഹെക്ടറിന് 12,500/- രൂപ നിരക്കിൽ (കുമ്മായം, ജൈവവളം, കീടനാശിനി എന്നിവയുടെ വിലയായി) ഒറ്റ ഗഡുവായി കൃഷി ചെയ്തതിന് ശേഷം കർഷകന്റെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് വഴി നൽകുന്നു.

### പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ സ്കീം തയ്യാറാക്കി സർക്കാർ അനുമതി വാങ്ങി നിർവ്വഹണത്തിനായി ജില്ലാ ഓഫീസർ മുഖാന്തിരം കൃഷിഭവനുകളിൽ ലഭ്യമാക്കുന്നു. പഞ്ചായത്ത് തലത്തിൽ കാർഷിക വികസന സമിതിയും, ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും, സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടറും (സി.പി) നിർവ്വഹിക്കുന്നു.

### സംഘാടനം

വ്യക്തികൾ നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ആവശ്യമായ നടീൽ വസ്തുക്കൾ കൃഷി വകുപ്പിന്റെ ഫാമുകൾ, കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ, കാർഷിക സർവ്വകലാശാല അംഗീകൃത നഴ്സറികൾ എന്നിവ മുഖേന ല ്യമാക്കുന്നതാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുക, എല്ലാ കർഷകരേയും സ്കീമിൽ കൊണ്ടുവരുന്നതിന് ശ്രമിക്കൽ, ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കൽ തുടങ്ങിയവ.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും പദ്ധതിയെ കുറിച്ച് വിശദീകരിക്കുക, ഗുണഭോക്താക്കളെ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ്, അവലോകന യോഗങ്ങളിൽ പദ്ധതി സംബന്ധമായ റിപ്പോർട്ട് സമർപ്പണം തുടങ്ങിയ കാര്യങ്ങൾ.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഉൽപാദന പദ്ധതികളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുമായി ഇതിനെ ബന്ധപ്പെടുത്താം. ടി സ്കീമുകളെക്കുറിച്ച് പദ്ധതിരേഖയിൽ വിവരിക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സ്കീം നടത്തിപ്പ് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക

# 17. കരുമുളക് കൃഷി വികസനം

## ലക്ഷ്യങ്ങൾ

- കുരുമുളകിന്റെ ഉൽപാദന വർദ്ധനവും വിസ്തൃതി വ്യാപനവും
- നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം
- അത്യുൽപാദനശേഷിയുള്ള ഇനങ്ങൾ ഉപയോഗിച്ചുള്ള പുനർകൃഷി
- ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശാസ്തീയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ
- കൃഷി വകുപ്പിന്റെ ഫാമുകളും അംഗീകൃത നഴ്സറികളും വഴി അത്യുൽപാദന ശേഷിയുള്ള വള്ളികളുടെ ഉൽപാദനം
- കുരുമുളക് സമിതികളുടെ പുനരുജ്ജീവനം

## ഗുണഭോക്താക്കൾ

കുരുമുളക് കൃഷി ചെയ്യുവാൻ താല്പര്യമുള്ള ചെറുകിട-നാമമാത്ര കർഷകർ ഗുണഭോക്താക്കളെ കൃഷി ഓഫീസർ തെരഞ്ഞെടുക്കുന്നു. അപേക്ഷ കൃഷി ഭവൻ കൃഷി ഓഫീസർക്ക് നൽകണം.

## സ്കീമിന്റെ നിർവഹണം

കൃഷി വകുപ്പ് മുഖേന. പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. സബ്സിഡി വിതരണം ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖാന്തിരം.

## ഫണ്ടിംഗ്

| ക്രമനം | ഇനം | സബ്സിഡി തുക |
|---|---|---|
| 1 | നഴ്സറി | 30,000/ രൂപ ഒന്നിന് |
| 2 | തോട്ടങ്ങളുടെ പുനരുദ്ധാരണം | 15,000/ രൂപ ഹെക്ടറിന് |
| 3 | കുരുമുളക് സമിതികളുടെ പുനരുജ്ജീവനം | 25,000/ രൂപ ഒരു സമിതിക്ക് |
| 4 | വിള വിസ്തൃതി വ്യാപനം (പുതിയ തോട്ടങ്ങൾ സ്ഥാപിക്കൽ) | 20,000/ രൂപ ഹെക്ടറിന് |

കൃഷി വകുപ്പ് ഡയറക്ടർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും ജില്ലാ കൃഷി ഓഫീസർ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്കും ഫണ്ട് നൽകുന്നു. പദ്ധതി പൂർത്തിയായശേഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സബ്സിഡി തുക ഗഡുവായി കർഷകരുടെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് വഴി നൽകുന്നു.

## പ്രവർത്തനങ്ങൾ

സ്കീം കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ തയ്യാറാക്കി സർക്കാർ അനുമതി വാങ്ങി നിർവ്വഹണത്തിനായി ജില്ലാ ഓഫീസർ മുഖാന്തിരം കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നു. പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നു. മോണിറ്ററിംഗ് പഞ്ചായത്തുതലത്തിൽ കാർഷിക വികസന സമിതിയും ബ്ലോക്കുതലത്തിലൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും, സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടറും നിർവ്വഹിക്കുന്നു.

## സംഘാടനം

കൃഷി ഓഫീസർ, കുരുമുളക് സമിതികളുടെ സഹായത്തോടെ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കർഷകർക്ക് ബോധവൽക്കരണം നൽകുന്നതിൽ, അർഹതപ്പെട്ട എല്ലാവരേയും സ്കീമിൽ കൊണ്ടുവരുക. ഗ്രാമസഭകളിൽ അവബോധം നൽകുക.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

ബോധവൽക്കരണം, പദ്ധതി നടപ്പിലാക്കൽ, യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തൽ, പദ്ധതി അവലോകനം

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/സംയോജനം എങ്ങനെ സാധ്യമാക്കാം.

കുരുമുളക് കൃഷിയുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടുകളുമായി ഇതിനെ ബന്ധപ്പെടുത്താം. പദ്ധതി ചർച്ചകളിൽ ഇവ ഉൾപ്പെടുത്തുക.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗ്രാമസഭകളിൽ ഇവ ചർച്ചയ്ക്കും അവലോകനത്തിനും വിധേയമാക്കണം

# 18. വയനാട് ജില്ലയിൽ കുരുമുളകിന്റെ ദ്രുതവാട്ട രോഗ നിയന്ത്രണ പദ്ധതി

## ലക്ഷ്യങ്ങൾ

കുരുമുളകിന്റെ ദ്രുതവാട്ടരോഗ നിയന്ത്രണവും ഉൽപാദന വർദ്ധനവും ശാസ്ത്രീയമായ സസ്യസംരക്ഷണത്തിലൂടെ കുരുമുളക് തോട്ടങ്ങളുടെ ഉൽപാദനക്ഷമത വീണ്ടെടുക്കുക

## ഗുണഭോക്താക്കൾ

കുരുമുളക് കൃഷി ചെയ്യുന്ന ചെറുകിട-നാമമാത്ര കർഷകർ. കൃഷി ഓഫീസർ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. അപേക്ഷ കൃഷി ഭവനിൽ നൽകേണ്ടതാണ്.

## സ്കീമിന്റെ നിർവഹണം

കൃഷി വകുപ്പ് മുഖേന. പഞ്ചായത്ത്തലത്തിൽ കൃഷി ഓഫീസറും, ബ്ലോക്കുതലത്തിൽ സബ്സിഡി വിതരണം കൃഷി അസിസ്റ്റന്റ് ഡയറക്ടരും നിർവ്വഹിക്കുന്നു.

## ഫണ്ടിംഗ്

ഫണ്ട് കൃഷി വകുപ്പ് ഡയറക്ടർ ജില്ലാ കൃഷി ഓഫീസർക്ക് നൽകുകയും, ജില്ലാ ഓഫീസർ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്നു. സസ്യസംരക്ഷണത്തിന് ആവശ്യമായ ഡോളമൈറ്റ്, വേപ്പിൻപിണ്ണാക്ക്, കോപ്പർ ഓക്സിക്ലോറൈഡ്, ബോർഡോ മിശ്രിതം, ട്രൈക്കോഡെർമ, സ്യൂഡോമോണാസ് എന്നിവയുടെ വിലയുടെ 50 ശതമാനം പരമാവധി ഒരു ഹെക്ടറിന് 10,000/- രൂപ നിരക്കിൽ സബ്സിഡി ഒറ്റ ഗഡുവായി സസ്യസംരക്ഷണ മാർക്ഷങ്ങൾ കർഷകർ നടപ്പിലാക്കിയ ശേഷം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.

## പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ സ്കീം തയ്യാറാക്കി സർക്കാർ അനുമതി വാങ്ങി നിർവ്വഹണത്തിനായി ജില്ലാ ഓഫീസർ വഴി കൃഷി ഭവനുകളിൽ

ലഭ്യമാക്കുന്നു. പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നു. മോണിറ്ററിംഗ് ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും, സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടറും നിർവ്വഹിക്കുന്നു.

### സംഘാടനം

കർഷകർ, കൃഷിഭവൻ ഉദ്യാഗസ്ഥർ എന്നിവർ സംയുക്തമായി പദ്ധതി നടപ്പിലാക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

രോഗബാധ രൂക്ഷമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനും കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിനും സഹായിക്കുക. ദ്രുതവാട്ടമുള്ള തോട്ടങ്ങളുടെ ഉടമസ്ഥരെ കണ്ടെത്തി അവരെ സ്കീമിൽ ഉൾപ്പെടുത്താൻ വേണ്ട സഹായം നൽകുക. ഗ്രാമസഭയിൽ ചർച്ചയ്ക്ക് വെയ്ക്കുക.

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

രോഗബാധ രൂക്ഷമായ പ്രദേശങ്ങളിലെ കർഷകരെ കണ്ടെത്തി സസ്യസംരക്ഷണം സംബന്ധിച്ച് അവബോധം നൽകുക, പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക, ശരിയായ രീതിയിലുള്ള സസ്യസംരക്ഷണം ഉറപ്പു വരുത്തുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിരേഖയിൽ ഇതിനെക്കുറിച്ച് പ്രതിപാദിക്കും. ഇതിന് വേണ്ടി എത്ര വിസ്തൃതി ഭൂമി വെച്ചുവെന്ന് വിവരിക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

രോഗബാധയുള്ള പ്രദേശത്തെ മുഴുവൻ കർഷകരും സസ്യസംരക്ഷണ മാർക്ഷങ്ങൾ അവലംബിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. സ്കീം ഗ്രാമസഭയിൽ പരിചയപെടുത്തണം. ചർച്ചയ്ക്ക് വിധേയമാക്കണം.

## 19. വയനാട് പാക്കേജ് പ്രകാരം കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം

### ലക്ഷ്യങ്ങൾ

വയനാട് ജില്ലയിൽ നിലവിലുള്ള കുരുമുളക് കൃഷി സംരക്ഷിക്കുകയാണ് പ്രധാന ലക്ഷ്യം. കുരുമുളകിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, നല്ലയിനം നടീൽ വസ്തുകൾ ലഭിക്കുന്നതിനുള്ള കുരുമുളക് നഴ്സറി

കൾ സ്ഥാപിക്കുക, ദീർഘകാലം നിലനിൽക്കുന്ന നല്ലയിനം താങ്ങുമരങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് മറ്റു ലക്ഷ്യങ്ങൾ

## ഗുണഭോക്താവ്

കുരുമുളക് കൃഷി ചെയ്യുന്ന ചെറുകിട നാമമാത്ര കർഷകർ. കൃഷി ഓഫീസർ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. അപേക്ഷ കൃഷിഭവനിൽ നൽകേണ്ടതാണ്.

## സ്കീമിന്റെ നിർവ്വഹണം

കൃഷിവകുപ്പ് സ്കീമിന്റെ നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

ഫണ്ട് കൃഷി ഡയറക്ടർ ജില്ലാ കൃഷി ഓഫീസർക്കും ജില്ലാ കൃഷി ഓഫീസർ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും നൽകുന്നു. പദ്ധതി നടപ്പിലാക്കിയ ശേഷം താഴെപറയും പ്രകാരം സബ്സിഡി ഒറ്റ ഗഡുവായി ഗുണഭോക്താവിന്റെ അക്കൗണ്ട് വഴി നൽകുന്നു.

1. നഴ്സറി സ്ഥാപിക്കുന്നതിന് - 20,000/- ഒരു നഴ്സറിക്ക്
2. താങ്ങുമരം നടുന്നതിന് - 10/- രൂപ ഒരു മരത്തിന്
3. ജൈവകൃഷിക്ക്
   a) ആദ്യവർഷം - 10,000/- രൂപ ഹെക്ടറിന്
   b) രണ്ടാംവർഷം - 10,000/- രൂപ ഹെക്ടരിന്
   c) മൂന്നാം വർഷം - 5000/- രൂപ ഹെക്ടറിന്

## പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ പ്ലാനിംഗ് സെക്ഷനിൽ സ്കീം തയ്യാറാക്കി സർക്കാർ അനുമതി വാങ്ങി നിർവ്വഹണത്തിനായി ജില്ലാ ഓഫീസർ വഴി കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നു. പഞ്ചായത്തുതലത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നു. മോണിറ്ററിംഗ് ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറും, സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടറും നടത്തുന്നു.

## സംഘാടനം

കർഷകർ, ഗ്രൂപ്പുകൾ, കൃഷി ഓഫീസർ

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകുക. അർഹതപെട്ട എല്ലാ കർഷകരേയും സ്കീമിൽ ഉൾപെടുത്തി എന്ന് ഉറപ്പു വരുത്തുക. ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക.

### വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

ഗുണഭോക്താക്കളെ കണ്ടെത്തുക, പദ്ധതി നിർവ്വഹണം ആവശ്യമായ ഉൽപാദനോപാധികളുടെ ലഭ്യത ഉറപ്പാക്കൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

കുരുമുളക് കൃഷിയുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജകടുകളുമായി ഇതിനെ ബന്ധപ്പെടുത്താം. പദ്ധതിരേഖയിൽ പ്രതിപാദിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കി നിർവ്വഹണം ഉറപ്പു വരുത്തണം.

## 20. വയനാട് പാക്കേജ് – വയനാട് ജില്ലയിലെ പച്ചക്കറി വികസന പദ്ധതി

### ലക്ഷ്യങ്ങൾ

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക
- വിദ്യാർത്ഥികളെ പച്ചക്കറി കൃഷിയിലേക്ക് കൊണ്ടുവരിക
- സ്ഥാപനങ്ങളിലെ മട്ടുപ്പാവു കൃഷി പ്രോത്സാഹനം
- ക്ലസ്റ്ററുകളിലെ വാണിജ്യ പച്ചക്കറി കൃഷി പ്രോത്സാഹനം
- പച്ചക്കറിയിൽ ഹൈടെക് കൃഷി രീതി പ്രോത്സാഹനം

### ഗുണഭോക്താക്കൾ

വയനാട് ജില്ലയിലെ കർഷകർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, ഹൗസിംഗ് കോളനികൾ ഇവരെല്ലാം പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

### സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലും ചേർന്നാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. വാണിജ്യ പച്ചക്കറി കൃഷി, ഓപ്പൺ പ്രിസിഷൻ ഫാമിംഗ്, സംരക്ഷിത കൃഷി, സംഘ മൈത്രി ശാക്തീകരണം, പരിശീ

ലനം, പഠനയാത്രകൾ എന്നിവ കൃഷി വകുപ്പ് ചെയ്യുമ്പോൾ, നഴ്സറി നിർമ്മാണം, മാർക്കറ്റ് സഹായങ്ങൾ, താങ്ങുവില സഹായം, റീട്ടെയിൽ ഔട്ട്ലെറ്റുകൾ (മാർക്കറ്റിംഗ് ശൃംഖല) എന്നീ ഘടകങ്ങൾ VFPCK ചെയ്യും.

## ഫണ്ടിംഗ്

പദ്ധതിയുടെ ഫണ്ടിംഗ് സംസ്ഥാന ഗവൺമെന്റ് (കൃഷി വകുപ്പ്) ആണ്. ആകെ 329.25 ലക്ഷം രൂപ വകയിരുത്തിയതിൽ 226.25 ലക്ഷം കൃഷി വകുപ്പിനും 103.00 ലക്ഷം VFPCK ക്കും നൽകും. 2401-00-800-27 എന്ന കണക്കു ശീർഷകത്തിലാണ് തുക വകകൊള്ളിച്ചിട്ടുള്ളത്.

## പ്രവർത്തനങ്ങൾ

കൃഷി ഡയറക്ടറേറ്റിൽ നിന്നും സമർപ്പിച്ച കരടു പദ്ധതിക്ക് ഗവൺമെന്റ് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള തുകയും നിർദ്ദേശങ്ങളും കൃഷി ഡയറക്ടറേറ്റിൽ നിന്നും നൽകി കഴിഞ്ഞു. പദ്ധതി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ മോണിറ്ററിംഗ് നടത്തും.

## സംഘാടനം

ഗ്രാമപഞ്ചായത്തുതലത്തിൽ ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ പദ്ധതി നടപ്പാക്കും. പദ്ധതിക്കു വേണ്ട പശ്ചാത്തല സൗകര്യമൊരുക്കുന്നതിന്റെ ചുമതല (നഴ്സറികൾ, മാർക്കറ്റിംഗ് ശൃംഖലകൾ, താങ്ങുവില സമ്പ്രദായം) VFPCK ക്കാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതു മുതൽ നിർവ്വഹണത്തിന്റെ എല്ലാ ഘട്ടത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടൽ അനിവാര്യമാണ്. പ്രത്യേകിച്ച് പദ്ധതിയെക്കുറിച്ചുള്ള അവബോധം നൽകൽ, യോഗം വിളിച്ചു ചേർക്കൽ മുതലായ കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ ഏറ്റവും അവശ്യം തന്നെയാണ്.

## വകുപ്പിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പദ്ധതി വിശദീകരണം നടത്തേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ടി യോഗത്തിൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അവശ്യം വേണ്ടതായ തീരുമാനങ്ങൾ എടുപ്പിക്കണം. ഗ്രാമസഭയിലും പദ്ധതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കണം. വകുപ്പുതല യോഗത്തിൽ പദ്ധതിയുടെ അവലോകനം നടത്തണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും പ്രത്യേകമായി ഒരു ജില്ലയിൽ നടപ്പാക്കുന്നതിനാൽ സാമ്പത്തിക സംയോജനം അപ്രായോഗികമാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് കൃഷി പ്രോജക്ടുകളുമായി ഇതിനെ സംയോജിപ്പിക്കാം.

## 21. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

### ലക്ഷ്യങ്ങൾ

സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് 42.5 കോടി രൂപയുടെ ബൃഹത്തായ ഒരു പദ്ധതിക്ക് കൃഷി വകുപ്പ് രൂപം നൽകിയിരിക്കുകയാണ്. ബ്ലോക്കുകൾ കേന്ദ്രമാക്കിയുള്ള ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നു. ക്ലസ്റ്ററുകളിൽ വേണ്ടുന്ന സാങ്കേതിക വിപണന സൗകര്യങ്ങൾ നൽകി വിപുലമായ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനാവശ്യമായ പരിശീലനവും പ്രചരണവും അതാതു സമയത്ത് കർഷകർക്ക് നൽകുന്നതാണ്.

നമ്മുടെ ഭക്ഷ്യാവശ്യത്തിന്റെ 20% മാത്രമാണ് നമ്മുടെ സംസ്ഥാനത്തുൽപാദിപ്പിക്കുന്നത്. നമ്മുടെ ജീവിതച്ചിലവിൽ പച്ചക്കറിക്കായുള്ള ചെലവ് ഒരു പരിധി വരെ പിടിച്ചു നിർത്തുക, വിഷമയമില്ലാത്ത പച്ചക്കറികൾ ഉപയോഗിക്കുക, ക്രമേണ സംസ്ഥാനത്ത് പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ

ധാരാളം പറമ്പുകളുള്ള കൃഷിക്കാരേയും സ്ഥല ദൗർലഭ്യമുള്ള ഗൃഹസ്ഥരേയും ഒരു പോലെ പച്ചക്കറി കൃഷിയ്ക്ക് പ്രേരിപ്പിക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി ലഭിക്കാവുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നുണ്ട്. പത്രമാധ്യമങ്ങൾ, വിദ്യാലയങ്ങൾ എന്നിവ വഴി കേരളത്തിലെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, റസിഡൻസ് അസോസിയേഷനുകൾ മറ്റു കൂട്ടായ്മകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നു.

### ഗുണഭോക്താക്കൾ

സ്ഥല സൗകര്യവും താല്പര്യവുമുള്ള സ്കൂളുകളെ തിരഞ്ഞെടുത്ത് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക. വലിയ തോതിൽ പച്ചക്കറി കൃഷി നടത്താൻ സൗകര്യമില്ലാത്ത നഗരങ്ങളിലെ ജനങ്ങളെയും പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി അർബൻ ക്ലാസറ്ററുകൾക്ക് രൂപം നൽകുക എന്നതിനായി സംസ്ഥാനത്തെ എല്ലാ മുനിസിപ്പാ

ലിറ്റികളും തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകളും ഇതു കൂടാതെ സ്കൂൾ വിദ്യാർത്ഥികളും വീട്ടമ്മമാരും, സ്ഥലസൗകര്യമുള്ള സർക്കാർ സർക്കാരിതര സ്ഥാപനങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കാളാണ്. കൂടാതെ ക്ലസ്റ്റുകൾ കേന്ദ്രമാക്കി കൃഷി ചെയ്യുന്ന കർഷകരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റേറ്റ് ഹോൾട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ, സംസ്ഥാന വിത്തു വിതരണ അതോറിറ്റി, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക, ഗ്രാമപഞ്ചായത്തു തലത്തിൽ കൃഷി ഓഫീസർ, മുനിസിപ്പൽ തലത്തിൽ കൃഷി ഫീൽഡ് ഓഫീസർ, ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരാണ് നിർവ്വഹണ ഉദ്യോഗസ്ഥർ.

## ഫണ്ടിംഗ്

സംസ്ഥാനാവിഷ്കൃത ഫണ്ടാണ് പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കുന്നത്. കൃഷി ഡയറക്ടറേറ്റിൽ നിന്നും ജില്ലകൾക്കും വിവിധ ഏജൻസികൾക്കും പല ഗഡുക്കളായി അലോട്ട്മെന്റ് നൽകും.

## സംഘാടനം

പദ്ധതി നടപ്പാക്കുന്നത് തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ കൃഷി ഭവന്റെ നേതൃത്വത്തിലാണ്. കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ, സംസ്ഥാന വിത്തു വിതരണ അതോറിറ്റി, കുടുംബശ്രി യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയും സംഘാടനത്തിൽ ഉൾപ്പെടുന്നുണ്ട്.

152 ബ്ലോക്കുകളിലും 60 മുനിസിപ്പാലിറ്റികളിലും 2 നഗര സഭകളിലും അഗ്രോ സർവ്വീസ് കാൾ സെന്ററുകൾ സ്ഥാപിക്കാനും പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇവിടെ VHSC യോഗ്യതയുള്ളവരുടെ സഹായത്തോടെ ജില്ലാ അർബൻ ക്ലസ്റ്ററുകളിൽ കൃഷിക്കാർക്ക് സമയാസമയങ്ങളിൽ വേണ്ടുന്ന ഉപദേശങ്ങളും പരിശീലനങ്ങളും കാർഷിക സഹായങ്ങളും ലഭ്യമാക്കുന്നതാണ്. ഈ സെന്ററുകളിൽ ഫോൺ മുഖേന കൃഷിക്കാർക്ക് ബന്ധപ്പെടുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുന്നതാണ്.

പദ്ധതി, വിവിധ തലങ്ങളിൽ മോണിറ്ററിംഗ് നടത്തുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. CMD യെയാണ് ടി ചുമതല ഏൽപിച്ചിട്ടുള്ളത്. കൂടാതെ വിവിധ തലങ്ങളിലുള്ള ഡോക്യുമെന്റേഷനും മോണിറ്ററിംഗും ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ചുമതല ബ്ലോക്കുതല, ജില്ലാതല, സംസ്ഥാനതല ഉദ്യോഗസ്ഥർക്കാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, പദ്ധതിയെകുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷൻ എന്നിവയെ ഏകോപിപ്പിക്കൽ, മാർക്കറ്റിംഗ് ശൃംഖലക്കു വേണ്ട സഹായം നൽകൽ, സ്ഥാപന ങ്ങളെ ഗുണഭോക്താക്കളാക്കൽ എന്നിവ ചെയ്യാവുന്നതാണ്.

## വകുപ്പിന്റെ പങ്ക്

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കൽ മുതൽ നിർവ്വഹണം പദ്ധതി പൂർത്തീ കരണം വരെ എല്ലാ ഘട്ടങ്ങളിലും വകുപ്പിന്റെ പങ്ക് സജീവമായിരിക്കും.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സാമ്പത്തിക സംയോജനം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലെങ്കിലും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളുടെ സജീവ സഹകരണം ലഭ്യമാക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഉൽപാദനമേഖല കൃഷി പ്രോജക്ടു കളുമായി ഇതിനെ ഏകോപിപ്പിക്കാം.

# 22. പച്ചക്കറി കൃഷിയിൻ കീഴിൽ അവാർഡുകൾ പഠന യാത്ര കൾ എന്നിവയ്ക്കുള്ള പദ്ധതി

## ലക്ഷ്യങ്ങൾ

പച്ചക്കറിയുൽപാദനം വർദ്ധിപ്പിക്കുക വഴി ഭക്ഷ്യ സുരക്ഷ നേടുന്നതിലേയ്ക്ക് ജനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പച്ചക്കറി കൃഷിക്കാ യുള്ള അവാർഡുകളും പഠനയാത്രകളും നടപ്പു വർഷത്തിൽ സംഘടിപ്പിക്കുന്നത്. ടി പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- വിവിധ പ്രദേശങ്ങളിലെ പച്ചക്കറി കൃഷിയിൽ മത്സരബുദ്ധി വളർത്തി ഏറ്റവും അധികം ഉൽപാദനം കൈവരിക്കുക
- സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കൃഷി സ്ഥലങ്ങൾ സന്ദർശിക്കുവാനവ സരം നൽകി അവിടത്തെ നല്ല കൃഷി പരിചരണ മുറകൾ സ്വന്തം സ്ഥലത്ത് പ്രായോഗികമായി നടത്തി ഉൽപാദന വർദ്ധനവുണ്ടാക്കുക.

## ഗുണഭോക്താക്കൾ

പച്ചക്കറി കൃഷിയിൽ ഏറ്റവും നല്ല പ്രകടനം കാഴ്ചവെക്കുന്ന താഴെ പറയുന്ന വർ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി ഗുണഭോക്താക്കളെ ജില്ലാതല ത്തിലും സംസ്ഥാനതലത്തിലും തിരഞ്ഞെടുക്കും.

- ഏറ്റവും നല്ല വിദ്യാലയം
- ഏറ്റവും നല്ല മേധാവി
- ഏറ്റവും നല്ല വിദ്യാർത്ഥി/വിദ്യാർത്ഥിനി
- ഏറ്റവും നല്ല അദ്ധ്യാപകൻ/അദ്ധ്യാപിക
- ഏറ്റവും നല്ല കൃഷി അസിസ്റ്റന്റ് ഡയറക്ടർ
- ഏറ്റവും നല്ല കൃഷി ഓഫീസർ
- ഏറ്റവും നല്ല കൃഷി അസിസ്റ്റന്റ്
- ഏറ്റവും നല്ല ക്ലസ്റ്റർ
- ഏറ്റവും നല്ല പൊതു സ്ഥാപനം
- ഏറ്റവും നല്ല സ്വകാര്യ സ്ഥാപനം

ഒന്നും രണ്ടും മൂന്നും സ്ഥാപനത്തിലേയ്ക്കുള്ള അവാർഡ് ജേതാക്കൾക്ക് സംസ്ഥാനത്തിനു പുറത്തും അകത്തും പഠനയാത്രകൾ സംഘടിപ്പിക്കും.

## സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവ സംയുക്തമായാണ് പദ്ധതി നിർവ്വഹണം നടത്തുക. ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഓരോ കമ്മിറ്റി രൂപീകരിക്കും. ടി കമ്മിറ്റികളാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുക.

## ഫണ്ടിംഗ്

ധനസഹായത്തുക കൃഷി ഡയറക്ടറേറ്റിൽ നിന്നും വിവിധ ജില്ലകൾക്ക് നൽകും. ധനവിനിയോഗത്തിനുള്ള നിർദ്ദേശങ്ങളും ജില്ലകൾക്ക് നൽകും.

## പ്രവർത്തനങ്ങൾ

ജില്ലാതല അവാർഡിനർഹരായ അപേക്ഷകരിൽ നിന്നും അവാർഡ് ജേതാക്കളെ ജില്ലാതല കമ്മിറ്റി തിരഞ്ഞെടുക്കും. ജില്ലാതല ജേതാക്കളിൽ നിന്നും സംസ്ഥാനതല ജേതാക്കളെ സംസ്ഥാനതല അവാർഡ് കമ്മിറ്റി തിരഞ്ഞെടുക്കും.

## സംഘാടനം

കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കാർഷിക സർവ്വകാലശാല എന്നിവ സംയുക്തമായാണ് പദ്ധതിയുടെ സംഘാടനം നടത്തുക

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ. ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കൽ. സ്കീമിനെക്കുറിച്ച് ഗ്രാമസഭകളിൽ ചെന്നറിയിക്കൽ

### വകുപ്പിന്റെ പങ്ക്

കൃഷി വകുപ്പിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ടി പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യാനുള്ള ചുമതല ബന്ധപ്പെട്ട കൃഷി ഉദ്യാഗസ്ഥനാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സാമ്പത്തിക സംയോജനം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലെങ്കിലും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളുടെ സജീവ സഹകരണം ലഭ്യമാക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.പദ്ധതിരേഖയിൽ പ്രതിപാദിക്കുക.

## 23. ശാസ്ത്രീയ മണ്ണുപരിശോധനയും, വിളപരിപാലനവും

### ലക്ഷ്യങ്ങൾ

മണ്ണിന്റെ അമ്ലക്ഷാരാവസ്ഥ, പോഷകമൂലകങ്ങളുടെ തോത്, ലയിച്ചുചേർന്നിട്ടുള്ള ലവണങ്ങളുടെ അളവ് തുടങ്ങിയവ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഓരോ കാർഷികവിളകൾക്കുള്ള സംയോജിത വളപ്രയോഗ ശുപാർശ കർഷകർക്കു നൽകുക. കുമ്മായ വസ്തുക്കൾ, വെള്ളം എന്നിവ കൃഷിക്കനുയോജ്യമാണെന്ന് ശാസ്ത്രീയമായി ഉറപ്പുവരുത്തുക

### ഗുണഭോക്താക്കൾ

കർഷകർ, ഗവേഷകർ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. മണ്ണു പരിശോധനയ്ക്കാവശ്യമായ അപേക്ഷകൾ കൃഷിഭവൻ മുഖാന്തിരമോ, നേരിട്ടോ മണ്ണുപരിശോധനാ ലാബിൽ എത്തിയ്ക്കേണ്ടതാണ്..

**വകുപ്പ്:** കൃഷി വകുപ്പ്

### നിർവ്വഹണ ഉദ്യോഗസ്ഥൻ

അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്

## ഫണ്ടിംഗ്

അംഗീകൃത പദ്ധതികൾക്കുള്ള ഫണ്ട് കൃഷി ഡയറക്ടർ, ചീഫ് സോയിൽ കെമിസ്റ്റ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖാന്തിരമോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റിന് ഫണ്ട് അലോട്ട്മെന്റ് നൽകിവരുന്നു. മറ്റു ദൈനംദിന ചെലവുകൾക്കാവശ്യമായ ഫണ്ട് ജില്ലാപഞ്ചായത്ത് ലഭ്യമാക്കുന്നു. സ്കീമിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് ഫണ്ട് അലോട്ട്മെന്റ് നൽകുന്നു.

## പ്രവർത്തനങ്ങൾ

സ്കീം തയ്യാറാക്കൽ - കൃഷി ഡയറക്ടർ

അനുമതി നൽകൽ- സംസ്ഥാന സർക്കാർ വർക്കിംഗ് കമ്മിറ്റി മുഖാന്തിരം

## നിർവ്വഹണം

അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ

## മോണിറ്ററിംഗ്

കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്),

പ്രിൻസിപ്പൽ കൃഷി ഓഫീസർ,

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്)

## സംഘാടനം

കർഷകർ, പാടശേഖരസമിതികൾ, കേരസമിതികൾ, ഉദ്യോഗസ്ഥർ

## തദ്ദേശ സ്ഥാപനത്തിന്റെ പങ്ക്

മണ്ണുപരിശോധനയുമായി ബന്ധപ്പെട്ടു നടപ്പിലാക്കുന്ന കാമ്പയിനുകൾ, പ്രദർശനത്തോട്ടം സജ്ജമാക്കൽ, പരിശീലന പരിപാടികൾ, ബന്ധപ്പെട്ട യോഗങ്ങൾ വിളിച്ചുചേർക്കൽ എന്നിവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണം, സാമ്പത്തിക സഹായം ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സ്കീമുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഏകോപിപ്പിക്കുന്നതിനായി അതാത് തദ്ദേശസ്ഥാപനത്തിന്റെ യോഗങ്ങളിൽ ബന്ധപ്പെട്ട കൃഷി ഓഫീസർമാർ പങ്കെടുക്കുകയും, ആയതിന്റെ ഏകോപനം ജില്ലാതല അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാർ (മൊബൈൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുൾപ്പെടെ) നിർവ്വഹിക്കേണ്ടതുമാണ്.

## തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

മണ്ണു സാമ്പിൾ ശേഖരണം, മണ്ണുപരിശോധന, അതിന്റെ പ്രാധാന്യം എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, ട്രെയിനിംഗ് കാമ്പയിനുകൾ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കുകയും, ഫണ്ടിംഗും തദ്ദേശസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കണം. മണ്ണുപരിശോധനയും, അതിൻ പ്രകാരമുള്ള വളപ്രയോഗ ശുപാർശയും കൃഷി വകുപ്പിന്റെ ചെലവിൽ നടപ്പിലാക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റ് പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം

# 24. ഗുണനിലവാരമുള്ള വിത്തുതേങ്ങ സംഭരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കൽ

### ലക്ഷ്യങ്ങൾ

തെങ്ങുകൃഷി പ്രോത്സാഹനം

### ഗുണഭോക്താവ്

രോഗബാധിതമായ പ്രദേശത്തേക്ക് ആരോഗ്യമുള്ള തൈകൾ വിതരണം നടത്തുന്നതിന്

### സ്കീമിന്റെ നിർവ്വഹണം

വകുപ്പ് - കൃഷി വകുപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി വകുപ്പ് ഉദ്യോഗസ്ഥർ

### ഫണ്ടിംഗ്

സംസ്ഥാന ഫണ്ട് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കു നൽകി, അവർ കൃഷിക്കാരിൽ നിന്ന് വിത്തുതേങ്ങ സംഭരിക്കുന്നു.

### പ്രവർത്തനങ്ങൾ

കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, രോഗബാധിതമായ സ്ഥലത്തു നിന്ന് അത്യുൽപ്പാദനശേഷിയുള്ള രോഗബാധിതമല്ലാത്ത തെങ്ങുകൾ കണ്ടുപിടിച്ച്, വിത്തുതേങ്ങ സംഭരിക്കുന്നു. അവ ഫാമുകളിൽ നട്ടു തൈകളാക്കി കൃഷിക്കാർക്ക് വിതരണം നടത്തുന്നു.

### സംഘാടനം

വിത്തുതേങ്ങകൾ കൃഷിഭവൻ തലത്തിൽ ശേഖരിക്കുന്നു, ഫാമുകളിലെത്തിക്കുന്നു, തിരിച്ച് കൃഷിഭവൻ മുഖേന വിതരണം നടത്തുന്നു.

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

ഫാമുകളിലേക്ക് നഴ്സറിക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കാവുന്നതാണ്.

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

തെങ്ങിൻ തൈ വിതരണം നടത്തുന്നതിന് ഗ്രാമസഭകളിലൂടെ അറിയിക്കാം.

### തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

നഴ്സറി നടത്തിപ്പിനും, വിതരണത്തിനും ആവശ്യമായ സൗകര്യങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് ഒരുക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് കൃഷി പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടണ്ട കാര്യങ്ങൾ

ഉദ്യോഗസ്ഥരുടെ തുടർ അവലോകനം.

## 25. സങ്കരയിനം തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനു വേണ്ടി കുറിയ ഇനം തൈകൾ നട്ടുപിടിപ്പിക്കൽ

### ലക്ഷ്യങ്ങൾ

സങ്കരയിനം തെങ്ങിൻ തൈകളുടെ വർദ്ധിച്ച ഉൽപ്പാദനം

### ഗുണഭോക്താക്കൾ

തെങ്ങു കൃഷിക്കാർ

### സ്കീമിന്റെ നിർവ്വഹണം

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ

### ഫണ്ടിംഗ്

സംസ്ഥാന ഫണ്ട് കൃഷി വകുപ്പ് ഡയറക്ടർ മുഖേന

### പ്രവർത്തനങ്ങൾ

കുറിയ ഇനം തൈകൾ സംഭരിച്ച് സർക്കാർ ഫാമുകളിൽ നട്ടുപിടിപ്പിച്ച് പ്രോജനി ഓർച്ചാർഡ് ഉണ്ടാക്കിയിരിക്കുന്നു.

### സംഘാടനം

കൃഷി വകുപ്പ് ഉദ്യോഗസ്ഥർ

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി സങ്കരയിനം തെങ്ങിൻ തൈകളെക്കുറിച്ച് വിവരം നൽകാം. അവ എവിടെ നിന്നും ലഭ്യമാകും എന്നും അറിയിക്കാം.

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പ്രോജനി ഓർച്ചാർഡിന്റെ നടത്തിപ്പ്

### തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തോട്ടത്തിന്റെ ശാസ്ത്രീയമായ പരിചരണ മുറകൾക്കാവശ്യമായ വളം, കീടനാശിനി മുതലായവ ലഭ്യമാക്കാം.

### പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടണ്ട കാര്യങ്ങൾ

പൂർണ്ണമായും ശാസ്ത്രീയമായി അറിവുള്ള ഉദ്യോഗസ്ഥർ മാത്രം കൈകാര്യം ചെയ്യേണ്ടണ്ട പദ്ധതിയാണ്.

## 26. കൃഷി സാധനങ്ങളുടെ ഗ്രേഡിംഗും ഗുണനിലവാര നിയന്ത്രണവും

### ലക്ഷ്യങ്ങൾ

- ഫാം പ്രൊഡ്യൂസിന്റെ ഗുണനിലവാരം ഉറപ്പാക്കൽ
- സംസ്ഥാന അഗ്മാർക്ക് ലാബ് വഴി ഉൽപന്നങ്ങളുടെ ഗ്രേഡിംഗ് നടത്തൽ
- ഗുണനിലവാരമുള്ള ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക
- അഗ്മാർക്ക് സർട്ടിഫിക്കറ്റിനെക്കുറിച്ച് അവബോധം വളർത്തുക.

### ഗുണഭോക്താക്കൾ

കൃഷിക്കാരും, കയറ്റി അയക്കുന്നവരും

## സ്കീമിന്റെ നിർവ്വഹണം

പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ മാർക്കറ്റിംഗ് അസിസ്റ്റന്റ് ഡയറക്ടർ വഴിയും അഗ്മാർക്ക് ലാബിന്റെ സീനിയർ കൃഷി ഓഫീസർ വഴിയും നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്

### പ്രവർത്തനങ്ങൾ

ഗ്രേഡിംഗ്, പാക്കിംഗ്, ട്രെയിനിംഗ്, പ്രദർശനങ്ങൾ, അഗ്മാർക്ക് സർട്ടിഫിക്കേഷൻ മുതലായവ

### കോ-ഓർഡിനേഷൻ

അഗ്മാർക്ക് ലാബ്

## വകുപ്പിന്റെ പങ്ക്

ഫണ്ടിംഗും സൂപ്പർവിഷനും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അഗ്മാർക്ക് സർട്ടിഫിക്കേഷനെ ക്കുറിച്ച് അവബോധം നൽകൽ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

അഗ്മാർക്ക് സർട്ടിഫിക്കേഷനേയും ഗ്രേഡിംഗിനേയും കുറിച്ച് അവബോധം നൽകുക.

## 27. നടീൽ വസ്തുക്കളുടെ ഉൽപാദനം കൂട്ടൽ

### ലക്ഷ്യങ്ങൾ

കർഷകന് ഗുണനിലവാരമുള്ള വിത്തുകളും നടീൽ വസ്തുക്കളും കൃഷിഭവൻ വഴിയുള്ള വിതരണവും, ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കൽ.

### ഗുണഭോക്താക്കൾ

കേരളത്തിലെ കർഷകരാണ് ഗുണഭോക്താക്കൾ. കൃഷിഭവൻ വഴി അപേക്ഷ വാങ്ങി പരിശോധിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നു.

## സ്കീമിന്റെ നിർവ്വഹണം

കൃഷിവകുപ്പ്. ജില്ലാപഞ്ചായത്തിന്റെ കാര്യങ്ങൾ സീനിയർ കൃഷി ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

## ഫണ്ടിംഗ്

സംസ്ഥാന ഫണ്ട്. കൃഷി ഡയറക്ടർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക്/സീനിയർ കൃഷി ഓഫീസർക്ക് നൽകുന്നു. ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് സീനിയർ കൃഷി ഓഫീസർക്ക് നിർവ്വഹണത്തിനായി നൽകുന്നു.

## നിർവ്വഹണം

ജില്ലാപഞ്ചായത്തിന്റെ സ്കീം ജില്ലാ പഞ്ചായത്തിന് സബ്മിറ്റു ചെയ്യുകയും അനുമതി ലഭ്യമാക്കി സീനിയർ കൃഷി ഓഫീസർ വഴി നിർവ്വഹണം നടത്തുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ


വിത്തുകളും നടീൽ വസ്തുക്കളും ഫാമിൽ ഉൽപാദിപ്പിക്കേണ്ട ചുമതല ഫാം ഓഫീസർ വഴിയാണ്. ആയതിന്റെ മേണിറ്ററിംഗ് നടത്തേണ്ടത് കൺട്രോളിംഗ് ഓഫീസറായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ആണ്.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

സീനിയർ കൃഷി ഓഫീസർ സബ്മിറ്റ് ചെയ്യുന്ന സ്കീമുകൾ സ്റ്റാന്റിംഗ് കമ്മിറ്റി വഴി ജില്ലാ പഞ്ചായത്ത് അംഗീകരിക്കുന്നു. ത്രിതല പഞ്ചായത്തുകളുടെ വിവിധ കൃഷി പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

# III.

# മണ്ണുസംരക്ഷണ –
# മണ്ണുപര്യവേഷണ വകുപ്പ്



## ആമുഖം

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന രാസ ഭൗതീക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആപ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും വിവിധ മണ്ണുജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്.

വിവിധ മണ്ണുപര്യവേഷണ സംരക്ഷണ ക്ഷേമ പദ്ധതികളാണ് ഈ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നത്.

1. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ
2. വിവിധ മണ്ണുപര്യവേഷണ പദ്ധതികൾ

   a) മണ്ണിന്റെ ഫലഭൂയിഷ്ഠത നിർണ്ണയിക്കുന്നതിനുള്ള പരിശോധനകൾ

b) സോയിൽ ഹെൽത്ത് കാർഡ് വിതരണം

c) സോയിൽ ബേസ്ഡ് അഗ്രോ ടെക്നോളജി ട്രാൻഫർ സെൽ

d) ജിയോമാറ്റിക്സ് ലാബ്

e) ജി.ഐ.എസ്സിൽ പരിശീലനം

f) റിമോട്ട് സെൻസിങ്ങിൽ സർട്ടിഫിക്കറ്റ് കോഴ്സ്

g) സോയിൽ മ്യൂസിയം

h) കൺസൾട്ടൻസി സെൽ

3. ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതി

4. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുജലസംരക്ഷണം

5. നീർത്തടാധിഷ്ഠിത പദ്ധതികൾക്കുള്ള സാങ്കേതിക സഹായം

6. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് - കേരള, (IWDMK) ചടയമംഗലം, വിവിധ പരിശീലന പരിപാടികളും നീർത്തടാധിഷ്ഠിത വികസനത്തിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തി വരുന്നു.

7. പഞ്ചായത്തുതല ഡിജിറ്റൽ ഭൂവിഭവ വിവരം ലഭ്യമാക്കൽ

നീർത്തടാടിസ്ഥാനത്തിൽ സുസ്ഥിര വികസനം ലക്ഷ്യമാക്കി ഭൂവിഭവ സമാഹരണത്തിനും മണ്ണിന്റെ ആരോഗ്യപരിപാലനത്തിനും മറ്റു വികസന പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്.

## 1. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള മണ്ണ് ജല സംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്)

### ലക്ഷ്യങ്ങൾ

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയ്ക്ക് ഊന്നൽ നൽകി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി കൃഷിയും അനുബന്ധ മേഖലകളും പരിപോഷിപ്പിക്കുക, മണ്ണൊലിപ്പ് തടഞ്ഞും, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയും, ജല ലഭ്യതയും മണ്ണിന്റെ ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, കർഷകരുടെ ജീവിത നിലവാരം ഉയർത്തുക, തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക.

### ഗുണഭോക്താവ്

നബാർഡിനും സർക്കാരിനും സമർപ്പിച്ച് അംഗീകാരം ലഭിച്ച വാട്ടർഷെഡിൽ സ്വന്തമായി ഭൂമിയുള്ള എല്ലാ കർഷകരും

## സ്കീമിന്റെ നിർവ്വഹണം

മണ്ണുപര്യവേഷണ - സംരക്ഷണ വകുപ്പ്. നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ

## ഫണ്ടിംഗ്

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

കൃഷി ഭൂമിയിലെ പദ്ധതി പണികളുടെ ചെലവിന്റെ 10% ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്. പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ ചെലവിന്റെ 5% വഹിച്ചാൽ മതിയാകും. പൊതു പ്രവർത്തനങ്ങൾക്ക് 5% ഗുണഭോക്തൃവിഹിതവുമാണ് നൽകേണ്ടത്. ഗുണഭോക്താക്കൾക്ക് പദ്ധതി പ്രദേശത്ത് സ്ഥലം കൈവശം ഉണ്ടായിരിക്കേണ്ടതാണ്. ഗുണഭോക്തൃഭൂമിയിൽ ഡിപ്പാർട്ട്മെന്റ് നിഷ്കർഷിക്കുന്ന അളവിലും നിരക്കിലും മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും മറ്റു നിർദ്ദിഷ്ട പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്കുള്ള ആനുപാതിക തുക ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ മേലൊപ്പിട്ട് മണ്ണുസംരക്ഷണ ഓഫീസർ വഴി ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി ഗുണഭോക്താക്കൾക്കും പൊതു പ്രവർത്തികളുടെ തുക ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്കും നൽകുന്നതാണ്.

## പ്രവർത്തനങ്ങൾ

മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റവും അത്യാവശ്യമായ പ്രദേശങ്ങളുടെ മുൻഗണനാ പട്ടികയിൽ നിന്ന് തെരഞ്ഞെടുക്കുന്ന നീർത്തടത്തിൽ സ്ഥലത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ അതാത് മണ്ണുസംരക്ഷണ ഓഫീസറുടെ കീഴിലുള്ള ഓവർസീയർ യൂണിറ്റ് അംഗങ്ങൾ സ്ഥലം പരിശോധിച്ച് തയ്യാറാക്കുന്നു. ടി പ്രദേശത്തെ ജനപ്രതിനിധികളുടേയും തദ്ദേശവാസികളുടേയും സഹകരണത്തോടുകൂടി ടി പ്രദേശത്തിന്റെ പ്രശ്നങ്ങൾ തിരിച്ചറിയുകയും അനുയോജ്യമായ പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് റിപ്പോർട്ട് ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ വഴി മണ്ണുപര്യവേഷണ-സംരക്ഷണ ഡയറക്ടർക്ക് സമർപ്പിക്കുന്നു.

പ്രോജക്ടിന് സർക്കാരിന്റെ ഭരണാനുമതിയും ഡയറക്ടറുടെ സാങ്കേതികാനുമതിയും ലഭിച്ചശേഷം പദ്ധതി പ്രദേശത്തുള്ള ബന്ധപ്പെട്ട എം. പി, എം.എൽ.എ അടക്കമുള്ള എല്ലാ ജനപ്രതിനിധികളെയും ഗുണഭോക്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ഉദ്ഘാടനവും ഗുണഭോക്തൃസമിതി രൂപീകരണവും നടത്തുന്നു. പദ്ധതി അവബോധത്തിനായി കർഷകർക്കായി ബോധവൽക്കരണ ക്യാമ്പുകളും പരിശീലന പരിപാടികളും വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നു. ഗുണഭോക്താക്കൾ അപേക്ഷ, കൈവശ സർട്ടിഫിക്കറ്റ്/നികുതി രശീതി, ഐഡന്റിറ്റി കാർഡിന്റെ സാക്ഷ്യപ്പെടു

ത്തിയ പകർപ്പ് എന്നിവ സഹിതം ഫീൽഡ്തല ഉദ്യോഗസ്ഥർക്ക് നൽകുകയും ഫീൽഡ്തല ഉദ്യോഗസ്ഥർ ഗുണഭോക്താക്കളുമായി ചർച്ച ചെയ്ത് അവരുടെ സ്ഥലത്ത് ആവശ്യവുമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ശുപാർശ സഹിതം മണ്ണുസംരക്ഷണ ഓഫീസിലെ പരിശോധനക്കുശേഷം ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ പ്രവർത്തനാനുമതി നൽകുകയും ആയത് ഡിപ്പാർമെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മുകൾഭാഗം മുതൽ താഴോട്ട് എന്ന ക്രമത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കി, പൂർത്തീകരിച്ച പണികൾ ഓവർസീയർ അളന്നുതിട്ടപ്പെടുത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം മണ്ണുസംരക്ഷണ ഓഫീസർമാർ ചെക്ക് മെഷർമെന്റ് നടത്തുകയും ചെയ്യുന്നു. ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഫീൽഡ്തല സന്ദർശനം നടത്തുന്നു.

## സംഘാടനം

കാർഷിക ഭൂമിയിലെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഗുണഭോക്താക്കൾക്ക് സ്വന്തമായോ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ മുഖേനയോ നടപ്പാക്കാവുന്നതാണ്. എന്നാൽ പദ്ധതി പ്രദേശത്തെ പൊതുപ്രവർത്തനങ്ങൾ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കുന്നതും ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, മണ്ണുസംരക്ഷണ ഓഫീസർ എന്നിവർ ഫീൽഡ്തല സന്ദർശനം നടത്തി പരിശോധിച്ച് ആയതിന്റെ തുക ഗവൺമെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കൺവീനർക്ക് നൽകുന്നതുമാണ്.

## നിർവ്വഹണ ഉദ്യോഗസ്ഥൻ

ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, മണ്ണു സംരക്ഷണ ഓഫീസർ, ഫീൽഡ് തല ഉദ്യോഗസ്ഥർ എന്നിവർ മുഖേന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രാരംഭഘട്ടം മുതൽ പ്രവർത്തനകാലയളവിൽ ഉടനീളം തദ്ദേശഭരണ സ്ഥാപനത്തിന്റെ ഇടപെടൽ ഉറപ്പാക്കിയാണ് ഇത് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വകുപ്പ് തല ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും കൂടി സഹകരിപ്പിച്ചുകൊണ്ട് ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം എന്ന കാഴ്ചപ്പാടോടെയാണ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി എകോപിപ്പിക്കുന്നതിനും ഓരോ പ്രദേശത്തിനും പദ്ധതികളുടെ പരമാവധി ആനുകൂല്യം ലഭ്യമാകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ചകൾ സംഘടിപ്പിക്കേണ്ടതാവശ്യമാണ്. ഇത് സർക്കാർ ഫണ്ടുകൾ ഫലവത്തായി ചെലവഴിക്കുന്നതിനും അനാവശ്യ ചെലവുകൾ കുറക്കുന്നതിനും സഹായിക്കുന്നതോടൊപ്പം സമഗ്ര വികസന കാഴ്ചപ്പാട് എന്ന ലക്ഷ്യത്തിൽ എത്താൻ സഹായകമാകുന്നു.

പദ്ധതി നിർവ്വഹണാനന്തരം പദ്ധതിയിൻ കീഴിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറുകയും ഭാവിയിൽ അവയുടെ പരിപാലനം പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതുമാകുന്നു. ഇത്തരത്തിൽ ഒരു തീരുമാനം ഗ്രാമ പഞ്ചായത്ത് തലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി കൈക്കൊള്ളുകയും ചെയ്യുന്നു. ഇതോടൊപ്പം ജില്ലാതലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ നബാർഡിന്റെ അവലോകനയോഗം നടത്തുകയും നബാർഡ് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു.

## 2. ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതി

### ലക്ഷ്യം

സംസ്ഥാനത്ത് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ സംഭവിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായി മണ്ണുജല സംരക്ഷണ മാർക്ഷങ്ങൾ അവലംബിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### ഗുണഭോക്താവ്

ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളിലുള്ള തദ്ദേശവാസികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാണ്.

### സ്കീമിന്റെ നിർവ്വഹണം

മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പു മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ മണ്ണുസംരക്ഷണ ഓഫീസർക്കാണ് നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത്. ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന വിവിധ മണ്ണുസംരക്ഷണ ഓഫീസുകൾ പദ്ധതി നിർവ്വഹണത്തിൽ പ്രധാന പങ്കു വഹിക്കുന്നു.

### ഫണ്ടിംഗ്

സംസ്ഥാന മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ ഡയറക്ടർ വഴി ലഭ്യമാക്കുന്ന തുക ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ വഴി മണ്ണു സംരക്ഷണ ഓഫീസ് മുഖേന കർഷകർക്ക് ലഭ്യമാക്കുന്നു. പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കുന്ന എല്ലാ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കും 100% തുക സബ്സിഡിയായി നൽകപ്പെടുന്നു.

### പ്രവർത്തനങ്ങൾ

ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങൾ സന്ദർശിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങി ഗുണഭോക്താക്കൾ മുഖേനയോ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയോ പ്രവർത്തനങ്ങൾ സുതാര്യമായി നടപ്പിലാ

ക്കുന്നു. സ്കീമിന്റെ മോണിറ്ററിംഗ്, വകുപ്പ്തല ഉദ്യോഗസ്ഥർ ചെയ്യുന്നതിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പൂർണ്ണമായ വിധത്തിൽ പദ്ധതിയുടെ പ്രയോജനങ്ങൾ ജനങ്ങളിൽ എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതി നിർവ്വഹണത്തിന്റെ ചുമതല മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പിൽ നിക്ഷിപ്തമാണെങ്കിലും പ്രാരംഭഘട്ടം മുതൽ പ്രവർത്തന കാലയളവിൽ ഉടനീളം തദ്ദേശഭരണ സ്ഥാപനത്തിന്റെ ഇടപെടൽ ഉറപ്പാക്കുന്നു. ആവശ്യഘട്ടങ്ങളിൽ പഞ്ചായത്ത് യോഗങ്ങളിൽ പുരോഗതി ചർച്ച ചെയ്യുകയും പ്രശ്നപരിഹാരം തേടുകയും ചെയ്യുന്നു. പദ്ധതി കാലയളവിൽ ഗുണഭോക്തൃകമ്മിറ്റി യോഗങ്ങൾ തദ്ദേശഭരണ സ്ഥാപന അംഗങ്ങളെ ഉൾപ്പെടുത്തി നടത്തുകയും പൂർണ്ണ പ്രയോജനം ജനങ്ങളിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഉരുൾപൊട്ടൽ സാധ്യതയുടെ പ്രശ്നങ്ങൾ ഗ്രാമസഭയുടെ സഹായത്തോടെ കണ്ടുപിടിച്ച് സ്കീമിൽ ഉൾപ്പെടുത്തുക. ഗ്രാമസഭ വഴി അവബോധം നൽകൽ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ മണ്ണ്-ജലസംരക്ഷണ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം. പ്രവൃത്തികൾ പദ്ധതിരേഖയിൽ പ്രതിപാദിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രവൃത്തികൾ ഗ്രാമസഭകളിൽ ചർച്ചയ്ക്ക് അവലോകനത്തിന് വിധേയമാക്കണം.

# 3. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ്ജല സംരക്ഷണം

## ആമുഖം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല പദ്ധതിയുടേയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല പദ്ധതിയുടേയും ജലസംഭരണിയുമായി ബന്ധപ്പെട്ട വൃഷ്ടിപ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്.

## ലക്ഷ്യം

1. ജലസംഭരണികളുടെ വൃഷ്ടിപ്രദേശത്ത് ഉണ്ടാവുന്ന മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുക

2. ശുദ്ധജല സംഭരണിയിൽ മണ്ണടിയുന്നത് നിയന്ത്രിക്കുക
3. വൃഷ്ടി പ്രദേശത്തെ കാർഷിക വിളകളുടെ ഉൽപാദനക്ഷമത കൂട്ടുക.

## ഗുണഭോക്താവ്

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല പദ്ധതിയുടേയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല പദ്ധതിയുടേയും ജലസംഭരണിയുമായി ബന്ധപ്പെട്ട വൃഷ്ടിപ്രദേശത്തെ എല്ലാ കർഷകർക്കും ഈ സ്കീമിന്റെ ഗുണം ലഭ്യമാണ്. മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പു മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല മണ്ണുസംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർക്കാണ് നൽകിയിട്ടുള്ളത്. മേൽ പറഞ്ഞ സ്കീമിൽ നിയോഗിച്ചിട്ടുള്ള മണ്ണുസംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ അവരുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുസംരക്ഷണ ഓഫീസുകൾ വഴി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ മണ്ണുപര്യവേഷണ-മണ്ണുസംരക്ഷണ ഡയറക്ടർ വഴി ലഭ്യമാക്കുന്ന തുക മണ്ണുസംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ വഴി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. മേൽപ്പറഞ്ഞ പദ്ധതിയിൽ നടപ്പിലാക്കുന്ന എല്ലാ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കും 100% തുക സബ്സിഡിയായി നൽകുന്നു.

## പ്രവർത്തനങ്ങൾ

ശുദ്ധജലസംഭരണികളുടെ വൃഷ്ടിപ്രദേശത്ത് വേണ്ട സർവ്വേകൾ നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ഗവൺമെന്റ് പരിസ്ഥിതി വകുപ്പിൽ നിന്നും അനുവാദം വാങ്ങി മണ്ണുപര്യവേഷണ ഡയറക്ടറുടെ സാങ്കേതിക അനുമതിയോടുകൂടി ഗുണഭോക്താക്കൾ മുഖേനയോ, ഗുണഭോക്തൃകമ്മിറ്റികൾ മുഖേനയോ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു. സ്കീമിന്റെ വകുപ്പുതല ഉദ്യോഗസ്ഥർ വിവിധ ഘട്ടങ്ങളിൽ ഉറപ്പുവരുത്തുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനം മുഖേന എല്ലാ ഗുണഭോക്താക്കളേയും പദ്ധതിയേക്കുറിച്ച് ബോധവൽക്കരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപന അംഗങ്ങളുടെ സഹായത്തോടുകൂടി പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പുകാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപന അംഗങ്ങളെ ഉൾപ്പെടുത്തി ഗുണഭോക്തൃ കമ്മിറ്റി യോഗങ്ങൾ നടപ്പിലാക്കുകയും പുരോഗതി അവലോകനം ചെയ്ത് പ്രശ്ന പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. പദ്ധതിയുടെ പൂർണ്ണ പ്രയോജനം ജനങ്ങളിൽ വേണ്ടവണ്ണം എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ പ്രവർത്തനങ്ങൾ ഗ്രാമസഭ വഴി ജനങ്ങളിൽ എത്തിക്കണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ മണ്ണ്-ജലസംരക്ഷണ പ്രോജക്ടുകളുമായും തൊഴിലുറപ്പ് പദ്ധതിയുമായും ഇതിനെ ഏകോപിപ്പിക്കാനുള്ള സാധ്യതകൾ കണ്ടെത്തണം. ഗ്രാമസഭകളിൽ അവ ചർച്ചയ്ക്ക് വിധേയമാക്കണം.

## 4. കൺസൽട്ടൻസി

പ്രാദേശികതലത്തിലും പഞ്ചായത്ത് നീർത്തടാധിഷ്ഠിത തലത്തിലും ഭൂവിഭവങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തുന്നതിനായി അതാത് ജില്ലകളിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ, നീർത്തടങ്ങൾ എന്നിവയുടെ വിശദ മണ്ണുപര്യവേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഭൂവിഭവങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഫീസ് ഈടാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

ജില്ലയിലെ മണ്ണു ഭൂവിഭവങ്ങൾ, നീർത്തടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ മറ്റ് മണ്ണ് സാമ്പിളുകളുടെ പരിശോധനാഫലം എന്നിവ ആവശ്യാനുസരണം വിദ്യാർത്ഥികൾക്കും ശാസ്ത്രജ്ഞൻമാർക്കും മറ്റ് ഗവേഷണ സ്ഥാപനങ്ങൾക്കും സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഫീസ് ഈടാക്കി ലഭ്യമാക്കുന്നതാണ്.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

നീർത്തട അറ്റ്ലസ് തയ്യാറാക്കൽ, സോയിൽ മ്യൂസിയം, ജിയോമാറ്റിക്സ് ലാബ്, കൺസൽട്ടൻസി സർവ്വീസ് എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകിച്ച് അവരുടെ മണ്ണ്ജല സംരക്ഷണ പ്രോജക്ടുകളുമായും നീർത്തട വികസനാവശ്യങ്ങൾക്കും പദ്ധതി തയ്യാറാക്കുന്നതിന് ഉപയോഗപ്പെടുത്താം. കൂടാതെ ഈ സംവിധാനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ഗ്രാമസഭ വഴി അവബോധം നൽകാം.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ പദ്ധതി തയ്യാറാക്കൽ മണ്ണ്-ജലസംരക്ഷണം, നീർത്തട വികസനം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ടി സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. കർഷകർക്കും വിദ്യാർത്ഥികൾക്കും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും മേൽപറഞ്ഞ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കൊടുക്കാവുന്നതും പദ്ധതി തയ്യാറാക്കുമ്പോൾ ആയത് കൂടുതൽ ഫലപ്രദമാക്കുന്നതിന് ഈ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതുമാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട മേൽ സ്കീമികളുടെ പ്രയോജനം ഗുണഭോക്താക്കളിൽ ഗ്രാമസഭ വഴി എത്തിക്കുന്നതിന് തദ്ദേശഭരണ സ്ഥാപങ്ങൾക്ക് വളരെയധികം പങ്ക് വഹിക്കുവാൻ കഴിയും.

മണ്ണുസംരക്ഷണ/മണ്ണുപര്യവേഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി അതാത് ജില്ലാ മണ്ണുസംരക്ഷണ/മണ്ണുപര്യവേഷണ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 5. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് & മാനേജ്മെന്റ്, കേരള – ചടയമംഗലം

### ആമുഖം

മണ്ണുജലസംരക്ഷണ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുവാനും നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കൂടുതൽ വ്യക്തികളെ പ്രാപ്തരാക്കുവാനുമാണ് ഈ സ്ഥാപനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

### ലക്ഷ്യം

1. നീർത്തടാധിഷ്ഠിത പ്രവർത്തനത്തിൽ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുക
2. സന്നദ്ധ സംഘടനാ പ്രവർത്തകർക്കും വികസന വകുപ്പുദ്യോഗസ്ഥർക്കും ഈ വിഷയത്തിൽ വേണ്ട പരിശീലനം നൽകി അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുക.
3. മണ്ണുജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക
4. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.
5. നീർത്തടാധിഷ്ഠിത വികസനത്തിൽ കൂടുതൽ വ്യക്തികളെ പ്രാപ്തരാക്കുവാൻ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് നടപ്പിലാക്കുക

### ഗുണഭോക്താക്കൾ

മണ്ണുജലസംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കർഷകർക്കും ജനപ്രതിനിധികൾക്കും, സന്നദ്ധ സംഘടനാ പ്രവർത്തകർക്കും, വികസന വകുപ്പുദ്യോഗസ്ഥർക്കും, വിദ്യാർത്ഥികൾക്കും, ഗവേഷകർക്കും ആവശ്യമായ പരിശീലന പരിപാടികൾ ഈ സ്ഥാപനത്തിൽ ലഭ്യമാക്കുന്നു. ഇന്ദിരാഗാന്ധി നാഷ്ണൽ ഓപ്പൺ

യൂണിവേഴ്സിറ്റി, ഈ സ്ഥാപനം വഴി നടപ്പിലാക്കുന്ന ഡിപ്ലോമ കോഴ്സിന് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയുള്ള ആർക്കും അപേക്ഷിക്കാവുന്നതാണ്.

## നിർവ്വഹണം

കർഷകർക്കും ജനപ്രതിനിധികൾക്കും സന്നദ്ധസംഘടന പ്രവർത്തകർക്കും വികസന വകുപ്പുദ്യോഗസ്ഥർക്കും, വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നീർത്തടാധിഷ്ടിത വികസനത്തിൽ ആവശ്യാനുസരണം പരിശീലന പരിപാടികൾ ലഭ്യമാക്കുന്നു. അതോടൊപ്പം ഇഗ്നോയും (IGNOU) കേന്ദ്ര സർക്കാരിന്റെ ഭൂവിഭവ വകുപ്പുമായി സഹകരിച്ച് 1 വർഷത്തെ ഡിപ്ലോമ കോഴ്സ് ഈ സ്ഥാപനം വഴി നടത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ട് മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പു ഡയറക്ടർ, മണ്ണുസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ IWDM-K ചടയമംഗലത്തിന്റെ മേൽനോട്ടത്തിൽ വിവിധ പരിശീലന പരിപാടികൾക്കായി ചെലവഴിക്കുന്നു. നീർത്തടാധിഷ്ടിത വികസനത്തിൽ 1 വർഷത്തെ ഡിപ്ലോമ കോഴ്സിന് അപേക്ഷിക്കുന്ന വിദ്യാർത്ഥി കോഴ്സ് ഫീസായി 9000/- രൂപ അടക്കേണ്ടതാണ്. എന്നാൽ ബി.പി.എൽ വിദ്യാർത്ഥികൾക്കും ഗ്രാമീണ മേഖലയിൽ നിന്നു വരുന്നവർക്കും 50% ഫീസിളവ് ലഭിക്കുന്നതാണ്.

## സംഘാടനം

ഈ സ്ഥാപനത്തിൽ വച്ച് നടത്തുന്ന പരിശീലന പരിപാടികൾക്ക് മണ്ണുസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ IWDM-K ചടയമംഗലം മേൽനോട്ടം വഹിക്കുകയും ഡിപ്പാർട്ട്മെന്റിൽ ലഭ്യമായ പ്രഗൽഭരായ പരിശീലകരേയും പുറമെയുള്ള മറ്റു പരിശീലകരേയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഡിപ്ലോമ കോഴ്സ് നടത്തുന്നതിലേക്കായി സാങ്കേതിക വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകരെ നിയോഗിക്കുകയും നീർത്തടാധിഷ്ഠിത വികസനത്തിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഈ സ്ഥാപനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പരിശീലന പരിപാടികൾ നടത്തുന്നതുകൊണ്ട് ജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുവാൻ അവരെ സജ്ജരാക്കുന്നു. ടി സ്ഥാപനങ്ങളെക്കുറിച്ചും പ്രസ്തുത കോഴ്സിനെക്കുറിച്ചും ഗ്രാമസഭ വഴി അറിവ് നൽകാം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനവുമായി ബന്ധപ്പെടുത്തി ആളുകളെ കണ്ടെത്താവുന്നതാണ്.

## 6. മണ്ണുപരിശോധന

### ലക്ഷ്യം

മണ്ണുപര്യവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മണ്ണിനങ്ങളിൽ (സോയിൽ സീരീസ്) നിന്ന് സാമ്പിളുകൾ ശേഖരിച്ച് ഓരോ സ്ഥലത്തിനും അനുയോജ്യമായ പരിപാലനമുറകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്. കൂടാതെ മണ്ണു പരിശോധനയിൽ സന്നദ്ധസംഘടനകൾക്കും മറ്റ് ഏജൻസികൾക്കും പരിശീലനവും നൽകുന്നു. സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനായുള്ള മണ്ണുപരിശോധനകളും നടപ്പിലാക്കുന്നു.

### ഗുണഭോക്താവ്

ഈ പദ്ധതിയിൽ എല്ലാ കർഷകരും ഗുണഭോക്താക്കളാണ്. മാത്രമല്ല വിദ്യാർത്ഥികളും സന്നദ്ധ സംഘടനകളും ഈ പദ്ധതി പ്രയോജനപ്പെടുത്തി വരുന്നു.

### സ്കീമിന്റെ നിർവ്വഹണം

മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള താഴെപറയുന്ന സോയിൽ അനലിറ്റിക്കൽ ലാബുകളിൽ മണ്ണുപരിശോധന നടത്തുന്നു.

1. സെൻട്രൽ സോയിൽ അനലറ്റിക്കൽ ലബോറട്ടി, പാറോട്ടുകോണം, തിരുവനന്തപുരം (ഫോൺ-0471-2541776)
2. റീജിയണൽ സോയിൽ അനലറ്റിക്കൽ ലബോറട്ടി, ആലപ്പുഴ (ഫോൺ - 0477-2236294)
3. റീജിയണൽ സോയിൽ അനലറ്റിക്കൽ ലബോറട്ടി, തൃശൂർ (ഫോൺ - 0487-2340290)
4. റീജിയണൽ സോയിൽ അനലറ്റിക്കൽ ലബോറട്ടി, കോഴിക്കോട് (ഫോൺ - 0495-2372040)
5. ഹൈടെക് സോയിൽ അനലറ്റിക്കൽ ലബോറട്ടി, വയനാട് (ഫോൺ - 04936-207750)
6. സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, പത്തനംതിട്ട (ഫോൺ-0468-2323105)
7. സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, കാസർകോഡ് (ഫോൺ-04994-257450)

കൂടാതെ മണ്ണിലടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവും കഠിന ലോഹങ്ങളുടെ അളവും വകുപ്പിന്റെ തിരുവനന്തപുരം, തൃശൂർ, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്ന സോയിൽ അനലറ്റിക്കൽ ലാബോറട്ടറികളിൽ ആവശ്യാനുസരണം നിർണ്ണയിച്ച് നൽകുന്നു.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ കൈമാറുന്ന ഫണ്ട് മുകളിൽ പരാമർശിച്ച വിവിധ ലബോറട്ടറികളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു.

### നിർവ്വഹണ ഉദ്യോഗസ്ഥൻ

മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റും സീനിയർ കെമിസ്റ്റും മറ്റ് ഉദ്യോഗസ്ഥർ മുഖേന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

### പ്രവർത്തനങ്ങൾ

കർഷകർ തങ്ങളുടെ പുരയിടത്തിൽ നിന്ന് ശേഖരിച്ച് നൽകുന്ന മണ്ണു സാമ്പിളുകൾ സൗജന്യമായി പരിശോധിച്ച് വളപ്രയോഗ നിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ വിദ്യാർത്ഥികളുടേയും വ്യക്തികളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും മണ്ണു സാമ്പിളുകൾ സർക്കാർ നിഷ്ക്കർഷിക്കുന്ന ഫീസ് ഈടാക്കി സമയ ബന്ധിതമായി പരിശോധന ഫലങ്ങൾ ലഭ്യമാക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഓരോ പ്രദേശത്തിന്റെയും വികസനത്തിന് ആവശ്യമായ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപന അംഗങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുള്ള മണ്ണു പരിശോധന നടത്തി കൊടുക്കുന്നു. തദ്ദേശഭരണ സ്ഥാപനം വഴി ഗുണഭോക്താക്കൾക്ക് ഇക്കാര്യത്തിൽ കൂടുതൽ അവബോധം നൽകി കർഷകരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കാവുന്നതും കൂടുതൽ കാർഷിക അഭിവൃദ്ധി കൈവരിക്കാവുന്നതുമാണ്.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള എകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ മണ്ണ് ജല സംരക്ഷണ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം. പദ്ധതിരേഖയിൽ ആയത് പ്രതിപാദിക്കണം.

## 7. കർഷകർക്കുള്ള സോയിൽ ഹെൽത്ത് കാർഡ് വിതരണം

### ലക്ഷ്യങ്ങൾ

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ ഓരോ തുണ്ടുഭൂമിയിൽ നിന്നും ജനപങ്കാളിത്തത്തോടെ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ

യുള്ള രാസ ഭൗതിക പരിശോധകൾ നടത്തി അപഗ്രഥിച്ച് ഓരോ തുണ്ടു ഭൂമിക്കും വിളകൾക്കും യോജിച്ച പരിപാലന മുറകളും ശുപാർശകളും രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൂടാതെ കർഷകർ കൊണ്ട് വരുന്ന സാമ്പിളുകളും അവരുടെ ആവശ്യാനുസരണം സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് നൽകുന്നു.

## ഗുണഭോക്താവ്

എല്ലാ കർഷകരും ഈ സ്കീമിന്റെ ഗുണഭോക്താക്കളാണ്.

## സ്കീമിന്റെ നിർവ്വഹണം

മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റിന്റെയും സീനിയർ കെമിസ്റ്റിന്റെയും കീഴിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ മണ്ണുപരിശോധന നടത്തി ഫലം മണ്ണുപര്യവേഷണ അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകുകയും തുടർന്ന് സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കർഷക സമിതികൾ സമർപ്പിക്കുന്ന മണ്ണു സാമ്പിളുകൾക്ക് ഫീസ് ഇല്ലാതെയാണ് സോയിൽഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നത്.

## പ്രവർത്തനങ്ങൾ

കർഷകർ ശേഖരിച്ചു നൽകുന്ന മണ്ണിന്റെ സാമ്പിളുകൾ പരിശോധിച്ച് രാസഭൗതിക പരിശോധനകൾ നടത്തി സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നു.

## സംഘാടനം

മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പ് നേരിട്ട് പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റിന്റെയും സീനിയർ കെമിസ്റ്റിന്റെയും ചുമതലയിൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത്തലത്തിൽ കർഷകർ, കൂടാതെ വ്യക്തികൾ എന്നിവർക്ക് മണ്ണുസാമ്പിളുകൾ ശേഖരിക്കുന്നതിന് പരിശീലനം നൽകുകയും, അവർ ശേഖരിച്ച് നൽകുന്ന മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അതിന്റെ ഫലം നൽകുകയും ചെയ്യുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന മണ്ണിന്റെ നിലവാരത്തെക്കുറിച്ചും ഫലഭൂയിഷ്ഠിയെക്കുറിച്ചും അറിവു നൽകുന്നതിനാൽ മെച്ചപ്പെട്ട രീതിയിൽ കാർഷികവിളകളുടെ പരിപാലനം സാധ്യമാകുന്നു. എല്ലാവരും ഈ സ്കീം പ്രയോജനപ്പെടുത്തി എന്ന് ഉറപ്പ് വരുത്തേണ്ടതും ഗ്രാമസഭ വഴി അവബോധം നൽകേണ്ടതും തദ്ദേശഭരണസ്ഥാപനങ്ങളാണ്.

### നിർവ്വഹണ ഉദ്യോഗസ്ഥൻ

മണ്ണ് പര്യവേഷണ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സീനിയർ കെമിസ്റ്റ്, മറ്റു ദ്യോഗസ്ഥർ എന്നിവർ മുഖേന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ മണ്ണുപരിശോധന ആവശ്യമായ സ്ഥലങ്ങളിൽ അവ പരിശോധിച്ച് ഹെൽത്ത് കാർഡുകൾ നൽകുന്നു. തദ്ദേശഭരണസ്ഥാപനത്തിന്റെ മണ്ണ് ജല സംരക്ഷണ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

## 8. ജില്ലാതല സൂക്ഷ്മ നീർത്തട അറ്റ്ലസ് തയ്യാറാക്കൽ

### ലക്ഷ്യം

നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കും സന്നദ്ധ സംഘടനകൾക്കും മറ്റു വികസന വകുപ്പുകൾക്കും സൂക്ഷ്മ നീർത്തടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുക.

### പ്രവർത്തനങ്ങൾ

കേരളത്തിലെ 14 ജില്ലകളുടേയും മുൻഗണനാടിസ്ഥാനത്തിലുള്ള സൂക്ഷ്മ നീർത്തടങ്ങളുടെ വിവരങ്ങളടങ്ങുന്ന അറ്റ്ലസ് എല്ലാ ജില്ലാ പര്യവേഷണ ഓഫീസുകളിലും റഫറൻസിന് ലഭ്യമാണ്. ആയത് ഗ്രാമപഞ്ചായത്തുകൾക്കും സന്നദ്ധ സംഘടനകൾക്കും മറ്റു വികസന വകുപ്പുകൾക്കും ഉപയോഗപ്രദമാക്കാവുന്നതാണ്. നിശ്ചിത ഫീസ് നൽകി ആയത് ലഭ്യമാക്കണമെങ്കിൽ തിരുവനന്തപുരത്തുള്ള അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ) മായി ബന്ധപ്പെടേണ്ടതാണ്.

## 9. സോയിൽ മ്യൂസിയം

### ലക്ഷ്യം

1. കേരളത്തിലെ പ്രമുഖ മണ്ണിനങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക
2. ഓരോ മണ്ണിനങ്ങളുടേയും ഉത്ഭവം, കാണപ്പെടുന്ന ഭൂപ്രകൃതി, പ്രത്യേകതകൾ, പരിമിതികൾ എന്നിവ സംബന്ധിച്ച് ജനങ്ങളെ കൂടുതലായി ബോധവൽക്കരിക്കുക

### ഗുണഭോക്താവ്

കർഷകർക്കും, ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും, ജനപ്രതിനിധികൾക്കും ഭരണ കർത്താക്കൾക്കും മ്യൂസിയം ഉപയോഗപ്പെടുത്താവുന്നതാണ്.

### നിർവ്വഹണം

തിരുവനന്തപുരത്ത് പാറോട്ടുകോണത്തുള്ള സെൻട്രൽ സോയിൽ അനലറ്റിക്കൽ ലാബോറട്ടറി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ മണ്ണുപര്യവേഷണ-സംരക്ഷണ ഡയറക്ടറുടെ മേൽനോട്ടത്തിൽ ഈ മ്യൂസിയം പ്രവർത്തന സജ്ജമായി വരുന്നു. കേരളത്തിലെ കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള വൈവിധ്യമാർന്ന മണ്ണിനങ്ങളുടെ പരിച്ഛേദികകൾ (പ്രതലം മുതൽ 2 മീറ്റർ താഴ്ച വരെയുള്ള മണ്ണ്) അവയുടെ ഉത്ഭവം, കാണപ്പെടുന്ന ഭൂപ്രകൃതി, പ്രത്യേകതകൾ, പരിമിതികൾ എന്നിവ ഉൾപ്പെടുത്തി പ്രദർശിപ്പിക്കത്തക്ക വണ്ണമാണ് സജ്ജമാക്കുന്നത്.

## 10. ജിയോമാറ്റിക്സ് ലാബ്, തിരുവനന്തപുരം

### ലക്ഷ്യങ്ങൾ

1. വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ കാർഷിക വികസനത്തിന് ഉപയുക്തമാക്കുക
2. നൂതന സാങ്കേതിക വിദ്യകളായ ജി.ഐ.എസ് (GIS) റിമോട്ട് സെൻസിംഗ് എന്നിവ ഉപയോഗിച്ച് വിവിധ പ്രദേശങ്ങളിലെ മണ്ണിനെ പറ്റിയുള്ള സമഗ്ര വിവരങ്ങൾ, ഭൂപടങ്ങൾ, നീർത്തടങ്ങളുടെ വിവരങ്ങൾ, നീർത്തട ഭൂപടങ്ങൾ എന്നിവ പഞ്ചായത്തുകൾക്കും, സന്നദ്ധ സംഘടനകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും മറ്റും അനുബന്ധവകുപ്പുകൾക്കും ലഭ്യമാക്കുക.
3. മറ്റു വികസന വകുപ്പുകളിലെ സാങ്കേതിക ജീവനക്കാർക്കും പരിശീലനം ആവശ്യമുള്ള മറ്റു ഏജൻസികൾക്കും ഫീസ് ഈടാക്കി ജി.ഐ എസ്. ലും ജി.പി.എസ്. ലും ഹ്രസ്വകാല പരിശീലന പരിപാടികൾ നടത്തുക.
4. അത്യാധുനിക സാങ്കേതിക വിദ്യയായ റിമോട്ട് സെൻസിങ്ങ് കാർഷിക രംഗത്ത് ഉപയോഗപ്പെടുത്തുവാനായി താൽപര്യമുള്ളവർക്ക് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുക.

### ഗുണഭോക്താക്കൾ

1. ജി.ഐ.എസിലും ജി.പി.എസിലും താൽപര്യമുള്ള ഏജൻസികൾക്കും മറ്റു വകുപ്പിലെ സാങ്കേതിക ജീവനക്കാർക്കും, ഗവേഷണ സ്ഥാപനങ്ങൽക്കും സന്നദ്ധ സംഘടനകൾക്കും, പഞ്ചായത്തുകൾക്കും വ്യക്തികൾക്കും ഫീസ് നൽകി ഈ ലാബിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

2. വിദ്യാർത്ഥികൾക്കും, ഗവേഷണസ്ഥാപനങ്ങൾക്കും, സന്നദ്ധസംഘടനകൾക്കും ആവശ്യാനുസരണം ജില്ലയിലെ മണ്ണിനങ്ങൾ, നീർത്തടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ നൽകുന്നു.

## നിർവ്വഹണം

തിരുവനന്തപുരത്ത് വഴുതക്കാടുള്ള വകുപ്പാസ്ഥാനത്താണ് ജിയോമാറ്റിക്സ് ലാബ് പ്രവർത്തിക്കുന്നത്. പ്രസ്തുത ലാബ് മണ്ണുപര്യവേഷണ-സംരക്ഷണ ഡയറക്ടറുടെ കീഴിലുള്ള മണ്ണുപര്യവേഷണ ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു.

## പ്രവർത്തനങ്ങൾ

നൂതന സാങ്കേതിക വിദ്യയിൽ താൽപര്യമുള്ള ഏജൻസികൾക്കും വ്യക്തികൾക്കും നിശ്ചിത ഫീസ് ഈടാക്കി പരിശീലനം നൽകുന്നു.


ഡെറാഡൂണിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിങ്ങും, ഇന്ത്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷനും മണ്ണുപര്യവേഷണ-സംരക്ഷണ വകുപ്പും സംയുക്തമായി റിമോട്ട് സെൻസിങ്ങിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. വിദൂര പഠന സംവിധാനത്തിൽ തികച്ചും സൗജന്യമായാണ് ഈ കോഴ്സ് നടപ്പിലാക്കുന്നത്. വിശദ വിവരങ്ങൾക്ക് മണ്ണ് പര്യവേഷണ-സംരക്ഷണ വകുപ്പു ഡയറക്ടറേറ്റുമായി ബന്ധപ്പെടാവുന്നതാണ്.

**ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ**

| ക്രമ നമ്പർ | ബന്ധപ്പെടേണ്ട ഓഫീസർ | ഫോൺ നമ്പർ |
|---|---|---|
| 1. | സംസ്ഥാന മണ്ണ് പര്യവേഷണ-സംരക്ഷണ വകുപ്പ് , ഡയറക്ടറേറ്റ് കാര്യലയം, ഇ-മെയിൽ agriscunit@hotmail.com | 0471 2339899 |
| 2. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, തിരുവനന്തപുരം | 0471 2732648 |
| 3. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, തിരുവനന്തപുരം | 0471 2469709 |
| 4. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, കൊല്ലം | 0474 2798816 |
| 5. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, കൊല്ലം | 0474 2767121 |
| 6. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, പത്തനംത്തിട്ട | 0468 2224070 |
| 7. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, പത്തനംത്തിട്ട | 0468 2323105 |
| 8. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, ആലപ്പുഴ | 0477 2254927 |

| | | |
|---|---|---|
| 9. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, ആലപ്പുഴ | 0477 2236293 |
| 10. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, കോട്ടയം | 0481 2568519 |
| 11. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, കോട്ടയം | 0481 2300978 |
| 12. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, ഇടുക്കി | 0486 2252650 |
| 13. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, ഇടുക്കി | 0486 2228725 |
| 14. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, എറണാകുളം | 0484 2423301 |
| 15. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, എറണാകുളം | 0484 2596262 |
| 16. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, തൃശൂർ | 0487 2360426 |
| 17. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, തൃശൂർ | 0487 2323965 |
| 18. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, പാലക്കാട് | 0491 2565860 |
| 19. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, പാലക്കാട് | 0491 2505455 |
| 20. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, മലപ്പുറം | 0483 2767872 |
| 21. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, മലപ്പുറം | 0483 2739001 |
| 22. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, കോഴിക്കോട് | 0495 2370790 |
| 23. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, കോഴിക്കോട് | 0495 2371060 |
| 24. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, വയനാട് | 0493 6203756 |
| 25. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, വയനാട് | 0493 6246330 |
| 26. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, കണ്ണൂർ | 0497 2768260 |
| 27. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, കണ്ണൂർ | 0497 2712818 |
| 28. | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, കാസർഗോഡ് | 0499 4256658 |
| 29. | ജില്ലാ മണ്ണുപര്യവേഷണ ഓഫീസർ, കാസർഗോഡ് | 499 7450 |

# IV
# ജലസേചന വകുപ്പ്



## ആമുഖം

ജലസേചനവകുപ്പിന്റെ പ്രധാനലക്ഷ്യം കൃഷിയ്ക്കാവശ്യമായ ജലം ആവശ്യാനുസരണം കൃഷിയിടങ്ങളിൽ ലഭ്യമാക്കി കൃഷി സമ്പുഷ്ടമാക്കി നാടിനെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക എന്നുള്ളതാണ്. ഇതിനായി ചെറുകിടജലസേചനം, കമാന്റ് ഏരിയ വികസന അതോറിറ്റി വഴിയുള്ള ജലവിതരണം എന്നിവ നടത്തുന്നു. പൂർത്തിയായ ജലസേചനപദ്ധതികളുടെ ആയക്കെട്ട് പ്രദേശത്ത് കൃഷിയുടെ സമഗ്രവികസനമാണ് കമാന്റ് ഏരിയ വികസന അതോറിറ്റി വഴി നടപ്പാക്കുന്നത്. കുളങ്ങളുടെ സംരക്ഷണം, പ്രകൃത്യായുള്ള തോടുകളിലും കനാലുകളിലും മറ്റും ചീപ്പുകൾ(VCBകൾ) കെട്ടി വെള്ളം തിരിച്ച് വിടൽ സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പുറത്തേക്കൊഴുക്കി കൃഷിയിടങ്ങളൊരുക്കുക എന്നിവയും നടത്തുന്നുണ്ട്. പുഴകളിൽ റഗുലേറ്ററുകൾ പണിത് വെള്ളം കൃഷിയിടങ്ങളിലേയ്ക്ക് തിരിച്ച് വിട്ട് കൃഷി നടത്തുന്നുണ്ട്. ഇത്തരം റെഗുലേറ്ററുകൾ നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായും നിർമ്മിക്കാറുണ്ട്. തൃശൂരിലെ കോൾപ്പാടങ്ങളിലെ കൃഷി ഏതാണ്ടീ വഴിയ്ക്കാണ് നടത്തുന്നത്. അതുപോലെ കുട്ടനാടൻ പാടശ്ശേഖരങ്ങൾ സമുദ്രനിരപ്പിൽ നിന്നും 4 അടിയോളം

താഴെയാണ്. ബണ്ടുകളുണ്ടാക്കി വെള്ളം പമ്പ് ചെയ്ത് കളഞ്ഞ് കൃഷിക്കനുയോജ്യമാക്കുകയും കൃഷിക്ക് വേണ്ടി വെള്ളം ആവശ്യമായ വരുന്ന സമയത്ത് ചാലുകൾ കീറിയും പമ്പ് ചെയ്ത് വെള്ളം കേറ്റിയും വളരെ വിജയകരമായി ഇവിടെ കൃഷി ചെയ്ത് വരുന്നു. അത് കൂടാതെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പത്തനംതിട്ട, ഇടുക്കി, എറണാകുളം തുടങ്ങിയ ജില്ലകളിൽ വളരെ വിജയകരമായി നടത്തി വരുന്നുണ്ട്. വെള്ളം കനാലുകളിലൂടെ എത്തിപ്പെടാൻ പറ്റാത്തിടങ്ങളിൽ ടാങ്കുകളിൽ വെള്ളം പമ്പ് ചെയ്ത് കയറ്റി അവിടെ നിന്നും കൃഷിയിടങ്ങളിലെത്തിക്കുകയാണ് ഈ പദ്ധതിമൂലം നടത്തുന്നത്. പുഴകളിൽ ചെക്ക് ഡാമുകൾ പണിത് ആവശ്യാനുസരണം കൃഷിയിടങ്ങളിൽ ജലമെത്തിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. വലിയ ഡാമുകൾ പണിത് കനാലുകൾ വഴി കൃഷിയിടങ്ങളിൽ ജലമെത്തിയ്ക്കുന്ന വൻകിട പദ്ധതികളും വിജയകരമായി നടത്തുന്നു. കേരളത്തിലെ ജലക്ഷാമം കണക്കിലെടുത്ത് ജലസംരക്ഷണ പ്രവൃത്തികൾക്ക് ജലസേചന വകുപ്പ് നേതൃത്വം നൽകുന്നുണ്ട്.

ഇത് കൂടാതെ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, നദീജലസംരക്ഷണം, നദീതട സംരക്ഷണ പദ്ധതികൾ, തീരദേശ സംരക്ഷണം, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ വകുപ്പിന് കീഴിൽ വളരെ വിജയപ്രദമായി നടത്തി വരുന്നു. 2004 ലെ സുനാമിയിലൂടെ നഷ്ടപ്പെട്ട തീരപ്രദേശങ്ങൾ കടൽഭിത്തി കെട്ടി സംരക്ഷിയ്ക്കപ്പെട്ടു. തീരദേശ സംരക്ഷണ പദ്ധതി വളരെ വിജയകരമായി കേരളത്തിന്റെ സമുദ്ര തീരങ്ങൾ സംരക്ഷിച്ച് നടപ്പിലാക്കുന്നുണ്ട്. ജലവിഭവ വികസനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഈ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു.

പൊതുവായിട്ടുള്ള സ്കീമുകൾ ചെറുകിട ജലസേചനം, തീരദേശ സംരക്ഷണം, ഉൾനാടൻ ജലഗതാഗതം, വെള്ളപ്പൊക്ക നിയന്ത്രണം, ഓരുജലപ്രതിരോധം, ജലവിഭവവികസനവുമായി ബന്ധപ്പെട്ട മറ്റു പ്രവൃത്തികൾ, മറ്റു വൻകിട പദ്ധതികൾ, ഡാമുകൾ, കനാലുകൾ, റഗുലേറ്റർ കം ബ്രിഡ്ജുകൾ തുടങ്ങിയവയാണ്.

## ലക്ഷ്യങ്ങൾ

ജലസേചനം ഊർജ്ജിതപ്പെടുത്തി കൃഷി വിപുലീകരിച്ച് കാർഷികാഭിവൃദ്ധിയിലൂടെ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുക, കടൽക്ഷോഭം നിയന്ത്രിക്കുക, ഓരുവെള്ളം കൃഷിയിടങ്ങളിൽ കയറുന്നത് നിയന്ത്രിക്കുക, ജലഗതാഗതം ഊർജ്ജിതപ്പെടുത്തുക, ജലസംരക്ഷണം ഉറപ്പാക്കുക, എല്ലായിടവും ജലസമ്പുഷ്ടമാക്കുക തുടങ്ങിയവയാണ്.

## ഗുണഭോക്താവ്

എല്ലാ വിഭാഗം ജനങ്ങളും

## സ്കീമിന്റെ നിർവ്വഹണം

അഞ്ച് ചീഫ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മറ്റുദ്യോഗസ്ഥരും, അതു പോലെ രൂപ കല്പനയ്ക്കും മെക്കാനിക്കൽ വർക്കുകൾക്കുമായി രണ്ട് ചീഫ് എഞ്ചിനീയർമാരും അവരുടെ കീഴിലുള്ള മറ്റുദ്യോഗസ്ഥരും ചേർന്നുള്ള കൂട്ടായ യത്നത്തിലൂടെയുള്ള പദ്ധതി നിർവ്വഹണം

## ഫണ്ടിംഗ്

പ്രധാനമായും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്ലാൻ ഫണ്ട്, കേന്ദ്ര സഹായങ്ങൾ, നബാർഡ് തുടങ്ങിയവയുടെ ധനസഹായം, ലോകബാങ്ക് വായ്പ തുടങ്ങിയവയിലൂടെയുള്ള ഫണ്ടിംഗ്.

## പ്രവർത്തനങ്ങൾ

ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് ജനോപകാരപ്രദമായ രീതിയിൽ വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അവയ്ക്ക് ധനാനുമതിയും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി സുതാര്യമായ നടപടികളിലൂടെ ഉദ്യോഗസ്ഥരുടെ കർശനമായ മേൽനോട്ടത്തിൽ പണികൾ നടപ്പിലാക്കി അവ വിജയപ്രദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ.

## സംഘാടനം

ജനപ്രതിനിധികളുടെയും മറ്റും നേതൃത്വത്തിൽ കർഷകരുടെയും മറ്റും കൂട്ടായ്മയിലും ഗുണഭോക്തൃ സമിതികൾ ഉണ്ടാക്കി അവരുടെ നേതൃത്വവും ഉൾക്കൊണ്ട് ഉദ്യോഗസ്ഥരുടെ കർശനമായ മേൽനോട്ടത്തിൽ പണികൾ നടത്തി വിജയപ്രദമാക്കുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ജലസേചന പ്രശ്നങ്ങൾ ഗ്രാമസഭകളിൽ മുൻഗണന നിശ്ചയിച്ച് പരിഹാരത്തിനായി വകുപ്പിന് നൽകുകയും ആവശ്യമായ ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തനം കുറ്റമറ്റതാക്കുകയും ചെയ്യുക.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സ്കീമുകൾ യഥാസമയം നടപ്പിലാക്കുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർദ്ദേശവും ഉപദേശവും കണക്കിലെടുത്ത് സ്കീം തയ്യാറാക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പരിധിയ്ക്കു പുറത്തുള്ള ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാവുന്നതാണ്. ഇതു കൂടാതെ ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ യോജിച്ചു പ്രവർത്തിക്കുകയും ചെയ്യാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റ് ജലസേചന പ്രോജക്ടുകളുമായും തൊഴിലുറപ്പ് പദ്ധതിയുമായും ഇവയെ ഏകോപിപ്പിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതികൾ തുടക്കം മുതൽ അവ വിജയത്തിലെത്തിക്കുന്നത് വരെയുള്ള എല്ലാ കാര്യങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ച് മുന്നേറണം. ഇതിന് ജനങ്ങളും ജനപ്രതിനിധികളും പൊതുപ്രവർത്തകരുമെല്ലാം ഒന്നായി പ്രവർത്തിയ്ക്കണം. ഭൂമി ഏറ്റെടുക്കൽ പോലെയുള്ള വിഷയങ്ങളിൽ ജനങ്ങളെ വിശ്വാസത്തിലെടുത്ത് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങളും ജനപ്രതിനിധികളും യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഗ്രാമസഭ വഴിയുള്ള അവബോധം, സംശയ ദുരീകരണം വളരെ പ്രാധാന്യമർഹിക്കുന്നു. അടിത്തട്ടിൽ നിന്ന് ഉയർന്നു വരുന്ന പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകണം. പാഴ്ചെലവ് ഇല്ലെന്ന് ഉറപ്പു വരുത്തണം.

## വകുപ്പുമായി ബന്ധപ്പെട്ട ഉന്നത ഉദ്യാഗസ്ഥരുടെ ഫോൺ നമ്പറുകൾ

| ക്രമ നമ്പർ | ഉദ്യാഗപ്പേര് | ഫോൺ നമ്പർ | ഫാക്സ് നമ്പർ |
|---|---|---|---|
| 1 | ചീഫ് എഞ്ചിനീയർ (ജലസേചനവും-ഭരണവും. തിരുവനന്തപുരം) ceirrgn@yahoo.co.in | 0471-2322927 | 0471-2322927 |
| 2 | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ തിരുവനന്തപുരം) | 0471-2320574 | |
| 3 | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഭരണം - തിരുവനന്തപുരം) | 0471-2328617 | |
| 4 | ചീഫ് എഞ്ചിനീയർ (കാവേരി സെൻ-കോഴിക്കോട്) cepkkd@gmail.com | 0495-2385595 | 0495-2380672 |
| 5 | ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം -2 തിരുവനന്തപുരം) www.ceprjtvm@gmail.com | 0471-2324394 | 0471-2324394 |
| 6 | ചീഫ് എഞ്ചിനീയർ (രൂപകല്പനാ വിഭാഗം - തിരുവനന്തപുരം) idrttvm@gmail.com | 0471-2306159 | 0471-2306159 |
| 7 | ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ-തിരുവനന്തപുരം) cemechirrigation@gmail.com | 0471-2324589 | 0471-2324589 |
| 8 | അഡ്മിനിസ്ട്രേറ്റർ കാഡ (തൃശ്ശൂർ) admrcadr@gmail.com | 0487-2332343 | 0487-2332343 |
| 9 | ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് | 0477-2237122 | 0477-267152 |

# V
# മത്സ്യബന്ധന വകുപ്പ്



## ആമുഖം

കേരളത്തിന്റെ വികസന, ക്ഷേമ രംഗങ്ങളിലും സമ്പദ്ഘടനയിലും ഫിഷറീസ് മേഖല നിർണ്ണായക പങ്ക് വഹിക്കുന്നു. സംസ്ഥാന വരുമാനത്തിൽ ഗണ്യമായ തുക സംഭാവന നൽകുന്നതോടൊപ്പം ഈ മേഖല കേരളത്തിലെ 11 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളി ജനവിഭാഗത്തിന്റെ മുഖ്യ ജീവനോപാധി കൂടിയാണ്. കേരളത്തിന്റെ ശരാശരി വാർഷിക മത്സ്യോത്പാദനം 6.67 ലക്ഷം മെട്രിക് ടണ്ണാണ്. മത്സ്യോത്പന്നങ്ങളുടെ കയറ്റുമതിയിലൂടെ 1431 കോടി രൂപ വരെ വിദേശനാണ്യം ഈ മേഖല സംസ്ഥാനത്തിന് നേടിത്തന്നിട്ടുണ്ട്. വിപുലമായ വികസന സാധ്യതയുള്ള ഈ മേഖലയിൽ മത്സ്യോത്പാദനം പരമാവധി വർദ്ധിപ്പിക്കുക, മത്സ്യബന്ധനത്തിന്റെ സംരക്ഷണവും വിവേകപൂർവ്വമായ ചൂഷണവും ഉറപ്പു വരുത്തുക, മത്സ്യ/ചെമ്മീൻ കൃഷി പൂർവ്വാധിക്യം വികസിപ്പിക്കുക, മത്സ്യബന്ധന തുറമുഖങ്ങളുടേയും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കുക, മത്സ്യവിപണനം വ്യാപിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും അവരുടെ സർവ്വതോന്മുഖമായ പുരോഗതി ഉറപ്പു വരുത്തുകയും ചെയ്യുക എന്നീ ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

സർക്കാർ തലത്തിൽ ഫിഷറീസ് മന്ത്രിയുടെ കീഴിൽ വരുന്ന മത്സ്യബന്ധന വകുപ്പ് ഫിഷറീസ് സെക്രട്ടറിയുടെ ഭരണത്തിൻ കീഴിലാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, മത്സ്യ ഫെഡ്, അഡാക്ക്, ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്, ഫിർമ, തീരദേശ വികസന ഏജൻസി/കോർപ്പറേഷൻ, സാഫ് എന്നീ സ്ഥാപനങ്ങളാണ് വകുപ്പിന് കീഴിൽ വരുന്നത്.

തിരുവനന്തപുരം ആസ്ഥാനമായുള്ള ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ തലവൻ ഫിഷറീസ് ഡയറക്ടറാണ്. സാങ്കേതിക കാര്യങ്ങളിൽ ഫിഷറീസ് അഡീഷണൽ ഡയറക്ടർ ഡയറക്ടറെ സഹായിക്കുന്നു. കൂടാതെ ഫിഷറീസ് പ്രോജക്ട് സംബന്ധമായ കാര്യങ്ങളുടെ ചുമതല വഹിക്കുന്നതിന് ഡയറക്ടറേറ്റിൽ ഒരു ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മത്സ്യ കേരളം പദ്ധതിയുടെ നടത്തിപ്പിനായി ഡയറക്ടറേറ്റിൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ട്. മത്സ്യബന്ധന നിയന്ത്രണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക വിഭാഗം ഡയറക്ടറേറ്റിൽ ഉണ്ട്. കൂടാതെ ഭരണ നിർവ്വഹണം, ധനവിനിയോഗം, പ്ലാനിംഗ്, കടൽ മത്സ്യബന്ധനം, ഉൾനാടൻ മത്സ്യബന്ധനം, സഹകരണ സംഘങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, പ്രോജക്ട്, നിയമകാര്യങ്ങൾ, പൊതുവായ കാര്യങ്ങൾ എന്നിവയ്ക്കും ഡയറക്ടറേറ്റിൽ പ്രത്യേക വിഭാഗങ്ങൾ ഉണ്ട്. ഇവയുടെ മേൽനോട്ടം യഥാക്രമം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ, പ്ലാനിംഗ്/മറൈൻ/ഇൻലാൻഡ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്), ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാന്റ് ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ്) അസിസ്റ്റന്റ് ഡയറക്ടർ (പ്രോജക്ട്) ലാ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്) എന്നിവർ വഹിച്ചു വരുന്നു. ഭരണ നിർവ്വഹണ കാര്യങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ സഹായിക്കുന്നു. സ്ഥിതി വിവരകണക്ക് വിഭാഗത്തിൽ റിസർച്ച് ഓഫീസറും, ധനവിനിയോഗ വിഭാഗത്തിൽ ഫൈനാൻസ് ഓഫീസറെ സഹായിക്കുവാൻ ജൂനിയർ സൂപ്രണ്ടും ഉണ്ട്. കൂടാതെ മറൈൻ/ഇൻലാന്റ് വിഭാഗങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിന് സീനിയർ സൂപ്രണ്ടുമാരും സഹായിക്കുന്നു.

ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ജോയിന്റ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന മേഖലാ ഓഫീസുകളും ജില്ലകളിൽ ജില്ലാ ഓഫീസുകളും ഉണ്ട്. കടലോര ജില്ലകളിലും പാലക്കാട് ജില്ലയിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരും മറ്റു ഉൾനാടൻ ജില്ലകളിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരുമാണ് ജില്ലാ ഓഫീസർമാർ, പോളച്ചിറയിലും മലമ്പുഴയിലും നാഷ്ണൽ ഫിഷ് ഡീഡ് ഫാമുകളും, നെയ്യാർഡാമിൽ ഒരു ശുദ്ധജല ഹാച്ചറിയും, അഴീക്കോട് ഒരു ചെമ്മീൻ കുഞ്ഞുൽപാദന കേന്ദ്രവും ഡിപ്പാർട്ടു

മെന്റിന്റെ കീഴിലുണ്ട്. ഈ കേന്ദ്രങ്ങൾ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. എറണാകുളം കേന്ദ്രമായി നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷന്റെ പ്രോജക്ട് ഡയറക്ടർ പദവിയിൽ ഒരു ജോയിന്റ് ഡയറക്ടറും പരിശീലന വിഭാഗത്തിന്റെ മേൽവനോട്ടം വഹിക്കുന്ന ഒരു ഡെപ്യൂട്ടി ഡയറക്ടറും, അസിസ്റ്റന്റ് ഡയറക്ടറും ഡിപ്പാർട്ട്മെന്റിൽ ഉണ്ട്. കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഫിഷറീസ് സ്റ്റേഷനുകൾ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വലിയതുറ (തിരുവനന്തപുരം), കരുനാഗപ്പള്ളി (കൊല്ലം), അർത്തുങ്കൽ (ആലപ്പുഴ), തേവര (എറണാകുളം), ചാവക്കാട് (തൃശൂർ), താനൂർ (മലപ്പുറം), ബൈപ്പൂർ (കോഴിക്കോട്), അഴീക്കൽ (കണ്ണൂർ), കാഞ്ഞങ്ങാട് കാസർഗോഡ്) എന്നിവിടങ്ള്ളിൽ മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്ഥാപിച്ചിട്ടുള്ള പത്ത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹെസ്ക്കൂളുകൾ ബോർഡിംഗ് സൗകര്യത്തോടുകൂടി പ്രവർത്തിച്ചു വരുന്നു. ഈ സ്കൂളുകളുടെ നിയന്ത്രണം ഇപ്പോൾ അതതു സ്ഥലത്തെ ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കാണ്. ഈ സ്കൂളുകളിലെ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ മറ്റ് അദ്ധ്യാപകർ എന്നിവരെ നിയമിക്കുന്നത് വിദ്യാഭ്യാസ വകുപ്പിൽ നിന്നുമാണ്. കൂടാതെ പഞ്ചായത്ത് തലത്തിലുള്ള നൂറ് മത്സ്യ ഭവനുകളും ഡിപ്പാർട്ടുമെന്റിന് കീഴിലുണ്ട്.

മത്സ്യഫെഡ്, അഡാക്ക്, സാഫ്, ഫിർമ, ഫണ്ട് ബോർഡ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവ യഥാക്രമം മാനേജിംഗ് ഡയറക്ടർ എന്നിവരുടെ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. മത്സ്യഫെഡിന്റെയും അഡാക്കിന്റെയും, ഫിർമയുടെയും, തീരദേശ വികസന കോർപ്പറേഷൻ എന്നിവയുടെയും ആസ്ഥാനം തിരുവനന്തപുരത്താണ്. എന്നാൽ ഫണ്ട് ബോർഡ് തൃശ്ശൂർ ആസ്ഥാനമായും, സാഫ്, എറണാകുളം ആസ്ഥാനമായും പ്രവർത്തിച്ചു വരുന്നു. കടലോര ജില്ലകളിൽ മത്സ്യഫെഡിന് ജില്ലാ ഓഫീസുകലുണ്ട് അഡാക്കിന് ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും റീജിയണൽ ഓഫീസുകൾ ഉണ്ട്. കൂടാതെ 14 ജില്ലകളിലും കേന്ദ്രാവിഷ്കൃത മത്സ്യകർഷക വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമതലത്തിലുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ ഫെഡറേഷനായ മത്സ്യഫെഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ, എൻ.സി.ഡി.സി ദേശീയ പിന്നോക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യോൽപാദനം കൂട്ടുന്നതിനും, വരു

മാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു. കുട്ടനാട് ശുദ്ധജല കൊഞ്ച് കൃഷി വികസന പദ്ധതിയും, പൊക്കാളി പാടശേഖരങ്ങളിലെ സുസ്ഥിര ചെമ്മീൻ കൃഷിയും, കോൾ നിലങ്ങളിലെ ഒരു നെല്ലും ഒനു മീനും പദ്ധതിയും, പൊയ്യ ഓരു ജല മത്സ്യം വളർത്തൽ കേന്ദ്രത്തിലെ മത്സ്യ/ചെമ്മീൻ കൃഷിയും അഡാക്കിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. സമഗ്രതീരദേശ വികസനമാണ് തീരദേശ വികസന കോർപ്പറേഷന്റെ ലക്ഷ്യം. മത്സ്യത്തൊഴിലാളികളുടേയും മത്സ്യബന്ധന അനുബന്ധ ത്തൊഴിലാളികളുടേയും ക്ഷേമ പ്രവർത്തനങ്ങൾ ഫണ്ട് ബോർഡാണ് നടപ്പിലാക്കുന്നത്. ഡിപ്പാർട്ടുമെന്റ് ഈ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതോടൊപ്പം നേരിട്ടും വികസന ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ പരിശോധിക്കുന്നതിനും ആശ്വാസം നൽകുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനം നടത്തി വരുന്നു.

ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ സർവ്വീസ് ഡിപ്പാർട്ടുമെന്റ് ആണ് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്. മത്സ്യബന്ധന തുറമുഖങ്ങൾ, കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, മത്സ്യ ചെമ്മീൻ കുഞ്ഞുൽപാദന കേന്ദ്രങ്ങൾ, ഫിഷറീസ് റോഡുകൾ, കുടിവെള്ള വിതരണം, ഡിസ്പെൻസറികൾ, ഫിഷറീസ് സ്കൂളുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ചീഫ് എഞ്ചിനീയർ തലവനായ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റാണ് ഏറ്റെടുത്ത് നടത്തുന്നത്.

## 1. മത്സ്യ സമൃദ്ധി

### ലക്ഷ്യങ്ങൾ

കേരളത്തിലെ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ ഉൾപ്പെട്ട എല്ലാ ഓരു ജലാശയങ്ങളിലും, ശുദ്ധ ജലാശയങ്ങളിലുമായി മത്സ്യകൃഷി വ്യാപനവും, ഉൽപ്പാദന വർദ്ധനവും, കൃഷിരീതികളിലേയും മത്സ്യഇനങ്ങളിലേയും വൈവിധ്യ വൽക്കരണവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2012-13 മുതൽ 2014-15 വർഷങ്ങളിലായി 1200 ഹെക്ടർ ജലാശയങ്ങളിൽ പദ്ധതി നടപ്പിലാക്കും.

### ഗുണഭോക്താവ്

സ്വന്തമായി ജലാശയങ്ങൾ ഉള്ളവരും, ദീർഘ കാല പാട്ടത്തിനെടുത്തവരേയും, പാടശേഖര സമിതികളേയും, കർഷക സമിതികളേയും ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പട്ടികയിൽ ഉൾപ്പെട്ടവർ ചേർന്ന് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി രൂപീകരിക്കുന്ന കർഷക ക്ലബ്ബ് അംഗങ്ങളിൽ കൃഷിക്ക്

അനുയോജ്യമായ ജലാശയങ്ങൾ ഉള്ളവർക്കെല്ലാം പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കും. അതാത് പഞ്ചായത്തുകൾ തിരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്ത് തല കോർഡിനേർമാർ മുഖാന്തിരമോ, ജില്ലാ ഫിഷറീസ് ഓഫീസർക്ക് നേരിട്ടോ അപേക്ഷ നൽകാവുന്നതാണ്. കോർഡിനേറ്റർമാർക്കുള്ള ചിലവ് വകുപ്പ് വഹിക്കുന്നതാണ്.

## പദ്ധതി നിർവ്വഹണം

ജില്ലാ ഫിഷറീസ് ഓഫീസർമാർക്കാണ് നിർമ്മാണ ചുമതല. സഹായ ഘടകങ്ങളായി പ്രോജക്ട് അസിസ്റ്റന്റുമാരും, പഞ്ചായത്ത് തലത്തിൽ കോർഡിനേറ്റർമാരും പ്രവർത്തിക്കുന്നു.

## ഫണ്ടിംഗ്

പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക സർക്കാർ ഫിഷറീസ് വകുപ്പുവഴി ലഭ്യമാകുന്നതും, ആയത് ആവശ്യാനുസരണം ജില്ലാതല ഉദ്യാഗസ്ഥർ വഴിയും ചിലവഴിക്കുന്നു. കർഷകർക്ക് അവരുടെ കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിനും, ജലാശയത്തിന്റെ സ്വഭാവത്തിന് ആനുപാതികമായി ഹെക്ടറിന് 5000 മത്സ്യവിത്ത്, 5000 ആറ്റുകൊഞ്ച് വിത്ത്. 25000 കരചെമ്മീൻ വിത്ത് 50000 നാരൻ ചെമ്മീൻ, 100 കരിമീൻ വിത്ത് എന്നിവ അനുയോജ്യത അനുസരിച്ച് സബ്സിഡി നിരക്കിൽ വിതരണം ചെയ്യും. ഇൻപുട്ടിന്റെ നിരക്കിൽ വരുന്ന വ്യത്യാസം അനുസരിച്ച് ബാക്കി തുകയ്ക്ക് മത്സ്യത്തീറ്റയ്ക്കുള്ള സബ്സിഡിയും ലഭിക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

- സ്വയംഭരണ സ്ഥാപനത്തിലെ മേധാവി അദ്ധ്യക്ഷനായി അക്വാ ക്ലബ്ബുകൾ രൂപീകരിക്കുക
- അക്വാകൾച്ചർ കോ-ഓർഡിനേറ്ററായി മത്സ്യകൃഷിയിലും, പൊതുപ്രവർത്തനത്തിലും താൽപര്യമുള്ള ഒരു സന്നദ്ധ പ്രവർത്തകനെ തിരഞ്ഞെടുക്കുക
- സ്വയംഭരണ സ്ഥാപനത്തിന്റ പരിധിയിൽ വരുന്ന ജലാശയങ്ങളും, മത്സ്യകൃഷിക്ക് രൂപാന്തരപ്പെടുത്തി എടുക്കാൻ സാധ്യതയുള്ള പ്രദേശങ്ങളുടേയും അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും, അവ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദ്ധരായ പ്രോജക്ട് അസിസ്റ്റന്റുമാർക്കും കൈമാറുക.
- അത്തരത്തിലുള്ള ജലാശയങ്ങളുടെ അനയോജ്യത ശാസ്ത്രീയമായി തിട്ടപ്പെടുത്തുകയും, കൃഷിക്കുവേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പരിശീലന പരിപാടികളും, സംവാദങ്ങൾ സംഘടിപ്പിക്കു

കയും അവസാനം വിത്ത് ലഭ്യമായി കർഷകർക്ക് വിതരണം നടത്തുക, പിന്നീട് വിളവെടുപ്പ് നടത്തുന്നതുവരെയുള്ള പരിപാലന മുറകൾക്ക് നേതൃത്വം നൽകുക എന്നിവ പ്രോജക്ട് അസിസ്റ്റന്റുമാരുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങളാണ്.

## സംഘാടനം

ജില്ലാതല ഫിഷറീസ് ഉദ്യോഗസ്ഥരും, തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി അദ്ധ്യക്ഷനായിട്ടുള്ള അക്വാ ക്ലബ്ബുകളും, പഞ്ചായത്ത് നിശ്ചയിക്കുന്ന അക്വാ കോർഡിനേറ്ററും സംയുക്തമായി പദ്ധതി സംഘടിപ്പിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ ആരംഭ പ്രവർത്തനങ്ങളായ സ്ഥിതി വിവര കണക്കുകളും ശേഖരം മുതൽ അക്വാ ക്ലബ്ബുകളുടെ രൂപീകരണം തുടങ്ങി എല്ലാം തന്നെ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിനാണ് നടത്തി വരുന്നത്. കൂടാതെ പദ്ധതി മോണിറ്ററിംഗിനായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യനായി ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായി, മത്സ്യഭവൻ ഓഫീസർ കൺവീനർ ആയും പഞ്ചായത്ത് തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി രൂപീകരണവും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുക. പദ്ധതിക്ക് ആവശ്യമായ ഗുണമേന്മയുള്ള മത്സ്യ/ചെമ്മീൻ വിത്ത് ലഭ്യമാക്കി കൊടുക്കുക. കർഷകർക്ക് ആവശ്യമായ സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കി കൊടുക്കുക എന്നിവ വകുപ്പിന്റെയും വകുപ്പ് നിശ്ചയിച്ചിരിക്കുന്ന ജില്ലാ തല ഉദ്യോഗസ്ഥന്റേയും ചുമതലയാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപന സംയോജന സാധ്യതകൾ

നിലവിൽ പദ്ധതിയുടെ നിർമ്മാണത്തിലും, ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിലും പദ്ധതിയുടെ നിരീക്ഷണത്തിനും വിലയിരുത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വ്യക്തമായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി അവസാനിക്കുന്ന ഘട്ടത്തിൽ അതുവരെയുള്ള സ്വീകാര്യതയുടെയും, പ്രദേശത്തെ പദ്ധതിയുടെ സാധ്യതാ വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ പിന്നീട് ഉൾപ്പെടുത്തി തുടരാവുന്നതുമാണ്.

# 2. കേരള മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കലും, കടൽരക്ഷാ പ്രവർത്തനങ്ങളും

## ലക്ഷ്യങ്ങൾ

- മത്സ്യബന്ധന അപകട സമയത്ത് കടലിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് കരയിൽ എത്തിക്കുക. അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക
- മത്സ്യസമ്പത്ത് എന്നെന്നെക്കുമായി ശോഷിച്ചു പോകാൻ സാധ്യതയുള്ള മത്സ്യബന്ധന രീതികൾ തടയുക.
- ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക

## ഗുണഭോക്താവ്

സംസ്ഥാനത്തെ മുഴുവൻ മത്സ്യ-അനുബന്ധത്തൊഴിലാളികൾ

## സ്കീമിന്റെ നിർവ്വഹണം

ജില്ലാതല ഉദ്യോഗസ്ഥ സംവിധാനങ്ങൾ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി ഫിഷറീസ് ഡയറക്ടർക്കു നൽകി ആവശ്യങ്ങൾ അനുസരിച്ച് ജില്ലാതല ഉദ്യോഗസ്ഥന് നൽകുന്നു.

## പ്രവർത്തനങ്ങൾ

- മത്സ്യബന്ധനയാനങ്ങൾ തരം തിരിച്ച് രജിസ്ട്രേഷനോ, നിയമാനുസൃതമായ മത്സ്യബന്ധന രീതികൾക്ക് ലൈസൻസോ നൽകുന്നു.
- കടലിലെ സാഹചര്യങ്ങൾ അതിജീവിക്കാനുള്ള സുരക്ഷാ ഉപകരണങ്ങൾ ഉറപ്പാക്കുന്ന സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യും.
- കടലിൽ റോന്തു ചുറ്റുക. അപകടം സംഭവിച്ചാൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഫിഷറീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുന്നതിനുള്ള ബിക്കൺ സംവിധാനങ്ങൾ നൽകുക. അവയിൽ ലഭിക്കുന്ന സിഗ്നലുകൾ അനുസരിച്ച് കോസ്റ്റ് ഗാർഡ് വഴി രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനവും വിലയിരുത്തുലുകളും സർക്കാർ തലത്തിലും ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിലും നിർവ്വഹിക്കുന്നു.

### സംഘാടനം

ഫിഷറീസ് വകുപ്പ്, ഇന്ത്യൻനേവി, കോസ്റ്റ് ഗാർഡ്, മറൈൻ എൻഫോഴ്സ്മെന്റ് വിങ്ങ്, കോസ്റ്റൽ പോലീസ്, കേരള പോലീസ്, പോർട്ട് ട്രസ്റ്റ് എന്നിവ സംയുക്തമായി നിർവ്വഹിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതല

അപകട സംബന്ധമായ വിവരങ്ങൾ, പ്രാദേശികമായി പെട്ടെന്ന് ശേഖരിക്കാനും യഥാസമയം കൺട്രോൾ റൂമുമായി ബന്ധപ്പെടുവാനും കഴിയും. കടൽ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിർദ്ദേശങ്ങളും അനുസരിക്കേണ്ട അത്യാവശ്യ വിവരങ്ങളും സംബന്ധിച്ച പരിശീലനപരിപാടികൾ വകുപ്പിന്റെയും, കോസ്റ്റ് ഗാർഡിന്റേയും സഹായത്തോടെ സംഘടിപ്പിക്കാവുന്നതാണ്.

## 3. ഫിഷറീസ് സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ

### ലക്ഷ്യങ്ങൾ

- മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് മാത്രമായി മെച്ചപ്പെട്ട വിദ്യാഭ്യാസം തികച്ചും സൗജന്യമായി നൽകുക.
- എല്ലാ മത്സ്യത്തൊഴിലാളി കുട്ടികൾക്കും ഹൈസ്ക്കൂൾ തല വിദ്യാഭ്യാസം ഉറപ്പാക്കുക
- വിദ്യാഭ്യാസ വികസന പൊതുധാരയിലേക്ക് മത്സ്യത്തൊഴിലാളി ഭാവിതലമുറകളെ കൈപിടിച്ച് കൊണ്ടുവരിക

### ഗുണഭോക്താക്കൾ

മത്സ്യത്തൊഴിലാളികളുടെ മക്കൾ, ഓരോ വിദ്യാഭ്യാസ വർഷവും പ്രത്യേകമായി അപേക്ഷകൾ ക്ഷണിച്ച് മെറിറ്റിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നു. അതത് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്കാണ് അപേക്ഷ നൽകേണ്ടത്.

### പദ്ധതി നിർവ്വഹണം

സ്കൂളിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പദ്ധതിയാണിത്. ഫിഷറീസ് വകുപ്പിന്റെ ജില്ലാതല ഉദ്യാഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു.

## പ്രവർത്തനങ്ങൾ

- വിദ്യാഭ്യാസ ആരംഭ വർഷത്തിൽ അപേക്ഷ ക്ഷണിച്ച് 8-ാം ക്ലാസ്സിലേക്ക് ആദ്യ പ്രവേശനത്തിനായി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുക
- സൗജന്യ ഹോസ്റ്റൽ, താമസ സൗകര്യം, സൗജന്യ ഭക്ഷണവും മറ്റ് പഠന സഹായങ്ങളും നൽകുക
- മറ്റ് പശ്ചാത്തല വികസനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുക.

## സംഘാടനം

ഫിഷറീസ് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘാടനം നടത്തുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പദ്ധതിയാണ്.

## വകുപ്പിന്റെ പങ്ക്

വിദ്യാഭ്യാസത്തിനുള്ള ചിലവിനങ്ങൾ ബജറ്റിൽ ഉൾക്കൊള്ളിക്കുക, സ്കൂളിന്റെ അറ്റകുറ്റപണികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കുക, ഹോസ്റ്റൽ മെയ്ന്റനൻസ് നടത്തുക

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതിയിൽ ഉണ്ടാകുന്ന വിടവുകൾ കണ്ടെത്തി ആവശ്യമായ വകയിരുത്തലുകൾ നടത്താവുന്നതും, വിദ്യാഭ്യാസ ഗുണനിലവാരം വിലയിരുത്താനും, പരിഹാര മാർക്ഷങ്ങൾ നിർദ്ദേശിക്കാനും സാധിക്കും

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തുവാനും പദ്ധതിയുടെ മെച്ചം കൂടുതൽ പ്രചരിപ്പിക്കുവാനും ശ്രദ്ധിക്കാവുന്നതാണ്.

## 4. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ചെലവിനുള്ള പദ്ധതി

### ലക്ഷ്യങ്ങൾ

മത്സ്യത്തൊഴിലാളി കുട്ടികളുടെ മുഴുവൻ വിദ്യാഭ്യാസ ചെലവും ഏറ്റെടുത്ത് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക

### ഗുണഭോക്താക്കാൾ

ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾ

### പദ്ധതി നിർവ്വഹണം

ജില്ലാതല ഫിഷറീസ് വകുപ്പ് മേധാവി

### ഫണ്ടിംഗ്

സംസ്ഥാന സർക്കാരിന്റെ ബജറ്റിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് വഴി ചിലവഴിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അതേ രീതിയിൽ സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

### പ്രവർത്തനങ്ങൾ

- പ്രൈമറി സ്കൂൾ തലത്തിൽ തുടങ്ങി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ മക്കളുടെയും വിവരശേഖരണം അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ വഴി പ്രത്യേകമായി അപേക്ഷാ ഫോറത്തിൽ ശേഖരിക്കുന്നു.
- ജില്ലാത ഉദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തി അർഹത ഉറപ്പാക്കി ആവശ്യമായ ഫണ്ട് ചേർത്ത് സ്കൂൾ മേധാവികൾക്ക് തിരിച്ച് നൽകുന്നു.
- സ്കൂൾ മേധാവികൾ ഫണ്ട് മാറി വിദ്യാർത്ഥികൾക്ക് നൽകുന്നു.

### സംഘാടനം

ഫിഷറീസ് വകുപ്പും, വിദ്യാഭ്യാസ മേധാവികളും സംയുക്തമായി സംഘാടനം നടത്തുന്നു.

### വകുപ്പിന്റെ പങ്ക്

ധന സമാഹരണവും, അവ അതാത് സ്കൂളുകളിൽ എത്തിക്കുന്നതിന്റേയും പങ്ക് വകുപ്പിൽ നിക്ഷിപ്തമാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

അനർഹരെ ഒഴിവാക്കാനും, അർഹതപ്പെട്ടവരെ ഒഴിവാക്കുന്നത് തടയാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ ഇനത്തിലുള്ള വകയിരുത്തലുകൾ ഒഴിവാക്കാനും കഴിയും. പദ്ധതിയെപ്പറ്റി സമഗ്രമായ അറിവ് ജനങ്ങൾക്ക് നൽകുന്നതിനും കഴിയും.

## 5. മത്സ്യ വിഭവ സംരക്ഷണവും പരിപാലനവും

### ലക്ഷ്യങ്ങൾ

വിവിധ ഇനത്തിൽപ്പെട്ട വലിയൊരു വിഭാഗം കടൽ മത്സ്യങ്ങളുടേയും ശുദ്ധജല മത്സ്യങ്ങളുടേയും പ്രജനന കേന്ദ്രങ്ങളാണ് അഴിമുഖങ്ങളും, കായലുകളും ഇത്തരം കേന്ദ്രങ്ങൾ കണ്ടെത്താനും, അവയെ വേർതിരിച്ച് മത്സ്യ സംരക്ഷണ കേന്ദ്രങ്ങളായും റിസർവോയറുകളുമായും സംരക്ഷിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യ വിഭവ സമ്പത്ത് വർദ്ധിക്കുന്നതിനായി ഗുണമേന്മയുള്ള വിത്തുകൾ നിക്ഷേപിക്കുന്നു. ശാസ്ത്രീയമായി രൂപ കൽപന ചെയ്ത കൃത്രിമ ആവാസ വ്യവസ്ഥകളിൽ (റീഫുകൾ) നിക്ഷേപിച്ച് നേഴ്സറി പ്രദേശങ്ങളായി രൂപപ്പെടുത്തി സമുദ്ര സമ്പത്തിന്റെ വികസനത്തിനും വർദ്ധനവിനും സഹായമാകുക എന്നതും വിശാല ലക്ഷ്യത്തിൽപ്പെടുന്നു.

### ഗുണഭോക്താവ്

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന എല്ലാവർക്കും ഗുണം ലഭിക്കുന്ന ഒരു പൊതു പദ്ധതിയാണ്.

### സ്കീമിന്റെ നിർവ്വഹണം

പദ്ധതി നിർവ്വഹണം ഫിഷറീസ് വകുപ്പ് നിർവ്വഹിക്കുന്നു

### ഫണ്ടിംഗ്

സർക്കാർ പ്ലാൻ പദ്ധതിയിൽപ്പെടുത്തി വകയിരുത്തുന്ന തുക ജില്ലാതല ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വകയിരുത്തി നൽകുക

### പ്രവർത്തനങ്ങൾ

അനുയോജ്യ പദ്ധതി പ്രദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തി ഫിഷിംഗ് വകുപ്പിനെ അറിയിക്കുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെയും ഫിഷറീസ് വകുപ്പിന്റെയും അനുമതികൾ വാങ്ങുന്നു. പ്രാദേശിക പ്രചരണ പരിപാടികൾ നടത്തി തദ്ദേ

ശസ്വയംഭരണ സ്ഥാപനത്തിന്റെ സാന്നിദ്ധ്യത്തിൽ പദ്ധതി ഘടകങ്ങൾ നിർവ്വഹിക്കുന്നു.

## സംഘാടനം

ഫിഷറീസ് വകുപ്പ് സംഘാടനം നിർവ്വഹിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

നിലവിൽ പദ്ധതി പ്രദേശം നിശ്ചയിക്കുന്നതും, പദ്ധതി നിർവ്വഹണം നടത്തുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെയും, സഹായത്തോടെയുമാണ് വിഭവ സംരക്ഷമത്തിനായി പ്രാദേശികമായ സാദ്ധ്യതകളും, ആവശ്യങ്ങളും കണക്കിലെടുത്ത് മത്സ്യബന്ധന രീതികൾക്കും, കൃഷിരീതികൾക്കും നിയന്ത്രണങ്ങൾ കൊണ്ടുവരാവുന്നതും പ്രാദേശിക പ്രശ്നങ്ങൾക്ക് വെല്ലുവിളികൾക്കുമുള്ള ചർച്ചകൾക്ക് നേതൃത്വം നൽകാവുന്നതും ക്രോഡീകരണം നടത്തി സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാവുന്നതാണ്.

## വകുപ്പിന്റെ പങ്ക്

പ്രാദേശിക സർക്കാരുകളും സഹായത്തോടെ പദ്ധതി പ്രദേശങ്ങൾ കണ്ടെത്തി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ഫണ്ട് സമാഹരിക്കുകയും നിർവ്വഹണം നടപ്പിലാക്കുന്നതിന്റെയും പ്രധാന ഉത്തരവാദിത്വം ഫിഷറീസ് വകുപ്പിൽ നിക്ഷിപ്തമാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

സമുദ്ര, കടൽ, കായൽ പുഴ സാമീപ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മത്സ്യത്തൊഴിലാളികളുടെ ഉന്നമനവും, മത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടും പദ്ധതികൾ തയ്യാറാക്കാവുന്നതും വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കാവുന്നതുമാണ്. മത്സ്യസമ്പത്തിന്റെ പോഷണത്തെ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾക്കായി പദ്ധതികൾ തയ്യാറാക്കി വകുപ്പിനെ സമീപിക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും ഈ പദ്ധതി ഏറ്റെടുക്കണമെന്നോ നടപ്പിലാക്കിയിരിക്കണമെന്നോ നിർബന്ധിക്കാനാവില്ല. ശാസ്ത്രീയ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ഏറ്റെടുക്കേണ്ട പദ്ധതിയാണ്.

## തീരദേശ വികസന കോർപ്പറേഷൻ

## 6. സംയോജിത മത്സ്യഗ്രാമ വികസനം

### ലക്ഷ്യങ്ങൾ

തെരെഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ, സാനിട്ടേഷൻ, വൈദ്യുതീകരണം, ലൈബ്രറി, ജീവനോപാധി എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ

### ഗുണഭോക്താവ്

പദ്ധതി നടപ്പിലാക്കുന്ന 25 മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. കൂടാതെ മറ്റ് തീരദേശവാസികൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

### സ്കീമിന്റെ നിർവ്വഹണം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പദ്ധതി നിർവ്വഹണം നടത്തുന്നു. കുടിവെള്ള വിതരണം കേരള വാട്ടർ അതോറിറ്റി മുഖേനയും വൈദ്യുതീകരണം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേനയും നടപ്പിലാക്കുന്നു.

സംസ്ഥാന വിഹിതമായി ലഭിക്കുന്ന ഫണ്ട് അതത് ലൈൻ ഡിപ്പാർട്ട്മെന്റുകൾക്ക് പദ്ധതിയുടെ പുരോഗതിക്കനുസൃതമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നൽകുന്നു.

### പ്രവർത്തനങ്ങൾ

പഞ്ചായത്തുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഫീൽഡ് തലത്തിൽ സാധ്യതാ പഠനം നടത്തിയതിന് ശേഷം പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി ഫിഷറീസ് ഡയറക്ടർ മുഖേന ഗവൺമെന്റിന് സമർപ്പിക്കുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവർത്തികൾ ടെൻഡർ ക്ഷണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. പദ്ധതിയുടെ പുരോഗതിയും ഗുണനിലവാരവും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നേരിട്ട് വിലയിരുത്തുന്നു.

### സംഘാടനം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലൈൻ ഡിപ്പാർട്ട്മെന്റ് വഴി കുടിവെള്ള വിതരണം വൈദ്യുതീകരണം തുടങ്ങിയ പദ്ധതി നിർവ്വഹണം നടത്തുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്തുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ പ്രകാരമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പ്രൊപ്പോസൽ തയ്യാറാക്കുന്നത്. കൂടാതെ പൊതു സൗകര്യം ഉറപ്പാക്കുന്നതിന് വേണ്ടുന്ന സ്ഥലവും പദ്ധതി പൂർത്തിയാക്കിയ ശേഷം തുടർ നടത്തിപ്പും പരിപാലനവും പഞ്ചായത്തുകൾ നൽകുന്നു.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വകുപ്പ് വഴി ഫണ്ട് കോർപ്പറേഷന് നൽകുന്നു. പദ്ധതി അംഗീകാരത്തിനായി വകുപ്പ് വഴി സർക്കാരിന് സമർപ്പിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുടെ ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ചാണ് തീരദേശത്ത് പൊതു അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. തദ്ദേശഭരണ സ്ഥാപനത്തിന്റെ ടി മേഖലയിലെ പദ്ധതികൾ തയ്യാറാക്കുമ്പോൾ കോർപ്പേറഷൻ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ കൂടി ചർച്ചയ്ക്ക് വിധേയമാക്കണം. കൂടാതെ ഗ്രാമസഭകളിലും സ്റ്റേയ്ക്ക് ഹോൾഡർ യോഗങ്ങളിലും കോർപ്പറേഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യപ്പെടണം.

## 7. വിഭവ സംരംക്ഷണവും പരിപാലനവും

### ലക്ഷ്യങ്ങൾ

തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അത് സുസ്ഥിരമായി പരിപാലിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ്  കൃത്രിമപാരുകൾ നിക്ഷേപിക്കൽ പദ്ധതി ആവിഷ്ക്കരിച്ചത്.

### ഗുണഭോക്താവ്

തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത വള്ളക്കാർക്കും കട്ടമരം തൊഴിലാളികൾക്കും അധിക ചെലവ് ഉണ്ടാകാതെ തന്നെ ജീവനമാർഗ്ഗം കണ്ടെത്താൻ സഹായകമാകുന്നു.

### സ്കീമിന്റെ നിർവ്വഹണം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പദ്ധതി നിർവ്വഹണം നടത്തുന്നു.

## പ്രവർത്തനങ്ങൾ

ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവർത്തി ടെൻഡർ ക്ഷണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. പാര് നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥാനം മത്സ്യതൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടെ നിശ്ചയിക്കുന്നു. പാരുകളുടെ നിർമ്മാണവും നിക്ഷേപിക്കലും കൃത്രിമപ്പാര് നിക്ഷേപിച്ചതിന്റെ തുടർപഠനവും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നേരിട്ട് നടത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതും പാരുകൾ കടലിൽ നിക്ഷേപിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെയാണ്.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതിയുടെ ആവശ്യകതാ പഠനം, പുരോഗതി, ഗുണനിലവാരം എന്നിവ വിലയിരുത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുടെ ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പാര് നിക്ഷേപിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ കോർപ്പറേഷൻ സ്കീമുകൾ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചയ്ക്ക് വിധേയമാക്കണം. സ്ഥലം മുതലായവ തദ്ദേശഭരണ സ്ഥാപനം നിർദ്ദേശിക്കണം. ഇവ ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

# സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവുമൺ (സാഫ്).

കേരളത്തിലെ തീരപ്രദേശത്ത് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി 1955 ലെ തിരുവിതാംകൂർ കൊച്ചി ലിറ്റററി സയറ്റന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 2005 ജൂൺ 1-ാം തീയതി T 1989 ക്രമനമ്പറായി രജിസ്റ്റർ ചെയ്തിരിക്കുന്നതും ഫിഷറീസ് ഡിപ്പാർട്ട്മെന്റിൻ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരളത്തിലുടനീളം പ്രവർത്തനമേഖലയുള്ള ഒരു സ്ഥാപനമാണ് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവുമൺ (സാഫ്).

മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ വിവിധ തരം പരിശീലനങ്ങൾ, സാമ്പത്തിക സഹായം, വിപണനം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, വായ്പകൾ, ഉൽപാദന വിപണന ശൃംഖല തയ്യാറാക്കൽ, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുവാൻ കഴിയുന്ന വിവിധ വകുപ്പുകളുടെ സേവനങ്ങളും വിഭവങ്ങളും ആവശ്യാധിഷ്ഠിതമായി സമന്വയിപ്പിച്ച് നൽകുക, പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് സാഫ് ന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ.

## 8. " തീരമൈത്രി "

### ലക്ഷ്യങ്ങൾ

മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വരുമാനം കണ്ടെത്തുന്നതിനുമായി വിവിധ ജീവനോപാധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

### ഗുണഭോക്താവ്

സുനാമി അടിയന്തിര സഹായ പദ്ധതി (TEAP) സുനാമി പുനരധിവാസ പദ്ധതി (TRP) പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി (PMNRF) തുടങ്ങിയ പദ്ധതികളിലൂടെ തിരഞ്ഞെടുത്തവർ. പുതിയതായി ജീവനോപാധി പദ്ധതിക്കായി രൂപീകൃതമായിട്ടുള്ള ആക്റ്റിവിറ്റി ഗ്രൂപ്പുകളിലെ അംഗങ്ങൾ. ഇവർ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, വിധവകൾ, വികലാംഗർ, പട്ടികജാതി വർഗ്ഗങ്ങൾ, വിദ്യാഭ്യാസയോഗ്യത, പ്രായ പരിധി എന്നിവ മാനദണ്ഡമായി നിശ്ചയിച്ച് അവർക്ക് മാർക്ക് നൽകി ഗ്രേഡിംഗ് നടത്തുന്നു.

### സ്കീമിന്റെ നിർവ്വഹണം

ഫിഷറീസ് വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവുമൺ (സാഫ്). ആലുവയിൽ കിഴക്കേ കടുങ്ങല്ലൂരിൽ സാഫിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പ്രവർത്തിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ നിയന്ത്രിക്കുന്നു. ജില്ലകൾ തോറും നോഡൽ ഓഫീസർ, അസിസ്റ്റന്റ് നോഡൽ ഓഫീസർ എന്നിവരും പഞ്ചായത്ത് തലത്തിൽ മത്സ്യഭവൻ ഓഫീസർ, മിഷൻ കോ ഓർഡിനേറ്റർ എന്നിവരും പ്രവർത്തിക്കുന്നു.

## ഫണ്ടിംഗ്

വിശദമായി സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചശേഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും ഫിഷറീസ് ഡയറക്ടർ സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഫണ്ട് കൈമാറുന്നു. ഇങ്ങിനെ ലഭിക്കുന്ന ഫണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചശേഷം പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം ചിലവഴിക്കുന്നു.

## പ്രവർത്തനങ്ങൾ

ഒരു വർഷത്തേക്ക് ആവശ്യമുള്ള ഫണ്ടിനായി സമർപ്പിക്കുന്ന വിശദമായ പ്രോജക്ടിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരവും ഫണ്ടും ലഭിക്കുന്നു. ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, നോഡൽ ഓഫീസർ എന്നിവരും സംസ്ഥാനതലത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറും മോണിറ്ററിംഗ് നടത്തുന്നു.

## സംഘാടനം

തിരഞ്ഞെടുത്ത ഗുണഭോക്തൃ ഗ്രൂപ്പുകൾക്കുള്ള പരിശീലനവും ധനസഹായ വിതരണവും ജില്ലാതലത്തിൽ നോഡൽ ഓഫീസറും പഞ്ചായത്ത് തലത്തിൽ തീരമൈത്രി മാനേജ്മെന്റ് കൗൺസിലും പ്രവർത്തിക്കുന്നു. കുടുബശ്രീ C.D.S സംവിധാനം, വ്യവസായ വകുപ്പ്, EKSAT എന്നീ സംവിധാനങ്ങൾ സംഘാടനത്തിന് ഉപയോഗിക്കുന്നു. മത്സ്യസംസ്കരണം, ടെയ്‌ലറിംഗ് & ഗാർമെന്റ്സ്, വെളിച്ചെണ്ണ നിർമ്മാണം, ഹയർ സർവീസസ്, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കയർ ഉൽപന്നങ്ങൾ, ഹോട്ടൽ & കാറ്ററിംഗ്, ഹോംമെയ്ഡ് സ്വീറ്റ്സ്, ഫ്ളോർ & കറിപൗഡർ, അച്ചാർ നിർമ്മാണം, ഇലക്ട്രോണിക് ചോക്ക് നിർമ്മാണം, പപ്പടം നിർമ്മാണം, പശു വളർത്തൽ, പ്രൊവിഷണൽ സ്റ്റോർ, ഫോട്ടോസ്റ്റാറ്റ് & ഡി.ടി.പി., സൂപ്പർമാർക്കറ്റ്, വെഹിക്കിൾ, കൂട് കൃഷി, റൂറൽ മാർക്കറ്റിംഗ്, ബ്യൂട്ടിപാർലർ, സ്റ്റുഡിയോ തുടങ്ങിയ ലഘുസംരംഭങ്ങളിലൂടെ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ധനസഹായവും, വൈദഗ്ദ്ധ്യ പരിശീലനവും നൽകിവരുന്നു. ഇത്തരം ഗ്രൂപ്പുകൾ സമർപ്പിക്കുന്ന പദ്ധതിയുടെ 80 ശതമാനം ഗ്രാന്റായും (പരമാവധി 2 ലക്ഷം രൂപ വരെ) വിവിധ തരത്തിലുള്ള സ്കിൽ ട്രെയിനിംഗുകൾ സൗജന്യമായും നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ് ചെയർമാനായും, ഗ്രൂപ്പ് അംഗങ്ങൾ കൺവീനറായും മത്സ്യഭവൻ ഓഫീസർ/വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ട്രഷറർ ആയും രൂപീകൃതമായിട്ടുള്ള തീരമൈത്രി കൗൺസിൽ മുഖേന ഗ്രൂപ്പുകൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല.

വകുപ്പ് ഡയറക്ടർ പ്ലാൻ ഫണ്ടിൽ നിന്നും സാഫിനു തുക കൈമാറുന്നു. സാഫ് നിർവ്വഹണം നടത്തുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണസ്ഥാപനം അതിന്റെ പദ്ധതികൾ തയ്യാറാക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, സ്റ്റേയ്ക്ക് ഹോൾഡർ യോഗം എന്നിവയിൽ സാഫ് സ്കീംസ് ചർച്ചയ്ക്ക് വിധേയമാക്കി അവയുടെ പദ്ധതികൾ തയ്യാറാക്കണം. പദ്ധതിരേഖയിൽ അവ വിവരിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സാഫ് സ്കീമിൽപെടുന്ന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ തദ്ദേശഭരണ സ്ഥാപനവങ്ങൾക്കും ഗ്രാമസഭകൾക്കും വലിയ പങ്കാണുള്ളത്.

## ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ)

1955-ലെ 12-ാമത് തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് മത്സ്യമേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്വയംഭരണ സ്ഥാപനമാണ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ). 11/06/1997 -ൽ സ്ഥാപനം രജിസ്റ്റർ ചെയ്തു. ഫിഷറീസ് വകുപ്പ് മന്ത്രി ചെയർമാനായി പതിനഞ്ച് അംഗങ്ങളുള്ള ഭരണ സമിതിയും ഫിഷറീസ് വകുപ്പ് സെക്രട്ടറി ചെയർമാനായി ആറ് അംഗങ്ങളുള്ള ഒരു കാര്യനിർവഹണ സമിതിയും നിലവിലുണ്ട്.

1997-ൽ നിലവിൽ വന്ന ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആണ്. കൂടാതെ പ്രോജക്ട് കോർഡിനേറ്ററുടെ മേൽനോട്ടത്തിൽ ഒരു റീജിയണൽ ഓഫീസ് എറണാകുളത്ത് പ്രവർത്തിക്കുന്നു.

# 9. ഡവലപ്മെന്റ് ഓഫ് ഡാറ്റാബേസ് ഓൺ എക്സ്പ്ലോയിറ്റഡ് ഫിഷറി റിസോഴ്സ് ഓഫ് മറൈൻ ആന്റ് ഇൻലാന്റ് റിസോഴ്സ് ഓഫ് കേരള.

### ലക്ഷ്യങ്ങൾ

- കേരള ഉൾനാടൻ - കടൽ മേഖലകളിൽ വിവിധ മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന്റെ വിവരശേഖരണം.

- അധിക വിഭവശോഷണം ഉണ്ടോ എന്ന് കണ്ടുപിടിക്കുക.
- മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക വിവരശേഖരണം.
- മത്സ്യവിഭവ പരിപാലന - വികസനങ്ങൾക്കായി മാർഗ്ഗങ്ങൾ രൂപീകരിക്കുക.

## ഗുണഭോക്താവ്

ഉൾനാടൻ - കടൽ മത്സ്യത്തൊഴിലാളികൾ

## സ്കീമിന്റെ നിർവ്വഹണം

ഫിഷറീസ് വകുപ്പ് - എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് വഴി ഫിർമയ്ക്ക് നൽകുന്നു. ഫിർമ ആവശ്യാനുസരണം പിൻവലിച്ച് ഉപയോഗിക്കുന്നു.

## പ്രവർത്തനങ്ങൾ

ഫിർമ പദ്ധതി തയ്യാറാക്കി ഫിഷറീസ് വകുപ്പ് വഴി സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നു. പദ്ധതി പ്രവർത്തനത്തിനായി സ്റ്റാഫിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച് പ്രവർത്തനം നടത്തുന്നു

## സംഘാടനം

ഫിർമ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

വിവരശേഖരണത്തിൽ ഫിർമയെ സഹായിക്കുക, ഗ്രാമസഭകളിൽ അവബോധം നൽകുക.

## വകുപ്പിന്റെ പങ്ക് /നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

ലക്ഷ്യങ്ങളിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾക്കായിട്ടുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, റിപ്പോർട്ട് തയ്യാറാക്കലും നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതലയാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് ഫിർമയുടെ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചയ്ക്ക് വിധേയമാക്കാം. വിവരശേഖരണം, വിവരങ്ങൾ ചർച്ച ചെയ്യുകയും പദ്ധതിരേഖയുടെ ഭാഗമാക്കുകയും ചെയ്യാം.

## 10. എക്സ്പ്ലോയിറ്റഡ് ഫിഷറീസ് റിസോഴ്സസ് ഓഫ് കുട്ടനാട് വെറ്റ്ലാന്റ് ഇക്കോ സിസ്റ്റംസ് വിത്ത് സ്പെഷ്യൽ റഫറൻസ് റ്റു ഡെവലെപ്മെന്റ് പ്ലാൻ ഫോർ ദി ഇംപ്രൂവ്ഡ് സസ്റ്റൈന ബിലിറ്റി ഓഫ് ദി റിസോഴ്സ്.

### ലക്ഷ്യങ്ങൾ

- കാലാവസ്ഥ വ്യതിയാനംമൂലം കുട്ടനാട് മത്സ്യ മേഖലയ്ക്കുണ്ടണ്ടാകുന്ന മാറ്റത്തെക്കുറിച്ചുള്ള പഠനം.
- കുട്ടനാടൻ മത്സ്യ ജനിതകം (ഫിഷ് ജെം പ്ലാസം) സംബന്ധിച്ച വിവരശേഖരണം.
- ജൈവവൈവിധ്യ ഭീഷണിയുടെ തോത് മനസ്സിലാക്കുക.
- Exotic fishes - അന്യ ദേശീയ മത്സ്യങ്ങളുടെ കടന്നു വരവിന്റെ ഫലം മനസ്സിലാക്കുക.

### ഗുണഭോക്താവ്

മത്സ്യമേഖല, മത്സ്യത്തൊഴിലാളികൾ,

### സ്കീമിന്റെ നിർവഹണം

ഫിഷറീസ് വകുപ്പ് - ഫിർമ എക്സിക്യൂട്ടീവ് ഡയറക്ടർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് വഴി ഫിർമയ്ക്കു നൽകുന്നു. ഫിർമ ആവശ്യാനുസരണം പിൻവലിച്ച് ഉപയോഗിക്കുന്നു

### പ്രവർത്തനങ്ങൾ

ഫിർമ പദ്ധതി തയ്യാറാക്കി ഫിഷറീസ് വകുപ്പ് വഴി സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നു. പദ്ധതി പ്രവർത്തനത്തിനായി സ്റ്റാഫിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച് പ്രവർത്തനം നടത്തുന്നു.

### സംഘാടനം

ഫിർമ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

പാരമ്പര്യ അറിവുകളും ലക്ഷ്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളിലെ അനുഭവ പാഠങ്ങളും പങ്കുവെക്കാൻ സാധിക്കും. കൂടാതെ ഫിർമയുടെ പഠന റിപ്പോർട്ട് ചർച്ചകൾക്ക് വിധേയമാക്കി കൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാം.

## വകുപ്പിന്റെ പങ്ക് /നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി വിവരശേഖരണത്തിനും പദ്ധതി രൂപരേഖയും സാങ്കേതിക വൈദഗ്ധ്യ സംയോജന സാധ്യതകൾ സാദ്ധ്യമാക്കി റിപ്പോർട്ട് തയ്യാറാക്കുക.

# തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ ഫിർമ നടത്തിയ പഠനം വിലയിരുത്തി പദ്ധതികൾക്ക് രൂപം നൽകണം.

# 11. അസസ്മെന്റ് ഓഫ് സ്റ്റാറ്റസ് ഓഫ് റിവറൈൻ ഫിഷറീസ് ആന്റ് ലിങ്കിങ്ങ് വിത്ത് വാട്ടർ ക്വാളിറ്റി റീസ്റ്റോറേഷൻ പ്രോഗ്രാം

## ലക്ഷ്യങ്ങൾ

- പെരിയാറിലെ മത്സ്യ ബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യങ്ങളുടെ വിവരം ശേഖരിക്കുക.
- കഴിഞ്ഞ 15 വർഷങ്ങളുമായുള്ള വ്യത്യാസം കണക്കാക്കുക.
- ജല ഗുണനിലവാരവും മത്സ്യവിഭവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുക.

## ഗുണഭോക്താവ്

മത്സ്യമേഖല, മത്സ്യത്തൊഴിലാളികൾ,

## സ്കീമിന്റെ നിർവഹണം

ഫിഷറീസ് വകുപ്പ് - ഫിർമ, എക്സിക്യൂട്ടീവ് ഡയറക്ടർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് വഴി ഫിർമയ്ക്കു നൽകുന്നു. ഫിർമ ആവശ്യാനുസരണം പിൻവലിച്ച് ഉപയോഗിക്കുന്നു.

## പ്രവർത്തനങ്ങൾ

ഫിർമ പദ്ധതി തയ്യാറാക്കി ഫിഷറീസ് വകുപ്പ് വഴി സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നു. പദ്ധതി പ്രവർത്തനത്തിനായി സ്റ്റാഫിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച് പ്രവർത്തനം നടത്തുന്നു

## സംഘാടനം

ഫിർമ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

പഠനം ടി പരിധിയിൽ വരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ചർച്ചയ്ക്ക് വിധേയമാക്കാം. ജലവിഭവ പരിപാലനവും, ചൂഷണവുമായി ബന്ധപ്പെട്ട് നില നിൽക്കുന്ന പ്രശ്നങ്ങളും അവ പ്രാദേശിക വികസനത്തെ എങ്ങിനെ പ്രതിക്കൂലമായി ബാധിക്കുന്നു. എന്നിവയെ സംബന്ധിച്ച കാഴ്ചപാടുകൾ നിർദ്ദേശത്തെ (ഏജൻസികളുമായി) ചർച്ച് ചെയ്ത് പഠനവുമായി ബന്ധപ്പെടുത്തുകയും പിന്നീടുള്ള വികസന കാഴ്ചപ്പാടുകളിൽ ഉൾപ്പെടുത്തുകയും ചെയ്യാം.

## വകുപ്പിന്റെ പങ്ക് /നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

ഫിർമ പദ്ധതി നിർവ്വഹണം നടത്തുന്നു. വകുപ്പ് തുക കൈമാറുന്നു. ലക്ഷ്യങ്ങളിൽ കാണിച്ചിരിക്കുന്നവക്ക് വേണ്ട മാർക്ഷരേഖകളും പ്രവർത്തനരേഖകളും തയ്യാറാക്കി സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കി കണ്ടെത്തലുകൾ റിപ്പോർട്ടാക്കി സമർപ്പിക്കുക നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതലയാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കു അവയുടെ പദ്ധതികൾ തയ്യാറാക്കുമ്പോൾ വിലയിരുത്തി തയ്യാറാക്കണം.

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശൂർ - (മത്സ്യ ബോർഡ്)

കേരള സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികളുടെയും സാമൂഹികവും സാമ്പത്തികവുമായ ക്ഷേമത്തിന് ഉത

കുന്ന വിവിധ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി 1958 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റും 1999 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റും പ്രകാരം പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്). 1986 ജനുവരി 26-ാം തിയതി തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം കഴിഞ്ഞ 26 വർഷമായി മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് പ്രയോജനകരമായ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളി പെൻഷനും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി എല്ലാ വർഷവും സർക്കാർ ബജറ്റിൽ വിവിധ ശീർഷകങ്ങളിൽ ആവശ്യമായ തുക വകയിരുത്തി ക്ഷേമനിധി ബോർഡിന് അനുവദിച്ചു വരുന്നുണ്ട്. സർക്കാർ അനുവദിക്കുന്ന ബജറ്റ് തുകയും ക്ഷേമനിധി ആക്ട് 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വിവിധ അംശദായ വിഹിതവും സ്വരൂപിച്ച് ക്ഷേമ പ്രവർത്തനങ്ങളും ഭരണപരമായ ചിലവുകളും നടത്തി വരുന്നു.

നിലവിൽ 16 ക്ഷേമ പദ്ധതികൾ മത്സ്യത്തൊഴിലാളി വിഭാഗക്കാർക്കും 9 ക്ഷേമ പദ്ധതികൾ മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കും മത്സ്യബോർഡ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി ആനുകൂല്യങ്ങൾക്ക് 7 ബോർഡിൽ അംഗത്വവും അംശദായ വിഹിതം പൂർണ്ണമായി അടച്ചിരിക്കണമെന്നതും നിർബന്ധമാണ്. നടപ്പുവർഷം 234779 മത്സ്യത്തൊഴിലാളികളും 74139 അനുബന്ധത്തൊഴിലാളികളും ബോർഡിൽ അംഗങ്ങളായിട്ടുണ്ട്. കൂടാതെ ഇരു വിഭാഗങ്ങളിലുമായി 52302 പെൻഷണർമാരും ഉണ്ട്.

## 12 മത്സ്യത്തൊഴിലാളികളുടേയും മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികളുടേയും ക്ഷേമത്തിനായി 25പ ക്ഷേമ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നു.

### ലക്ഷ്യങ്ങൾ

മത്സ്യത്തൊഴിലാളികളുടേയും മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികളുടേയും കുടുംബങ്ങളുടേയും സമഗ്ര ക്ഷേമത്തിനും ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

### ഗുണഭോക്താവ്

മത്സ്യബോർഡിൽ അംഗത്വമെടുത്ത് ആക്ടിൽ നിഷ്കർഷിച്ച പ്രകാരം അംശദായം വീഴ്ച വരുത്താതെ അടക്കുന്ന തൊഴിലാളികൾ

## സ്കീമിന്റെ നിർവ്വഹണം.

മത്സ്യബോർഡിന്റെ കമ്മീഷണർ, ബോർഡിന്റെ നിയന്ത്രണത്തിലുള്ള 5 മേഖലാ ഓഫീസുകളിലെ റീജിയണൽ എക്സിക്യൂട്ടീവുമാർ 54 തീരദേശ ഫീൽഡ് തല ഫിഷറീസ് ഓഫീസർമാർ മുഖേന നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ബജറ്റ് വിഹിതവും ബോർഡ് സ്വരൂപിക്കുന്ന അംശദായ വിഹിതവും സ്വരൂപിച്ച് ഉണ്ടാക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന്.

## പ്രവർത്തനങ്ങൾ

ബോർഡിന്റെ ഭരണ സമിതി തയ്യാറാക്കി സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളിൽ അപേക്ഷകൾ ഫിഷറീസ് ഓഫീസുകളിൽ ലഭിക്കുന്ന മുറക്ക് പരിശോധന നടത്തി റിപ്പോർട്ടുകൾ സഹിതം കമ്മീഷണർ/മേഖലാ ഓഫീസർമാർക്ക് സമർപ്പിക്കുന്നു. ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ഓഫീസർമാർ പരിശോധിച്ച്, അംഗീകരിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഫിഷറീസ് ഓഫീസർമാർ മുഖാന്തിരം ധനസഹായ തുക വിതരണം ചെയ്ത് വരുന്നു.

## സംഘാടനം

മത്സ്യബോർഡിന്റെ കീഴിലുള്ള 54 ഫിഷറീസ് ഓഫീസുകളും 5 മേഖലാ ഓഫീസുകളും വഴി പദ്ധതി നിർവ്വഹണം ചെയ്യുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

മത്സ്യ തൊഴിലാളി അധിവാസ മേഖലയിൽ സ്കീമിനെക്കുറിച്ച് അവബോധം നൽകുകയും അർഹതയുള്ള എല്ലാവരേയും അംഗത്വമെടുപ്പിച്ച് സ്കീമിന് അർഹരാക്കുന്നതിന് സഹായിക്കുകയും അനർഹരായവരെ ഒഴിവാക്കുന്നതിന് വിവരം നൽകുകയും ചെയ്യാവുന്നതാണ്.

## വകുപ്പിന്റെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ മുഴുവൻ ചുമതലയും ബോർഡിൽ നിക്ഷിപ്തമാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ കുടുംബസംവിധാനം തുടങ്ങി പദ്ധതികൾ പരിശോധിച്ച് ഏകോപിപ്പിക്കാവുന്നതാണ്. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി പട്ടികകൾ എല്ലാ വർഷവും പുതുക്കി പ്രസിദ്ധീകരിക്കുന്ന അവസരങ്ങളിൽ വിട്ടുപോയ അർഹരെ ഉൾപ്പെടുത്തുന്നതിനും ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനും ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർമാർക്ക് ആവശ്യമായ ശുപാർശ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഉണ്ടാകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ ബോർഡ് മുഖാന്തിരം അർഹത ലഭിച്ചവരെ ഒഴിവാക്കി പദ്ധതി തയ്യാറാക്കവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സ്കീമുകളുടെ നിർവ്വഹണം, അംഗങ്ങളുടെ അർഹത എന്നിവ ഗ്രാമസഭകളുടെ ചർച്ചയ്ക്ക് വിധേയമാക്കാവുന്നതാണ്.

**ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളും ധനസഹായ തുകയും മറ്റും ചേർത്ത പട്ടിക താഴെ ചേർക്കുന്നു.** ഇതു സംബന്ധിച്ച പട്ടിക പ്രത്യേകം ചേർത്തിട്ടുണ്ട്.

| ക്ഷേമപദ്ധതികൾ | ധനസഹായതുക | അർഹത | നടപടിക്രമം |
|---|---|---|---|
| I. 13. . **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി.** അപകടമരണത്തിനും മത്സ്യബന്ധനത്തിനിടെ കാണാതാകലിനും അപകടം മൂലം ഉണ്ടാകുന്ന സ്ഥിരവും ഭാഗികവും പൂർണ്ണവുമായ ശാരീരിക അവശതക്കും ഇൻഷുറൻസ് പരിരക്ഷ. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രീമിയം തുക സർക്കാർ ബജറ്റ് ശീർഷകം 2405-00-800-86 (പദ്ധതി) നിന്ന് എല്ലാ വർഷവും അനുവദിക്കുന്നു. | 1. മരണം, കാണാതാകൽ, പൂർണ്ണ അവശതക്ക് 3 ലക്ഷം രൂപ<br>2. ഭാഗിക അവശത 2% മുതൽ 50% വരെ 1.5 (പരമാവധി) ലക്ഷം രൂപ<br>3. അപകടം മൂലം ആശുപത്രി ചികിത്സയ്ക്ക് 20,000 രൂപ (പരമാവധി)<br>4. അപകടമരണം സംഭവിച്ചവരുടെ കുട്ടികളുടെ വിദ്യാഭ്യാസ സഹായം 10,000 രൂപ.<br>5. ശവസംസ്ക്കാര ചിലവ് 2000 രൂപ | ബോർഡിൽ അംഗത്വമുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളി ആയിരിക്കണം. | പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ. ആർ തുടങ്ങിയവ സഹിതം ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. കരാറിൽ ഏർപ്പെട്ട ഇൻഷുറൻസ് കമ്പനി നടപടി പൂർത്തിയാക്കി തുക അനുവദിക്കുന്ന മുറക്ക് ധനസഹായം വിതരണം ചെയ്യുന്നു. |
| 14. **വള്ളങ്ങൾക്കും, എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ** അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത് ലൈസന്‍ഡസ് എടുത്തിട്ടുള്ള യാനത്തിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ, പ്രീമിയം തുകയുടെ 75% തുക സർക്കാർ സഹായം നൽകും. ഇതിന് ആവശ്യമായ തുക സർക്കാർ ബജറ്റ് ശീർഷകം 2405-00-800-27 (പ്ലാൻ) നിന്ന് അനുവദിച്ച് വരുന്നു. | വിലയുടെ 75% തുക | ബോർഡിൽ അംഗത്വവും 25% പ്രീമിയം തുകയും അടക്കുന്നവർക്ക് ഒരു വർഷത്തെ ഇൻഷുറൻസ് പരിരക്ഷ ബന്ധപ്പെട്ട | ഫിഷറീസ് ഓഫീസർ മുഖേന അപേക്ഷയും പ്രീമിയം തുകയും സമർപ്പിക്കണം. |

| | | | |
|---|---|---|---|
| **15. വാർദ്ധക്യകാല പെൻഷൻ** 60 വയസ്സ് പൂർത്തിയാക്കിയ തൊഴിലിൽ നിന്ന് വിരമിച്ച വർക്ക് പെൻഷൻ. ഇതിന് ആവശ്യമായ തുക സർക്കാർ ബഡ്ജറ്റ് ശീർഷകം 2405-00-800-94 (പദ്ധതിയേതര) നിന്ന് അനുവദിച്ചു വരുന്നു. | നിലവിൽ പ്രതിമാസം 500 രൂപ | അപേക്ഷ തിയ്യതി തൊട്ട് 5 വർഷം മുമ്പ് അംഗത്വം സ്വീകരിച്ച് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത അപേക്ഷ/ സമയത്ത് ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **16. വിധവാ പെൻഷൻ** മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വം എടുത്തശേഷം പെൻഷൻ ഒരു ഗഡുപോലും വാങ്ങുന്നതിനു മുമ്പായി മരണമടഞ്ഞവരുടെ ഭാര്യമാർക്ക് പെൻഷൻ. ഇതിനാവശ്യമായ തുക സർക്കാർ ബഡ്ജറ്റ് ശീർഷകം 2405-00-800-94 (പദ്ധതിയേതര) നിന്ന് അനുവദിച്ചു വരുന്നു. | നിലവിൽ പ്രതിമാസം 500 രൂപ | പുനർവിവാഹം കഴിക്കാത്ത വർക്കും സ്ഥിരവരുമാനം ഇല്ലാത്ത വർക്കും അർഹത | മരണ സർട്ടിഫിക്കറ്റ് പുനർ വിവാഹം നടത്തിയിട്ടില്ലെന്നും സ്ഥിര വരുമാനം ഇല്ലെന്നും തെളിയിക്കുന്നതിന് നിശ്ചിത സർട്ടിഫിക്കറ്റ് സഹിതം ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത ഫോറത്തിൽ അപേക്ഷിച്ചിരിക്കണം. |
| **17.** മത്സ്യബന്ധന സമയത്തോ, തൊട്ടു പിന്നാലേയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം | 20,000 രൂപ | 60 വയസ്സിൽ താഴെ പ്രായവും ബോർഡിൽ അംഗത്വവും പൂർണ്ണമായി വിഹിതമടവും | മരണ സർട്ടിഫിക്കറ്റ് എഫ്.ഐ.ആർ തുടങ്ങിയ രേഖകൾ സഹിതം ഫിഷറീസ് ഓഫീസ് മുഖേന നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. |
| **18. വിവാഹധനസഹായം** മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 1500 രൂപ | വധുവിന് 18 വയസ്സ് പൂർത്തിയായിരിക്കണം. വരുമാനം 12000 രൂപയിൽ കൂടരുത്. അംഗത്വമെടുത്ത് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | നിശ്ചിത ഫോറത്തിൽ വിവിഹ തിയ്യതിക്ക് മുമ്പായി വാർഷിക വരുമാന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം |

| | | | |
|---|---|---|---|
| **19. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം**<br>മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണപ്പെട്ടാൽ ശവസംസ്ക്കാരം തുടങ്ങിയ ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ്. അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ് മൈനർമാരായ ആൺമക്കൾ അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണത്തിന്. | 600 രൂപ | മത്സ്യബോർഡിൽ അംഗത്വവും വിഹിതം പൂർണ്ണമായി അടച്ചവർക്കും. | ആശ്രിതന്റെ മരണ സർട്ടിഫിക്കറ്റും, മറ്റു രേഖകളും സഹിതം നിശ്ചിത ഫോറത്തിൽ മരണപ്പെട്ട് മൂന്ന് മാസത്തിനകം ഫിഷറീസ് ഓഫീസർ മുഖേന സംമർപ്പിക്കണം. |
| **20. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം.** അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാത്തവർക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം | ആദ്യത്തെ 7 ദിവസത്തേക്ക് 100 രൂപയും പിന്നീട് ഓരോ ദിവസവും 15 രൂപ വീതം പരമാവധി 500 രൂപ | അംഗത്വം വേണം. വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | അപകടം സംഭവിച്ച തിയ്യതി മുതൽ 3 മാസത്തിനകം ചികിത്സിച്ച സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **21. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം**<br>മത്സ്യത്തൊഴിലാളി മരണപ്പെട്ടാൽ മരണാനന്തര ചിലവുകൾക്ക് ആശ്രിതർക്ക് ധനസഹായം നൽകുന്നു. | 5000 രൂപ ആശ്രിതൻ ഇല്ലെങ്കിൽ ചിലവുകൾ വഹിച്ച വ്യക്തിക്ക് 1000 രൂപ | 60 വയസ്സിൽ താഴെ അംഗത്വമുള്ളവരും വിഹിതം പൂർണ്ണമായി അടച്ചവർക്കും | മരണ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ മുഖേന മരണപ്പെട്ട് മൂന്ന് മാസത്തിനകം സമർപ്പിക്കണം. |
| **22. S.S.L.C പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് കാഷ് അവാർഡ്.** വിദ്യാഭ്യാസ പുരോഗതിക്ക് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കാഷ് അവാർഡ് നൽകുന്ന പദ്ധതി | 10+ നേടുന്നവർക്ക് 5000 രൂപ 9A+4000 രൂപ 8A+3000 രൂപ വീതം, റീജിയണൽ ഫിഷറീസ് ടെക്ക്നിക്കൽ സ്കൂളിൽ ഉയർന്ന മാർക്ക് നേടുന്ന 3 പേർക്ക് 3000 രൂപ വീതം | അംഗത്വവും വിഹിതവുമടവ് പൂർണ്ണവുമായിരിക്കണം. | പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പു സഹിതം നിശ്ചിത ഫോറത്തിൽ സമയപരിധിക്കുള്ളിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |

| | | | |
|---|---|---|---|
| **23. കുടുംബ സംവിധാന പദ്ധതി** വന്ധ്യംകരണ ശാസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളികൾക്കും, സ്ത്രീക്കും സാമ്പത്തിക സഹായം | 500 രൂപ | അംഗത്വവും വിഹിതം പൂർണ്ണമായി അടച്ചവർക്ക് | ശസ്ത്രക്രിയ കഴിഞ്ഞ് സർക്കാർ ഡോക്ടരുടെ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന അപേക്ഷിക്കാം. |
| **24. മാരക രോഗചികിത്സാ പദ്ധതി**ഹൃദ്രോഗം, വൃക്കരോഗം, കാൻസർ, തലച്ചോറിലെ ട്യൂമർ, തളർവാതം, ചികിത്സിച്ചു ഭേദമാക്കാൻ കഴിയുന്ന മാനസികരോഗം എന്നിവക്ക് ചികിത്സാ സഹായം | 5000 രൂപ മുതൽ പരമാവധി 50,000 രൂപ വരെ | വാർഷിക വരുമാനം 15000 രൂപയിൽ കൂടാത്ത 23 വയസ്സിനും 60 വയസ്സിൽ കൂടാത്ത അംഗത്വം ഉള്ളതും വിഹിതം പൂർണ്ണമായി അടച്ചവർക്കും | പ്രത്യേകം നിർദ്ദേശിച്ച ആശുപത്രികളിലെ ചികിത്സാ ബില്ലുകൾ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **25. ചെയർമാൻ റിലീഫ് ഫണ്ട്** പ്രകൃതിക്ഷോഭങ്ങൾ, അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ മൂലം ദുരിതം അനുഭവിക്കേണ്ടി വരുന്നവർക്ക് അടിയന്തിര ധനസഹായം നൽകുന്ന പദ്ധതി. | കഷ്ടനഷ്ടങ്ങളുടെ വ്യാപ്തി അനുസരിച്ച് 500 രൂപ മുതൽ 5000 രൂപ വരെ | അംഗത്വം ഉള്ളവർ, വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **26. .പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം**വനിതകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവത്തിന് ധനസഹായം | 750 രൂപ | പ്രായം 19 വയസ്സ്, അംഗത്വം ഉള്ളവരും വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പ്രസവ തിയ്യതിക്ക് 12 മുതൽ 8 ആഴ്ചക്കുള്ളിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **27. ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി**മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ അഭ്യസ്ഥവിദ്യരാക്കുന്നതിന് +2, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടുന്നവർക്ക് കാഷ് അവാർഡ് | 5000 രൂപ | എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ്, വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. | മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിച്ചിരിക്കണം. |

| | | | |
|---|---|---|---|
| **28. പ്രത്യേക ധനസഹായം.** പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം ധന സഹായത്തിന് അർഹത ഇല്ലെങ്കിലും ശോചനീയമായ കുടുംബ പരിതസ്ഥിതി, മാനുഷിക പരിഗണന എന്നിവയാൽ രണ സമിതി യോഗ തീരുമാനത്താൽ നൽകുന്ന പ്രത്യേക ധനസഹായം | ഭരണസമിതി നിശ്ചയിക്കുന്ന തുക | അംഗത്വവും, വിഹിതം പൂർണ്ണമായി അടച്ചവർക്ക് | അപേക്ഷ ലഭിക്കുന്ന മുറക്ക് ബോർഡിലെ ഓഫീസർമാരുടെ അന്വേഷണ റിപ്പോർട്ട് സഹിതം ഭരണ സമിതി പരിഗണനക്ക് സമർപ്പിക്കണം. |
| **II. അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതി** **29.ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി** അപകടമരണത്തിനും, അപകടം മൂലം ഉണ്ടാകുന്ന സ്ഥിരവും ഭാഗികവും പൂർണ്ണവുമായ ശാരീരിക അവശതയ്ക്കും ഇൻഷുറൻസ് പരിരക്ഷ. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രീമിയം തുക സർക്കാർ ബജറ്റ് ശീർഷകം 2405-00-800-50 (പ്ലാൻ) നിന്ന് എല്ലാ വർഷവും അനുവദിക്കുന്നു. | 1. മരണം,പൂർണ്ണ അവശത 3 ലക്ഷം രൂപ<br>2. ഭാഗിക അവശത 1.5 (പരമാവധി) ലക്ഷം രൂപ<br>3. അപകടം മൂലം ആശുപത്രി ചികിത്സയ്ക്ക് 20,000 രൂപ (പരമാവധി)<br>4. കുട്ടികളുടെ വിദ്യാഭ്യാസ സഹായം 10,000 രൂപ.<br>5. ശവസംസ്ക്കാര ചെലവ് 2000 രൂപ | ബോർഡിൽ അംഗത്വമുള്ള പ്രവർത്തനോന്മുഖ തൊഴിലാളി ആയിരിക്കണം | പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ തുടങ്ങിയവ സഹിതം ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. കരാറിൽ ഏർപ്പെട്ട ഇൻഷുറൻസ് കമ്പനി നടപടി പൂർത്തിയാക്കി തുക അനുവദിക്കുന്ന മുറക്ക് ധനസഹായം വിതരണം ചെയ്യുന്നു. |
| **30. വാർദ്ധക്യകാല പെൻഷൻ.**60 വയസ്സ് പൂർത്തിയാക്കി തൊഴിലിൽ നിന്ന് വിരമിച്ചവർക്ക് | നിലവിൽ പ്രതിമാസം 500 രൂപ | 5 വർഷം തുടർച്ചയായി അംഗത്വവും വിഹിതം പൂർണ്ണമായി അടച്ച് 60 വയസ്സ് പൂർത്തിയായി തൊഴിലിൽ നിന്നും വിരമിച്ചവർക്കും നിശ്ചിത വരുമാന പരിധിയിൽ പ്പെട്ട വർക്കും | വാർഷിക കുടുംബ വരുമാന സർട്ടിഫിക്കറ്റ് വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം നിശ്ചിത സമയപരിധിക്കുള്ളിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |

| | | | |
|---|---|---|---|
| **31. അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം**മരണപ്പെട്ട ആളിന്റെ കുടുംബങ്ങൾക്ക് ധനസഹായം | 5000 രൂപ | അംഗത്വവും, വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | മരണ സർട്ടിഫിക്കര്റും മറ്റു രേഖകളും നിശ്ചിത അപേക്ഷയിൽ ഫിഷറീസ് ഓഫീസർ മുഖേന മൂന്ന് മാസത്തിനുള്ളിൽ സമർപ്പിച്ചിരിക്കണം. |
| **32. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്.** കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പരീക്ഷയിൽ 10 A+, 9A+, 8A+ ഗ്രേഡ് നേടുന്നവർക്ക് കാഷ് അവാർഡ് | 10A+ ന് 5000 രൂപ 9A+ ന് 4000 രൂപ 8A+ ന് 3000 രൂപ | അംഗത്വമുള്ള വിഹിതം പൂർണ്ണമായി അടച്ചവർക്ക് | സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത സമയത്ത് അപേക്ഷ സമർപ്പിക്കണം |
| **33. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം**അനുബന്ധത്തൊഴിലാളികളായ വനിതകളുടെ ആദ്യത്തെ 2 പ്രസവങ്ങൾക്ക് ആനുകൂല്യം | 750 രൂപ | ഒരു വർഷം മുമ്പ് അംഗത്വം സ്വീകരിച്ച് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത അപേക്ഷ 60 ദിവസത്തിനു മുമ്പും 60 ദിവസത്തിനുള്ളിലുമായി ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |
| **34. മാരക രോഗചികിത്സാ പദ്ധതി**ഹൃദ്രോഗം, വൃക്കരോഗം, കാൻസർ, തളർവാതം, മാനസിക രോഗം ഗർഭാശയ സംബന്ധമായ രോഗം എന്നിവയ്ക്ക് ധനസഹായം | 5000 രൂപ മുതൽ 25000 രൂപ വരെ വിവിധ രോഗചികിത്സയ്ക്ക് ധനസഹായം | വാർഷിക വരുമാനം 15000 രൂപയിൽ കൂടാതെ 2 വർഷം മുമ്പ് അംഗത്വം സ്വീകരിച്ച് വിഹിതം പൂർണ്ണമായി അടച്ച് 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവർ പ്രത്യേകം നിർദ്ദേശിച്ച ആശുപത്രികളിൽ ചികിത്സിച്ചവർക്ക് | വരുമാന സർട്ടിഫിക്കറ്റ് മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിക്കണം. |

| | | | |
|---|---|---|---|
| **35. വിവാഹധനസഹായം**അനുബന്ധത്തൊഴിലാളികളുടെ ഒരു പെൺകുട്ടിയുടെ വിവാഹത്തിന് ധനസഹായം (60 വയസ്സ് പൂർത്തിയായവരുടെ മക്കൾക്ക് അർഹതയില്ല) | 1500 രൂപ | വധുവിന് 18 വയസ്സ് പൂർത്തിയായിരിക്കണം. അംഗത്വമടച്ച് വിഹിതം പൂർണ്ണമായി അടച്ചിരിക്കണം | നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ രേഖകൾ സഹിതം ഫിഷറീസ് ഓഫീസർ മുഖേന സമർപ്പിച്ചിരിക്കണം. |
| **36. കുടുംബ സംവിധാനത്തിന് ധനസഹായം**.വന്ധ്യംകരണ ശാസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന അനുബന്ധ സ്ത്രീത്തൊഴിലാളികൾക്കും പുരുഷൻമാര്ക്കും സാമ്പത്തിക സഹായം | 500 രൂപ | അംഗത്വമെടുത്ത് വിഹിതം പൂർണ്ണമായി അടച്ചവർക്ക് | ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ലിൽ ഫിഷറീസ് ഓഫീസർ മുഖേന അപേക്ഷിക്കണം. |
| **37. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.** കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് +2, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് കാഷ് അവാർഡ് | എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടുന്നവർക്ക് 5000 രൂപ | അംഗത്വമെടുത്ത് വിഹിതം പൂർണ്ണമായി അടച്ചവരുടെ കുട്ടികൾക്ക് | സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർ മുഖേന നിശ്ചിത സമയത്ത് അപേക്ഷിക്കണം. |

# മത്സ്യഫെഡ്

## 38. ബാങ്കബിൾ സ്കീം

### ലക്ഷ്യങ്ങൾ

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികൾ ഉൽപ്പാദന ഉപകരണങ്ങൾ ആയ വള്ളം, എൻജിൻ, വല എന്നിവ വായ്പയായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ ഒരു ആശ്വാസമായി വായ്പയുടെ 25% തുക സബ്സിഡിയായി അവർക്ക് നൽകുവാൻ ഉദ്ദേശിച്ച ഒരു പദ്ധതി.

### ഗുണഭോക്താവ്

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളാണ് ഗുണഭോക്താക്കൾ.

### പ്രവർത്തനങ്ങൾ

ഇതിന്റെ അംഗീകരിച്ച അപേക്ഷ ഫോറത്തിൽ ആവശ്യമായ ബന്ധപ്പെട്ട രേഖകൾ സഹിതം അതാത് സഹകരണ സംഘത്തിലെ ശുപാർശയോടു കൂടി മത്സ്യഫെഡ് പ്രോജക്ട് ഓഫീസർക്ക് നൽകേണ്ടതാണ്. പ്രോജക്ട് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും ശുപാർശയും കൂടി ചേർത്ത് അപേക്ഷ മത്സ്യഫെഡ് ജില്ലാ മാനേജരുടെ ശുപാർശയോടു കൂടി മത്സ്യഫെഡ് ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മത്സ്യഫെഡ് ഹെഡ് ഓഫീസിൽ ഈ അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതയും അർഹതയും അനുസരിച്ച് അനുവദിച്ച് അതാത് ജില്ലാ മാനേജർമാർക്ക് നൽകുന്നു. ജില്ലാ ഓഫീസിൽ നിന്നും ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്യുന്നു.

### സ്കീമിന്റെ നിർവ്വഹണം.

മത്സ്യഫെഡിനാണ് സ്കീമിന്റെ നിർവ്വഹണം.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. ഇതിലേയ്ക്കായുള്ള ഫണ്ട് ഓരോ വർഷത്തെയും ബഡ്ജറ്റിൽ Plan Fund ൽ വകയിരുത്തി അതാത് വർഷം മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുക, ഗ്രാമസഭ വഴി മുൻഗണന നിശ്ചയിച്ച് വകുപ്പിന് നൽകുക, സ്കീം നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് ചെയ്യുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മറ്റ് മത്സ്യമേഖലാ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം. പദ്ധതിരേഖയിൽ പ്രതിപാദിക്കാം.

## 39.എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി

### ലക്ഷ്യങ്ങൾ

മത്സ്യഫെഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമുള്ള വായ്പ, മത്സ്യ

ബന്ധനത്തിനാവശ്യമായ പ്രവർത്തന മൂലധന വായ്പ, കെട്ടിടം മറ്റ് അടിസ്ഥാന വിപണന സൗകര്യങ്ങൾ എന്നിവയ്ക്ക് ധനസഹായം ഈ പദ്ധതി വഴി നൽകുന്നു.

## ഗുണഭോക്താക്കൾ

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ആണ് ഇതിന്റെ ഗുണഭോക്താക്കൾ.

## നിർവ്വഹണം

മത്സ്യഫെഡ് വഴിയാണ് ഈ പദ്ധതി നിർവ്വഹണം.

## ഫണ്ടിംഗ്

ഈ പദ്ധതി വഴിയുള്ള ഫണ്ട് നാഷണൽ കോർപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) 100% വായ്പയായി സംസ്ഥാന സർക്കാരിന് നൽകുന്നു. ഇത് 5 വർഷം കൊണ്ട് സംസ്ഥാന സർക്കാർ 12.75 % പലിശ നിരക്കിൽ എൻ.സി.ഡി.സി യ്ക്ക് തിരിച്ചടക്കേണ്ടതാണ്. ഇത് സംസ്ഥാന സർക്കാരിന്റെ സബ്സിഡി തുകയും ഓഹരി മൂലധനവും ചേർത്ത് മത്സ്യഫെഡിന് നൽകുന്നു. സബ്സിഡിയും ഓഹരി മൂലധനവും ഓരോ ഘടകത്തിനും വ്യത്യസ്തമാണ്.

## പ്രവർത്തനങ്ങൾ

ഓരോ വർഷവും മത്സ്യ മേഖലയിലേയ്ക്ക് ഒരു സംയോജിത മത്സ്യ വികസന പദ്ധതി മത്സ്യഫെഡ് തയ്യാറാക്കുന്നു. ഇത് സംസ്ഥാന സർകകരിന് ഫിഷറീസ് ഡയറക്ടർ വഴി അംഗീകാരത്തിനും ഭരണാനുമതിയ്ക്കുമായി സമർപ്പിക്കുന്നു. സംസ്ഥാന സർക്കാർ ഇത് ബഡ്ജറ്റ് ഫണ്ട് ലഭ്യത അനുസരിച്ച് പരിമിതപ്പെടുത്തി അംഗീകാരം നൽകി എൻ.സി.ഡി.സി യ്ക്ക് അനുമതിക്കും ഫണ്ടിനുമായി സമർപ്പിക്കുന്നു. എൻ.സി.ഡി.സി യിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇതിന് സർക്കാർ മത്സ്യഫെഡിന് അംഗീകാരം നൽകി ബഡ്ജറ്റിലെ ഫണ്ട് ലഭ്യത അനുസരിച്ച് തുക അനുവദിക്കുന്നു.

## വകുപ്പിന്റെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

അംഗീകരിച്ച പദ്ധതിയും മാർഗ്ഗരേഖകളും മത്സ്യഫെഡ് ഹെഡ് ഓഫീസിൽ നിന്നും വിവിധ ജില്ലകൾക്കും അത് വഴി പ്രാഥമിക സഹകരണ സംഘങ്ങൾക്കും അറിയിക്കുന്നു. പദ്ധതിയുടെ അംഗീകരിച്ച അപേക്ഷ ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് അതാത് സഹകരണ സംഘത്തിലെ ശുപാർശയോട് കൂടി മത്സ്യഫെഡ് പ്രോജക്ട് ഓഫീസർക്ക് നൽകേണ്ടതാണ്.

ജില്ലയിലെ സംഘങ്ങളുടെ അപേക്ഷകൾ ബന്ധപ്പെട്ട ക്ലസ്റ്റർ ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ജില്ലാ മാനേജർമാർ മത്സ്യഫെഡ് ഹെഡ് ഓഫീസിലേയ്ക്ക് വായ്പയ്ക്ക് അപേക്ഷിക്കാം. മത്സ്യഫെഡ് ഭരണ നേതൃത്വം ജില്ലാ മാനേജരുടെ അപേക്ഷ പരിഗണിച്ച് പദ്ധതി തുകയുടെ ലഭ്യത അനുസരിച്ച് ജില്ലകൾക്ക് തുക അനുവദിയ്ക്കും. മത്സ്യഫെഡിൽ നിന്നും അനുവദിക്കുന്ന തുക ജില്ലാ ഗുണഭോക്തൃ സമിതി സംഘങ്ങളുടെ അപേക്ഷ പരിശോധിച്ച് തുകയുടെ ലഭ്യതയും പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായും സംഘങ്ങൾക്ക് പദ്ധതി തുക അനുവദിച്ചു നൽകും. ഗുണഭോക്തൃ സമിതിയിൽ ജില്ലാ മാനേജർ, മത്സ്യഫെഡ് ഭരണസമിതിയിലെ ഒരംഗം ജില്ലയുടെ ചാർജ്ജുള്ള മത്സ്യഫെഡ് ഡപ്യൂട്ടി ജനറൽ മാനേജർ തലത്തിലുള്ള ഒരു ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായിരിക്കും. ഈ കമ്മിറ്റിയാണ് എല്ലാ പദ്ധതി വായ്പകളും അനുവദിച്ച് നൽകുന്നത്.

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് തൊഴിലാളികൾക്ക് അവബോധം നൽകൽ, യഥാസമയം സ്കീമിന് അപേക്ഷിപ്പിക്കൽ, ധനസഹായം ലഭ്യമാക്കൽ എന്നിവയ്ക്ക് വേണ്ട ഇടപെടലുകൾ നടത്തുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഈ സ്കീമുകൾ തദ്ദേശ  രണ സ്ഥാപനത്തിന്റെ മത്സ്യമേഖലയിലെ പ്രോജക്ടുകളുമായി ഏകോപിപ്പിക്കണം. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റേയ്ക്ക് ഹോൾഡർ യോഗങ്ങളിൽ സംഘാംഗങ്ങളെയും ക്ഷണിച്ച് ചർച്ച ചെയ്യണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ടി സ്കീമുകളുടെ നിർവ്വഹണം തദ്ദേശഭരണ സ്ഥാപനതലത്തിലും മോണിറ്ററിംഗിന് വിധേയമാക്കണം.

## 40.മത്സ്യബന്ധന  വലകൾക്ക് അനുയോജ്യമായ അനുബന്ധ ഉപകരണങ്ങളുടെ വിതരണം.

### ലക്ഷ്യങ്ങൾ

വള്ളങ്ങളിൽ 10 കുതിര ശക്തിയുള്ള എൻജിൻ ഘടിപ്പിക്കുമ്പോൾ ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് വള്ളമൊന്നിന് 6,000/- രൂപ വീതം ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വള്ളത്തിന്, ഉടമയ്ക്ക് ഒരു പ്രാവശ്യം മാത്രമേ ഈ സഹായം നൽകുകയുള്ളൂ. മത്സ്യഫെഡ്

വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സബ്സിഡി നൽകുന്നതിന് സംസ്ഥാന വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

## ഗുണഭോക്താവ്

സ്കീമിന്റെ ഗുണം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളാണ്.

## സ്കീമിന്റെ നിർവ്വഹണം

മത്സ്യഫെഡിനാണ് സ്കീമിന്റെ നിർവ്വഹണം.

## ഫണ്ടിംഗ്

ഇതിലേയ്ക്കായുള്ള ഫണ്ട് ഓരോ വർഷത്തെയും ബഡ്ജറ്റിൽ 'Plan Fund' ൽ വകയിരുത്തി അതാത് വർഷം മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു.

## പ്രവർത്തനങ്ങൾ

അംഗീകരിച്ച അപേക്ഷ ഫോറത്തിൽ ആവശ്യമായ ബന്ധപ്പെട്ട രേഖകൾ സഹിതം അതാത് സഹകരണ സംഘത്തിലെ ശുപാർശയോടു കൂടി മത്സ്യഫെഡ് പ്രോജക്ട് ഓഫീസർക്ക് നൽകേണ്ടതാണ്. പ്രോജക്ട് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും ശുപാർശയും കൂടി ചേർത്ത് അപേക്ഷ മത്സ്യഫെഡ് ജില്ലാ മാനേജരുടെ ശുപാർശയോടു കൂടി മത്സ്യഫെഡ് ഹെഡ് ഓഫീസിൽ സമർപ്പിക്കുന്നതാണ്. മത്സ്യഫെഡ് ഹെഡ് ഓഫീസിൽ ഈ അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതയും അർഹതയും അനുസരിച്ച് അനുവദിച്ച് അതാത് ജില്ലാ മാനേജർമാർക്ക് നൽകുന്നു.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

അർഹരായവരെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തു നൽകൽ. അനർഹരെ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യൽ, സബ്സിഡി ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തൽ, ശേഷിക്കുന്നവരെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയിലുൾപ്പെടുത്തി സബ്സിഡി നൽകൽ.

## തദ്ദേശ രണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണസ്ഥാപനം അതിന്റെ മത്സ്യമേഖല പദ്ധതി തയ്യാറാക്കുമ്പോൾ മത്സ്യഫെഡ് വഴിയുള്ള സ്കീമുകൾ ഒഴിച്ച് അവശേഷിക്കുന്ന ഗുണഭോക്താക്കൾക്കായി അതിന്റെ പദ്ധതി ആസൂത്രണം. ഇത്തരത്തിലുള്ള ഏകോപനം ഫണ്ട് ദുർവിനിയോഗം

ഇല്ലാതാക്കുന്നതിലും അർഹതപ്പെട്ടവർക്കു മുഴുവൻ സഹായം ഉറപ്പു വരുത്തുന്ന തിനും സാധിക്കും. മത്സ്യഫെഡ് വകുപ്പു സ്കീമുകൾ കൂടി തദ്ദേശ രണ സ്ഥാപന ത്തിന്റെ പദ്ധതി ആസൂത്രണ പ്രക്രിയയിൽ ചർച്ച ചെയ്യപ്പെട്ട് അവരുടെ പദ്ധതി തയ്യാറാക്കണം. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, സ്റ്റെയ്ക്ക് ഹോൾഡർ യോഗങ്ങൾ, ഗ്രാമസ ചർച്ച എന്നിവയിൽ ഇത് ചർച്ച ചെയ്യണം.

### ജലകൃഷി വികസന ഏജൻസി - അഡാക്ക്

## 41. കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി

### ലക്ഷ്യങ്ങൾ

ആലപ്പുഴ, കോട്ടയം, പത്തനംത്തിട്ട ജില്ലകളിൽ വ്യാപിച്ച് കിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങളിലും തൃശൂർ, മലപ്പുറം ജില്ലകളിലായി വ്യപിച്ച് കിടക്കുന്ന കോൾ പടവുകളിൽ നെൽകൃഷിക്ക് ശേഷം തരിശായി കിടക്കുന്ന സമയത്ത് ആറ്റുകൊഞ്ച്/ മത്സ്യകൃഷി ചെയ്യുന്ന പദ്ധതിയാണിത്. ഇത് മൂലം കർഷകർക്ക് ഒരു പാടശേഖര ത്തിൽ നിന്ന് അധിക വരുമാനം ലഭിക്കുന്നു. നെൽകൃഷിയുടെ ചെലവ് മത്സ്യകൃഷി ചെയ്യുന്നതിലൂടെ ഗണ്യമായി കുറയ്ക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. നെല്ലി ന്റെയും മീനിന്റെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

### ഗുണഭോക്താവ്

- ഈ പദ്ധതിയുടെ ഗുണ ാക്താക്കൾ പാടശേഖരങ്ങളുടെ ഉടമസ്ഥരായ വ്യക്തി കളും, ഗ്രൂപ്പുകളും, പാടശേഖര സമിതികളും, സംഘങ്ങളും ആണ്.
- കൈവശാവകാശ രേഖകൾ, സാക്ഷ്യപത്രങ്ങൾ, പാട്ടപ്രമാണം എന്നിവ സഹിതം അഡാക്കിന്റെ നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്.
- ഒരു വിള നെൽകൃഷിക്ക് ശേഷം മറുവിള മത്സ്യകൃഷി ചെയ്യുന്ന കർഷകർക്കാണ് പദ്ധതി ആനുകൂല്യം നൽകുന്നത്
- അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥല സർവ്വേ, രേഖകളുടെ പരിശോധന എന്നിവ നടത്തിയശേഷം കർഷകരെ അഡാക്ക് തെരഞ്ഞെടുക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

കുട്ടനാട് നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി അഡാക്കിന്റെ ആലപ്പുഴ യിൽ പ്രവർത്തിക്കുന്ന റീജിയണൽ ഓഫീസും കോൾ നിലങ്ങളിലെ പദ്ധതി റീജിയ ണൽ ഓഫീസ് എറണാകുളവും നിർവ്വഹിക്കുന്നു.

# 42. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതി

## ലക്ഷ്യങ്ങൾ

എറണാകുളം, ആലപ്പുഴ, തൃശൂർ എന്നീ ജില്ലകളിൽ വ്യാപിച്ച് കിടക്കുന്ന പൊക്കാളി പാടശേഖരങ്ങലിൽ നെൽകൃഷിക്ക് ശേഷം ചെമ്മീൻ കൃഷി നടത്തി നെല്ലിന്റെയും ചെമ്മീനിന്റെയും ഉൽപാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പരിസ്ഥിതി സന്തുലിതാവസ്ഥ നഷ്ടപെടാതെ സ്ഥായിയായ വിധത്തിൽ ചെമ്മീൻ കൃഷി നടത്താൻ കർഷകരെ പ്രാപ്തരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഉത്തമമായ പരിപാലന മുറകളിലൂടെ കേരളത്തിലെ ജലസമ്പത്ത്, പരിസ്ഥിതിക്ക് യോജിച്ച വിധത്തിൽ ചെമ്മീൻ കൃഷിക്ക് ഉപയുക്തമാക്കുന്നതിന് കർഷകർക്ക് മാർക്ഷനിർദ്ദേശം നൽകുകയും, ചെമ്മീൻ ഉൽപാദനവും അതിൻ നിന്നുള്ള വരുമാനവും വർദ്ധിപ്പിക്കുന്നതിന് പദ്ധതി മൂലം ലക്ഷ്യമിടുന്നു.

## ഗുണഭോക്താവ്

- ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ പാടശേഖരങ്ങളുടെ ഉടമസ്ഥരായ വ്യക്തികളും, ഗ്രൂപ്പുകളും, പാടശേഖര സമിതികളും, സംഘങ്ങളും ആണ്.
- കൈവശാവകാശ രേഖകൾ, സാക്ഷ്യപത്രങ്ങൾ, പാട്ടപ്രമാണം എന്നിവ സഹിതം അഡാക്കിന്റെ നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്.
- ഒരു വിള നെൽകൃഷിക്ക് ശേഷം മറുവിള മത്സ്യകൃഷി ചെയ്യുന്ന കർഷകർക്കാണ് പദ്ധതി ആനുകൂല്യം നൽകുന്നത്
- അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥല സർവ്വേ, രേഖകളുടെ പരിശോധന എന്നിവ നടത്തിയശേഷം കർഷകരെ അഡാക്ക് തെരഞ്ഞെടുക്കുന്നു.
- കോസ്റ്റൽ അക്വാ കൾച്ചർ അതോറിറ്റി- CCA ലൈസൻസുള്ള പാടങ്ങൾ ഉള്ള കർഷകർക്ക് പദ്ധതിയിൽ മുൻഗണന നൽകുന്നു.

### സ്കീമിന്റെ നിർവ്വഹണം

ഈ പദ്ധതി അഡാക്കിന്റെ എറണാകുളം റീജിയണൽ ഓഫീസ് മുഖേനയാണ് നിർവ്വഹിക്കുന്നത്.

# 43. കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി പദ്ധതി

## ലക്ഷ്യങ്ങൾ

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന കൈപ്പാട് നിലങ്ങളിൽ നെൽകൃഷിക്ക് ശേഷമുള്ള ഇടവേളകളിൽ ചെമ്മീൻ കൃഷി നടത്തുന്ന പരമ്പരാഗത കൃഷി രീതിയാണിത്. പരിസ്ഥിതി സന്തുലിതാവസ്ഥ നഷ്ടപെടാതെ സ്ഥായിയായ വിധത്തിൽ ചെമ്മീൻ കൃഷി നടത്താൻ കർഷകരെ പ്രാപ്തരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മൺസൂണിന് ശേഷം പാടങ്ങളിലെ ഉപ്പിന്റെ അംശം കുറയുമ്പോൾ നെൽകൃഷിയും അതിന് ശേഷം ചെമ്മീൻകൃഷിയും നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതുമൂലം ചെമ്മീൻ ഉൽപാദനവും അതിൻ നിന്നുമുള്ള വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉൾപ്രേരണയാകുകയും ചെയ്യുന്നു.

## ഗുണഭോക്താവ്

- കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കൈപ്പാട് നിലങ്ങൾ ഉള്ള പരമ്പരാഗത കർഷകർ, പാടശേഖര സമിതികൾ, സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ, ആക്ടിവിറ്റി ഗ്രൂപ്പുകൾ എന്നിവരാണ് ഗുണഭോക്താക്കൾ
- ലഭിക്കുന്ന അപേക്ഷകൾ അതത് പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയിൽ പരിഗണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.
- പദ്ധതി നിർവ്വഹണത്തിനായി കർഷകരുടെ സ്ഥലം കൃഷിയ്ക്ക് അനുയോജ്യമായിരിക്കേണ്ടതാണ്. സ്ഥലത്തിന്റെ കൈവശാവകാശ രേഖകൾ, ലീസ് രേഖകൾ തുടങ്ങിയവ അപേക്ഷിക്കുന്ന സമയത്ത് ഹാജരാകേണ്ടതാണ്.
- ഗുണഭോക്തൃ ഗ്രൂപ്പുകൾ കോസ്റ്റൽ അക്വാ കൾച്ചർ അതോറിറ്റി ലൈസൻസ് ലഭിച്ചിട്ടുള്ള വരായിരിക്കണം.

## സ്കീമിന്റെ നിർവ്വഹണം

എരഞ്ഞോളി കേന്ദ്രമായി പ്രവർത്തിക്കുന്ന അഡാക്കിന്റെ ഫാം വഴിയാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.

## ഫണ്ടിംഗ്

സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഈ പദ്ധതികൾക്ക് ഫിഷറീസ് ഡയറക്ടർ മുഖേന അഡാക്കിന് സർക്കാരിൽ നിന്നും ലഭിക്കുന്നത്. പദ്ധതി റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന ഫണ്ടാണ് ഇത്.

നിലവിൽ നടപ്പിലാക്കി വരുന്ന പ്ലാൻ സ്കീമിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിന് 50% സബ്സിഡിയും നൽകുന്നതാണ്. കർഷകർ പദ്ധതി നടപ്പിലാക്കിയ ശേഷം ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് അതാത് ഇംപ്ലിമെന്റിംഗ് ഓഫീസ് വഴി സബ്സിഡി തുക കർഷകർക്ക് നൽകുന്നു. ഇതിനായി ആവശ്യമായ തുക എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്, റിക്വസ്റ്റ് ലഭിക്കുന്ന മുറയ്ക്ക്, റീജിയണൽ, എക്സിക്യൂട്ടീവുമാർക്ക് നൽകി വരുന്നു.

## പ്രവർത്തനങ്ങൾ

അഡാക്കിന്റെ സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം ലഭ ിച്ച് കഴിഞ്ഞാൽ ആപ്ലിക്കേഷൻ ക്ഷണിക്കൽ, ക്ഷണിച്ച ആപ്ലിക്കേഷനുകളുടെ സൈറ്റ് വെരിഫിക്കേഷൻ, സർവ്വേ എന്നിവ നടത്തിയ ശേഷം, മത്സ്യകൃഷിക്കായി കുളം ഒരുക്കുന്നവർക്ക് ആവശ്യമായ വിത്ത് നൽകുന്നു. കുളം ഒരുക്കൽ, ആവശ്യമായ ബണ്ട് നിർമ്മാണം, നഴ്സറി നിർമ്മാണം, സ്ലൂയിസ് നിർമ്മാണം, പമ്പ്സെറ്റ് തുടങ്ങിയ എല്ലാവിധ ആവശ്യങ്ങൾക്കും കർഷകർക്ക് ബില്ല്, വൗച്ചർ സമർപ്പിക്കുന്ന മുറയ്ക്ക് സബ്സ്ഡി നൽകുന്നു. ഫീൽഡ്തല ഉദ്യോഗസ്ഥർ, ഓവർസീയർ എന്നിവർ പരിശോധിച്ച് നൽകുന്ന റിപ്പോർട്ട് അനുസരിച്ച് റീജിയണൽ എക്സിക്യൂട്ടീവ്, എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഫണ്ട് അനുവദിക്കുന്നതിന് കത്ത് നൽകിയാൽ അത് പരിശോധിച്ച് ആവശ്യമായ ഫണ്ട് അനുവദിക്കുന്നു. ഫീൽഡ്തല മോണിറ്ററിംഗിനായി എക്സിക്യൂട്ടീവ് ഡയറക്ടർ, റീജിയണൽ എക്സിക്യൂട്ടീവ്, ഫീൽഡ് ഉദ്യോഗസ്ഥർ എന്നിവർ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുന്നു.

## സംഘാടനം

പദ്ധതി പ്രവർത്തനങ്ങൾ സർക്കാരിന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൽ മാത്രമാണ് കൈപ്പാട് നിലങ്ങളിലെ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ പഞ്ചായത്ത്/തദ്ദേശ രണ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്നില്ല. പാടശേഖര സമിതികൾ, കർഷക സംഘങ്ങൾ തുടങ്ങിയവ ഗുണഭോക്താക്കൾ ആയതിനാൽ ജനപ്രതിനിധികൾ ഈ പ്രവർത്തനവുമായി ബന്ധപ്പെടുന്നുണ്ട്. കൈപ്പാട് പദ്ധതി നടത്തിപ്പിന്റെ ഭാഗമായ ഗുണഭോക്താക്കളുടെ സെലക്ഷൻ കമ്മിറ്റിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർ പങ്കെടുക്കുന്നു. മത്സ്യവിത്തു നിക്ഷേപം, യോഗം വിളിച്ച് ചേർക്കൽ, വിളവെടുപ്പ് എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഗണ്യമായ പങ്ക് നിർവ്വഹിക്കുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

നിലവിൽ ഈ സ്കീമുകൾ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചവയായതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് ഇടപെടുന്നില്ല. അഡാക്കിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അഡാക്ക് ചെയ്യുന്ന പ്രവർത്തികൾ കൂടി കണക്കിലെടുത്ത് പദ്ധതി തയ്യാറാക്കണം. കൂടാതെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉള്ള അനുയോജ്യ സ്ഥലം കണ്ടെത്തി ഈ സ്കീമിൽ ഉൾപെടുത്തുന്നതിനുള്ള നടപടികൾക്ക് നേതൃത്വം വഹിക്കണം അഡാക്ക് ഏറ്റെടുക്കുന്ന പ്രവർത്തികൾ ഒഴിവാക്കി മാത്രം തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതികൾ തയ്യാറാക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി കൊണ്ടു പോകുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാം. പഞ്ചായത്ത് തലത്തിൽ കർഷക യോഗങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കാം. ഗ്രാമസഭകളിൽ സ്കീമിനെക്കുറിച്ച് അവബോധം നൽകാം.

## 44. ജലകൃഷി വികസന ഏജൻസി. അഡാക്ക്

### പദ്ധതി ഘടകങ്ങളുടെ സാമ്പത്തിക വിവരണങ്ങളും സബ്സിഡി വിശദാംശങ്ങളും

| ക്രമ നം | പദ്ധതികളുടെ പേര് | യൂണിറ്റ് | യൂണിറ്റിന്റെ മതിപ്പു ചിലവ് (രൂപ) | സബ്സിഡി നിരക്ക് | പരമാവധി ലഭിക്കുന്ന സബ്സിഡി സഹായം (രൂപ) |
|---|---|---|---|---|---|
| a | ശുദ്ധജല തടാകങ്ങളിലും കുളങ്ങളിലും ഉള്ള മത്സ്യകൃഷി | 1 വമ | 50000 | 20% | 10000 |
| b | പാടശേഖരങ്ങളിലേയും കോൾനിലങ്ങളിലേയും ആറ്റുകൊഞ്ച് മത്സ്യകൃഷി, സംയോജിത മത്സ്യകൃഷി | 1 വമ | 50000 | 20% | 10000 |
| c | പൊക്കാളി, കൈപ്പാട് പാടശേഖരങ്ങളിലെ ചെമ്മീൻകൃഷി | 1 വമ | 60000 | | 20000 |
| d | കല്ലുമ്മേക്കായ കൃഷി | 25ഠ$^2$ | 10000 | 25% | 2500 |
| e | ഞണ്ടുകൃഷി/കൊഴുപ്പിക്കൽ | 1 വമ | 50000 | 25% | 12500 |
| f | കരിമീൻവിത്ത് (കുഞ്ഞുങ്ങളെ) പരിപാലനവും, വിപണന യൂണിറ്റ് സ്ഥാപിക്കലും | | 30000 | 50% | 15000 |
| g | അടുക്കള കുളങ്ങൾ സ്ഥാപിക്കൽ | | 1000 | 100% | 1000 |
| h | കുളങ്ങളിലെ കരിമീൻ വളർത്തൽ | | 80000 | 31% | 25000 |
| i | കൂടുകളിൽ കരിമീൻ വളർത്തൽ | | 100000 | 25% | 25000 |
| j | പുഴകൾ, കായലുകൾ അഴിമുഖങ്ങൾ എന്നിവിടങ്ങളിൽ മത്സ്യവർദ്ധനവ് ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ | | 150000 | പദ്ധതിയുടെ മുഴുവൻ ചിലവും സൗജന്യമായി വഹിക്കുന്നു. | |
| k | ജലകൃഷി രീതികളിലുള്ള പരിശീലന പരിപാടികൾ | എല്ലാ ജില്ലകളിലേയും കർഷകർക്ക് സൗജന്യ പരിശീലനം | | | |
| l | ചെമ്മീൻ കൃഷിയിടങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ | ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% സബ്സിഡിയായി ലഭിക്കും. | | | |
| m | കല്ലുമ്മക്കായ കൃഷിക്കുള്ള ഇൻഷുറൻസ് പരിരക്ഷ | ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% സബ്സിഡിയായി ലഭിക്കും. | | | |

# VI
# മൃഗസംരക്ഷണ വകുപ്പ്



## ആമുഖം

കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന വകുപ്പുകളിലൊന്നാണ്. 1956ൽ രൂപീകൃതമായതും വളരെ ചുരുക്കം സ്ഥാപനങ്ങളും ജീവനക്കാരുമായി പ്രവർത്തനമാരംഭിച്ചതുമായ ഈ വകുപ്പ് ഇന്ന് കേരളത്തിലെ ഏറ്റവും പ്രമുഖ വികസന വകുപ്പുകളിലൊന്നാണ്. നാലായിരത്തിലധികം സ്ഥാപനങ്ങളും പതിനായിരത്തോളം ജീവനക്കാരുമുള്ള ഈ വകുപ്പിലെ അറുപത് ശതമാനം പേരും സാങ്കേതിക വിഭാഗത്തിൽപ്പെട്ട വെറ്ററിനറി ഡോക്ടർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുമാണ്. പഞ്ചായത്ത് രാജ്/നഗരപാലികാ സംവിധാനം 1995 ഒക്ടോബർ 2ന് നിലവിൽ വന്നതോടെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 189/95 തീയതി 18/9/1995 പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ ഒട്ടുമിക്ക സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ പഞ്ചായത്തുകളിലും മൃഗചികിത്സാ കേന്ദ്രങ്ങളും കൃത്രിമ ബീജാധാന കേന്ദ്രങ്ങളും ഉള്ള ഏക സംസ്ഥാനം കേരളമാണ്. ഇവ കൂടാതെ ഡയറി ഫാമുകളും, കോഴി വളർത്തൽ ഫാമുകളും പന്നിവളർത്തൽ കേന്ദ്രങ്ങളും ആടുവളർത്തൽ യൂണിറ്റുകളും, ടർക്കി വളർത്തൽ കേന്ദ്രം, താറാവ് വളർത്തൽ ഫാം , ബയോളജിക്കൽ പ്രൊഡക്ഷൻ യൂണിറ്റ്, രോഗാന്വേഷണ ലബോറട്ടറികൾ,

കർഷക പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവയും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

ശാസ്ത്രീയമായി കന്നുകുട്ടികളെ സംരക്ഷിക്കുന്നതിനുള്ള കന്നുകുട്ടി പരിപാലന പദ്ധതി, രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള ഗോരക്ഷാ പ്രോജക്ട്, ചെക്ക് പോസ്റ്റുകൾ, ഊർജ്ജിത കന്നുകാലി വികസന പദ്ധതി തുടങ്ങിയവയ്ക്കും പ്രത്യേക ഭരണ സംവിധാനങ്ങളുണ്ട്.

കേരളത്തിലെ കന്നുകാലി/വളർത്തുപക്ഷി സമ്പത്തിന്റെ ആരോഗ്യ സംരക്ഷണം ( Animal Health) കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടികൾ, (Cattle Breeding), ഭക്ഷ്യ-ഉൽപ്പന്നങ്ങളായ പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദന വർദ്ധനവ് (Augmentation of production of milk, meat and eggs) എന്നിവയാണ് മൃഗസംരക്ഷണ വകുപ്പിന്റെ മുഖ്യ ദൗത്യങ്ങൾ. ഈ ദൗത്യങ്ങൾ സാദ്ധ്യമാകുന്നതിന് ഉതകുന്ന തരത്തിലുള്ള നിരവധി പദ്ധതികൾക്ക് വകുപ്പ് നേതൃത്വം നൽകി വരുന്നുണ്ട്. ഉൽപ്പാദന വർദ്ധന കൈവരിക്കുന്നതിന് ഉതകുന്ന ഗുണമേന്മയുള്ള ഉൽപ്പാദനോപാദികൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതോടൊപ്പം ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. ഇതിനുപുറമെ രോഗപ്രതിരോധവും ചികിത്സാ സൗകര്യവും മെച്ചപ്പെടുത്തുക, വിജ്ഞാന വ്യാപന പരിശീലന സൗകര്യങ്ങളും ഗവേഷണ സൗകര്യവും വിപുലപ്പെടുത്തുക മുതലായവയ്ക്കും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ബഹുജന പങ്കാളിത്തത്തിന്റെ അടിത്തറയിൽ ജനകീയാസൂത്രണ പ്രക്രിയയിൽ കൂടി സാധാരണ ജനങ്ങൾക്ക് മൃഗപരിപാലനത്തെക്കുറിച്ചുള്ള ശാസ്ത്രീയ പരിജ്ഞാനം ലഭ്യമാക്കുന്നതിനും ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിനും സ്ത്രീകൾക്ക് വേണ്ടിയുള്ള തൊഴിലവസരങ്ങളും സർവ്വോപരി മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമുള്ള വികസന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുകയാണ് ലക്ഷ്യം. ക്ഷീര വികസന വകുപ്പ്, കേരള കന്നുകാലി വികസന ബോർഡ്, കേരള ഫീഡ്സ്, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ., സഹകരണ ക്ഷീര വിപണന ഫെഡറേഷൻ ചഅആഅഞഉ തുടങ്ങിയ സ്ഥാപനങ്ങളും, ATMA, KUDUMBASREE തുടങ്ങിയ ഏജൻസികളുമായി സഹകരിച്ചും പദ്ധതികൾ സംയോജിപ്പിച്ചുമാണ് വകുപ്പ് പ്രവർത്തിക്കുന്നതും.

സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് പുറമെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, കർഷക ആത്മഹത്യ കൂടുതലായ ജില്ലകൾക്കുള്ള സ്പെഷ്യൽ പാക്കേജ്, കുട്ടനാട്/ ഇടുക്കി മേഖലക്കുള്ള പ്രത്യേക പാക്കേജുകൾ, രാഷ്ട്രീയ കൃഷി വികാസ് യോജന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തുടങ്ങിയവയും വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

## 2012-13 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള മൃഗസംരക്ഷണ മേഖലയിലെ പ്രധാന പദ്ധതികൾ

മൃഗസംരക്ഷണ ക്ഷീരവികസന മേഖലയ്ക്ക് 2012-13 വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന മൊത്തം വിഹിതം 264.22 കോടി രൂപയാണ്. മൃഗസംരക്ഷണ വകുപ്പിന് 2012-13 ൽ 131.42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

# സംസ്ഥാനാവിഷ്കൃത പദ്ധതികൾ

## 1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗ ചികിത്സാ സേവനം

### a. മൾട്ടി സ്പെഷ്യാലിറ്റി സഞ്ചരിക്കുന്ന മൃഗാശുപത്രികൾ

### ആമുഖം:

അടിയന്തിര ഘട്ടങ്ങളിൽ കർഷകർക്ക് ഉരുക്കളെ ആശുപത്രിയിൽ കൊണ്ടുവന്ന് സേവനം തേടുന്നതിന് കർഷകന് ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അവരുടെ വീട്ടുപടിയ്ക്കൽ സേവനം നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതി.

### ലക്ഷ്യങ്ങൾ

കർഷകർക്ക് വീട്ടിപടിയ്ക്കൽ അത്യന്താധുനിക സേവനം ലഭ്യമാക്കുക. അടിയന്തിര ഘട്ടങ്ങളിൽ ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് സഹായം ലഭ്യമാക്കുക. മൃഗസംരക്ഷണ വകുപ്പിന് കർഷകരോടുള്ള അർപ്പണ മനോഭാവവും മൃഗങ്ങളോടുള്ള സഹാനുഭൂതിയും വെളിപ്പെടുത്തുക.

### ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കിയിരിക്കുന്നു. കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി ഫണ്ടിംഗ് നടത്തുന്നു.

### നിർവ്വഹണ സ്ഥാപനം

തിരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നു.

## വകുപ്പിന്റെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനത്തെ വിവരങ്ങൾ അറിയിക്കുക, ഗ്രാമസഭകളിൽ ഹാജരായി സ്കീമിനെക്കുറിച്ച് അവബോധം നൽകുക.

### തദ്ദേശഭരണസ്ഥാപനത്തിന്റ പങ്ക്

ഗ്രാമസഭവഴി ജനങ്ങളിൽ പദ്ധതിയെക്കുറിച്ച് അവബോധം നൽകുക. നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചർച്ച നടത്തുക. പദ്ധതി നടപ്പിലാക്കാനുള്ള സഹായങ്ങൾ ഉറപ്പു വരുത്തുക.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ പെടുത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി എല്ലാ കർഷകരും ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പു വരുത്തണം.

## b. രാത്രികാലങ്ങളിലെ സേവനം

### ആമുഖം:

നിലവിൽ വെറ്ററിനറി ആശുപത്രികളുടെ പ്രവർത്തനസമയം രാവിലെ 9 മുതൽ 3 മണിവരെയാണ്. രാത്രി കാലങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാകുന്നതിന് കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതു മൂലം കർഷകർ മൃഗസംരക്ഷണ മേഖലയിൽ നിന്ന് ഒഴിഞ്ഞുപോകുന്നതിനുള്ള പ്രവണതയും കണ്ടുവരുന്നു. രാത്രികാലങ്ങളിലെ സേവനത്തിനുമാത്രമായി ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു വെറ്ററിനറി സർജനെ നിയമിക്കുന്നു.

### ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ

### ഫണ്ടിംഗ്

2012-13 ൽ സംസ്ഥാനമൊട്ടാകെ തിരഞ്ഞെടുത്ത 20 ബ്ലോക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപ സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കിയിരുന്നു. പദ്ധതി വിജയത്തെ തുടർന്ന് ഈ വർഷവും 20 ബ്ലോക്കുകളിൽ കൂടി നടപ്പിലാക്കുന്നതിന് 100 ലക്ഷം രൂപ ലഭ്യമാക്കിയിരിക്കുന്നു.

തിരഞ്ഞെടുത്ത ബ്ലോക്കിലെ സീനിയർ വെറ്ററിനറി സർജന് കീഴിൽ കരാർ അടിസ്ഥാനത്തിൽ ഒരു വെറ്ററിനറി സർജൻ പ്രവർത്തിക്കുന്നു. ആവശ്യമായ മരുന്നുകൾ, അറ്റന്റർ എന്നിവയും ലഭ്യമാക്കുന്നു.

### പ്രവർത്തനങ്ങൾ

സംസ്ഥാന തലത്തിൽ രൂപം കൊടുത്ത പദ്ധതി ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. തിരഞ്ഞെടുത്ത ബ്ലോക്കിൽ താല്ക്കാലിക അടിസ്ഥാനത്തിൽ രാത്രി 6 മണി മുതൽ രാവിലെ 6 മണി വരെ ഒരു ഡോക്ടറുടെ സേവനം കർഷകന് ലഭ്യമാക്കുന്നു. ജില്ലാതലത്തിൽ മോണിറ്ററിംഗ് നടത്തുന്നു.

### വകുപ്പിന്റെ പങ്ക്/നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

തദ്ദേശ സ്വയംഭരണ സ്ഥാപന യോഗങ്ങളിൽ പദ്ധതിയെക്കുറിച്ച് അവതരിപ്പിക്കുക വഴി കൂടുതൽ ജനങ്ങൾക്ക് പ്രയോജനം ലഭിക്കും

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെക്കുറിച്ച് കർഷകർക്ക് അറിവ് നൽകുക, പ്രവർത്തനം നിരീക്ഷിക്കുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മേൽ പദ്ധതി കാര്യക്ഷമമായി നടക്കുകയും കർഷകർക്ക് ഉപകാരപ്രദവുമാണ് എന്ന് കാണുന്നപക്ഷം മറ്റ് ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കാവുന്നതാണ്.

## 2. പാൽ സൊസൈറ്റികൾ വഴി നടത്തുന്ന ബോധവല്ക്കരണ ക്യാമ്പുകൾ

കർഷകന് ഉരുക്കളെ ആശുപത്രികളിൽ കൊണ്ടുചെന്ന് സേവനം തേടാൻ ബുദ്ധിമിട്ട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ കർഷകന് വീട്ടുപടിയ്ക്കൽ സേവനം നൽകേണ്ടത് അത്യാവശ്യമായി വരുന്നു. മൃഗസംരക്ഷണ മേഖലയിലെ പുതിയ കണ്ടുപിടുത്തങ്ങളും സാങ്കേതിക വിദ്യകളും മറ്റും കർഷകരിലെത്തിക്കാനും രോഗങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകാനും ശാസ്ത്രീയ പരിപാലന മാർക്ഷങ്ങളെക്കുറിച്ച് ബോധവല്ക്കരിക്കാനും ഉപകരിക്കും.

### ലക്ഷ്യങ്ങൾ

കർഷകർക്ക് വീട്ടുപടിക്കൽ സേവനം

## ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കർഷകരും.

## നിർവ്വഹണം

മൃഗസംരക്ഷണ മേഖലയിലെ പഞ്ചായത്ത് തല ഉദ്യോഗസ്ഥർ സൊസൈറ്റികളിലൂടെ നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്ന ഫണ്ട് അതാത് ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുഖേന നിർവ്വഹണോദ്യോഗസ്ഥർക്ക് കൈമാറുന്നു. ക്യാമ്പ് നടത്തിപ്പ്, പ്രചരണം, ഗതാഗതം, മരുന്നുകൾ എന്നിവയ്ക്ക് ഫണ്ട് തുക വകയിരുത്തിയിരിക്കുന്നു.

## പ്രവർത്തനങ്ങൾ

പദ്ധതി അനുവദിച്ചുകിട്ടുന്ന ഉദ്യോഗസ്ഥർ ക്ഷീരസംഘങ്ങളുമായി ചർച്ച ചെയത് മൃഗാരോഗ്യക്യാമ്പുകൾ നടത്തേണ്ട സ്ഥലങ്ങൾ നിശ്ചയിക്കുന്നു. ഓരോ സ്ഥാപനവും, 10 ക്യാമ്പുകൾ വീതം സംഘടിപ്പിക്കണം. പ്രചരണ പരിപാടികളിലൂടെ ക്യാമ്പിനെപ്പറ്റി ജനങ്ങളെ അറിയിക്കും. ക്യാമ്പിൽ കൊണ്ടുവരുന്ന മൃഗങ്ങൾക്ക് ആരോഗ്യ പരിശോധന, വന്ധ്യതാ പരിശോധന, കന്നുകുട്ടി - പരിപാലന പദ്ധതികൾ ഉൾപ്പെട്ട കന്നുകുട്ടികളുടെ വെരിഫിക്കേഷൻ, പ്രതിരോധ കുത്തിവയ്പുകൾ, ഇൻഷുറൻസ്, ആരോഗ്യ സംബന്ധമായ നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ തുടങ്ങിയ സേവനങ്ങൾ ക്യാമ്പിൽ നൽകുന്നു. ആവശ്യമുള്ള പക്ഷം വിവിധ സാംപിളുകൾ ശേഖരിച്ച് വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകുന്നു.

## സംഘാടനം:

ഓരോ പഞ്ചായത്തിലേയും ക്ഷീരസംഘങ്ങൾക്ക് പ്രചാരണ ചുമതലയും ക്യാമ്പ് നടത്തിപ്പ് ചുമതലയും നൽകുന്നു. ക്യാമ്പ് വെറ്ററിനറി സർജന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നു.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

ക്യാമ്പുകളുടെ നടത്തിപ്പിനുള്ള സഹകരണം, ബോധവല്ക്കരണ പദ്ധതികളുടെ പ്രചാരണം തുടങ്ങിയവയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പങ്കുവഹിക്കാവുന്നതാണ്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവർത്തനം അവലോകനം ചെയ്യാം. ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതല

മൃഗസംരക്ഷണ വകുപ്പ് കർഷക മൃഗക്ഷേമത്തിനായി നടത്തുന്ന ക്യാമ്പുകളുടെ പ്രയോജനം കർഷകർ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുക. വിജ്ഞാനവ്യാപന സേവനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുക. തദ്ദേശഭരണസ്ഥാപന ജനപ്രതിനിധികൾക്ക് വേണ്ട അവബോധം നൽകുക.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം:

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളെപ്പറ്റി ഗ്രാമസഭ വഴി അവബോധം നൽകാം. പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് എല്ലാ അർഹരായ ഗുണഭോക്താക്കളേയും കണ്ടെത്തണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരമാവധി കർഷകരെ പങ്കെടുപ്പിക്കാൻ ശ്രമിക്കണം. നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാമുകളിലേക്ക് സന്ദർശനം നടത്താവുന്നതാണ്. ക്യാമ്പുകളെക്കുറിച്ച് കർഷകർക്കുള്ള പരാതികളും നിർദ്ദേശങ്ങളും ഉൾക്കൊണ്ട് കൂടുതൽ കാര്യക്ഷമമായി ക്യാമ്പുകൾ നടത്തണം.

# 3. വന്ധ്യതാ നിവാരണ ക്യാമ്പുകൾ

ക്ഷീരകർഷകരെ എന്നും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് കന്നുകാലികളിലെ വന്ധ്യത. കർഷകർക്ക് സാമ്പത്തികമായും മാനസികമായും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഈ പ്രശ്നത്തിന് ഒരു പരിഹാരം എന്ന നിലക്കാണ് വർഷം തോറും വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ:

കന്നുകാലികളിലെ വന്ധ്യതാ കാരണങ്ങൾ കണ്ടുപിടിയ്ക്കുക, പരിഹാരമാർക്ഷങ്ങൾ നിർദ്ദേശിക്കുക

## നിർവ്വഹണം:

മൃഗസംരക്ഷണ വകുപ്പ് മൃഗാശുപത്രികളിലൂടെ നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്:

സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു.

### പ്രവർത്തനങ്ങൾ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ഷീരസംഘങ്ങളുടേയും സഹായത്തോടെ പ്രചരണ പരിപാടികൾ നടത്തുന്നു. കന്നുകാലികൾ കൂടുതലുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. മൂന്ന് കുത്തിവയ്പുകൾക്ക് ശേഷവും ഗർഭിണിയാകാത്ത പശുക്കളെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കുകയും ആവശ്യമെങ്കിൽ ഹോർമോൺ ചികിസ്ത, വിറ്റമിനുകൾ, മറ്റു മരുന്നുകൾ എന്നിവ നൽകുകയും ചെയ്യുന്നു. ഒരു തുടർ ക്യാമ്പും സംഘടിപ്പിക്കും. രക്തസിറം പരിശോധനയും നടത്തുന്നു.

### സംഘാടനം:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീരസംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ഓരോ പഞ്ചായത്ത് മുനിസിപ്പൽ തലത്തിലും അതാത് വെറ്ററിനറി സർജൻമാർ സംഘടിപ്പിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്:

പ്രചാരണ പരിപാടികൾക്കും ക്യാമ്പ് സംഘാടനത്തിനുമുള്ള സഹകരണം നൽകുക. എല്ലാ കർഷകരും പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പ് വരുത്തുക. വ്യാപക പ്രചാരണം നൽകുക.

### വകുപ്പിന്റെ പങ്ക്:

തദ്ദേശഭരണസ്ഥാപനങ്ങളുടെ യോഗത്തിൽ ഈ ക്യാമ്പുകൾ നടത്തുന്നതിനെക്കുറിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ അവതരിപ്പിക്കുകയും പരമാവാവധി പങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രദ്ധിക്കുക. ക്യാമ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുപോകുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തി ക്യാമ്പുകളുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നുണ്ട്ന്ന് ഉറപ്പുവരുത്തുക.

## 4. സമഗ്ര മൃഗാരോഗ്യ പരിപാലന പദ്ധതി (കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം)

### ലക്ഷ്യങ്ങൾ

അസുഖം ഉണ്ടെന്ന് സംശയം തോന്നുന്ന ഉരുക്കളെ പലപ്പോഴും ആശുപത്രികളിൽ എത്തിച്ച് ചികിത്സ നേടാൻ കർഷകർ മടിക്കുന്നു. ഈയവസരത്തിൽ കർഷ

കരുടെ വീട്ടുപടിയ്ക്കൽ മൃഗചികിത്സാ സേവനം എത്തിക്കുന്നതിനുവേണ്ടി ക്യാമ്പുകൾ നടത്തുന്നു.

## ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ

## പദ്ധതി നിർവ്വഹണം

സംസ്ഥാന സർക്കാർ മൃഗസംരക്ഷണ വകുപ്പിലൂടെ നടത്തുന്നു. ത്രിതല പഞ്ചായത്ത് തല ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായിരിക്കും.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ, ഫണ്ട് മൃഗസംരക്ഷണ വകുപ്പിന് കൈമാറുന്നു.

## പ്രവർത്തനങ്ങൾ

ഓരോ പഞ്ചായത്തിലേയും രണ്ടോ മൂന്നോ സ്ഥലങ്ങളിൽ ക്യാമ്പ് നടത്തുന്നു. മൃഗങ്ങളുടെ പൊതുവായ ആരോഗ്യസ്ഥിതി, പരിശോധന, വന്ധ്യതാ പരിശോധന, രക്തം, ചാണകം, പാൽ തുടങ്ങിയവയുടെ പരിശോധന, ഇൻഷുറൻസ്, നല്ല സങ്കരയിനം കന്നുകുട്ടികളെ കണ്ടുപിടിച്ച് പ്ര ത്യേക കന്നുകുട്ടി പരിപാടിയിലേയ്ക്ക് എൻറോൾ ചെയ്യുക, മരുന്നിന്റേയും ധാതുലവണ മിശ്രിതങ്ങളുടേയും വിതരണം തുടങ്ങിയ പരിപാടികൾ ഓരോ ക്യാമ്പിലും നടത്തുന്നു.

## സംഘാടനം

പഞ്ചായത്ത്തല വെറ്ററിനറി ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കുന്നു.

പദ്ധതി ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, ക്യാമ്പ് നടത്തുന്നതിനുള്ള സ്ഥലം നിശ്ചയിക്കുന്നതിനും, നടത്തിപ്പിനും നിരീക്ഷണത്തിനും കാര്യക്ഷമമായ പങ്കു വഹിക്കുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ യോഗങ്ങളിൽ പദ്ധതി അവതരിപ്പിക്കുന്നു. ഗ്രാമസഭകളിൽ പദ്ധതിയെക്കുറിച്ച് അവബോധം നൽകുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

ക്യാമ്പുകളുടെ പ്രചാരണ പരിപാടികൾ തദ്ദേശ രണസ്ഥാപനങ്ങൾ വഴി സംഘടിപ്പിക്കാം.

## 5. ഫീൽഡ് സന്ദർശന-വിജ്ഞാന വ്യാപന പരിപാടി (റഗുലർ ഫീൽഡ് വിസിറ്റ് ഓറിയന്റഡ് എക്സ്റ്റൻഷൻ പ്രോഗ്രാം)

### ലക്ഷ്യങ്ങൾ

കേരളത്തിലെ ആയിരത്തോളം വരുന്ന വെറ്ററിനറി സ്ഥാപനങ്ങൾ വഴി നാലായിരത്തോളം ഫീൽഡ് സന്ദർശനങ്ങൾ സംഘടിപ്പിക്കുന്നു. ഇത്തരം ക്യാമ്പുകൾ വിജ്ഞാനവ്യാപനം ലക്ഷ്യമാക്കി നടത്തുന്നു.

### ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ കർഷകരും:

### പദ്ധതി നിർവ്വഹണം

പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡോക്ടർക്കായിരിക്കും നിർവ്വഹണ ചുമതല. ഓരോ സ്ഥാപനങ്ങൾ വഴി 4 ക്യാമ്പുകൾ വീതം നടത്തുന്നു. മൃഗങ്ങളുടെ പരിശോധന, മരുന്ന് വിതരണം, ലഘുലേഖകളുടെ വിതരണം, കൈപ്പുസ്തകങ്ങൾ, തീറ്റപ്പുൽ വിത്തുകൾ തുടങ്ങിയവയുടെ വിതരണം, വിവിധ വിഷയങ്ങളിൽ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുന്നു.

### ഫണ്ടിങ്ങ്

സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയഫണ്ട് സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനകാര്യ വകുപ്പ് മുഖേന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന് ലഭ്യമാക്കുന്നു. അവിടെ നിന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സന്ദർശന നടത്തിപ്പിന് വേണ്ടി ലഭ്യമാക്കുന്നു.

### പ്രവർത്തനങ്ങൾ

30 ൽ കുറയാത്ത കർഷകരെ സംഘടിപ്പിച്ച് ക്യാമ്പുകൾ നടത്തുന്നു. കർഷകരുടെ വീട്ടുപടിക്കൽ സേവനമെത്തിക്കുന്നതിനും കഴിയുന്നു. വകുപ്പിന്റേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും വിവിധ പദ്ധതികളെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനത്തിന്റെ/ഗ്രാമസഭയുടെ സേവനം ഉപയോഗിക്കണം.

### സംഘാടനം

ക്ഷീരസംഘങ്ങൾ, സർക്കാർ ഇതര സംഘടനകൾ, മൃഗസംരക്ഷണ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള മറ്റ് സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

പ്രചാരണ പരിപാടികൾക്കും ക്യാമ്പ് സംഘാടനത്തിനുമുള്ള സഹകരണം അത്യാവശ്യമാണ്. കൂടാതെ അർഹതയുള്ള കർഷകരെ കണ്ടെത്തുന്നതിന് സഹായിക്കുക. ഗ്രാമസഭകളിൽ പദ്ധതി അവലോകനം ചെയ്യുക.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ യോഗങ്ങളിൽ പദ്ധതി അവതരിപ്പിച്ച് സഹകരണം ഉറപ്പുവരുത്താവുന്നതാണ്. ഗ്രാമസഭയിൽ ഹാജരായി ഉൽബോധനം നടത്തണം. സംശയ നിവാരണം നടത്തണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പ്രസ്തുത ക്യാമ്പുകളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് പ്രചാരണം നടത്താവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഓരോ ക്യാമ്പിനുശേഷവും കൃത്യമായ വിലയിരുത്തൽ നടത്തി ഉറപ്പുവരുത്തി അടുത്ത ക്യാമ്പുകളിൽ പോരായ്മകൾ പരിഹരിച്ച് മുന്നോട്ടു പോകാവുന്നത്. ഇതിന് ഗ്രാമസഭകളിൽ പ്രവർത്തനം വിലയിരുത്തപെടണം.

## 6. പങ്കാളിത്ത പരിശീലന പരിപാടി

### ലക്ഷ്യങ്ങൾ

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തിക്കാൻ താൽപര്യമുള്ളതുമായ സർക്കാർ ഇതര സംഘടനകളേയും, റസിഡന്റ് അസോസിയേഷനുകളേയും കണ്ടെത്തി അവരിലൂടെ വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിക്കുക.

### ഗുണഭോക്താവ്

മൃഗസംരക്ഷണ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന കർഷകർ/മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കാൻ താൽപര്യമുള്ളവർ

### പദ്ധതി നിർവ്വഹണം

മൃഗസംരക്ഷണ രംഗത്ത് സംഭാവനകൾ നൽകാൻ കഴിയുന്ന സർക്കാർ ഇതര സംഘടനകളോ റസിഡന്റ് അസോസിയേഷനുകളെയോ പരിശീലനം നൽകി ഈ

രംഗത്ത് പരിശീലനം നൽകുന്നതിന് പ്രാപ്തരാക്കുകയും വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

## ഫണ്ടിങ്ങ്

സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ ഫണ്ട് സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനകാര്യ വകുപ്പ് മുഖേന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന് ലഭ്യമാക്കുന്നു. അവിടെ നിന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് കൈമാറുന്നു.

## പ്രവർത്തനങ്ങൾ

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളെയും റസിഡൻസ് അസോസിയേഷനുകളെയും അപേക്ഷകൾ ക്ഷണിച്ച് തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കുന്നവയുടെ ലിസ്റ്റ് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾക്ക് കൈമാറുകയും ഈ കേന്ദ്രങ്ങൾ വഴി പ്രസ്തുത എൻ.ജി.ഒ/റസിഡന്റ് അസോസിയേഷനുകൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. പരിശീലനം ലഭിച്ച എൻ.ജി.ഒ/റസിഡന്റ് അസോസിയേഷനുകൾ 25 മുതൽ 50 പേരടങ്ങുന്ന പരിശീലനാർത്ഥികൾക്ക് മേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നു.

## സംഘാടനം

മൃഗസംരക്ഷണ വകുപ്പിനാണ് സംഘാടനത്തിന്റെ പ്രധാന ചുമതല.

## തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്ക

പദ്ധതിയുടെ പ്രചാരണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു പ്രധാന പങ്കുവഹിക്കാൻ കഴിയും. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സഹായിക്കാൻ കഴിയും.

## വകുപ്പിന്റെ പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ അർഹരായ ഗുണഭോക്താക്കളെ കണ്ടുപിടിച്ച് ജില്ലാ മൃഗസംരക്ഷണ ആഫീസുവഴി പരിശീലന കേന്ദ്രങ്ങളെ അറിയിക്കുക. പരിശീലനം നൽകേണ്ടവരെ തിരഞ്ഞെടുത്ത് നൽകാവുന്നതാണ്. ഗ്രാമസഭകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് ഇത്തരം പരിശീലന പരിപാടികൾ വഴി ബോധവൽക്കരണം നടത്താവുന്നതാണ്.

ബോധവൽക്കരണം ആവശ്യമായ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരിശീലനം ലഭിച്ച എൻ.ജി.ഒ/ആർ.എ.കൾ കൃത്യമായി പരിശീലന പരിപാടികൾ നടത്തുന്നു എന്ന് ഉറപ്പുവരുത്തണം.

## 7. സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണപരിപാടി

### ലക്ഷ്യങ്ങൾ

മൃഗസംരക്ഷണരംഗത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, ഈ രംഗത്തെ പദ്ധതികളെക്കുറിച്ചും ഭക്ഷ്യസുരക്ഷയെക്കുറിച്ചും ജന്തുജന്യ രോഗങ്ങളെക്കുറിച്ചും ഇത് പൊതുജനാരോഗ്യത്തിന് സൃഷ്ടിക്കുന്ന ഭീഷണികളെക്കുറിച്ചും എല്ലാതരം മൃഗങ്ങളുടെയും ശാസ്ത്രീയ പരിപാലനമുറകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുക. മൃഗപരിപാലനത്തിലൂടെ സമ്പാദ്യശീലം വളർത്തുക

### ഗുണഭോക്താവ്

സ്കൂൾ വിദ്യാർത്ഥികൾ

### സ്കീമിന്റെ നിർവ്വഹണം

മൃഗസംരക്ഷണ വകുപ്പ് ഫീൽഡ് തല ഉദ്യോഗസ്ഥർ വഴി നടപ്പിലാക്കുന്നു.

### ഫണ്ടിങ്ങ്

സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ ഫണ്ട് സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനകാര്യവകുപ്പ് മുഖേന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന് ലഭ്യമാക്കുന്നു. അവിടെനിന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥർക്കും കൈമാറുന്നു.

### പ്രവർത്തനങ്ങൾ

പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ (അപ്പർ പ്രൈമറി/ഹൈസ്കൂൾ) ജില്ലാ മൃഗസംരക്ഷണ ഓഫീസർ തിരഞ്ഞെടുക്കുന്നു. ഓരോ സ്കൂളിൽ നിന്നും 50 കുട്ടികളെ തിരഞ്ഞെടുത്ത് ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പുകൾ ശനിയാഴ്ചകളിൽ സംഘടിപ്പിക്കുന്നു. ഡോക്യുമെന്ററി പ്രദർശനം, പ്രശ്നോത്തരികൾ, ക്യാമ്പുകൾ

തുടങ്ങിയവ ക്യാമ്പിൽ സംഘടിപ്പിക്കുന്നു. വിജയികൾക്ക് സാക്ഷ്യപത്രം നൽകും. സ്കൂൾ തെരഞ്ഞെടുക്കുമ്പോൾ തദ്ദേശഭരണസ്ഥാപനവുമായി ബന്ധപെടണം.

### സംഘാടനം

മൃഗസംരക്ഷണ വകുപ്പിനാണ് സംഘാടന ചുമതല.

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കൂളുകൾ തിരഞ്ഞെടുത്ത് നൽകാവുന്നതാണ്. അർഹരായ എല്ലാ കുട്ടികളേയും തെരഞ്ഞെടുത്തു എന്ന് ഉറപ്പുവരുത്തണം.

### വകുപ്പിന്റെ പങ്ക്

അർഹരായ വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് ബോധവല്ക്കരണ പരിപാടികൾ നടത്താം.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്നതും പൊതുജനാരോഗ്യത്തിന് സഹായിക്കുന്നതുമായ മറ്റു പദ്ധതികളുമായി സംയോജിപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് പദ്ധതികളുമായും ഇതിനെ ബന്ധിപ്പിക്കാം.

## 8. സ്കൂളുകളിലെ ജന്തുക്ഷേമക്ലബുകൾ

### ലക്ഷ്യങ്ങൾ:

സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി, കുട്ടികൾക്ക് മൃഗങ്ങളോടുള്ള സ്നേഹവും കരുണയും വർദ്ധിപ്പിക്കുന്നതിനും സമ്പാദ്യശീലം ഉണ്ടാക്കുന്നതിനും ലക്ഷ്യമിടുന്നു.

### ഗുണഭോക്താവ്

സംസ്ഥാനത്തെ തിരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ

### പദ്ധതി നിർവ്വഹണം

സംസ്ഥാന സർക്കാർ മൃഗസംരക്ഷണ വകുപ്പ് ഫീൽഡ് തല വെറ്ററിനറി ഡോക്ടർമാർ മുഖേന നടപ്പിലാക്കുന്നു.

### ഫണ്ടിങ്ങ്

ഫണ്ട് അലോട്ട്മെന്റ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുഖേന അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നു.

### പ്രവർത്തനങ്ങൾ

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ പദ്ധതി തയ്യാറാക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ ഫീൽഡ് തല വെറ്ററിനറി ഉദ്യോഗസ്ഥരായിരിക്കും. ജില്ലാ മൃഗസംരക്ഷണ ഓഫീസർ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി പദ്ധതി കൃത്യമായി വിലയിരുത്തുന്നു.

### സംഘാടനം

തിരഞ്ഞെടുത്ത സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതി യുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. തിരഞ്ഞെടുത്ത കുട്ടികൾക്ക് (മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ള) ആട്, മുയൽ, തുടങ്ങിയ മൃഗങ്ങളേയോ, കോഴികളേയോ നൽകുന്നു. ഈ കുട്ടികൾ ഉൾപ്പെട്ട ഒരു ക്ലബ് രൂപവല്ക്കരിക്കുന്നു. ഇതോടനുബന്ധിച്ച് പ്രശ്നോത്തരികൾ, പെയിന്റിങ്ങ് മത്സരം, ഉപന്യാസ മത്സരം തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

അർഹമായ സ്കൂളുകൾ തിരഞ്ഞെടുത്തു നൽകുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. അതു കൂടാതെ പദ്ധതിയുടെ ഓരോ ഘട്ടത്തിലും പങ്കാളിത്തം ഉറപ്പുവരുത്തുകയും ജനങ്ങളിൽ ഇത്തരം ക്ലബുകളെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ അർഹത ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നു.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ വേളയിൽ ഇത്തരം പദ്ധതികൾ രൂപീകരിക്കുന്നതിനെപ്പറ്റി ചർച്ചചെയ്യാവുന്നതാണ്. ഗ്രാമസഭകളിൽ ഹാജരായി പദ്ധതിയെക്കുറിച്ച് അവബോധം നൽകൽ.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന മറ്റ് സ്കൂളുകളിലും ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ഇത്തരം ക്ലബുകൾക്ക് ഒരു

വിപണി കൂടി കണ്ടെത്തി നൽകാവുന്നതാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ മറ്റ് പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിദ്യാർത്ഥികൾക്ക് നൽകുന്ന മൃഗങ്ങളെയും പക്ഷികളെയും പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം ക്ലബുകളിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമായേക്കാവുന്ന കുഞ്ഞുങ്ങൾ, മുട്ട എന്നിവ ഈ ക്ലബുകൾക്ക് തന്നെ തിരിച്ച് ലഭ്യമാക്കാൻ ശ്രദ്ധിക്കണം. ഇതുവഴി ഈ ക്ലബുകൾ വിപുലീകരിക്കാവുന്നതാണ്.

## 9. സെമിനാറുകളും പ്രവർത്തനങ്ങളും

### ലക്ഷ്യങ്ങൾ

സംസ്ഥാനത്തെ 3 മേഖലാ പ്രദർശനങ്ങളും 11 ജില്ലാതല പ്രദർശനങ്ങളും സേവനം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലെ പുതിയ പ്രവണതകളെക്കുറിച്ചും ആശയങ്ങളെക്കുറിച്ചും ബോധവാന്മാരാകുന്നതിനും അതുവഴി ഭക്ഷ്യസുരക്ഷയ്ക്ക് വഴിയൊരുക്കുന്നതിനും ഇത്തരം മേളകൾ സഹായിക്കുന്നു.

### ഗുണഭോക്താക്കൾ

ഈ മേഖലയിൽ മുതൽ മുടക്കാൻ ആഗ്രഹിക്കുന്നവരും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവരും

### നിർവ്വഹണം

മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ കർഷകരുടെയും സംരംഭകരുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ഷീരസംഘങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നു.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ ഫണ്ട് സബ്ജക്റ്റ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു. ഇവിടെനിന്നും അതാത് ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കുന്നു. 3 മേഖലാ പ്രദർശനങ്ങൾക്കായി 15 ലക്ഷവും 11 ജില്ലാ പ്രദർശനങ്ങൾക്കായി 5.5 ലക്ഷവും വകയിരുത്തിയിരിക്കുന്നു.

### പ്രവർത്തനങ്ങൾ

കണ്ണൂർ,തൃശ്ശൂർ,ഇടുക്കി ജില്ലകളിൽ മേഖലാ മേളകൾ സംഘടിപ്പിക്കുന്നു. വനിത ശാക്തീകരണം, മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം , ഫാം മാനേജ്മെന്റിലെ പുതിയ

പ്രവണതകൾ, കർഷകർക്കും വിദ്യാർത്ഥികൾക്കുമുള്ള പ്രശ്നോത്തരികൾ എന്നിവ മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നു.

### സംഘാടനം

മൂന്ന് ദിവസത്തെ പ്രദർശനം,കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, മൃഗസ്നേഹികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

മേള നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. സംരംഭകർക്ക് വേണ്ട അവബോധം ഗ്രാമസഭ വഴി നൽകുന്ന മേളകളിൽ ആവശ്യക്കാരെ പങ്കെടുപ്പിക്കുന്നു.

പദ്ധതി മറ്റ് സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുക, പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗത്തിൽ അവതരിപ്പിച്ച് പരമാവധി സഹകരണം ഉറപ്പുവരുത്തുക.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, പദ്ധതികൾ, വിജയഗാഥകൾ, തുടങ്ങിയവ മേളയിൽ ഉൾപ്പെടുത്താവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം, ഭക്ഷ്യസുരക്ഷ എന്നിവയ്ക്കു പ്രാധാന്യം കൊടുത്തു കൊണ്ടുള്ളതായിരിക്കണം സെമിനാർ.

## 10. സംരംഭക പരിശീലന പരിപാടികൾ

### ലക്ഷ്യങ്ങൾ

ജില്ലാതല നിക്ഷേപകസംഗമ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിൽ നിന്നും താല്പര്യമുള്ള നിക്ഷേപകരെ തിരഞ്ഞെടുത്ത് പരിശീലന പരിപാടികൾ നടത്തുന്നു. ഇതിൽ നിന്നും താല്പര്യപ്പെടുന്ന കർഷകർക്ക് സംരംഭങ്ങൾ തുടങ്ങാനുള്ള സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുന്നു.

## ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നവരും ഈ രംഗത്ത് മുതൽ മുടക്കുവാൻ ആഗ്രഹിക്കുന്നവരും ആയവർ.

## പദ്ധതി നിർവ്വഹണം

12 ജില്ലകളിൽ ജില്ലാതല സംരംഭക മേളകളും 2 ജില്ലകളിൽ മേഖലാതല സംരംഭക മേളയും സംഘടിപ്പിക്കും. വിവിധ രംഗത്തു നിന്നുള്ള വിദഗ്ദ്ധർ ക്ളാസ്സുകൾ നയിക്കും. ഇതിൽ നിന്നും തെരഞ്ഞെടുക്കുന്ന താൽപര്യമുള്ള സംരംഭകർക്ക് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ, സംസ്ഥാന വെറ്ററിനറി കൗൺസിൽ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ എന്നീ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ ഫണ്ട് ധനകാര്യവകുപ്പ് മുഖേന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന് കൈമാറുന്നു. ഇവിടെ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഫണ്ട് ലഭ്യമാക്കുന്നു.

## പ്രവർത്തനങ്ങൾ

12 ജില്ലകളിൽ രണ്ടു ദിവസങ്ങളിലായി സംരംഭക മേള സംഘടിപ്പിക്കുന്നു. ബാങ്കുകൾ, നബാർഡ്, തദ്ദേശഭരണ സ്ഥാപന ഉദ്യോഗസ്ഥർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും. പുത്തൻ സാങ്കേതിക സംവിധാനങ്ങൾ, ധനകാര്യ സ്ഥാപനങ്ങളുടെ പ്രദർശനം എന്നിവയും സംഘടിപ്പിക്കും. വിവിധ ഏജൻസികളുടെ വിവരങ്ങളും ലഭ്യമാക്കും. 50 മുതൽ 75 പേരെ ഉൾക്കൊള്ളിച്ചായിരിക്കും പരിശീലനം നടത്തുന്നത്. വെറ്ററിനറി സ്ഥാപനങ്ങൾ വഴി പ്രചരണ പരിപാടികൾ സംഘടിപ്പിക്കും. സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും നിലവിലെ സംരംഭം വികസിപ്പിക്കാൻ ആഗ്രഹിക്കുന്നവർക്കും മേളയിൽ പ്രയോജനം ലഭിക്കും.

ഇതേ തുടർന്ന് തിരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ ( തിരുവനന്തപുരം, എറണാകുളം) മേഖലാതല സംരംഭക മേളകൾ സംഘടിപ്പിക്കുന്നു. മേളയുടെ ഭാഗായി ഒരു പഠനയാത്രയും സംഘടിപ്പിക്കും.

ഹൈടെക്ക് ഡയറി ഫാമിംഗ്, പാലുൽപ്പന്ന നിർമ്മാണം, ശാസ്ത്രീയമായി കറവ പരിശീലനം, പൗൾട്രി ഡ്രസ്സിംഗ്, കോഴി മാംസത്തിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, ഹാച്ചറി മാനേജ്മെന്റ്, മാംസോല്പന്ന നിർമ്മാണം, നായ്ക്കളുടെ പ്രജനനവും പരിശീലനവും, വെറ്ററിനറി ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരി

പാടികൾ എന്നീ മേഖലകളിൽ വിവിധ പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുന്നു.

### സംഘാടനം

മൃഗസംരക്ഷണ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർക്കാണ് സംഘാടന ചുമതല.

### തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്ക്

പ്രചാരണ പരിപാടികളിൽ പങ്കുവഹിക്കാവുന്നതാണ്. ഗ്രാമസഭകളിൽ അവതരിപ്പിക്കുക വഴി താല്പര്യമുള്ള പരമാവധി സംരംഭകരെ കണ്ടെത്തി പരിശീലന പരിപാടികളുടെ പ്രയോജനം ലഭ്യമാക്കാൻ ശ്രമിക്കാവുന്നതാണ്.

### വകുപ്പിന്റെ പങ്ക്

തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പരമാവധി സംരംഭകർക്ക് മേളയുടെ പ്രയോജനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ആവശ്യമായ ഗുണഭോക്താക്കൾക്ക് തദ്ദേശഭരണ സ്ഥാപനം അവബോധം നൽകി പദ്ധതിയുടെ പങ്കാളികളാക്കാം.

## 11. ഫാം സ്കൂൾ പരിശീലനങ്ങൾ

### ലക്ഷ്യങ്ങൾ

കേരളത്തിൽ 247 ഫാം സ്കൂളുകൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.ഈ ഫാം സ്കൂളുകൾ നടത്തുന്ന കർഷകർക്ക് വകുപ്പ് വഴി പരിശീലനം നടത്തി കർഷകർക്ക് തുടർന്ന് പരിശീലനം നൽകുന്നതിനായി സജ്ജമാക്കുന്നു.

### ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ.

### പദ്ധതി നിർവ്വഹണം

കഴിഞ്ഞ വർഷം ഫാം സ്കൂളുകൾ നടപ്പിലാക്കിയ പഞ്ചായത്തിലെ ഡോക്ടർമാർക്കായിരിക്കും നിർവ്വഹണ ചുമതല. ഫാം സ്കൂളിന്റെ ഉടമകളായ കർഷകർക്ക് സംസ്ഥാനതലത്തിൽ അതാത് വിഷയങ്ങളിൽ പരിശീലനം നൽകു

ന്നു. തുടർന്ന് ഈ ഫാം സ്കൂളുകളിൽ 15 പേരടങ്ങുന്ന 3 സംഘങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ഫാമിലെ പരിശീലന മുറകളും മറ്റും നേരിട്ട് കണ്ട് മനസ്സിലാക്കാൻ ഇതുവഴി സാധിക്കുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ ഫണ്ട് സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനകാര്യവകുപ്പ് മുഖേന സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു. അവിടെ നിന്നും ജില്ലാതല മൃഗസംരക്ഷണ ഓഫീസർ മുഖേന നിർവ്വഹണ ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നു.

## പ്രവർത്തനങ്ങൾ

2011-12 വർഷത്തിൽ ജില്ലയിൽ നടപ്പിലാക്കിയ ഡയറി, സമ്മിശ്ര, പന്നി, ആട്, തീറ്റപ്പുല്ല് , മുയൽ എന്നീ ഫാം സ്കൂളുകളുടെ ഉടമകളായ കർഷകർക്ക് സംസ്ഥാന തലത്തിൽ പ്രസ്തുത വിഷയങ്ങളിൽ എങ്ങനെ പരിശീലനം നടത്തണം എന്നതിനെക്കുറിച്ച് ബോധവല്ക്കരണം നടത്തുന്നു. തുടർന്ന് ഈ കർഷകർ ഫാം സ്കൂളുകൾ വഴി 15 പേരടങ്ങുന്ന കർഷകർക്ക് ഫാം സ്കൂളുകളിൽ പരിശീലനം നൽകുന്നു.

## സംഘാടനം

മൃഗസംരക്ഷണ വകുപ്പിനാണ് സംഘാടനത്തിന്റെ ചുമതല. അതാത് പഞ്ചായത്തുകളിലെ ഡോക്ടർമാർ നിർണ്ണായക പങ്കു വഹിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഇത്തരം ഫാം സ്കൂളുകളുടെ പ്രചാരണത്തിന് പ്രധാന പങ്കുവഹിക്കാവുന്നതാണ്. പഞ്ചായത്തിലെ മികച്ച മറ്റു കർഷകരെയും കണ്ടെത്തി ഇത്തരം ഫാം സ്കൂളുകൾ സജ്ജമാക്കുന്നതിന്റെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. തുടർന്നും തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളോടനുബന്ധിച്ച് നടത്തുന്ന പരിശീലന പരിപാടികൾക്ക് ഈ ഫാമുകളുടെ പ്രയോജനം ലഭ്യമാക്കാവുന്നതാണ്.

## വകുപ്പിന്റെ പങ്ക്

ഗുണഭോക്താക്കളായ ഫാം സ്കൂൾ ഉടമകൾക്ക് കൃത്യമായ പരിശീലനം നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ യോഗത്തിൽ പദ്ധതികളെക്കുറിച്ച് അവതരിപ്പിക്കാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതികളുടെ ഭാഗമായുള്ള പരിശീലന പരിപാടികൾ ഈ ഫാം സ്കൂളുകളിൽ സംഘടിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇത്തരം ഫാം സ്കൂളുകൾ പരിശീലനത്തിനായി സജ്ജമുണ്ടെന്നും കൃത്യമായ പരിശീലന പരിപാടികൾ നടക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 12. ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകവഴി പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സാധിക്കും. തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് അത്തരം ഒരു പദ്ധതിയാണ്.

### ലക്ഷ്യങ്ങൾ

പാൽ, മുട്ട, മാംസം ഉല്പാദന വർദ്ധനവ്

### ഗുണഭോക്താവ്

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ എ.പി.എൽ/ബി.പി.എൽ വകഭേദമില്ലാതെ പരമാവധി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നു.

### സ്കീമിന്റെ നിർവ്വഹണം

ജില്ലയിലെ തിരഞ്ഞെടുത്ത ഒരു പഞ്ചായത്തിൽ നടപ്പിലാക്കുന്നു. പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടർ ആയിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ.

### ഫണ്ടിങ്ങ്

സംസ്ഥാന സർക്കാർ മൃഗസംരക്ഷണ വകുപ്പിന് നൽകുന്ന 5 ലക്ഷം രൂപയ്ക്ക് തത്തുല്യമായ തുക പഞ്ചായത്തും വകയിരുത്തുന്നു.

## പ്രവർത്തനങ്ങൾ

പഞ്ചായത്ത് കമ്മിറ്റിയും വെറ്ററിനറി ഡോക്ടറും ചേർന്ന് പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതായ പദ്ധതികളെക്കുറിച്ച് വിശകലനം ചെയ്ത് തീരുമാനിക്കുന്നു. കർഷകരുടെ ആവശ്യം അറിഞ്ഞ് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകുന്നു. നിലവിലെ സബ്സിഡി മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും പ്രോജക്ട് തയ്യാറാക്കുന്നത്. തയ്യാറാക്കിയ പ്രോജക്ട് പഞ്ചായത്ത് കമ്മിറ്റിയുടേയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെയും അംഗീകാരത്തോടെ നടപ്പിലാക്കുന്നു.

## സംഘാടനം

പഞ്ചായത്ത് തല വെറ്ററിനറി ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം പദ്ധതിയ്ക്ക് ലഭ്യമാക്കുന്നു. പദ്ധതികൾ തിരഞ്ഞെടുക്കൽ, തിരഞ്ഞെടുത്ത പദ്ധതിയുടെ നിർമ്മാണം, അംഗീകാരം, നടത്തിപ്പ്, നിരീക്ഷണം എന്നീ മേഖലകളിലും കാര്യക്ഷമമായ പങ്കു വഹിക്കുന്നു. ഗ്രാമസഭകളിൽ അവ ചർച്ചയ്ക്ക് വിധേയമാക്കണം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പഞ്ചായത്തുമായി ആലോചിച്ച് നടപ്പിലാക്കേണ്ട പദ്ധതികളും പ്രവർത്തനങ്ങളും തീരുമാനിച്ച് അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപ രേഖ തയ്യാറാക്കുകയും തദ്ദേശഭരണസ്ഥാപനത്തിന്റെ അനുമതിയോടെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

പഞ്ചായത്ത് തലത്തിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ മൃഗസംരക്ഷണ വകുപ്പും പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്നു. ഈ മേഖലയിലെ പഞ്ചായത്ത് പദ്ധതികൾ വകുപ്പുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു. കേരളത്തിലെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. തദ്ദേശഭരണസ്ഥാപനത്തിന്റെ മറ്റ് മൃഗസംരക്ഷണ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനവും പ്രതിനിധികളും വെറ്ററിനറി ഡോക്ടറും മൃഗ സംരക്ഷണ വകുപ്പ് പ്രതിനിധികളും അടങ്ങുന്ന സമിതി കൃത്യമായ ഇടവേളകളിൽ പദ്ധതി നിരീക്ഷണം നടത്തണം.

## 13. സാറ്റലൈറ്റ് പന്നി യൂണിറ്റുകൾ

### ലക്ഷ്യങ്ങൾ

വർദ്ധിച്ചുവരുന്ന മാംസ ഉപഭോഗം കണക്കിലെടുത്ത് ജില്ലയിലെ മാംസ ഉല്പാദനം വർദ്ധിപ്പിക്കുക.

### ഗുണഭോക്താവ്

പന്നിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നതും പുതിയ സംരംഭമായി തുടങ്ങാൻ ആഗ്രഹിക്കുന്നതുമായ കർഷകർ.

### പദ്ധതി നിർവ്വഹണം

പന്നി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ ഉള്ള ജില്ലകൾ തിരഞ്ഞെടുത്ത് പദ്ധതി നൽകുന്നു. പഞ്ചായത്ത് തല ഉദ്യോഗസ്ഥർ വഴി നടപ്പിലാക്കുന്നു.

### ഫണ്ടിംഗ്

45 മുതൽ 60 ദിവസം പ്രായമായ 5 പന്നിക്കുഞ്ഞുങ്ങൾക്കും ഷെഡും മറ്റ് ഉപകരണങ്ങൾക്കുമായി ചെലവു വരുന്ന 30000/- രൂപയിൽ 50% സബ്സിഡിയായി നൽകുന്നു. പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് കർഷകന് തുക ലഭിക്കും.

### പ്രവർത്തനങ്ങൾ

വ്യാപകമായ പ്രചാരണപരിപാടികളിലൂടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. ദാരി ദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നവർക്കും പന്നി വളർത്തലിൽ പരിചയ സമ്പന്നത ഉള്ളവർക്കും നിലവിൽ പന്നി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മുൻഗണന ലഭിക്കും. 10% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും 30% വനിതകൾക്കും മാറ്റി വച്ചിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട്, വാർഡ് മെമ്പർ, പട്ടികജാതി പട്ടികവർഗ്ഗ മെമ്പർ, വെറ്ററിനറി സർജൻ എന്നിവരടങ്ങിയ കമ്മിറ്റിയായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

## സംഘാടനം

പഞ്ചായത്ത് തല വെറ്ററിനറി ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു നൽകുന്നതിൽ പങ്കു വഹിക്കുന്നു. പ്രസ്തുത പദ്ധതിയെക്കുറിച്ച് ഗ്രാമസഭ വഴി ജനങ്ങൾക്ക് അറിവ് നൽകൽ അവബോധം നൽകൽ.

## നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതിയെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗത്തിൽ അവതരിപ്പിക്കുക, ഗുണഭോക്താവിനെ തിരഞ്ഞെടുക്കുക, തിരഞ്ഞെടുക്കുന്ന ഗുണഭോക്താവ് പദ്ധതി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുക, പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് സബ്സിഡി തുക കൈമാറുക, കൃത്യമായി മോണിറ്ററിംഗ് നടത്തുക. പ്രവർത്തനം തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യുക. ചർച്ചയ്ക്ക് വിധേയമാക്കുക.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

നിലവിലുള്ള പദ്ധതിയുമായി ചേർന്നു നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി (ഉദാ:- ബയോഗ്യാസ് പ്ലാന്റ്) സംയോജിപ്പിക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

ഈ പദ്ധതിയുടെ പ്രയോജനം മുൻപ് ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് മുൻഗണന നൽകാവുന്നതാണ്.

# 14. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – കാഫ് അഡോപ്ഷൻ പദ്ധതി

## ലക്ഷ്യങ്ങൾ

കിടാരികൾ പ്രായപൂർത്തിയാകുന്ന പ്രായവും രണ്ടു പ്രസവങ്ങൾ തമ്മിലുള്ള അന്തരവും കുറച്ച് പരമാവധി ഉല്പാദന ക്ഷമത കൈവരിക്കുക. ശാസ്ത്രീയമായ പരിപാലന മുറകൾ പ്രോത്സാഹിപ്പിക്കുക ഉല്പാദനനക്ഷമത കൂടിയ ഇനങ്ങളെ വാർത്തെടുക്കുക.

## ഗുണഭോക്താവ്

പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ

## പദ്ധതി നിർവ്വഹണം

മൃഗസംരക്ഷണ വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്ഷീരസംഘങ്ങൾ വഴി നടപ്പിലാക്കുന്നു. അതാത് തദ്ദേശഭരണസ്ഥാപനങ്ങളിലെ വെറ്ററിനറി ഡോക്ടറും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സർക്കിൾ ഡോക്ടറും ആയിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥർ. ജില്ലാതലത്തിൽ മേൽനോട്ടം വഹിക്കുന്ന പദ്ധതി സംസ്ഥാനതലത്തിൽ വിലയിരുത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽ വകയിരുത്തിയ തുക ധനകാര്യവകുപ്പ് മുഖേന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന് ലഭ്യമാക്കുന്ന തുക ഡയറക്ടറേറ്റിൽ നിന്നും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സംസ്ഥാന കാര്യാലയത്തിലൂടെ ജില്ലയിലെ പ്രത്യേകം ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥരിലേയ്ക്ക് എത്തിക്കും. സർക്കാർ ധനസഹായത്തിന് തുല്യായ തുക തദ്ദേശഭരണസ്ഥാപനങ്ങളും വഹിക്കുന്നു.

പ്രസവിച്ച ആദ്യമാസം മുതൽ തന്നെ സങ്കരയിനം കന്നുകുട്ടികളെ തിരഞ്ഞെടുത്ത് പദ്ധതിയിലേയ്ക്ക് എൻറോൾ ചെയ്യുന്നു. ഈ കന്നുകുട്ടികളെ ഇൻഷുർ ചെയ്ത് കന്നുകുട്ടി തീറ്റ, കുത്തിവയ്പുകൾ, വിര മരുന്നുകൾ എന്നിവ നൽകുന്നു.

പ്രത്യേക ശ്രദ്ധ കൊടുത്ത് വളർച്ചയും ആരോഗ്യസ്ഥിതിയും കൃത്യമായി വിലയിരുത്തുന്നു. ഗുണഭോക്താക്കൾക്ക് ശാസ്ത്രീയമായ കന്നുകുട്ടി പരിപാലനത്തിൽ പരിശീലനവും നൽകുന്നു. 1518 മാസം പ്രായമാകുമ്പോൾ പ്രജനനാവസ്ഥയും വിലയിരുത്തുന്നു.

## സംഘാടനം

ഓരോ പ്രദേശത്തേയും ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കുന്നു. ക്ഷീരസംഘങ്ങൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ കുടുംബശ്രീ/എൻ.ജി.ഒ. വഴി നടപ്പിലാക്കുന്നു. കന്നുകുട്ടി പരിപാലന പദ്ധതി സർക്കിൾ വെറ്ററിനറി ഡോകടറും അതാത് പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടറും പദ്ധതി മേൽ നോട്ടം നിർവ്വഹിക്കും.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

ഒരു കന്നുകുട്ടിയ്ക്ക് വേണ്ടി വരുന്ന 25000/- രൂപയിൽ 6250/- രൂപ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കും. ഇതിൽ 12500/- ഗുണഭോക്തൃവിഹിതമായിരിക്കും. 6250/- രൂപ സർക്കാർ വിഹിത ഇനത്തിൽ ലഭ്യമാകും.

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗങ്ങളിൽ പദ്ധതി അവതരിപ്പിക്കുക, കന്നു കുട്ടികൾക്ക് കുത്തിവയ്പ് നൽകുക, ആരോഗ്യ പരിശോധന ഉലപാദന ക്ഷമത പരി ശോധന തുടങ്ങിയവ വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹിക്കും. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുക്കുക, ക്ഷീരകർഷകർക്ക് അവബോധം നൽകുക എന്നിവ

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തയ്യാറാക്കുന്ന ഘട്ടത്തിൽ തന്നെ പദ്ധതി അവതരിപ്പിച്ച് അംഗീകാരത്തിനായി സമർപ്പിക്കും.തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ മൃഗസംരക്ഷണമേഖലയിലെ മറ്റ് പ്രോജക്ടുകളുമായും സംയോജിപ്പിച്ച് നട പ്പിലാക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അഴിമതി സാധ്യത ഇല്ലാതെ, അർഹരായ ഗുണഭോക്താക്കൾക്ക കൃത്യമായി പദ്ധ തിയുടെ ഗുണം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

# 15. വീട്ടുമുറ്റത്തെ കോഴിവളർത്തൽ

## ലക്ഷ്യങ്ങൾ

മുട്ട ഉൽപാദനം വർദ്ധിപ്പിക്കുക, വീട്ടമ്മമാരുടെ വരുമാനം വർദ്ധിപ്പിക്കുക, അടു ക്കള മാലിന്യം നല്ലരീതിയിൽ ഉപയോഗപ്പെടുത്തുക, കോഴിക്കാഷ്ഠം വീടുകളിലെ പച്ചക്കറിക്കൃഷിയ്ക്ക് വളമായി ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുക.

## ഗുണഭോക്താക്കൾ

അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.പി.എൽ/ബി.പി.എൽ.ഭേദമില്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. 10 കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് സ്ഥലം ഉള്ളവരെ ഗുണഭോക്താവായി പരിഗണിക്കുന്നതാണ്.

## പദ്ധതി നിർവ്വഹണം

വകുപ്പ് ഫാമുകളുടെ ഉൽപ്പാദനക്ഷമത പരമാവധി ഉപയോഗപ്പെടുത്തി ഗുണ മേൻമയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നു. ഈ കോഴിക്കുഞ്ഞുങ്ങളെ വകുപ്പിന്റെ അംഗീകൃത എക്ഷർ നഴ്സറികൾ വഴി 2 മാസം പ്രായമാകുന്നതുവരെ

വളർത്തുകയും ഈ പദ്ധതിയിലെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്യുന്നു. ഒരു ഗുണഭോക്താവിന് 10 കോഴിക്കുഞ്ഞുങ്ങളെയും 100 രൂപയ്ക്കുള്ള തീറ്റയും നൽകുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ തുക സബ്ജക്റ്റ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനകാര്യവകുപ്പ് മുഖേന മൃഗസംരക്ഷണ വകുപ്പിന് കൈമാറുന്നു. ആവശ്യമനുസരിച്ച് ജില്ലാ ഓഫീസർമാർക്കും തുടർന്ന് നിർവ്വഹണോദ്യോഗസ്ഥർക്കും കൈമാറുന്നു.

## പ്രവർത്തനങ്ങൾ

സംസ്ഥാനതലത്തിൽ രൂപം കൊടുക്കുന്ന പദ്ധതി പ്രധാനമായും നിറവ് മണ്ഡലങ്ങളിലാണ് നടപ്പിലാക്കുന്നത്. വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ വിരിയിച്ചിരിക്കുന്ന ഒരു ദിവസം പ്രായമുള്ള പിടക്കോഴിക്കുഞ്ഞുങ്ങളെ ജില്ലയിലെ അംഗീകൃത എക്ഷർ നഴ്സറികൾ മുഖേന വളർത്തി പദ്ധതിയിലേയ്ക്ക് നൽകുന്നു.

## സംഘാടനം

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് അല്ലെങ്കിൽ നോമിനി, വെറ്ററിനറി സർജൻ, ഫാം ഓഫീസർ എന്നിവർ ചേർന്ന കമ്മിറ്റിയായിരിക്കും. സംസ്ഥാനതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ(പി) കൺവീനറായും മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ജോയിന്റ് ഡയറക്ടർ ( എൽ.പി.) എന്നിവർ അംഗങ്ങളായും ജോയിന്റ് കമ്മിറ്റി രൂപീകരിക്കും. അർഹതയുള്ളവരെ ഗ്രാമസഭ വഴി ഉറപ്പു വരുത്താം.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടുപിടിച്ച് നൽകുക, തെരഞ്ഞെടുത്തവരുടെ അർഹത ഉറപ്പ് വരുത്തുക, ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക.

## വകുപ്പിന്റെ പങ്ക്

പദ്ധതി രൂപീകരണം,നിർവ്വഹണം, തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക, മോണിറ്ററിംഗ് എന്നിവ വകുപ്പിന്റെ ചുമതലയാണ്.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം എങ്ങനെ സാധ്യമാക്കാം

പദ്ധതിയെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ചചെയ്യാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൃഗസംരക്ഷണ മേഖലയിലെ മറ്റ് പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കണം

### പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

കൃത്യമായ അവലോകനം നടത്തി, ഫീഡ് ബാക്ക് ശേഖരിച്ച്, മറ്റുള്ള സ്ഥലങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഗുണഭോക്താക്കളുടെ വിവരം, മേൽവിലാസം, നൽകിയ കോഴികളുടെ എണ്ണം, പിന്നീട് നടത്തിയ പരിശോധനാ വിവരങ്ങൾ, പ്രതിരോധ കുത്തിവെയ്പ്/വിരമരുന്ന് നൽകൽ എന്നിവയുടെ വിവരങ്ങൾ, കണക്കുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 16. മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

മൃഗസംരക്ഷണ മേഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ വികസിപ്പിച്ചെടുത്ത സോഫ്വെയർ ആണ് ‘AHEAD’ ഇതുകൂടാതെ വകുപ്പിന്റെ ഉപയോഗത്തിനുമാത്രമായി ഉള്ളതാണ് INTRA-AHD. പ്രതിമാസ റിപ്പോർട്ടുകളും മറ്റ് പ്രവർത്തനങ്ങളും ഇനി ഓൺ ലൈനായി സമർപ്പിക്കുന്നതിന് നിലവിൽ സൗകര്യം ഉണ്ട്.

### പ്രവർത്തനങ്ങൾ

ദേശീയ മൃഗരോഗ റിപ്പോർട്ടിംഗ് പ്രകാരം എല്ലാ ബ്ളോക്കുകളിലും ഒരു കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കിയിരിക്കുന്നു. ഇത് കൂടാതെ ജില്ലാ ആസ്ഥാനത്തും ഒരു കമ്പ്യൂട്ടറും കണക്ഷനും നൽകിയിരിക്കുന്നു. പക്ഷേ ഈ പദ്ധതിയുടെ മുഴുവൻ പ്രയോജനവും ലഭിക്കണമെങ്കിൽ എല്ലാ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറും കമ്പ്യൂട്ടറുകൾ വർഷംതോറുമുള്ള മെയിന്റനൻസ്, LAN സൗകര്യം മറ്റ് അനുബന്ധ ഉപകരണങ്ങൾ (ക്യാമറ ഉൾപ്പെടെ) തുടങ്ങിയവ ഡയറക്ടറേറ്റിൽ നിന്നും മറ്റ് സ്ഥാപനങ്ങൾക്കും വേണ്ടി പദ്ധതി നിർദ്ദേശം അനുസരിച്ച് വാങ്ങുന്നു. പുതിയ സോഫ്റ്റ്വെയറുകൾ വികസിപ്പിക്കുന്നതിനും നിലവിലുള്ളവയുടെ വികസനവും കൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### ഫണ്ടിംഗ്:

മൊത്തം സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ ഫണ്ട് സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനകാര്യവകുപ്പ് മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു. ഇവിടെ നിന്നും ആവശ്യമനുസരിച്ച് സ്ഥാപനങ്ങൾക്ക് കൈമാറുന്നു. 50 ലക്ഷം രൂപ ഈയിനത്തിൽ വകയിരുത്തിയിരിക്കുന്നു.

## മൃഗസംരക്ഷണ വകുപ്പ് സ്ഥാപനങ്ങൾ

| ക്രമ. നം. | പേര് | മേധാവി | ഫോൺ നം. | വെബ്സൈറ്റ് | ഇമെയിൽ അഡ്രസ്സ് |
|---|---|---|---|---|---|
| I. | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ | 0471 2302283 | ahd.kerala.gov.in | directorah.ker@nic.in |
| II. | ജില്ലാ ആഫീസുകൾ | | | | |
| 1 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, തിരുവനന്തപുരം | ജില്ലാ മൃഗസംരക്ഷണ ഓഫീസർ | 0471 2330736 | | dahotvm@kerala.nic.in |
| 2 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, കൊല്ലം | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0474 2793464 | | dahoklm@kerala.nic.in |
| 3 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, പത്തനംതിട്ട | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0468 2322762 | | dahopta@kerala.nic.in |
| 4 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, ആലപ്പുഴ | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0477 2252431 | | dahoalp. ker@nic.in |
| 5 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, കോട്ടയം | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0481 2563726 | | dahoktm@kerala.nic.in |
| 6 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, ഇടുക്കി | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 04862 222894 | | dahoidki@kerala.nic.in |

| | | | | | |
|---|---|---|---|---|---|
| 7 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, എറണാകുളം | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0484 2360648 | | dahoekm@kerala.nic.in |
| 8 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, തൃശൂർ | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0487 2361216 | | dahotsr@kerala.nic.in |
| 9 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, പാലക്കാട് | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0491 2520297 | | dahopkd@kerala.nic.in |
| 10 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, മലപ്പുറം | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0483 2734917 | | dahomlpm@kerala.nic.in |
| 11 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, കോഴിക്കോട് | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0495 2768075 | | dahokzkd@kerala.nic.in |
| 12 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, വയനാട് | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 04936 202292 | | dahowynd@kerala.nic.in |
| 13 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, കണ്ണൂർ | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 0497 2700267 | | dahoknr@kerala.nic.in |
| 14 | ജില്ലാ മൃഗ സംരക്ഷണ ആഫീസ്, കാസർഗോഡ് | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ | 04954 255483 | | dahoksgd@kerala.nic.in |

| | | | | | |
|---|---|---|---|---|---|
| III. | പ്രത്യേക കന്നു കുട്ടി പരിപാലന പദ്ധതി (എസ്.എൽ.ബി.പി, എച്ച്.ക്യു) തിരുവനന്തപുരം | അഡീഷണൽ ഡയറക്ടർ (എ.എച്ച്) | 0471 2305645 | | adlslbp@kerala.nic.in |
| 2 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസ്, പാലോട് | ഡയറക്ടർ, ഐ.എ.എച്ച്. & വി.ബി. | 0472 2840262 | www.vbikerala nic.in | dirvbi@ kerala.nic.in |
| 3 | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട്, തിരുവനന്തപുരം | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ (സി.ഡി.ഐ.ഒ) | 0472 2840252 | | cdiopalode@gmail.com |
| 4 | ആനിമൽ ഡിസീസ് കൺട്രോൾ പ്രൊജക്ട്- (എ.ഡി.സി.പി. എച്ച്.ക്യൂ) | പ്രൊജക്ട് കോർഡിനേറ്റർ എ.ഡി.സി.പി. | 0471 2556151, 0471 3256288 | | pcadcp.ker@nic.in |
| 5 | സ്റ്റേറ്റ് ആനിമൽ ഡിസീസ് എമർജൻസി കൺട്രോൾ തിരുവനന്തപുരം (SADEC) | പ്രൊജക്ട് കോർഡിനേറ്റർ എ.ഡി.സി.പി. | 0471 3256288 | | |
| 6 | കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ, പേരൂർക്കട, തിരുവനന്തപുരം | രജിസ്ട്രാർ, കെ.എസ്.വി.സി. | 0471 2435246 | www.keralasate veterinary council.org | registrar@kerala sateveterinary council.org |

# IV. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (KVASU) പൂക്കോട്, വയനാട്

| ക്രമ. നം. | പേര് | മേധാവി | ഫോൺ നം. | വെബ്സൈറ്റ് | ഇമെയിൽ അഡ്രസ്സ് |
|---|---|---|---|---|---|
| 1 | KVASU പൂക്കോട്, വയനാട് | വൈസ് ചാൻസലർ | 04936 256390 | www.kvasu.ac.in | vcvu@kvasu.ac.in |
| 2 | വെറ്ററിനറി കോളേജ്, മണ്ണൂത്തി, തൃശൂർ | ഡീൻ, വെറ്ററിനറി കോളേജ് | 0487 2370344 | | anvePtkasu@yahoo.com |
| 3 | വെറ്ററിനറി കോളേജ്, പൂക്കോട്, വയനാട് | അസോ.ഡീൻ, വെറ്ററിനറി കോളേജ് | 04936 256390 | | deanpkt@kvasuac.in |
| 4 | ഡയറി സയൻസ് കോളേജ് മണ്ണുത്തി | ഡീൻ, ഡയറി സയൻസ് കോളേജ് | 0487 2372861 | | eanedstmty@kvasu.ac.in |

| ക്രമ. നം. | പേര് | മേധാവി | ഫോൺ നം. | വെബ്സൈറ്റ് | ഇമെയിൽ അഡ്രസ്സ് |
|---|---|---|---|---|---|
| രോഗനിർണ്ണയ ലാബുകൾ | | | | | |
| 1 | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട്, തിരുവനന്തപുരം | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ | 0472 2840252 | | cdiopalode@yahoo.co.in cdiopalode@gmail.com |
| 2 | ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബ്, തിരുവല്ല, പത്തനംതിട്ട | 04692700413 | | | ddaddl@kerala.nic.in |

| | | | | | |
|---|---|---|---|---|---|
| 3 | റിണ്ടർപെസ്റ്റ് ഇറാഡിക്കേഷൻ സ്ക്കീം ലബോറട്ടറി, പാലക്കാട് | ജോയിന്റ് ഡയറക്ടർ | 0491 2520626 | | rddlpalakkad@gmail.com/ jdrepkd@kerala.nic.in |
| 4 | റീജണൽ ക്ലിനിക്കൽ ലബോറട്ടറി, കണ്ണൂർ | ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ | 0497 2700184 | | diokannur@gmail.com |
| 5 | ക്യാറ്റിൽ സ്റ്റെറിലിറ്റി ആഫീസ്, ആലുവ | ക്യാറ്റിൽ സ്റ്റെറിലിറ്റി ആഫീസർ | 0484 2624441 | | |
| **ഫീഡ് ടെസ്റ്റിംഗ് ലാബ്സ്** | | | | | |
| 1 | സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ | പ്രൊഡക്ഷൻ മാനേജർ | 0479 2452277 | | pmchch@kerala.nic.in |
| 2 | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസ്, പാലോട് | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസർ | 0472 2840252 | | cdiopalode@yahoo.co.in |
| 3 | ഏവിയൻ ഡിസീസ് ഡയനോസ്റ്റിക് ലബോറട്ടറി, തിരുവല്ല | ഡെപ്യൂട്ടി ഡയറക്ടർ | 0469 2700413 | | ddaddl@kerala.nic.in |
| **മൃഗസംരക്ഷണ പരിശീലനകേന്ദ്രങ്ങൾ** | | | | | |
| 1 | മൃഗസംരക്ഷണ പരിശീലന കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം | പ്രിൻസിപ്പൽ ട്രെയിനിംഗ് ആഫീസർ | 0471 2732918 | | |
| 2 | മൃഗസംരക്ഷണ പരിശീലന കേന്ദ്രം, മുണ്ടായാട് | പ്രിൻസിപ്പൽ ട്രെയിനിംഗ് ആഫീസർ | 0497 2721168 | | |

| | | | | | |
|---|---|---|---|---|---|
| 3 | മൃഗസംരക്ഷണ പരിശീലന കേന്ദ്രം, ആലുവ | ഡെപ്യൂട്ടി ഡയറക്ടർ | 0484 2624441 | | |
| 4 | മൃഗസംരക്ഷണ പരിശീലന കേന്ദ്രം, മലമ്പുഴ | അസിസ്റ്റന്റ് ഡയറക്ടർ | 0491 2815454 | | |
| 5 | മൃഗസംരക്ഷണ പരിശീലന കേന്ദ്രം, തലയോലപറമ്പ് | അസിസ്റ്റന്റ് ഡയറക്ടർ | 9447189272 | | |
| **മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകൾ** | | | | | |
| **കന്നുകാലി ഫാമുകൾ** | | | | | |
| 1 | ജഴ്സി ഫാം, വിതുര | ഡെപ്യൂട്ടി ഡയറക്ടർ | 0472 2786126 | | |
| 2 | ഡിസ്ട്രിക്ട് ലൈവ്സ്റ്റോക്ക് ഫാം, കുടപ്പനക്കുന്ന് | സൂപ്രണ്ട് | 0471 2732962 | | |
| 3 | ജഴ്സി ഫാം, എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ | അസിസ്റ്റന്റ് ഡയറക്ടർ | 0472 2849664 | | |
| 4 | ബഫല്ലോബ്രി ഡിംഗ് ഫാം, കുരിയോട്ടുമല | സൂപ്രണ്ട് | 0475 2227485 | | |
| **ആട് ഫാമുകൾ** | | | | | |
| 1 | ഗോട്ട് ഫാം, പാറശ്ശാല, തിരുവനന്തപുരം | അസിസ്റ്റന്റ് ഡയറക്ടർ | 0471 2223099 | | |
| 2 | ഗോട്ട് ഫാം, കൊമേരി | സൂപ്രണ്ട് | 0490 2302307 | | |
| 3 | ഗോട്ട് ഫാം, അട്ടപ്പാടി, പാലക്കാട് | സീനിയർ വെറ്ററിനറി സർജൻ | 0492 4209956 | | |

| | | | | | |
|---|---|---|---|---|---|
| | **പന്നിഫാമുകൾ** | | | | |
| 1 | പിഗ് ബ്രീഡിംഗ് യൂണിറ്റ്, പാറശ്ശാല, തിരുവനന്തപുരം | വെറ്ററിനറി സർജൻ | 0471 2201680 | | |
| 2 | പിഗ് ബ്രീഡിംഗ് യൂണിറ്റ്, കുന്ദംകുളം, തൃശ്ശൂർ | അസിസ്റ്റന്റ് ഡയറക്ടർ | 0488 5210287 | | |
| 3 | പിഗ് ഫാം, കപ്പാട്, കോട്ടയം | അസിസ്റ്റന്റ് ഡയറക്ടർ | 9446121172 | | |
| 4 | പിക്ഷറി യൂണിറ്റ്, കോലാനി, ഇടുക്കി | അസിസ്റ്റന്റ് ഡയറക്ടർ | 0486 2221138 | | |
| 5 | പിഗ് ബ്രീഡിംഗ് യൂണിറ്റ്, അങ്കമാലി, എറണാകുളം | വെറ്ററിനറി സർജൻ | 9447578116 | | |
| **കോഴി ഫാമുകൾ** | | | | | |
| 1 | റീജണൽ പൗൾട്രി ഫാം കുടപ്പനക്കുന്ന് തിരുവനന്തപുരം | അസിസ്റ്റന്റ് ഡയറക്ടർ (പി) | 0471 2730804 | | |
| 2 | റീജണൽ പൗൾട്രി ഫാം, കൂരിപ്പുഴ, കോല്ലം | അസിസ്റ്റന്റ് ഡയറക്ടർ (പി) | 9895954105 | | |
| 3 | ഡക്ക് ഫാം, നിരണം, പത്തനംതിട്ട | അസിസ്റ്റന്റ് ഡയറക്ടർ (പി) | 0469 2711898 | | |
| 4 | സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ, ആലപ്പുഴ | പ്രൊഡക്ഷൻ മാനേജർ | 0479 24522277 | | |
| 5 | റീജണൽ പൗൾട്രി ഫാം, മണ്ണാർക്കാട്, | അസിസ്റ്റന്റ് ഡയറക്ടർ (പി) | 0481 2373710 | | |
| 6 | റീജണൽ പൗൾട്രി ഫാം, കോലാനി, ഇടുക്കി | അസിസ്റ്റന്റ് ഡയറക്ടർ (പി) | 0479 2721168 | | |

| | | | | | |
|---|---|---|---|---|---|
| 7 | റീജണൽ പൗൾട്രി ഫാം, കൂവപ്പടി, എറണാകുളം | അസിസ്റ്റന്റ് ഡയറക്ടർ (പി) | 0484 2523559 | | |
| 8 | റീജണൽ പൗൾട്രി ഫാം, മലമ്പുഴ, പാലക്കാട് | അസിസ്റ്റന്റ് ഡയറക്ടർ (പി) | 0491 2815206 | | |

## പൊതുമേഖല സ്ഥാപനങ്ങൾ

| ക്രമ. നം. | പേര് | മേധാവി | ഫോൺ നം. | വെബ്സൈറ്റ് | ഇമെയിൽ അഡ്രസ്സ് |
|---|---|---|---|---|---|
| I | കേരള ലൈവ് സ്റ്റോക്ക് ഡവലപ്പമെന്റ് ബോർഡ് | | 0471 2440920 | www.livestock kerala.org | kldboardboard@ gmail.com |
| a. | മാട്ടുപ്പെട്ടി ഫാം | മാട്ടുപ്പെട്ടി | 04865 242202 | | |
| b. | കുളത്തൂപ്പുഴ ഫാം, | കൊല്ലം | 0475 2317547 | | |
| c. | ഡോണി ഫാം | പാലക്കാട് | 0491 2556127 | | |
| d. | പന്നി പ്രജനന കേന്ദ്രം | തൃശ്ശൂർ | 9446004279 | | |
| e. | പശു പ്രജനന ഏകോപന കേന്ദ്രം | മുവാറ്റുപ്പുഴ | 9446004280 | | |
| 2 | കേരള ഫീഡ്സ് | തൃശ്ശൂർ | 0480 2721256 | www.kerala feeds.com | Kfl@satyam.net.in |
| 3 | കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ | | 0471 2478585 | www.kepco.nic.in | kepco@yahoo.in |
| 4 | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ | കൂത്താട്ടുകുളം | 0485 2252365<br>0485 2253075 | www.meatprodu ctsofindia.com | mailto:mpiindialtd@ vsnl.net<br>mpiedayar@gmail.com |
| 5 | കേരള കോർപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) | പാലക്കാട് | 0471 2555981 to 2555985 | www.milma.com | |

# VII
# ക്ഷീര വികസനം



കേരളത്തിൽ പശുവളർത്തൽ പൂർണ്ണമായും ഉപജീവന മാർഗ്ഗമായി ഉപയോഗപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ മൊത്തം കാർഷികോൽപ്പാദനത്തിന്റെ 40 ശതമാനവും ക്ഷീരവികസന മേഖല സംഭാവന ചെയ്യുന്നു. 2003 ലെ കണക്കെടുപ്പ് പ്രകാരം നമ്മുടെ കാലിസമ്പത്ത് 21.22 ലക്ഷം ആയിരുന്നത് 2007 ആയപ്പോഴേക്കും 17.40 ലക്ഷമായി കുറഞ്ഞു. എന്നാൽ പാലുൽപ്പാദനം മേൽ കാലയളവിൽ 21.11 ലക്ഷം ടണ്ണിൽ നിന്നും 22.47 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. 2009 - 10 ലെ പാലുൽപാദനം 25.37 ലക്ഷം ടൺ ആയിരിക്കുമെന്ന് കണക്കാക്കുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ പാൽ ലഭ്യത കേരളത്തിലാണ് ( 197 ഗ്രാം/ദിവസം - ആന്ധ്ര 317 ഗ്രാം/ദിവസം). പ്രതിദിനം ശരാശരി ഏതാണ്ട് 5 ലക്ഷം ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. ഇന്ത്യയുടെ പാലുൽപാദനത്തിന്റെ 3.57 ശതമാനം മാത്രമാണ് കേരളത്തിന്റെ സംഭാവനയെന്ന കാര്യം പ്രത്യേകം എടുത്തുപറയത്തക്കതാണ്.

പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ നമ്മുടെ ഭക്ഷ്യസുരക്ഷ വ്യവസ്ഥ ദുർബലമാണ്. ആവശ്യകതയുമായി തട്ടിച്ചുനോക്കുമ്പോൾ പച്ചപ്പുല്ലിന്റെ ലഭ്യത കേവലം 37 ശതമാനം മാത്രമാണ്. വർദ്ധിച്ച പാലുൽപ്പാദന ചെലവ് ക്ഷീരമേഖലയിലെ

ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. കാലികളുടെ കുറഞ്ഞ ഉല്പാദന ക്ഷമത, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, തൊഴിലാളി ക്ഷാമം, വിപണിയിൽ ലഭ്യമായ പാലിന്റെ ഗുണനിലവാരക്കുറവ്, അശാസ്ത്രീയമായ പശു പരിപാലന മുറകൾ, സാമൂഹ്യസുരക്ഷാ പദ്ധതികളുടെ അപര്യാപ്തത, നൂതന സാങ്കേതിക വിദ്യകളുടെ അപര്യാപ്തത, വിവിധ ഏജൻസികളുടെ ഏകോപനക്കുറവ്, പദ്ധതികളുടെ മുൻ-പിൻ ബന്ധമില്ലായ്മ തുടങ്ങിയ പരിമിതികൾ പരിഹരിക്കുന്ന പക്ഷം ക്ഷീരമേഖലയിൽ വമ്പിച്ച പുരോഗതി കൈവരിക്കാനാകും.

മറ്റ് കാർഷിക - അനുബന്ധ മേഖലകളിൽ നിന്ന് വിഭിന്നമായി കേരളത്തിന്റെ വിപണി നിയന്ത്രിക്കപ്പെടുന്നത് സംഘടിത സഹകരണ മേഖലയാണ് (2000 കോടി രൂപാ വിറ്റുവരവ്). സഹകരണ മേഖലയുടെ ശക്തമായ സാന്നിദ്ധ്യം പാലിന് സ്ഥിരമായ വിലയും വിപണിയും ഉറപ്പാക്കുന്നു. പ്രകൃതിദത്തമായ ഉത്തമ പോഷകാഹാരം, മാംസ്യ പോഷകക്കുറവിന് പരിഹാരം എന്നീ നിലകളിൽ പാലിന് അതീവ പ്രാധാന്യമുണ്ട്. കൃഷിയും പശുവളർത്തലും പരസ്പര പൂരകമായ പ്രവർത്തനങ്ങളായതിനാൽ കാർഷിക മേഖലയുടെ വളർച്ചയ്ക്കും സുസ്ഥിരതക്കും ക്ഷീരവികസന മേഖല അനിവാര്യമായ ഘടകമാണ്. രാസവളങ്ങൾ, പാചകവാതകം എന്നിവയുടെ ദൗർലഭ്യത്തിനും വിലവർദ്ധനയ്ക്കും ബദലായി ചാണകം, ബയോഗ്യാസ് തുടങ്ങിയവ ഫലപ്രദമായി ഉപയോഗപ്പെടുത്താം. മണ്ണ്-പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് തീറ്റപ്പുൽ കൃഷി ചെലവുകുറഞ്ഞ മാർഗ്ഗമായി അവലംബിക്കാം. ചുരുക്കത്തിൽ ക്ഷീരവികസന മേഖലയ്ക്ക് സാമ്പത്തികം-തൊഴിൽ-പോഷക-സുരക്ഷ-പരിസ്ഥിതി-വ്യവസായം തുടങ്ങിയ വിവിധങ്ങളായ വികസന മേഖലകളുടെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുവാൻ കഴിയു ന്നതാണ്.

ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പാലിന്റെയും പാലുൽപന്നങ്ങളുടേയും ഉപഭോഗം വർദ്ധിപ്പിക്കുക, സഹകരണ മേഖലയ്ക്ക് മുൻതൂക്കം നൽകി പാലിന്റെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുക, പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക, ക്ഷീരകർഷകരുടെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക തുടങ്ങിയവയാണ് ക്ഷീരവികസന വകുപ്പിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. ക്ഷീരകർഷകരുടെ സംഘടിത പ്രസ്ഥാനമെന്ന നിലയിൽ പാലിന്റെ സംഭരണം, സംസ്ക്കരണം, മൂല്യവർദ്ധന, വിപണനം ക്ഷീരകർഷരുടെ സുരക്ഷ, ഉപഭോക്താക്കളുടെ താൽപര്യസംരക്ഷണം തുടങ്ങിയവയാണ് മിൽമയുടെ കർത്തവ്യങ്ങൾ. കേരള പഞ്ചായത്ത്രാജ് ആക്ടിന്റെ പട്ടിക 3,4,5 പ്രകാരം ക്ഷീരവികസനം മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നു. ഇക്കാരണംകൊണ്ടു തന്നെ ക്ഷീരമേഖലയിൽ പ്രാദേശിക സർക്കാരുകളുടെ ശ്രദ്ധയും ഇടപെടലുകളും ഏകോപനവും നിയമപരമായി

നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ലൈൻ ഡിപ്പാർട്ടുമെന്റുകളുടേയും മറ്റ് ഏജൻസികളുടേയും വികസന പ്രവർത്തനങ്ങൾ ഏകോപിച്ചുകൊണ്ട് വികസന വിടവുകൾ നികത്തുകയെന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല. ഇതിനായി സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികളും ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിഭവ സ്രോതസ്സുകളും ഫലപ്രദമായി ഉപയോഗപ്പെടുത്താം. 2012 - 13 വാർഷിക പദ്ധതി പ്രകാരം ക്ഷീരവികസന മേഖലയുടെ സമഗ്ര വികസനത്തിനായി ക്ഷീരവികസന വകുപ്പ് ഒമ്പത് ശീർഷകങ്ങളിലായി താഴെ പറയും പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**(തുക - ലക്ഷത്തിൽ)**

| ക്രമ. നം. | ശീർഷകം | പ്രോജക്ടുകളുടെ എണ്ണം | ധനസഹായ ത്തുക | മൊത്ത അടങ്കൽ |
|---|---|---|---|---|
| 01 | തീറ്റപുൽ കൃഷി വികസനം | 15 | 500 | 1132.8 |
| 02 | ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 20 | 235 | 235 |
| 03 | വാണിജ്യാടിസ്ഥാനത്തിലുള്ള പാലുൽപാദനവും മിൽക്ക് ഷെഡ് വികസന പദ്ധതിയും | 7 | 1300 | 2975.43 |
| 04 | ക്ഷീരസംഘങ്ങൾ മുഖേനയുള്ള കാലിത്തീറ്റ സഹായ പദ്ധതി | 2 | 600 | 3120 |
| 05 | ഗുണനിലവാര ശാക്തീകരണ പ്രവർത്തനങ്ങൾ | 4 | 15 | 15 |
| 06 | ക്ഷീരസംഘങ്ങളുടെ നവീകരണം | 13 | 1300 | 1954 |
| 07 | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം | 1 | 50 | 50 |
| 08 | സംസ്ഥാന ക്ഷീരവിപണന ഫെഡറേഷനു വേണ്ടിയുള്ള സഹായം | 1 | 400 | 400 |
| 09 | കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിനുള്ള സഹായം | 1 | 1130 | 1130 |
| | **ആകെ** | **64** | **5530** | **11012.23** |

ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1. തീറ്റപുൽകൃഷി വികസന പരിപാടി

### ആമുഖം

കേരളത്തിൽ പശുവളർത്തൽ പ്രധാനമായും ഗുരുത്വാഹാരങ്ങളെ (ഉദാ: കാലിത്തീറ്റ) ആശ്രയിച്ച് നടത്തുന്നതാകയാൽ പാലുൽപ്പാദന ചെലവ്

അന്യസംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയധികം കൂടുതലാണ്. കേരളത്തിൽ ആവശ്യമുള്ള നാരാഹാരങ്ങളുടെ ( ഉദാ: പച്ചപ്പുല്ല്) മൂന്നിലൊന്ന് മാത്രമാണ് പ്രാദേശികമായി ലഭ്യമായിട്ടുള്ളത്. ക്ഷീരോല്പാദന ചെലവ് നിയന്ത്രിക്കുന്നതിനും കാലികളുടെ ഉല്പാദനക്ഷമത പൂർണ്ണമായി കൈവരിക്കുന്നതിനും അവയുടെ ആരോഗ്യസംരക്ഷണത്തിനും ചെലവുകുറഞ്ഞതും പോഷക സന്തുലിതവുമായ തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് തീറ്റപ്പുൽ വികസനത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് ക്ഷീര വികസന വകുപ്പാണ്. കാലിസമ്പത്ത് സംരക്ഷിക്കുന്നതിന്റെ അടിസ്ഥാന ഘടകമായ തീറ്റപ്പുൽ ഉല്പാദനത്തിൽ സ്വയംപര്യപ്തത കൈവരിക്കുന്നതിനാണ് ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികളിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

- ഹ്രസ്വകാല - ദീർഘകാല തീറ്റപുൽ-പയർവർഗ്ഗ വിളകൾ, വൃക്ഷവിളകൾ എന്നിവയുടെ ഉല്പാദനത്തിലൂടെ തീറ്റപ്പുൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക.
- അനുയോജ്യമായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി തീറ്റവസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുക.
- നൂതനവും ശാസ്ത്രീയവും ചെലവുകുറഞ്ഞതുമായ തീറ്റക്രമം വ്യാപിപ്പിക്കുക വഴി തീറ്റച്ചെലവ് പരമാവധി കുറയ്ക്കുക.
- പശുക്കളുടെ ആരോഗ്യം മെച്ചപ്പെടുത്തുകയും പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും ചെയ്യുക.
- തീറ്റപ്പുല്ലിന്റെ ലഭ്യത വർഷം മുഴുവനും ലഭ്യമാക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുക.
- വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപുല്ലുൽപാദനം, സംഭരണം, വിപണനം എന്നിവയിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
- നടീൽ വസ്തുക്കളും മറ്റ് ഉല്പാദനോപാധികളും ലഭ്യമാക്കുക.
- സുസ്ഥിരമായ തീറ്റപ്പുൽ ഉല്പാദനം പ്രായോഗികമാക്കുന്നതിനാവശ്യമായ വിജ്ഞാന വ്യാപന - പരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

## ഗുണഭോക്താക്കൾ

തീറ്റപുൽ കൃഷി ചെയ്യുന്നതിന് സ്വന്തമായോ, പാട്ടത്തിനോ അനുയോജ്യമായ സ്ഥലം ലഭ്യമായവർ ഗുണഭോക്താക്കളായി പരിഗണിക്കപ്പെടുന്നു. ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്. ക്ഷീരസംഘങ്ങൾ മുഖേന അപേക്ഷകൾ സ്വീകരിച്ച് ക്ഷീര വികസന

സർവ്വീസ് യൂണിറ്റ്, ക്ഷീരസംഘം എന്നിവയുടെ സംയുക്ത പരിശോധനയിലൂടെ ഗുണഭോക്താക്കളെ വിലയിരുത്തുന്നു. ക്ഷീരവികസന ഓഫീസുകളുടെ/ഡയറി ഫാം ഇൻസ്ട്രക്ടറുടെ ശുപാർശയിൻമേൽ ഡെപ്യൂട്ടി ഡയറക്ടർ ഗുണഭോക്താക്കളെ അംഗീകരിക്കുകയും ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് ഗുണഭോക്തൃ പട്ടിക സമർപ്പിക്കുകയും ചെയ്യുന്നു.

## പ്രോജക്ടുകൾ

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് (രൂ) | ധനസഹായം നിരക്ക് (രൂ) | ശതമാനം |
|---|---|---|---|---|
| 01 | തീറ്റപുൽകട വിതരണം ( 20 സെന്റിൽ താഴെ - ഹെക്ടർ) | 6000 | 6000 | 100 |
| 02 | തീറ്റപുൽകൃഷി ധനസഹായത്തോടു കൂടിയത്. (20 സെന്റും അതിനു മുകളിലും- ഹെക്ടർ) | 47500 | 15000 | 33 |
| 03 | തീറ്റപുൽ ദിനാചരണം, ബോധവൽക്കരണം (ആകെ) | 200000 | 200000 | 100 |
| 04 | ഫോഡർപ്രമോട്ടർമാരുടെ ഇൻസെന്റീവ് (വർഷം/വ്യക്തി) | 34000 | 34000 | 100 |
| 05 | സംസ്ഥാന ഫോഡർ ഫാമിനുള്ള ധനസഹായം (ആകെ) | 400000 | 400000 | 100 |
| 06 | തീറ്റപുൽ കൃഷി യന്ത്രവൽക്കരണവും നവീകരണവും | 10000 | 5000 | 50 |
| 07 | ക്ഷീരസംഘങ്ങൾ മുഖേന തീറ്റപുൽ സംഭരണം | 40000 | 40000 | 100 |
| 08 | ക്ഷീര പരിശീലന കേന്ദ്രങ്ങളിലെ തീറ്റപുൽത്തോട്ടം പരിപാലനം | 5000 | 5000 | 100 |
| 09 | തീറ്റപുൽകൃഷി ജലസേചന സഹായം | 200000 | 100000 | 50 |
| 10 | വൃക്ഷ വിളകളുടെ വ്യാപനം (ഒരു ചെടിക്ക്) | 5 | 5 | 100 |
| 11 | ഹ്രസ്വകാല തീറ്റപുൽ ഉല്പാദനം (ഹെക്ടർ) | 1405 | 1405 | 100 |
| 12 | വാണിജ്യാടിസ്ഥാനത്തിൽ തീറ്റപുൽകൃഷി - കോയിപ്പുറം മാതൃക(ഹെക്ടർ) | 60000 | 30000 | 50 |
| 13 | മക്കച്ചോളം കൃഷി -കേരള ഫീഡ്സുമായി സഹകരിച്ചുള്ള പ്രോജക്ട് (ഹെക്ടർ) | 10000 | 4250 | 42.5 |

## നിർവ്വഹണം

ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾക്കാണ് പ്രോജക്ട് നിർവ്വഹണത്തിന്റെ ചുമതല (നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ഷീര വികസന ഓഫീസർ). ഗുണഭോക്തൃ തെരെഞ്ഞെടുപ്പിനു ശേഷം ക്ഷീര വികസന വകുപ്പ് അംഗീകരിച്ച ഏജൻസികളിൽ നിന്നും നടീൽ വസ്തുക്കൾ/വിത്തുകൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നു. ഗുണഭോക്താക്കൾ ശാസ്ത്രീയമായി തീറ്റപുൽ കൃഷി ചെയ്ത് പരിപാലിക്കുന്നു. യന്ത്രവൽക്കരണ/ജലസേചന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ചുമതല ഗുണഭോക്താക്കൾക്കാണ്. കോയിപ്പുറം മോഡൽ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപുൽകൃഷി ചെയ്യുന്ന വ്യക്തികൾ/ഗ്രൂപ്പുകൾ സ്വന്തമായ സ്ഥലത്തോ, പാട്ടഭൂമിയിലോ, പുഴയോരത്തോ കുറഞ്ഞത് ഒരു ഹെക്ടർ സ്ഥലത്ത് ദീർഘകാല തീറ്റപുൽകൃഷിനടപ്പിലാക്കണം. ക്ഷീരസംഘങ്ങൾ മുഖേനയുള്ള തീറ്റപുൽ സംഭരണ പദ്ധതി അയൽ സംസ്ഥാനങ്ങളിൽ നിന്നും വൈക്കോൽ/ഉണക്കപ്പുല്ല് ഇറക്കുമതി ചെയ്ത് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിന് വേണ്ടണ്ടിയുള്ളതാണ്.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ ഫണ്ട് സബ്ജക്ട് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനകാര്യവകുപ്പ് മുഖേന ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിന് ലഭ്യമാക്കുന്നു.അവിടെ നിന്നും സ്ഥൂല ലക്ഷ്യമനുസരിച്ച് ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർക്ക് ഫണ്ട് കൈമാറുകയും തുടർന്ന് നിർവ്വഹണ സ്ഥാപനമായ ക്ഷീരവികസന സർവ്വീസ് മുഖേന ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

അപേക്ഷകൾ സ്വീകരിച്ചശേഷം ക്ഷീരസംഘങ്ങൾ പ്രാഥമിക പരിശോധന നടത്തി ക്ഷീരവികസന സർവ്വീസ് യൂണിറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നു. അതിനുശേഷം തീറ്റപുൽക്കടകൾ ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്നു. ഗുണഭോക്താക്കൾ/ ഗുണഭോക്തൃ ഗ്രൂപ്പുകൾ/ക്ഷീരസംഘങ്ങൾ പ്രോജക്ട് പൂർത്തീകരിക്കുന്നു. ഫോഡർ പ്രമോട്ടർ/ഡയറി ഫാം ഇൻസ്ട്രക്ടർ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഫീൽഡ് പരിശോധന നടത്തുന്നു. ഡയറി എക്സ്റ്റൻഷൻ ഓഫീസർ ധനസഹായത്തുക പിൻവലിച്ച് നൽകുകയും പുരോഗതി റിപ്പോർട്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഡെപ്യൂട്ടി ഡയറക്ടർ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു.

## സംഘാടനം

ക്ഷീരവികസന വകുപ്പിനാണ് സംഘാടനത്തിന്റെ പ്രധാന ചുമതല. തീറ്റപുൽകൃഷി വ്യാപകമാക്കുന്നതിൽ ക്ഷീരസഹകരണ സംഘങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രോജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ ക്ഷീരകർഷകരിലും തൊഴിലന്വേഷകരിലും എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാകും. ഗ്രാമസഭകൾ ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയും. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്താം. ഗുണഭോക്തൃ പട്ടിക ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതും ആയത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ചചെയ്യാവുന്നതുമാണ്.

## ക്ഷീര വികസന വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

തീറ്റപുൽ കൃഷി വികസന പരിപാടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് സുസ്ഥിര ക്ഷീര വികസനം കാഴ്ച വയ്ക്കാം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ വേളയിൽ ക്ഷീരവികസന വകുപ്പിന്റെ തീറ്റപുൽകൃഷി വികസന പ്രവർത്തനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന അനുബന്ധ പരിപാടികൾ, മുൻ വർഷത്തെ പദ്ധതി വിലയിരുത്തൽ തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുമായി ചർച്ചചെയ്യാവുന്നതാണ്. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിന് തുടർച്ചയായ ഇടപെടലുകൾ അനിവാര്യമാണ്.

## പദ്ധതി ഏകോപന - സംയോജന സാധ്യതകൾ

പശു, ആട്, മുയൽ തുടങ്ങിയ വളർത്തുമൃഗങ്ങൾക്ക് തീറ്റയായി ഉപയോഗിക്കാവുന്ന പദാർത്ഥമെന്ന നിലയിലും പരിസ്ഥിതി- മണ്ണ് സംരക്ഷണ സാധ്യതകൾ പരിഗണിച്ചും തീറ്റപുൽകൃഷിക്ക് വളരെയേറെ പ്രാധാന്യമുണ്ടണ്ട്. ത്രിതല പഞ്ചായത്തുകളുടേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള ലൈൻ ഡിപ്പാർട്ടുമെന്റുകളുടേയും മൃഗപരിപാലന പദ്ധതിയുമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായും കുടുംബശ്രീ മിഷന്റെ തൊഴിൽദാന പദ്ധതികളുമായും, വിവിധ ധനകാര്യ കോർപ്പറേഷനുകളുടെ (ഉദാ: പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ) പശുവളർത്തൽ പദ്ധതിയുമായും തീറ്റപുൽകൃഷി സംയോജിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കാലാവസ്ഥയെ ആശ്രയിച്ച് തീറ്റപ്പുൽകൃഷി ചെയ്യേണ്ടതുള്ളതിനാൽ കാലികമായി നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും യഥാസമയംകൃഷി ചെയ്തുവെന്ന് ഉറപ്പുവരുത്തുകയും വേണം. കൂടാതെ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുല്ല് ഉല്പാദിപ്പിച്ച് ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന കാര്യവും പരിഗണിക്കാം. നൂതന സാങ്കേതിക വിദ്യകളായ തുറസ്സായ സൂഷ്മ കൃഷി (ഓപ്പൺ പ്രിസിഷൻ ഫാമിംഗ്), മണ്ണില്ലാ കൃഷി (ഹൈഡ്രോപോണിക് കൃഷി) തുടങ്ങിയവ തീറ്റപ്പുല്ലിന്റെ അധികോൽപാദനത്തിനും, സ്വയംപര്യാപ്തതക്കും കാലികളുടെ പോഷകസുരക്ഷക്കും സഹായകരമാണ്. തീറ്റപ്പുൽ സംസ്ക്കരണ രീതികൾ വ്യാപകമല്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രചാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

## 2. ഗ്രാമീണ വിഞ്ജാന വ്യാപന പരിപാടികൾ

ക്ഷീര വികസന മേഖലയിലെ പ്രവർത്തനങ്ങൾ ശാസ്ത്രീയവും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന് അനുസൃതമായും നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ഇതിനായി ക്ഷീരസംഘം ഭരണസമിതി, ജീവനക്കാർ, സ്റ്റേക്ക് ഗോൾഡർമാർ, ഉപഭോക്താക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ ശാക്തീകരിക്കേണ്ടതുണ്ട്. മേൽ പ്രവർത്തനങ്ങളുടെ പരമപ്രധാനമായ ലക്ഷ്യം കാലികളുടെ ആരോഗ്യസംരക്ഷണം, ശുദ്ധവും ഗുണനിലവാരമുള്ള പാലും പാലുൽപ്പന്നങ്ങളും വിപണിയിൽ ലഭ്യമാക്കൽ, മെച്ചപ്പെട്ട സേവനം നൽകൽ തുടങ്ങിയ കാര്യങ്ങളാണ്. ആദായകരമായ പാലുൽപാദനവും ക്ഷീരവികസന മേഖലയുടെ വൈവിധ്യവൽക്കരണമടക്കമുള്ള സുസ്ഥിരതയും വികസന മാതൃകകളുടെ വ്യാപനവും വിവരസാങ്കേതിക വിദ്യയുടെ സാധ്യതകളും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇക്കാരണം കൊണ്ടുതന്നെ ക്ഷീരവികസന വകുപ്പ് ഗ്രാമീണ വിഞ്ജാനവ്യാപന പ്രവർത്തനങ്ങൾക്ക് വളരെയധികം ഊന്നൽ നൽകിവരുന്നു.

### ലക്ഷ്യങ്ങൾ

- വിവിധങ്ങളായ വിഞ്ജാന വ്യാപന - പരിശീലന പ്രവർത്തനങ്ങളിലൂടെ ക്ഷീരമേഖലയുടെ സമഗ്രവും ശാസ്ത്രീയവും സുസ്ഥിരവുമായ ക്ഷീരവികസനം സാധ്യമാക്കുക.
- ശുദ്ധവും ഗുണനിലവാരമുള്ളതും ലാഭകരവുമായ പാലുൽപ്പാദനം പ്രോൽസാഹിപ്പിക്കുക.

- കറവയ്ക്ക് ശേഷമുള്ള പാൽ ശുദ്ധതയോടെയും നൈർമല്യം നഷ്ടപ്പെടാതെയും ഗുണനിലവാരത്തിന് ശോഷണം തട്ടാതെയും കൈകാര്യം ചെയ്യുന്നതിന് പ്രോൽസാഹനം നൽകുക.
- പാലിന്റെയും പാലുൽപ്പന്നങ്ങളുടേയും ഗുണനിലവാരം ഭക്ഷ്യനിയമങ്ങൾക്ക് അനുസൃതമായിരിക്കാൻ പ്രേരിപ്പിക്കുക.
- ക്ഷീരസംഘങ്ങളുടെ പ്രവർത്തനം സുതാര്യവും ജനാധിപത്യപരവും സേവനഗുണനിലവാരമുള്ളതും ലാഭകരവുമായിരിക്കുവാൻ പ്രേരിപ്പിക്കുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്യുക.
- പാൽ ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുക.
- വിവര സാങ്കേതിക വിദ്യകൾ വിഞ്ജാന വ്യാപനത്തിന് പരമാവധി ഉപയോഗപ്പെടുത്തുക.

## ഗുണഭോക്താക്കൾ

ക്ഷീരകർഷകർ, തൊഴിലന്വേഷകർ, വിദ്യാർത്ഥികൾ, ഉപഭോക്താക്കൾ, ക്ഷീരസഹകരണ സംഘങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് തുടക്കം മുതൽ ഒടുക്കം വരെയുള്ള എല്ലാവരും പരിപാടിയുടെ ഉപഭോക്താക്കളായിരിക്കും. സഹകരണ മേഖലയ്ക്ക് പ്രോജക്ടുകളിൽ മുൻഗണന നൽകുന്നതാണ്. സാധാരണയായി ക്ഷീരസംഘങ്ങളുടെ അറിവോടെയും ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടുകൂടിയുമാണ് ഗുണഭോക്താക്കളെ/ ഗുണഭോക്തൃ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുന്നത്. അപേക്ഷകൾ സമർപ്പിക്കേണ്ടത് ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾക്കാണ്. അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഡെപ്യൂട്ടി ഡയറക്ടർ മുഖേന ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കണം. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ബ്ലോക്ക് തലത്തിലുള്ള ക്ഷീരസംഘങ്ങളുടെ യോഗങ്ങൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് | ധനസഹായം നിരക്ക് | ശതമാനം |
|---|---|---|---|---|
| 01 | കർഷക സമ്പർക്ക പരിപാടികൾ | 1500 | 1500 | 100 |
| 02 | ഗുണനിലവാര ബോധവൽക്കരണ പരിപാടി | 4000 | 4000 | 33 |
| 03 | ഉപഭോക്തൃമുഖാമുഖം പരിപാടി | 5000 | 5000 | 100 |
| 04 | ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേനയുള്ള പരിശീലന പരിപാടികൾ | 800000 | 34000 | 100 |
| 05 | സംസ്ഥാനതല ക്ഷീര സെമിനാർ (1 എണ്ണം) | 550000 | 550000 | 100 |
| 06 | അച്ചടി-ഇലക്ട്രോണിക് പഠനോപകരണങ്ങൾ (ആകെ) | 700000 | 700000 | 100 |
| 07 | ന്യൂസ്ലെറ്റർ(ക്ഷീരപഥം), പ്രസിദ്ധീകരണം (ആകെ) | 40000 | 40000 | 100 |
| 08 | ക്ഷീരദിനാഘോഷ പരിപാടികൾ ജൂൺ ഒന്ന് (ആകെ) | 400000 | 400000 | 100 |
| 09 | ക്ഷീരകർഷക പഠനയാത്ര (ആകെ) | 400000 | 400000 | 100 |
| 10 | ക്ഷീരകർഷകർക്കുള്ള ആകസ്മിക നിധി (കണ്ടിജൻസ് ഫണ്ട്) | 5000 | 5000 | 100 |
| 11 | ബ്ലോക്ക് ക്ഷീരസംഗമം | 10000 | 10000 | 100 |
| 12 | ജില്ലാ ക്ഷീരസംഗമം | 50000 | 50000 | 100 |
| 13 | സംസ്ഥാന ക്ഷീരസംഗമം | 100000 | 100000 | 100 |
| 14 | വിദ്യാർത്ഥികളുടെ ഡയറിക്ലബ് രൂപീകരണവും ശാക്തീകരണവും | 25000 | 25000 | 100 |
| 15 | മികച്ച കർഷകർക്കുള്ള അവാർഡ് (ആകെ) | 1650000 | 1650000 | 100 |
| 16 | പ്രദർശനങ്ങൾ സംഘടിപ്പിക്കൽ (ആകെ) | 600000 | 600000 | 100 |
| 17 | മികച്ച പാലുൽപാദനമുള്ള ക്ഷീരവികസന സർവ്വീസ് യൂണിറ്റുകളിൽ വിഞ്ജാന കേന്ദ്രങ്ങൾ (Information Kiosks) സ്ഥാപിക്കൽ | 75000 | 75000 | 100 |
| 18 | സാങ്കേതിക ഉദ്യോഗസ്ഥർക്കുള്ള പരിശീലനം (ആകെ) | 700000 | 700000 | 100 |
| 19 | ക്ഷീരപരിശീലന കേന്ദ്രങ്ങളുടെ നവീകരണം (ആകെ) | 500000 | 500000 | 100 |
| 20 | ഫാം ഫീൽഡ് സ്കൂളുകൾ | 500000 | 500000 | 100 |

## നിർവ്വഹണം

അതാത് തലങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് നിർവ്വഹണചുമതലയും ഓഫീസ് തലവൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായിരിക്കും. കർഷക സമ്പർക്കപരിപാടികൾ, ബ്ലോക്ക് ക്ഷീരസംഗമം, ഡയറി ക്ലബ് രൂപീകരണം തുടങ്ങിയവ ക്ഷീരവികസന ഓഫീസറും ഗുണനിലവാര ബോധവൽക്കരണ പരിപാടി, ഉപഭോക്തൃ മുഖാമുഖം പരിപാടി എന്നിവ ഗുണനിയന്ത്രണ ഓഫീസറും ജില്ലാ ക്ഷീരസംഗമം, ക്ഷീരദിനാഘോഷ പരിപാടികൾ, ക്ഷീരകർഷകർക്കുള്ള കണ്ടിജൻസി ഫണ്ട്, പ്രദർശനങ്ങൾ സംഘടിപ്പിക്കൽ, വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവ ഡെപ്യൂട്ടി ഡയറക്ടറും, ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേനയുള്ള വിവിധ പരിശീലന പരിപാടികൾ, ക്ഷീരപരിശീലന കേന്ദ്രങ്ങളുടെ നവീകരണം, ഫാം ഫീൽഡ് സ്കൂളുകൾ എന്നിവ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പലും സംസ്ഥാനതല പരിപാടികളുടെ നിർവ്വഹണം ക്ഷീരവികസന വകുപ്പ് ഡയറക്ടറും നിർവ്വഹിക്കുന്നു. മിക്ക പദ്ധതികളുടേയും നിർവ്വഹണത്തിൽ ക്ഷീരസഹകരണ സംഘങ്ങൾക്ക് പ്രാമുഖ്യം നൽകുന്നുണ്ട്.

## ഫണ്ടിംഗ്

സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഹിതം സബ്ജക്ട് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഫണ്ട് കൈമാറുന്നു. പദ്ധതി നിർവ്വഹണം നടത്തുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നേരിട്ടോ ക്ഷീരസഹകരണ സംഘങ്ങൾ/ ഗ്രൂപ്പുകൾ മുഖേനയോ ഫണ്ട് ചെലവഴിക്കുന്നു.

## പ്രവർത്തനങ്ങൾ

ഗുണഭോക്തൃതെരഞ്ഞെടുപ്പിനുശേഷം കാലാകാലങ്ങളിൽ ക്ഷീരവികസനവകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ പ്രകാരം മുൻകൂട്ടി നിശ്ചയിച്ച ഷെഡ്യൂൾ അനുസരിച്ച് വിജ്ഞാനവ്യാപന-പരിശീലന പ്രവർത്തനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്റ്റേക്ക് ഹോൾഡർമാരുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു. ബ്ലോക്ക്-ജില്ലാതല അവലോകന ത്തിനുശേഷം ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് മാസംതോറും റിപ്പോർട്ടുചെയ്യുന്നു. ക്ഷീരവികസന വകുപ്പിലെ മേൽത്തട്ട് ഓഫീസുകൾക്കാണ് മോണിറ്ററിംഗിന്റെ ചുമതല നൽകിയിട്ടുള്ളത്.

## സംഘാടനം

ബന്ധപ്പെട്ട നിർവ്വഹണ സ്ഥാപനങ്ങൾക്കാണ് സംഘാടനത്തിന്റെ ചുമതല. ഫീൽഡ്തല വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ പ്രാദേശിക സംഘാടന ചുമതല

ബന്ധപ്പെട്ട ക്ഷീരസംഘത്തിനോ ക്ഷീരസംഘങ്ങളുടെ കൂട്ടായ്മക്കോ ആണ്. ഇതോടൊപ്പംതന്നെ സർക്കാരിതര ഏജൻസികൾ, സൂക്ഷ്മതല സംഘാടനസംവിധാനങ്ങൾ, അനുബന്ധ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സേവനം വിഞ്ജാനവ്യാപന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ക്ഷീരവികസന മേഖല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപ്പെട്ട തിനാലും ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറപ്പെട്ട സ്ഥാപനമെന്ന നിലയിലും വിഞ്ജാനവ്യാപന പ്രവർത്തനങ്ങളിൽ ഗണ്യമായ സംഭാവനകൾ നൽകുവാൻ കഴിയും. പശുപരിപാലന പ്രവർത്തനങ്ങൾ മുഖ്യമായും വനിതകളെ കേന്ദ്രീകരിച്ചുള്ളതാകയാൽ കുടുംബശ്രീ പോലുള്ള സൂക്ഷ്മതല സംഘടനാ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയും. വിഞ്ജാനവ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാവശ്യമായ കൂടിയാലോചനകൾ ബ്ലോക്ക്തല വികസന സ്റ്റാന്റിംഗ് കമ്മറ്റിയിൽ നടത്താവുന്നതും ആയതിന്റെ പുരോഗതി വിലയിരുത്താവുന്നതുമാണ്. പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന്റേയും ഗ്രാമ സഭയുടേയും വിലയിരുത്തലിന് വിധേയമാക്കണം.

## ക്ഷീരവികസന വകുപ്പിന്റെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വിഞ്ജാനവ്യാപന പ്രവർത്തനങ്ങൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ അറിവോടെ സംഘടിപ്പിക്കുകയും സൂഷ്മതല സംഘാടന സംവിധാനങ്ങളുടേയും ലൈൻഡിപ്പാർട്ടുമെന്റുകളുടേയും സേവനം പദ്ധതിയുടെ വിജയത്തിനായി ഉപയോഗപ്പെടുത്തുകയും വേണം.

## പദ്ധതി ഏകോപന-സംയോജന സാധ്യതകൾ

വിഞ്ജാനവ്യാപന പ്രവർത്തനങ്ങൾ ക്ഷീരവികസന പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും അനിവാര്യമാകയാൽ അത്യധികം പ്രധാന്യമർഹിക്കുന്നു. നിലവിൽ ക്ഷീരവികസന വകുപ്പിന്റെ വിവിധ വികസന പ്രവർത്തനങ്ങളുമായി ഏകോപിപിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കുന്നത്. ഇപ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഉല്പാദന-സേവന മേഖലകളിൽ (ഉദാ-പശുവളർത്തൽ, വിദ്യാഭ്യാസം) ഗ്രാമപഞ്ചായത്തുകൾക്ക് ടി പ്രവർത്തനം സംയോജിപ്പിക്കേണ്ടതുണ്ട്. ഇതിനുപുറമേ കുടുംബശ്രീ പ്രവർത്തനങ്ങളുമായും ലൈൻഡിപ്പാർട്ടുമെന്റുകളുടെ വികസന പ്രവർത്തനങ്ങളുമായും ഏകോപിപ്പിക്കാവുന്നതുമാണ്. വിടവുകൾ നികത്തുന്നതിനുള്ള പ്രോജക്ടുകൾ ഭരണസ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾക്കൊള്ളിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കാലിക പ്രസക്തിയുള്ളതും ആവശ്യാധിഷ്ഠിതവുമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് പ്രാദേശിക അനുയോജ്യതയ്ക്കനുസരിച്ചും ഗുണഭോക്താക്കളുടെ / പഠിതാക്കളുടെ സൗകര്യപ്രദമായ സമയം തെരഞ്ഞെടുത്തും പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ദൃശ്യ-ശ്രവ്യമാധ്യമങ്ങളുടെ സഹായത്തോടെ വിഞ്ജാനവ്യാപന പരിപാടികൾ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കാവുന്നതാണ്. വിവര സാങ്കേതിക വിദ്യയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

# 3. മിൽക്ക് ഷെഡ് വികസന പദ്ധതി

## ആമുഖം

കേരളത്തിൽ പാലുൽപ്പാദനവും പാലിന്റെ ആവശ്യകതയും തമ്മിലുള്ള അന്തരം പ്രതിവർഷം ഏതാണ്ട് 1825 ലക്ഷം ലിറ്ററാണെന്ന് കണക്കാക്കിയിരിക്കുന്നു. പാലുൽപ്പാദനത്തിൽ സ്വയംപര്യപ്തത കൈവരിക്കുന്നതിനും പശുവളർത്തൽ സുസ്ഥിരമാക്കുന്നതിനുമുള്ള പ്രത്യേക കർമ്മപരിപാടിയെന്ന നിലയിലാണ് മിൽക്ക് ഷെഡ് വികസന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. നിലവിലുള്ള ഡയറിഫാമുകൾ ശാക്തീകരിക്കുക, ചെറുകിട ഡയറിഫാമുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, ഡയറിഫാമുകളുടെ യന്ത്രവൽക്കരണം സാധ്യമാക്കുക, ആവശ്യാധിഷ്ഠിത പാലുൽപ്പാദന പ്രവർത്തനങ്ങൾ ഉറപ്പാക്കുക തുടങ്ങിയവയാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. ഹ്രസ്വകാല - ദീർഘകാലാടിസ്ഥാനത്തിൽ പാലുൽപ്പാദനം ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ പ്രധാന പരിപാടികളിലൊന്നാണ് മിൽക്ക് ഷെഡ് വികസന പദ്ധതി. സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ഈ പദ്ധതി ശ്രദ്ധേയമായ പങ്ക് വഹിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- കർഷകരെ ശാസ്ത്രീയ പശുവളർത്തലിന് പ്രേരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക
- ക്ഷീരമേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുകയും പശുവളർത്തൽ ജീവസന്ധാരണ മാർഗ്ഗമായും പ്രധാന വരുമാന സ്രോതസ്സായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.
- ഉൽപ്പാദനക്ഷമതയുള്ളതും വർക്ഷഗുണമുള്ളതുമായ കാലിസമ്പത്ത് ഹ്രസ്വകാല - ദീർഘകാലാടിസ്ഥാനത്തിൽ സൃഷ്ടിക്കുക.
- ഗ്രൂപ്പടിസ്ഥാനത്തിലുള്ള പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

- സുരക്ഷിതമായ പാൽ ഉപഭോക്താക്കൾക്ക് പ്രാദേശികമായി ഉല്പ്പാദിപ്പിച്ച് ലഭ്യമാക്കുക.

## ഗുണഭോക്താക്കൾ

ക്ഷീരകർഷകരും സ്വയംതൊഴിൽ സംരംഭകരുമായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ ഭാഗക്കാർ, ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർ, ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ളവർ തുടങ്ങിയവർക്ക് പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

## പ്രോജക്ടുകൾ

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് | ധനസഹായം നിരക്ക് | ശതമാനം |
|---|---|---|---|---|
| 01 | 2 പശുയൂണിറ്റ് | 97435 | 39000 | 40 |
| 02 | 5 പശുയൂണിറ്റ് | 248500 | 99400 | 40 |
| 03 | 10 പശുയൂണിറ്റ് | 481000 | 192400 | 40 |
| 04 | 5 കിടാരി യൂണിറ്റ് | 182000 | 75000 | 41 |
| 05 | 10 കിടാരി യൂണിറ്റ് | 376500 | 150000 | 40 |
| 06 | 20 കിടാരി യൂണിറ്റ് | 758000 | 300000 | 40 |
| 07 | ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത സഹായം | 50000 | 25000 | 50 |
| 08 | കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം | 50000 | 25000 | 50 |
| 09 | കാലിത്തൊഴുത്ത് നിർമ്മാണം | 100000 | 50000 | 50 |
| 10 | കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി | 23000 | 11500 | 50 |

## നിർവ്വഹണം

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ള ക്ഷീരവികസന ഓഫീസുകൾക്കാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല. ക്ഷീരവികസന ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. പദ്ധതി നിർവ്വഹണത്തിൽ ക്ഷീരസഹകരണ സംഘങ്ങൾ വളരെയധികം പിന്തുണ നൽകുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിന് വിധേയമായി സബജക്ട് കമ്മറ്റിയുടെ അംഗീകാരത്തോടെ ക്ഷീരവികസന വകുപ്പ് ഡയറക്ടർ ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഫണ്ട് കൈമാറുകയും തുടർന്ന് ക്ഷീരവികസന ഓഫീസർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

പദ്ധതി സംബന്ധിച്ച് ബ്ലോക്ക് തലത്തിൽ ജില്ലാ ഓഫീസർ മുഖേന സ്ഥൂല - സാമ്പത്തിക ലക്ഷ്യം നിർണ്ണയിക്കുന്നു. ബ്ലോക്ക് തലത്തിൽ ക്ഷീരസംഘങ്ങളുടെ യോഗം ചേർന്ന് പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു. പദ്ധതി സംബന്ധിച്ച പരസ്യം വിവിധ മാധ്യമങ്ങളിലൂടെ നൽകുന്നു. ഗുണഭോക്താക്കൾ നിശ്ചിത ഫോറത്തിൽ അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്നു. ക്ഷീരസംഘം പ്രാഥമിക പരിശോധന നടത്തുന്നു. പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷീരവികസന ഓഫീസർ/ഡയറിഫാം ഇൻസ്ട്രക്ടർ ഫീൽഡ് പരിശോധന നടത്തി ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കുന്നു. അർഹതയുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമെങ്കിൽ ബാങ്ക് വായ്പ തരപ്പെടുത്തുന്നു. ബ്ലോക്ക് തലത്തിൽ ക്ഷീരസംഘങ്ങളുടെ യോഗത്തിൽ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കുന്നു. കാലിത്തൊഴുത്ത് തീറ്റപ്പുൽകൃഷി തുടങ്ങിയവ ഉരുക്കളെ വാങ്ങൽ ഒഴികെ) ഗുണഭോക്താവ് നിർവ്വഹിക്കുന്നു.ഗുണമേന്മയുള്ള ഉരുക്കളെ പർച്ചേസ് കമ്മറ്റി മുഖേന സംസ്ഥാനത്തിന് വെളിയിൽ നിന്ന് വാങ്ങുന്നു. ക്ഷീരവികസന ഓഫീസർ, ഡയറിഫാം ഇൻസ്ട്രക്ടർ, വെറ്ററിനറി സർജൻ, ക്ഷീരസംഘം പ്രസിഡന്റ്, സെക്രട്ടറി, ഗുണഭോക്താക്കൾ എന്നിവരടങ്ങുന്നതാണ് പർച്ചേസ് കമ്മറ്റി. ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നു. ക്ഷീരസംഘങ്ങളിലൂടെ പാൽ വിപണനം നടത്തുന്നു. ബാങ്ക് വായ്പ ലഭ്യമാക്കുന്ന ഗുണഭോക്താക്കളുടെ തിരിച്ചടവും പലിശയും പാൽവിലയിൽ നിന്നും കിഴിച്ച് ക്ഷീരസംഘം ധനകാര്യസ്ഥാപനത്തിലേയ്ക്ക് നേരിട്ട് അടയ്ക്കുന്നു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ക്ഷീരപരിശീലന കേന്ദ്രം, ക്ഷീരവികസനവകുപ്പ് ഡയറക്ടർ പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ മുഖേന മോണിറ്ററിംഗ് നിർവ്വഹിക്കുന്നു. പദ്ധതി ഡോക്യുമെന്റേഷന്റെ ചുമതല ക്ഷീരവികസന ഓഫീസറിൽ നിക്ഷിപ്തമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള പദ്ധതികളിലെ ഗുണഭോക്താക്കളുടെ അംഗീകാരം സംസ്ഥാന ഡയറക്ടറും, മറ്റുള്ളവ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറും നൽകുന്നു.

## സംഘാടനം

ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾക്കാണ് സംഘാടനത്തിന്റെ മുഖ്യ ചുമതല. പദ്ധതി നിർവ്വഹണത്തിൽ ക്ഷീരസഹകരണ സംഘങ്ങൾ വളരെയേറെ സഹായം നൽകുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രോജക്ടുകൾ ക്ഷീരകർഷകരിലും സംരംഭകരിലുമെത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയേറെ സഹായങ്ങൾ നൽകാം. ഗ്രാമസഭകൾ, സൂക്ഷ്മതല സംഘാടന സംവിധാനങ്ങൾ തുടങ്ങിയവ ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താം. പദ്ധതി ധനകാര്യസ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിന് മുൻകൈയ്യെടുക്കാവുന്നതാണ്.

## ക്ഷീരവികസന വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി നിർവ്വഹണത്തിൽ ക്ഷീരസഹകരണ സംഘങ്ങളുടെ സേവനം എല്ലാ ഘട്ടങ്ങളിലും ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും പ്രാദേശിക സർക്കാരുകളെന്ന നിലയിൽ ക്ഷീരവികസന പ്രവർത്തനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തുകളെ പദ്ധതിയുടെ പൂർണ്ണ വിജയത്തിനായി ഉപയോഗപ്പെടുത്തണം. ഗുണഭോക്തൃ പട്ടിക വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകുന്നതും പദ്ധതിയുടെ പുരോഗതി സ്റ്റാന്റിംഗ് കമ്മറ്റിയിൽ വിലയിരുത്തുന്നതും ഉചിതമായിരിക്കും. പദ്ധതി നിർവ്വഹണത്തിനുശേഷം അവലോകന റിപ്പോർട്ട് തയ്യാറാക്കി. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയിലും വർക്കിംഗ് ഗ്രൂപ്പിലും ചർച്ചചെയ്യുന്നത് പദ്ധതി കൂടുതൽ ജനകീയമാക്കുവാൻ സഹായിക്കും.

## പദ്ധതി ഏകോപന - സംയോജന സാധ്യതകൾ

വാണിജ്യാടിസ്ഥാനത്തിലുള്ള പശുവളർത്തൽ/കിടാരി വളർത്തൽ സംരംഭങ്ങൾ തീറ്റപ്പുൽകൃഷിയുൾപ്പെടെയുള്ള വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കാവുന്ന താണ്. ഇതിനുപുറമേ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾ മിൽക്ക് ഷെഡ് വികസന പദ്ധതിയിലെ മറ്റ് ഘടകങ്ങളുമായും തുടർവർഷങ്ങളിൽ സംയോജിപ്പിച്ചു വരുന്നു.പാൽ വിപണനം ക്ഷീരസംഘങ്ങൾ വഴി ഉറപ്പാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലിത്തീറ്റ വിതരണ പദ്ധതികളുമായും കുടുംബശ്രീപോലുള്ള സംവിധാനങ്ങളുടെ തീറ്റപ്പുൽ ഉല്പ്പാദന പദ്ധതിയുമായും (ലീസ് ലാന്റ് ഫാമിംഗ്) സംയോജിപ്പിക്കുന്നത് പ്രോജക്ടിന്റെ സുസ്ഥിരതയ്ക്ക് സഹായകരമായ ഘടകങ്ങളാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പശുക്കളെ ഡിസംബർ മാസത്തിന് മുമ്പായി വാങ്ങുന്നത് പാലിന്റെ ദൗർലഭ്യം നേരിടുന്ന കാലയളവിൽ ആയതിന്റെ പരിഹാരത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്താം. പ്രോജക്ടുമായി ബന്ധപ്പെട്ട തീറ്റപ്പുൽ കൃഷി ജൂൺ - ജൂലൈ മാസങ്ങളിൽ നിർവ്വഹിക്കണം. പ്രസ്തുത സാഹചര്യത്തിൽ ഗുണഭോക്താക്കളെ കാലേക്കൂട്ടി തെരഞ്ഞെടുക്കുവാനും കൂടുതൽ അർഹതയുള്ളവരെ കണ്ടെത്തുവാനും കുറഞ്ഞത് 5 വർഷമെങ്കിലും ഗുണഭോക്താക്കൾ പദ്ധതി തുടർന്നു കൊണ്ടുപോകുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും പ്രത്യേകം ശ്രദ്ധിക്കണം. അതോടൊപ്പംതന്നെ ഗുണഭോക്താക്കളെ കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് അവരുടെ സാമൂഹ്യസുരക്ഷ കുറഞ്ഞ അളവിലെങ്കിലും ഉറപ്പുവരുത്താനാകും.

# 4.ക്ഷീരസംഘങ്ങൾ മുഖേനയുള്ള കാലിത്തീറ്റ സഹായ പദ്ധതി

## ആമുഖം

കേരളത്തിൽ പാലുൽപ്പാദനചെലവിന്റെ ഏതാണ്ട് 55 ശതമാനവും തീറ്റചെലവാണ്. ഇതിൽ സിംഹഭാഗവും കാലിത്തീറ്റയ്ക്ക് വേണ്ടിചെലവഴിക്കുന്നു. സംസ്ഥാനത്ത് വിപണിയിലെ പാലിന്റെ വിലനിലവാരം പിടിച്ചു നിർത്തുന്നത് സഹകരണ ക്ഷീരമേഖലയാണ്. എന്നാൽ കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലവർദ്ധനവ് പാലുൽപ്പാദന ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നതിനും തന്മൂലം നാമമാത്ര ക്ഷീരകർഷകർക്ക് പശുവളർത്തൽ ഉപേക്ഷിക്കേണ്ടി വരുന്നതായും നിരീക്ഷിക്കുവാൻ കഴിയും. മേൽപ്പറഞ്ഞ നഷ്ടം നികത്തുന്നതിനും പശുവളർത്തൽ സുസ്ഥിരമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് കാലിത്തീറ്റ വിതരണം. ധാതുലവണം, വിറ്റാമിൻ എ തുടങ്ങിയ അനുബന്ധ തീറ്റകളുടെ അപര്യാപ്തത മൂലം പാലുൽപ്പാദന ക്ഷമതക്കുറവ്, ആരോഗ്യശോഷണം തുടങ്ങിയവയ്ക്ക് കാരണമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് ധാതുലവണ മിശ്രിത വിതരണം.

## ലക്ഷ്യങ്ങൾ

- ക്ഷീരോൽപ്പാദനവും സഹകരണമേഖലയിലുള്ള പാൽ സംഭരണവും വർദ്ധിപ്പിക്കുക.
- കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുക.
- പാലുൽപ്പാദനചെലവ് കുറയ്ക്കുക.

- കാലികൾക്ക് ധാതുലവണമിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് തുടങ്ങിയവയുടെ വിതരണത്തിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിക്കൽ, പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കൽ, കറവമാടുകളുടെ പ്രത്യുൽപ്പാദന ക്ഷമത നിലനിർത്തൽ, ആരോഗ്യസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ പരോക്ഷമായി പ്രാവർത്തികമാക്കുക

## ഗുണഭോക്താക്കൾ

ക്ഷീരസഹകരണസംഘത്തിൽ പാലളക്കുന്ന മുഴുവൻ പാലുൽപ്പാദകരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## പ്രോജക്ടുകൾ

| ക്രമ. നം | പ്രോജക്ടിന്റെ പേര് | ധനസഹായനിരക്ക് |
|---|---|---|
| 01. | കാലിത്തീറ്റ ധനസഹായം | ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ലിറ്ററിനും 80 പൈസ പ്രകാരം |
| 02 | ധാതുലവണ മിശ്രിതം വിതരണം | 50 ശതമാനം ധനസഹായം |

## നിർവ്വഹണം

ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകരുടെ ഗുണഭോക്തൃ പട്ടിക ക്ഷീരസംഘങ്ങൾ തയ്യാറാക്കുന്നു. പാൽ അളവിന്റെ അടിസ്ഥാനത്തിൽ ധനസഹായത്തുക നിശ്ചയിക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേന കേരള ഫീഡ്സ്, മിൽമ തുടങ്ങിയ അംഗീകൃത കാലിത്തീറ്റകൾ കർഷകർക്ക് വിതരണം ചെയ്യുന്നു. വിതരണത്തിനുശേഷം ആവശ്യമായ രേഖകൾ ക്ഷീരവികസന ഓഫീസർക്ക് സമർപ്പിക്കുകയും ആവശ്യമായ പരിശോധനയ്ക്ക്ശേഷം ധനസഹായത്തുക ക്ഷീരസംഘങ്ങൾക്ക് അനുവദിക്കുകയും ചെയ്യുന്നു. ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾക്ക് ശേഷം ക്ഷീരസഹകരണസംഘങ്ങൾ മുഖേന ധാതുലവണ മിശ്രിതം ലഭ്യമാക്കുന്നതിനുള്ള ക്ഷീരകർഷകരെ തെരെഞ്ഞെടുക്കുന്നു. അംഗീകൃത സ്ഥാപനങ്ങൾ മുഖേന (ഉദാ: ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ്) ധാതുലവണ മിശ്രിതം വിതരണം ചെയ്യുന്നു. ക്ഷീരസംഘങ്ങൾ മുഖേന ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നു. വിതരണത്തിനുശേഷം ഗുണഭോക്തൃ പട്ടിക ക്ഷീരവികസന ഡയറക്ടർക്ക് സമർപ്പിക്കുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് സാമ്പത്തിക ലക്ഷ്യമനുസരിച്ച് അനുവദിക്കുന്നു. ജില്ലാ ഓഫീസർ ബ്ലോക്ക്തല ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾക്ക് ധനസഹായം കൈമാറുന്നു.

## പ്രവർത്തനങ്ങൾ

ക്ഷീര സഹകരണ സംഘങ്ങൾ മുഖേന അർഹരായ കർഷകരുടെ പട്ടിക തയ്യാറാക്കുന്നു. ക്ഷീരവികസന സർവ്വീസ് യൂണിറ്റ് മുഖേന ആവശ്യമായ പരിശോധനകൾ നടത്തുന്നു. ക്ഷീരസംഘങ്ങൾ അംഗീകൃത കാലിത്തീറ്റകൾ/ ധാതുലവണമിശ്രിതം വാങ്ങി ഗുണഭോക്തൃവിഹിതം സമാഹരിച്ചുകൊണ്ട് അർഹരായ കർഷകർക്ക് വിതരണം ചെയ്യുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ക്ഷീരവികസന സർവ്വീസ് യൂണിറ്റിൽ നിന്നും ധനസഹായത്തുക പിൻവലിച്ച് ക്ഷീരസംഘങ്ങൾക്ക് നൽകുന്നു.

## സംഘാടനം

ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾക്കാണ് സംഘാടനത്തിന്റെ പ്രധാനപ്പെട്ട ചുമതല. പദ്ധതി നിർവ്വഹണത്തിന്റെ പ്രധാന പങ്ക് വഹിക്കുന്നത് ക്ഷീരസഹകരണസംഘങ്ങളാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പശുവളർത്തൽ നിലനിർത്തുന്നതിന് അനിവാര്യമായ പദ്ധതിയാണ് കാലിത്തീറ്റ വിതരണം. പദ്ധതിയുടെ പ്രചരണ പ്രവർത്തനങ്ങൾക്കായി ഗ്രാമസഭ, സൂക്ഷ്മതല സംഘാടന സംവിധാനങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്താം. പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് പരിഗണിക്കാവുന്നതും മോണിറ്ററിംഗ് നിർവ്വഹിക്കാവുന്നതുമാണ്.

## ക്ഷീരവികസന വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

കാലിത്തീറ്റ/ധാതുലവണ മിശ്രിതം പദ്ധതി വിജയിപ്പിക്കുന്നതിനുവേണ്ടി ക്ഷീരസഹകരണ സംഘങ്ങൾ, ബ്ലോക്ക് പഞ്ചായത്ത്, എന്നിവയുടെ സേവനം പരമാവധി വിനിയോഗിക്കണം. ഗുണഭോക്തൃ പട്ടിക ബ്ലോക്ക് പഞ്ചായത്തിന് കൈമാറാവുന്നതും പുരോഗതി അവലോകനം നടത്താവുന്നതുമാണ്.

## പദ്ധതി ഏകോപന സംയോജന സാധ്യതകൾ

ക്ഷീരകർഷകരുടെ ഏറ്റവും പ്രധാന പ്രശ്നമായ അമിത തീറ്റചെലവ് കുറയ്ക്കുന്നതിന് സംയോജിതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ത്രിതല

പഞ്ചായത്തുകളുടെ കാലിത്തീറ്റ വിതരണ പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് ആർ.കെ.വി.വൈ പദ്ധതിയുമായി ഏകോപിപ്പിക്കുന്ന പക്ഷം വർഷം മുഴുവനും ധനസഹായനിരക്കിൽ കാലിത്തീറ്റ വിതരണം നടത്താവുന്നതാണ്. ഇത് ക്ഷീരമേഖലയുടെ സുസ്ഥിരതയ്ക്ക് തികച്ചും അനിവാര്യവും പ്രഥമ പരിഗണന നൽകേണ്ടതുമാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കാലിത്തീറ്റ വിതരണം തുടർച്ചയായി നിർവ്വഹിക്കുന്നതിനും ഗുണമേന്മയുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നതിനും കാലിത്തീറ്റ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാഫീഡ്സ്, മിൽമ എന്നിവയുടെ കാലിത്തീറ്റ ഉറപ്പുവരുത്തണം. സഹകരണ മേഖലയിൽ ഉല്പ്പാദിപ്പിക്കുന്ന മുഴുവൻ കാലിത്തീറ്റകളും ഗുണനിലവാരം ഉറപ്പുവരുത്തി പദ്ധതിയിൽ തുടർച്ചയായ വിതരണം സാധ്യമാക്കണം. മേൽപ്പറഞ്ഞ കാലിത്തീറ്റയ്ക്ക് ക്ഷാമം നേരിടുന്നപക്ഷം ഐ.എസ്.ഐ ഗുണനിലവാരമുള്ള സ്വകാര്യ കമ്പനികളുടെ കാലിത്തീറ്റയും പരിഗണിക്കണം.

## 5. ഗുണനിലവാര ശാക്തീകരണ പ്രവർത്തനങ്ങൾ

### ആമുഖം

ക്ഷീരവികസന വകുപ്പിന്റെ പ്രധാനപ്പെട്ട മറ്റൊരു പ്രവർത്തനമാണ് പാലിന്റെ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ. ഒരു സമീകൃതാഹാരമെന്ന നിലയിലും വളരെ വേഗം കേടാകുന്ന ഉൽപ്പന്നമായതിനാലും മെച്ചപ്പെട്ട പാലിന്റെ ഗുണനിലവാരം കർഷകർക്ക് അധിക വില ഉറപ്പാക്കുന്നതുകൊണ്ടും പാലിന്റെ ഗുണനിലവാര ശാക്തീകരണ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകിവരുന്നു. ജില്ലാതലത്തിൽ ഗുണനിയന്ത്രണ വിഭാഗത്തിന്റെ കീഴിൽ ജില്ലാതല ലബോറട്ടറികളും, പാലക്കാട് ആലത്തൂരിൽ സംസ്ഥാനതല പാൽ പരിശോധനാ ലബോറട്ടറികളും, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹൈടെക് ലബോറട്ടറിയും പാലിന്റെ ഗുണനിലവാര ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.

### ലക്ഷ്യങ്ങൾ

- പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിച്ച് ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയും പാൽ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാൽ ലഭ്യമാക്കുകയും ചെയ്യുക.

- ഉത്സവ കാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെയും വിപണിയിൽ വിറ്റഴിക്കപ്പെടുന്ന പാലിന്റെയും ഗുണനിലവാരം പ്രത്യേകം നിരീക്ഷിക്കുക.
- ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാൽ പരിശോധന നടത്തി ആവശ്യമായ ഉപദേശ - നിർദ്ദേശങ്ങൾ നൽകുക.
- വിപണിയിൽ ലഭ്യമായ വിവിധ ബ്രാൻഡുകളിൽപ്പെട്ട പാലിന്റെ ഗുണനിലവാരം നിരീക്ഷിക്കുക.
- പാൽ ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുക.
- കർഷക തലത്തിൽ പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക.

## ഗുണഭോക്താക്കൾ

ക്ഷീരോല്പാദകർ, ക്ഷീരസഹകരണ സംഘങ്ങൾ, ക്ഷീര വ്യവസായ സംരംഭകർ, പാൽ ഉപഭോക്താക്കൾ എന്നിവർ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

## പ്രോജക്ടുകൾ

(തുക ലക്ഷത്തിൽ)

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് | ധനസഹായം നിരക്ക് | ശതമാനം |
|---|---|---|---|---|
| 01 | ജില്ലാതല ഗുണനിയന്ത്രണ ലബോറട്ടറികളുടെ ശാക്തീകരണം | 14 എണ്ണം | 5.5 | 100 % |
| 02 | ഉത്സവകാല പ്രത്യേക പാൽ പരിശോധനാ പരിപാടി- | 3.0 | 100 % | |
| 03 | സംസ്ഥാനതല ലബോറട്ടറികളുടെ ശാക്തീകരണവും സാക്ഷ്യപ്പെടുത്തലും | - | 4.0 | 100 % |
| 04 | സംശുദ്ധ പാലുൽപ്പാദന കിറ്റുകൾ (ഒരു യൂണിറ്റ്) | 0.025 | 2.50 | 100 % |

## നിർവ്വഹണം

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ യൂണിറ്റുകൾക്കാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാനപ്പെട്ട ചുമതല. സംസ്ഥാനതല ലബോറട്ടറികളുടെ ശാക്തീകരണ പ്രവർത്തനങ്ങളുടെ ചുമതല ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിലെ ടെക്നിക്കൽ സെല്ലിനാണ്.

## ഫണ്ടിംഗ്

സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരം ഗുണനിയന്ത്രണ ഓഫീസർമാർക്ക് ഫണ്ട് ലഭ്യമാക്കുന്നു.

## പ്രവർത്തനങ്ങൾ

ജില്ലാതല ലബോറട്ടറികളുടെ ശാക്തീകരണം, ഉത്സവ കാല പ്രത്യേക പാൽ പരിശോധനാപരിപാടി എന്നിവയുമായി ബന്ധപ്പെട്ട് ഗുണനിയന്ത്രണ ഓഫീസർ പർച്ചേസ് റൂൾസ് പ്രകാരം ഉപകരണങ്ങളുടെ റിപ്പയർ, പുതിയ ഉപകരണങ്ങൾ വാങ്ങൽ രാസവസ്തുക്കൾ വാങ്ങൽ, പൊതുവിപണിയിൽ നിന്നും പരിശോധനയ്ക്കായി വാങ്ങുന്ന പാൽ, സംശുദ്ധ പാലുൽപ്പാദന കിറ്റുകൾ വാങ്ങൽ തുടങ്ങിയ കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു. സംസ്ഥാനതല ലബോറട്ടറികളുടെ ശാക്തീകരണം, പരിശോധനാ ഗുണനിലവാരം സാക്ഷ്യപ്പെടുത്തൽ എന്നിവയ്ക്കായി നിയമാനുസൃതം ഡയറി ഡയറക്ടറേറ്റ് തുക ചെലവഴിക്കുന്നു.

## സംഘാടനം

ക്ഷീരവികസന വകുപ്പിന്റെ ജില്ലാതല ഗുണനിയന്ത്രണ ഓഫീസ്, ക്ഷീരവികസന വകുപ്പ് സംസ്ഥാനതല ഡയറക്ടറേറ്റ് എന്നീ സ്ഥാനങ്ങളാണ് സംഘാടനത്തിന്റെ ചുമതല നിർവ്വഹിക്കപ്പെടുന്നത്. പുരോഗമന ക്ഷീരകർഷകർക്കുള്ള സംശുദ്ധ പാലുൽപ്പാദന കിറ്റുകൾ നൽകുന്നതിലേയ്ക്കായി ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ ക്ഷീരസംഘങ്ങൾ സഹായിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ടപ്രവർത്തനമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഗണ്യമായ സംഭാവനകൾ നൽകുവാൻ കഴിയും. ക്ഷീരകർഷകരേയും പാൽ ഉപഭോക്താക്കളേയും ബോധവൽക്കരിക്കുന്നതിന് ഗ്രാമസഭ, സൂഷ്മതല സംഘടനകൾ, ഘടക സ്ഥാപനങ്ങൾ തുടങ്ങിയവ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. ജില്ലാതല വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പാലിന്റെ ഗുണനിലവാര പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ഉചിതമായിരിക്കും. എന്നാൽ സ്റ്റാറ്റ്യൂട്ടറി - സാങ്കേതിക അധികാരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടുന്നതിന് പരിമിതികളുണ്ട്.

## ക്ഷീരവികസന വകുപ്പിന്റെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ജില്ലാ പഞ്ചായത്തുകളെ ഉപയോഗപ്പെടുത്തിയും ഘടക സ്ഥാപനങ്ങളെ ജില്ലാ പഞ്ചായത്ത് മുഖേന ഏകോപിപ്പിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാം.

### പദ്ധതി ഏകോപന-സംയോജന സാധ്യതകൾ

ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ പാലിന്റെ രാസ - അണുഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെ പ്രാധാന്യം നൽകേണ്ടതുണ്ട്. ജില്ലാതല ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ഫീൽഡ് തലത്തിൽ പാൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയും പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിബന്ധനകൾ ഉല്പാദന-സംഭരണ തലങ്ങളിൽ പാലിക്കപ്പെടുന്നതിനും സഹായകരമാകും.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ സാങ്കേതികമാകയാൽ വ്യക്തമായ ആസൂത്രണവും വിവിധ ഏജൻസികളുടെ സഹകരണവും അനിവാര്യമാണ്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പിലാക്കിയ സാഹചര്യത്തിൽ ഗുണനിലവാര ശാക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം.

## 6. ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണവും നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

### ആമുഖം

ക്ഷീര വികസന മേഖലയുടെ നെടുംതൂണാണ് ക്ഷീരസഹകരണ സംഘങ്ങൾ. ക്ഷീര വികസന വകുപ്പിന്റെ കീഴിൽ 3535 ക്ഷീരസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. നമ്മുടെ പാൽ വിലയും വിപണിയും നിയന്ത്രിക്കപ്പെടുന്നതും സാധാരണക്കാർക്ക് പാൽ പ്രാപ്യമാക്കുന്നതും സഹകരണ ക്ഷീരമേഖലയിലൂടെയാണ്. ക്ഷീരസഹകരണസംഘങ്ങൾ ഗ്രാമീണ സമ്പദ്ഘടനയിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. പാലിന്റെ സവിശേഷമായ ഭൗതിക-രാസ-അണുഗുണ നിലവാരം, ക്ഷീരകർഷകർക്കാവശ്യമായ ഉൽപ്പാദനോപാധികളുടെ വിതരണം, സുതാര്യമായ പാൽ സംഭരണം, ശാസ്ത്രീയമായ വിലനിർണ്ണയം, മെച്ചപ്പെട്ട സേവനം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കുമ്പോൾ ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിന് സംസ്ഥാന സർക്കാർ മുന്തിയ പരിഗണന നൽകിവരുന്നു.

### ലക്ഷ്യങ്ങൾ

- കൂടുതൽ ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിക്കുകയും പ്രവർത്തന രഹിതമായവയെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക.

- പാൽ സംഭരണ മേഖലയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള അടിസ്ഥാന സൗകര്യമൊരുക്കുക.
- ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തെക്കുറിച്ചും അവയുടെ പ്രായോഗികതയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.
- സംശുദ്ധമായ പാൽ സംഭരണ കേന്ദ്രങ്ങളും സംഭരണ മുറികളും നിർമ്മിക്കുക.
- പാൽ ശീതീകരണം, സംസ്ക്കരണം, മൂല്യവർദ്ധന എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള ക്ഷീരസംഘങ്ങൾക്ക് അന്താരാഷ്ട്ര ഗുണനിലവാര സാക്ഷ്യപ്പെടുത്തലിന് (ഐ.എസ്.ഒ 22000 : 2005) സഹായിക്കുക.
- ക്ഷീരസംഘങ്ങൾ മുഖേന പാൽ സംസ്ക്കരണം, ശീതീകരണം, പായ്ക്കിംഗ്, കാലിത്തീറ്റ നിർമ്മാണം തുടങ്ങിയവ ആരംഭിക്കുന്നതിനും നിലവിലുള്ളവയെ നവീകരിക്കുന്നതിനും സഹായിക്കുക.
- മിൽമയുടെ സംഭരണ റൂട്ടുകളിൽ പാൽ എത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
- ഓട്ടോമാറ്റിക് പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- ക്ഷീരകർഷകരുടെ ഫസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് വിഞ്ജാന വ്യാപന പ്രവർത്തനങ്ങൾ ശാക്തീകരിക്കുക.
- ജില്ലാതല കൺസോർഷ്യം മുഖേന ക്ഷീരസഹകരണസംഘങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് സഹായം നൽകുകവഴി ക്ഷീരമേഖലയിൽ വിവര സാങ്കേതികവിദ്യ ഫലപ്രദമായി വിനിയോഗിക്കുക.

## ഗുണഭോക്താക്കൾ

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾ പദ്ധതിയുടെ പ്രത്യക്ഷ ഗുണഭോക്താക്കളും ക്ഷീരകർഷകരും പാൽ ഉപഭോക്താക്കളും പരോക്ഷ ഗുണഭോക്താക്കളുമായിരിക്കും.

## പ്രോജക്ടുകൾ

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് | ധനസഹായം നിരക്ക് | ശതമാനം |
|---|---|---|---|---|
| 01 | ക്ഷീരസംഘങ്ങളുടെ രൂപീകരണവും പ്രവർത്തന രഹിതമായവയെ പുനരുജ്ജീവിപ്പിക്കലും | 68000 | 30000 | 44 |
| 02 | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാര മുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ | 60000 | 40000 | 67 |

| | | | | |
|---|---|---|---|---|
| 03 | ക്ഷീരസംഘം ജീവനക്കാർക്കുള്ള ഭക്ഷ സുരക്ഷാ പരിശീലന പരിപാടി | 600 | 600 | 100 |
| 04 | സംശുദ്ധ പാൽ സംഭരണ കേന്ദ്രങ്ങളുടേയും സംഭരണ മുറികളുടേയും നിർമ്മാണവും അറ്റകുറ്റപണികളും | 400000 | 300000 | 75 |
| 05 | ക്ഷീരസംഘങ്ങളുടെ ഡേറ്റാബാങ്ക് രൂപീകരണവും ഡോക്യുമെന്റേഷനും | | 167000 | 100 |
| 06 | പാൽ സംസ്ക്കരണ/മൂല്യവർദ്ധന/ ശീതീകരണ/കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കലും നിലവിലുള്ളവയുടെ ശാക്തീകരണവും | | 40000000 | 60 |
| 07 | ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം | | 60000 | 50 |
| 08 | മിൽമയുടെ സംഭരണ റൂട്ടുകളിൽ പാൽ എത്തിക്കുന്നതിനുള്ള സഹായം | 30000 | 30000 | 100 |
| 09 | ഓട്ടോമാറ്റിക് പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ | 140000 | 105000 | 75 |
| *10 | ക്ഷീരകർഷകരുടെ ഫസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ | 700000 | 525000 | 75 |
| *11 | ക്ഷീരസംഘങ്ങളുടെ ഓട്ടോമേഷൻ, കമ്പ്യൂട്ടർശൃംഖല എന്നിവ സ്ഥാപിക്കുന്നതിനായി ജില്ലാ കൺസോർഷ്യം രൂപീകരണം | 75000 | 75000 | 100 |

*പ്രോജക്ട് അധിഷ്ഠിതമായ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ

*തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകൾക്ക് മുൻഗണന

## നിർവ്വഹണം

ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന സർവ്വീസ് യൂണിറ്റുകളും ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതലകൾ വഹിക്കുന്നത്. സാങ്കേതിക കാര്യങ്ങളിൽ ജില്ലാ ഗുണനിയന്ത്രണ യൂണിറ്റുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതനുസരിച്ച് ക്ഷീരവികസന വകുപ്പ് ഡയറക്ടർ ജില്ലകൾക്ക് സ്ഥൂല - സാമ്പത്തിക ലക്ഷ്യം നിർണ്ണയിക്കുകയും ഫണ്ട് കൈമാറുകയും ചെയ്യുന്നു.ജില്ലാ ഓഫീസിൽനിന്നും ബ്ലോക്കതല ക്ഷീരവികസന യൂണിറ്റുകൾക്ക് ഫണ്ട് കൈമാറുകയും തുടർന്ന് ക്ഷീരസംഘങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

നിശ്ചയിക്കപ്പെട്ട ടാർജറ്റ് പ്രകാരം ക്ഷീരസംഘങ്ങളിൽ നിന്നും നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷകളും അനുബന്ധ രേഖകളും സ്വീകരിക്കുന്നു. ക്ഷീര വികസന ഓഫീസിൽ നിന്നും ആവശ്യമായ പരിശോധന നടത്തുന്നു. ബ്ലോക്ക് തലത്തിൽ ചേരുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ യോഗത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ചർച്ച ചെയ്ത് പ്രാഥമിക തീരുമാനം കൈകൊള്ളുന്നു. ക്ഷീരവികസന ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ധനസഹായം അംഗീകരിക്കുന്നു. പ്രോജക്ട് അധിഷ്ഠിതമായ പ്രവർത്തനങ്ങളുടെ അംഗീകാരം സംസ്ഥാനതലത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറാണ് നൽകുന്നത്. ക്ഷീരസംഘങ്ങൾ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലാ/ബ്ലോക്ക്തല പരിശോധനയ്ക്ക് ശേഷം ക്ഷീരസംഘങ്ങൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നു.

## സംഘാടനം

ബ്ലോക്ക്തല ക്ഷീരവികസന സർവ്വീസ് യൂണിറ്റിനാണ് സംഘാടനത്തിന്റെ മുഖ്യ ചുമതല. പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങളുടെ സംഘാടനത്തിന്റെ ചുമതല ക്ഷീരവികസനവകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്. ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ സംഘാടനത്തിന് സാങ്കേതിക സഹായം നൽകി വരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള പഞ്ചായത്തീരാജ് ആക്ട് പ്രകാരം വികസനവുമായി ബന്ധപ്പെട്ട് സഹകരണമേഖലയിൽ ഇടപെടാവുന്നതിനാലും ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതിനാലും സഹകരണ മേഖലയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുക്കാവുന്നതിനാലും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് സഹായം നൽകുവാൻ കഴിയും. ഇതോടൊപ്പംതന്നെ പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്തിന്റെ പിന്തുണയും അഭിലഷണീയമാണ്.

## ക്ഷീരവികസന വകുപ്പിന്റെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

ക്ഷീരസംഘങ്ങളുടെ രൂപീകരണ-ശാക്തീകരണ-നവീകരണ പ്രവർത്തനങ്ങൾ ഗ്രാമ/ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥരായ ഡയറിഫാം ഇൻസ്ട്രക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ബന്ധപ്പെട്ട ഗ്രാമസഭയിൽ ചർച്ചചെയ്യുന്നത് ഉചിതമായിരിക്കും.

### പദ്ധതി ഏകോപന - സംയോജന സാധ്യതകൾ

ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ പദ്ധതികൾ ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്രകാരമുള്ള തുക ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിടവുകൾ നികത്തുന്നതിനായി നിയമാനുസൃതം വിനിയോഗിക്കാം. ഇതിനുപുറമെ അനുബന്ധമായി പാലുല്പാദന വർദ്ധനാ പ്രോജക്ടുകളും, വായ്പാബന്ധിത പ്രോജക്ടുകളും സംയുക്ത ബാധ്യതാഗ്രൂപ്പുകളുടെ സാധ്യതയും ഏറ്റെടുക്കുന്നത് അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സഹായകരമാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതിയുടെ അംഗാകാരത്തിന് മുമ്പായി പ്രോജക്ടിന്റെ സാധ്യതാപഠനം അനിവാര്യമാണ്. ഇതോടൊപ്പം തന്നെ ആസ്തികളിൽ നിന്നും പരമാവധി സേവനം എല്ലാ കാലങ്ങളിൽ നിന്നും ലഭ്യമാകുന്നുവെന്ന്ക്ഷീരവികസനവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പാക്കണം. ക്ഷീര സംഘങ്ങൾക്കുള്ള ത്രിതല പഞ്ചായത്ത് ധനസഹായ നിബന്ധനകളും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളും പുന:പരിശോധിക്കണം.

## 7. കേരള സംസ്ഥാന ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

### ആമുഖം

ക്ഷീരകർഷകർക്ക് പെൻഷനും മറ്റ് സാമൂഹ്യസുരക്ഷാ പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച സ്വതന്ത്ര സ്ഥാപനമാണ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്. ക്ഷീരകർഷക പെൻഷൻ, കുടുംബപെൻഷൻ, ക്ഷീരക്ഷേമ പദ്ധതി, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യസുരക്ഷാ - ക്ഷേമപദ്ധതികൾ ഏറ്റെടുത്തു നടത്തുന്നു. പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവത്തിന്റെ പ്രധാന പങ്ക് സമാഹരിക്കുന്നത് ക്ഷീരകർഷകർ, ക്ഷീരസംഘങ്ങൾ, മിൽമ എന്നിവ മുഖേനയാണ്. ഇതിനുപുറമെ സംസ്ഥാന സർക്കാരും ബഡ്ജറ്റിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ക്ഷീരകർഷക ഇൻഷുറൻസിനുവേണ്ടിയുള്ള തുക മാറ്റി വയ്ക്കുന്നുണ്ട്. ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നിലവിലുള്ളത്.

## ലക്ഷ്യങ്ങൾ

- ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- ക്ഷീരകർഷകർക്ക് ഇൻഷുറൻസ് പദ്ധതിക്ക് വേണ്ടിയുള്ള വിഹിതം കണ്ടെത്തുക.
- ക്ഷീരമേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുകയും നിലനിർത്തുകയും ചെയ്യുക

## ഗുണഭോക്താക്കൾ

കേരള സംസ്ഥാനത്തെ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

## പ്രോജക്ടുകൾ

ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ ഇൻഷുറൻസ് പരിരക്ഷയ്ക്ക് വേണ്ടി തയ്യാറാക്കുന്ന പ്രോജക്ടുകൾക്കാണ് തുക അനുവദിക്കുന്നത്.

## നിർവ്വഹണം

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യുട്ടീവ് ഓഫീസർക്കാണ് നിർവ്വഹണത്തിന്റെ പ്രധാന ചുമതല.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച വിഹിതമനുസരിച്ച് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്നു. ക്ഷീരവികസന വകുപ്പ് ഡയറക്ടർ ഫണ്ട് പിൻവലിച്ച് ബോർഡിന് കൈമാറുന്നു.

## പ്രവർത്തനം

അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം പ്രാഥമിക പരിശോധനയ്ക്ക് ശേഷം ക്ഷീരസംഘങ്ങൾ മുഖേന ശേഖരിച്ച് ക്ഷീരവികസന യൂണിറ്റുകൾക്ക് നൽകുന്നു. ക്ഷീരവികസന ഓഫീസറുടെ/ ഡയറിഫാം ഇൻസ്ട്രക്ടറുടെ വിശദമായ പരിശോധനയ്ക്ക് ശേഷം ജില്ലാ നോഡൽ ഓഫീസർക്ക് ശുപാർശകൾ സഹിതം രേഖകൾ കൈമാറുന്നു. ഗുണനിയന്ത്രണ ഓഫീസർ രേഖകൾ പരിശോധിച്ച ശേഷം ക്ഷേമനിധി ബോർഡിലേയ്ക്ക്

അയയ്ക്കുന്നു.ആവശ്യമായ പരിശോധനകൾക്ക് ശേഷം ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തീരുമാന പ്രകാരം ചീഫ് എക്സിക്യുട്ടീവ് ഓഫീസർ ധനസഹായം അനുവദിക്കുന്നു. ജില്ലാ ഗുണനിയന്ത്രണ ഓഫീസ് മുഖേന ഗുണഭോക്താക്കൾക്ക ഫണ്ട് കൈമാറുന്നു.

## സംഘാടനം

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനാണ് സംഘാടനത്തിന്റെ മുഖ്യ ചുമതല. ജില്ലാ തലത്തിൽ ഗുണനിയന്ത്രണ ഓഫീസുകൾ ജില്ലാതല സംഘാടനത്തിന്റെ ചുക്കാൻ പിടിക്കുന്നു. ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ സംഘാടനത്തിൽ പങ്കാളികളാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷയ്ക്ക് വളരെയധികം സംഭാവന നൽകുവാൻ കഴിയുന്ന പ്രവർത്തനമാണ് ക്ഷീരകർഷക ക്ഷേമനിധിയുടേത്. ആയതിനാൽ ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ക്ഷീരകർഷകരിലെത്തിക്കുന്നതിന് സാധ്യമായ പ്രവർത്തനങ്ങൾ ഘടക സ്ഥാപനങ്ങളുടേയും സൂക്ഷ്മതല സംഘാടന സംവിധാനങ്ങളുടേയും സ്റ്റേക്ക് ഹോൾഡർമാരുടേയും സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാനാവും.

## ക്ഷീരവികസനവകുപ്പിന്റെ/നോഡൽ ഓഫീസറുടെ പങ്ക്

ജില്ലാതല നോഡൽ ഓഫീസർമാർ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പുരോഗതി ജില്ലാ പഞ്ചായത്ത് വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

## പദ്ധതി ഏകോപന - സംയോജന സാധ്യതകൾ

ക്ഷീരമേഖലയിൽ പശുവിതരണവുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളെ ക്ഷീരസംഘങ്ങൾ മുഖേന പാലളക്കുവാൻ പ്രേരിപ്പിക്കുകയും അവരെ യഥാസമയം ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളാക്കുകയും ചെയ്യുന്നപക്ഷം പദ്ധതിയുടെ പ്രയോജനം കൂടുതൽ ക്ഷീരകർഷകർക്ക് ലഭിക്കും.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് രേഖകൾ പൂർണ്ണമാണെന്ന് ഉറപ്പുവരുത്തി യഥാസമയം ക്ഷേമനിധി ബോർഡിലേക്ക് അയയ്ക്കുന്നതിന് ക്ഷീര സംഘങ്ങൾ, ക്ഷീര വികസന യൂണിറ്റുകൾ, ഗുണനിയന്ത്രണ ഓഫീസ് എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 8. സംസ്ഥാന ക്ഷീര വിപണന ഫെഡറേഷനു വേണ്ടിയുള്ള സഹായം

## ആമുഖം

മറ്റ് കാർഷിക മേഖലകളിൽ നിന്ന് വിഭിന്നമായി കേരളത്തിന്റെ പാൽ വിപണിയും വിലയും നിശ്ചയിക്കപ്പെടുന്നതിന്റെ കുത്തക സംസ്ഥാന ക്ഷീരവിപണന ഫെഡറേഷനാണ്. പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ (ആപ്കോസ്), മേഖലായൂണിയനുകൾ, സംസ്ഥാന ഫെഡറേഷൻ എന്നിങ്ങനെയാണ് മിൽമയുടെ ത്രിതല സംഘാടന രൂപം. പൊതു വിപണിയിൽ ഗുണമേന്മയുള്ള പാലിന്റെ ലഭ്യതയും വിലനിലവാരവും ഉറപ്പാക്കുന്നത് മിൽമയുടെ പ്രധാനപ്പെട്ട കർത്തവ്യമാണ്. അതുകൊണ്ടുതന്നെ മിൽമയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് ക്ഷീരകർഷകർക്കും പാൽ ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്രദമാണ്. പാൽ വിപണന ഫെഡറേഷൻ, മേഖലായൂണിയനുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൂടുതൽ പ്രവർത്തന ഫണ്ട് മിൽമ തന്നെ കണ്ടെത്തുന്നപക്ഷം ക്ഷീരകർഷകർക്ക് കൂടുതൽ ബാധ്യതയുണ്ടാകുന്നതും അവയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതുമാണ്. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് സംസ്ഥാന സർക്കാർ മിൽമയുടെ ഭരണനിയന്ത്രണം നിർവ്വഹിക്കുന്ന ക്ഷീരവികസന വകുപ്പ് മുഖേന ഫണ്ട് അനുവദിക്കുന്നത്.

## ലക്ഷ്യങ്ങൾ

- സംസ്ഥാന പാൽ വിപണന ഫെഡറേഷന്റേയും മേഖലായൂണിയനുകളുടേയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- സംഘടിത മേഖലയിലെ പാൽ ശീതീകരണം, സംസ്ക്കരണം, മൂല്യവർദ്ധന എന്നിവയുടെ ശാക്തീകരണത്തിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട പാൽ വില ലഭ്യമാക്കുക.
- പാൽ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാലും വൈവിധ്യങ്ങളായ ഉല്പന്നങ്ങളും ലഭ്യമാക്കുക.

## ഗുണഭോക്താക്കൾ

സംസ്ഥാന ക്ഷീരവിപണന ഫെഡറേഷനും, മൂന്ന മേഖലാ ക്ഷീരോൽപ്പാദക യൂണിയനുകളുമാണ് പദ്ധതിയുടെ പ്രത്യക്ഷ ഗുണഭോക്താക്കൾ. ക്ഷീരകർഷകർ, പാൽ ഉപഭോക്താക്കൾ എന്നിവർ പദ്ധതിയുടെ പരോക്ഷ ഗുണഭോക്താക്കളാണ്.

## പ്രോജക്ടുകൾ

ആവശ്യാധിഷ്ഠിതമായി ക്ഷീരവിപണന ഫെഡറേഷൻ തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്.

## നിർവ്വഹണം

ക്ഷീര വികസന വകുപ്പ് ഡയറക്ടർക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമനുസരിച്ച് തയ്യാറാക്കപ്പെടുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് പിൻവലിച്ച് ഫെഡറേഷന് കൈമാറുന്നു.

## പ്രവർത്തനം

വിശദമായ പഠനത്തിനുശേഷം ക്ഷീര വിപണന ഫെഡറേഷൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ക്ഷീര വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്നു. ക്ഷീരവികസന ഡയറക്ടർ പ്രോജക്ടിന്റെ സാധ്യതാപഠനത്തിനു ശേഷം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന് അംഗീകാരം നൽകുന്നു. ക്ഷീരവിപണന ഫെഡറേഷൻ /മേഖലായൂണിയൻ നിയമാനുസൃതം പ്രോജക്ട് പൂർത്തീകരിക്കുകയും ക്ഷീരവികസന വകുപ്പ് ഡയറക്ടർ ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.

## സംഘാടനം

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിനാണ് സംഘാടനത്തിന്റെ ചുമതല വഹിക്കുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രോജക്ടുമായി ബന്ധപ്പെട്ട ലൈസൻസിംഗ് ലഭ്യമാക്കുന്നതിനും, നിർവ്വഹണം സംബന്ധിച്ച പ്രതിബന്ധങ്ങൾ നീക്കുന്നതിനും, സമയബന്ധിതമായ പ്രോജക്ട് പൂർത്തീകരണത്തിനും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായങ്ങൾ നൽകുവാൻ കഴിയും.ക്ഷീരമേഖലയിലെ സംസ്ക്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യവികസനം പ്രധാനമായും ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്നതാണ്.

### ക്ഷീരവികസനവകുപ്പിന്റെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

പ്രോജക്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്താവുന്നതും പുരോഗതി അവലോകനം ചെയ്യാവുന്നതുമാണ്.

### പദ്ധതി ഏകോപന സാധ്യതകൾ

അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള പ്രോജക്ടുകൾ (ഉദാ: ഉല്പാദന പ്രോജക്ടുകൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുബന്ധമായി ഏറ്റെടുക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രോജക്ട് രൂപീകരണത്തിനുമുമ്പ് അടിസ്ഥാന പഠനങ്ങൾ ശരിയാംവണ്ണം നടത്തുകയും ഏറ്റവും അനുയോജ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുകയും പ്രോജക്ടിന്റെ യഥാർത്ഥ പ്രയോജനം ക്ഷീരകർഷകർക്കും പാൽ ഉപഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

## 9. കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനുള്ള സഹായം

### ആമുഖം

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിലെ പ്രജനന നയത്തിന് അനുസൃതമായി കന്നുകാലികളുടേയും മറ്റ് വളർത്തുമൃഗങ്ങളുടേയും ബീജം ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രധാനമായും കെ.എൽ.ഡി ബോർഡ് പ്രവർത്തിക്കുന്നത്. ഇതിനുപുറമെ തീറ്റപ്പുൽ വിത്തുകളുടെ ഉല്പാദനം, ഉരുക്കളുടെ വിതരണം തുടങ്ങിയവയും പ്രസ്തുത സ്ഥാപനത്തിന്റെ ചുമതലകളിൽപ്പെടുന്നു. നല്ലയിനം ബീജോൽപ്പാദനവും ആയതിന്റെ സംസ്ക്കരണവും വിതരണവും കറവമാടുകളുടെ ഉല്പാദനക്ഷമതയ്ക്കും, വർഗ്ഗഗുണമേന്മയ്ക്കും അത്യന്താപേക്ഷിതമാണ്. കെ.എൽ ഡി ബോർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

### ലക്ഷ്യങ്ങൾ

- കെ.എൽ.ഡി ബോർഡിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകാളകളുടെ ബീജം ലഭ്യമാക്കുക

- പശുക്കളുടെ ഗർഭധാരണ ക്ഷമത വർദ്ധിപ്പിക്കുകയും പാലുല്പ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക
- പശുവളർത്തൽ ലാഭകരമാക്കുക.

## ഗുണഭോക്താക്കൾ

കെ.എൽ.ഡി ബോർഡ് പദ്ധതിയുടെ പ്രത്യക്ഷ ഗുണഭോക്താക്കളും മൃഗസംരക്ഷണ വകുപ്പ്, ക്ഷീരകർഷകർ എന്നിവർ പരോക്ഷ ഗുണഭോക്താക്കളുമാണ്.

## പ്രോജക്ടുകൾ

കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

## നിർവ്വഹണം

ക്ഷീര വികസന വകുപ്പ് ഡയറക്ടർക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല

## ഫണ്ടിംഗ്

പ്ലാൻ ഫണ്ടിന്റെ ലഭ്യത പ്രകാരം പ്രത്യേകമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് അനുവദിച്ച് നൽകുന്നു.

## പ്രവർത്തനം

കെ.എൽ.ഡി ബോർഡ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്നു. ക്ഷീരവികസനവകുപ്പ് ഡയറക്ടർ പ്രോജക്ടിന്റെ സാധ്യാതപഠനത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ശുപാർശ ചെയ്യുന്നു.സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന് അനുമതി നൽകുന്നു. കെ.എൽ.ഡി ബോർഡ് നിയമാനുസൃതം പദ്ധതി പൂർത്തീകരിക്കുന്നു. ആവശ്യമായ പരിശോധനയ്ക്ക് ശേഷം ധനസഹായം അനുവദിക്കുന്നു.

## സംഘാടനം

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിനാണ് പ്രോജക്ടിന്റെ സംഘാടന ചുമതല.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ  പങ്ക്

പ്രോജക്ടുമായി ബന്ധപ്പെട്ട ലൈസൻസിംഗ് ലഭ്യമാക്കുന്നതിനും നിർവ്വഹണം സംബന്ധിച്ച പ്രതിബന്ധങ്ങൾ നീക്കുന്നതിനും സമയബന്ധിതമായി പ്രോജക്ട്

പൂർത്തീകരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായിക്കുവാൻ കഴിയും. കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതാണ്.

### ക്ഷീരവികസനവകുപ്പിന്റെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

പ്രോജക്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതും പുരോഗതി അവലോകനം ചെയ്യാവുന്നതുമാണ്.

### പദ്ധതി ഏകോപന സാധ്യതകൾ

അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള പ്രോജക്ടുകൾ (ഉദാ: ഉല്പാദന പ്രോജക്ടുകൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുബന്ധമായി ഏറ്റെടുക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രോജക്ട് രൂപീകരണത്തിനുമുമ്പ് അടിസ്ഥാന പഠനം നടത്തുകയും യുക്തമായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും പ്രോജക്ടിന്റെ യഥാർത്ഥ പ്രയോജനം മൃഗസംരക്ഷണ വകുപ്പ് മുഖേന ക്ഷീരകർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

## 10. കേരള ക്ഷീരകർഷക ക്ഷേമനിധി

### ആമുഖം

ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷ എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2005 ൽ പുറപ്പെടുവിച്ച ഓർഡിനൻസിലൂടെ നിലവിൽ വന്ന സ്ഥാപനമാണ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്. ക്ഷീരകർഷകർക്ക് പെൻഷൻ എന്ന സ്വപ്നതുല്യമായ ആശയത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട ക്ഷീരകർഷക ക്ഷേമനിധി ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ്. സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന 75 ശതമാനം കർഷകരും ക്ഷേമനിധിയിൽ അംഗങ്ങളാണ്. ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ക്ഷീരസംഘങ്ങളിൽ കുറഞ്ഞത് അഞ്ച് വർഷം 500 ലിറ്റർ പാലളന്നതും 60 വയസ്സ് പൂർത്തീകരിച്ചതുമായ ക്ഷീരകർഷകർക്ക് പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്. അതോടൊപ്പം ക്ഷേമനിധിയിൽ അംഗമായശേഷം ഗുരുതരമായ അവശത അനുഭവിക്കുന്നവർക്കും പെൻഷന് അർഹതയുണ്ട്. സ്വാശ്രയ മാതൃകയിലാണ് ക്ഷീരകർഷക ക്ഷേമനിധി രൂപകൽപ്പന ചെയ്തിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- 60 വയസ് പൂർത്തിയായ നിശ്ചിത യോഗ്യതയുള്ള ക്ഷീകർഷകർക്ക് പെൻഷൻ അനുവദിക്കുക.
- പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരണപ്പെട്ടാൽ പരേതന്റെ ആശ്രിതർക്ക് പെൻഷൻ നൽകുക.
- കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് മറ്റ് സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക.
- കാലിവളർത്തൽ മേഖല സുസ്ഥിരമാക്കുകയും പാലുൽപ്പാദനം മെച്ചപ്പെടുത്തുകയും ചെയ്യുക.

## ഗുണഭോക്താക്കൾ

മുൻ സാമ്പത്തിക വർഷം ക്ഷീരസംഘത്തിൽ കുറഞ്ഞത് 500 ലിറ്റർ പാലെങ്കിലും അളന്ന നിശ്ചിത യോഗ്യതയുള്ള ഏതൊരാൾക്കും ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗമാകാം. ക്ഷീരകർഷക ക്ഷേമനിധിയിൽ സജീവാംഗമായ ഏതൊരാളും പദ്ധതിയിൽ ഗുണഭോക്താക്കളാണ്. നിശ്ചിത യോഗ്യതയുടേയും മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

## പദ്ധതികൾ

| ക്രമ. നം | പദ്ധതി | ലക്ഷ്യം | ആനുകൂല്യം |
|---|---|---|---|
| എ) | ക്ഷീരകർഷക പെൻഷൻ | ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷ | പ്രതിമാസം 500 രൂപ |
| ബി) | കുടുംബ പെൻഷൻ | മരണമടഞ്ഞ ക്ഷീരകർഷക പെൻഷണറുടെ ആശ്രിതർക്കുള്ള ആനൂകൂല്യം | പ്രതിമാസം 250 രൂപ |
| സി) | ക്ഷീരക്ഷേമ പദ്ധതി<br>I) മാരകമായ അസുഖങ്ങൾക്കുള്ള ചികിത്സാ ചെലവുകൾ | പക്ഷാഘാതം, കിഡ്നി തകരാറുകൾ, ഹൃദയസ്തംഭനം, ക്യാൻസർ, ഗുരുതരമായ പരിക്ക്, ശസ്ത്രക്രിയ തുടങ്ങിയവ | പരമാവധി 50000 രൂപ |
| | II)പകർച്ച വ്യാധികൾക്കുള്ള ചികിത്സാ ചെലവ് | ടൈഫോയിഡ്,മഞ്ഞപ്പിത്തം, എലിപ്പനി, കോളറ, ചിക്കൻ ഗുനിയ, ഡെങ്കിപ്പനി തുടങ്ങിയവ | പരമാവധി 50000 രൂപ |
| | IV)അപകട മരണം/ അംഗവൈകല്യം | അപകട മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിച്ചാൽ ലഭിക്കുന്ന സഹായം | പരമാവധി 50000 രൂപ |

| | | | |
|---|---|---|---|
| | III)പ്രകൃതി ക്ഷോഭം മൂലം നാശനഷ്ടം | പ്രകൃതിക്ഷോഭം മൂലം കാലിത്തൊഴുത്ത്, വീട് എന്നിവയുടെ നാശനഷ്ടത്തിന് നൽകുന്ന സാമ്പത്തിക സഹായം | പരമാവധി 10000 രൂപ |
| ഡി) | മരണാനന്തര സഹായം | മരണപ്പെടുന്ന അംഗത്തിന്റെ ചടങ്ങുകൾക്കുള്ള സഹായം | 1000 രൂപ |
| ഇ) | വിവാഹ ധനസഹായം | അംഗത്തിന്റെ പെൺമക്കളുടെ വിവാഹധനസഹായം | 1000 രൂപ |
| എഫ്) | വിദ്യാഭ്യാസ സ്കോളർഷിപ്പ് (ബ്ലോക്ക്തലം) | 10 ാം തരം മുതലുള്ള വിവിധ കോഴ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന അംഗങ്ങളുടെ മക്കൾക്ക് നൽകുന്ന അവാർഡ് | കോഴ്സുകളുടെ അടിസ്ഥാനത്തിൽ 1000 മുതൽ 2500 വരെ |
| ജി) | മികച്ച കർഷകർക്കുള്ള അവാർഡ് | ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ പാലളന്ന ക്ഷേമനിധി അംഗത്തിനുള്ള അവാർഡ് | പരമാവധി 2000 രൂപ |

## നിർവ്വഹണം

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനാണ് നിർവ്വഹണത്തിന്റെ ചുമതല. ക്ഷീരവികസന വകുപ്പ് ജില്ലാ ഗുണനിയന്ത്രണ ഓഫീസാണ് നോഡൽ ഓഫീസ്. ബ്ലോക്ക് തലത്തിൽ ക്ഷീരവികസന സർവ്വീസ് യൂണിറ്റുകളും പ്രാദേശിക തലത്തിൽ ക്ഷീരസഹകരണ സംഘങ്ങളും പദ്ധതി നിർവ്വഹണത്തിൽ സഹായം നൽകുന്നു.

## ഫണ്ടിംഗ്

ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർ, ക്ഷീരസംഘങ്ങൾ, മിൽമ എന്നീ ഏജൻസികളിൽ നിന്ന് സമാഹരിക്കുന്ന തുകയാണ് ക്ഷേമനിധിയുടെ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നത്. കൂടാതെ സംസ്ഥാന സർക്കാർ ക്ഷീരകർഷകരുടെ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി പ്രതിവർഷം ബഡ്ജറ്റിലൂടെ പണം അനുവദിക്കുന്നു. ധനസഹായങ്ങൾ അനുവദിക്കുന്നത് ക്ഷേമനിധി ബോർഡിന്റെ തീരുമാന പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്(സി.ഇ.ഒ).

## പ്രവർത്തനങ്ങൾ

**അംഗത്വം** : – നിശ്ചിത യോഗ്യതയുള്ളവർ നിശ്ചിത ഫോറത്തിൽ അപേക്ഷകളും അനുബന്ധ രേഖകളും ക്ഷീരസംഘത്തിൽ നൽകുന്നു. ക്ഷീരസംഘം ആവശ്യമായ രേഖപ്പെടുത്തലോടുകൂടി ക്ഷീരവികസന ഓഫീസർക്ക് സമർപ്പിക്കുന്നു. ക്ഷീരവികസന ഓഫീസർ/ഡയറിഫാം ഇൻസ്ട്രക്ടർ രേഖകൾ (പാലളവ് ഉൾപ്പെടെ)

സംഘത്തിന്റെ റിക്കാർഡുകളുമായി ഒത്തുനോക്കിയശേഷം ഗുണ നിയന്ത്രണ ഓഫീസർക്ക് സമർപ്പിക്കുന്നു. ഗുണനിയന്ത്രണ ഓഫീസർ ആയത് പരിശോധിച്ച് ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കുന്നു. ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തീരുമാന പ്രകാരം ചീഫ് എക്സിക്യുട്ടീവ് ഓഫീസർ അംഗത്വം അനുവദിക്കുന്നു.

**ആനുകൂല്യങ്ങൾ** : അർഹതയുള്ള അംഗങ്ങൾ നിശ്ചിത ഫോറത്തിൽ ഫോറത്തിൽ അപേക്ഷയും അനുബന്ധ രേഖകളും ക്ഷീരസംഘങ്ങളിൽ സമർപ്പിക്കുന്നു. ക്ഷീരസംഘങ്ങൾ ആവശ്യമായ രേഖപ്പെടുത്തലുകൾക്ക് ശേഷം ക്ഷീരവികസന ഓഫീസർക്ക് സമർപ്പിക്കുന്നു. ക്ഷീരവികസന ഓഫീസർ/ഡയറിഫാം ഇൻസ്ട്രക്ടർ ആവശ്യമായ പരിശോധനകൾ നടത്തി ഗുണനിയന്ത്രണ ഓഫീസർക്ക് നൽകുന്നു.അവിടെ നിന്നും രേഖകൾ വീണ്ടും പരിശോധിച്ച് ക്ഷേമനിധി ചീഫ് എക്സിക്യുട്ടീവ് ഓഫീസർക്ക് അയയ്ക്കുന്നു. സൂക്ഷ്മമായ പരിശോധനയ്ക്ക് ശേഷം ക്ഷേമനിധി ബോർഡിന്റെ തീരുമാനപ്രകാരം സി.ഇ.ഒ ധനസഹായം അനുവദിക്കുന്നു. ജില്ലാ ഗുണനിയന്ത്രണ ഓഫീസർ മുഖാന്തിരം ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ ധനസഹായം ലഭ്യമാക്കുന്നു.

### സംഘാടനം

ക്ഷേമനിധി ചീഫ് എക്സിക്യുട്ടീവ് ഓഫീസർക്കാണ് സംഘാടനത്തിന്റെ മുഖ്യചുമതല. ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഗുണനിയന്ത്രണ ഓഫീസുകളാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ബ്ലോക്ക് തലത്തിൽ ക്ഷീര വികസന ഓഫീസുകളും പ്രദേശിക തലത്തിൽ ക്ഷീരസഹകരണ സംഘങ്ങളും സംഘാടനത്തിന് പിന്തുണ നൽകുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഒരു സ്വതന്ത്ര സ്ഥാപനമായ ക്ഷീര കർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിമിതികളുണ്ടെങ്കിലും ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭകൾ, സൂക്ഷ്മതല സംഘാടന സംവിധാനങ്ങൾ തുടങ്ങിയവയിലൂടെ ജനങ്ങളിലെത്തിക്കുന്നതിന് സഹായിക്കുവാനും അർഹതയുള്ളവരെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും കഴിയുന്നതാണ്.

### ക്ഷീരവികസന വകുപ്പിന്റെ പങ്ക് / നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് ബ്ലോക്ക്തല വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

### പദ്ധതി ഏകോപന - സംയോജനസാധ്യതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പശു വളർത്തൽ പദ്ധതിയിൽ ക്ഷീരസംഘങ്ങളുമായി പാൽ സംഭരണം ബന്ധിപ്പിക്കുന്ന പക്ഷം ക്ഷീരകർഷക ക്ഷേമനിധിയുമായി ബന്ധപ്പെടുത്തി സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഉറപ്പുവരുത്താവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ളവരെ കണ്ടെത്തി യഥാസമയം ക്ഷേമനിധിയിൽ അംഗത്വം നേടുന്നതിനും യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആനൂകൂല്യങ്ങൾ നഷ്ടപ്പെടാനിടയുണ്ട്. ക്ഷീരസംഘങ്ങളിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികൾക്ക് ഫലപ്രദമായി ഈ വിഷയത്തിൽ ഇടപെടാൻ കഴിയും. ആനൂകൂല്യങ്ങളുടെ നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കണം. സംസ്ഥാന സർക്കാരിന്റെ കൂടുതൽ സഹായം അനിവാര്യമാണ്. പശുവളർത്തൽ മേഖലയെ സുസ്ഥിരപ്പെടുത്തുന്നതിനും കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിനും ക്ഷേമനിധിയുടെ പ്രവർത്തനം വളരെയേറെ സഹായകരമാണ്.

# മിൽമ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

## 11. ഫാം സപ്പോർട്ട് പ്രോഗ്രാം/മിനി ഡയറി സ്കീം

### ആമുഖം

പശുവളർത്തൽ ഒരു സ്വയംതൊഴിലായി ഏറ്റെടുക്കുന്ന ക്ഷീരകർഷകർക്കും സംരംഭകർക്കും ഉല്പ്പാദനോപാധികളും സേവനങ്ങളും എത്തിച്ചുകൊടുക്കുന്നതിനായി മിൽമ മേഖലായൂണിയനുകൾ നടപ്പിലാക്കുന്ന പായ്ക്കേജാണ് ഫാം സപ്പോർട്ട് പ്രോഗ്രാം. ജില്ലാ അടിസ്ഥാനത്തിൽ ഡയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ, പരിമിതികൾ എന്നിവ പരിഗണിച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ മലബാർ മേഖലായൂണിയൻ മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളം, തിരുവനന്തപുരം എന്നീ മേഖലായൂണിയനുകൾ സമാനമായ വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

### ലക്ഷ്യങ്ങൾ

- വാണിജ്യാടിസ്ഥാനത്തിലുള്ള പശുവളർത്തലിലൂടെ ക്ഷീരോല്പ്പാദനം വർദ്ധിപ്പിക്കുക.

- ഫാംയന്ത്രവൽക്കരണത്തിലൂടെ പശുവളർത്തൽ സുസ്ഥിരമാക്കുക.
- പാലുൽപ്പാദനത്തിനാവശ്യമായ ഗുണംമേന്മയുള്ള തീറ്റപ്പുല്ല്, വൈക്കോൽ, പാരമ്പര്യേതര തീറ്റവസ്തുക്കൾ എന്നിവ ക്ഷീരസംഘംതലത്തിൽ ലഭ്യമാക്കി ക്ഷീരകർഷകർക്ക് വിതരണം ചെയ്ത് പശുവളർത്തൽ കൂടുതൽ ആദായകരമാക്കുക.
- വാണിജ്യാടിസ്ഥാനത്തിൽ ഡയറിഫാം സ്ഥാപിക്കുന്നതിനുള്ള വായ്പാബന്ധിത പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുക.
- ഫാംടൂറിസം പ്രോത്സാഹിപ്പിക്കുക.

## ഗുണഭോക്താക്കൾ

ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് മാത്രമായി പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു. റബ്ബർമാറ്റുകൾ, പ്രഷർവാഷറുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയിൽ തെരഞ്ഞെടുക്കപ്പെടുന്നവർ രണ്ട് പശുക്കളുടെ ഉടമസ്ഥരും പ്രതിദിനം ക്ഷീരസംഘത്തിൽ 10 ലിറ്റർ പാൽ അളക്കുന്നവരുമായിരിക്കണം. പച്ചപ്പുല്ല്, ബെയിൽഡ് വൈക്കോൽ, മക്കച്ചോളം എന്നിവയുടെ വിതരണവും പ്രോജക്ട് തയ്യാറാക്കി നൽകലും മിൽമയിൽ പാൽ നൽകുന്ന സംഘങ്ങളിലെ എല്ലാ ക്ഷീരകർഷകർക്കും ലഭ്യമാണ്. പാൽകറവ യന്ത്രങ്ങൾ, ചാഫ് കട്ടറുകൾ, ഓട്ടോമാറ്റിക് വാട്ടർ ഡ്രിംങ്കിംഗ് ബൗളുകൾ, ജനറേറ്ററുകൾ, സ്ലറിപമ്പിംഗ് എന്നിവയുടെ സഹായം നാല് പശുക്കളെ വളർത്തുന്നവർക്കും പ്രിതിദിനം ക്ഷീരസംഘത്തിൽ 20 ലിറ്റർ പാലളക്കുന്നവർക്കുമായി നിജപ്പെടുത്തിയിട്ടുണ്ട്.

## പ്രോജക്ടുകൾ

| ക്രമ. നം | പ്രോജക്ടിന്റെ പേര് | യൂണിറ്റ് നിരക്ക് (രൂ) | ധന സഹായം (രൂ) | കുറിപ്പുകൾ |
|---|---|---|---|---|
| എ) | പച്ചപ്പുല്ല് വിതരണം | 3 രൂ/കി.ഗ്രാം | 0.50 രൂ/കി.ഗ്രം | |
| ബി) | ബെയിൽഡ് വൈക്കോൽ വിതരണം | 8.45 രൂ/കി.ഗ്രം | 1 രൂ/കി.ഗ്രാം | |
| സി) | മക്കച്ചോളപ്പൊടി വിതരണം | 18 രൂ/കി.ഗ്രാം | ഇല്ല | സേവന പദ്ധതി |
| ഡി) | പ്രോജക്ട് തയ്യാറാക്കി നൽകൽ | ഇല്ല | ഇല്ല | സേവന പദ്ധതി |
| ഇ) | റബ്ബർമാറ്റ് വിതരണം | 2000 | 800 | ഒരു ഗുണ ഭോക്താ വിന് പരമാവധി 5 എണ്ണം |

| | | | | |
|---|---|---|---|---|
| എഫ് | പ്രഷർ വാഷർ വിതരണം | 6250 | 3000 | |
| ജി) | ബയോഗ്യാസ് പ്ലാന്റുകൾ 2<br>ക്യുബിക് മീറ്റർ<br>i.ദീനബന്ധു/കെ.വി.ഐ.സി മാതൃക<br>ii.റെഡിമെയ്ഡ് മാതൃക | 2800020,500 | 70007000 | |
| എച്ച് | ചാഫ് കട്ടറുകൾ വിതരണം | 20000 | 5000 | |
| ഐ | ഓട്ടോമാറ്റിക് വാട്ടർ ഡ്രിങ്കിംഗ് ബൗളുകൾ | 2000 | 1000 | |
| ജെ | ജനറേറ്റർ വാങ്ങൽ | 42000 | 10000 | |
| കെ | സ്ലെറി പമ്പുകൾ സ്ഥാപിക്കൽ | 12000 | 5000 | |
| എൽ | ചികിത്സാ ചെലവുകൾ | ബാധകമല്ല | 1500 | |

**കുറിപ്പ് :**

1. കാലാകാലങ്ങളിലുള്ള വിലവർദ്ധനവിനനുരിച്ച് യൂണിറ്റ് നിരക്കിലും ധനസഹായ നിരക്കിലും മാറ്റം വരുന്നതാണ്.
2. മേഖലാ യൂണിയന്റെ ഫണ്ട് ആയതിനാൽ നിലവിലുള്ള മറ്റ് സഹായപദ്ധതികൾക്ക് ധനസഹായംഅധികമായി അനുവദിക്കാം.

## നിർവ്വഹണം

കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള മേഖലായൂണിയനുകൾക്കാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല. പി & ഐ വിഭാഗത്തിനാണ് നിർവ്വഹണത്തിന്റെ ചുമതല.

## ഫണ്ടിംഗ്

മിൽമയുടെ മേഖലായൂണിയന്റെ പൊതുയോഗ തീരുമാനപ്രകാരം ഓരോ വർഷവും നീക്കിവയ്ക്കുന്ന ഫണ്ടാണ് പദ്ധതിക്ക് വേണ്ടിവിനിയോഗിക്കുന്നത്. ഈ ഫണ്ട് മിൽമയുടെ പ്രവർത്തനലാഭത്തിൽ നിന്നും കണ്ടെത്തുന്നു.

## പ്രവർത്തനങ്ങൾ

തീറ്റവസ്തുക്കളുടെ വിതരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് മിൽമയ്ക്ക് പാൽ നൽകുന്ന ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകർ അതാത് സംഘത്തിൽ ഓർഡർ നൽകുന്നു. ക്ഷീരസംഘങ്ങൾ മിൽമ പി. & ഐ വിഭാഗത്തെ അറിയിക്കുന്നു. പി. & ഐ വിഭാഗം മുഖേന തീറ്റവസ്തുക്കൾ ക്ഷീരസംഘങ്ങളിൽ എത്തിക്കുന്നു. ഡയറിഫാം യന്ത്രവൽക്കരണ പരിപാടികൾക്കുള്ള അപേക്ഷകൾ ക്ഷീരസംഘങ്ങൾ

മുഖേന ജില്ലാ പി. & ഐ വിഭാഗത്തിന് സമർപ്പിക്കുന്നു. ആവശ്യമായ പരിശോധനകൾക്ക് ശേഷം ധനസഹായനിരക്കിൽ സാധന സാമഗ്രികൾ അനുവദിക്കുന്നു.

**എ) ഫാം ക്രഡിറ്റ് പരിപാടി** : വായ്പാബന്ധിത പ്രോജക്ടുകൾ സംരംഭകർക്ക് സൗജന്യമായി നൽകുന്നു. 2 പശുക്കളുടെ യൂണിറ്റുകൾക്ക് 1000 രൂപാ ധനസഹായം അനുവദിക്കുന്നു. പ്രതിദിനം കുറഞ്ഞത് 50 ലിറ്റർ പാൽ ക്ഷീരസംഘത്തിൽ അളക്കുന്ന കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലിറ്ററിന് 25 പൈസയും പ്രോത്സാഹന വിലയായി നൽകുന്നു.

**ബി) കിടാരി വളർത്തൽ പദ്ധതി:-** തെരെഞ്ഞെടുക്കപ്പെടുന്ന 10 മുതൽ 12 മാസം വരെ പ്രായമുള്ളതും വർഗ്ഗഗുണമുള്ളതുമായ കിടാരികൾക്ക് 18 മാസം തുടർച്ചയായി പ്രതിമാസം ഓരോ ചാക്ക് കാലിത്തീറ്റ വീതം 50 % ധനസഹായ നിരക്കിൽ ക്ഷീരസംഘങ്ങൽ മുഖേന അനുവദിക്കും. ഇതിനുപുറമേ കിടാരികളുടെ ഇൻഷ്വറൻസ്, വിരമരുന്ന്, ധാതുലവണ മിശ്രിതം, മീനെണ്ണ, എന്നിവ സൗജന്യമായി അനുവദിക്കും.

**സി) വൈക്കോൽ വിതരണം :-** ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന വൈക്കോൽ കെട്ടുകൾ (ബെയിൽഡ് സ്ട്രോ) വിതരണം ചെയ്യുന്നു. കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ കടത്തുകൂലി സബ്സിഡിയായി അനുവദിക്കുന്നു.

**ഡി) ഫോഡർ റൂട്ട് :-** വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുല്ല് കൃഷി ചെയ്യുന്ന കർഷകരിൽ നിന്നും 2 രൂപ 25 പൈസ നിരക്കിൽ മിൽമ ശേഖരിച്ച് 1 രൂപ 75 പൈസ നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നു.

**ഇ)ബദൽ തീറ്റവസ്തുക്കളുടെ വിതരണം** : -ക്ഷീരകർഷകർക്ക് മക്കച്ചോളം പൊടിച്ച് 25 കി.ഗ്രം ചാക്കുകളിലാക്കി ക്ഷീരസംഘങ്ങൽ മുഖേന വിതരണം ചെയ്യുന്നു.

**എഫ്) ബയോഗ്യാസ് മിഷൻ:** - കുറഞ്ഞത് രണ്ട് ഘനമീറ്റർ വിസ്തൃതിയുള്ള ദീനബന്ധു, കെ.വി.ഐ.സി എന്നീ മാതൃകയിൽ നിർമ്മിക്കുന്നതും റെഡിമെഡ് ബയോഗ്യാസ് പ്ലാന്റുകൾക്കും ഏഴായിരം രൂപാ നിരക്കിൽ ധനസഹായം അനുവദിക്കും.

**ജി) ചികിത്സാ ചെലവ്** :- കന്നുകാലി ചികിത്സാ ചെലവിലേക്ക് മരുന്നിന്റെ വിലയായി മിൽമ അനുവദിക്കുന്ന ധനസഹായം. കുറഞ്ഞത് 300 രൂപയുടെ ചികിത്സാ ചെലവ് ഉണ്ടെങ്കിൽ മാത്രമേ ധനസഹായത്തിന് അക്തഹതയുള്ളൂ. പരമാവധി 1500 രൂപാ ധനസഹായം അനുവദിക്കും. നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ വെറ്ററിനറി സർജൻ, ക്ഷീരസംഘം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ

ശുപാർശയോടെ അസ്സൽ ബില്ലുകൾ സഹിതം ക്ഷീരസംഘം മുഖേന പി & ഐ വിഭാഗത്തിന് അപേക്ഷിക്കണം.

## സംഘാടനം

മേഖലാ യൂണിയനുകളുടെ പി & ഐ വി ാഗത്തിനാണ് സംഘാടനത്തിന്റെ ചുമതല നിർവ്വഹിക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾ പ്രാദേശികമായി പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രോജക്ടുകൾ അർഹരായവരിൽ എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സഹായം നൽകാം. ഇതിനായി ഗ്രാമസഭകൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവ ഫലപ്രദമായി ഉപയോഗപ്പെടുത്താം.

## മിൽമയുടെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

അർഹരായവരെ കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനമായ ക്ഷീരസംഘങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും പ്രാദേശിക സർക്കാരുകളെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളുടെ സംവിധാനം വിനിയോഗിക്കപ്പെടണം. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, മോണിറ്ററിംഗ് തുടങ്ങിയ കാര്യങ്ങളിലാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഇടപെടാനാകുന്നത്. ഗുണഭോക്തൃ പട്ടിക ഗ്രാമപഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് കൈമാറാവുന്നതും പുരോഗതി വിലയിരുത്താവുന്നതുമാണ്.

## പദ്ധതി ഏകോപന - സംയോജന സാധ്യതകൾ

മേഖലാ യൂണിയന്റെ പ്രവർത്തന ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനാലും മറ്റ് പ്രോജക്ടുകളോടൊപ്പം അധികമായി ധനസഹായം നൽകാവുന്നതിനാലും കുറഞ്ഞ വരുമാനമുള്ള ഗുണഭോക്താക്കൾക്ക് വളരെയേറെ ആശ്വാസകരമായി പദ്ധതി ബന്ധിപ്പിക്കാവുന്നതാണ്. ഇതിനായി ത്രിതല പഞ്ചായത്തുകളുടെ പശുവിതരണ/ കിടാരി വിതരണ/യന്ത്രവൽക്കരണ പ്രോജക്ടുകളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട കർഷകർക്കും, നിലവിലുള്ള പ്രോജക്ടുകളുടെ അനുബന്ധ ഘടകമായും ഫാംസപ്പോർട്ട് പ്രോഗ്രാം ബന്ധിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സംബന്ധിച്ച് കൂടുതൽ പ്രചരണം നൽകുന്നതിനും, കൂടുതൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 12. പട്ടികജാതി വിഭാഗക്കാർക്കുള്ള കിടാരി വളർത്തൽ/ സ്വയംതൊഴിൽ പരിപാടി

## ആമുഖം

പട്ടികജാതി വികസന വകുപ്പും മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനും സംയുക്തമായി പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾ, യുവാക്കൾ എന്നിവർക്കുവേണ്ടി പ്രത്യേകമായി നടപ്പിലാക്കുന്ന പ്രത്യേക തൊഴിൽദാന പരിപാടി.

## ലക്ഷ്യങ്ങൾ

- പട്ടിജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഗ്രൂപ്പടിസ്ഥാനത്തിലുള്ള പശുവളർത്തലിലൂടെ സ്വയംതൊഴിൽ കണ്ടെത്തുക.
- പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് മിൽമയുടെ മൊബൈൽ ഐസ്ക്രീം യൂണിറ്റ് നൽകി സ്വയം തൊഴിൽ കണ്ടെത്തുക.

## ഗുണഭോക്താക്കൾ

ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ വസിക്കുന്ന 10 വനിതകൾ അടങ്ങിയ പട്ടിജാതി വനിതാ ഗ്രൂപ്പുകൾ കിടാരി വളർത്തൽ പദ്ധതിയുടേയും ത്രിചക്ര വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസും ബാഡ്ജുമുള്ള പട്ടികജാതി യുവാക്കൾ സ്വയംതൊഴിൽ പദ്ധതിയുടേയും ഗുണഭോക്താക്കളായിരിക്കും.

## പദ്ധതി നിർവ്വഹണം

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന മലബാർ മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയനാണ് (മിൽമ) സംസ്ഥാന സർക്കാർ പദ്ധതി നിർവ്വഹണം നടത്തുന്നത്. മിൽമയുടെ പി & ഐ വിഭാഗം. കിടാരിവളർത്തൽ പദ്ധതിയുടേയും യൂണിയന്റെ മാർക്കറ്റിംഗ് വിഭാഗം സ്വയംതൊഴിൽ പദ്ധതിയുടേയും നിർവ്വഹണ ചുമതല വഹിക്കുന്നു.

## ഫണ്ടിംഗ്

പട്ടികജാതി വികസന വകുപ്പിൽ നിന്നും മലബാർ മേഖലായൂണിയന് ഫണ്ട് അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

**എ) കിടാരി വളർത്തൽ പദ്ധതി** : – ക്ഷീരസഹകരണ സംഘങ്ങൾ മുഖേന അപേക്ഷകൾ സ്വീകരിക്കുന്നു. പട്ടികജാതി വികസന വകുപ്പ്, മിൽമ പി. & ഐ വിഭാഗം എന്നിവർ സംയുക്തമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നു. ഗുണഭോക്തൃ ഗ്രൂപ്പുകളിലെ ഓരോ വനിതയ്ക്കും10 മുതൽ 12 മാസം വരെ പ്രായമായ സങ്കരവർഗ്ഗ കിടാരികളെ വീതം സൗജന്യമായി നൽകുന്നു. ധനസഹായനിരക്കിൽ പ്രതിമാസം ഒരു ചാക്ക് കാലിത്തീറ്റ എന്ന നിരക്കിൽ 18 മാസത്തേയ്ക്ക് തുടർച്ചയായി നൽകുകയും 2 വർഷത്തേയ്ക്ക് അവയുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുകയും വിരമരുന്ന്, ധാതുലവണ മിശ്രിതം എന്നിവ നിശ്ചിത അളവിൽ സൗജന്യമായി അനുവദിക്കുകയും ചെയ്യുന്നു. ഉരുക്കൾക്ക് 32 മാസം പ്രായമാകുമ്പോഴേക്കും ആദ്യപ്രസവം ഉറപ്പുവരുത്തുന്നു. പട്ടികജാതി വിഭാഗത്തിൽ നിന്നും തെരെഞ്ഞടുത്ത വനിതാ പ്രമോട്ടർമാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാദേശികമായ മേൽനോട്ടം വഹിക്കുന്നു.

**ബി.സ്വയംതൊഴിൽ പദ്ധതി** :- താത്പര്യമുള്ള പട്ടികജാതി യുവാക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു. ജില്ലാ പട്ടികജാതിവികസന ഓഫീസർ, പി.& ഐ ഓഫീസർ എന്നിവർ സംയുക്തമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നു. സ്വയംതൊഴിൽ സംരംഭകർക്ക് മിൽമയുടെ ത്രിചക്ര ഐസ്ക്രിം കനോപ്പി വാഹനം വിതരണം ചെയ്യുന്നു.

## സംഘാടനം

കിടാരി വളർത്തൽ പദ്ധതിയിൽ ബന്ധപ്പെട്ട ക്ഷീരസംഘങ്ങൾ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും തുടർപ്രവർത്തനങ്ങൾക്കും സഹായം നൽകുന്നു. മിൽമ പി & ഐ വിഭാഗം സംഘാടനം നിർവ്വഹിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കിടാരി വളർത്തൽ പദ്ധതിയിൽ തുടക്കംമുതൽ ഒടുക്കം വരെ ഗ്രാമപഞ്ചായത്തുകൾക്ക് സഹായം നൽകാം. ഇതിനായി ക്ഷീരസഹകരണ സംഘങ്ങളോടൊപ്പം കുടുംബശ്രീ, ഗ്രാമസഭകൾ, മൃസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയെ ഫലപ്രദമായി ഉപയോഗപ്പെടുത്താം.

## മിൽമയുടെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സംസ്ഥാന സർക്കാർ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനമെന്ന നിലയിൽ കിടാരി വളർത്തൽ പദ്ധതി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വികസനകാര്യ സ്റ്റാൻിംഗ് കമ്മറ്റിയുമായി ചർച്ച ചെയ്യാവുന്നതും പദ്ധതി പുരോഗതി വിലയിരുത്താവുന്നതുമാണ്. പട്ടികജാതി വികസനം ജില്ലാ പഞ്ചായത്തിന്റെ പൊതുചുമതലയിൽപ്പെടുന്ന മേഖലയാണ്.

## പദ്ധതി ഏകോപന - സംയോജന സാധ്യതകൾ

കിടാരി വളർത്തൽ പദ്ധതിയുടെ തുടർ പ്രവർത്തനമെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് അനുബന്ധ പദ്ധതികൾ (ഉദാ:കാലിത്തീറ്റ വിതരണം) ഏറ്റെടുക്കാം ഇതോടൊപ്പം തന്നെ മൃഗസംരക്ഷണ വകുപ്പിന്റെ ഗോസുരക്ഷാ പദ്ധതി, ക്ഷീരവികസന വകുപ്പിന്റെ ക്ഷീരകർഷക ക്ഷേമനിധി എന്നിവയുമായും പദ്ധതി ഏകോപിപ്പിക്കാം. എന്നാൽ സ്വയംതൊഴിൽ പദ്ധതിക്കുള്ള സംയോജന സാധ്യതകൾ പരിമിതമാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹരും അഭിരുചിയുമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയെന്നതാണ് പരമപ്രധാനം. ഗുണഭോക്തൃ ഗ്രൂപ്പുകളുടെ കൂട്ടായ്മ എക്കാലവും ഉറപ്പുവരുത്തുന്ന തിനും ഗുണഭോക്താക്കളുടെ തുടർച്ചയായ വൈദഗ്ധ്യപോഷണവും പ്രേരണയും മോണിറ്ററിഗും പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്.

**പ്രധാന ക്ഷീരവികസന/മിൽമ ഓഫീസുകളും ഫോൺ നമ്പരുകളും**

| ക്രമ. നം. | ഓഫീസ് | സ്ഥലം | ഓഫീസ് തലവൻ | ഫോൺ നം. | വെബ് / ഇ-മെയിൽ |
|---|---|---|---|---|---|
| 01 | ക്ഷീരവികസന ഡയറക്ടറേറ്റ് | തിരുവനന്ത പുരം | ഡയറക്ടർ | 0471-2445749 | dairydirector05@ yahoo.co.in |
| 02 | ക്ഷീരവികസന ജില്ലാ ഓഫീസ് | തിരുവനന്ത പുരം | ഡെപ്യൂട്ടി ഡയറക്ടർ | 0471-2554986 | dddairytvm@gmail.com |
| 03 | ക്ഷീരവികസന ജില്ലാ ഓഫീസ് | കൊല്ലം | ഡെപ്യൂട്ടി ഡയറക്ടർ | 0474-2748098 | dairydeptkollam @bsnl.in |
| 04 | ക്ഷീരവികസന ജില്ലാ ഓഫീസ് | ആലപ്പുഴ | ഡെപ്യൂട്ടി ഡയറക്ടർ | 0477-2252358 | dairyalpy@gmail.com |
| 05 | ക്ഷീരവികസന ജില്ലാ ഓഫീസ് | പത്തനംത്തിട്ട | ഡെപ്യൂട്ടി ഡയറക്ടർ | 0468-2223711 | dairy_pta@yahoo.com |
| 06 | ക്ഷീരവികസന ജില്ലാ ഓഫീസ് | കോട്ടയം | ഡെപ്യൂട്ടി ഡയറക്ടർ | 0481-2562768 | dairydd.ktm@gmail.com |
| 07 | ക്ഷീരവികസന ജില്ലാ ഓഫീസ് | ഇടുക്കി | ഡെപ്യൂട്ടി ഡയറക്ടർ | 04862-222099 | dairyddtdpa@yahoo.in |
| 08 | ക്ഷീരവികസന ജില്ലാ ഓഫീസ് | എറണാകുളം | ഡെപ്യൂട്ടി ഡയറക്ടർ | 0484-2422310 | dddekm@gmail.com |
| 09 | ക്ഷീരവികസന ജില്ലാ ഓഫീസ് | തൃശൂർ | ഡെപ്യൂട്ടി ഡയറക്ടർ | 0487-2321660 | dairydept_tsr@bsnl.in |
| 10 | ക്ഷീരവികസന ജില്ലാ ഓഫീസ് | മലപ്പുറം | ഡെപ്യൂട്ടി ഡയറക്ടർ | 0483-2734944 | dddairympm@ gmail.com |

| | | | | | |
|---|---|---|---|---|---|
| 11 | ക്ഷീരവികസന ജില്ലാ ഓഫീസ് | പാലക്കാട് | ഡെപ്യൂട്ടി ഡയറക്ടർ | 0492-2226040 | dydpalakkad@ gmail.com |
| 12 | ക്ഷീരവികസന ജില്ലാ ഓഫീസ് | കോഴിക്കോട് | ഡെപ്യൂട്ടി ഡയറക്ടർ | 0495-2371254 | dddairykkd@gmail.com |
| 13 | ക്ഷീരവികസന ജില്ലാ ഓഫീസ് | കണ്ണൂർ | ഡെപ്യൂട്ടി ഡയറക്ടർ | 0497-2707859 | dairyddknr@gmail.com |
| 14 | ക്ഷീരവികസന ജില്ലാ ഓഫീസ് | വയനാട് | ഡെപ്യൂട്ടി ഡയറക്ടർ | 04936 202093 | dairywayanad@yahoo. co.in |
| 15 | ക്ഷീരവികസന ജില്ലാ ഓഫീസ് | കാസർഗോഡ് | ഡെപ്യൂട്ടി ഡയറക്ടർ | 0499 4255475 | dddairyksd@gmail.com |
| 16 | ക്ഷീര പരിശീ ലന കേന്ദ്രം | തിരുവനന്ത പുരം | പ്രിൻസിപ്പാൾ | 0471-2440911 | |
| 17 | ക്ഷീര പരിശീലന കേന്ദ്രം | കൊല്ലം | പ്രിൻസിപ്പാൾ | 0476-2698550 | dtcoachira@gmail.com |
| 18 | ക്ഷീര പരിശീലന കേന്ദ്രം | കോട്ടയം | പ്രിൻസിപ്പാൾ | 0481-2302223 | dtcktm@gmail.com |
| 19 | ക്ഷീര പരിശീലന കേന്ദ്രം | പാലക്കാട് | പ്രിൻസിപ്പാൾ | 0492-2226040 | dtcalathur@gmail.com |
| 20 | ക്ഷീര പരിശീലന കേന്ദ്രം | കോഴിക്കോട് | പ്രിൻസിപ്പാൾ | 0495-2414579 | dtc.dt@gmail.com |
| 21 | കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്ക റ്റിംഗ് ഫെഡ റേഷൻ (മിൽമ) | തിരുവനന്തപുരം | മാനേജിംഗ് ഡയറക്ർ | 0471-2518313 | www.milma.com milma@milma.com milma@vsnl.com |
| 22 | തിരുവനന്തപുരം മേഖലാ സഹ കരണ ക്ഷീരോ ല്പാദക യൂണിയൻ | തിരുവനന്തപുരം ഡയറക്ർ | മാനേജിംഗ് | 0471-2448489 | trcmpu@gmail.com |
| 23 | എറണാകുളം മേഖലാ സഹക രണ ക്ഷീരോല് പാദക യൂണിയൻ | എറണാകുളം | മാനേജിംഗ് ഡയറക്ർ | 0484-2532416 | ercmpu@gmail.com |
| 24 | മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ | കോഴിക്കോട് | മാനേജിംഗ് ഡയറക്ർ | 0495-2800652 | www.malabarmilma.com mrcmpu@malabar milma.coop |

# VIII
# വ്യവസായ വാണിജ്യ വകുപ്പ്



## ആമുഖം

സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ പ്രോത്സാഹനത്തിന് പദ്ധതികൾ നടപ്പിലാക്കുക, സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രോത്സാഹനവും സഹായവും നൽകുക, സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവയുടെ നിലനിൽപ്പിനും ഉയർച്ചക്കും വേണ്ട സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക, മറ്റു വിവിധ വകുപ്പുകളിൽ / ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസുകൾ, അനുമതിപത്രങ്ങൾ എന്നിവ ലഭ്യമാക്കുക എന്നിവയാണ് വ്യവസായ വകുപ്പിൻ കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും താലൂക്ക് വ്യവസായ ഓഫീസുകളുടേയും വ്യവസായ വികസന ഓഫീസർമാരുടേയും പ്രധാന കടമ. ഇതു നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ച പുതിയ സാമ്പത്തിക സഹായ പദ്ധതിയാണ് എന്റർപ്രോണർ സപ്പോർട്ട് സ്കീം അഥവാ സംരംഭകത്വ സഹായ പദ്ധതി. കേരളത്തിലെ സൂക്ഷ്മ-ചെറുകിട -ഇടത്തരം വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകാൻ ഈ പദ്ധതിയ്ക്ക് കഴിയുമെന്നതിൽ സംശയമില്ല. മാറിയ സാഹചര്യത്തിൽ പ്രസക്തി നഷ്ടപ്പെട്ട പല പദ്ധതികളും പരിഷ്ക്കരിച്ചാണ് ഇ.എസ്.എസ് എന്ന ഒറ്റ പദ്ധതിയായി അവതരിപ്പിച്ചിരിക്കുന്നത്. 2012 ഏപ്രിൽ 1 മുതൽ മുൻകാല

പ്രാബല്യം നൽകിയിട്ടുള്ള ഈ പദ്ധതി വ്യവസായ വകുപ്പിന്റെ ചരിത്രത്തിലെ തന്നെ നാഴിക കല്ലായി മാറുകയാണ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് പരാമവധി 30 ലക്ഷം രൂപ വരെ സാമ്പത്തിക സഹായമായി നൽകുന്നതാണ് പദ്ധതി. സംരംഭം നടത്തുന്നതിന് ആവശ്യമായ സ്ഥിര നിക്ഷേപങ്ങളെ പരിഗണിച്ചാണ് സാമ്പത്തിക സഹായം നൽകുന്നത്. മുൻഗണനാ വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾക്കും പിന്നോക്ക ജില്ലകളിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്കും മറ്റും അധിക സഹായവും നൽകും.

മുൻപ് ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി നടപടിക്രമങ്ങൾ തീർത്തും ലഘൂകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സാധാരണ സർക്കാർ സംവിധാനങ്ങൾക്ക് ഉണ്ടാകാറുള്ള സങ്കീർണ്ണതകൾ ഇതിനുണ്ടായിരിക്കില്ല എന്ന് ചുരുക്കം. മൂന്ന് ഘട്ടങ്ങളായി നൽകുന്ന സാമ്പത്തിക സഹായങ്ങളൊന്നും തന്നെ തിരിച്ചടക്കേണ്ടതില്ല.

തുടങ്ങാനുള്ള സഹായം (Start up Support ), നിക്ഷേപ സഹായം (Investment Support), സാങ്കേതിക സഹായം (Technical Support) എന്നീ മൂന്ന് ഘട്ടങ്ങളായാണ് സംരംഭകർക്കുള്ള സഹായങ്ങൾ നൽകുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം ചെയ്യാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത നടപടിക്രമങ്ങളിലെ സുതാര്യതയാണ്.

## വ്യവസായ വകുപ്പിന്റെ പ്രധാന ചുമതലകൾ

1. സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
2. നവീന ബിസിനസ്സ് ആശയങ്ങൾ കണ്ടെത്താൻ സംരംഭകരെ സഹായിക്കുക.
3. ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും അനുയോജ്യമായ സാങ്കേതികവിദ്യ കണ്ടെത്താൻ സഹായിക്കുക.
4. അടിസ്ഥാന സൗകര്യങ്ങൾ, അസംസ്കൃത വസ്തുക്കൾ, യന്ത്രസാമഗ്രികൾ, വിപണി എന്നിവയെ സംബന്ധിച്ച വിവരങ്ങൾ സംരംഭകന് ലഭ്യമാക്കുക.
5. സംരംഭകരെ സഹായിക്കുന്നതിലേയക്കായി സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുക.
6. ക്ലിയറൻസുകളും മറ്റും സമയബന്ധിതമായി ലഭ്യമാക്കാൻ സഹായിക്കുക.
7. പ്രൊജക്ടുകളുടെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന് നൽകുക
8. വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുവാനായി ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക, സഹായിക്കുക തുടങ്ങിയവ.

9. സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനും നിയമപരമായി ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് വേണ്ടി ആവശ്യമായ കൈത്താങ്ങ് സഹായം നൽകുക.
10. ധനകാര്യസ്ഥാപനങ്ങൾ / മറ്റു വകുപ്പുകൾ / ഏജൻസികൾ എന്നിവയുമായി സംരംഭകരെ ബന്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ലൈസണായി (Liaison) പ്രവർത്തിക്കുക.
11. Green Channel Counter / Single Window Clearance Board മുഖേന നിയമപരമായ ലൈസൻസുകൾ / ക്ലിയറൻസുകൾ / NOC ഇവ ലഭ്യമാകുന്നതിന് സംരംഭകരെ സഹായിക്കുക.
12. യുവാക്കളിൽ വ്യവസായ സംസ്ക്കാരം വളർത്തുന്നതിനായി സ്ക്കുളുകളിലും കോളേജുകളിലും ഇ.ഡി.ക്ലബ്ബുകൾ രൂപീകരിക്കുക, സഹായം നൽകുക.
13. Sick Unit Revival Prgramme അനുസരിച്ച് പീഢിത വ്യവസായങ്ങളെ കണ്ടെത്തി പുനരുദ്ധരിക്കുക
14. കേന്ദ്രഗവൺമെന്റിന്റേയും മറ്റു ഡിപ്പാർട്ടുമെന്റുകളുടേയും പദ്ധതികൾ നടപ്പിലാക്കുക
15. വ്യവസായ വികസനത്തിനുവേണ്ടി വ്യവസായ വികസന പ്ലോട്ടുകൾ / ഏരിയ /Mini Industrial Estate എന്നിവയ്ക്ക് സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കുക.
16. സംരംഭകത്വം വളർത്തുക
17. പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക
18. വ്യവസായ ക്ലസ്റ്ററുകളേയും വ്യവസായ സഹകരണ സംഘങ്ങളേയും പ്രോത്സാഹിപ്പിക്കുക
19. വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾക്കുള്ള Essentiality Certificate നൽകുക
20. പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് EM Part I നൽകുക
21. സംരംഭങ്ങൾ തുടങ്ങിയതിനുശേഷം EM Part II നൽകുക
22. ജില്ലാ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഗൈഡൻസ് സെൽ മുഖേന സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ
23. സൂക്ഷ്മ/ചെറുകിട സംരംഭങ്ങൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും അവർക്ക് നൽകിയ സേവനങ്ങൾക്കോ, ഉൽപ്പന്നങ്ങൾക്കോ ലഭിക്കേണ്ടുന്ന പ്രതിഫലം വൈകുകയോ കിട്ടാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ വ്യവസായ ഡയറക്ട്രേറ്റിൽ പ്രവർത്തിക്കുന്ന Facilitation Council വഴി പരിഹാരമുണ്ടാക്കൽ - എന്നിവയാണ്.
24. Website : Keralaindustry.org.

## വ്യവസായ വകുപ്പിന്റെ സേവനങ്ങൾ

## 1. സംരംഭകത്വ സഹായ പദ്ധതി (Entrepreneur Support Scheme)

സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾക്കു മെച്ചപ്പെട്ട ആനുകൂല്യവുമായി പുതിയ പദ്ധതിക്ക് കേരള സർക്കാർ രൂപം നൽകി. വ്യവസായ വകുപ്പിൽ നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചതാണ് സംരംഭകത്വ സഹായ പദ്ധതി അഥവാ ഇ.എസ്.എസ്. ( Entrepreneurs Support scheme ) എന്ന പദ്ധതി. വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള സങ്കീർണ്ണതകൾ ഒഴിവാക്കി സംരംഭകന് ലളിതമായ നടപടിക്രമങ്ങളിലൂടെ പരമാവധി കാലതാമസം ഒഴിവാക്കി സാമ്പത്തിക സഹായം നൽകുക എന്നതാണ് പുതിയ പദ്ധതിയുടെ ഉദ്ദേശം.

## ആനുകൂല്യം ലഭിക്കാനുള്ള അർഹത

28.12.2012 ലെ G.O.(MS) No.156/2012/10 നമ്പർ സർക്കാർ ഉത്തരവു പ്രകാരം നടപ്പിലാക്കുന്ന പദ്ധതി 2012 ഏപ്രിൽ ഒന്നു മുതൽ മെമ്മോറാണ്ടം പാർട്ട് -1 ഫയൽ ചെയ്യുകയോ വായ്പ അനുവദിക്കുകയോ കൈപ്പറ്റുകയോ ചെയ്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. ഓരോ സംരംഭത്തിനും പരമാവധി 30 ലക്ഷം രൂപ വരെയാണ് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായമായി ലഭിക്കുക. ഈ തുകയ്ക്ക് വർഷാവർഷം 5% വർദ്ധനവിനും വ്യവസ്ഥയുണ്ട്.

## സാമ്പത്തിക സഹായത്തിന്റെ ഘടന

പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായത്തിന്റെ 30% പൂർണ്ണമായും സൂക്ഷ്മ സംരംഭങ്ങൾക്ക് മാത്രമായി നീക്കി വെച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ നിന്നും അർഹരായ അപേക്ഷകർ ആവശ്യത്തിന് ലഭിച്ചില്ലെങ്കിൽ മാത്രമേ ഈ തുക ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നൽകൂ. പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മാണ് സഹായമായി ലഭിക്കുക. പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും(പ്രമോട്ടർമാരിൽ 50% വനിതകൾ) പട്ടികജാതി പട്ടിക വർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭകർക്കും ( 18 വയസ്സിനും 45 വയസ്സിനുമിടയിലുള്ള സംരംഭകർ) സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% മാണ് സാമ്പത്തിക സഹായം. പരമാവധി 30 ലക്ഷം രൂപ. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം. പരമാവധി 10 ലക്ഷം രൂപ വരെ അധിക സാമ്പത്തിക സഹായം നൽകും.

## മുൻഗണനാ വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾ

1. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ
2. കാർഷിക-ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ
3. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
4. പാരമ്പര്യേതര ഊർജ്ജോത്പാദന ഉപാധികൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ
5. ബയോ-ടെക്നോളജി വ്യവസായങ്ങൾ
6. 100 ശതമാനം കയറ്റുമതി സ്ഥാപനങ്ങൾ
7. മണ്ണിൽ നശിക്കുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ
8. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പുനരുപയോഗ സംരംഭങ്ങൾ
9. ജൈവ-വളം നിർമ്മാണ വ്യവസായങ്ങൾ

ഇടുക്കി, വയനാട്, കാസർഗോഡ് പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

### ആനുകൂല്യങ്ങൾ മൂന്ന് ഘട്ടങ്ങളിലായി

സംരംഭകത്വ സഹായ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം മൂന്ന് ഘട്ടങ്ങളായിട്ടാണ് നൽകുന്നത്. സംരംഭം ആരംഭിക്കുന്നതിന് മുമ്പും അതിന് ശേഷവും ആനുകൂല്യങ്ങൾ നൽകുന്നു. സംരംഭം ആരംഭിക്കുന്നതിന് മുൻപ് തുടങ്ങാനുള്ള സഹായവും (Start up Support) ആരംഭിച്ച് കഴിഞ്ഞാൽ നിക്ഷേപ സഹായവും (Investment Support) മെച്ചപ്പെട്ട സാങ്കേതികവിദ്യ സമ്പാദിച്ചാൽ സാങ്കേതിക സഹായവും (Technical Support) നൽകാൻ ഇതിൽ വ്യവസ്ഥ ചെയ്യുന്നു.

### a. തുടങ്ങാനുള്ള സഹായം (Start up Support)

സംരംഭം തുടങ്ങുന്നതിന്റെ പ്രാരംഭഘട്ടത്തിൽ അനുവദിക്കുന്ന സഹായമാണ് സ്റ്റാർട്ടപ്പ് സപ്പോർട്ട്. വ്യക്തമായ പ്രോജക്ട് റിപ്പോർട്ട് വ്യവസായ വാണിജ്യ വകുപ്പ് മുഖേന ധനകാര്യ സ്ഥാപനത്തിനു നൽകുകയും അവർ അത് അംഗീകരിച്ച് വായ്പ അനുവദിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് തുടങ്ങാനുള്ള സഹായം നൽകുന്നത്.

ഓരോ പ്രത്യേക വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്കും അർഹമായ ധനസഹായത്തിന്റെ 50 ശതമാനം വരെയാണ് സ്റ്റാർട്ട് അപ് സപ്പോർട്ട് ആയി നൽകുന്നത്. പരമാവധി 3 ലക്ഷം രൂപയാണ് ഓരോ സംരംഭത്തിനും ലഭിക്കുക.

സ്റ്റാർട്ടപ്പ് സപ്പോർട്ട്  ആവശ്യമുള്ള സംരംഭകർ പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെയുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് സമർപ്പിക്കണം.  ജനറൽ മാനേജർ പ്രോജക്ടിന്റെ  ടെക്നിക്കൽ ഫീസബിലിറ്റി റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന് വായ്പ അനുവദിക്കുന്നതിനായി അയച്ചു കൊടുക്കും. വായ്പ പാസ്സാക്കിയ ശേഷം പ്രസ്തുത വിവരം ധനകാര്യസ്ഥാപനം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരെ രേഖാമൂലം അറിയിക്കും.

സ്റ്റാർട്ടപ്പ് സപ്പോർട്ട് അനുവദിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം ബന്ധപ്പെട്ട ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരിൽ നിക്ഷിപ്തമാണ്. ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം മുഖേനയാണ് സ്റ്റാർട്ടപ്പ് സപ്പോർട്ട് നൽകുന്നത്. അവർ ഈ തുക വായ്പയിൽ വകയിരുത്തുകയാണെങ്കിൽ മുതലിൽ നിന്നും മാത്രമേ കുറവു ചെയ്യാൻ പാടുള്ളു.

സ്റ്റാർട്ടപ്പ് ലഭിച്ചു കഴിഞ്ഞ സംരംഭങ്ങൾ അത് ലഭിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കുകയും തുടർന്നുള്ള 5 വർഷം തുടർച്ചയായി പ്രവർത്തിക്കുകയും ചെയ്യണമെന്നത് നിർബന്ധമാണ്. ഒരു വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം തുടങ്ങാൻ കഴിഞ്ഞില്ലെങ്കിൽ ആ വിവരം കാലാവധി തീരുന്നതിന് ഒരു മാസം മുമ്പെങ്കിലും ജനറൽ മാനേജരെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ കാലാവധി പരമാവധി മൂന്ന് മാസം വരെ നീട്ടിക്കൊടുക്കാൻ ജനറൽ മാനേജർക്ക് അധികാരമുണ്ട്.

## b. ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് (Investment Support) .

ഒരു സംരംഭം വാണിജ്യോത്പാദനം തുടങ്ങി ഒരു വർഷത്തിനകം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. കാലതാമസം വന്നാൽ അതിന് ഇളവ് അനുവദിക്കുന്നതിന് ജില്ലാ/സംസ്ഥാന തല കമ്മിറ്റികൾക്ക് അപേക്ഷ സമർപ്പിക്കണം. രണ്ടു വർഷംവരെയുള്ള കാലതാമസം മാത്രമേ ജില്ലാതല കമ്മിറ്റികൾക്ക് മാപ്പാക്കാൻ കഴിയുകയുള്ളു.  ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിനുള്ള അപേക്ഷ തയ്യാറാക്കുന്ന തീയതിയിൽ നിലവിലുള്ള എല്ലാ സ്ഥിര മൂലധന നിക്ഷേപവും പരിഗണിക്കുന്നതാണ്. എന്നാൽ അവ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളവയായിരിക്കണം.

വിപുലീകരണം, വൈവിദ്ധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവ നടത്തുന്ന സംരംഭങ്ങൾക്കും ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിന് അർഹതയുണ്ടായിരിക്കും.

നിലവിലുള്ള യന്ത്രസാമഗ്രികൾ പൂർണ്ണമായോ ഭാഗികമായോ മാറ്റി സ്ഥാപിക്കുന്നതിനെയാണ് ആധുനികവത്ക്കരണം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വിപുലീകരണം വൈവിദ്ധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവ നടത്തുമ്പോൾ യന്ത്രസാമഗ്രികളിൽ 25 ശതമാനമെങ്കിലും ഉത്പാദന വർദ്ധനവും ഉണ്ടായിരിക്കണം.

ബന്ധപ്പെട്ട ജില്ലാ/സംസ്ഥാന തല കമ്മിറ്റികൾക്കാണ് ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് അനുവദിക്കുന്നതിനുള്ള അധികാരം. ഇതിനുള്ള അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ തീർപ്പു കൽപ്പിച്ചിരിക്കണമെന്നാണ് വ്യവസ്ഥ. അനുവദിക്കപ്പെട്ട ധനസഹായം ബന്ധപ്പെട്ട ധനകാര്യസ്ഥാപനം വഴിയാണ് വിതരണം ചെയ്യുന്നത്. ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് കൈപ്പറ്റിയ സ്ഥാപനം വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ച തീയതി മുതൽ 5 വർഷം തുടർച്ചയായി പ്രവർത്തിച്ചിരിക്കണം. ധനസഹായം കൈപ്പറ്റുന്ന തീയതിയിലും സ്ഥാപനം പ്രവർത്തിക്കുന്നതായിരിക്കണം. അടച്ചു പൂട്ടിയ സ്ഥാപനങ്ങൾക്ക് ഇത് നൽകാൻ പാടുള്ളതല്ല.

## c. ടെക്നോളജി സപ്പോർട്ട് (Technology Support)

പുതിയ സാങ്കേതിക വിദ്യ സ്വീകരിച്ചതിന് ശേഷം വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിച്ച് ആറ് മാസത്തിനുള്ളിൽ ടെക്നോളജി സപ്പോർട്ടിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. അർഹതയുള്ളവർക്ക് ഈ കാലയളവിന് ഇളവ് നൽകും. ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി പ്രവർത്തനമാരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും ഇതു പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഇതിനുള്ള അപേക്ഷ ബന്ധപ്പെട്ട അധികാരികൾക്ക് നൽകുമ്പോൾ സാങ്കേതിക വിദ്യാലഭ്യതയ്ക്കായി അംഗീകൃത ഗവേഷണ സ്ഥാപനത്തിൽ പണമടച്ചതിന്റെ തെളിവും ഹാജരാക്കണം. സർക്കാർ നിയന്ത്രിതമായ CFTRI, CSIR, DFRL, DRDO, Rubber Board, CTCRI, ICAR, KVK തുടങ്ങിയവയാണ് അംഗീകൃത ഗവേഷണ സ്ഥാപനങ്ങൾ.

വ്യവസായ-പൊതുമരാമത്ത് തദ്ദേശ സ്വയംഭരണ-ജലസേചന വകുപ്പുകളിലൊന്നിലെ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാതെയുള്ള ഒരു മെക്കാനിക്കൽ എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റും സമർപ്പിക്കണം. എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെയും ഗവേഷണ സ്ഥാപനമായി കണക്കാക്കും.

ബന്ധപ്പെട്ട അധികാരികൾ അപേക്ഷ ജില്ലാതല കമ്മിറ്റിക്കുമുമ്പിൽ സമർപ്പിക്കും. കമ്മിറ്റിക്ക് ആവശ്യമെങ്കിൽ അപേക്ഷകനെ നേരിട്ട് വിളിച്ച് വിവരങ്ങൾ ആരായാം. അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം തീർപ്പു കൽപ്പിക്കണമെന്നാണ് വ്യവസ്ഥ.

ടെക്നോളജി സപ്പോർട്ട് ലഭിച്ച സംരംഭങ്ങൾ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിച്ച തീയതി മുതൽ 5 വർഷം തുടർച്ചയായി പ്രവർത്തിച്ചിരിക്കണം.

## സംരംഭകത്വ സഹായ പദ്ധതി – ലക്ഷ്യങ്ങൾ

സംസ്ഥാനത്ത് ഉൽപാദന (Manufacturing Industrial Sector) വ്യവസായ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുക, അതുവഴി കൂടുതൽ മൂലധന നിക്ഷേപം സാദ്ധ്യമാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവ.

## ഗുണഭോക്താവ്

സൂക്ഷ്മ/ചെറുകിട/ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സ്ഥിര ആസ്തികളിന്മേലുള്ള മുതൽ മുടക്കിന്റെ 15% ഗ്രാൻറ് ലഭിക്കുന്നു (പരമാവധി 30 ലക്ഷം) വനിത/ പട്ടികജാതി / പട്ടികവർഗ്ഗ / യുവജന സംരംഭകർക്ക് 20% ഗ്രാന്റ് ലഭിക്കുന്നു. മുൻഗണനാ വ്യവസായങ്ങൾക്ക് 10% അധികഗ്രാന്റ് ലഭിക്കുന്നു. ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 10% അധിക സബ്സിഡി ലഭിക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

വ്യവസായ വാണിജ്യ വകുപ്പാണ് പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

## ഫണ്ടിംഗ്

പൂർണ്ണമായും സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിക്കുന്ന തുകയാണ് പദ്ധതിക്കായി ഉപയോഗിക്കുന്നത്. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ അർഹത നിശ്ചയിച്ച് 2 കോടിവരെ മുതൽ മുടക്കുള്ള സംരംഭങ്ങളുടെ അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുകയും, സമിതിയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ തുക അനുവദിച്ച് ഉത്തരവ് നൽകുകയും ചെയ്യുന്നു. 2 കോടിക്ക് മുകളിൽ മുതൽ മുടക്ക് വരുന്ന വ്യവസായ സംരംഭങ്ങളുടെ അപേക്ഷകൾ സംസ്ഥാന തലത്തിലുള്ള സമിതിയാണ് പരിഗണിക്കുന്നത്.

## പ്രവർത്തനങ്ങൾ

സ്കീം തയ്യാറാക്കൽ, അനുമതി നൽകൽ, നിർവ്വഹണം നടത്തൽ എന്നിവ നേരത്തേ പറഞ്ഞ പ്രകാരം തന്നെയാണ്. സാമ്പത്തിക സഹായം ലഭിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യവസായ സംരംഭം കുറഞ്ഞത് 5 വർഷം എങ്കിലും പ്രവർത്തിച്ചിരിക്കണം. ഇക്കാര്യം ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസ്, വ്യവസായ വികസന ഓഫീസർ എന്നിവർ മോണിറ്റർ ചെയ്യും.

**സംഘാടനം.**

വ്യവസായ വകുപ്പ്.

### തദ്ദേശ സ്ഥാപനത്തിന്റെ പങ്ക്

വ്യവസായ ബോധവത്ക്കരണ ക്യാമ്പുകൾ നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാവുന്നതാണ്. സ്കീമിനെ കുറിച്ചുള്ള അവബോധം ഗ്രാമ സഭ വഴി നൽകുക.

### വകുപ്പിന്റെ പങ്ക് / നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സ്കീമിനെക്കുറിച്ചുള്ള വിവരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക. അവരുടെ പദ്ധതികളുമായി ഏകോപനത്തിന് ശ്രമിക്കുക.

### തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ / മറ്റു ഡിപ്പാർട്ടുമെന്റുകളുടെ സ്വയംതൊഴിൽ പദ്ധതികളുമായി ഇതിനെ സംയോജിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇക്കാര്യങ്ങളിലെല്ലാം നിലവിലുള്ള നിയമങ്ങളും, സംവിധാനങ്ങളും തന്നെ ഉപയോഗപ്പെടുത്തിക്കൊണ്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2. എന്റർപ്രണേർഷിപ്പ് ഡെവലപ്പ്മെന്റ് ക്ലബ്ബ് (ED Club )

### ലക്ഷ്യങ്ങൾ

വിദ്യാർത്ഥികളിൽ / യുവാക്കളിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക.

### ഗുണഭോക്താവ്

ഏറ്റവും കുറഞ്ഞത് ഇരുപത്തഞ്ചോ അതിൽ കൂടുതലോ വിദ്യാർത്ഥികൾ അംഗങ്ങളാകാൻ തയ്യാറുണ്ടെങ്കിൽ കോളേജുകളിലോ പ്ലസ്ടു സ്കൂളുകളിലോ ഇ.ഡി. ക്ലബ്ബ് രൂപീകരിക്കാം.

### സ്കീമിന്റെ നിർവ്വഹണം

ഡയറക്ട്രേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ്.

## ഫണ്ടിംഗ് / സബ്സിഡി

ഓരോ ക്ലബ്ബിനും 12000/- രൂപ ഒരു വർഷം ഗ്രാന്റായി ലഭിയ്ക്കും. ഓരോ സ്ഥാപനവും 1200/- രൂപ വിഹിതമായി എടുക്കണം. മെറിറ്റിന്റെ അടിസ്ഥാനത്തിൽ മറ്റ് ആനുകൂല്യങ്ങൾ ലഭിയ്ക്കും.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ പരിധിയിലെ പ്ലസ് 2, കോളേജുകൾ എന്നിവയിലെ വിദ്യാർത്ഥികൾക്ക് അവബോധം നൽകുകയും ഇ.ഡി ക്ലബ്ബു രൂപീകരിക്കുന്നതിന് വേണ്ടിയുള്ള പ്രചോദനം നൽകുകയും ക്ലബ്ബ് രൂപീകരിക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തുകയും വേണം.

# 3. കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ

## ലക്ഷ്യങ്ങൾ

- സംസ്ഥാനത്തെ യുവതി യുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക.
- ആത്മാർത്ഥതയും ആശയവുമുള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ ബാങ്കുകൾ/ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം നൽകുക.

## ഗുണഭോക്താവ്

ഗ്രൂപ്പ് സംരംഭങ്ങളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ. അഞ്ച് പേർ ചേർന്നാണ് സംരംഭം തുടങ്ങേണ്ടത്. എന്നാൽ വളരെ നല്ല സംരംഭമാണെങ്കിൽ രണ്ട് അംഗങ്ങൾ മാത്രം ഉള്ള സംരംഭങ്ങളേയും പരിഗണിക്കും. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. എഞ്ചിനീയറിംഗ് ബിരുദധാരികൾ, മൂന്ന് വർഷത്തെ എൻജിനീയറിംഗ് ഡിപ്ലോമയുള്ളവർ, ചാർട്ടേഡ് അക്കൗണ്ടന്റ്, കോസ്റ്റ് & ചാർട്ടേഡ് അക്കൗണ്ടന്റുമാർ, പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുള്ള എം.ബി.എ ബിരുദധാരികൾ, മൃഗഡോക്ടർമാർ ഉൾപ്പെടെ സമസ്ത വിഭാഗം ഡോക്ടർമാരെയും ടെക്നോ ക്രാറ്റുകളായി പരിഗണിക്കും. രജിസ്ട്രേഷൻ നടക്കുന്ന ദിവസത്തിൽ എല്ലാ അപേക്ഷകരുടേയും പ്രായം 21 നും 40 നും ഇടയിൽ ആയിരിക്കണം. വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. എല്ലാ സംരംഭകരും +2 വിദ്യഭ്യാസ യോഗ്യത ഉള്ളവരും തിരിച്ചറിയൽ കാർഡ് ഉള്ളവരുമായിരിക്കണം.

- ഒരു സംരംഭകൻ ഈ പദ്ധതിയിൽ ഒരു ഗ്രൂപ്പിൽ മാത്രമെ അംഗമാകാൻ പാടുള്ളൂ.

- എല്ലാ സംരംഭകരും സ്ഥിരം ജോലി ഇല്ലാത്തവരായിരിക്കണം
- സംരംഭകരാരും സംസ്ഥാന/ കേന്ദ്ര ഗവൺമെന്റിന്റെ മറ്റു സാമ്പത്തിക ഇളവുകൾ നേടിയവരാകരുത്. തിരഞ്ഞെടുക്കപ്പെട്ട സംരംഭകർ വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ വായ്പകൾ അനുവദിക്കുന്നതിനാവശ്യമായ രേഖകൾ നൽകേണ്ടതാണ്. വായ്പ അനുവദിക്കാൻ അതാത് ബാങ്ക്/ ധനകാര്യ സ്ഥാപനത്തിന്റെ നിയമങ്ങൾക്ക് വിധേയമായിരിക്കും.
- തിരഞ്ഞെടുക്കപ്പെട്ട സംരംഭകർ 4 ആഴ്ച്ചത്തെ പരിശീലനം നേടാൻ തയ്യാറായിരിക്കണം.

## യോഗ്യതയുള്ള പദ്ധതികൾ

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അണു/സൂക്ഷമ സംരംഭമായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളാണ് പരിഗണിക്കുന്നത്. നല്ല കാർഷികാധിഷ്ഠിത പദ്ധതികളേയും പരിഗണിക്കുന്നതാണ്. വ്യാപാരം, ഗതാഗതം, ഫാമിംഗ്, മത്സ്യകൃഷി തുടങ്ങിയവയ്ക്ക് വായ്പ അനുവദിക്കുന്നതല്ല.

## അപേക്ഷ ആർക്ക് നൽകണം

അപേക്ഷകർ സംരംഭം തുടങ്ങാൻ പോകുന്ന അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ബ്ലോക്ക്, ജില്ലാ മുനിസിപ്പാലിറ്റികളിലാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന മറ്റ് ഉദ്യോഗസ്ഥർ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടതിന് ശേഷം കെ.എഫ്.സിയുടെ ബന്ധപ്പെട്ട ബ്രാഞ്ചിലേക്ക് മറ്റ് പ്രവർത്തനങ്ങൾക്കായി നൽകണം.

## സ്കീമിന്റെ നിർവ്വഹണം

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

## ഫണ്ടിംഗ്

ടെക്നോക്രാറ്റ് അല്ലാത്ത സംരംഭകന് 4 ലക്ഷവും ടെക്നോക്രാറ്റുകൾക്ക് 10 ലക്ഷവും എന്ന പ്രകാരം പരമാവധി ഗ്രൂപ്പിന് 20 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കും.

- മൊറൊട്ടോറിയം ഉൾപ്പെടെ 5 വർഷത്തെ തിരിച്ചടവ് കാലാവധി
- ഒരു വർഷം വരെയുള്ള മോറോട്ടോറിയം
- ഗുണഭോക്തൃ വിഹിതം - 10%

ബാങ്കുകൾ സാമ്പത്തിക സഹായം അനുവദിക്കുന്നത് ഇതുപോലുള്ള മറ്റ് പദ്ധതികൾക്ക് വായ്പ അനുവദിക്കുന്ന അതേ മാനദണ്ഡങ്ങൾ പാലിച്ച് ബാങ്കിന്റെ 10 കിലോമീറ്റർ പരിധിക്കുള്ളിലായിരിക്കും. വായ്പ തുകയുടെ ദുരുപയോഗമോ , വകമാറ്റി ചെലവഴിക്കലോ ശ്രദ്ധയിൽ പെട്ടാൽ അതാത് ധനകാര്യ സ്ഥാപനത്തിന് വായ്പ തിരിച്ചു പിടിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ലോൺ അനുവദിക്കലും വിതരണവും അതാത് ബാങ്കുകളുടെ നിയമമനുസരിച്ചായിരിക്കും.

## വായ്പയുടെ ഈട്

- സംരംഭത്തിന്റെ മുഴുവൻ ആസ്തികളും ഈടായി നൽകണം.
- എല്ലാ സംരംഭകരുടേയും വ്യക്തിപരമായ ആൾജാമ്യം നൽകണം.

കൂടാതെ താഴെ പറയുന്ന അധിക ജാമ്യം നൽകണം.

സംരംഭ ഗ്രൂപ്പിലല്ലാത്ത രണ്ടോ അതിലധികമോ വ്യക്തികളുടെ ആൾജാമ്യം നൽകണം. ജാമ്യക്കാരുടെ ബാധ്യത അവരുടെ എണ്ണം നോക്കി നിജപ്പെടുത്തുന്നതായിരിക്കും. അല്ലെങ്കിൽ വായ്പ സ്കീമിൽ എടുക്കണം. അല്ലെങ്കിൽ ലോൺ തുകയുടെ 25% വില മതിപ്പുള്ള മറ്റ് ജാമ്യ വസ്തുക്കൾ നൽകണം.

## പ്രവർത്തനങ്ങൾ

ഈ പദ്ധതിയുടെ നോഡൽ ഏജൻസി കെ.എഫ്.സിയാണ്. ഈ പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണ, മോണിറ്ററിംഗ് തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നത് കെ.എഫ്.സിയാണ്. അർഹതപ്പെട്ട സംരംഭകരെ തിരഞ്ഞെടുക്കുന്നതും പരിശീലന പരിപാടികൾ നടത്തുന്ന മറ്റ് സ്ഥാപനങ്ങളെ മോണിറ്റർ ചെയ്യുന്നതും കെ.എഫ്.സിയാണ്. വിവിധ ബാങ്കുകൾ വഴി ലോൺ ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതും, അർഹരായവർക്ക് പലിശയിളവ് നൽകുന്നതും കെ.എഫ്.സിയാണ്. ഓരോ വ്യക്തിഗത യൂണിറ്റിന്റേയും അക്കൗണ്ടുകൾ സൂക്ഷിക്കുകയും ലോൺ തിരിച്ചു കിട്ടാൻ സഹായിക്കുകയും ചെയ്യുന്നത് കെ.എഫ്.സിയാണ്

## സംഘാടനം

ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, മെമ്പർമാർ, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ബ്രാഞ്ച് മാനേജർ, മെമ്പർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയാണ് ഓരോ ജില്ലയിലേയും ഈ പദ്ധതിയുടെ സംഘാടനം, നിർവ്വഹണം തുടങ്ങിയവ ചെയ്യുന്നത്. ധനകാര്യ മന്ത്രി ചെയർമാനായ സ്റ്റേറ്റ് ലെവൽ അപെക്സ് കമ്മറ്റി സംസ്ഥാന തലത്തിൽ ഈ പദ്ധതി നിർവ്വഹണം നടത്തുന്നു.

## തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പങ്ക്

- പരിശീലന പരിപാടികൾക്കും, റിവ്യൂ മീറ്റിങ്ങുകൾക്കും ആവശ്യമായ സ്ഥലം നൽകുക.
- സംരംഭകർക്കാവശ്യമായ ലൈസൻസുകളും മറ്റ് രേഖകളും നേടിയെടുക്കാൻ സംരംഭകരെ സഹായിക്കുക.
- ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി വിവിധ ഏജൻസികൾക്ക് ആവശ്യമായ സഹായം നൽകുക.
- ഗ്രാമസഭകളിലും മറ്റും സ്കീമിനെക്കുറിച്ചുള്ള അവബോധം നൽകുക
- അപേക്ഷകരെ കണ്ടെത്തി കെ.എഫ്.സി. യ്ക്ക് നൽകുക
- സംരംഭകരുടെ സംശയങ്ങൾ ദുരീകരിക്കുക
- പദ്ധതിരേഖയിൽ സ്കീമിൽപ്പെടുത്തിയവരുടെ വിവരണം നൽകുക
- വായ്പ ലഭ്യമാക്കുന്നതിന് ഇടപെടൽ നടത്തുക.

# ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്

## 4. മാർജിൻ മണി ലോൺ

### ലക്ഷ്യങ്ങൾ

ധനകാര്യ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന ഗുണഭോക്തൃ വിഹിതം കണ്ടെത്തുവാൻ സംരംഭകരെ സഹായിക്കുക.

### ഗുണഭോക്താവ്

പുതിയതായി രജിസ്റ്റർ ചെയ്യുന്ന എസ്.എസ്.ഐ യൂണിറ്റുകളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തുന്നത്. ടെക്നോക്രാറ്റ്, സ്ത്രീകൾ, വികലാംഗർ, വിമുക്ത ഭടൻമാർ, പട്ടികജാതി/ പട്ടിക വർഗ്ഗക്കാർ തുടങ്ങിയവർ ആരംഭിക്കുന്ന യൂണിറ്റിന് മുൻഗണന ലഭിയ്ക്കും. മാർജിൻ മണി ലോണിനുള്ള അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർക്കാണ് നൽകേണ്ടത്. ധനകാര്യ സ്ഥാപനത്തിൽ നിന്നും ലോണിന്റെ ആദ്യ ഗഡു കിട്ടിയ ഉടൻ തന്നെ വായ്പയ്ക്ക് അപേക്ഷിക്കാം.

### സ്കീമിന്റെ നിർവ്വഹണം

ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ്, കേരള

## ഫണ്ടിംഗ്/ സബ്സിഡി

മാർജിൻ മണി ലോൺ ടേം വായ്പയായും (ഒരു നിശ്ചിത സമയത്തിനുള്ളിൽ തവണകളായി അടക്കേണ്ടവ), പ്രവർത്തന മൂലധന വായ്പയായും നൽകും. പദ്ധതി തുകയുടെ 20 % അല്ലെങ്കിൽ ധനകാര്യസ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന മാർജിൻ മണിയുടെ 50% ഏതാണോ കുറവ് ആ തുക ലഭിയ്ക്കും.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ കുറിച്ച് ബോധവത്കരണം നടത്തുക. മാർജിൻ മണി ലോൺ ആവശ്യമുള്ള സംരംഭകരെ ഗ്രാമസഭ/വാർഡ്സഭ വഴി കണ്ടുപിടിച്ച് അപേക്ഷിക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഇവയെ ബന്ധിപ്പിക്കണം. വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപെടുത്തുകയും അർഹരായ പരമാവധി പേർക്ക് സ്വയംതൊഴിൽ ഉറപ്പു വരുത്തുകയും ചെയ്യണം. തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഇടപെടലുകൾ നടത്തണം. കുടുംബശ്രീ സ്വയംതൊഴിൽ പദ്ധതികളുമായി ഇതിനെ സംയോജിപ്പിക്കണം. പദ്ധതിരേഖയിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

# 5. കേരളത്തിന് പുറത്ത് താമസിക്കുന്ന കേരളീയർക്കായി മാർജിൻ മണി വായ്പ പദ്ധതി

## ലക്ഷ്യങ്ങൾ

കേരളത്തിന് പുറത്ത് താമസിക്കുന്ന സാങ്കേതികതയിൽ സമർത്ഥരായ മറ്റ് സ്ഥലങ്ങളിൽ സംരംഭ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പരിചയ സമ്പന്നരായവരെ കേരളത്തിൽ സംരംഭം തുടങ്ങാൻ സഹായിക്കുക.

## ഗുണഭോക്താവ്

സാങ്കേതികതയിൽ സമർത്ഥരായി കേരളത്തിന് പുറത്ത് താമസിക്കുന്നവർ. അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർക്കാണ് നൽകേണ്ടത്.

## സ്കീമിന്റെ നിർവ്വഹണം

ഇൻഡസ്ട്രീസ് & കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് കേരള

### ഫണ്ടിംഗ്/ സബ്സിഡി

മാർജിൻ മണി ലോൺ ടേം ലോൺ ആയും, പ്രവർത്തന മൂലധന ലോണായും നൽകും. പദ്ധതി തുകയുടെ 20 % അല്ലെങ്കിൽ ആകെ പ്രവർത്തന മൂലധനം വായ്പയായി ലഭിയ്ക്കും.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ കുറിച്ച് ബോധവത്കരണം നടത്തുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ടി വിഭാഗത്തിൽപെടുന്ന എല്ലാ ഗുണഭോക്താക്കളെയും കണ്ടുപിടിച്ച് മാർജിൻമണി ഉറപ്പാക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപന പരിധിയിലുള്ള എല്ലാവർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിന് വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ പരിഹരിക്കുന്നതിനുള്ള സ്കീമുകൾ ഉൾപെടുത്തണം. കുടുംബശ്രീ സ്വയംതൊഴിൽ പദ്ധതികളും മറ്റ് ഡിപ്പാർട്ട്മെന്റ് സ്വയംതൊഴിൽ പദ്ധതികളുമായി ഇതിനെ സംയോജിപ്പിക്കണം.

## 6. സ്ത്രീകൾക്കു വേണ്ടിയുള്ള വ്യാവസായിക പദ്ധതി (Women's Industries Programme)

### ലക്ഷ്യങ്ങൾ

- സ്ത്രീകളുടെ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുക.
- സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുക.

### ഗുണഭോക്താവ്

സ്ത്രീകൾ ഉടമസ്ഥരായ വ്യവസായ സംരംഭം, സഹകരണ സംഘം, ജോയിന്റ് സ്റ്റോക്ക് കമ്പനി, ചാരിറ്റബിൾ സൊസൈറ്റി, പാർട്ട്ണർഷിപ്പ് സംരംഭങ്ങൾ തുടങ്ങിയവ വുമൺസ് ഇൻഡസ്ട്രിയൽ യൂണിറ്റായി രജിസ്റ്റർ ചെയ്തതും, 80 % അധികം ജോലിക്കാർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്. ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്കാണ് വുമൺസ് ഇൻഡസ്ട്രിയൽ പ്രോഗ്രാമിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

## സ്കീമിന്റെ നിർവ്വഹണം

ഇൻഡസ്ട്രീസ് & കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് കേരള സർക്കാർ

## ഫണ്ടിംഗ്/ സബ്സിഡി

വുമൺസ് ഇൻഡസ്ട്രിയൽ പ്രോഗ്രാമായി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് ഗ്രാന്റ് ലഭിയ്ക്കുന്നതാണ്. ഇതിനുള്ള അപേക്ഷ ജില്ലാ പഞ്ചായത്തിലാണ് സമർപ്പിക്കേണ്ടത്. ഗ്രാന്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| വിവരണം | നിരക്ക് |
|---|---|
| യന്ത്രങ്ങളും ഉപകരണങ്ങളും | യന്ത്രത്തിന്റെ ചെലവായ തുകയുടെ 50% അല്ലെങ്കിൽ 75,000 രൂപ ഏതാണോ കുറവ് ആ തുക ലഭിയ്ക്കും |
| ഗ്രാന്റ് | നിർമ്മാണ തുകയുടെ 50% അല്ലെങ്കിൽ 50,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ലഭിയ്ക്കും |
| കെട്ടിട വാടക | ഒരു മാസം 750 രൂപ അല്ലെങ്കിൽ എത്ര രൂപയാണോ വാടക കൊടുക്കുന്നത് അതിൽ ഏതാണോ കുറവ് ആ തുക ലഭിയ്ക്കും |
| കെട്ടിടം മൊത്തം വാടകയ്ക്ക് | മൊത്തം വാടകയുടെ 50% അല്ലെങ്കിൽ 25,000 രൂപ |
| മാസ ശമ്പളം | ഒരു മാസം 750 രൂപ അല്ലെങ്കിൽ ശരിയായ ശമ്പളം ഏതാണോ കുറവ് ആ തുക ലഭിക്കും |
| പരിശീലനാർത്ഥിക്കുള്ള സ്റ്റൈപ്പന്റ് | മാസത്തിൽ 500 രൂപ |

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അപേക്ഷ ജില്ലാ പഞ്ചായത്ത് വഴിയാണ് സമാഹരിക്കുന്നത്. ഗ്രാമസഭ/വാർഡ്സഭകളിലുള്ള അവബോധം വളർത്തൽ അർഹതപെട്ട എല്ലാവരേയും ഗ്രാമപഞ്ചായത്തു വഴി തെരഞ്ഞെടുത്ത് വ്യവസായ കേന്ദ്രത്തിന് ശുപാർശ ചെയ്യൽ എന്നിവ തദ്ദേശഭരണ സ്ഥാപനത്തിന് ചെയ്യാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ സ്വയംതൊഴിൽ പദ്ധതികളും വനിത ഘടക പദ്ധതിയുമായി ഇതിനെ ബന്ധിപ്പിക്കാവുന്നതാണ്.

# 7. ഹരിജൻ ഡെവലപ്പ്മെന്റ് സ്കീം

## ലക്ഷ്യങ്ങൾ

എസ്.സി./ എസ്.റ്റി സംരംഭകർക്ക് യൂണിറ്റ് ആരംഭിക്കുന്നതിനായി ലോൺ കൊടുക്കുക.

### ഗുണഭോക്താവ്

എസ്.സി./ എസ്.റ്റി ഉടമസ്ഥതയിലുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ. താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം

- എസ്.എസ്. ഐ രജിസ്ട്രേഷൻ കോപ്പി
- ജാതി സർട്ടിഫിക്കറ്റ്
- പ്രോജക്ട് റിപ്പോർട്ട് എന്നിവ സമർപ്പിക്കേണ്ടതാണ്.

### സ്കീമിന്റെ നിർവ്വഹണം

ഇൻഡസ്ട്രീസ് & കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് കേരള സർക്കാർ

### ഫണ്ടിംഗ്/ സബ്സിഡി

ഈ പദ്ധതി പ്രകാരം പദ്ധതി തുകയുടെ 50% അല്ലെങ്കിൽ 50,000 രൂപ വരെ ലോണായി ലഭിയ്ക്കും. ഈ തുക സ്ഥിരം മൂലധനം, പ്രവർത്തന മൂലധനം, മാർജിൻ മണി തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ കുറിച്ച് ബോധവത്കരണം നടത്തുക. ഈ സ്കീമിൽ ഉൾപെടുത്തുന്നതിന് അപേക്ഷകൾ നൽകുന്നതിന് സഹായിക്കാം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് സ്വയംതൊഴിൽ പദ്ധതികളുമായി ഇതിനെ ബന്ധിപ്പിക്കണം. വനിതാ ഘടക പദ്ധതിയുമായും സംയോജിപ്പിക്കാം. പദ്ധതിരേഖയിൽ ടിം സ്കീം വഴി സ്വയംതൊഴിലിന് ലോൺ ലഭ്യമാക്കിയവരേയും ലഭ്യമാക്കുന്നവരേയും ഉൾക്കൊള്ളിക്കണം.

## 8. സ്റ്റേറ്റ് ഇൻവസ്റ്റ്മെന്റ് സബ്സിഡി

### ലക്ഷ്യങ്ങൾ

സ്ഥിരനിക്ഷേപങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

### ഗുണഭോക്താവ്

ഇൻഡിപെന്റന്റ് ലീഗൽ ഐഡന്റിറ്റിയുള്ള സംരംഭങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ജില്ലാ വ്യവസായ കേന്ദ്രം, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ജില്ലാ ഓഫീസുകൾ.

## ഫണ്ടിംഗ്/ സബ്സിഡി

- നെഗറ്റീവ് ലിസ്റ്റിൽപ്പെട്ട വ്യവസായങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് കീഴിൽ വരുന്ന യൂണിറ്റുകൾ, ഖാദി ബോർഡിന്റെ സഹായത്തോടെ ആരംഭിച്ച യൂണിറ്റുകൾ എന്നിവ പ്രസ്തുത സ്കീമിന് അർഹരല്ല.
- റബ്ബർബെയ്സ്ഡ് ഇൻഡസ്ട്രീസ്, ഇൻഫർമേഷൻ ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ്, റെഡിമെയ്ഡ് ഗാർമന്റ്സ്, ആയുവവേദ മരുന്നുകൾ, മൈനിംഗ്, മെറൈൻ ഉൽപ്പന്നങ്ങൾ, ലൈറ്റ് എൻജിനീയറിംഗ്, ആഗ്രോ ബേസ്ഡ് ബിസിനസ്സ്, ബയോ ടെക്നോളജി, 100 % ഫണ്ട് എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റുകൾ തുടങ്ങിയ യൂണിറ്റുകളെ ഊന്നൽ കൊടുക്കുന്ന വ്യവസായങ്ങൾ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയ്ക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 % ഏറ്റവും കൂടിയത് 15 ലക്ഷം രൂപ വരെ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി ലഭിയ്ക്കും.
- വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 20% ഏറ്റവും കൂടിയത് 25 ലക്ഷം രൂപ വരെ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി ലഭിയ്ക്കും.
- ഇടുക്കി, വയനാട് ജില്ലകളിലും മറ്റ് പ്രധാനപ്പെട്ട വ്യാവസായിക പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന വ്യാവസായിക യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% ഏറ്റവും കൂടിയത് 10 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയായി ലഭിയ്ക്കും. ഈ മേഖലയിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ത്രസ്റ്റ് ഇൻഡസ്ട്രിയിലാണെങ്കിൽ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% ഏറ്റവും കൂടിയത് 25 ലക്ഷം രൂപ വരെ ലഭിയ്ക്കും.
- വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുന്നവർ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരോ, സ്ത്രീകളോ , വികലാംഗരോ ആണെങ്കിൽ അവർക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15% ഏറ്റവും കൂടിയത് 5 ലക്ഷം രൂപ വരെ അധിക സബ്സിഡിയ്ക്ക് അർഹതയുണ്ട്.
- മലിനികരണ നിയന്ത്രണ സംവിധാനം
- മലിനികരണ നിയന്ത്രണ സംവിധാനം വാങ്ങിയാൽ സ്ഥിര നിക്ഷേപത്തിന്റെ 10% ഏറ്റവും കൂടിയത് 25,000 രൂപ വരെ സബ്സിഡിയായി ലഭിയ്ക്കും.
- മറ്റ് ഗവൺമെന്റ് ഏജൻസികളിൽ നിന്ന് സബ്സിഡി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയിൽ നിന്ന് കുറയ്ക്കും.

## പ്രവർത്തനങ്ങൾ

സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, താലൂക്ക് വ്യവസായ കേന്ദ്രം, കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ജില്ലാ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപേക്ഷ പരിശോധിച്ച് പൂർണ്ണമാണെന്ന് ബോധ്യപ്പെട്ടതിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ തന്നെ സബ്സിഡി ലഭിയ്ക്കുന്നതാണ്.

## സംഘാടനം

10 ലക്ഷം രൂപ വരെയുള്ള ഇൻവെസ്റ്റ്മെന്റ് സബ്സിഡിക്കുള്ള അപേക്ഷ പരിശോധിച്ച് അനുമതി നൽകുന്നത് ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ ലീഡ് ബാങ്ക് മാനേജർ, ധനകാര്യ വകുപ്പിന്റെ പ്രതിനിധി, കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ തുടങ്ങിയവർ അംഗങ്ങളായ കമ്മറ്റിയാണ്. സബ്സിഡി പത്ത് ലക്ഷത്തിന് മുകളിലാണെങ്കിൽ, സെക്രട്ടറി (വ്യവസായം) ചെയർമാനും, സെക്രട്ടറി (ധനകാര്യം) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ മാനേജിഗ് ഡയറക്ടർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർ, ഇൻഡസ്ട്രീസ് & കൊമേഴ്സ് വകുപ്പിന്റെ ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായ സ്റ്റേറ്റ് ലെവൽ കമ്മറ്റിയാണ് അപേക്ഷ പരിശോധിച്ച് അനുമതി നൽകുന്നത്.

ഇൻവെസ്റ്റ്മെന്റ് സബ്സിഡി സ്വീകരിക്കുന്ന വ്യാവസായിക യൂണിറ്റുകൾ സബ്സിഡി സ്വീകരിക്കുന്ന തിയ്യതി മുതൽ 5 വർഷകാലം തുടർച്ചയായി പ്രവർത്തിക്കേണ്ടതാണ്. സബ്സിഡി സ്വീകരിച്ചു കഴിഞ്ഞതിന് ശേഷം തെറ്റായ കാര്യങ്ങൾ ബോധ്യപ്പെടുത്തിയാണ് സബ്സിഡി കൈപ്പറ്റിയത് എന്നുണ്ടെങ്കിൽ സബ്സിഡി തിരിച്ചു പിടിക്കാൻ ബന്ധപ്പെട്ടവർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ കുറിച്ച് ബോധവത്കരണം നടത്തുക. ഇത്തരം സബ്സിഡികൾ ലഭ്യമാക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നൽകി സബ്സിഡി യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഇപ്രകാരം സബ്സിഡി ലഭ്യമാക്കേണ്ടവരുടേയും ലഭ്യമാക്കിയവരേയും കുറിച്ച് വിവരണം

ഉൾപ്പെടുത്തുകയും വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ പദ്ധതിക ളിലൂടെ പരിഹരിക്കുകയും വേണം. പദ്ധതിരേഖയിൽ ഇവ വിവരിക്കണം.

# എംപ്ലോയ്മെന്റ് വകുപ്പ്

## 9. കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്ട്രേഡ് അൺഎംപ്ലോയ്ഡ്.

കേരളത്തിലെ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതർക്കുള്ള വായ്പാ പദ്ധതി.

### ലക്ഷ്യങ്ങൾ

തൊഴിൽ രഹിതരായവർക്ക് സംരംഭങ്ങളിലൂടെ വരുമാനമുണ്ടാക്കുവാൻ സഹായിക്കുക

### ഗുണഭോക്താവ്

കേരളത്തിലെ എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത 21നും 50നും ഇടയിൽ പ്രായമുള്ള 40,000 രൂപയിൽ താഴെ മാസവരുമാനമുള്ള വ്യക്തികൾക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാം. പുതുക്കിയ ഭേദഗതി പ്രകാരം സാങ്കേതിക /പ്രൊഫഷണൽ യോഗ്യത ഉള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്.

### സ്കീമിന്റെ നിർവ്വഹണം

എപ്ലോയ്മെന്റ് വകുപ്പ്, കേരള

### ഫണ്ടിംഗ്

ഒരു ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് വായ്പ ലഭിയ്ക്കും. പദ്ധതി തുകയുടെ 20% സബ്സിഡിയായി ലഭിയ്ക്കും.

### സംഘാടനം

ഈ പദ്ധതിയുടെ അപേക്ഷാഫോറവും, ഗൈഡ് ലൈനും, പ്രൊജക്ട് റിപ്പോർട്ടിന്റെ രൂപരേഖയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് സൗജന്യമായി ലഭിക്കും. ഏത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണോ രജിസ്ട്രേഷനുള്ളത് ആ എക്സ്ചേഞ്ചിലേക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

### സ്കീമിന്റെ കാലാവധി

2014 മാർച്ച് 31 വരെ

## തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ചും, പദ്ധതിയുടെ ഗുണഭോക്താവായാലുള്ള നേട്ടങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക

# 10. കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ, സാമൂഹ്യ ക്ഷേമ വകുപ്പ്, കേരള സർക്കാർ വായ്പ പദ്ധതികൾ

## ലക്ഷ്യം

വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സഹായിക്കുക

## ഗുണഭോക്താക്കൾ

18– 55 ഇടയിൽ പ്രായമുള്ള വനിതകൾക്ക് ഈ വായ്പ ലഭ്യമാണ്. എല്ലാ വായ്പാ പദ്ധതികളുടേയും വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 40,000 രൂപയും നഗരപ്രദേശങ്ങളിൽ 50,000 രൂപയുമാണ്.

**അപേക്ഷ ഫീസ്** – വ്യക്തിഗത ഫീസ് 10 രൂപ

വായ്പയുടെ സുരക്ഷക്കായുള്ള സുരക്ഷാഫണ്ടിന്റെ നിരക്ക്

| | |
|---|---|
| 50,000 രൂപ വരെ | – 250 രൂപ |
| 1,00,000 രൂപ വരെ | – 500 രൂപ |
| 1,50,000 രൂപ വരെ | – 1,000 രൂപ |
| 1,50,000 രൂപ – 2,50,000 വരെ | – 1,500 രൂപ |
| 2,50,000 രൂപ – 3,50,000 വരെ | – 2,000 രൂപ |
| 3,50,000 രൂപ – 5,00,000 വരെ | – 2,500 രൂപ |
| പ്രമാണം/ പണയം എന്നിവയുടെ നിയമ പരിശോധന ചെലവ് | – 500 രൂപ |

വായ്പ കുടിശ്ശിക വരുത്തുന്നവരിൽ നിന്നും 12% പിഴ പലിശ ഈടാക്കുന്നതാണ്.

## സ്കീമിന്റെ നിർവ്വാഹണം

കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ, സാമൂഹ്യ ക്ഷേമ വകുപ്പ്, കേരള സർക്കാർ.

## ഫണ്ടിംഗ്

5 ലക്ഷം രൂപ വരെ വായ്പ ലഭിയ്ക്കും.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഈ പദ്ധതിയെ കുറിച്ച് ആൾക്കാർക്ക് ബോധവൽക്കരണം നൽകുക. വായ്പ ആവശ്യമുള്ള ഗുണഭോക്താക്കളെ ഗ്രാമസഭ/വാർഡ്സഭ വഴി കണ്ടെത്തി വായ്പ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

തദ്ദേശഭരണസ്ഥാപനത്തിന്റെ മറ്റ് സ്വയംതൊഴിൽ പദ്ധതികളുമായി ബന്ധപെടുത്താവുന്നതാണ്. ഇതുവഴി വായ്പ ലഭ്യമാക്കിയവരുടെ വിവരണം പദ്ധതിരേഖയിൽ നൽകണം.

# IX
# കയർ ഡിപ്പാർട്ട്മെന്റ്



## 1. വിപണനം, പ്രചരണ പരിപാടികൾ, വ്യാപാരി മേളകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം

### ലക്ഷ്യങ്ങൾ

- കയർ മേഖലയുടെ സമഗ്ര വികസനത്തിനായി വിപണി ശക്തിപ്പെടുത്തുക.
- കയർമേഖലയുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക.

### ഗുണഭോക്താവ്

കയർമേഖലയിൽ പ്രവർത്തിക്കുന്നവർ

### സ്കീമിന്റെ നിർവ്വഹണം

കയർ ഡയറക്ടറേറ്റ് , കേരള

## ഫണ്ടിംഗ്/ സബ്സിഡി

300 ലക്ഷം രൂപ 2012-13 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### സംഘാടനം

കയർ ഉൽപ്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിന് ഷോ റൂമുകൾ സ്ഥാപിക്കുന്നതിനും കയർമാർട്ട്, ക്രയ വിക്രയ സംഗമം, കച്ചവട മേളകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും, പങ്കെടുക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളുടെ പ്രചരണത്തിനും അതുപോലെയുള്ള മറ്റ് ചെലവുകൾക്കും അവലോകനയോഗങ്ങൾ, ശിൽപ്പശാലകൾ/ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും, പ്രാവർത്തികമാക്കുന്നതിനും, പ്രവർത്തനങ്ങൾ പ്രമിണീകരിക്കൽ, പഠനങ്ങൾ നടത്തുക, എന്യൂമറേഷൻ പോലെയുള്ള ചെലവുകൾക്കും, കയർമേഖലയിൽ അവാർഡു നൽകുന്നതിനും വിഹിതം വിനിയോഗിക്കാവുന്നതാണ്.

## വകുപ്പിന്റെ പങ്ക്

കയർ മേഖലയുമായി ബന്ധപ്പെട്ടവർക്ക് സ്കീമിനെക്കുറിച്ച് അവബോധം ഗ്രാമ സഭ/വാർഡ്സഭ വഴി നൽകണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഇപ്ര കാരം ധനസഹായം ലഭ്യമാക്കേണ്ടവരെ കണ്ടെത്തി അപേക്ഷിപ്പിക്കുക, ധനസഹായം ലഭ്യമാക്കി കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കയർ മേഖലയിലുള്ളവർക്ക് തദ്ദേശഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ ഈ സ്കീം പ്രകാരം ധനസഹായം ലഭിച്ചവരേയും ലഭിക്കാൻ അർഹതയുള്ളവ രേയും കുറിച്ചു ചർച്ച ചെയ്ത് വിടവുകൾ നികത്തണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ ഇതുവരെ ആനുകൂല്യം ലഭ്യമല്ലാത്തവരെ ഉൾപെടുത്തുന്ന കാര്യം പരിഗണിച്ച് പദ്ധതി തയ്യാറാക്കണം.

## 2. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം

### ലക്ഷ്യങ്ങൾ

കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിൽപ്പന പ്രോത്സാഹിപ്പിക്കുക.

## ഗുണഭോക്താവ്

കയർമേഖലയിൽ പ്രവർത്തിക്കുന്നവർ

## സ്കീമിന്റെ നിർവ്വഹണം

കയർ ഡയറക്ടറേറ്റ് , കേരള

## ഫണ്ടിംഗ്/ സബ്സിഡി

2012-13 ബഡ്ജറ്റിൽ 400 ലക്ഷം രൂപ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 50% സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

കയർ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ടി സ്കീമിനെക്കുറിച്ച് ഗ്രാമസഭ/വാർഡ്സഭയിൽ അവബോധം നൽകുക. ആവശ്യമുള്ളവരുടെ ലിസ്റ് തയ്യാറാക്കി പരമാവധി സംരംഭകർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് ഉറപ്പു വരുത്തുക. പരാതികൾ ശ്രദ്ധയിൽ കൊണ്ടു വരുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

കയറുൽപന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് പദ്ധതികളുമായി ഇതിനെ സംയോജിപ്പിക്കാം. വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാം. പദ്ധതിരേഖയിൽ അവ വിശദമായി പ്രതിപാദിക്കണം.

# 3. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ

## ലക്ഷ്യങ്ങൾ

കയർ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനായി സംരംഭകരെ ആകർഷിക്കുക.

## ഗുണഭോക്താവ്

കയർമേഖലയിലെ സംരംഭകർ

## സ്കീമിന്റെ നിർവ്വഹണം

കയർ ഡയറക്ടറേറ്റ് , കേരള

## ഫണ്ടിംഗ്/ സബ്സിഡി

നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ ആധുനീകവത്കണം/ വിപുലീകരണം/ വൈവിധ്യവത്കരണം/ പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി കയർമേഖലയിലെ സംരംഭകർക്ക് ബാങ്കുകൾ/ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നതിന് വ്യവസ്ഥകൾ അനുസരിച്ച് 50% വരെ മാർജിൻ മണി വായ്പ നൽകുന്നു. യൂണിറ്റൊന്നിന് പരമാവധി 5 ലക്ഷം രൂപയാണ് നൽകുന്നത്. ഈ സ്കീമിലേക്ക് 2012 – 13 ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കയറുൽപന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിന് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് വേണ്ട പ്രോത്സാഹനവും അവബോധവും കയർ യൂണിറ്റുകൾക്ക് നൽകി മാർജിൻ മണി ലഭ്യമാക്കുന്നതിന് അവരെ സഹായിക്കണം. വേണ്ട ഇടപെടലുകൾ നടത്തി അപേക്ഷകർക്ക് മാർജിൻ മണി ലഭ്യമാക്കി കൊടുക്കണം. പരാതികൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിൽ കയർ ഉൾപാദനവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് രൂപം നൽകുമ്പോൾ ടി സ്കീം കൂടി കണക്കിലെടുത്താവണം പദ്ധതികൾ ഗുണഭോക്താക്കൾക്ക് ആവിഷ്ക്കരിക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് സ്വയം തൊഴിൽ പദ്ധതികളുമായി ഇതിനെ ബന്ധിപ്പിക്കേണ്ടതാണ്. വിടവുകൾ പ്രോജക്ടുകൾ വഴി പരിഹരിക്കണം. പദ്ധതിരേഖയിൽ അവ പ്രതിപാദിക്കണം.

# X

# ആരോഗ്യം




## ആമുഖം

**സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും തദ്ദേശഭരണ പദ്ധതികളുടെയും നടത്തിപ്പ് ചട്ടക്കൂട്**

- ഈ മൂന്ന് തലങ്ങളിലുള്ള പദ്ധതികളുടെയും ഏകോപിച്ചുള്ള പ്രവർത്തനമാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കായി ദേശീയ തലത്തിൽ നിന്ന് രൂപം കൊടുത്ത് നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് ഇവിടത്തെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് ഫലപ്രദമായി നടപ്പിലാക്കുകയും അവയ്ക്ക് പുറമെ സംസ്ഥാനത്തിന്റെ പ്രത്യേകമായ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ ശ്രമിക്കുന്നത്. ചില അവസരങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ഘടകങ്ങൾ കൂടി സംസ്ഥാന പദ്ധതിയിലൂടെ കൂട്ടിച്ചേർത്ത് പദ്ധതി നടത്തിപ്പ് കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദവും കാര്യക്ഷമവും ആക്കാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടാത്ത അല്ലെങ്കിൽ ഈ സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ

അഡീഷണൽ ഘടകങ്ങൾക്കാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ഊന്നൽ നൽകേണ്ടത്. മാത്രമല്ല പിന്നീട് സംസ്ഥാന കേന്ദ്ര പദ്ധതികൾക്കായി മാറാനിടയുള്ള നൂതന പദ്ധതികൾക്ക് താഴെതട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരംഭം കുറിക്കാനും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി കാണിക്കാനും കഴിയുന്നതാണ്. സംസ്ഥാന തലത്തിൽ നിന്നും കേന്ദ്ര തലത്തിൽ നിന്നും ജീവിത ശൈലി രോഗങ്ങളായ രക്ത സമ്മർദ്ദത്തിനും, പ്രമേഹത്തിനുമെല്ലാം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് എത്രയോ മുമ്പ് തന്നെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ രോഗങ്ങൾ നേരിടുന്നതിനായ പ്രോജക്റ്റുകളും , പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്റ്റുകളും നടപ്പിലാക്കാൻ തുടങ്ങിയത് ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടിയിൽ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ (സി.എച്ച്.സി.) കേന്ദ്രീകരിച്ചും, ജില്ല ആശുപത്രികൾ കേന്ദ്രീകരിച്ചുമുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. എന്നാൽ കേരളത്തിലെ പ്രത്യേകതകളുടെയും നമ്മുടെ ഈ മേഖലയിലെ പരിചയവും കണക്കിലെടുത്ത് സബ്സെന്റർ തലത്തിലും , പ്രാഥമികാരോഗ്യ കേന്ദ്ര(പി.എച്ച്.സി.)തലത്തിലുമുള്ള ജീവിതശൈലി രോഗ നിയന്ത്രണ പരിപാടികളും സൗജന്യ മരുന്നു വിതരണവും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുകയാണ്.

- ആരോഗ്യവകുപ്പിനു കീഴിൽ ജില്ലാ-ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, മാനസീകാരോഗ്യകേന്ദ്രങ്ങൾ, ക്ഷയരോഗകേന്ദ്രങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ,കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തുടങ്ങിയ സംവിധാനങ്ങളിലൂടെയാണ് സാധാരണക്കാരന് സേവനങ്ങൾ എത്തിയ്ക്കുന്നത്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അസുഖങ്ങൾ വരാതിരിയ്ക്കുവാനുള്ള മുൻകരുതലുകൾക്കും സ്വഭാവവ്യതിയാന പ്രവർത്തനങ്ങൾക്കും മാതൃശിശു ആരോഗ്യത്തിന് ഗുണകരമാകുന്ന പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുമ്പോൾ സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ കിടത്തി ചികിത്സയും കൂടുതൽ ഡോക്ടർമാരുടെ സേവനങ്ങളും പ്രദാനം ചെയ്യുന്നു. താലൂക്ക്തല ആശുപത്രികൾ മുതൽ മുകളിലേയ്ക്കുള്ള ആരോഗ്യസ്ഥാപനങ്ങൾ സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നു.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ തികച്ചും പ്രത്യേകമായ ചികിത്സ ആ വിഭാഗത്തിന് പ്രദാനം ചെയ്യുന്നു. ജില്ല – ജനറൽ ആശുപത്രികളിൽ ഡയാലിസിസ് ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ്, സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനം പ്രദാനം ചെയ്യുന്നു.മെഡിയ്ക്കൽ കോളേജുകൾ

പൂർണ്ണമായും റഫറൽ യൂണിറ്റായാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.മറ്റ് കീഴ്ഘടക ആരോഗ്യ സ്ഥാപനങ്ങൾക്ക് ചികിത്സിയ്ക്കുവാൻ പ്രയാസമുള്ള രോഗികളെ റഫർ ചെയ്യുക വഴി ഏറ്റവും പരമോന്നത ചികിത്സ പ്രദാനം ചെയ്യുകയാണ് മെഡിയ്ക്കൽ കോളേജുകളെ കൊണ്ട് പഠനപ്രാധാന്യമുള്ള സ്ഥാപനമെന്നതിനുപരിയായി ഉദ്ദേശിക്കുന്നത്.

- ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നത് ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ മാത്രമല്ല. ആരോഗ്യമുള്ള ഒരു സമൂഹത്തിന്, ശുദ്ധമായ കുടിവെള്ളം, സാനിറ്റേഷൻ സൗകര്യങ്ങൾ , ഖരമാലിന്യ നിർമാർജ്ജനം, കൊതുക്, കൂത്താടി, എലി നശീകരണങ്ങൾ, പോഷണം, ആരോഗ്യകരമായ ജീവിത ശീലങ്ങൾ, വ്യായാമം തുടങ്ങിയവയെല്ലാം അതി പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ് . സംസ്ഥാന തലത്തിൽ ഈ ഘടകങ്ങൾ മറ്റ് വിവിധ വകുപ്പുകളുടെയോ ഏജൻസികളുടെയോ കീഴിലാണ് വരുന്നതെങ്കിലും താഴെ തട്ടിൽ ഇവയെല്ലാം ഏകോപിപ്പിക്കപ്പെടുന്നതും ഈ ഘടകങ്ങളെല്ലാം ആവശ്യകതയ്ക്കനുസരിച്ച് ഇടം പിടിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലാണ്. അത്തരത്തിൽ ആരോഗ്യകരമായ സാമൂഹിക സാഹചര്യങ്ങൾ കെട്ടിപ്പെടുക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ഉണ്ടാക്കുന്ന പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. പകർച്ചവ്യാധി നിയന്ത്രണത്തിനും പ്രതിരോധത്തിനുമുള്ള മൂന്ന് സംസ്ഥാനാവിഷ്കൃത പ്രോഗ്രാമുകളും അവയുടെ ലക്ഷ്യങ്ങളും മറ്റും താഴെ കൊടുത്തിരിക്കുന്നു.

1. **പകർച്ച വ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും**
2. **കൊതുകുജന്യ രോഗ നിയന്ത്രണം**
3. **ജല ജന്യ രോഗങ്ങളുടെ നിയന്ത്രണം**

## ലക്ഷ്യങ്ങൾ

പകർച്ചവ്യാധികൾ ഉണ്ടാകുന്നത് തടയുക, ഇവ മൂലമുള്ള മരണങ്ങളും രോഗങ്ങളും കുറയ്ക്കുക, ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുകവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആരോഗ്യം, കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമാർജ്ജനം തുടങ്ങിയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് സംസ്ഥാന വ്യാപകമായി മുഴുവൻ ഗ്രാമ നഗര പ്രദേശങ്ങളിലും പകർച്ചവ്യാധി നിയന്ത്രണത്തിനായുള്ള തയ്യാറെടുപ്പ് നടത്തുക.

- ഈ രോഗങ്ങൾ പൊട്ടിപുറപ്പെടുവാൻ സാദ്ധ്യതയുള്ള മേഖലകൾ, പ്രദേശങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള രോഗ പര്യവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

- പകർച്ചവ്യാധികൾ ഉണ്ടാകുന്ന അവസരങ്ങളിൽ കാര്യ കാരണ ബന്ധങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുക.
- അധികമായി ചികിത്സാ സൗകര്യങ്ങൾ , ഫീൽഡ് തല ക്യാമ്പുകൾ , മരുന്നുകൾ രോഗപ്രതിരോധ സാമഗ്രികൾ എന്നിവ ലഭ്യമാക്കൽ
- കൊതുകു നശീകരണ പ്രവർത്തനങ്ങൾ, കുടിവെള്ള ക്ലോറിനേഷൻ, ശുചീകരണം, മറ്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

## ഗുണഭോക്താക്കൾ

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും ഇതിന്റെ ഗുണഭോക്താക്കളായിരിക്കും. എല്ലാ വിഭാഗം ജനങ്ങൾക്കും ഈ സ്കീമിന്റെ ഗുണഫലങ്ങൾ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ പലപ്പോഴും പകർച്ചവ്യാധികൾ, സമൂഹത്തിലെ താഴെകിടയിലുള്ളവരിലും പരിസ്ഥിതി സന്തുലനം പെട്ടെന്ന് മോശമാവാനിടയുള്ള കടലോര, മലയോര ആദിവാസി മേഖലകളിലും, നഗര പ്രദേശങ്ങളിലെ പിന്നോക്ക പ്രദേശങ്ങളിലുമാണ് കൂടുതലായി ഉണ്ടാവുന്നത് എന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് മുൻവർഷങ്ങളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ ഇത്തരം പ്രദേശങ്ങളിൽ മുൻഗണന നൽകേണ്ടതാണ്.

## നിർവ്വഹണം

സംസ്ഥാന ആരോഗ്യ വകുപ്പ് വഴി ജില്ല മെഡിക്കൽ ഓഫീസ്, ഗവ.ആശുപത്രികൾ, സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, ആരോഗ്യ ഉപകേന്ദ്രങ്ങൾ എന്നിവയെ -മറ്റ് വകുപ്പുകളും പഞ്ചായത്തിരാജ് സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചു.

## ഫണ്ടുകളുടെ വിതരണം

സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന്, ജില്ലാ മെഡിക്കൽ ഓഫീസിലേക്കും അതുവഴി താഴെ തട്ടിലെ മറ്റ് സ്ഥാപനങ്ങളിലേക്കും.

## പ്രവർത്തനങ്ങൾ

**സ്കീം തയ്യാറാക്കൽ** : മുൻ വർഷങ്ങളിലെ പകർച്ചവ്യാധി രോഗാവസ്ഥകളുടെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ പൊതുജനാരോഗ്യ വിഭാഗം.

**അനുമതി നൽകൽ:** ഗവൺമെന്റ് തലത്തിൽ വർക്കിംഗ് ഗ്രൂപ്പ്

**നിർവ്വഹണം :** ആരോഗ്യവകുപ്പ് സംസ്ഥാന, ജില്ലാ തലങ്ങളിലും താഴെ തട്ടിലെ സ്ഥാപനങ്ങൾ വഴിയും.

**മോണിറ്ററിംഗ് :** ഓരോ തട്ടിലേയും പ്രവർത്തനങ്ങൾ, മേൽ തട്ടിലും, സംസ്ഥാന തലത്തിലും

## സംഘാടനം

നടത്തേണ്ട രോഗ നിയന്ത്രണ/ പ്രതിരോധ പ്രവർത്തനത്തിന്റെ പ്രത്യേകതയനുസരിച്ച് അതു മായി ബന്ധപ്പെടുന്ന വകുപ്പുകളുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് :

ജലജന്യരോഗങ്ങളായ വയറിളക്കം, കോളറ, മഞ്ഞപ്പിത്തം A, ടൈഫോയ്ഡ് എന്നീ രോഗങ്ങളും, കൊതുകുജന്യ രോഗങ്ങളായ മലമ്പനി, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, തുടങ്ങിയവയും പ്രധാന ആരോഗ്യ പ്രശ്നങ്ങളാണ്.ഭക്ഷ്യ ശുചിത്വവുമായി ബന്ധപ്പെട്ട മഞ്ഞപ്പിത്തം A, ടൈഫോയ്ഡ് തുടങ്ങിയവയും പ്രധാന ആരോഗ്യ പ്രശ്നങ്ങളാണ്. കേരള വാട്ടർ അതോറിററി ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജലനിധി തുടങ്ങിയവയും, പഞ്ചായത്ത് തല കുടിവെള്ള പദ്ധതികളും അടിയന്തിര ഘട്ടങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് എന്ന നിലയ്ക്കും ഈ ഏജൻസികളുമായി ബന്ധപ്പെട്ട് ജലജന്യരോഗങ്ങൾ തടയുന്നതിന് സഹായകരമായ പ്രോജക്ടുകൾ ഉണ്ടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ട്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ വികേന്ദ്രീകൃത പരിപാടികളും, ടോയ്ലറ്റ് സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനും പഞ്ചായത്തിന് ഊന്നൽ നൽകാൻ കഴിയുന്നതുമാണ്. കനം കുറഞ്ഞ പ്ലാസ്റ്റിക് ഉറകളുടെ ഉപയോഗ നിരോധനം/ നടപ്പിലാക്കൽ , വീടുകളിലേക്ക് ആവശ്യമായ രീതിയിലുള്ള ഖര -ദ്രവമാലിന്യ നിർമ്മാർജ്ജന സ്കീമുകൾ നടപ്പിലാക്കൽ, കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

പകർച്ചവ്യാധി നിയന്ത്രണത്തിനും പ്രതിരോധത്തിനും ഈ ഇനത്തിൽ സംസ്ഥാന ബഡ്ജറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 2012-13 തുകയായ 230 ലക്ഷം രൂപ മുഴുവൻ സംസ്ഥാനത്തും ഫലപ്രദമായ രീതിയിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ അപര്യാപ്തമാണ്. അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ടിലും തനത് ഫണ്ടിലും ഈ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തേണ്ടതാണ്.ഓരോ പ്രദേശത്തെയും പാരിസ്ഥിതിക സാമൂഹിക

ഘടകങ്ങൾ കണക്കിലെടുത്ത് രോഗങ്ങൾ വരാനുള്ള സാധ്യത മുൻകൂട്ടികണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രോജക്ടുകൾ രൂപ കല്പന ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## വകുപ്പിന്റെ പങ്ക്

വകുപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിലും തദ്ദേശ രണ സ്ഥാപന ത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിലും പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കേണ്ടതും മെഡിക്കൽ ഓഫീസർമാർ ആണ്. മുകളിൽ വിശദീകരിച്ചതുപോലെ ഈ പ്ലാനുകളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു വകുപ്പിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സ്കീമുകളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കപ്പെടേ ണ്ടവയാണ്. അതാത് രോഗത്തിന്റെ പ്രത്യേകതകളെ അടിസ്ഥാനമാക്കിയുള്ള സാങ്കേതിക കാര്യങ്ങൾ ആരോഗ്യവകുപ്പിന്റെ മുഖ്യചുമതലയാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനംവഴിയുള്ള സംയോജനം

മേൽ വിഭാഗങ്ങളിൽ വിശദീകരിച്ചതുപോലെ-രോഗപ്രതിരോധം, പൗരബോധം വളർത്തൽ, ആരോഗ്യ വിദ്യാഭ്യാസം,സാമൂഹ്യ തിൻമകൾ ഇല്ലാതാക്കൽ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നു.ആയതിനാൽ തന്നെ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളുമായി

ഏകോപിപ്പിച്ചുകൊണ്ടും വിടവുകൾ നികത്തികൊണ്ടുമായിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അധികമായി മരുന്ന്, ബ്ലീച്ചിംഗ് പൗഡർ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മറ്റ് സാധന സാമഗ്രികൾ, ടെസ്റ്റ് കിറ്റുകൾ എന്നിവ വാങ്ങേണ്ടി വരുന്നത് സാധാരണമാണ്. ഇവ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (കെ.എം.സി.എൽ.)വഴി വാങ്ങുന്നതിനുള്ള നടപടി എടുക്കുന്നത് ചിലവ് കുറയ്ക്കുന്നതിന് സഹായകമാകും. എന്നാൽ അത്തരത്തിൽലഭ്യമല്ലാതെ വന്നാൽ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിവരും.

# 4. സാംക്രമികേതര രോഗങ്ങൾക്ക് പ്രതിരോധ നടപടി (ജീവിത ശൈലി രോഗ പ്രതിരോധ പരിപാടി)

## ലക്ഷ്യം

രക്തസമ്മർദ്ദം, പ്രമേഹം, ജീവിത ശൈലിയുമായ ബന്ധപ്പെട്ട ഹൃദ്രോഗങ്ങൾ, തുടങ്ങിയവ നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിക്കലും ചികിത്സ ഉറപ്പാക്കലും.

- ജനങ്ങൾക്കുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ (വിദ്യാർത്ഥികൾ, രോഗികൾ, പൊതുജനങ്ങൾ)
- ആരോഗ്യകരമായ പാരിസ്ഥിതി സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുവാനുള്ള പ്രവർത്തനങ്ങൾ, ഇവയുടെ കൂട്ടായ്മ.
- മദ്യപാനം,പുകവലി, കൊഴുപ്പ് അടങ്ങിയ ഭക്ഷണങ്ങൾ, തുടങ്ങിയ ശീലങ്ങളുടെ നിരുത്സാഹപ്പെടുത്തൽ.
- ലഭ്യമാകുന്ന ഭക്ഷണങ്ങളിൽ വ്യത്യാസം വരുത്തുവാനുള്ള പ്രവർത്തനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ, മീറ്റിംഗ് സ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ അതോടൊപ്പം ആരോഗ്യകരമായ ഭക്ഷണം നൽകുന്നത് പ്രോത്സാഹിപ്പിക്കൽ.
- ജീവനക്കാർക്കുള്ള പരിശീലനം, ആവശ്യമായ സർവ്വെകൾ, ഗവേഷണങ്ങൾ

### ഗുണഭോക്താക്കൾ

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും പ്രത്യേകിച്ച് രോഗ സാധ്യത കൂടുതലുള്ള വിഭാഗങ്ങളിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾക്ക് അതാതു പ്രദേശങ്ങളിൽ മുൻതൂക്കം കൊടുക്കാവുന്നതാണ്.

## സ്കീമിന്റെ നിർവ്വഹണം

ആരോഗ്യവകുപ്പും, ജില്ല മെഡിക്കൽ ഓഫീസും താഴെ തട്ടിലുള്ള ആരോഗ്യസ്ഥാപനങ്ങളായ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ , സബ്ബ് സെന്ററുകൾ, മറ്റ് ഗവൺമെന്റ് ആശുപത്രികൾ തുടങ്ങിയവ വഴി (ബന്ധപ്പെട്ട മറ്റ് വകുപ്പുകളും ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട്)

## ഫണ്ട് വിതരണം

സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് ജില്ല മെഡിക്കൽ ഓഫീസ് വഴി താഴെ തട്ടിലുള്ള

ആരോഗ്യസ്ഥാപനങ്ങളിലേക്ക്

## പ്രവർത്തനങ്ങൾ

**സ്കീം തയ്യാറാക്കൽ** : സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്

**അനുമതി നൽകൽ** : വർക്കിംഗ് ഗ്രൂപ്പ് ആരോഗ്യം - ഗവൺമെന്റ് തലത്തിൽ

**നിർവ്വഹണം,നടത്തിപ്പ്** : ആരോഗ്യ വകുപ്പിന്റെ ജില്ല മെഡിക്കൽ ഓഫീസ്, മറ്റ് ആരോഗ്യ സ്ഥാപനങ്ങളും

**മോണിറ്ററിംഗ്** പി.എച്ച്.സി. തലത്തിലേത് സി.എച്ച്.സി. തലത്തിലും, സി.എച്ച്.സി. തലത്തിലേത് ജില്ല മെഡിക്കൽ ഓഫീസ് തലത്തിലും, ജില്ലാതലത്തിലേത് സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് വഴിയും.

## സംഘാടനം

ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായുള്ള ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടികളും , സംസ്ഥാനതല പരിപാടികളും, ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളും താഴെ തട്ടിൽ ഏകോപിപ്പിച്ചാണ് നടപ്പിലാക്കേണ്ടത്.

അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് ജീവിത ശൈലിയിൽ മാറ്റം വരുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് വളരെ പ്രധാനമാണ്.കൂട്ടായ പ്രവർത്തനം, കായിക വിനോദത്തിനുള്ള ഗ്രൗണ്ടുകൾ തുടങ്ങിയ സൗകര്യങ്ങളൊരുക്കൽ, ഹോട്ടലുകളിലും കാന്റീനുകളിലും വിവിധ പരിപാടികളിലും എണ്ണയിൽ പൊരിച്ച ഭക്ഷണ സാധനങ്ങൾക്കു പകരം ആവിയിൽ പുഴുങ്ങിയ ഭക്ഷണ സാധനങ്ങളും , പഴങ്ങളും പച്ചക്കറികളും വ്യാപിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ, പച്ചക്കറി കൃഷി, അടുക്കള തോട്ടം തുടങ്ങിയവ പോത്സാഹിപ്പിക്കൽ തുടങ്ങിയവയെല്ലാം പ്രധാനമാണ്.

30 വയസ്സിനു മുകളിൽ പ്രായമുള്ളവരെ സബ് സെന്റർതലത്തിലും, ഫീൽഡ് തലത്തിലുമുള്ള രോഗ നിർണ്ണയ ബോധവത്ക്കരണ ക്യാമ്പുകളിലെത്തിയ്ക്കേണ്ടതും രോഗ പരിശോധന, ബോധവത്കരണം, ജീവിത ശൈലി, ഭക്ഷണ ക്രമം എന്നി കാര്യങ്ങളിൽ കൗൺസിലിങ്ങുകൾക്കും ചികിത്സയ്ക്കും വിധേയമാക്കേണ്ടതുണ്ട്.

തുടർ ചികിത്സ ആവശ്യമുള്ളവർക്ക് അത് ഉറപ്പുവരുത്തേണ്ടതുമാണ്. സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ്, കെ.എം.സി.എൽ.വഴി ചെയ്തിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും, ദേശീയ ആരോഗ്യ പരിപാടിയും ഭാഗമായിട്ടുള്ള ജീവിത ശൈലി – രോഗ നിയന്ത്രണ പരിപാടി ആരംഭിക്കുന്നതിനുമുമ്പ് തന്നെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും രക്തസമ്മർദ്ദവും, പ്രമേഹവും കണ്ടെത്തി ചികിത്സിക്കുന്നതിനും സൗജന്യമായി മരുന്ന് ലഭ്യമാക്കുന്ന രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടായിരുന്നു. ഈ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാന കേന്ദ്ര പരിപാടികൾക്ക് പുറത്തുള്ള മറ്റു ഘടകങ്ങൾ കൂടി ഫലപ്രദമായി കൂട്ടിചേർത്ത് ഈ പ്രോഗ്രം, കൃഷിവകുപ്പ്, വിദ്യഭ്യാസ വകുപ്പ്,

കായിക വിനോദ പരിപാടികൾ കൈകാര്യം ചെയ്യുന്ന ഏജൻസികൾ തുടങ്ങിയവയൊക്കെയുമായി ചേർന്ന് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതാണ്. വിവിധ പദ്ധതികളുടെ ഏകോപനവും സംയോജനവും അതിനാൽ തന്നെ പ്രാധാന്യമർഹിക്കുന്നു.

### വകുപ്പിന്റെ പങ്ക്

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വന്നിരുന്ന ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെളിച്ചത്തിൽ സംസ്ഥാനതല പ്രോഗ്രാമുകളുമായി ബന്ധപ്പെടുത്തി കൂടുതൽ ബഹുജനോപകാരപ്രദവും ഫലപ്രദവുമായ പ്രവർത്തനങ്ങൾ നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക. അതാത് മെഡിക്കൽ ഓഫീസർമാർ, തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയിൽ ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കണം, ഏകോപനം സാധ്യമാക്കണം.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപന സാദ്ധ്യത

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിലുള്ള വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികൾ ചർച്ച ചെയ്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തണം. അതത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ ഇതിന് നേതൃത്വം നൽകണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കൂട്ടായ വ്യായാമവും, കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള പ്രവർത്തനങ്ങളും, ഭക്ഷണക്രമത്തിൽ മാറ്റം വരുന്ന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമാകുന്ന കാര്യങ്ങളും നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. രോഗി -ഡോക്ടർ-പരിശോധനകൾ-മരുന്ന് എന്നതിന് പുറമെയുള്ള ഇത്തരം പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.

## 5. മോണിറ്ററിംഗ് സെൽ ഇൻഫോർമേഷൻ സംവിധാനവും കമ്പ്യൂട്ടർവൽക്കരണവും

ആരോഗ്യ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണവും അതുവഴി പ്രോഗ്രാമുകളുടെയും സ്കീമുകളുടെയും ഫലപ്രദമായ നടത്തിപ്പും മോണിറ്ററിംഗുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പ്രധാനമായും സംസ്ഥാന തലത്തിലുള്ള കമ്പ്യൂട്ടർവൽക്കരണവുമാണ് ലഭ്യമായ ഫണ്ടുവഴി ചെയ്തു വന്നിരിക്കുന്നത്.

സംസ്ഥാന തലത്തിലും, ജില്ല മെഡിക്കൽ ഓഫീസുകളിലും മാതൃശിശു ആരോഗ്യ പരിപാടികളുടെ ഭാഗമായും, ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി., (രോഗപര്യവേഷണ പരിപാടികൾ, കൊതുകുജന്യരേഗ പരിപാടികൾ) മറ്റ് ദേശീയ രോഗനിയന്ത്രണ പരിപാടികളുടെ ഭാഗമായും സംസ്ഥാന ജില്ലാതലങ്ങളിൽ കമ്പ്യൂട്ടർവൽക്കരണവും അതുവഴി വിവിധ സ്കീമുകളുടെ നടത്തിപ്പ് മോണിറ്റർ ചെയ്തുവരുന്നുണ്ട്.

താഴെ തട്ടിൽ പി.എച്ച്..സി., സി.എച്ച്.സി. തുടങ്ങിയ ആരോഗ്യ സ്ഥാപനങ്ങളിൽ പ്രജനന ശൈശവാരോഗ്യ പരിപാടി (ആർ.സി.എച്ച്.), ദേശീയഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം.) പദ്ധതികളുടെ ഭാഗമായി കമ്പ്യൂട്ടറുകളും, ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കിയിട്ടുണ്ട്. ഫീൽഡ്തല പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ ഉപകേന്ദ്രങ്ങളും, പ്രാഥമികാരോഗ്യകേന്ദ്രങ്ങളും വഴി നൽകി വരുന്ന പ്രജനന ശൈശവ ആരോഗ്യ പരിപാടികളുടെ വിവരങ്ങൾ (പ്രതിരോധ കുത്തിവെപ്പ്, ഗർഭകാല പരിചരണം തുടങ്ങിയവ) ഫീൽഡ് വർക്കർമാർ ഓൺലൈനായി കമ്പ്യൂട്ടറിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് എന്റർ ചെയ്യുന്നുണ്ട്. എച്ച്.ഐ.എം.എസ് (ഹോസ്പിറ്റൽ മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം) എന്ന കമ്പ്യൂട്ടർ പ്രോഗ്രാം വഴിയും എം.സി.ടി.എസ്.(മദർ ആന്റ് ചൈൽഡ് ട്രാക്കിംഗ് സംവിധാനം) വഴിയും ഇത് ചെയ്തു വരുന്നുണ്ട്. ജില്ല,സംസ്ഥാന,ദേശീയ തലങ്ങളിൽ നിന്നുള്ള ഈ പ്രോഗ്രാമുകളുടെ മോണിറ്ററിംങ്ങും സൂപ്പർവിഷനും ഇതുവഴി എളുപ്പത്തിൽ ചെയ്യാനും കാര്യക്ഷമമാക്കാനും കഴിയുന്നുണ്ട്.

രോഗപര്യവേഷണ (ഡിസീസ് സർവൈലൻസ്) സംവിധാനത്തിന്റെ ാഗമായി ഐ.ഡി.എസ്.പി (ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ്) പ്രോഗ്രാമിൽ ഉൾപ്പെടുന്ന ഫീൽഡ്തലത്തിൽ നിന്നും , പ്രാഥമികാരോഗ്യകേന്ദ്രം, സി.എച്ച്.സി. മറ്റ് ഗവൺമെന്റ് ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, ലാബോറട്ടറികൾ എന്നിവയിൽ നിന്നുമുള്ള പകർച്ചവ്യാധി രോഗ വിവരങ്ങൾ താഴെ തട്ടിൽ നിന്ന് ശേഖരിച്ച് ജില്ലാ തലത്തിൽ ഓൺലൈനായി കമ്പ്യൂട്ടറിൽ എന്റർ ചെയ്യുന്ന പ്രക്രിയ ഐ.ഡി.എസ്.പി വഴി നടന്നു വരുന്നുണ്ട്.ഇതുവഴി പകർച്ചവ്യാധി രോഗങ്ങളുടെ വർദ്ധന ആരംഭത്തിൽ തന്നെ കണ്ടെത്തുന്നതിനും അതിനനുസരിച്ച് രോഗ പ്രതിരോധ നടപടികൾ എടുക്കാനും കഴിയുന്നുണ്ട്.

സംസ്ഥാനതല കമ്പ്യൂട്ടർ വത്കരണ പരിപാടിയുടെ നിർവ്വഹണവും, പരിപാടിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിന്ന് ബഡ്ജറ്റ് പ്ലാൻഫണ്ട് ലഭ്യമാക്കലും പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കലും ആരോഗ്യവകുപ്പ് വഴി നടന്നുവരുന്നു.

ദേശീയപ്രോഗ്രാമുകളുടെ ഭാഗമായുള്ള കമ്പ്യൂട്ടർ വത്കരണം നടത്തലും മോണിറ്ററിംഗും, എൻ.ആർഎച്ച്.എംന്റെയും മറ്റ് ദേശീയ പരിപാടികളുടെയും മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അതാത് കാലങ്ങളിൽ ദേശീയ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നടപ്പിലാക്കി വരുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്:

ആരോഗ്യസ്ഥാപനങ്ങളുടെ (പി.എച്ച്.സി / സി.എച്ച്.സി )കമ്പ്യൂട്ടർ വത്കരണ പ്രവർത്തനങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കമ്പ്യൂട്ടർ വത്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താവുന്നതും ഒരേ നെറ്റ് വർക്കിംഗിന്റെ കീഴിൽ കൊണ്ടുവരാവുന്നതുമാണ്.ആരോഗ്യവകുപ്പ്, സാമൂഹ്യനീതി, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ വിവിധ വകുപ്പുകൾ ശേഖരിക്കുന്ന പഞ്ചായത്തിലെ വിവരങ്ങൾ ഏകോപിപ്പിച്ചും തെറ്റുകൾ തിരുത്തിയും വികസന പ്രവർത്തനങ്ങൾ ക്കുള്ള അടിസ്ഥാന ഘടകങ്ങളായി ഉപയോഗിക്കാവുന്ന താണ്.ആരോഗ്യ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്നതിന് ഈ പ്രോഗ്രാം പ്രയോജനപ്പെടുത്താം. ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ പരിപാടികളുടെയും ഭാഗമായ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങളുടെ പോരായ്മകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നികത്തുന്നതും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സഹായിക്കുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽപ്പെട്ട സ്വകാര്യ സ്ഥാപനങ്ങളുടെയട ക്കമുള്ള ഡാറ്റകൾ ലഭ്യമാക്കി ആയത് കുറ്റമറ്റത്തക്കതാക്കാൻ തദ്ദേശഭരണ സ്ഥാപ നങ്ങൾ നടപടി കൈക്കൊള്ളണം. കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയ്ക്ക് ആവർത്തന ചിലവായിട്ടുള്ള ഇന്റർനെറ്റ് ചാർജ്ജ് പ്രതിമാസം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിവഴി ലഭ്യമാക്കേണ്ടതാണ്.

## 6. ആരോഗ്യവകുപ്പിലെ രക്ത ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

കാര്യക്ഷമമായ പ്രവർത്തിക്കുന്ന രക്തബാങ്കുകളും, ബ്ലഡ് സ്റ്റോറേജ് സെന്ററുകളും, ശസ്ത്രക്രിയകളും, പ്രസവ സംബന്ധമായ കാര്യങ്ങളും കൈകാര്യം ചെയ്യുന്ന ആശുപത്രികളിൽ ഒഴിവാക്കാനാവാത്ത ഘടകമാണല്ലോ. സംസ്ഥാനാ വിഷ്കൃത പദ്ധതി എന്ന നിലയിലും ദേശിയ തലത്തിൽ നിന്നുള്ള ബ്ലെഡ് സേഫ്റ്റി പ്രോഗ്രാമിന്റെ ഭാഗമായും ഈ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി വരുന്നു.

സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾ ഈ സ്കീമിന്റെ ഗുണഭോക്താക്കളാണ്.

സ്കീം തയ്യാറാക്കൽ, ഗവൺമെന്റ് തലത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കൽ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി താഴെ തട്ടിൽ നടപ്പിലാക്കൽ തുടങ്ങിയ കാര്യങ്ങൾ ആരോഗ്യവകുപ്പും കേരളസ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റികളും വഴി ചെയ്തു വരുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

മേലേതട്ടിൽ നിന്ന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞാലും സ്റ്റാഫിന്റെ അഭാവം കൊണ്ട് രക്തബാങ്കുകളും, ബ്ലഡ് സ്റ്റോറേജ് സെന്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കാത്ത സാഹചര്യമുണ്ടാവാറുണ്ട്. ബ്ലഡ് ബാങ്ക് ടെക്നിഷ്യൻമാരെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി (എച്ച്.എം.സി.) വഴിയും മറ്റും നിയമിച്ച് ഓരോ സ്ഥാപനത്തിലെയും ചെറിയ പോരായ്മകൾ പരിഹരിച്ച് ഈ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയുന്നതാണ്.

തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും / റെസിഡണ്ട് അസോസിയേഷൻ / വാർഡ് തലത്തിലും രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ നടത്തി ബ്ലെഡ് ഗ്രൂപ്പ് റജിസ്റ്റർ തയ്യാറാക്കുന്ന പ്രക്രിയയ്ക്ക് വലിയ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് അപൂർവ്വഗ്രൂപ്പുകളുടെ രജിസ്റ്ററുകളിൽ നിന്ന് ആവശ്യത്തിന് രക്തദാതാക്കളെ സജ്ജമാക്കുന്ന പ്രവർത്തനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ പങ്ക് വഹിക്കാൻ കഴിയുന്നു. ഇക്കാര്യത്തിൽ സന്നദ്ധ പ്രവർത്തകരുടെയും ക്ലബ്ബുകളുടെയും മറ്റും പങ്കാളിത്തം നിർണ്ണയിക്കുന്നതിൽ വാർഡ്തല ആരോഗ്യ ശുചിത്വ സമിതിക്ക് കാര്യമായ പങ്ക് വഹിക്കാനാവും. രക്തദാനത്തെക്കുറിച്ച് അയൽകൂട്ടങ്ങൾ/ഗ്രാമസഭ വഴി ജനങ്ങൾക്ക് അവബോധം നൽകി രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുഖ്യ പങ്ക് വഹിക്കാൻ കഴിയണം.

## 7. ആരോഗ്യ ഗതാഗത വിഭാഗം

സംസ്ഥാന പ്ലാൻ ഫണ്ടുവഴി ആരോഗ്യവകുപ്പിന്റെ ഭാഗമായി വിവിധ ജില്ലകളിലുള്ള വർക്ക്ഷോപ്പുകളും ഗ്യാരേജുകളും നന്നാക്കുവാനും അറ്റകുറ്റപണികൾക്കും ഉള്ള ഫണ്ട് ഈ സ്കീം വഴി ലഭ്യമാക്കി വരുന്നു.

ആരോഗ്യവകുപ്പിന് ലഭ്യമായ വണ്ടികളുടെ അറ്റകുറ്റപണികൾ, മറ്റ് നോൺ പ്ലാൻ സ്കീമുകളിൽ ലഭ്യമായ ഫണ്ടുവഴിയും കുടുംബക്ഷേമ പ്രവർത്തന പരിപാടികൾക്കും ചില രോഗ നിവാരണ പ്രക്രിയകളുടെ ഭാഗമായി ലഭ്യമായ ഫണ്ടുവഴിയുമാണ് ചെയ്തുവരുന്നത്. മാതൃശിശുസമഗ്രപരിപാടികൾക്കും, രോഗനിയന്ത്രണ പരിപാടികൾക്കുമായി ബ്ലോക്ക് തലം (സി.എച്ച്.സി.കൾ) വരെയാണ്

വാഹനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളു.ഓരോ സി.എച്ച്.സി.കളുടെ കീഴിൽ വരുന്ന പ്രഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് ബ്ലോക്ക് സി.എച്ച്.സി തലത്തിൽ നിന്ന് വണ്ടി ലഭ്യമാക്കിയാണ് ഫീൽഡ് തല രോഗപ്രതിരോധ കുത്തിവെപ്പുകളും, മാതൃശിശു ആരോഗ്യ പരിപാടികളും ,രോഗ നിയന്ത്രണ പ്രവർത്തനങ്ങളും നടത്തിവരുന്നത്.

ഫണ്ടുകളുടെ അപര്യാപ്തത മൂലം സംസ്ഥാനതലത്തിലും പുതിയ വാഹനങ്ങൾ വാങ്ങുന്ന പ്രക്രിയ വിരളമാണ്. ഇക്കാരണങ്ങൾ കൊണ്ട് ആരോഗ്യ സ്ഥാപനങ്ങളിലേക്ക് കൂടുതൽ വാഹനങ്ങൾ ലഭ്യമാക്കുന്നതിനും പഴയവ മാറ്റി നൽകുന്നതിനും പരിമതികളുണ്ട്. അതത് തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് ആരോഗ്യപരിപാടികൾ നടത്തുന്നതിന് വാഹന സൗകര്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പങ്ക് വഹിക്കാൻ കഴിയുന്നതാണ്. ഇതുവഴി ഫീൽഡ് തല ആരോഗ്യ പരിപാടികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്. നിലവിലുള്ള സ്കീമിന്റെ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പുവഴി നടന്നുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാഹനവും തനത് ഫണ്ട് വിനിയോഗിച്ച് വാഹനസൗകര്യവും ആവശ്യമായ ഘട്ടങ്ങളിൽ നൽകാം. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിലെ പ്രവർത്തനവും ഇക്കാര്യത്തിൽ ഏകോപിപ്പിക്കാവുന്നതാണ്.

## 8. ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റും ലിംബ് ഫിറ്റിംഗ് സെന്ററും ശക്തിപ്പെടുത്തൽ:

പ്രധാന ജില്ല/ജനറൽ ആശുപത്രികളിലും ചില താലൂക്ക് ആശുപത്രികളിലും ഫിസിക്കൽ മെഡിക്കൽ ഡിപ്പാർട്മെന്റുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഈ യൂണിറ്റുകളുടെ ഭാഗമായി എല്ലുകളുടെ ഒടിവുകൾക്ക് ശേഷവും മറ്റ് അസ്ഥിസംബന്ധമായ രോഗ ചികിത്സയുടെ ഭാഗമായും ആവശ്യം വരുന്ന ഫിസിയോതെറാപ്പി കൊടുക്കുവാൻ ആവശ്യമായ ഉപകരണങ്ങളും ഫിസിയോതെറാപ്പിസ്ററുകളുമുള്ള യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാറിന്റെ ഈ പദ്ധതി ഇനം വഴി ഈ കാര്യങ്ങൾക്ക് ആവശ്യമായ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നു. ഉപകരണങ്ങളും മറ്റും വാങ്ങി നൽകുകയും ചെയ്യുന്നു.

ഇതുമായി ബന്ധപ്പെട്ട അംഗഭംഗംവന്ന രോഗികൾക്കും ചലനവൈകല്യം അനുഭവിക്കുന്ന രോഗികൾക്ക് ആവശ്യമായ ക്രിത്രിമ കൈകാലുകളും മറ്റും തയ്യാറാക്കുന്ന ലിംബ്ഫിറ്റിംഗ് സെന്ററുകൾ 7 പ്രധാന ജില്ല / ജനറൽ ആശുപത്രികളുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്കീമിന്റെ ഭാഗമായി

ഈ യൂണിറ്റുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ അസംസ്കൃത വസ്തുക്കളും മറ്റും വാങ്ങാനാവശ്യമായ ഫണ്ടും ലഭ്യമാക്കിവരുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

സാമൂഹിക നീതി വകുപ്പിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ളവരെ ആരോഗ്യവകുപ്പിലെ വിദഗ്ധ ഡോക്ടർമാരെ കൂടി പങ്കെടുപ്പിച്ച് കണ്ടെത്താനും, സർട്ടിഫിക്കറ്റുകൾ നൽകാനും അവർക്കു വേണ്ട മറ്റ് സേവനങ്ങൾ ലഭ്യമാക്കുവാനും ഉള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അതാത് തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശത്തുള്ള ഇത്തരക്കാർക്ക് ഫിസിക്കൽ മെഡിക്കൽ ഡിപ്പാർട്ട്മെന്റിന്റെയും ലിംബ്ഫിറ്റിംഗ് സെന്ററുകളുടെയും സേവനം കാര്യക്ഷമമായ രീതിയിൽ ലഭ്യമാക്കാനും അത്തരക്കാരെ ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുവാനും കഴിയുന്നതാണ്. വിവിധ ക്ലബ്ബുകളും മറ്റ് സന്നദ്ധ സംഘടനകളുമൊക്കെ ഇത്തരക്കാർക്ക് ലഭ്യമാക്കുന്ന സേവനങ്ങളും ഈ പ്രവർത്തനങ്ങളുമായി കണ്ണിചേർക്കാവുന്നതാണ്.

പി.എം.ആർ. യൂണിറ്റുകളുടെയും ലിംബ് ഫിറ്റിംഗ് സെന്ററുകളുടെയും സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക വത്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പങ്ക് വഹിക്കാൻ കഴിയുന്നതാണ്.സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ചലന വൈകല്യം ബാധിച്ചവരുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന സൊസൈറ്റിക്ക് അതിന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടുവഴി പണം ലഭ്യമാക്കുന്നതാണ്. ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വഴി താഴെ തട്ടിൽ സേവനം ആവശ്യമുള്ളവർക്ക് അത് ലഭ്യമാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗവൈകല്യം സംഭവിച്ച വർക്കായുള്ള പദ്ധതികളുമായി ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കാം. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികളുടെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

## 9. മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനം.

സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മാനസികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ മാനസിക രോഗികളുടെ ഔട്ട് പേഷ്യന്റ് ചികിൽസ, ഇൻ പേഷ്യന്റ് ചികിത്സ, കൗൺസിലിംഗ്, തൊഴിൽ പരവും സാമൂഹികവുമായ റീഹാബിലിറ്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.ഈ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ല. ആരോഗ്യവകുപ്പ് നേരിട്ടാണ് ഈ സ്ഥാപനങ്ങളുടെ ഭരണം നടത്തി വരുന്നത്. ഇവയുടെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട്, പദ്ധതി ഇനത്തിൽ വകയിരുത്തി ചെലവഴിക്കുന്നു.

ഈ സ്ഥാപനങ്ങൾ അപര്യപ്തതകളോടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവോടെയുമാണ് പ്രവർത്തിച്ച് വരുന്നത്. അതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സ്ഥാപനങ്ങളുടെ ആധുനികവത്കരണത്തിലും മെച്ചപ്പെട്ട നടത്തിപ്പിലും പങ്കാളികളാവാൻ സാധ്യതകൾ ഏറെയാണ്. സ്ഥാപനം ഉൾപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകാരത്തോടെ വേണ്ട വികസന പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് നടത്താവുന്നതാണ്.

## 10. ജില്ല മാനസികാരോഗ്യപരിപാടികളും കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമും.

സൈക്യാട്രിസ്റ്റ്, ക്ലീനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ, ഒക്കുപ്പേഷൻ തെറാപ്പിസ്റ്റ് തുടങ്ങിയവരടങ്ങുന്ന ടീമിന്റെ സേവനം മാനസികാരോഗ്യ കേന്ദ്രങ്ങൾക്കും ജില്ല / ജനറൽ ആശുപത്രിയിലെ യൂണിറ്റുകൾക്കും പുറമെ , താഴെ തട്ടിൽ തെരഞ്ഞെടുത്ത സി.എച്ച്.സി. /പി.എച്ച്.സി. കളിൽ ഓരോ മാസവും നിശ്ചിത ദിവസങ്ങളിൽ ലഭ്യമാക്കുന്ന പ്രവർത്തനമാണ് ഈ സ്കീമുകൾ വഴി ചെയ്തു വരുന്നത്. ദേശീയ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ മാത്രം ലഭ്യമായിരുന്ന ഈ പരിപാടി പിന്നീട് ദേശീയ പരിപാടിയുടെ ഭാഗമായി -മറ്റു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുകയുണ്ടായി. ഈ സ്കീം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിയാത്ത - ജില്ലകളിൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മിഷനിൽ ഉൾപ്പെടുത്തി ഇത്തരം പ്രവർത്തനം ( കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം ) നടപ്പിലാക്കിവരുന്നു.

ഇത്തരത്തിലുള്ള രോഗങ്ങളുള്ളവരെ ആരംഭത്തിൽ തന്നെ സി.എച്ച്.സി. / പി.എച്ച്.സി. കളിലെ ക്ലീനിക്കുകളിലെത്തിച്ച് ചികിത്സയെടുക്കാൻ പ്രേരിപ്പിക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെ പ്രവർത്തനങ്ങൾ പ്രധാനമാണ്. സാമൂഹിക നീതി വകുപ്പിന്റെയും സന്നദ്ധ പ്രവർത്തകരുടെയും വാർഡ്തല ആരോഗ്യ ശുചിത്വ സമിതിയുടെയും പ്രവർത്തികളെ ഇക്കാര്യത്തിലേക്ക് സമന്വയിപ്പിയ്ക്കാവുന്നതാണ്.

നേരത്തെ അസുഖം കണ്ടെത്തി ചികിത്സിക്കുന്നതും, ചികിത്സ മുടക്കം കൂടാതെ നടത്തുന്നതും, സമൂഹം മുൻവിധികളോടെ പെരുമാറാതിരിക്കുന്നതുമെല്ലാം മാനസികാരോഗ്യ പരിചരണത്തിൽ പ്രാധാന്യമുള്ള കാര്യങ്ങളാണ്.അതോടൊപ്പം മാനസികരോഗികളോടുള്ള കുടുംബത്തിന്റെയും ,സമൂഹത്തിന്റെയും മനോഭാവം മാറ്റിയെടുക്കാനുള്ള ദീർഘകാല പരിപാടികളും വളരെ പ്രസക്തമാണ്. ജില്ലാതല വിദഗ്ദ സംഘത്തിന്റെ സന്ദർശനങ്ങൾക്ക് ശേഷമുള്ള തുടർ ചികിത്സകൾക്ക് സി.എച്ച്.സി. / പി.എച്ച്.സി.കളിലെ ഡോക്ടർമാരെയും, പാരാമെഡിക്കൽ സ്റ്റാഫിനെയും കൂടുതൽ സജ്ജരാക്കേണ്ടതുണ്ട്. വേണ്ടത്ര അവബോധം നൽകുക, അർഹതയുള്ളവരെ ഈ സെന്ററുകളിൽ എത്തിക്കുക എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്.

## 11. ദന്ത ചികിത്സയും ദന്ത രോഗ ക്ലീനിക്കുകൾ ശക്തിപ്പെടുത്തലും

ആരോഗ്യ വകുപ്പിന്റെ കീഴിൽ ജനറൽ/ജില്ല ആശുപത്രികളിലും പ്രധാന താലൂക്ക് ആശുപത്രികളിലും മാത്രമേ ഇപ്പോൾ ദന്തയൂണിറ്റുകളും ദന്ത ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളു.പുതുതായി പദവി ഉയർത്തിയതിൽ അടക്കം ചില താലൂക്ക് ആശുപത്രികളിൽ ദന്തയൂണിറ്റുകളും ദന്ത ഡോക്ടർമാരുടെ സേവനവും ലഭ്യമല്ല. നിലവിൽ പ്രവർത്തിച്ചുവരുന്ന ദന്തയൂണിറ്റുകളുടെ വികസനപ്രവർത്തനങ്ങളും കൂടുതലായി ഇത്തരം യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

കൈമാറ്റം ചെയ്യപ്പെട്ട ആരോഗ്യസ്ഥാപനങ്ങളിലെ ദന്തയൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്. ദന്തയൂണിറ്റുകൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ദന്തരോഗ പരിശോധനയും ദന്തൽ ചെയറും അടങ്ങുന്ന അടിസ്ഥാന സൗകര്യമൊരുക്കി താല്ക്കാലികടിസ്ഥാനത്തിൽ ദന്തസർജ്ജനേയും, ഡെന്റൽ ഹൈജിനിസ്റ്റിനേയും സർക്കാർ അനുമതിയോടെ നിയമിച്ച് പ്രവർത്തനങ്ങൾ ആരംഭിയ്ക്കാവുന്നതുമാണ്.

സ്കൂൾകുട്ടികളുടെയും വയോജനങ്ങളുടെയും മറ്റ് എല്ലാവിഭാഗം ജനങ്ങളുടെയും ദന്താരോഗ്യ സംരക്ഷണത്തിനും,ചികിത്സയ്ക്കും ഊന്നൽ നൽകികൊണ്ടുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൈ എടുക്കാവുന്നതാണ്.ആരോഗ്യ വകുപ്പിലെ ഡെന്റിസ്റ്റുകളുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും സേവനത്തിനു പുറമെ, മെഡിക്കൽ കോളേജിലെയും സ്വകാര്യ കോപ്പറേറ്റീവ് സ്ഥാപനങ്ങളിലേയും ദന്ത ഡോക്ടർമാരുടെയും ഹൈജിനിസ്റ്റുകളുടെയുമൊക്കെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ആയതിനുവേണ്ടി തദ്ദേശഭരണസ്ഥാപനതലത്തിൽ പി.എച്ച്.സി മുഖാന്തിരം ക്യാമ്പുകൾ നടത്തി ചികിത്സ ലഭ്യമാക്കാവുന്നതാണ്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾക്ക് ഇക്കാര്യത്തിൽ സഹായം നൽകാവുന്നതാണ്.

## 12. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോഗ്രാമും വയോജന ആരോഗ്യ പരിപാടികളും

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മുൻകൈയിൽ ആരോഗ്യ വകുപ്പിന്റെയും സന്നദ്ധ പ്രവർത്തകരുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തന പരിപാടിയാണല്ലോ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പ് സാന്ത്വന പരിപാടിയുടെ മാനദണ്ഡങ്ങളും പ്രോജക്ടുകൾ തയ്യാറാക്കേണ്ടതിനെ കുറിച്ചുള്ള മാർഗ്ഗരേഖകളും ഏല്ലാ വർഷവും പുറപ്പെടുവിച്ചു വരുന്നതുകൊണ്ട്, അക്കാര്യങ്ങൾ ഇവിടെ വിശദമാക്കേണ്ടതില്ലല്ലോ.

താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്ന പെയിൻ ആന്റ് പാലിയേറ്റീവ് യൂണിറ്റുകൾക്ക് കൂടുതൽ സൗകര്യ മൊരുക്കി വിദഗ്ദ പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുന്ന കേന്ദ്രങ്ങളാക്കി ഇവയെ മാറ്റാനും, പരിശീലന പരിപാടികളുടെ കേന്ദ്രമാക്കുവാനുമാണ് സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള ഫണ്ട് ഈ വർഷം പ്രധാനമായും ലഭ്യമാക്കിയത്. കൂടാതെ ഈ പ്രോഗ്രാമിന് വേണ്ട അധിക സാധന സാമഗ്രികൾ, ഫർണിച്ചറുകൾ, മരുന്നുകൾ തുടങ്ങിയവ വാങ്ങാനും ഈ ഫണ്ടുകൾ ലഭ്യമാക്കിയിട്ടുണ്ട്.

വയോജന ആരോഗ്യപരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കുന്ന താലൂക്ക്/ ജില്ല ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ സജ്ജമാക്കുവാനുള്ള ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.വയോജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒ.പി. വിഭാഗങ്ങളിലും കിടത്തി ചികിത്സയ്ക്കുള്ള വാർഡുകളിലും റാമ്പുകൾ നിർമ്മിക്കുക, പിടിച്ചു നടക്കാൻ ടോയ്‌ലറ്റിലേയ്ക്കും മറ്റും കൈവരികൾ, അധികമായി ആവശ്യമായ വീൽ ചെയറുകൾ തുടങ്ങിയവയ്ക്കും പൊതുവിൽ ഈ സ്ഥാപനങ്ങൾക്ക് വയോജന സൗഹൃദ സ്ഥാപനങ്ങളാക്കു വാനുള്ള മറ്റു പ്രവർത്തനങ്ങളും ചെയ്യുവാൻ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ പ്രത്യേകമായി വയോജന ക്ലിനിക്കുകളും ആരംഭിച്ചു വരുന്നു. ഫീൽഡുതലത്തിൽ വയോജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ആരോഗ്യ പരിചരണം എന്നിവയും ചെയ്യുന്നുണ്ട്.

വയോജന ആരോഗ്യപരിചരണ സൗകര്യങ്ങൾ കൈമാറ്റം ചെയ്ത ഗവൺമെന്റ് ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും വയോജന ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കാര്യമായ പങ്ക് വഹിക്കാൻ കഴിയും. അതുപോലെ ഫീൽഡ്തല വയോജന ആരോഗ്യ പരിപാടികൾ സാമൂഹ്യനീതി വകുപ്പിന്റെയും, സന്നദ്ധ പ്രവർത്തകർ, പെൻഷണേഴ്സ് അസോസിയേഷനുകൾ തുടങ്ങിയവയുമായി ചേർന്ന് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റ് ആരോഗ്യ പ്രോജക്ടുകളുമായി ഈ വിഭാഗങ്ങളെ ഏകോപിപ്പിക്കുകയും വിടവുകൾ നികത്തുന്നതിന് പ്രോജക്ടു കൾ തദ്ദേശഭരണ തലത്തിൽ ഉൾപെടുത്തുകയും ചെയ്യാം. വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളുമായുള്ള ഏകോപനവും വിടവുകൾ നികത്തുന്നതിനുള്ള പ്രോജക്ടു കളും തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപെടുത്താം.

# 13. ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

**പ്ലാൻ ഹെഡ്:** ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ

**കാഴ്ചപ്പാട് :** സ്റ്റേറ്റ് പ്ലാൻഫണ്ട് വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രധാനമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത ജനറൽ ആശുപത്രികൾ സ്പെഷ്യാലിറ്റി ആശുപത്രിയായ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ,മാനസികാരോഗ്യ കേന്ദ്രങ്ങൾ, ലെപ്രസി ആശുപത്രികൾ, ക്ഷയരോഗ ആശുപത്രികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്ന രീതിയാണ് തുടരുന്നത്.

താഴെതട്ടിൽ നിന്നുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിലും ആവശ്യകതയുടെ പ്രാധാന്യവും കണക്കിലെടുത്ത് കൈമാറ്റം ചെയ്ത ആശുപത്രികൾക്കും ഫണ്ട് ലഭ്യമാക്കാറുണ്ട്.പതിമൂന്നാം ധനകാര്യ കമ്മീഷൻ ,അഡീഷണൽ കേന്ദ്രസഹായം തുടങ്ങിയവ വഴി ലഭ്യമാകുന്ന ഫണ്ടുകൾ അതാത് സ്കീമുകളിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് തയ്യാറാക്കുന്ന പ്ലാനിന്റേയും, എസ്റ്റിമേറ്റിന്റേയും അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ലഭ്യമാക്കി വരുന്നു.

പുതിയ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് വഴി ഓപ്പറേറ്റ് ചെയ്യുന്ന 4410 എന്ന ഹെഡ് ഓഫ് അക്കൗണ്ട് വഴിയും ഫണ്ട് ലഭ്യമാക്കുന്നതാണ്. ഇതിനുവേണ്ടുന്ന പ്രൊപ്പോസലുകൾ,പ്ലാൻ,എസ്റ്റിമേറ്റ് അതാത് പ്രദേശത്തെ / ജില്ലകളിലെ പൊതുമരാമത്ത് എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കി, പി. ഡബ്ല്യു.ഡി. വകുപ്പിലെ മേലെ തട്ടിൽ നിന്ന് അംഗീകാരം ലഭ്യമാക്കുകയും ഗവൺമെന്റ് തലത്തിൽ അനുമതി നൽകുകയുമാണ് ചെയ്തു വരുന്നത്. വിവിധ വകുപ്പുകളുടെ നിലവിലുള്ള ആസ്തി മെയ്ന്റെൻ ചെയ്യുന്നതിനു വേണ്ടിയുള്ള ധനകാര്യ വകുപ്പിന്റെ ആന്യുവൽ മെയ്ന്റനൻസ് ഗ്രാന്റ് (എ.എം.ജി. ) നിലവിലുള്ള കെട്ടിടങ്ങളുടെ (പ്രത്യേകിച്ചും കൈമാറ്റം ചെയ്യപ്പെടാത്ത സ്ഥാപനങ്ങളിലേക്ക്) പ്രധാനപ്പെട്ട അറ്റകുറ്റ പണികൾക്കും മറ്റ് മെയ്ന്റനൻസ് പണികൾക്കും ലഭ്യമാകുന്ന പ്ലാൻ ,പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കി വരുന്നതാണ്. ഫണ്ടുകൾ പരിമിതവും ആവശ്യക്കാർ കൂടുതലായി വരികയും ചെയ്യുന്നതുകൊണ്ട് ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന പ്രോപ്പോസലുകൾക്ക് മുൻഗണനാക്രമത്തിൽ ഫണ്ട് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാനസകര്യ വികസന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ

പ്ലാൻഫണ്ട് , മെയ്ന്റനൻസ് ഗ്രാന്റ് തുടങ്ങിയവ വഴി ചെയ്യേണ്ടതാണ്. കൈമാറിയ സ്ഥാപനങ്ങൾ സംരക്ഷിക്കേണ്ടതും കൂടുതൽ പശ്ചാത്തല വികസനം സാധ്യമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുമ്പോൾ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് തയ്യാറാക്കാൻ ശ്രമിക്കണം. കൂടാതെ സംസ്ഥാന കേന്ദ്ര ഫണ്ടുകൾ ലഭിക്കുമെങ്കിൽ ആയതുമായും സംയോജിപ്പിക്കണം.

**പ്രാഥമികാരോഗ്യകേന്ദ്രത്തിലെ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ -ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

- ഗവൺമെന്റ് അനുമതിയില്ലാതെ പുതിയ കെട്ടിടം നിർമ്മിക്കാൻ പാടുള്ളതല്ല.
- കിടക്കകളും ഇൻ പേഷ്യന്റ് സംവിധാനവും അനുവദിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ കിടത്തി ചികിത്സയ്ക്കുള്ള വാർഡുകൾ പണിയുവാൻ പാടില്ല.
- കേരളത്തിലെ സാഹചര്യത്തിൽ കിടത്തി ചികിത്സയ്ക്ക് ബെഡ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ തന്നെ പലയിടങ്ങളിലും ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും തസ്തികകൾ നിലവിലില്ലാത്തതു മൂലവും, ഉള്ള തസ്തികയിൽ നിയമനം നൽകാൻ കഴിയായ്ക മൂലവും മറ്റ് പല ഘടകങ്ങൾ കൊണ്ടും കിടത്തി ചികിത്സ നടക്കാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് ഈ സ്ഥാപനങ്ങളിൽ കിടത്തി ചികിത്സയ്ക്കുള്ള വാർഡുകൾ അധികമായി പണിയുന്ന കാര്യത്തിൽ കൂടുതൽ ആലോചനകൾ ആവശ്യമാണ്.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പലയിടങ്ങളിലും കിടത്തി ചികിത്സയ്ക്കും മറ്റുമായി പണിത കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ഈ സ്ഥല സൗകര്യങ്ങൾ ഫലപ്രദമായ രീതിയിൽ പുതിയ പ്രോഗ്രാമുകളായ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ, ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി, കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത്, കൗമാര ആരോഗ്യ പരിപാടി തുടങ്ങിയവ നടപ്പിലാക്കാനോ, ആരോഗ്യ ബോധവത്ക്കരണം/കൗൺസിലിംഗ് തുടങ്ങിയ കാര്യങ്ങൾക്കൊക്കെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ചിലയിടങ്ങളിൽ ഔട്ട് പേഷ്യന്റ് വിഭാഗം വേണ്ടത്ര സ്ഥല സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുകയും ഐ.പി.വാർഡുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്യുന്ന സ്ഥിതിയും കാണാറുണ്ട്. അത്തരം സ്ഥലങ്ങളിൽ ഇത്തരം ഉപയോഗിക്കാത്ത വാർഡുകൾ നല്ല രീതിയിൽ ഒ.പി പരിശോധന നടത്താൻ ഉപയോഗിക്കാവുന്നതാണ്. ഫീൽഡ് വിഭാഗം ജീവനക്കാർക്കും, സൂപ്പർവൈസർമാർക്കും, മറ്റ് സ്റ്റാഫിനും ഓഫീസ് മുറികളോ ഇരിക്കാനുള്ള സ്ഥല സൗകര്യമോ ആവശ്യത്തിന് ഇല്ലാത്ത സ്ഥലങ്ങളിൽ അത്തരത്തിലും വെറുതെ കിടക്കുന്ന സ്ഥല സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

- സ്ഥല സൗകര്യങ്ങൾ ആവശ്യത്തിന് ഇല്ലാത്ത സ്ഥാപനങ്ങൾക്ക് അവ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കണം. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾക്കും ഇതിലേക്ക് സംഭാവനകൾ നൽകാവുന്നതാണ്.

## 14. ഗ്രാമീണ മേഖലയിലെ പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നബാർഡ് സഹായം

നബാർഡ് വഴിയുള്ള ധനസഹായത്തിൽ ഊന്നൽ നൽകുന്ന മേഖലയാണ് ആരോഗ്യം. പുതിയ കെട്ടിട നിർമ്മാണങ്ങൾക്കാണ് ഫണ്ട് ലഭ്യമാക്കി വരുന്നത്. ആവശ്യകത തിട്ടപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ആവശ്യപ്പെടുന്ന മുറയ്ക്ക് നബാർഡ് മാനദണ്ഡങ്ങളനുസരിച്ചുള്ള പ്ലാൻ, എസ്റ്റിമേറ്റും, പ്രൊപ്പോസലുകളും തയ്യാറാക്കി നൽകേണ്ടതാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും ആ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിനും സഹായം ലഭിക്കുന്നതാണ്.

## 15. ജില്ല/ജനറൽ/താലൂക്ക്/ആശുപത്രികളിലെയും സി.എച്ച്.സി.കളിലേയും ലാബോറട്ടറികളിൽ രോഗ നിർണ്ണയ സംവിധാനം ശക്തിപ്പെടുത്തൽ

പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധി രോഗങ്ങളായ ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻഗുനിയ തുടങ്ങിയവയുടെ രോഗനിർണ്ണയത്തിനും ,ജീവിത ശൈലി രോഗങ്ങളായ പ്രമേഹം രക്ത സമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയുടെയെല്ലാം കാര്യക്ഷമമായ ചികിത്സയ്ക്കും രോഗ നിർണ്ണയത്തിനും ആധുനിക ലാബോറട്ടറി പരിശോധനാ സൗകര്യങ്ങൾ ഒഴിവാക്കാൻ കഴിയാത്തതാണ്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് സംസ്ഥാന പ്ലാൻഫണ്ടിനു പുറമെ 13-ാം ധനകമ്മീഷൻ ഫണ്ടുകളും ഈ ആവശ്യത്തിലേക്കായി ലഭ്യമാക്കിയിട്ടുണ്ട്.

ആശുപത്രികളുടെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾക്കുള്ള ദീർഘസ്ഥായിയായ മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ അവിടത്തേക്ക് വേണ്ട ആധുനിക രോഗനിർണ്ണയ ഉപകരണങ്ങളുടെയും ലാബോറട്ടറി സൗകര്യങ്ങളുടെയും കൂടി കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. സംസ്ഥാനപദ്ധതി വഴിയും 13-ാം ധനകാര്യകമ്മീഷൻ സഹായം വഴിയും ലഭ്യമാക്കാൻ കഴിയുന്ന സൗകര്യങ്ങളേതെന്ന കാര്യം കണക്കിലെടുത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടുപയോഗിച്ചുള്ള ഉപകരണങ്ങൾ വാങ്ങാൻ പ്ലാൻ ചെയ്യുന്നത് ഉചിതമായിരിക്കും. അതുപോലെ ഉപകരണങ്ങൾ മെയ്ന്റനൻസ് കോൺട്രാക്ട് ഉറപ്പുവരുത്താനും, കേടായ

ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും വേണ്ട പ്രാധാന്യം നൽകേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലാബ് സൗകര്യം ഒരുക്കൽ, ആശുപത്രി ഉപകരണങ്ങൾ വാങ്ങി നൽകൽ, മറ്റ് തരത്തിലുള്ള ലാബ് ആശുപത്രി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ എന്നിവയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതിയിലുൾപ്പെടുത്താം. പദ്ധതി തയ്യാറാക്കുമ്പോൾ മറ്റ് പദ്ധതികൾ പഠിച്ച് ഏകോപിപ്പിക്കേണ്ടതാണ്.

## 16. ആശുപത്രികളിലേക്കും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലേക്കുമുളള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ ചെറിയ തരം സാധന സമഗ്രികളായ ബി.പി അപ്പാരറ്റ്സ്, കിടക്ക, കട്ടിൽ തുടങ്ങിയവയ്ക്കും വലിയ വിലപിടിപ്പുള്ള ആശുപത്രി ഉപകരണങ്ങളായ എക്സ്റേ മെഷിൻ, സി.ടി.സ്കാൻ തുടങ്ങിയവയ്ക്കും ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കി വരുന്നുണ്ട്.സെപ്റ്റംബർ മാസത്തോടെ അതാത് ആശുപത്രികളും ആരോഗ്യസ്ഥാപനങ്ങളും വാർഷിക ഇന്റന്റ് തയ്യാറാക്കി ജില്ല മെഡിക്കൽ ഓഫീസുകൾ വഴി ആരോഗ്യ വകുപ്പ് ഡയറക്ടറേററിലെ എം.എസ്.പി. സെക്ഷനി (അഡീഷണൽ ഡയറക്ടർ മെഡിക്കലിന്റെ കീഴിൽ വരുന്ന) ലേക്ക് നൽകുകയും ആവശ്യകത വിശകലനം നടത്തി ഗവൺമെന്റ് അനുമതിയോടെ ഡയറക്ടറേറ്റ് തലത്തിലോ, കെ.എം.സി.എൽ. വഴിയോ സാധനങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വാങ്ങുമെന്ന് ഉറപ്പിക്കുന്ന ഇനങ്ങൾ സംസ്ഥാനതലത്തിലേക്ക് ഇന്റന്റ് ചെയ്ത് ഡ്യുപ്ലിക്കേഷൻ വരുത്തരുത്.
- സാങ്കേതിക അനുമതി ലഭ്യമാക്കാൻ ബുദ്ധിമുട്ടുള്ളതും, സാങ്കേതികവശം വിലയിരുത്തി വാങ്ങൽ പ്രക്രിയ പൂർത്തിയാക്കാൻ കഴിയാത്ത വിലകൂടിയതുമായ ഉപകരണങ്ങൾ താഴെ തട്ടിൽ വാങ്ങാൻ ശ്രദ്ധിക്കാതിരിക്കുന്നതാണ് ഉചിതം.
- പ്രത്യേകിച്ച് വിലകൂടിയ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പ് അവ സ്ഥാപിക്കാനുള്ള അടിസ്ഥാന സൗകര്യവും, പ്രവർത്തിക്കാനാവശ്യമായ സാങ്കേതിക വിദഗ്ദരുടെയും ലഭ്യത ഉറപ്പുവരുത്തുക.
- മെഡിക്കൽ ഉപകരണങ്ങളുടെ കോംപ്രഹെൻസീവ് മെയ്ന്റനൻസ് കോൺട്രാക്ടും , ആന്യുവൽ മെയ്ന്റനൻസ് കോൺട്രാക്ടും എടുത്തിരിക്കണം.
- ‘‘കണ്ടം’’ ചെയ്യേണ്ടുന്ന സാധന സമഗ്രികൾ സമയ ബന്ധിതമായി കണ്ടം ചെയ്യുകയും ലേലം ചെയ്ത് നീക്കം ചെയ്യുകയും ചെയ്യുക.
- ഒരു സ്ഥാപനത്തിലേക്ക് ലഭ്യമാവുകയും അവിടെ സ്റ്റാഫോ,സൗകര്യങ്ങളോ ഇല്ലായ്മ മൂലം പ്രവർത്തിപ്പിക്കാനാകാതെ വരികയും ചെയ്യുന്ന ഉപകരണങ്ങൾ

അവ ആവശ്യമുള്ള മറ്റു സ്ഥാപനങ്ങളിലേക്ക് ഡി.എം.ഒ.യുമായി ബന്ധപ്പെട്ട് മാറ്റാനുള്ള നടപടിയെടുക്കുക.

- തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾക്കും ഇവിടെ പ്രധാനപ്പെട്ട പങ്കു വഹിക്കാനുണ്ട്. ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശ്രദ്ധിക്കാനാകും. വർക്കിംഗ് ഗ്രൂപ്പുകളിൽ ഇവ ചർച്ചയ്ക്ക് മെഡിക്കൽ ഓഫീസർമാർ വിധേയമാക്കണം.

## 17. ക്യാൻസർ കെയർ പ്രോഗ്രാം

ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിയ്ക്കാൻ ഇടയായതുമൂലവും ജീവിത ശൈലിയിൽ വന്ന മാറ്റവും, പാരിസ്ഥിതിക മലിനീകരണങ്ങളുമെല്ലാം വഴി കേരളത്തിൽ കാൻസർരോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായികൊണ്ടിരിക്കുക യാണ്. ക്യാൻസർ രോഗ ബോധവത്ക്കരണം വഴി അർബുദ രോഗത്തിന് കാരണമായ ഘടകങ്ങൾ ലഘൂകരിക്കുക, ആരംഭത്തിൽ തന്നെ രോഗം കണ്ടുപിടിക്കാനാ വശ്യമായ സ്ക്രീനിംഗ് ടെസ്റ്റുകളും മറ്റും ലഭ്യമാക്കുക, ക്യാൻസർ ചികിത്സസൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ പ്രോഗ്രാം വഴി ലക്ഷ്യമിടുന്നത്. നിലവിൽ ആർ.സി.സി. തിരുവനന്തപുരം മലബാർ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ വിഭാഗങ്ങൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മാത്രമാണ് ക്യാൻസർ ചികിത്സയ്ക്കാവശ്യമായ വിദഗ്ദ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളു.

ജില്ല/ജനറൽ ആശുപത്രികളിലെ ഡോക്ടർമാർക്ക് ആർ.സി.സി. തിരുവനന്തപുരത്ത് പരിശീലനം നൽകി, ആർ.സി.സി., എം.സി.സി. മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ചികിത്സ ആരംഭിക്കുന്ന രോഗികൾക്ക് ഫോളോ അപ്പ് കിമോതെറാപ്പിയും തുടർ ചികിത്സകളും ഈ ആശുപത്രികളിൽ വച്ച് ചെയ്യാനുള്ള നടപടിക്രമങ്ങൾ ഇതുവഴി പൂർത്തിയായി വരികയാണ്. കാൻസർ ചികിത്സയ്ക്കാവശ്യമായ വിലകൂടിയ മരുന്നുകളും ഇതോടൊപ്പം ആർ.സി.സി. വഴി വാങ്ങി ലഭ്യമാക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ക്യാൻസർ ബോധവത്ക്കരണത്തിലും, ജീവിത ശൈലിയിൽ മാറ്റം വരുത്തുന്ന പ്രവർത്തനങ്ങൾക്കും, ക്യാൻസർ ആരംഭത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുവാനുള്ള രോഗ നിർണ്ണയ ക്യമ്പുകൾ സംഘടിപ്പിക്കുക. പുകയില ഉപയോഗത്തിനും, മദ്യപാനത്തിനുമെതിരെ വിപുലമായ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകാനാവും. വാർഡുതല ആരോഗ്യശുചിത്വ സമിതികൾക്ക് ഈ രംഗത്ത് പ്രവർത്തനങ്ങൾ നടത്താനാവും. അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ വഴി ജനങ്ങൾക്ക് അവബോധം നൽകുകയും യഥാസമയം രോഗനിർണ്ണയം നടക്കുന്നുണ്ടെന്നും, ചികിത്സ ലഭിക്കുന്നുണ്ടെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം.

## 18. അക്രമങ്ങൾക്കും സാമൂഹിക നിന്ദകൾക്കും ഇരയാവുന്നവർക്ക് ആരോഗ്യ സംരക്ഷണം.

ഗാർഹിക പീഢനങ്ങൾക്കും (ഡൊമസ്റ്റിക് വൈലൻസ്) മറ്റു രീതികളിലുള്ള അക്രമങ്ങൾക്കും സാമൂഹിക മാനസിക പ്രശ്നങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾ പലപ്പോഴും ഇക്കാര്യങ്ങൾ ചികിത്സയ്ക്ക് എത്തുമ്പോൾ ഡോക്ടറോടുപോലും മറച്ചു വയ്ക്കപ്പെടേണ്ട സാഹചര്യമാണ് നേരത്തെ ഉണ്ടായിരുന്നത്.ഇത്തരം പ്രശ്നങ്ങളുമായി പലപ്പോഴും ആദ്യം എത്തേണ്ടിവരുന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് ആശുപത്രികൾ ഇവ കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും പ്രശ്നങ്ങളുടെ പരിഹാരത്തിലേക്ക് നീങ്ങേണ്ടതുമുണ്ട്. എന്ന കാര്യം മനസ്സിലാക്കിയാണ് ഏതാനും വർഷം മുമ്പ്  ജില്ല/ജനറൽ ആശുപത്രികൾ കേന്ദ്രീകരിച്ച് ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചത്. ഡോക്ടർമാർക്കും ,നേഴ്സ്മാർക്കും മറ്റും ഇക്കാര്യങ്ങളിൽ പരിശീലനം നൽകി ജെന്റർ ബെയ്സ്ഡ് വയലൻസിന് വിധേയരായി വരുന്ന സ്ത്രീകളെ തിരിച്ചറിഞ്ഞ്  ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഇതിനായുള്ള സെന്ററുകളിലെ കൗൺസലർമാരുടെ അടുത്തേയ്ക്ക് അയയ്ക്കുന്നു.മേലിൽ ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള കൺസിലിംഗും  പ്രതിരോധ നടപടികളും അവിടന്ന് ചെയ്യുന്നു. ആവശ്യമായ കേസ്സുകളിൽ നിയമപരമായ സഹായം ചെയ്യുന്ന ഏജൻസികളായ (കെൽസ) കെ.ഇ.എൽ.എസ്.എ. തുടങ്ങിയവയുമായി ബന്ധപ്പെടുത്തി കൊടുക്കുന്നു. ഇതിന് വിധേയരാകുന്ന വ്യക്തികളുടെ കുടുംബത്തിന് സഹായകമാവുന്ന രീതിയിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ സഹായവും ലഭിക്കുന്നു.

ആശുപത്രി മേധാവിയും വിവിധ വിഭാഗം സ്റ്റാഫുമടങ്ങുന്ന ആശുപത്രിയിലെ സമിതി ആശുപത്രി കേന്ദ്രീകരിച്ചുള്ള  പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുന്നു. സാമൂഹികനീതി വകുപ്പിലെ പ്രതിനിധികൾ, പോലീസ് വകുപ്പിലെ വനിതാസെൽ പ്രതിനിധികൾ, ജില്ല പഞ്ചായത്ത്  വനിതാവിഭാഗം സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, സന്നദ്ധ പ്രവർത്തക പ്രതിനിധികൾ  തുടങ്ങിയവരടങ്ങുന്ന ജില്ലാതല ഏകോപന സമിതി വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളേയും ഏകോപിപ്പിക്കുകയും പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നു. ഈ പദ്ധതിയെകുറിച്ചുള്ള അവബോധം ജനങ്ങൾക്ക് നൽകാൻ ബോധവത്ക്കരണ പരിപാടികളും നടത്തി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തിക്കുന്ന ജാഗ്രത സമിതിയുടെയും സാമൂഹ്യനീതി വകുപ്പിന്റെ നിർഭയ പദ്ധതിയുടെയും പ്രവർത്തനങ്ങളും ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. സഹായം ആവശ്യമുള്ള എല്ലാവർക്കും ഇവയെല്ലാം ലഭ്യമാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

## 19. ഡീ അഡിക്ഷൻ സെന്ററുകൾ

മദ്യ ഉപയോഗവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും താരതമ്യേന കൂടുതലുള്ള ഒരു സംസ്ഥാനമാണല്ലോ നമ്മുടേത്. മദ്യപാനത്തിന് എതിരായുള്ള ബോധവത്കരണ പ്രവർത്തനങ്ങളും മറ്റു എല്ലാ തലത്തിലും നടത്തേണ്ടതുണ്ട്. അതോടൊപ്പം മദ്യപാനാസക്തിക്ക് അടിമപ്പെട്ടവരെ അതിൽ നിന്ന് വിമുക്തമാക്കാനുള്ള ആധുനിക സൗകര്യങ്ങൾ പ്രധാന ഗവൺമെന്റ് ആശുപത്രികളിൽ ആരംഭിക്കുക എന്നതാണ് ഈ പദ്ധതി വഴി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലുള്ള മൂന്ന് മാനസികരോഗ്യകേന്ദ്രങ്ങളിലും ലഭ്യമായിരുന്ന ഈ സൗകര്യം ഘട്ടംഘട്ടമായി എല്ലാ ജില്ല ആശുപത്രികളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് ഈ പരിപാടി വഴി ചെയ്തുവരുന്നത്.

ഈ ആശുപത്രികളിലെ സൈക്യാട്രി വിഭാഗത്തിൽ ഇതിനായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക, ഡോക്ടർമാർക്കും സ്റ്റാഫിനും ആവശ്യമായ പരിശീലനം നൽകുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നു. ആദ്യഘട്ടങ്ങളെന്ന നിലയ്ക്ക് കൊല്ലം, വയനാട്, പാലക്കാട്, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ ഇവ ആരംഭിച്ച് പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. പത്തനംതിട്ട,മലപ്പുറം,കണ്ണൂർ ജില്ലകളിൽ ഈ വർഷം ആരംഭിക്കുന്നതാണ്.

അതാത് തദ്ദേശ സ്വയംഭരണ പ്രദേശത്ത് ഇത്തരം സേവനങ്ങൾ ആവശ്യമുള്ളവരെ കണ്ടെത്തി അവരെ ഡീ അഡിക്ഷന് വിധേയരാക്കുന്ന കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൈ എടുക്കാൻ കഴിയുന്നതാണ്.കൂടാതെ ഈ സെന്ററുകളിൽ ചികിത്സയ്ക്ക് വിധേയരാവുന്നവരുടെ തുടർ ചികിത്സകൾ ജില്ല/കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമുകളുടെ ഭാഗമായി പി.എച്ച്.സി./സി.എച്ച്,സി.കളിൽ നടന്നുവരുന്ന മെന്റൽ ഹെൽത്ത് ടീമിന്റെ തുടർ ചികിത്സാ സന്ദർശനങ്ങളുമായി ബന്ധിപ്പിക്കേണ്ടതും ചികിത്സ ഉറപ്പു വരുത്തേണ്ടതുമാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലകളിൽപ്പെട്ട മദ്യത്തിനും സാമൂഹ്യതിന്മകൾക്കെതിരേയും ബോധവൽക്കരണം, പൗരബോധം വളർത്തൽ എന്നിവയ്ക്കായി തദ്ദേശഭരണ സ്ഥാപനതലത്തിൽ കമ്മിറ്റികളും അതു വഴി അവ ബോധവും നൽകണം. ഡീ-അഡിക്ഷൻ സെന്ററുകൾ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്തണം. ഗ്രാമസഭകളിൽ അവ ചർച്ചയ്ക്ക് വിധേയമാക്കണം. ആവശ്യം പ്രോജക്ടുകൾ പദ്ധതിയിലുൾപ്പെടുത്തണം.

## 20. പുകയില ഉപയോഗം പ്രതിരോധവും നിയന്ത്രണവും.

പുകയില ഉപയോഗം വിവിധതരം കാൻസറുകൾക്കും ശരീരത്തിലെ ഏതാണ്ട് എല്ലാ അവയവ വ്യവസ്ഥകളേയും ബാധിക്കുന്ന രോഗങ്ങൾക്കും കാരണമാകുന്നു.

കേരളത്തിൽ ഇപ്പോൾ വർദ്ധിച്ചുവരുന്ന ജീവിത ശൈലി രോഗങ്ങൾക്കും ഇതൊരു പ്രധാന കാരണമാണ്. ഇതുമൂലം രക്ത സമ്മർദ്ദം, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങിയവ കൂടുതലായുണ്ടാവാനിടയാകുന്നു. പുകവലിക്കുന്നവർക്ക് മാത്രമല്ല ചുറ്റുമുളളവർക്കും (വീട്ടിലുള്ളവർക്കും) പുക ഉള്ളിൽ ചെല്ലുക വഴി (പാസ്സീവ് സ്മോക്കിംഗ്) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നു.

വിദ്യാലയങ്ങൾ കേന്ദ്രികരിച്ചും യുവജനങ്ങളെ ഉദ്ദ്യേശിച്ചും ഉള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും ,ക്യാമ്പൈനുകളും അതുവഴിയുള്ള പുകവലിയുടെ ഉപയോഗം കുറ്യ്ക്കൽ, പുകയില രഹിത ഭവനം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ, പുകയില ഉപയോഗം നിറുത്താൻ പുകവലിക്കാരെ സഹായിക്കുന്ന രീതിയിൽ പ്രത്യേകമായ കൗൺസിലിംഗ് നടത്താൻ കഴിയുന്ന കേന്ദ്രങ്ങൾ ആശുപത്രികളോടും, ക്ഷയരോഗ ക്ലീനിക്കുകളോടും അനുബന്ധിച്ച് ആരംഭിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ പദ്ധതി വഴി ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്.

പുകയിലയുടെ ദോഷവശങ്ങളെകുറിച്ച് വിദ്യാർത്ഥികളേയും , യുവാക്കളേയും ബോധവത്ക്കരിക്കുന്ന പ്രവർത്തനങ്ങൾ , അതാത് തദ്ദേശ സ്വയംഭരണ പ്രദേശത്ത് വിവിധതരം ക്യാമ്പൈനുകൾ നടത്തുന്ന കാര്യത്തിനുമൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും .

പുകയിലയുടെ വിൽപ്പനയും ,പരസ്യങ്ങളുമൊക്കെ ആന്റി ടുബാക്കോ ആക്റ്റ് (7) അനുസരിച്ചാണ് നടത്തുന്നത് എന്ന് ഉറപ്പുവരുത്താനും അല്ലാത്തപക്ഷം നിയമനടപടി എടുക്കാനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നേതൃത്വം നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനനിയമങ്ങളും ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്. പാൻപ രാഗ് ഇനത്തിൽപെട്ട പുകയില ഉൽപന്നങ്ങൾ ഡി & ഒ നിയമമനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിരോധിക്കാവുന്നവയും അതിന്റെ വിൽപന കാര്യക്ഷമമായി തട യാവുന്നതുമാണ്. അതോടൊപ്പംതന്നെ അവബോധം വളർത്തണം. അയൽക്കൂട്ടതലം വരെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് വേണ്ടി കമ്മിറ്റികൾ രൂപീകരിക്കണം. മെഡി ക്കൽ ഓഫീസർമാർ ഇവയ്ക്ക് നേതൃത്വം നൽകണം.

## 21. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ

(പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാ ധനസഹായം - കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിപാടി )

വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കുറവുള്ള നിർദ്ധനരായ രോഗികളെയാണ് ഈ പദ്ധിതയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികൾ, ശ്രീ ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, ആർ.സി.സി. തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ,കോപ്പറേറ്റീവ് മെഡിക്കൽ കോളേജ് കൊച്ചി, കോപ്പറേറ്റീവ് ഹൃദയാലയ മെഡിക്കൽ കോളേജ് പരിയാരം, ശ്രീ അവിട്ടംതിരുനാൾ ആശുപത്രി

തിരുവനന്തപുരം, ഐ..എം.സി.എച്ച് കോഴിക്കോട്, ഐ.സി.എച്ച് കോട്ടയം,ജനറൽ ആശുപത്രി എറണാകുളം, ഇ.എം.എസ്. മെമ്മോറിയൽ കോപ്പറേറ്റീവ് അശുപത്രി പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ചികിത്സ എടുക്കുന്ന രോഗികൾക്ക് താഴെ പറയുന്ന പത്ത് രോഗങ്ങൾക്ക് / രോഗ ചികിത്സയ്ക്ക് അവയ്ക്ക് നേരെ കാണിച്ചിട്ടുള്ള നിശ്ചിത തുകയാണ് പരമാവധി ധനസഹായമായി നൽകുന്നത്.

ഏതെല്ലാം ആശുപത്രികളിലെ ഏതെല്ലാം രോഗ ചികിത്സകൾക്ക് ഏതേതെല്ലാം നിരക്കിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ മുഖാന്തിരം ധനസഹായം നൽകുന്നു എന്നത് ചുവടെ വിവരിക്കുന്നു.

| ക്രമ നമ്പർ | രോഗത്തിന്റെ പേര് | പരമാവധി തുക | ആശുപത്രിയുടെ പേര് |
|---|---|---|---|
| 1 | മസ്തിഷ്ക ശസ്ത്രക്രിയ | 20000/- | 1. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി,തിരുവനന്തപുരം<br>2. റീജയണൽ കാൻസർ സെന്റർ, തിരുവനന്തപുരം<br>3. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം<br>4. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ<br>5. മെഡിക്കൽ കോളേജ് ആശുപത്രി,തൃശ്ശൂർ<br>6. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം<br>7. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്<br>8. സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി<br>9. ഇ.എം.എസ്.മെമ്മോറിയൽ സഹകരണ ആശുപത്രി, പാണമ്പി, പെരുന്തൽമണ്ണ, മലപ്പുറം<br>10.സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ<br>11. ശ്രീ അവിട്ടംതിരുനാൾ ആശുപത്രി തിരുവനന്തപുരം<br>12.മലബാർ ക്യാൻസർ സെന്റർ തലശ്ശേരി,കണ്ണൂർ<br>13.ഇൻസ്ററിട്യൂട്ട് ഓഫ് മെറ്റേർണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്<br>14.ജനറൽ ആശുപത്രി എറണാകുളം<br>15.ഇൻസ്ററിട്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം. |
| 2 | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ | 20000/- | |
| 3 | വൃക്ക മാറ്റിവയ്ക്കൽ | 20000/- | |
| 4 | കരൾ മാറ്റിവയ്ക്കൽ | 20000/- | |
| 5 | പേസ് മേക്കർ സ്ഥാപിക്കൽ | 10000/- | |
| 6 | ആഞ്ജിയോപ്ലാസ്റ്റി | 10000/- | |
| 7 | ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ) | 20000/- | |
| 8 | ഡയാലിസിസ് | 10000/- | |
| 9 | ട്യൂമർ | 10000/- | |
| 10 | അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ റിസക്ഷനും പ്രൊസ്തസിസും, ലംബാർ തൊറാസിക് വെർട്ററിബ്രൽ ഗ്രന്ഥികളിലെ ട്യൂമർ, കാൽമുട്ട് മാറ്റിവയ്ക്കൽ | 10000/- | |

ചികിത്സിയ്ക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വില്ലേജ് ഓഫീസറുടെ പക്കൽനിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മെമ്പർസെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ആശുപത്രിക്ക് സമീപം, തിരുവനന്തപുരം - 35 എന്ന മേൽ വിലാസത്തിലാണ് അപേക്ഷ അയക്കേണ്ടത്. രോഗിക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രിയിൽ നിന്ന് ചികിത്സ സ്ഥിരീകരണ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക്, മുൻഗണനാക്രമമനുസരിച്ച് ചികിത്സാധനസഹായം അനുവദിയ്ക്കുന്നതും കത്തുമുഖാന്തിരം രോഗിയെ വിവരമറിയക്കുന്നതുമാണ്. രസീത് വാങ്ങി ധനസഹായ തുകയുടെ ചെക്ക് രോഗിക്ക് തപാൽ മാർഗ്ഗം അയച്ചു കൊടുക്കുന്നു.

**ഈ വർഷത്തെ പദ്ധതി ഇനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന സ്കീമുകളെകുറിച്ച് ഇവിടെ വിശദീകരിക്കുന്നില്ല. ഇവ പ്രധാനമായും ആരോഗ്യവകുപ്പ് നേരിട്ട് നടത്തി വരുന്നവയാണ്.**

1. തിരുവനന്തപുരത്തും ഷൊർണൂരിലും പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ റീ ഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസോഡേഴ്സിന് ഫണ്ട് ലഭ്യമാക്കൽ
2. ആരോഗ്യവകുപ്പിലെ ജിവനക്കാർക്ക് പരിശീലനം നൽകുന്ന സ്റ്റേറ്റ് ഇൻസ്ററിട്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയറിനുള്ള ഫണ്ട് ലഭ്യമാക്കൽ
3. വൈകല്യം ബാധിച്ചവരുടെ ക്ഷേമത്തിന് പ്രവർത്തിക്കുന്ന സൊസൈറ്റിക്ക് ഫണ്ട് നൽകൽ
4. ആരോഗ്യ വകുപ്പിലെ സ്ഥാപനങ്ങൾ ഡിപ്ലോമാറ്റ് ഓഫ് നാഷനൽ ബോർഡ് എന്ന മെഡിക്കൽ പി.ജി. സീറ്റ് തുടങ്ങാനുള്ള സൗകര്യമൊരുക്കൽ
5. പബ്ലിക്ക് ഹെൽത്ത് ലാബോറട്ടറികൾ ശക്തിപെടുത്തൽ
6. നേഴ്സിംങ് വിദ്യഭ്യാസം മെച്ചപ്പെടുത്താനായി ഗവൺമെന്റ് നേഴ്സിംങ് സ്കൂളുകൾക്കുള്ള പദ്ധതി
7. ടെലി ഹെൽത്ത് പ്രോജക്ട് ശക്തിപെടുത്തൽ
8. ആശപ്രവർത്തകർക്ക് പ്ലാൻ ബഡ്ജറ്റ് വഴി നൽകുന്ന ഓണറേറിയം
9. ഗവൺമെന്റ് ആശുപത്രികളിലെ മെഡിക്കൽ റെക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ
10. തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികൾ മാതൃശിശു ആരോഗ്യകേന്ദ്രങ്ങൾ പുതുതായി നിർമ്മിക്കൽ

11. കൊല്ലത്തും, ആലപ്പുഴയിലും പുതുതായി ജില്ലാമെന്റൽ ഹെൽത്ത് പ്രോഗ്രാം ആരംഭിക്കൽ
12. അടിയന്തിര ചികിത്സ ലഭ്യമാക്കുന്ന 108 ആംബുലൻസ് സൗകര്യം കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കൽ
13. ആരോഗ്യവകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തൽ
14. നവജാത ശിശുക്കളുടെ ജനിതരോഗങ്ങൾ ജനിച്ച ഉടനെ കണ്ടെത്തുന്നതിനുള്ള രക്ത പരിശോധന

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി ഇതിനെ സംയോജിപ്പിക്കാം. സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന വിവിധ സേവനങ്ങൾ, കാരുണ്യ സ്കീം (ലോട്ടറി വകുപ്പ്) പട്ടികജാതി/വർഗ്ഗക്കാർക്കുള്ള പദ്ധതികൾ മറ്റ് ഇൻഷുറൻസ് സ്കീമുകൾ എന്നിവയുമായി ഇതിനെ ഏകോപിപ്പിക്കാം. ഗ്രാമസഭ വഴി അവബോധം നൽകണം. അർഹരായ എല്ലാവർക്കും ഈ സ്കീമുകൾ വഴി ചികിത്സ ലഭ്യമാക്കി എന്ന് ഉറപ്പ് വരുത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ, ആശ്രയ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം. പദ്ധതിരേഖയിൽ ഇവയെക്കുറിച്ച് പ്രതിപാദിക്കണം.

# Xi
# ആയുർവ്വേദ വകുപ്പ്



## 1. ഗ്രാമീണ ആയ്യൂർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും

### ലക്ഷ്യം

ഗ്രാമീണ മേഖലയിലെ സമഗ്ര ആരോഗ്യ പരിപാലനം കേരളത്തിലെ മുഴുവൻ ആയ്യൂർവ്വേദ ഡിസ്പെൻസറികളുടേയും ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിലൂടെ ലഭ്യമാക്കും.

### ഗുണഭോക്താവ്

ഗ്രാമീണ ആയ്യൂർവ്വേദ ഡിസ്പെൻസറികളിൽ ചികിത്സയ്ക്കെത്തുന്ന കേരളത്തിലെ ജനങ്ങൾ.

### സ്കീമിന്റെ നിർവഹണം

ഭാരതീയ ചികിത്സാവകുപ്പ് ചാർജ്ജ് ജില്ലാ ഓഫീസർ മുഖാന്തിരം

## ഫണ്ടിംഗ്

സംസ്ഥാന ഫണ്ട് (പ്ലാൻ) ഭാരതീയ ചികിത്സാവകുപ്പ് മേധാവി ജില്ലാ മെഡിക്കലാഫീസർ മുഖാന്തിരം പി.ഡബ്ല്യു.ഡി എഞ്ചിനീയർക്ക് മുൻകൂർ ഡി.ഡി.ആയി നൽകുന്നു.

## പ്രവർത്തനങ്ങൾ

ഭാരതീയ ചികിത്സാ വകുപ്പ് സ്കീം തയ്യാറാക്കി നൽകിയത് പ്രകാരം ലഭ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ആഫീസർ വഴി നിർവ്വഹണം നടത്തുന്നു.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ആഫീസർമാർ പി.ഡബ്ല്യു.ഡി മുഖാന്തിരം

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ സ്ഥാപന മാനേജ്മെന്റ് കമ്മിറ്റിയുമായി ചർച്ച ചെയ്തു ഡിപ്പാർട്ട്മെന്റിനെ അറിയിക്കണം. ഗ്രാമസഭയിൽ ചർച്ച ചെയ്യണം.

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സ്കീം നിർവ്വഹണം-സ്കീമിന്റെ മേൽനോട്ടം:- നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടേയും ഗ്രാമസഭയുടേയും തദ്ദേശഭരണ സ്ഥാപനത്തിന്റേയും അഭിപ്രായം സ്വരൂപിക്കാൻ സമർപ്പിക്കേണ്ടതാണ്.

## തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ ടി പ്രവർത്തനങ്ങൾ കൂടി വർക്കിംഗ് ഗ്രൂപ്പുകളിലും ഗ്രാമസഭകളിലും ചർച്ചയ്ക്ക് വിധേയമാക്കി ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കാൻ ശ്രദ്ധിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മുൻഗണനകൾ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നിശ്ചയിക്കപ്പെട്ടവ ആയിരിക്കണം.

## 2. ജില്ല താലൂക്ക് ആശുപത്രികളുടെ നിലവാരം ഉയർത്തലും ക്രമീകരണവും

### ലക്ഷ്യം

ജില്ല/താലൂക്ക് ആശുപത്രികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ

### ഗുണഭോക്താവ്

കേരളത്തിലെ ജില്ലാ/താലൂക്ക് ആശുപത്രികളിൽ ആയ്യൂർവ്വേദ ചികിത്സ തേടുന്ന പാവപ്പെട്ട രോഗികൾ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് കേരളത്തിലെ ആയ്യൂർവ്വേദ ജില്ലാ താലൂക്ക് ആശുപത്രികളിലെ ചാർജ്ജ് മെഡിക്കൽ ഓഫീസർ മുഖാന്തിരം

### ഫണ്ടിംഗ്

സംസ്ഥാന ഫണ്ട് (പ്ലാൻ) ഭാരതീയ ചികിത്സാവകുപ്പ് മേധാവി ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം പി.ഡബ്ല്യു.ഡി എഞ്ചിനീയർക്ക് മുൻകൂർ ഡി.ഡി ആയി നൽകുന്നു.

### പ്രവർത്തനങ്ങൾ

ഭാരതീയ ചികിത്സാ വകുപ്പ് സ്കീം തയ്യാറാക്കി നൽകിയത് പ്രകാരം ലഭ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ആഫീസർക്ക് കൈമാറുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ശേഷം ജില്ലാ/താലൂക്ക് ചാർജ്ജ് ഓഫീസർ മേൽനോട്ടം വഹിച്ച് പി.ഡബ്ല്യു.ഡി നിർമ്മാണ പ്രവർത്തനം നടത്തുന്നു.

### സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ആഫീസർമാർ പി.ഡബ്ല്യു.ഡി മുഖാന്തിരം

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഭൗതീക സാഹചര്യക്കുറവിന്റെ മുൻഗണനകൾ ഗ്രാമസഭ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, തദ്ദേശഭരണ സ്ഥാപനം എന്നിവയിൽ ചർച്ച ചെയ്യപ്പെട്ട് വരുന്നവയാകണം.

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സ്കീം നിർവ്വഹണം-സ്കീമിന്റെ മേൽനോട്ടം. മേൽ കമ്മിറ്റികളിലും യോഗങ്ങളിലും അവ ചർച്ച ചെയ്യപ്പെടുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കാര്യമായ പങ്ക് വഹിക്കേണ്ടതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനം അവരുടെ പദ്ധതി തയ്യാറാക്കുമ്പോൾ ഡിപ്പാർട്ട്മെന്റ് വഴി നടപ്പാക്കുന്ന ഏതെല്ലാമെന്ന് തീർച്ചപ്പെടുത്തി വേണം വിടവ് നികത്തുന്നതിന് അവയുടെ പദ്ധതി തയ്യാറാക്കേണ്ടത്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ വേദികളിൽ ചർച്ചചെയ്ത തീരുമാനങ്ങളുടെ മുൻഗണനയിൽ നിന്നാവണം ഡിപ്പാർട്ട്മെന്റ് പ്രവർത്തികളും തയ്യാറാക്കേണ്ടത്.

## 3. സിദ്ധ ആശുപത്രി

### ലക്ഷ്യം

തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഒരേയൊരു സിദ്ധ ആശുപത്രിയായ വള്ളക്കടവ് സിദ്ധ ആശുപത്രിയുടെ വികസനവും ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ.

### ഗുണഭോക്താവ്

വള്ളക്കടവ് സിദ്ധ ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം - സിദ്ധ ആശുപത്രി ചാർജ്ജ് മെഡിക്കൽ ഓഫീസർ മുഖേന.

### ഫണ്ടിംഗ്

സംസ്ഥാന ഫണ്ട് (പ്ലാൻ) ഭാരതീയ ചികിത്സാവകുപ്പ് മേധാവി തിരുവനന്തപുരം ജില്ലാ മെഡിക്കലാഫീസർ മുഖാന്തിരം പി.ഡബ്ല്യു.ഡി എഞ്ചിനീയർക്ക് മുൻകൂർ ഡി.ഡി ആയി നൽകുന്നു.

### പ്രവർത്തനങ്ങൾ

സ്കീം തയ്യാറാക്കി നൽകൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണ മേൽനോട്ടം, പൂർത്തീകരണം

### സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ്, പി.ഡബ്ല്യു.ഡി മുഖാന്തിരം

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയിലും ഗ്രാമസഭകളിലും ചർച്ചയ്ക്ക് വിധേയമാക്കി മുൻഗണന നിശ്ചയിച്ചവ വകുപ്പിന് നൽകണം.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാദ്ധ്യമാക്കാം.

ആശുപത്രി വികസനവും ഭൗതീക സാഹചര്യവും ജനകീയ കമ്മിറ്റികളിലും ഗ്രാമസഭകളിലും തദ്ദേശഭരണയോഗങ്ങളിലും ചർച്ചയ്ക്ക് വിധേയമാക്കിയിരിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വകുപ്പ് ഏകപക്ഷീയമായി മുൻഗണന നിശ്ചയിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണം. ടി പ്രവൃത്തികളും ജനകീയ ചർച്ചയ്ക്ക് വിധേയമാക്കണം.

## 4. ആയ്യൂർവ്വേദ ഡയറക്ടറേറ്റിന്റെ ആധൂനികവത്കരണവും കമ്പ്യൂട്ടർവത്കരണവും

### ലക്ഷ്യം

ആയ്യൂർവ്വേദ ഡയറക്ടറേറ്റ് (ഭാരതീയ ചികിത്സാ വകുപ്പിലെ) ജീവനക്കാർ, പൊതുജനങ്ങൾ, മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കലാഫീസർ, ജില്ലാ മെഡിക്കൽ ആഫീസർമാർ, ഫാർമസിസ്റ്റ്, നെഴ്സ്, തെറാപ്പിസ്റ്റ്, മിനിസ്റ്റീരിയൽ ജീവനക്കാർ, അറ്റൻഡർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ തുടങ്ങി എല്ലാ ജീവനക്കാരും.

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ

## ഫണ്ടിംഗ്

സ്റ്റേറ്റ് ഫണ്ട് (പ്ലാൻ)

## പ്രവർത്തനങ്ങൾ

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിന്റെ ആധുനികവത്കരണം, കമ്പ്യൂട്ടർ വത്ക്കരണം.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റ്

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അറിഞ്ഞിരിക്കണം.

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സ്കീം നടപ്പിലാക്കൽ. സൗകര്യങ്ങളെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ജനങ്ങൾക്കും അറിവ് നൽകൽ.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സൗകര്യങ്ങൾ ഒരുക്കിയത് തദ്ദേശഭരണ സ്ഥാപനങ്ങളേയും ജനങ്ങളേയും അറിയിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ താൽപര്യമെടുക്കണം.

# 5. പ്രകൃതി ചികിത്സാ ആശുപത്രി, വർക്കല

ഭാരതീയ ചികിത്സാവകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ ഏക പ്രകൃതി ചികിത്സാ ആശുപത്രി വർക്കലയുടെ സമഗ്ര വികസനം

## ഗുണഭോക്താവ്

വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയിൽ ചികിത്സക്കെത്തുന്ന കേരളത്തിലുടനീളമുള്ള ജനവിഭാഗം.

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാവകുപ്പ് വർക്കല പ്രകൃതി ചികിത്സാ ആശുപത്രി ചാർജ്ജ് മെഡിക്കൽ ആഫീസർ മുഖേന

### ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതം (പ്ലാൻ) സർക്കാരിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പിന് ലഭ്യമാകുന്നത്, വർക്കല പ്രകൃതി ചികിത്സാ ആശുപത്രി വികസനത്തിന് ഗവൺമെന്റ് അംഗീകൃത ഏജൻസികൾക്ക് മുൻകൂർ ഡി.ഡി ആയി നൽകുന്നു.

### പ്രവർത്തനങ്ങൾ

പദ്ധതിരേഖ തയ്യാറാക്കൽ (എസ്റ്റിമേറ്റ് തയ്യാറാക്കൽ, ആവശ്യമായ മറ്റു വിവരങ്ങൾ ശേഖരിക്കൽ) സമയ ബന്ധിതമായി പദ്ധതി നടപ്പിലാക്കൽ

### സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് അംഗീകൃത ഏജൻസികൾ മുഖേന.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, ഗ്രാമസഭ എന്നിവയിൽ ചർച്ച ചെയ്ത് മുൻഗണന നിശ്ചിയിച്ചതായിരിക്കണം പ്രവൃത്തികൾ

### വകുപ്പിന്റ പങ്ക്, നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല.

പദ്ധതി നിർവ്വഹണം മേൽനോട്ടവും അവലോകനവും. തദ്ദേശഭരണ സ്ഥാപനങ്ങളേയും ജനകീയ സംഘടനകളേയും ഗ്രാമസഭയേയും പ്രവൃത്തി ഏറ്റെടുത്ത കാര്യം അറിയിക്കണം.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ പരിഹരിക്കണം. പദ്ധതിരേഖയുടെ ഭാഗമാക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ വകുപ്പുതലത്തിൽ നടത്തിയ പ്രവൃത്തികളെക്കുറിച്ചും തദ്ദേശഭരണ സ്ഥാപനത്തിനും ഗ്രാമസഭയ്ക്കും വാർഡ്സഭയ്ക്കും അറിവ് നൽകണം.

## 6. മാനസിക രോഗങ്ങൾക്കായുള്ള ആയ്യൂർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയ്ക്കൽ

### ലക്ഷ്യം

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ ഏക മാനസികരോഗാശുപത്രിയും ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുമായ കോട്ടയ്ക്കൽ മാനസികരോഗാശുപത്രിയുടെ സമഗ്ര വികസനം.

## ഗുണഭോക്താവ്

കേരളത്തിലുടനീളമുള്ള മാനസികരോഗ ബാധിതരായ ജനവിഭാഗം

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ്

## ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതം (പ്ലാൻ ഫണ്ട്) സർക്കാരിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പ് മുഖാന്തിരം ഗവൺമെന്റ് അംഗീകൃത ഏജൻസികൾക്ക് മുൻകൂർ ഡി.ഡി ആയി നൽകുന്നു.

## പ്രവർത്തനങ്ങൾ

മാനസിക രോഗാശുപത്രിയ്ക്ക് ആവശ്യമായ സമഗ്ര വികസനത്തിനുള്ള പദ്ധതി തയ്യാറാക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ വികസന പ്രവർത്തനങ്ങൾ

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ്

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ആശുപത്രിയുടെ വികസന മുൻഗണനകൾ ആശുപത്രി കമ്മിറ്റികളിൽ നിന്നുള്ള വയായിരിക്കണം.

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി നിർവ്വഹണം മേൽനോട്ടവും അവലോകനവും. ശരിയായ മുൻഗണന പ്രവൃത്തികളാണ് നടത്തുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തണം. ആയതിനായി തദ്ദേശഭരണ സ്ഥാപനവും വിവിധ ജനകീയ കമ്മിറ്റികളുമായി ചർച്ച നടത്തണം.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാദ്ധ്യമാക്കാം.

വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപെടുത്തണം. പദ്ധതിരേഖയിൽ വിവരിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വകുപ്പ്തല പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനത്തിന്റേയും, ഗ്രാമസഭ/വാർഡ്സഭകളുടെ ചർച്ചയ്ക്ക് വിധേയമാക്കണം. അവർക്ക് പ്രവൃത്തിയെക്കുറിച്ച്, അറിവ് യഥാസമയം നൽകണം.

## 7. ഔഷധി (ഷെയർ ക്യാപിറ്റൽ)

### ലക്ഷ്യം

പദ്ധതി വിഹിതത്തിൽപ്പെടുത്തി ഔഷധിക്ക് ഷെയർ ക്യാപിറ്റൽ നൽകൽ.

### ഗുണഭോക്താവ്

ഔഷധിയും തദ്വാരാ ഔഷധിയുടെ മരുന്നുകൾ ലഭ്യമാക്കുന്ന ഭാരതീയ ചികിത്സാവകുപ്പും.

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ്

### ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതം (പ്ലാൻ) സർക്കാരിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പ് മുഖാന്തിരം ഔഷധിക്ക് നൽകുന്നു.

### പ്രവർത്തനങ്ങൾ

ഔഷധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

### സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ്, ഔഷധി

## 8. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനായിട്ടുള്ള ഗവേഷണ വിഭാഗം

### ലക്ഷ്യം

ഭാരതീയ ചികിത്സാ വകുപ്പിലെ സ്പോർട്സ് റിസർച്ച് സെല്ലിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി കായിക രംഗത്തെ മികവുറ്റതാക്കുക.

## ഗുണഭോക്താവ്

തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിലുള്ള കായിക സ്കൂളുകളിലെ കായിക താരങ്ങളായ വിദ്യാർത്ഥികൾ, ദേശീയ അന്തർദേശീയ രംഗത്തെ മറ്റു കായിക താരങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് സ്പോർട്സ് റിസർച്ച് സെൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിലും തെരഞ്ഞെടുത്ത ആയ്യൂർവ്വേദ ആശുപത്രികളിലും (ജില്ലാ മെഡിക്കൽ ആഫീസർ മുഖേന)

## ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതം (പ്ലാൻ) ഭാരതീയ ചികിത്സാ വകുപ്പ് സ്പോർട്സ് റിസർച്ച് സെല്ലിന് പ്രവർത്തനങ്ങൾക്കായി നൽകുന്നു.

## പ്രവർത്തനങ്ങൾ

ഗവേഷണ പദ്ധതികൾ നടപ്പിലാക്കുക കായികതാരങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്പോർട്ട്സ് പരിക്കുകൾ കൈകാര്യം ചെയ്യുന്നതിനുമുള്ള ഗവേഷണ മാനേജ്മെന്റ് പ്രവർത്തനങ്ങൾ.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ്, സ്പോർട്സ് റിസർച്ച് സെൽ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സെല്ലിനെ കുറിച്ചുള്ള അവബോധം കായികതാരങ്ങൾക്ക് നൽകുക

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി നിർവ്വഹണം മേൽ നോട്ടവും

# 9. പകർച്ചവ്യാധികളും പ്രകൃതി ദുരന്തങ്ങളും നിയന്ത്രിക്കൽ

## ലക്ഷ്യം

ആയ്യൂർവ്വേദ ശാസ്ത്രത്തിലൂടെ പകർച്ചവ്യാധികളുടെ നിയന്ത്രണവും പ്രകൃതി ദുരന്തങ്ങളിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളുടെ നിയന്ത്രണവും.

## ഗുണഭോക്താവ്

പകർച്ചവ്യാധി ബാധിത പ്രദേശത്തേയും, പ്രകൃതി ദുരന്തബാധിത പ്രദേശങ്ങളിലേയും ജനവിഭാഗം.

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന

## ഫണ്ടിംഗ്

പകർച്ചവ്യാധി, പ്രകൃതി ദുരന്തം തുടങ്ങി ബാധിതാകാലത്ത് സംസ്ഥാന പദ്ധതി വിഹിതം (പ്ലാൻ) ഭാരതീയ ചികിത്സാ വകുപ്പ് ബാധിതപ്രദേശത്തെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് പ്രവർത്തനങ്ങൾക്കായി നൽകുന്നു.

## പ്രവർത്തനങ്ങൾ

പകർച്ചവ്യാധി, ദുരന്ത ബാധിത പ്രദേശത്തെ അടിയന്തിര സാഹചര്യങ്ങൾ എന്നിവയുടെ നിയന്ത്രണാർത്ഥമുള്ള പ്രവർത്തനങ്ങൾ അതത് സന്ദർഭങ്ങളിൽ ആവശ്യാർത്ഥം മെച്ചപ്പെട്ട രീതിയിൽ കാഴ്ച വയ്ക്കുന്നു.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ്

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ആവശ്യമായ നിർദ്ദേശങ്ങളും സഹകരണവും ലഭ്യമാക്കുക

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി നിർവ്വഹണം മേൽനോട്ടവും

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണസ്ഥാപനത്തിന്റെ രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്. കൂടാതെ വിവിധ ജനകീയ കമ്മിറ്റികളുമായി പ്രവർത്തനം നടത്താവുന്നതാണ്.

# 10. ജില്ലാ മെഡിക്കൽ ഓഫീസുകളുടെ നവീകരണം

## ലക്ഷ്യം

14 ജില്ലാ മെഡിക്കൽ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക

## ഗുണഭോക്താവ്

പൊതുജനങ്ങൾ, ജില്ലാ-മെഡിക്കൽ ഓഫീസുമായി പ്രവർത്തനബന്ധമുള്ള ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിന്റെ സ്ഥാപനങ്ങളും ജീവനക്കാരും തദ്വാരാ പൊതുജനങ്ങളും

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന പദ്ധതി വിഹിതമായി സർക്കാരിൽ നിന്നും ലഭ്യമാകുന്ന പ്ലാൻ ഫണ്ട് ഭാരതീയ ചികിത്സാ വകുപ്പിലെ 14 ജില്ലാ മെഡിക്കൽ ഓഫീസ് നവീകരണത്തിനായി പി.ഡബ്ല്യു.ഡി/നിർമ്മിതി, ചീഫ് എഞ്ചിനീയർക്ക് നൽകുന്നു. (മുൻകൂർ ഡി.ഡി ആയി)

## പ്രവർത്തനങ്ങൾ

നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ഓഫീസർ - പി.ഡബ്ല്യു.ഡി/ നിർമ്മിതി മുഖേന.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം.

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി നിർവ്വഹണം മേൽനോട്ടവും

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ പരിഹരിക്കണം.

## 11. നിർമ്മാണ പ്രവർത്തനങ്ങൾ

### ലക്ഷ്യം

ഭാരതീയ ചികിത്സാ വകുപ്പിലെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ

### ഗുണഭോക്താവ്

പൊതു ജനങ്ങൾ, വകുപ്പിലെ ജീവനക്കാർ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ്

### ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതമായി ലഭ്യമാകുന്ന പ്ലാൻ ഫണ്ട് ഭാരതീയ ചികിത്സാ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അതത് ഗവൺമെന്റ് അംഗീകൃത ഏജൻസികൾക്ക് നൽകുന്നു. (പി.ഡബ്ല്യു.ഡി/നിർമ്മിതി)

### പ്രവർത്തനങ്ങൾ

എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർമ്മാണ പ്രവർത്തനങ്ങൾ

### സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് - ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖേന.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കെട്ടിടങ്ങളിൽ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ അഭിപ്രായം ആരായണം

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ ഡിപ്പാർട്ട്മെന്റ് പദ്ധതികൾ കൂടി കണക്കിലെടുത്ത് പദ്ധതി ഏകോപനം നടത്തണം.

## 12. ബാലമുകുളം - സ്കൂൾ ഹെൽത്ത് പ്രോഗ്രാം (പുതിയ സ്കീം)

### ലക്ഷ്യം

കേരളത്തിലെ എൽ.പി. സ്കൂളുകളിലെ (തിരഞ്ഞെടുക്കപ്പെട്ട) കുട്ടികളിൽ ആവർത്തിച്ച് ഉണ്ടാകുന്ന ശ്വാസകോശരോഗങ്ങളെ പ്രതിരോധിക്കുകയും ചികിത്സി

ക്കുകയും ചെയ്യാൻ ലക്ഷ്യമിടുന്നു. കൂടാതെ രോഗപ്രതിരോധം നേടാനുള്ള ആയ്യൂർവ്വദ ചികിത്സയും ലക്ഷ്യമിടുന്നു.

## ഗുണഭോക്താവ്

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട എൽ.പി. സ്കൂളുകളിലെ ശ്വാസകോശബാധിതരായ കുട്ടികൾ, രോഗപ്രതിരോധം ലക്ഷ്യമിടുന്നതിനാൽ മറ്റ് കുട്ടികളും ഇതിൽ ഉൾപ്പെടുന്നു. (രോഗബാധിതരല്ലാത്ത കുട്ടികളും)

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ്

## ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതമായ (പ്ലാൻ ഫണ്ട്) സർക്കാരിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പിന് ലഭ്യമാകുന്നത് അതത് ജില്ലാ മെഡിക്കൽ ആഫീസർ മുഖേന മരുന്നും മറ്റ് പ്രോജക്ട് അനുബന്ധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

## പ്രവർത്തനങ്ങൾ

അടിക്കടിയുള്ള ശ്വാസകോശരോഗങ്ങളുടെ കാരണം കണ്ടെത്തുകയും URTI (അപ്പർ റെസ്പിറേറ്ററി ട്രാക്ട് ഇൻഫെക്ഷൻ) സ്കൂൾ കുട്ടികളിൽ ആയ്യൂർവ്വേദ ചികിത്സയിലൂടെ രോഗം പ്രതിരോധിക്കുകയും ചെയ്യുക.

രോഗപ്രതിരോധ ശക്തി - തിരഞ്ഞെടുക്കപ്പെട്ട എൽ.പി. സ്കൂൾ കുട്ടികൾക്ക് പ്രാപ്തമാകുക. മരുന്ന് ലഭ്യമാക്കുക, ബോധവത്ക്കരണം നടത്തുക.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് - വിദ്യഭ്യാസ വകുപ്പുമായി ചേർന്ന്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതി നടത്തിപ്പിൽ അവലോകനത്തിനും, ബോധവൽക്കരണത്തിനും മറ്റുമായി ചെറിയ കൂട്ടായ്മകളിൽ പങ്കാളിത്തം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പ്രശ്നങ്ങളുമായി ഇതിനെ ബന്ധപ്പെടുത്തണം. ഗ്രാമസഭ വഴി അവബോധം നൽകണം.

## വകുപ്പിന്റെ പങ്ക്

പദ്ധതി ഫലപ്രദമായി നടപ്പിലാക്കുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം. പദ്ധതിരേഖയിൽ ഡിപ്പാർട്ട്മെന്റ്

പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തണം. വിടവുകൾ പദ്ധതി തയ്യാറാക്കുമ്പോൾ പരിഹരിക്കണം.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി നടത്തിപ്പിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാൻ സഹായിക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പുതിയ സ്കീമായതിനാൽ വീഴ്ചകൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കേണ്ടത് അത്യാവശ്യമാണ്.

## 13. ഓപ്പണിംഗ് ഓഫ് ന്യൂ ഡിസ്പെൻസറീസ്

### ലക്ഷ്യം

സർക്കാർ അനുമതി നൽകുന്ന പഞ്ചായത്തുകളിൽ പുതിയതായി തുടങ്ങുന്ന ഡിസ്പെൻസറികൾക്ക് ഔഷധങ്ങൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ നിർവ്വഹിക്കൽ

### ഗുണഭോക്താവ്

പുതുതായി ഡിസ്പെൻസറി തുടങ്ങുന്ന പ്രദേശത്തെ പൊതുജനങ്ങൾ.

### സ്കീമിന്റെ നിർവ്വഹണം.

ഭാരതീയ ചികിത്സാ വകുപ്പ്

### ഫണ്ടിംഗ്

സർക്കാരിൽ നിന്നും സംസ്ഥാന പദ്ധതി വിഹിതമായി ലഭ്യമായ പ്ലാൻ ഫണ്ട് ഭാരതീയ ചികിത്സാ വകുപ്പ് പുതിയ ഡിസ്പെൻസറി തുടങ്ങുന്ന ജില്ലയിലെ ജില്ലാ മെഡിക്കൽ ആഫീസർ മുഖേന ചെലവഴിക്കുന്നു.

### പ്രവർത്തനങ്ങൾ

സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുക.

### സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ്

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്ന പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപനത്തിനുള്ള സ്ഥലം, കെട്ടിടം എന്നിവ കണ്ടെത്തുവാൻ സഹായകമായ പ്രവർത്തനങ്ങൾ. സ്ഥാപനങ്ങളിലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. ഗ്രാമസഭ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

### വകുപ്പിന്റെ പങ്ക്

പദ്ധതി നിർവ്വഹണം

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പുതിയ സ്ഥാപനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി നൽകുക. ഡിസ്പെൻസറിക്ക് ഏറ്റവും സൗകര്യപ്രദമായ സ്ഥലം ഏതാണ് എന്ന് നിർദ്ദേശിക്കാം. കെട്ടിട നിർമ്മാണത്തിലെ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ പ്രസ്തുത പഞ്ചായത്ത് പദ്ധതിയിൽ ഉൾപെടുത്തണം. പദ്ധതിരേഖയിൽ ഇവ പ്രതിപാദിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പുതിയ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് തുടക്കത്തിൽ തന്നെ ലഭ്യമാക്കുക

## 14. സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്

### ലക്ഷ്യം

ഭാരതീയ ചികിത്സാ വകുപ്പിലെ സ്ഥാപനങ്ങൾക്ക് ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നതിലേയ്ക്ക് ലഭ്യമാക്കൽ

### ഗുണഭോക്താവ്

ഭാരതിയ ചികിത്സാവകുപ്പിലെ ഡിസ്പെൻസറികൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പൊതുജനങ്ങൾ ഔഷധ സസ്യ പരിചയം ഉണ്ടാക്കുന്നതിലൂടെ ചികിത്സയക്ക് പ്രയോജനപ്പെടുത്താം.

### സ്കീമിന്റെ നിർവ്വഹണം

ഭാരതിയ ചികിത്സാ വകുപ്പ്

### ഫണ്ടിംഗ്

സംസ്ഥാന പ്ലാൻ വിഭാഗത്തിൽ സർക്കാരിൽ നിന്നുമുള്ള ഫണ്ട് ഭാരതിയ ചികിത്സാ വകുപ്പിന് ലഭ്യമാക്കിയശേഷം സംസ്ഥാന ഔഷധ സസ്യബോർഡിന് നൽകുന്നു.

### പ്രവർത്തനങ്ങൾ

സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് ഭാരതിയ ചികിത്സാ വകുപ്പിന് ഔഷധ സസ്യങ്ങൾ ലഭ്യമാക്കുന്നു.

### സംഘാടനം

സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ ഗ്രൂപ്പ് വഴി ഇത് നടപ്പിലാക്കാം. തദ്ദേശഭരണ സ്ഥാപനത്തിന്റെ അഭിപ്രായങ്ങൾ സ്വരൂപിക്കണം. ഗ്രാമസഭയെ അറിയിക്കണം.

### വകുപ്പിന്റെ പങ്ക്

നിർവ്വഹണവും മേൽനോട്ടവും

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണസ്ഥാപനത്തിന്റെ മറ്റ് കമ്മിറ്റികളുമായി ഇതിനെ ഏകോപിപ്പിക്കാം. പരിപാലനത്തിനുള്ള സ്കീമുകൾ മറ്റ് പദ്ധതികളിൽ ഉൾപെടുത്തി ഉറപ്പ് വരുത്താം. തൊഴിലുറപ്പ് പദ്ധതിയുമായി ഇതിനെ ബന്ധിപ്പിക്കാം.

## 15. ട്രൈബൽ സെറ്റിൽമെന്റിലെ (ആരോഗ്യ മിത്രം) ആരോഗ്യ സംരക്ഷണം

### ലക്ഷ്യം

ട്രൈബൽ ജനവിഭാഗത്തിന്റെ സാമൂഹ്യ സുരക്ഷയും അവരുടെ ആരോഗ്യ സംരക്ഷണം ആയ്യൂർവേദ ചികിത്സയിലൂടെ ഫലപ്രദമാക്കുക.

## ഗുണഭോക്താവ്

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ട്രൈബൽ സെറ്റിൽമെന്റുകളിലെ ജനവിഭാഗങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - ട്രൈബൽ വകുപ്പ്

## ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതമായ സർക്കാരിൽ നിന്നും ലഭ്യമാകുന്ന (പ്ലാൻ ഫണ്ട്) ട്രൈബൽ ഡിപ്പാർട്ട്മെന്റ് മുഖേന തിരഞ്ഞെടുക്കപ്പെട്ട ട്രൈബൽ സെറ്റിൽമെന്റുകളിലെ ജനവിഭാഗങ്ങൾക്ക് ആരോഗ്യസംരക്ഷണം, സാമൂഹ്യസുരക്ഷ എന്നിവയ്ക്കായി ഗവൺമെന്റ് അംഗീകൃത വിഭാഗവുമായി ചേർന്ന് നടപ്പിലാക്കുന്നു.

## പ്രവർത്തനങ്ങൾ

പാലക്കാട്, ഇടുക്കി ജില്ലകളിലെ തെരഞ്ഞെടുത്ത ട്രൈബൽ സെറ്റിൽമെന്റുകളിലെ ജനവിഭാഗത്തിലെ ആരോഗ്യപ്രശ്നങ്ങൾ സ്ക്രീനിംഗ് നടത്തി പട്ടിക വർഗ്ഗ വകുപ്പുമായി ചേർന്ന് ഔഷധങ്ങൾ വാങ്ങി വിതരണം നടത്തുന്നു. ഒരു വർഷത്തിലൊരിക്കൽ അവലോകനം നടത്തുന്നു.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് - ട്രൈബൽ ഡിപ്പാർട്ട്മെന്റ്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ പദ്ധതിയുടെ മുൻഗണനകൾക്ക് സ്ഥിതി വിവര കണക്കുകളും പരിഗണിക്കണം. അർഹതയുള്ളവരെ ജനങ്ങളും/ഗ്രാമസഭ വഴി കണ്ടുപിടിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ സഹായം ആവശ്യമാണ്.

## വകുപ്പിന്റെ പങ്ക്

പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണം. ആരോഗ്യ പ്രശ്നങ്ങൾ ഡിപ്പാർട്ട്മെന്റിന്റെ ഇടപെടൽ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ ട്രൈബൽ മേഖലയിലെ ആരോഗ്യ സ്കീമുകളുമായി ഇതിനെ ബന്ധപെടുത്തണം. വിടവുകൾ നികത്താൻ വേണ്ട കാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപെടുത്തണം. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാ

റാക്കിയ മുൻഗണനകളും പട്ടികവർഗ്ഗ ഉപപദ്ധതിയുമായി ഇവയെ ബന്ധിപ്പിക്കണം. പദ്ധതിരേഖയിൽ ആയവ പ്രതിപാദിക്കണം.

# സ്പോർട്സ് ആയ്യൂർവ്വേദ റിസർച്ച് സെൽ.

## 16. സ്പോർട്സ് ആയൂർവ്വേദ ആശുപത്രി നിർമ്മാണം

### ലക്ഷ്യങ്ങൾ

ആയൂർവ്വേദത്തിന്റെ വിപുലമായ സാദ്ധ്യതകൾ കായികരംഗത്ത് പ്രവർത്തിക്കുന്ന കായികതാരങ്ങൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയും കായികതാരങ്ങളെ മാത്രം ചികിത്സിക്കുന്നതിന് വേണ്ടിയും അവരുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള അത്യാധുനിക സൗകര്യങ്ങളോടെ ആയൂർവ്വേദ ആശുപത്രി

### ഗുണഭോക്താവ്

കായിക താരങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ്. ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) തൃശൂർ

### ഫണ്ടിംഗ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്തുന്ന (സംസ്ഥാന വിഹിതം - പ്ലാൻ ഫണ്ട്) തുക ഭാരതീയ ചികിത്സാ വകുപ്പിന് നൽകുകയും തുടർന്ന് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് ലെറ്റർ ഓഫ് അലോട്ട്മെന്റായി ആയി നൽകുകയും ചെയ്യുന്നു. തുടർന്ന് നിർമ്മാണങ്ങൾ, നിർമ്മിതി ഏജൻസിയുമായി എഗ്രിമെന്റ് വെച്ച് ആശുപത്രി നിർമ്മാണം ഘട്ടം ഘട്ടമായി പൂർത്തീകരിക്കുകയും, എഗ്രിമെന്റ് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആയതിന്റെ ബിൽ പ്രകാരമുള്ള തുക ചെക്ക്/ഡി.ഡി. ആയി ബന്ധപ്പെട്ട ഏജൻസിക്ക് ഓഫീസിൽ നിന്നും നൽകുകയും ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

| | |
|---|---|
| സ്കീം തയ്യാറാക്കൽ | - ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്നു. |
| അനുമതി നൽകൽ | - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| നിർവ്വഹണം നടത്തൽ | - ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) തൃശൂർ |

### സംഘാടനം

ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) തൃശൂർ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രസ്തുത സ്കീമിനെക്കുറിച്ച് കായികതാരങ്ങൾക്ക് ഗ്രാമസഭവഴി അവബോധം നൽകണം.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഗവൺമെന്റ് ആയ്യൂർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക്, അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകുകയും ആയത് പഞ്ചായത്ത് യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു തരുവാനും വേണ്ടി നിർദ്ദേശം നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ജില്ല മെഡിക്കൽ ഓഫീസറുമായി വകുപ്പുതല യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ പ്രസ്തുത സ്കീം സൂചിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പ്രസ്തുത സ്കീം ചികിത്സക്കുള്ള പരിഹാരമായി പറയാവുന്നതാണ്.

## 17. ജില്ല/താലൂക്ക് ആശുപത്രികളിൽ നിലവാരം ഉയർത്തലും ക്രമീകരണവും

### ലക്ഷ്യങ്ങൾ

ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. ചികിത്സാ തേടിയെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും സാധിക്കുന്നു.

### ഗുണഭോക്താവ്

പൊതുജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം)

## ഫണ്ടിംഗ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്തുന്ന തുക (സംസ്ഥാന പ്ലാൻ ഫണ്ട്) ഭാരതീയ ചികിത്സാ വകുപ്പിന് നൽകുകയും തുടർന്ന് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് ലെറ്റർ ഓഫ് അലോട്ട്മെന്റായി നൽകുകയും ചെയ്യുന്നു. തുടർന്ന് ഏജൻസി ബന്ധപ്പെട്ട ആയുർവേദ ആശുപത്രികളിൽ പേവാർഡ് നിർമ്മാണം നടത്തുകയും, ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആയതിന്റെ ബിൽ എഴുതി ട്രഷറിയിലേക്ക് നൽകുകയും ചെക്ക്/ഡി.ഡി. ബന്ധപ്പെട്ട ഏജൻസിക്ക് ഓഫീസിൽ നിന്നും നൽകുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

| | |
|---|---|
| സ്കീം തയ്യാറാക്കൽ | - ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്നു. |
| അനുമതി നൽകൽ | - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| നിർവ്വഹണം നടത്തൽ | - ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) |

## സംഘാടനം

ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടേയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും ചർച്ചയ്ക്ക് വിധേയമാക്കണം. പോരാതെ വരാവുന്ന കാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽപെടുത്തി പരിഹരിക്കണം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഗവൺമെന്റ് ആയൂർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക്, അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകുകയും ആയത് പഞ്ചായത്ത് യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു തരുവാൻവേണ്ടി നിർദ്ദേശം നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ജില്ല മെഡിക്കൽ ഓഫീസറുമായി വകുപ്പുതല യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു. ടി സ്കീമിൽ പരിഹരിക്കാൻ സാധിക്കാത്തവ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഫണ്ടുകൾ വിനിയോഗിച്ചോ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ചോ പൂർത്തീയാക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ വിവരണങ്ങൾ വിശദമാക്കണം. ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കണം. ഓരോ ഏജൻസിയും (ഡിപ്പാർട്ട്മെന്റ് തദ്ദേശഭരണ സ്ഥാപനവും) ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കണം.

## 18. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും ഔഷധങ്ങൾക്കും

### ലക്ഷ്യങ്ങൾ

ജില്ലയിൽ പടർന്നുപിടിച്ച മഴക്കാല പകർച്ചവ്യാധി രോഗങ്ങൾക്കെതിരെ ഉപയോഗിക്കാനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും സാധിക്കുന്നു.

### ഗുണഭോക്താവ്

പൊതുജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം)

### ഫണ്ടിംഗ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്തുന്ന തുക (സംസ്ഥാന പ്ലാൻ ഫണ്ട്) ഭാരതീയ ചികിത്സാ വകുപ്പിന് നൽകുകയും തുടർന്ന് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് ലെറ്റർ ഓഫ് അലോട്ട്മെന്റായി നൽകുകയും ചെയ്യുന്നു. തുടർന്ന് ഔഷധി ബന്ധപ്പെട്ട ആയുർവേദ ആശുപത്രികളിൽ മരുന്നുകൾ വിതരണം ചെയ്തതിനുശേഷം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആയിതിന്റെ ബിൽ എഴുതി ട്രഷറിയിലേക്ക് നൽകുകയും ചെക്ക്/ഡി.ഡി, ബന്ധപ്പെട്ട ഏജൻസിക്ക് ഓഫീസിൽ നിന്നും നൽകുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

| | |
|---|---|
| സ്കീം തയ്യാറാക്കൽ | - ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്നു. |
| അനുമതി നൽകൽ | - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| നിർവ്വഹണം നടത്തൽ | - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) |

## സംഘാടനം

ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലും തദ്ദേശഭരണ സ്ഥാപനയോഗത്തിലും ചർച്ചയ്ക്ക് വിധേയമാക്കുന്നു. വിടവുകൾ നികത്തുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി ഉപയോഗപ്പെടുത്തണം. ബന്ധപ്പെട്ട ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കാം.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക്, അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകുകയും ആയത് പഞ്ചായത്ത് യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു തരുവാൻവേണ്ടി നിർദ്ദേശം നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ജില്ല മെഡിക്കൽ ഓഫീസറുമായി വകുപ്പുതല യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു. സ്കീമിൽ വരാവുന്ന വിടവുകൾ പദ്ധതിയുമായോ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായോ സംയോജിപ്പിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി രേഖയുടെ ഭാഗമാക്കണം. സ്റ്റാറ്റസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ടീം സ്കീം എപ്രകാരം ഉപകരിക്കുമെന്ന് പറയണം.

## 19. ആയൂർവേദ ആശുപത്രികൾക്ക് ആശുപത്രി ഉപകരണങ്ങളും ഫർണീച്ചർ ഉപകരണങ്ങളും വാങ്ങുവാൻ.

### ലക്ഷ്യങ്ങൾ

ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നു. അതോടൊപ്പം തന്നെ ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും സാധിക്കുന്നു.

### ഗുണഭോക്താവ്

പൊതുജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) തൃശൂർ.

### ഫണ്ടിംഗ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്തുന്ന തുക (സംസ്ഥാന പ്ലാൻ ഫണ്ട്) ഭാരതീയ ചികിത്സാ വകുപ്പിന് നൽകുകയും തുടർന്ന് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് ലെറ്റർ ഓഫ് അലോട്ട്മെന്റായി നൽകുകയും ചെയ്യുന്നു. തുടർന്ന് ഔഷധി ബന്ധപ്പെട്ട ആയൂർവേദ ആശുപത്രികളിൽ മരുന്നുകൾ വിതരണം ചെയ്തതിനുശേഷം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആയിതിന്റെ ബിൽ എഴുതി ട്രഷറിയിലേക്ക് നൽകുകയും ചെക്ക്/ഡി.ഡി, ബന്ധപ്പെട്ട ഏജൻസിക്ക് ഓഫീസിൽ നിന്നും നൽകുകയും ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

| | |
|---|---|
| സ്കീം തയ്യാറാക്കൽ | - ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്നു. |
| അനുമതി നൽകൽ | - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| നിർവ്വഹണം നടത്തൽ | - ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) തൃശൂർ |

### സംഘാടനം

ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) തൃശൂർ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

താലൂക്ക് ആശുപത്രിയുമായി ബന്ധപ്പെട്ട സ്കീമുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി തദ്ദേശഭരണ സ്ഥാപനം എന്നി

വയിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ബന്ധപ്പെട്ട ഗ്രാമസഭയിൽ ചർച്ച ചെയ്യണം. വിടവുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതികളിൽ പരിഹരിക്കണം.

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഗവൺമെന്റ് ആയ്യൂർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക്, അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകുകയും ആയത് പഞ്ചായത്ത് യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു തരുവാൻവേണ്ടി നിർദ്ദേശം നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ജില്ല മെഡിക്കൽ ഓഫീസറുമായി വകുപ്പുതല യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു. കേന്ദ്രാവിഷ്കൃത സ്കീമുകളിൽ ചെയ്യാവുന്നവ ഏതെന്നും ഏതൊക്കെയെന്നും തീരുമാനിക്കപെടണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഡിപ്പാർട്ട്മെന്റും തദ്ദേശഭരണ സ്ഥാപനവും എന്നിവ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിശ്ചയിക്കപെടണം. ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കണം. പദ്ധതിരേഖയിലെ ഭാഗമാക്കണം.

# ഗ്രാമീണ ആയൂർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും

## 20. ആയ്യൂർവ്വേദ റൂറൽ ഡിസ്പെൻസറികൾക്ക് ഫർണീച്ചർ ഉപകരണങ്ങൾ വാങ്ങുവാൻ

### ലക്ഷ്യങ്ങൾ

ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നു. അതോടൊപ്പം തന്നെ ഡിസ്പെൻസറിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും സാധിക്കുന്നു.

## ഗുണഭോക്താവ്

പൊതുജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) മുഖേന

## ഫണ്ടിംഗ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്തുന്ന തുക (സംസ്ഥാന പ്ലാൻ ഫണ്ട്) ഭാരതീയ ചികിത്സാ വകുപ്പിന് നൽകുകയും തുടർന്ന് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് എൽ.എ ആയി നൽകുകയും ചെയ്യുന്നു. തുടർന്ന് ഔഷധി ബന്ധപ്പെട്ട ആയ്യൂർവ്വേദ ആശുപത്രികളിൽ മരുന്നുകൾ വിതരണം ചെയ്തതിനുശേഷം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആയിതിന്റെ ബിൽ എഴുതി ട്രഷറിയിലേക്ക് നൽകുകയും ചെക്ക്/ഡി.ഡി, ബന്ധപ്പെട്ട ഏജൻസിക്ക് ഓഫീസിൽ നിന്നും നൽകുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

| | |
|---|---|
| സ്കീം തയ്യാറാക്കൽ | - ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്നു. |
| അനുമതി നൽകൽ | - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| നിർവ്വഹണം നടത്തൽ | - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) |

## സംഘാടനം

ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലും തദ്ദേശഭരണ സ്ഥാപനയോഗത്തിലും ചർച്ച ചെയ്ത് ലിസ്റ്റ് തയ്യാറാക്കാം. ഗ്രാമസഭയുടെ അഭിപ്രായം ആരായാം.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഗവൺമെന്റ് ആയ്യൂർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക്,

അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകുകയും ആയത് പഞ്ചായത്ത് യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു തരുവാനും വേണ്ടി നിർദ്ദേശം നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ജില്ല മെഡിക്കൽ ഓഫീസറുമായി വകുപ്പുതല യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു. ഈ സ്കീമുകൊണ്ട് പരിഹരിക്കാൻ കഴിയാത്തവയ്ക്ക് തദ്ദേശഭരണ സ്ഥാപനതലത്തിൽ പദ്ധതിയിൽപെടുത്തി വിടവുകൾ നികത്തണം. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെടുത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതിരേഖയുടെ ഭാഗമാക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പരിഹരിക്കുന്നതിന് മുൻതൂക്കം നൽകണം. ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കണം. സ്കീമുകൾ ഗ്രാമസഭയുടെ അവലോകനത്തിന് വിധേയമാക്കണം.

## 21. ആയുർവേദ റൂറൽ ഡിസ്പെൻസറികൾക്ക് ഔഷധം വാങ്ങുവാൻ

### ലക്ഷ്യങ്ങൾ

ഡിസ്പെൻസറിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും സാധിക്കുന്നു.

### ഗുണഭോക്താവ്

പൊതുജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) തൃശൂർ.

കുടുംബക്ഷേമ വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്തുന്ന തുക (സംസ്ഥാന പ്ലാൻ ഫണ്ട്) ഭാരതീയ ചികിത്സാ വകുപ്പിന് നൽകു

കയും തുടർന്ന് ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് ലെറ്റർ ഓഫ് അലോട്ട്മെന്റായി നൽകുകയും ചെയ്യുന്നു. തുടർന്ന് ഔഷധി ബന്ധപ്പെട്ട ആയ്യൂർവ്വേദ ഡിസ്പെൻസറികളിൽ മരുന്നുകൾ വിതരണം ചെയ്തതിനുശേഷം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആയിതിന്റെ ബിൽ എഴുതി ട്രഷറിയിലേക്ക് നൽകുകയും ചെക്ക്/ഡി.ഡി, ബന്ധപ്പെട്ട ഏജൻസിക്ക് ഓഫീസിൽ നിന്നും നൽകുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

| | |
|---|---|
| സ്കീം തയ്യാറാക്കൽ | - ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്നു. |
| അനുമതി നൽകൽ | - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| നിർവ്വഹണം നടത്തൽ | - ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) |

## സംഘാടനം

ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഭാരതീയ ചികിത്സാ വകുപ്പിന്റെ പ്ലാൻ ഫണ്ട് ആയതിനാൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നു. പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടേയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും നിർദ്ദേശങ്ങളും സഹായങ്ങളും സ്വീകരിക്കണം.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഗവൺമെന്റ് ആയൂർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക്, അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകുകയും ആയത് പഞ്ചായത്ത് യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു തരുവാനും വേണ്ടി നിർദ്ദേശം നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ജില്ല മെഡിക്കൽ ഓഫീസറുമായി വകുപ്പുതല യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു. കൂടാതെ

സ്കീമിന്റെ നിർവ്വഹണത്തിൽ ഉണ്ടാകാവുന്ന പോരായ്മകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ പരിഹരിക്കാവുന്നതുമാണ്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും ചർച്ചയ്ക്ക് വിധേയമാക്കണം. പദ്ധതിരേഖയിൽ ടി കാര്യങ്ങൾ പ്രതിപാദിക്കാം.

## ഭാരതീയ ചികിത്സാ വകുപ്പ് 2012–2013 നോൺ പ്ലാൻ അലോട്ട്മെന്റ്

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക ലക്ഷം രൂപയിൽ |
|---|---|---|
| 1. | ആയ്യൂർവേദ ഡയറക്ടറേറ്റ് | 261.59 |
| 2. | മാനസികരോഗ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 103.99 |
| 3. | ജില്ലാ സ്റ്റോർ | 8.18 |
| 4. | പാപ്പിനിശ്ശേരി വിഷ ചികിത്സാ സൊസൈറ്റി | 0.60 |
| 5. | ആയ്യൂർവ്വേദ അഡ്വൈസറി കമ്മിറ്റി | 0.06 |
| 6. | ജില്ലാ മെഡിക്കൽ ആഫീസ് | 635.59 |
| 7. | അദർ ഹോസ്പിറ്റൽസ് & ഡിസ്പെൻസറീസ് | 13339.59 |
| 8. | സിദ്ധ ആശുപത്രികളും ഡിസ്പെൻസറികളും | 124.14 |
| 9. | യുനാനി | 10.48 |
| 10. | മൈനർ വർക്സ് | 2.50 |
| | **ആകെ** | **14486.72** |

### ലക്ഷ്യങ്ങൾ

1. ആയൂർവ്വേദ ഡയറക്ടറേറ്റ്, കോട്ടയ്ക്കലിലെ മാനസികരോഗ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലക്കാടുള്ള ജില്ലാ സ്റ്റോർ, 14 ജില്ലാ മെഡിക്കൽ ഓഫീസുകൾ, 793ഡിസ്പെൻസരികൾ, 1 സിദ്ധ ആശുപത്രി, 1 പഞ്ചകർമ്മ ആശുപത്രി, ഉൾപ്പെടെയുള്ള 120 ആശുപത്രികൾ, 6 സിദ്ധ ഡിസ്പെൻസറി, 1 യുനാനി ഡിസ്പെൻസറി ഉൾപ്പെടെയുള്ള 793 ഡിസ്പെൻസറികൾ, എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ.

2. പാപ്പിനിശ്ശേരി വിഷ ചികിത്സാ സൊസൈറ്റി, 42 ഗ്രാന്റ് ഇൻ എയ്ഡ് വൈദ്യശാലകൾ എന്നിവയ്ക്കുള്ള ഗ്രാന്റ് അതാത് സ്ഥലങ്ങളിലെ വൈദ്യവൃത്തിയിലുള്ള അംഗങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് നേരിട്ട്.

### ഫണ്ടിംഗ്

സംസ്ഥാന നോൺ പ്ലാൻ അലോട്ട്മെന്റ് സർക്കാരിൽ നിന്നും ലഭ്യമാകുന്നു.

## 2013–14 ലെ പുതിയ സംസ്ഥാനാവിഷ്കൃത പദ്ധതികൾ

### 22. ജീവനി

സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിൽ ടൈപ്പ് 2 പ്രമേഹ ചികിത്സക്കുള്ള പദ്ധതി

### ലക്ഷ്യം

2025 ആകുമ്പോഴേക്ക് പ്രമേഹ രോഗികളുടെ എണ്ണം 75 ദശലക്ഷം ആയി വർദ്ധിക്കാനിടയുള്ളതിനാൽ കേരളത്തിലെ തെരഞ്ഞെടുത്ത ആയൂർവേദ ആശുപത്രികളിൽ (ഗവൺമെന്റ് ആയുർവേദ ആശുപത്രി, നെയ്യാറ്റിൻകര (തിരുവനന്തപുരം), ജില്ലാ ആയുർവേദ ആശുപത്രി കൊല്ലം, ജില്ല ആയുർവേദ ആശുപത്രി എറണാകുളം) ടൈപ്പ് 2 പ്രമേഹ രോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയിലൂടെ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ കഴിയും.

### ഗുണഭോക്താവ്

തെരഞ്ഞെടുക്കപ്പെട്ട ആയൂർവേദ ആശുപത്രികളിൽ എത്തുന്ന ടൈപ്പ്-2 പ്രമേഹ രോഗികൾ ( അനുബന്ധ വ്യാധികൾ പരമാവധി കുറവുള്ളവർ.)

### സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ചാർജ്ജ് മെഡിക്കൽ ഓഫീസർക്ക് കൈമാറുന്നു.

### ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതമായ പ്ലാൻ ഫണ്ട് ഭാരതീയ ചികിത്സാ വകുപ്പ് മേധാവി അതാതു ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്ക് കൈമാറുന്നു.

### പ്രവർത്തനം

ഭാരതീയ ചികിത്സാ വകുപ്പ് സ്കീം തയ്യാറാക്കി നൽകിയത് പ്രകാരം ലഭ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ വഴി ചാർജ് മെഡിക്കൽ ഓഫീസർക്ക് കൈമാറുന്നു.

ടൈപ്പ് - 2 പ്രമേഹരോഗികളെ ലബോറട്ടറി പരിശോധനയിലൂടെ തെരഞ്ഞെടുത്ത് (പരമാവധി ഉപദ്രവ വ്യാധികൾ കുറവുള്ളവരെ) ഔഷധങ്ങളും ചികിത്സാ നിർദ്ദേശങ്ങളും നൽകുന്നു. ഓരോ മാസം കൂടുമ്പോൾ രാസപരിശോധനയിലൂടെ രോഗത്തിന്റെ അവസ്ഥ വിലയിരുത്തുന്നു. ഒരു വർഷത്തിനുശേഷം മൊത്തത്തിലുള്ള അവലോകനം നടത്തി റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നു.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാമെഡിക്കൽ ഓഫീസർ മുഖേന ചാർജ്ജ് മെഡിക്കലോഫീസറിലൂടെ പദ്ധതി നടപ്പിലാക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ കീഴിലുള്ള ആശുപത്രികളിലെ മാനേജ്മെന്റ് കമ്മിറ്റികളിൽ വിഷയം ചർച്ച ചെയ്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. ഗ്രാമസഭയിൽ ചർച്ച ചെയ്ത് കുറവുകൾ കണ്ടെത്തണം.

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

സ്കീം നിർവഹണം, സ്കീമിന്റെ മേൽനോട്ടം, നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെയും ഗ്രാമസഭയുടെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും അഭിപ്രായം സ്വീകരിക്കേണ്ടതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനം ജീവിത ശൈലീരോഗങ്ങളുടെ ചികിത്സ, പ്രതിരോധം എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുമ്പോൾ ടി പ്രവർത്തനങ്ങൾ കൂടി വർക്കിംഗ് ഗ്രൂപ്പുകളിലും ഗ്രാമസഭകളിലും ചർച്ചയ്ക്ക് വിധേയമാക്കി ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മുൻഗണനകൾ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നിശ്ചയിക്കപ്പെട്ടവ ആയിരിക്കണം.

## 23. പുനർന്നവ

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന രക്താതി സമ്മർദ്ദം, പക്ഷാഘാതം ഇവ കണക്കിലെടുത്ത് തെരഞ്ഞെടുത്ത ആയുർവേദ ആശുപത്രികളിൽ (തിരുവനന്തപുരം

ജില്ലാ ആയൂർവേദാശുപത്രി വർക്കല, ആയൂർവേദാശുപത്രി ആനാട്) നടപ്പാക്കുന്ന പദ്ധതി.

## ലക്ഷ്യം

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗമായ രക്താതിസമ്മർദ്ദം മൂലം ഉണ്ടാകുന്ന പക്ഷാഘാത രോഗങ്ങളെ ഗണ്യമായി കുറയ്ക്കുവാൻ (ആശുപത്രികളെ ചികിത്സക്കായി ആശ്രയിക്കുന്ന രോഗികളുടെ) കഴിയും. 40 നും 70 നും ഇടയക്ക് പ്രായമുള്ള 25 രോഗികളെ തെരഞ്ഞെടുത്ത് 3 മുതൽ 4 ആഴ്ച വരെ പരമാവധി 90 ദിവസം കിടത്തി ചികിത്സിക്കുന്നു.

## ഗുണഭോക്താവ്

40 നും 70 നും ഇടയിലുള്ള തിരുവനന്തപുരം ജില്ലാ ആശുപത്രി, വർക്കല, ആനാട് ആശുപത്രി എന്നിവിടങ്ങളിലെ പക്ഷാഘാത രോഗികൾ

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - ജില്ലാ മെഡിക്കൽ ആഫീസർ മുഖേന ചാർജ്ജ് മെഡിക്കൽ ഓഫീസർ

## ഫണ്ടിംഗ്

സംസ്ഥാന വിഹിതമായ പ്ലാൻ ഫണ്ട്, ഭാരതീയ ചികിത്സാ മേധാവി ജില്ലാ മെഡിക്കൽ ആഫീസർ (ഐ.എസ്.എം) തിരുവനന്തപുരത്തിന് കൈമാറുന്നു.

## പ്രവർത്തനങ്ങൾ

ഭാരതീയ ചികിത്സാ വകുപ്പ് സ്കീം തയ്യാറാക്കി നൽകിയത് പ്രകാരം ലഭ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ തിരുവനന്തപുരം മുഖേന നിർവ്വഹണം നടത്തുന്നു.

ചാർജ് മെഡിക്കൽ ആഫീസർമാർ 40 നും 70 നും ഇടയിൽ പ്രായമുള്ള പക്ഷാഘാത രോഗികളെ തെരഞ്ഞെടുത്ത് സ്ഥാപനത്തിൽ അഡ്മിറ്റ് ചെയ്ത് ഒരു മാസം ചികിത്സയും ഔഷധങ്ങളും ലഭ്യമാക്കുന്നു. (പരമാവധി 90 ദിവസം) വർഷാവസാനം സർക്കാരിലേക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നു.

## സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് തിരുവനന്തപുരം, ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ചാർജ്ജ് മെഡിക്കലാഫീസറിലൂടെ പദ്ധതി നടപ്പാക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ആശുപത്രികളിലെ മാനേജ്മെന്റ് കമ്മിറ്റികളിൽ വിഷയം ചർച്ച ചെയ്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. ഗ്രാമസഭയിൽ ചർച്ച ചെയ്ത് കുറവ് കണ്ടെത്തണം.

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

സ്കീമിന്റെ നിർവ്വഹണം, സ്കീമിന്റെ മേൽനോട്ടം, നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടേയും ഗ്രാമസഭയുടേയും തദ്ദേശഭരണ സ്ഥാപനത്തിന്റേയും അഭിപ്രായം സ്വരൂപിക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനം ജീവിതശൈലി രോഗങ്ങളുടെ ചികിത്സ, പ്രതിരോധം എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുമ്പോൾ ടി പ്രവർത്തനങ്ങൾ കൂടി വർക്കിംഗ് ഗ്രൂപ്പുകളിലും ഗ്രാമസഭകളിലും ചർച്ചയ്ക്ക് വിധേയമാക്കി ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 24. ദൃഷ്ടി

പ്രൈമറി തലത്തിൽ പഠിക്കുന്ന തെരഞ്ഞെടുത്ത ലോവർ പ്രൈമറി സ്കൂളുകളിലെ ഹ്സ്വദൃഷ്ടി (മയോപ്പിയ) യുള്ള കുട്ടികൾക്ക് ചികിത്സ ലഭ്യമാകുന്ന പദ്ധതി

### ലക്ഷ്യം

അമിതമായ ടി.വി. കാണൽ കമ്പ്യൂട്ടർ ഉപയോഗിക്കൽ മറ്റു ജീവിതശൈലിയിലുള്ള വ്യതിയാനം എന്നിവ മൂലം പ്രൈമറി തലത്തിലുള്ള തെരഞ്ഞെടുത്ത സ്കൂളുകളിലെ കുട്ടികൾക്കുണ്ടാകുന്ന ഹ്രസ്വദൃഷ്ടി (മയോപ്പിയ) തൃശൂർ ജില്ലാ ആയൂർവേദാശുപത്രി, ഇരിങ്ങാലക്കുട ആയൂർവേദാശുപത്രി എന്നിവിടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിലൂടെ ഈ കുട്ടികൾക്ക് ഭാവിയിൽ ഉണ്ടാവുന്ന കാഴ്ചകുറവ്, കാഴ്ച നഷ്ടപെടൽ എന്നിവ ഗണ്യമായി കുറയ്ക്കാൻ കഴിയും.

### ഗുണഭോക്താവ്

തെരഞ്ഞെടുത്ത പ്രൈമറി സ്കൂളുകളിലെ 5 വയസ്സിനും 9 വയസ്സിനും ഇടയിലുള്ള ഹൃസ്വദൃഷ്ടി (മയോപ്പിയ) ഉള്ള കുട്ടികൾ

## സ്കീമിന്റെ നിർവ്വഹണം

ഭാരതീയ ചികിത്സാ വകുപ്പ് - തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന തൃശൂർ ജില്ലാ ആയൂർവേദാശുപത്രി, ഇരിങ്ങാലക്കുട ഗവൺമെന്റ് ആയൂർവേദാ ശുപത്രി എന്നിവിടങ്ങളിലെ നേത്ര മെഡിക്കൽ ഓഫീസർ മുഖേന നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാരിൽ നിന്ന് പ്ലാൻ ഫണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുക ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ തൃശൂർ ജില്ലാ മെഡിക്കൽ ആഫീസർക്ക് എൽ.എ മുഖാന്തിരം കൈമാറുന്നു.

### പ്രവർത്തനം

ഭാരതീയ ചികിത്സാ വകുപ്പിൽ നിന്ന് തയ്യാറാക്കി നൽകിയ പദ്ധതി പ്രകാരം ലഭ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ തൃശൂർ മുഖേന പദ്ധതി നടപ്പാക്കുന്നു. തെരഞ്ഞെടുത്ത പ്രൈമറി സ്കൂളുകളിലെ 5 വയസ്സിനും 9 വയസ്സിനും ഇടയിലെ കുട്ടികളുടെ സ്കീനിംഗ് നടത്തി മയോപ്പിയ (ഹ്രസ്വദൃഷ്ടി) ബാധിച്ച കുട്ടികളെ തൃശൂർ ജില്ലാ ആയൂർവേദാ ആശുപത്രിയിലും ഇരിങ്ങാലക്കുട ഗവൺമെന്റ് ആയൂർവേദാശുപത്രിയിലുമുള്ള നേത്ര മെഡിക്കലാഫീസറുടെ നേതൃത്വത്തിൽ ചികിത്സയ്ക്ക് വിധേയമാക്കുന്നു. 1 വർഷത്തിനുശേഷം അവലോകനം നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് ലഭ്യമാകുന്നു.

### സംഘാടനം

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) തൃശൂർ മുഖേന പദ്ധതി നിർവ്വഹണം നടത്തുന്നു.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ കീഴിലുള്ള ബന്ധപ്പെട്ട ആശുപത്രികളിലെ മാനേജ്മെന്റ് കമ്മിറ്റികളിൽ വിഷയം ചർച്ച ചെയ്ത് ആശുപത്രികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. ഗ്രാമസഭയിൽ ചർച്ച ചെയ്തു കുറവുകൾ കണ്ടെത്തണം.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

സ്കീമിന്റെ നിർവ്വഹണം, സ്കീമിന്റെ മേൽനോട്ടം, നിർവ്വഹണ ഉദ്യാഗസ്ഥൻ ചെയ്യാറുള്ള കാര്യങ്ങൾ എന്നിവ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടേയും ഗ്രാമസഭയുടേയും തദ്ദേശഭരണ സ്ഥാപനത്തിന്റേയും അഭിപ്രായം സ്വരൂപിക്കണം.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്രകാരമുള്ള സ്കൂൾ വിദ്യാലയ ആരോഗ്യ പദ്ധതികൾ തയ്യാറാക്കുമ്പോൾ ടി പ്രവർത്തനങ്ങൾ കൂടി വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭകളിലും ചർച്ചയക്ക് വിധേയമാക്കി ഇരട്ടിപ്പും പാഴ്ചെലവും ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## കേരള ആയൂർവേദ പഠന ഗവേഷണ സൊസൈറ്റി, കോട്ടക്കൽ

### ആമുഖം

1917 ൽ ആര്യവൈദ്യപാഠശാലയായി ആരംഭിച്ച് നവതി പിന്നിടുമ്പോൾ കേരളത്തിലെ ഏറ്റവും മികച്ച ആയൂർവേദ കോളേജുകളിൽ ഒന്നായി മാറിയ കഥയാണ് കോട്ടക്കൽ വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജിന്റേത്. 50 പേർക്ക് ബിരുദ കോഴ്സിനും 22 പേർക്ക് ബിരുദാനന്തര കോഴ്സിനും സൗകര്യമുള്ള ഈ സ്ഥാപനത്തിൽ സർട്ടിഫിക്കറ്റ് കോഴ്സുകളായ തെറാപ്പിസ്റ്റ്, നേഴ്സ്, ഫാർമസി എന്നിവയും നടത്തി വരുന്നു. കോഴിക്കോട് സർവ്വകലാശാലയിലെയും തൃശൂർ മെഡിക്കൽ സർവ്വകലാശാലയിലേയും ഉന്നത വിജയികളിൽ ഭൂരിഭാഗവും ഈ സ്ഥാപനത്തിനാണ് വർഷങ്ങളായി ലഭിച്ചു വരുന്നത്. സ്പോർട്സ്, ഗെയിംസ്, ആർട്ട്സ്, തുടങ്ങിയ എക്സ്ട്രാ കരിക്കുലർ മേഖലകളിലും കോളേജിന് തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സ്ഥാപനം 1975 വരെ കോട്ടക്കൽ ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലായിരുന്നു.

### കോട്ടക്കൽ കേരള ആയൂർവേദ പഠന ഗവേഷണ സൊസൈറ്റി.

ആയൂർവ്വേദത്തിന്റെ പഠനഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 1976 ൽ 1860 ലെ ഇന്ത്യൻ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണ് കേരള ആയൂർവേദ പഠന ഗവേഷണ സൊസൈറ്റി. സൊസൈറ്റി ഗവേണിംഗ് ബോഡി ചെയർമാൻ ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയും വൈസ് ചെയർമാൻ ആരോഗ്യവകുപ്പ് സെക്രട്ടറിയുമാകുന്നു. മലപ്പുറം ജില്ലാ കളക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, കേന്ദ്ര ഗവൺമെന്റ് പ്രതിനിധി, പത്മഭൂഷൺ ഡോ. പി.കെ വാര്യർ, ആര്യവൈദ്യശാലയുടെ 4 പ്രതിനിധികൾ എന്നിവർ ചേർന്നതാണ് ഗവേണിംഗ് ബോഡി. ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനും, മലപ്പുറം ജില്ലാ കളക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, പത്മഭൂഷൺ ഡോ.പി. കെ. വാര്യർ, ഡോ.പി. മാധവൻകുട്ടി വാരിയർ എന്നിവർ അടങ്ങിയതാണ് എക്സി

ക്യൂട്ടീവ് കമ്മിറ്റി. സൊസൈറ്റി രൂപീകൃതമായതോടെ 22 ഏക്കർ വിസ്തൃതിയുള്ള വൈദ്യരത്നം പി.എസ് വാരിയർ ആയുർവേദ കോളേജിന്റെ എല്ലാ ആസ്തികളും കോട്ടക്കൽ ആര്യവൈദ്യശാല സൊസൈറ്റിക്ക് കൈമാറി. ഇപ്പോൾ കോളേജ് ഭരണം നടത്തുന്നത് കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയാണ്. സൊസൈറ്റി സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ആഫീസറും ദൈനംദിന ഭരണമേൽനോട്ടത്തിന് സർക്കാർ പൊതു ഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി പദവിയിൽ കുറയാത്ത എക്സിക്യൂട്ടീവ് ഡയറക്ടറുമാകുന്നു.

## ഫണ്ടിംഗ്

കോളേജിന്റെ വികസനത്തിന് വേണ്ട ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും, ആര്യവൈദ്യശാല തങ്ങളുടെ ലാഭവിഹിതം 10% ൽ നിന്നും നൽകുന്നു. ഇത് കൂടാതെ എം.എൽ.എ, എം.പി, ഇന്നോവേഷൻ, ശുചിത്വമിഷൻ തുടങ്ങി ഇതര സർക്കാർ ഫണ്ടുകളും ലഭിക്കുന്നുണ്ട്.

## നടപ്പിലാക്കി വരുന്ന പ്രധാന വികസന പരിപാടികൾ

### 1. ഭരണം സുതാര്യമാക്കൽ

#### 1) ഇ-കോളേജും, ഇ-ഹോസ്പിറ്റൽ, ഇ-ലൈബ്രറി

ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണമായും കമ്പ്യൂട്ടർ വത്ക്കരിച്ച കോളേജാണ് ഇത്. കോളേജ് അഡ്മിഷൻ, ഫയൽ മൂവ്മെന്റ്, അറ്റന്റൻസ്, ശമ്പളം സ്റ്റൈപ്പന്റ് തുടങ്ങി എല്ലാം തന്നെ കമ്പ്യൂട്ടർവത്ക്കരിച്ചിരിക്കുന്നു. കേളേജ് ലൈബ്രറിയുടേയും, കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിരിക്കുന്നു.

ഇന്ത്യയിലെ ആദ്യത്തെ ആയുർവേദ ഇ-ഹോസ്പിറ്റൽ 1-11-2012 ന് കമ്മീഷൻ ചെയ്തു. ഒ.പി. അഡ്മിഷൻ, ഫാർമസി, ഡിസ്ചാർജ്ജ് വരെയുള്ള എല്ലാ ഘട്ടങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നു. അടുത്തു തന്നെ വിദൂരദേശത്തെ രോഗികളുടെ സൗകര്യർത്ഥം ടെലി മെഡിസിനൽ സംവിധാനവും നടപ്പിലാക്കുന്നതാണ്.

#### 2) ഐ.എസ്.ഒ. പദവി നേടൽ

സേവന ഗുണ നിലവാരത്തിന്റ മുഖമുദ്രയായ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് 2012 ൽ ലഭിക്കുകയുണ്ടായി. ഭരണം സുതാര്യവും കാര്യക്ഷമവും ജനപക്ഷസമീപനത്തോടെയും നടപ്പിലാക്കുവാൻ ഇത് വഴി സാധിക്കുന്നു.

### 3) സ്മാർട്ട് ക്ലാസ് മുറികൾ

ആധുനിക വിവര സാങ്കേതികതയുടെ ഗുണം ക്ലാസ് മുറികളിൽ ലഭ്യമാക്കാനുതകുന്ന തരത്തിൽ എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് 8 ലക്ഷം രൂപ ഉപയോഗിച്ച് ഏറ്റവും മികച്ച 2 സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു.

## 2. പരിസ്ഥിതി സംരക്ഷണം

കാമ്പസിലെ രൂക്ഷമായ മാലിന്യ പ്രശ്നം ഉറവിടത്തിൽ വെച്ച് തന്നെ സംസ്ക്കരിക്കുവാൻ ബ്രഹത്തായ പദ്ധതികളാണ് ഇവിടെ നടപ്പിലാക്കി വരുന്നത്.

### 1) ജല-മാലിന്യ സംസ്ക്കരണം

കാമ്പസിലെ ദിനം പ്രതി ഉണ്ടാവുന്ന 1 ലക്ഷം ലിറ്ററോളം വരുന്ന മലിന ജലം സംസ്ക്കരിച്ചു ശുദ്ധജലമാക്കുന്നതിന് മലിനജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചു. ഇതിൽ നിന്നും വരുന്ന സംസ്ക്കരിച്ച വെള്ളമാണ് 5 ഏക്കർ വരുന്ന ഔഷധോദ്യാനം നനക്കാനും, കക്കൂസുകളിലേക്കും ഉപയോഗിക്കുന്നത്. ഇത് വഴി ജലമലിനീകരണ പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ കഴിഞ്ഞു.

### 2) ഖര-മാലിന്യ സംസ്ക്കരണം

ദിനം പ്രതിയുണ്ടാകുന്ന ഒരു ക്വിന്റലോളം വരുന്ന ഖരമാലിന്യങ്ങൾ ഇൻസിനറേറ്റർ സ്ഥാപിച്ചു കത്തിച്ചു കളയുന്നു. അത് വഴി മാലിന്യം കുന്നുകൂടുന്നത് ഒഴിവാകുന്നു.

### 3) ജൈവ-മാലിന്യ സംസ്ക്കരണം

കാമ്പസിലെ രോഗികൾ, വിദ്യാർത്ഥികൾ, ജീവനക്കാർ, തുടങ്ങി 1000 ത്തോളം പേരുടെ മനുഷ്യവർജ്ജ്യം കാമ്പസിലെ പരിസ്ഥിതിയെ കാർന്ന് തിന്നിരുന്നു. ഇതിന് പരിഹാരമായി മനുഷ്യവർജ്ജ്യം ഗ്യാസാക്കുന്ന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുകയും അതിൽ നിന്നും വരുന്ന ഗ്യാസിനെ കുക്കിംഗിന് ഉപയോഗിക്കുകയും ചെയ്യുക വഴി പരിതസ്ഥിതി സൗഹൃദമാവുകയും ഊർജ്ജം ഉപയോഗത്തിൽ മിതവ്യം പാലിക്കാൻ സാധിക്കുകയും ചെയ്യുന്നു.

### 4) ഹരിതവൽക്കരണം

ആഗോള താപനത്തെ എതിർക്കാനും ഭൂമിക്ക് കുളിരേകാനും വേണ്ടി 120 ഓളം പുതിയ വൃക്ഷങ്ങൾ നട്ടു സംരക്ഷിച്ചു വരുന്നു.

### 5) മഴവെള്ള സംഭരണം

കാമ്പസിലെ രൂക്ഷമായ ഭൂഗർഭ ജലക്ഷാമം പരിഹരിക്കുവാൻ ശ്രീ. എ. വിജയരാഘവൻ, എം.പി, ശ്രീ. ടി.കെ ഹംസ എം.പി എന്നിവരും പ്രാദേശിക വിക

സന ഫണ്ടിലെ 24.75 ലക്ഷം രൂപ ചിലവഴിച്ച് 22 ലക്ഷം സംഭരണ ശേഷിയുള്ള 5 മഴവെള്ള സംഭരണികൾ നിർമ്മിച്ച് ഏതാനും മാസക്കാലത്തേക്ക് കാമ്പസിലെ ജല പ്രശ്നം ഇത് വഴി പരിഹരിക്കാൻ കഴിയും.

**6) പ്ലാസ്റ്റിക് നിർമ്മാർജ്ജനം**

മണ്ണിനേയും മനുഷ്യനേയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കാമ്പസ് പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിച്ചു.

**7)** കാമ്പസിലെ എല്ലാ ബൾബുകളും ട്യൂബുകളും ഘട്ടം ഘട്ടമായി എൽ.ഇ.ഡി, സി.എഫ്.എൽ ആക്കി മാറ്റിവരുന്നു. എല്ലാ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്ക് ഉപ കരണങ്ങളും സ്റ്റാർ റെയിറ്റിംഗ്/ദക്ഷത കൂടിയവ മാത്രം വാങ്ങി സ്ഥാപിക്കുന്നു.

10 കെ.വി. സോളാർ സബ്സറ്റേഷൻ സ്ഥാപിക്കാനുള്ള പ്രവർത്തി ആരംഭിച്ചു കഴിഞ്ഞു.

# XII
# ഹോമിയോപ്പതി വകുപ്പ്



## I. സീതാലയം പദ്ധതി

**ആമുഖം**

### 1. വിമൺ ഹെൽത്ത് കെയർ സെന്റർ (സീതാലയം)

a) സ്ത്രീകളുടെ ആരോഗ്യവും, സാമൂഹിക സമത്വവും ഉറപ്പു വരുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക.

b) ആവശ്യമായ നിയമപരിജ്ഞാനവും, അവബോധവും നൽകികൊണ്ട് സാമൂഹിക സുരക്ഷ ഉറപ്പാക്കുക

c) സ്ത്രീകളുടെ എല്ലാതരം പ്രശ്നങ്ങളും പ്രയാസങ്ങളും തുറന്ന് പറയാനും അവ പരിഹരിക്കപ്പെടുവാനുമുള്ള സാഹചര്യം സൃഷ്ടിക്കുക.

d) നിരാലംബരും അവഗണിക്കപ്പെട്ടവരുമായവർക്ക് ഒരു ആശ്രയമായി പുനരധിവാസ പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

e) ജീവനക്കാർക്ക് പരിശീലനവും ഐ.ഇ.സി പ്രവർത്തനങ്ങളും നടപ്പിലാക്കാൻ

## ഗുണഭോക്താവ്

സമൂഹത്തിൽ ശാരീരികവും മാനസികവുമായ അവശതകളും അസമത്വങ്ങളും അനുഭവിക്കുന്ന എല്ലാ വിഭാഗം സ്ത്രീകളും

## സ്കീമിന്റെ നിർവഹണം

ഹോമിയോപ്പതി വകുപ്പ്

## ഫണ്ടിംഗ്

സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള എല്ലാ ഹോമിയോപ്പതിക്ക് ആശുപത്രികളിലൂടെയും സീതാലയത്തിന്റെ സേവനം വ്യപിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 170 ലക്ഷം രൂപ 2012–13 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി നീക്കി വെച്ചിരിക്കുന്നു.

## പ്രവർത്തനങ്ങൾ

സ്കീം തയ്യാറാക്കിയതും അനുമതി നൽകിയതും സംസ്ഥാന ഹോമിയോപ്പതി വകുപ്പാണ്. ജില്ലാ തലത്തിൽ 4 മെഡിക്കൽ ഓഫീസർമാർ (സ്ത്രീകൾ) ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഒരു ഫാർമസിസ്റ്റ് (എല്ലാവരും സ്ത്രീകൾ) എന്നിവർ അടങ്ങുന്നതാണ് സീതാലയം ടീം.

മോണിറ്ററിംഗ് നടത്തുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, സീതാലയം ടീം എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി.

## സംഘാടനം

സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ്, കെൽസ, പോലീസ് വകുപ്പ്, വിവിധ കോളേജുകളിലെ സ്റ്റുഡന്റ്സ്, കുടുംബശ്രീ പ്രവർത്തകർ, സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയവരുമായി സീതാലയം പദ്ധതി സഹകരിച്ചു പ്രവർത്തിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തൃശൂർ ജില്ലാ പഞ്ചായത്ത് തൃശൂർ ജില്ലാ ഹോമിയോ ആശുപത്രിയിലാണ് സീതാലയം പ്രവർത്തിക്കുന്നത്.

## വകുപ്പിന്റെ പങ്ക്

സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള എല്ലാ ഹോമിയോപ്പതിക്ക് ആശുപത്രികളിലൂടെയും സീതാലയത്തിന്റെ സേവനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 170

ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിരുന്നു. നിലവിലുള്ള സീതാലയം യൂണിറ്റുകളോട് ചേർന്ന് മൂന്ന് വന്ധ്യതാ നിവാരണ ക്ലീനിക്കുകളും മൂന്ന് ഡി അഡിക്ഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടിനുപുറമെ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോട് കൂടി പദ്ധതി കൂടുതൽ വിജയകരമാക്കാൻ സാധിക്കും. ജാഗ്രതസമിതി പ്രവർത്തനങ്ങളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്. ഗ്രാമസഭ/വാർഡ്സഭകളിൽ സ്കീം ചർച്ചയ്ക്ക് വിധേയമാക്കണം. ലീഗൽ സർവ്വീസ് അതോറിറ്റിയുടെ പ്രവർത്തനവുമായി ഇതിനെ ഏകോപിപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി യോഗങ്ങളിലും വാർഡ്സഭ/ഗ്രാമസഭകളിലും ടി സ്കീമിനെക്കുറിച്ച് അവബോധം നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖകളിൽ ആയതിനെക്കുറിച്ച് പ്രതിപാദിക്കണം.

## 2. തുടർ മെഡിക്കൽ വിദ്യാഭ്യാസ പദ്ധതി

### ലക്ഷ്യങ്ങൾ

ഹോമിയോപ്പതിയിലെ നൂതനമായ ചികിത്സാ രീതികളും ഗവേഷണഫലങ്ങളും രോഗികളിലേക്ക് എത്തിക്കുന്നതിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനോടൊപ്പം തന്നെ വൈദ്യശാസ്ത്രമേഖലയിൽ വരുന്ന ആധുനിക അറിവുകളും നൈപുണ്യവും സ്വായത്തമാക്കുന്നതിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട രോഗനിർണ്ണയവും ചികിത്സയും ലഭ്യമാക്കുക.

### ഗുണഭോക്താവ്

ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും

### സ്കീമിന്റെ നിർവ്വഹണം

ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 ൽ 20 ലക്ഷം രൂപ തുടർ മെഡിക്കൽ വിദ്യാഭ്യാസം, പരിശീലനം, ഐ.ഇ.സി പ്രവർത്തനങ്ങൾ, പെരുമാറ്റ വ്യതിയാനം അനുകൂലമാക്കാനുതകുന്ന വിനിമയ പ്രവർത്തനങ്ങൾക്കുമായും നീക്കിവെച്ചിരിക്കുന്നു.

### പ്രവർത്തനങ്ങൾ

ഡ.എം.ഒ തെരെഞ്ഞെടുത്ത മെഡിക്കലാഫീസർമാരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന തുടർ വിദ്യാഭ്യാസ നിർവ്വഹണ കമ്മിറ്റി സ്കീം തയ്യാറാക്കുന്നു. ഡി.എം.ഒ അനുമതി നൽകുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പ്ലാൻ മോണിറ്ററിംഗ് കമ്മിറ്റി, മോണിറ്ററിംഗ് നടത്തുന്നു.

### സംഘാടനം

പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ മെഡിക്കലാഫീസർ ഒരു കമ്മിറ്റി രൂപീകരിക്കുന്നു. ഈ കമ്മിറ്റി ജീവനക്കാരുടെ അഭിപ്രായങ്ങൾ ആരായുകയും ചർച്ച ചെയ്യുകയും സി.എം.ഇ യ്ക്ക് ആവശ്യമായ വിഷയങ്ങൾ കണ്ടെത്തുന്നു. ഓരോ വിഷയത്തിലും വിദഗ്ദനായ ഫാക്കൽറ്റിയെ കണ്ടെത്തി ക്ലാസ്സെടുക്കുന്നതിന് ചുമതലപ്പെടുത്തുന്നു.

### വകുപ്പിന്റെ പങ്ക്

ഹോമിയോപ്പതിയിലെ നൂതനമായ ചികിത്സാരീതികളും ഗവേഷണങ്ങളും നടപ്പിലാക്കുന്നതിന് മികച്ച ആരോഗ്യ വിദ്യാഭ്യാസവും പരിശീലനവും

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിലും തദ്ദേശഭരണ സ്ഥാപന യോഗങ്ങളിലും ഡിപ്പാർട്ട്മെന്റ് കോൺഫറൻസുകളിലും സ്കീമിന്റെ നേട്ടങ്ങളെക്കുറിച്ച് ചർച്ച നടത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അവലോകനം മോണിറ്ററിംഗ് കമ്മിറ്റി നടത്തുന്നു. സ്കീം നടത്തിപ്പിനുശേഷം സേവനത്തിലുണ്ടായ മാറ്റങ്ങൾ തദ്ദേശഭരണ സ്ഥാപനവുമായി ചർച്ച ചെയ്യപ്പെടണം.

## 3. അഡോളസെന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജ്മെന്റ് (സദ്ഗമയ) ക്ലീനിക്ക്

### ലക്ഷ്യങ്ങൾ

a) കൗമാരപ്രായക്കാരിലെ സ്വഭാവ വൈകല്യങ്ങൾ, പുകയില, മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തുടങ്ങിയ അവസ്ഥകൾ, കൗൺസലിംഗ്, ഹോമിയോപ്പതി മരുന്നുകൾ എന്നിവ ഉപയോഗിച്ച് സുഖപ്പെടുത്തുക.

b) ഈ പ്രായക്കാരിൽ ആരോഗ്യകരമായ ലൈംഗീക ശീലങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുക

c) സ്ട്രസ്സ് മാനേജ്മെന്റ്, പ്രയോരിറ്റി സെറ്റിംഗ് ടൈം മാനേജ്മെന്റ് എന്നിവ പരിശീലിപ്പിക്കുക

d) വിഷാദരോഗം, ആങ്സൈറ്റി ഡിസോഡേർസ് എന്നിവയ്ക്ക് സൈക്യട്രിസ്റ്റിന്റേയും സൈക്കളജിസ്റ്റിന്റേയും മേൽ നോട്ടത്തിൽ ഹോമിയോ ചികിത്സ ലഭ്യമാക്കുക

e) എ.ഡി.എച്ച്.ഡി, പഠന വൈകല്യങ്ങൾ, ഓട്ടിസം തുടങ്ങിയ അവസ്ഥകളിൽ സൈക്യാട്രിസ്റ്റിന്റേയും, സൈക്കോളജിസ്റ്റിന്റേയും മേൽ നോട്ടത്തിൽ ഹോമിയോ ചികിത്സ ലഭ്യമാക്കുക. ഇത്തരം വ്യക്തികളെ സ്വയം പര്യാപ്തമാക്കുവാൻ സ്പെഷൽ എഡ്യുക്കേഷൻ ലഭിച്ച ടീച്ചറിന്റെ സഹായത്തോടെ ആവശ്യമായ പരിശീലനം നൽകുക.

ആത്യന്തികമായി അവനവനോടും, കുടുംബത്തോടും, സമൂഹത്തോടും രാഷ്ട്രത്തോടും ഉത്തരവാദിത്തമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാൻ ഹോമിയോപ്പതിയിലൂടെ സാധ്യതകൾ ഒരു സൈക്യാട്രിസ്റ്റിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കുക എന്ന മഹത്‌ലക്ഷ്യം ഈ പ്രോജക്ട് മുന്നോട്ട് വെക്കുന്നു.

## ഗുണഭോക്താവ്

18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ ഉദ്ദേശിച്ചാണ് ഈ ക്ലീനിക്ക് ആരംഭിച്ചിരിക്കുന്നത്. തൃശൂർ ജില്ലയിലാണ് ആദ്യമായി ഈ പദ്ധതി ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കിയിരിക്കുന്നത്.

മുകളിൽ പറഞ്ഞ ബുദ്ധിമുട്ടുകൾ നേരിടുന്ന ഇത്തരം കുട്ടികളും അവരുടെ മാതാപിതാക്കളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ

## സ്കീമിന്റെ നിർവ്വഹണം

ജില്ലാ ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കുന്ന ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസറാണ്.

## ഫണ്ടിംഗ്

2012–13 വർഷത്തേക്ക് 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ഹോമിയോപ്പതി ഡയറക്ടർ ഫണ്ട് തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

തൃശൂർ ജില്ലയിലെ ഹോമിയോപ്പതി വകുപ്പിൽ പ്രവർത്തിച്ചു വരുന്ന രണ്ട് മെഡിക്കൽ ഓഫീസർമാർ (Male & One Female) കൂടാതെ എം.എസ്.ഡബ്ല്യു കൗൺസിലിംഗ്, സൈക്യട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, ലേണിംഗ്, ഡിസെബിലിറ്റി ട്രെയിനിംഗ് പൂർത്തിയാക്കിയ ഒരു ബി.എഡ് ടീച്ചർ എന്നിവർ ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നു. ഇതിന്റെ പ്രചരണ പ്രവർത്തനത്തിൽ ഉൾപ്പെടുന്ന ക്ലാസ്സുകൾ, ക്യാമ്പുകൾ എന്നിവ ഇവരാണ് കൈകാര്യം ചെയ്യുന്നത്. മോണിറ്ററിംഗ് നടത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസർ ആണ്.

## സംഘാടനം

Social welfare Department, Sarva Siksha Abhiyan, National Service Scheme. ഈ വിഷയത്തിൽ തൃശൂരിൽ പ്രവർത്തിച്ചു വരുന്ന Association of Learning Disability India, Innervision എന്നീ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സദ്ഗമയ ക്ലീനിക്കിന്റെ പ്രവർത്തനം സഹകരിച്ചു വരുന്നു .

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തൃശൂർ ജില്ലാ പഞ്ചായത്ത് സ്ഥാപനമായ തൃശൂർ ജില്ലാ ഹോമിയോ ആശുപത്രിയിലാണ് സദ്ഗമയ ക്ലീനിക്ക് പ്രവർത്തിക്കുന്നത്.

## വകുപ്പിന്റെ പങ്ക്

2012-13 വർഷത്തിൽ തെരഞ്ഞെടുത്ത 28 സ്കൂളുകളിൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിനും, തൃശൂർ ജില്ലയിൽ ഒരു കൗമാര ആരോഗ്യ പരിചരണ കേന്ദ്രം സ്ഥാപിക്കുന്നതിനുമായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടിനുപുറമെ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോട് കൂടി പദ്ധതി കൂടുതൽ വിജയകരമാക്കാൻ സാധിക്കും. ഗുണഭോക്താക്കളെ വാർഡ് സഭ/ ഗ്രാമസഭയിൽ നിന്നും ഗ്രാമപഞ്ചായത്ത്/ നഗരസഭ കണ്ടെത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് പ്രോജക്ട് തയ്യാറാക്കണം. ബഡ്സ് സ്കൂൾ, കുടുംബശ്രീ പ്രവർത്തനവുമായി ഈ സ്കീമിനെ ബന്ധപ്പെടുത്തി ഡിപ്പാർട്ട്മെന്റ് സ്കീം തയ്യാറാക്കണം. ഇരട്ടിപ്പ് ഒഴിവാക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗുണഭോക്താക്കൾ എല്ലാം തന്നെ ഗ്രാമപഞ്ചായത്ത്/നഗരസഭയിലെ ഗുണഭോക്താക്കൾ ആയതുകൊണ്ട് അവരുടെ സഹായത്തോടെ മാത്രം ഡിപ്പാർട്ട്മെന്റ് ഗുണഭോക്താക്കളെ കണ്ടെത്തണം. ഗ്രാമസഭ/വാർഡ്സഭയിൽ അവബോധം നൽകണം.

## 4. ഗ്രാമീണ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കൽ

### ലക്ഷ്യങ്ങൾ

ഒരു ഗ്രാമത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി എന്നാണ് ഹോമിയോപ്പതി വകുപ്പിന്റെ ലക്ഷ്യം.

### ഗുണഭോക്താവ്

ഗ്രാമ നിവാസികൾ

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തനം തുടങ്ങി. ഇതിനായി 342 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### പ്രവർത്തനങ്ങൾ

ഗ്രാമീണ മേഖലകളിലെ നിർദ്ധന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക

### സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്ഥലവും ഭൗതീക സാഹചര്യങ്ങളും ഒരുക്കൽ. ഏറ്റവും അനുയോജ്യമായ സ്ഥലം തദ്ദേശഭരണ സ്ഥാപനം ഗ്രാമസഭ/വാർഡ്സഭകളിൽ ചർച്ച ചെയ്ത് മുൻഗണനകൾ നിശ്ചയിക്കണം.

### വകുപ്പിന്റെ പങ്ക്

യഥാസമയം സ്ഥാപനം ആരംഭിക്കുകയും പ്രവർത്തനം ഉറപ്പുവരുത്തുകയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യപ്പെടുകയും വേണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

സ്ഥാപനത്തിലേക്കാവശ്യമായ മരുന്നുകൾ പഞ്ചായത്ത് ഫണ്ട് വഴി ലഭ്യമാക്കാവുന്നതും, പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്ഥാപനമായതിനാൽ ഡിസ്പെൻസറിയെ സംബന്ധിച്ച ഏത് തീരുമാനവും പഞ്ചായത്തിന് കൈകൊള്ളാവുന്നതാണ്. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ചർച്ച ചെയ്ത് പോരായ്മകൾ കണ്ടെത്തി ഡിപ്പാർട്ട്മെന്റിന് നൽകണം. വിടവുകൾ തദ്ദേശഭരണ സ്ഥാപനം അവരുടെ പദ്ധതികളിൽ ഉൾപ്പെടുത്തി പരിഹരിക്കുകയും അവ പദ്ധതിരേഖയിൽ പ്രതിപാദിക്കുകയും ചെയ്യണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുമ്പോൾ മറ്റ് ഡിസ്പെൻസറികളുമായുള്ള അകലം ജനങ്ങൾക്ക് എളുപ്പത്തിൽ എത്തിചേരുവാനുള്ള സൗകര്യം എന്നിവ കണക്കിലെടുക്കുകയും ജനാഭിപ്രായം കണക്കിലെടുക്കുകയും ഗ്രാമസഭകളിൽ/വാർഡ്സഭകളിൽ ചർച്ചയ്ക്ക് വേദിയാക്കുകയും വേണം.

## 5. പുതിയ ഹോമിയോ ആശുപത്രി ആരംഭിക്കൽ

### ലക്ഷ്യങ്ങൾ

നിലവിൽ ഹോമിയോ ആശുപത്രി ഇല്ലാത്ത 46 താലൂക്കുകളിലും 36 മുനിസിപ്പാലിറ്റികളിലും ഘട്ടംഘട്ടമായി 25 കിടക്കകളോടു കൂടിയ ഹോമിയോപ്പതി ആശുപത്രികൾ ആരംഭിക്കുക. 2012-13 വർഷത്തിൽ കണ്ണൂർ ജില്ലയിലെ പട്ടികവർക്ഷ സങ്കേതങ്ങളിൽ 10 കിടക്കകളോടുകൂടിയ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുവാനും ഒരു ഡിസ്പെൻസറിയെ 10 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുവാനും ഉദ്ദേശിച്ചിരിക്കുന്നു.

### ഗുണഭോക്താവ്

സ്ഥാപനം ആരംഭിക്കുന്ന താലൂക്ക്, മുനിസിപ്പാലിറ്റി, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിർദ്ധന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക, നിലവിൽ ഹോമിയോ ആശുപത്രികൾ ഇല്ലാത്ത 46 താലൂക്കുകളിലും 36 മുനിസിപ്പാലിറ്റികളിലും ഘട്ടംഘട്ടമായി 25 കിടക്കകളോടുകൂടിയ ഹോമിയോപ്പതി ആശുപത്രികൾ ആരംഭിക്കുക.

## സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്ഥലവും ഭൗതീക സാഹചര്യങ്ങളും ഒരുക്കൽ. ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ സ്ഥലം നിർദ്ദേശിക്കൽ

## വകുപ്പിന്റെ പങ്ക്

യഥാസമയം സ്ഥാപനം ആരംഭിക്കുകയും പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുക. തദ്ദേശഭരണസ്ഥാപനവുമായി ചർച്ചകൾ നടത്തി തീരുമാനമെടുക്കുക.

## തദ്ദേശഭരണസ്ഥാപനത്തിന്റെ ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

സ്ഥാപനത്തിലേക്കാവശ്യമായ മരുന്നുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാവുന്നതും, അവക്കു കീഴിൽ വരുന്ന സ്ഥാപനമായതിനാൽ ആശുപത്രിയെ സംബന്ധിച്ച ഏത് തീരുമാനവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈകൊള്ളാവുന്നതുമാണ്. ഭൗതീക സാഹചര്യത്തിൽ ഉണ്ടാകാവുന്ന കുറവ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി രൂപവൽക്കരിച്ച് ചർച്ച നടത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഹാരം കാണണം. ഗ്രാമസഭ/വാർഡ് സഭകളിൽ അവ ചർച്ചയ്ക്ക് വിധേയമാക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഡിസ്പെൻസറിയിലേക്ക് വേണ്ടുന്ന ഗതാഗത സൗകര്യം, അടിസ്ഥാന ആവശ്യങ്ങൾക്കായുള്ള പശ്ചാത്തല സൗകര്യം എന്നിവ ചർച്ച ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തണം.

# 6. സാന്ത്വന പരിചരണ കേന്ദ്രം

## ലക്ഷ്യങ്ങൾ

സംസ്ഥാനത്ത് ഓരോ ജില്ലയിലും ഓരോ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ മലപ്പുറം ജില്ലയിൽ ചേതന എന്ന പേരിൽ ഒരു അർബുദ രോഗ സാന്ത്വന പരിചരണ കേന്ദ്രം പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചുവരുന്നു. അതുകൊണ്ട് തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ 10 കിടക്കകളോടുകൂടിയ രണ്ട് സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

## ഗുണഭോക്താവ്

മാരകരോഗങ്ങൾ അനുഭവിക്കുന്ന നിർദ്ധന രോഗികൾ

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

സാന്ത്വന ചികിത്സ സൗജന്യമായി ജനങ്ങളിലെത്തിക്കുക.

## സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്ഥലവും ഭൗതീക സാഹചര്യങ്ങളും ഒരുക്കൽ. തദ്ദേശഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതിയുമായി ഇതിനെ ബന്ധിപ്പിക്കണം.

## വകുപ്പിന്റെ പങ്ക്

യഥാസമയം സ്ഥാപനം ആരംഭിക്കുകയും പ്രവർത്തനം ഉറപ്പുവരുത്തുകയും. തദ്ദേശഭരണ സ്ഥാപനവുമായി ചർച്ച ചെയ്ത് കുറവുകൾ പരിഹരിക്കുകയും വേണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

സ്ഥാപനത്തിലേക്കാവശ്യമായ മരുന്നുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാവുന്നതും, അവക്കു കീഴിൽ വരുന്ന സ്ഥാപനമായതിനാൽ പദ്ധതിയെ സംബന്ധിച്ച ഏത് തീരുമാനവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈകൊള്ളാവുന്നതാണ്. പാലിയേറ്റീവ് കെയർ പദ്ധതിയിലുള്ള ഹോംകെയർ സംവിധാനവും, വിവിധ കമ്മിറ്റികളുമായി ഇതിന്റെ പ്രവർത്തനം ബന്ധിപ്പിക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധിപ്പിച്ച് കുറവുകളും വിടവുകളും പരിഹരിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗുണഭോക്താക്കളെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ലിസ്റ്റിൽ നിന്നും കണ്ടെത്തണം. എല്ലാ പ്രവർത്തനങ്ങളും ഗ്രാമസഭ/വാർഡ്സഭകളുടെ ചർച്ചയ്ക്ക് വിധേയമാക്കണം. അർഹതപ്പെട്ട എല്ലാവരും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

## 7. ഹോമിയോപ്പതിക്ക് സ്പെഷാലിറ്റി സെന്റർ

### ലക്ഷ്യങ്ങൾ

മാതൃ-ശിശു പരിചരണ കേന്ദ്രങ്ങൾ ആരംഭിക്കൽ, ജെറിയാട്രിക്ക് കേന്ദ്രം, എൻഡോ ക്രൈൻ തകരാറുകൾക്ക് പ്രത്യേക ക്ലീനിക്ക്, എൻഡോ സൾഫാൻ ബാധിത പ്രദേശങ്ങളിൽ പ്രത്യേക ക്ലീനിക്ക്.

### ഗുണഭോക്താവ്

സംരക്ഷണം അർഹിക്കുന്ന വയോജനങ്ങളും, അമ്മമാരും കുഞ്ഞുങ്ങളും, എൻഡോ സൾഫാൻ ബാധിത പ്രദേശങ്ങളിലെ ജനങ്ങളും, ജനിതക വൈകല്യം അനുഭവിക്കുന്ന അവശരും.

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### പ്രവർത്തനങ്ങൾ

ജില്ലാ ആശുപത്രികളിൽ പ്രത്യേക ദിവസങ്ങളിൽ സമീപ ഡിസ്പെൻസറികളിൽ നിന്നുമുള്ള മെഡിക്കൽ ആഫീസർമാരെ നിയോഗിച്ചുകൊണ്ട്, ഡയബറ്റിക്ക്, ആസ്ത്മ,

അലർജി എന്നീ രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനുള്ള പ്രത്യേക ഒ.പി. വിഭാഗം പ്രവർത്തിച്ചുവരുന്നു. അതുകൊണ്ട് സ്ഥിരമായി ജില്ലാ ഹോമിയോ ആശുപത്രികളിൽ സ്പെഷാലിറ്റി ക്ലീനിക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

## സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്ഥലവും ഭൗതീക സാഹചര്യങ്ങളും ഒരുക്കൽ. ഓരോ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുമുള്ള അർഹരായ എല്ലാ ഗുണഭോക്താക്കളേയും ഗ്രാമസഭ/വാർഡ്സഭ വഴി കണ്ടെത്തി ചികിത്സ നൽകണം.

## വകുപ്പിന്റെ പങ്ക്

യഥാസമയം സ്ഥാപനം ആരംഭിക്കുകയും പ്രവർത്തനം ഉറപ്പു വരുത്തുകയും. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനത്തിന്റെ എല്ലാ മേഖലയും ചർച്ചയ്ക്ക് വിധേയമാക്കണം.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

സ്ഥാപനത്തിലേക്കാവശ്യമായ മരുന്നുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാവുന്നതും, അവക്കു കീഴിൽ വരുന്ന സ്ഥാപനമായതിനാൽ പദ്ധതിയെ സംബന്ധിച്ച ഏത് തീരുമാനവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈകൊള്ളാവുന്നതാണ്. മുഴുവൻ ഗുണഭോക്താക്കളുടെ ലിസ്റ്റും ഗ്രാമസഭ/വാർഡ്സഭ വഴി തയ്യാറാക്കി സ്കീമിൽ ഉൾപ്പെടുത്തുകയും വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി വഴി പരിഹരിക്കുകയും വേണം. ഗുണഭോക്താക്കളെ ഗ്രാമസഭ/വാർഡ്സഭ വഴി കണ്ടെത്തണം. പ്രവർത്തനം ഗ്രാമസഭ/വാർഡ്സഭ ചർച്ചയ്ക്ക് വിധേയമാക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുടുംബശ്രി, അങ്കണവാടികൾ, ബാലവാടികൾ എന്നിവരുമായി ചർച്ചചെയ്യണം. തദ്ദേശഭരണസ്ഥാപനത്തിന്റെ മാതൃ-ശിശു, വൃദ്ധ, വികലാംഗ പ്രോജക്ടുകളുമായി ഇതിനെ ബന്ധപ്പെടുത്തണം.

## 8. മെഡിക്കൽ സ്റ്റോറുകളുടെ ശക്തിപ്പെടുത്തൽ

### ലക്ഷ്യങ്ങൾ

തിരുവനന്തപുരം, കോട്ടയം, കണ്ണൂർ, മലപ്പുറം എന്നീ 4 ഹോമിയോ മെഡിക്കൽ സ്റ്റോറുകളുടെ ശക്തിപ്പെടുത്തൽ

### ഗുണഭോക്താവ്

ഹോമിയോപ്പതി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### പ്രവർത്തനങ്ങൾ

ഹോമിയോപ്പതി ആശുപത്രികളിലേക്കും, ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വാങ്ങുന്നതിനും ശേഖരണത്തിനും വിതരണത്തിനും

### സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

പോരായ്മകൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനവും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുമായി ചർച്ച ചെയ്ത് പരിഹാരം കാണണം.

### വകുപ്പിന്റെ പങ്ക്

മെഡിക്കൽ സ്റ്റോറുകളുടെ മേൽനോട്ടം, തദ്ദേശഭരണ സ്ഥാപനങ്ങളുമായി പ്രവർത്തനം ചർച്ച ചെയ്യൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

പോരാതെ വരുന്ന മരുന്നുകൾ ഏതെല്ലാമെന്ന് തിരിച്ചറിഞ്ഞ് തദ്ദേശ രണസ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തണം. ആവശ്യമായ മരുന്നുകൾ ഏതെല്ലാ

മെന്ന് തീരുമാനിക്കുന്നതിന് രജിസ്റ്റർ അടിസ്ഥാനമാക്കിയ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മെഡിക്കൽ സ്റ്റോറുകൾ ജനസേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. ജനങ്ങൾ പുറമെ നിന്ന് മരുന്ന് വാങ്ങിക്കാതെയിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. തദ്ദേശഭരണസ്ഥാപനം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഇടയ്ക്കിടെ വിളിച്ച് ചേർത്ത് അവലോകനം നടത്തണം. തീരുമാനവും പ്രവർത്തന റിപ്പോർട്ടും ഗ്രാമസഭ/വാർഡ്സഭ മുമ്പാകെ വെക്കണം. അഭിപ്രായം ആരായണം.

## 9. മരുന്നുകളുടെ നിലവാരം ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ലാബ്.

### ലക്ഷ്യങ്ങൾ

ഹോമിയോപ്പതിക്ക് മരുന്നുകളുടെ നിലവാരം നിർണ്ണയിക്കുന്നതിനും അതുവഴി മരുന്ന് നിർമ്മാണ പ്രക്രിയയിലെ പ്രാരംഭ നടപടികളുടെ നിലവാരം പരിശോധിക്കുന്നതിനുമായി പൂർണ്ണമായ ഒരു മരുന്നു നിയന്ത്രണ ലാബോറട്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

### ഗുണഭോക്താവ്

ഹോമിയോപ്പതി വകുപ്പിലെ സ്ഥാപനങ്ങൾ വഴി ജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### പ്രവർത്തനങ്ങൾ

ഐ.എസ്.എം ഡ്രഗ് കൺട്രോൾ യൂണിറ്റുമായി സംയോജിപ്പിച്ചുകൊണ്ട് ഒരു ഹോമിയോപ്പതിക്ക് മരുന്നു നിയന്ത്രണ യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

### സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഏറ്റവും യോജിച്ച സ്ഥലം നിർദ്ദേശിക്കുക

## വകുപ്പിന്റെ പങ്ക്

പദ്ധതി നടപ്പിലാക്കൽ, തദ്ദേശഭരണസ്ഥാപനവുമായി ചർച്ച നടത്തൽ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

സ്ഥാപനത്തിൽ ഉണ്ടാകാവുന്ന കുറവുകൾ നിർണ്ണയിച്ചു തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തണം. സ്ഥാപനത്തിന്റെ സേവനവും പ്രവർത്തനവും ജനകീയ സമിതികളുടെ അഭിപ്രായത്തിന് വിടണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മരുന്നുകളുടെ നിലവാരം നിർണ്ണയിക്കുന്നതിന് സ്ഥാപനത്തിന് കഴിയുന്നുണ്ടോയെന്നും ഇല്ലെങ്കിൽ പരിഹാരങ്ങൾ എന്തൊക്കെയാണെന്നും തദ്ദേശഭരണ സ്ഥാപനം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുമായി ചർച്ചചെയ്ത് പരിഹാരം കാണണം. ജനങ്ങളുടെ അഭിപ്രായം ഗ്രാമസഭ/വാർഡ്സഭവഴി ആരാഞ്ഞ് പ്രവർത്തനം മെച്ചപ്പെടുത്തണം.

# 10. ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്.

## ലക്ഷ്യങ്ങൾ

2012-13 ൽ രണ്ട് ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകൾ ഹോമിയോപ്പതിക് ആശുപത്രിയിലോ ആയുർവ്വേദാശുപത്രികളിലോ ആണ് ആരംഭിക്കുക.

## ഗുണഭോക്താവ്

ജീവിത ശൈലീ രോഗങ്ങൾ ബാധിച്ച രോഗികൾ

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

ഹോമിയോപ്പതി, ആയുർവ്വേദം, നാച്ചുറോപ്പതി, യോഗ എന്നിവയുടെ ഗുണങ്ങൾ സംയോജിപ്പിച്ചുകൊണ്ട് വിവിധ ആയുഷ് സമ്പ്രദായങ്ങളെ ഒന്നിപ്പിക്കുവാൻ കഴിയും. ഈ ഉദ്ദേശത്തോടുകൂടിയാണ് ആയ്യൂർവ്വേദ വകുപ്പിന്റെ സഹകരണത്തോടെ ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

## സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

സ്ഥാപനം നിലനിൽക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്ഥലവും ഭൗതീക സാഹചര്യങ്ങളും ഒരുക്കൽ. സർവ്വെ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തൽ.

## വകുപ്പിന്റെ പങ്ക്

പദ്ധതി നടപ്പിലാക്കൽ, തദ്ദേശഭരണ സ്ഥാപനവുമായി നിരന്തരം ചർച്ച നടത്തൽ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

സ്ഥാപനത്തിലേക്കാവശ്യമായ മരുന്നുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാവുന്നതും, അവക്കു കീഴിൽ വരുന്ന സ്ഥാപനമായതിനാൽ പദ്ധതിയെ സംബന്ധിച്ച ഏത് തീരുമാനവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈകൊള്ളാവുന്നതുമാണ്. മറ്റ് ചികിത്സാ മാർഗ്ഗം വഴിയുള്ള പരിഹാരവും അവബോധം വളരുന്നതിനുള്ള മാർഗ്ഗങ്ങളും ചർച്ച ചെയ്ത് തീരുമാനിച്ച് തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതികളും ഡിപ്പാർട്ട്മെന്റ് പദ്ധതികളും എൻ.ആർ.എച്ച്.എം പദ്ധതികളുമായി ഇരട്ടിപ്പ് ഒഴിവാക്കി സംയോജിപ്പിക്കണം. പദ്ധതിരേഖയിൽ വകുപ്പ്, എൻ.ആർ.എച്ച്.എം പ്രവർത്തനങ്ങളും പ്രതിപാദിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണസ്ഥാപനത്തിലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളും ഗ്രാമസഭ/ വാർഡ്സഭകളുമായി ചർച്ച ചെയ്ത് തന്ത്രം രൂപപ്പെടുത്തണം. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായും ഇതിനെ ഏകോപിപ്പിക്കാം.

## 11. ഹോമിയോപ്പതി വകുപ്പിലെ ആധുനിക വൽക്കരണവും, കമ്പ്യൂട്ടർവൽക്കരണവും

### ലക്ഷ്യങ്ങൾ

50 ഹോമിയോ സ്ഥാപനങ്ങൾ, ഡയറക്ടറേറ്റ്, ജില്ലാ ആശുപത്രികൾ, ഡി.എം.ഒ ഓഫീസുകൾ എന്നിവ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായും, ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും, ഈ-ഗവേണൻസ് നടപ്പിൽ വരുത്തുന്നതിനും.

### ഗുണഭോക്താവ്

ഹോമിയോപ്പതി വകുപ്പിലെ സ്ഥാപനങ്ങൾ വഴി ജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി 120 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.

### പ്രവർത്തനങ്ങൾ

ഐ.എസ്.എം ഡ്രഗ് കൺട്രോൾ യൂണിറ്റുമായി സംയോജിപ്പിച്ചുകൊണ്ട് ഒരു ഹോമിയോപ്പതിക്ക് മരുന്നു നിയന്ത്രണ യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

### സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ നെറ്റ് വർക്കുമായി ഇതിനെ ബന്ധിപ്പിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം തദ്ദേശഭരണ സ്ഥാപനത്തിന് ചെയ്യാവുന്നതാണ്.

### വകുപ്പിന്റെ പങ്ക്

പദ്ധതി നടപ്പിലാക്കൽ, തദ്ദേശഭരണസ്ഥാപനവുമായി പദ്ധതി ചർച്ച ചെയ്ത് അന്തിമമാക്കൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കണം. ചർച്ചകൾ നടത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനങ്ങൾക്ക് എത്രയും വേഗം സേവനം ലഭ്യമാക്കുന്നതിനുള്ള കമ്പ്യൂട്ടർ സോഫ്റ്റ് വെയറും നെറ്റ് വർക്കും പ്രായോഗികമാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർശാഖയുമായി ഇതിനെ ബന്ധപ്പെടുത്തുവാനുള്ള വഴികൾ ചർച്ചചെയ്ത് തന്ത്രം രൂപപ്പെടുത്തണം.

## 12. ജില്ലാ ആശുപത്രികളിലും മറ്റ് ആശുപത്രികളിലും നിശ്ചിത നിലവാരം ഏർപ്പെടുത്തൽ

### ലക്ഷ്യങ്ങൾ

നിലവിലുള്ള ഹോമിയോ ആശുപത്രികളിലും, ഡിസ്പെൻസറികളിലും ക്ലീനിക്കൽ, നോൺ ക്ലീനിക്കൽ സൗകര്യങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നത് ഉദ്ദേശിച്ചിരിക്കുന്നു. ആശുപത്രികളിലേക്ക് ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും, കമ്പ്യൂട്ടർ എന്നിവ വാങ്ങുക, ഹോമിയോ ഡിസ്പെൻസറിയെ മോഡൽ ഡിസ്പെൻസറിയായി ഉയർത്തുക

### ഗുണഭോക്താവ്

സ്ഥാപനവും അതിലൂടെ പൊതുജനവും

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

### ഫണ്ടിംഗ്

2012-13 വർഷത്തിൽ 110 ലക്ഷം രൂപ ആശുപത്രികളിലും ഡിസ്പെൻസറികളിലെ നിശ്ചിത നിലവാരം ഏർപ്പെടുത്തുന്നതിനായി വകയിരുത്തിയിരിക്കുന്നു.

## പ്രവർത്തനങ്ങൾ

ഹോമിയോ ആരോഗ്യ പരിചരണ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും, പുരോഗമനത്തിനും നിലവിലുള്ള ഹോമിയോ ആശുപത്രികളിലും, ഡിസ്പെൻസറികളിലും ക്ലീനിക്കൽ, നോൺ ക്ലീനിക്കൽ സൗകര്യങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നത് ഉദ്ദേശിച്ചിരിക്കുന്നു.

## സംഘാടനം

സംസ്ഥാന ഹോമിയോപ്പതി വകുപ്പ്

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

എച്ച്.എം.സി രൂപീകരിച്ച് കൺവീനറെ തെരഞ്ഞെടുക്കുകയും, കൺവീനറുടെ മേൽനോട്ടത്തിൽ കൺസ്ട്രക്ഷൻ വർക്കുകൾ നടത്തുന്നു. സേവനം യഥാസമയം യഥാവിധി നൽകുന്നതിനുള്ള പ്രയാസങ്ങൾ ഏതെന്ന് കണ്ടുപിടിച്ച് വകുപ്പുമായി ചർച്ച നടത്തണം.

## വകുപ്പിന്റെ പങ്ക്

പദ്ധതി നടപ്പിലാക്കൽ, തദ്ദേശഭരണസ്ഥാപനവുമായി നിരന്തരം ഇടപെടൽ.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

മാതൃകാ ഡിസ്പെൻസറിയുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കാവുന്നതാണ്. പോരായ്മകൾ കണ്ടുപിടിച്ച് അവ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽപ്പെടുത്തി സേവനം നൽകുന്നതിനുള്ള പോരായ്മകളും കാലതാമസവും ഒഴിവാക്കുക. പ്രവർത്തനം ഗ്രാമസഭ/വാർഡ്സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം മാതൃകാപരമാക്കുക. കൂടുതൽ വിഭവം അവർ വഴി കണ്ടെത്തി എല്ലാ പോരായ്മകളും നികത്തുക. ജീവനക്കാർ യഥാവിധി ജനങ്ങൾക്ക് സേവനം നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. അവരുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനത്തിന്റെ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും യഥാസമയം നടപടികൾ എടുത്ത് പരിഹാരം കാണുകയും ചെയ്യുന്നു.

**13.** പട്ടികജാതി /പട്ടികവർഗ്ഗ വകുപ്പും, ഹോമിയോപ്പതി വകുപ്പും സംയുക്തമായി സംസ്ഥാനത്ത് 29 പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് മാത്രമായി, പട്ടികജാതി കോളനികളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ 2012-13 സാമ്പത്തികവർഷം ആരംഭിച്ചു. ഇതിൽ അറ്റൻഡർ, പാർട്ട്ടൈം സ്വീപ്പർ എന്നീ ജോലികൾ - ആ കോളനിയിലെ പട്ടികജാതിക്കാർക്ക് മാത്രമായി നൽകിയിരിക്കുന്നു. 1 ഫാർമസിസ്റ്റ്, 1 മെഡിക്കൽ ഓഫീസർ എന്നിവർ കൂടി ഇതിൽ ജോലി ചെയ്യുന്നു. ഈ പ്രോജക്ടിന്റെ മുഴുവൻ സാമ്പത്തിക ബാദ്ധ്യതയും പട്ടികജാതി വകുപ്പിന്റെ സംസ്ഥാനതല ഫണ്ട് ഉപയോഗിച്ചാണ് നടത്തുന്നത്. ആഴ്ചയിൽ ഒരിക്കൽ ഡോക്ടർമാർ പട്ടികജാതി കോളനിയിലെ ജനങ്ങളെ വീടുകളിൽ സന്ദർശിച്ച്, പരിശോധിച്ച്, മരുന്നുകൾ വീട്ടിൽ എത്തിച്ചു കൊടുക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ 9 ഡിസ്പെൻസറി തുടങ്ങിയിട്ടുണ്ട്.

# XIII

# കേരള സംസ്ഥാന സാക്ഷരതാമിഷൻ

## തുടർവിദ്യാഭ്യാസ പരിപാടി



കേരളം 1991 ഏപ്രിൽ 18-ന് സമ്പൂർണ്ണ സാക്ഷരത നേടി. 1992-ൽ സാക്ഷരതാനന്തര പ്രവർത്തനങ്ങൾക്ക് കേരളത്തിൽ തുടക്കമിട്ടു. 1998 ഒക്ടോബർ രണ്ടിനാണ് തുടർവിദ്യാഭ്യാസ പദ്ധതി ആരംഭിച്ചത്. കേന്ദ്ര സർക്കാരിന്റെ മാനവ വിഭവവികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ സാക്ഷരതാമിഷന്റെ ഗ്രാന്റോടുകൂടിയാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. വനിതാ സാക്ഷരതയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ട് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന സാക്ഷർഭാരത് പദ്ധതിയിൽ സമ്പൂർണ്ണ സാക്ഷരത നേടി എന്നതിനാൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് 2009 മാർച്ച് 31 കൊണ്ട് അവസാനിച്ചു. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തെയും സാക്ഷരതാമിഷന്റെ സ്വയാർജിത ഫണ്ടിനെയും ആശ്രയിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. 60 വയസ്സുള്ള എല്ലാ കേരളീയർക്കും പത്താംക്ലാസ്സ് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള കർമ്മവീഥിയിലാണ് ഇപ്പോൾ സാക്ഷരതാമിഷൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമ്പൂർണ്ണ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി തുടർവിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. 2016-നകം സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസ സംസ്ഥാനമാക്കി കേരളത്തെ മാറ്റി മറ്റൊരു കേരള മാതൃക രാജ്യത്തിന് സമർപ്പിക്കാനുള്ള ഭഗീരഥ യജ്ഞത്തിലാണ് സാക്ഷരതാമിഷൻ. 2013 എപ്രിൽ മാസത്തിൽ സർക്കാർ ഉത്ത

രവ് - സ.ഉ (കൈ) നമ്പർ 138/2013. പൊ.വി.വ. 18.4.2013 തിയ്യതി പ്രകാരം അംഗീകാരം ലഭിച്ച ഹയർ സെക്കണ്ടറി തുല്യതാ പരിപാടി തുടർ വിദ്യാഭ്യാസ ചരിത്രത്തിലെ നാഴികകല്ലാണ്.

## ലക്ഷ്യങ്ങൾ

- നേടിയെടുത്ത സാക്ഷരതയെ തുടർപഠനത്തിലൂടെ വികസിപ്പിക്കുക.
- താല്പര്യമുള്ള ഏതൊരാൾക്കും പഠിക്കാനുള്ള അവസരമൊരുക്കുക.
- നേടിയ അറിവ് ജീവിതത്തിൽ പ്രയോഗിക്കാനുള്ള ശേഷി വളർത്തുക.
- സർക്കാരിന്റെ വികസന-ക്ഷേമപദ്ധതികളെക്കുറിച്ച് അറിവ് നൽകുക.
- സാമൂഹികപ്രശ്നങ്ങളെ വിമർശനപരമായി വിലയിരുത്താനുള്ള അവബോധം വികസിപ്പിക്കുക.
- സാമൂഹിക വികസനപ്രക്രിയയിൽ സക്രിയമായി ഇടപെടുന്നതിനുള്ള കഴിവ് വളർത്തുക.
- സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ വികസന, ക്ഷേമപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കി അവരുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കുക.
- അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഗവേഷണ പഠനങ്ങൾ നടത്തുകയും സമഗ്രമായ പരിശീലന പരിപാടികൾ ആസൂത്രണം നടത്തുകയും ചെയ്യുന്നു.
- കേരളത്തിലെ മുഴുവൻ ആളുകൾക്കും പടിപടിയായി ഹയർ സെക്കന്ററിതല വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- സമഗ്രമായ തൊഴിൽ നൈപുണി വികസനപദ്ധതി നടപ്പാക്കുക.
- കേരളത്തിന്റെ തനതായ പൗരവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## ഗുണഭോക്താക്കൾ

- നിരക്ഷരർ
- നവസാക്ഷരർ
- സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ
- ആജീവനവിദ്യാഭ്യാസത്തിൽ താല്പര്യമുള്ള ഏവരും

## വിദ്യാകേന്ദ്രങ്ങൾ

സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലായി 3500 തുടർവിദ്യാകേന്ദ്രങ്ങളും 500 വികസന വിദ്യാകേന്ദ്രങ്ങളുമുൾപ്പെടെ 4000 വിദ്യാകേന്ദ്രങ്ങൾ അനു

വദിച്ചിരുന്നു. ഗ്രാമപ്പഞ്ചായത്തുകളിൽ മൂന്ന് വീതവും മുനിസിപ്പാലിറ്റികളിൽ അഞ്ച് വീതവും കോർപ്പറേഷനുകളിൽ 10 വീതവുമാണ് വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. വികസനവിദ്യാകേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രണ്ട് വീതവും കോർപ്പറേഷനുകളിൽ മൂന്ന് വീതവുമുണ്ട്. ജില്ലാപ്പഞ്ചായത്തിന്റെ നേതൃത്വത്തിൽ രണ്ട് മാതൃകാ വികസനവിദ്യാകേന്ദ്രങ്ങൾ വീതം 14 ജില്ലകളിലും പ്രവർത്തിക്കുന്നു.

## പ്രേരക്മാർ

വിദ്യാകേന്ദ്രങ്ങളുടെ ജീവനാഡിയായി പ്രവർത്തിക്കുന്നത് പ്രേരക്മാരാണ്. തുടർവിദ്യാകേന്ദ്രം പ്രേരകായി നിയോഗിക്കുന്നതിന് എസ്.എസ്.എൽ.സി യാണ് വിദ്യാഭ്യാസ യോഗ്യത. വികസന വിദ്യാകേന്ദ്രങ്ങളിൽ പ്രേരക് നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ബിരുദമാണ്. എന്നാൽ ബിരുദാനന്തര ബിരുദധാരികൾ പോലും പ്രേരക്മാരായി പ്രവർത്തിക്കുന്നുണ്ട്.

## ലക്ഷ്യാധിഷ്ഠിത  പരിപാടികൾ

സമഗ്ര മാനവവിഭവശേഷി വികസനമാണ് തുടർവിദ്യാഭ്യാസ പരിപാടിയുടെ ആത്യന്തിക ലക്ഷ്യം. അതിനായി താഴെപ്പറയുന്ന അഞ്ച് ലക്ഷ്യാധിഷ്ഠിത പരിപാടികൾ വിദ്യാകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്നു.

## 1. അടിസ്ഥാന സാക്ഷരതാ പരിപാടി (Basic Literacy Programe)

കേരളത്തിലെ അവശേഷിക്കുന്ന നിരക്ഷരരെ കൂടി സാക്ഷരർ ആക്കുന്നതിന് വേണ്ടിയുള്ള സാക്ഷരതാ മിഷന്റെ പരിപാടിയാണ് അടിസ്ഥാന സാക്ഷരതാ പരിപാടി.

2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 18 ലക്ഷത്തോളം നിരക്ഷരർ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇവരിൽ ബഹുഭൂരിപക്ഷവും ആദിവാസി മേഖലകളിലും തീരദേശ ചേരി മേഖലകളിലും ഉൾപ്പെട്ടവരാണ്. അതോടൊപ്പം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ഭാഷാ ന്യൂനപക്ഷങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ തേടി എത്തി സ്ഥിര താമസം ഉറപ്പിക്കുകയും ചെയ്തവരിലും നിരവധിപേർ നിരക്ഷരരായി ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. വിവിധ പദ്ധതികളിലൂടെ ഇവരെ സാക്ഷരർ ആക്കുന്നതിന് അടിസ്ഥാന സാക്ഷരതാ പരിപാടി ലക്ഷ്യം വയ്ക്കുന്നു.

## ലക്ഷ്യം

14 വയസ്സിന് മേൽ പ്രായമുള്ള നിരക്ഷരരെ സാക്ഷരർ ആക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അടിസ്ഥാന സാക്ഷരതാ പരിപാടിയുടെ ഭാഗമായി വിവിധ

സാക്ഷരതാ പരിപാടികൾ സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും ആവിഷ്ക്കരിച്ചു വരുന്നു. അക്ഷരലക്ഷം പദ്ധതി, തീരദേശ സാക്ഷരതാ പരിപാടി, ചേരി പ്രദേശങ്ങളിലെ സാക്ഷരതാ പരിപാടി, ബ്രെയിൻ സാക്ഷരതാ പരിപാടി, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക പരിപാടി തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്ന സാക്ഷരതാ പരിപാടികളാണ്. നിരക്ഷരരെ സാക്ഷരർ ആക്കുകയും അവർക്ക് സാക്ഷരതാ മിഷന്റെ നാല്, ഏഴ്, പത്ത് പന്ത്രണ്ട് തുല്യതാ കോഴ്സിലൂടെ തുടർ പഠനത്തിനും നൈപുണി വികസനത്തിനും അവസരമുണ്ടാക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. ഈ വിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് പ്രവേശിപ്പിക്കുകയും സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുകയും ചെയ്യുക എന്നത് ഈ പദ്ധതിയുടെ വിശാല ലക്ഷ്യങ്ങളാണ്.

## ഗുണഭോക്താവ്

14 വയസ്സിന് മേൽ പ്രായമുള്ള മുഴുവൻ നിരക്ഷരരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാകേന്ദ്രങ്ങളിൽ ഓരോ വർഷവും സാക്ഷരതാ ക്ലാസുകൾ നടക്കുന്നുണ്ട്. ജില്ലാ സാക്ഷരതാ മിഷന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ജില്ലാ സാക്ഷരതാ മിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരാണ് പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുന്നത്. പ്രാദേശിക തലത്തിൽ അതാത് വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാരും പദ്ധതി നിർവ്വഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനം അദ്ധ്യക്ഷ/ അദ്ധ്യക്ഷൻ, ചെയർമാനും, സെക്രട്ടറി, കോ-ഓർഡിനേറ്റർ (F&A)-യുമായുള്ള സാക്ഷരതാ സമിതി ഓരോ തലത്തിലും ഇതിന് നേതൃത്വം നൽകുന്നു. പ്രാദേശിക തലത്തിൽ വാർഡ് തല സാക്ഷരതാ സമിതികൾ (ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗം ചെയർമാനായിട്ടുള്ള) പ്രവർത്തനങ്ങൾക്ക് താഴെതട്ടിൽ നേതൃത്വം വഹിക്കുന്നു.

## ഫണ്ടിംഗ്

സാക്ഷരതാ മിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാകേന്ദ്രങ്ങളിൽ നടന്നുവരുന്ന സാക്ഷരതാ പരിപാടി, അക്ഷരലക്ഷം പരിപാടി എന്നിവ പൂർണ്ണമായും സൗജന്യമാണ്. സംസ്ഥാന സാക്ഷരതാ മിഷനാണ് ഇതിന്റെ ചെലവ് വഹിക്കുന്നത്. എന്നാൽ മുൻപ് സൂചിപ്പിച്ചതു പോലെയുള്ള സവിശേഷ മേഖലകളിൽ (ആദിവാസി, ചേരി-തീരദേശം etc.) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി കാമ്പയിൻ രീതിയിലുള്ള സാക്ഷരതാ പ്രോജക്ടുകളും

നടന്നു വരുന്നുണ്ട്. ഇപ്രകാരം സംഘടിപ്പിച്ചിരുന്ന പദ്ധതികളും മുഖ്യ ഫണ്ടിംഗ് ഏജൻസി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. വയനാട് ജില്ലയിൽ നടന്ന അക്ഷരദീപം, പാലക്കാട് ജില്ലയിൽ നടന്ന ആദിവാസി സാക്ഷരതാ പരിപാടി, മലപ്പുറം ജില്ലയിൽ നടന്ന തീരദേശ പരിപാടി, ബ്രെയിലി സാക്ഷരതാ പരിപാടി തുടങ്ങിയവ ഇതിന് ഉദാഹരണമാണ്.

## സംഘാടനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ സാക്ഷരതാ മിഷൻ മുഖേന വിവിധ സംഘാടക സമിതികൾ രൂപീകരിച്ച് ഇപ്രകാരമുള്ള സാക്ഷരതാ പരിപാടികൾ നടപ്പിലാക്കാവുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സാക്ഷരതാ പ്രവർത്തനവും വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. പ്രാദേശിക തലത്തിൽ നിരക്ഷരതാ നിർമ്മാർജനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്താവുന്നതാണ്. ഗ്രാമസഭകളിൽ പ്രവർത്തനം അവലോകനം ചെയ്യപ്പെടേണ്ടതാണ്.

## വകുപ്പിന്റെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ നിയമം അനുശാസിക്കുന്ന വിധമുള്ള ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥരായിരിക്കും ഉചിതം. മേൽ വിവരിച്ച പ്രകാരമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ജില്ലാ തലത്തിൽ സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററെ സംഘാടകനായി നിശ്ചയിക്കേണ്ടതാണ്. പദ്ധതിയുടെ സുഗമമായ സംഘാടനത്തിന് ഇത് അനിവാര്യമാണ്. പ്രാദേശിക തലത്തിൽ പ്രേരക്മാരെ സംഘാടകരായി നിശ്ചയിക്കണം.

## വിവിധ വകുപ്പുകളുടെ ഏകോപനം

നിരക്ഷരതാ നിർമ്മാർജനത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിന് വിപുലമായ സാധ്യതയുണ്ട്. SC/ST ഡിപ്പാർട്ട്മെന്റ്, ന്യൂനപക്ഷ വികസന ഡിപ്പാർട്ട്മെന്റ്, വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, വികലാംഗ ക്ഷേമ വകുപ്പ്, സാമൂഹ്യ ക്ഷേമ വകുപ്പ് തുടങ്ങിയവയുടെ ഏകോപനം വിപുലമായ രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സാക്ഷരതാ മിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നു വരുന്ന സാക്ഷരതാ പരിപാടിയുടെ മോണിറ്ററിംഗ്, അവലോകനം എന്നിവ നടത്തുന്നത് പ്രാദേശികതലം മുതൽ ജില്ലാതലം വരെയുള്ള സാക്ഷരതാ സമിതികളും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ പ്രോജക്ട് മുഖേന നടപ്പിലാക്കുന്ന സാക്ഷരതാ പരിപാടികൾക്ക് ഓരോ തലത്തിലും പ്രത്യേകം മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കണം. ഈ കമ്മറ്റികളിൽ സാക്ഷരതാ മിഷൻ പ്രതിനിധികളെ കൂടി അംഗമായി ഉൾപ്പെടുത്തണം.

## 2. നാലാംതരം തുല്യതാ പരിപാടി (4th Equivalency Programme)

നവസാക്ഷരർക്കും യഥാസമയം സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാതെ പോയവരുമായ മുതിർന്നവർക്കും അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ ഔപചാ രിക വിദ്യാഭ്യാസത്തിന് തുല്യമായ വിദ്യാഭ്യാസം നൽകുന്ന പദ്ധതിയാണ് തുല്യതാ പരിപാടി. നാലാംതരം, ഏഴാംതരം, പത്താംതരം എന്നിങ്ങനെ മൂന്ന് തലങ്ങളിലുള്ള തുല്യതാ പരിപാടിയാണ് ഇപ്പോൾ സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്നത്. തുല്യതാ പരിപാടിയുടെ ആദ്യഘട്ടമാണ് നാലാംതരം തുല്യതാ പരിപാടി. 2013 ഏപ്രിൽ മാസത്തിൽ ഹയർ സെക്കണ്ടറി തുല്യത നടത്തുന്നതിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.

### ലക്ഷ്യം

നവസാക്ഷരർക്കും യഥാസമയം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെപോയ 15 വയസ് മുതൽ പ്രായമുള്ളവർക്ക് ഔപചാരിക വിദ്യാഭ്യാസ ത്തിന് തുല്യമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### ഗുണഭോക്താക്കൾ

നവസാക്ഷരരും നാലാം ക്ലാസ് വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവരുമായ മുതിർന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ കോഴ്സിന് ചേരുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 15 വയസ്സാണ്.

## സ്കീമിന്റെ നിർവ്വഹണം

സാക്ഷരതാ മിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവർഷവും വിദ്യാകേന്ദ്രങ്ങൾ മുഖേന നാലാംതരം തുല്യതാ കോഴ്സ് നടന്നു വരുന്നു. 6 മാസമാണ് കോഴ്സിന്റെ ദൈർഘ്യം. സംസ്ഥാന സാക്ഷരതാ മിഷൻ നേരിട്ടാണ് കോഴ്സ് നടത്തുന്നത്. വിജയികൾക്ക് നാലാം ക്ലാസിന് തുല്യമായ സർട്ടിഫിക്കറ്റ്

ലഭിക്കും. മുതിർന്നവരുടെ ബോധനശാസ്ത്രത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പാഠപുസ്തകം, പഠന പ്രവർത്തനങ്ങൾ, പരീക്ഷ എന്നിവ ഈ കോഴ്സിനുണ്ട്. ജില്ലാ തലത്തിൽ ജില്ലാ സാക്ഷരതാ മിഷന്റെ ജില്ലാ കോ-ഓർഡിനേറ്ററും പ്രാദേശിക തല ത്തിൽ പ്രേരക്മാരുമാണ് കോഴ്സിന്റെ നിർവ്വഹണം നടത്തുന്നത്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ, ചെയർമാനും, സെക്രട്ടറി, കോ-ഓർഡിനേറ്റർ (F&A) -യുമായുള്ള സാക്ഷരതാ സമിതികൾ ഓരോ തലത്തിലും ഇതിന് നേതൃത്വം നൽകുന്നുണ്ട്.

## ഫണ്ടിംഗ്

നാലാംതരം തുല്യതാ കോഴ്സിന്റെ പ്രാഥമിക ചെലവുകൾ സംസ്ഥാന സാക്ഷ രതാ മിഷൻ നേരിട്ടാണ് വഹിക്കുന്നത്. പാഠപുസ്തകം, പരിശീലനം, പരീക്ഷ, ഉത്ത രക്കടലാസ് മൂല്യനിർണ്ണയം, സർട്ടിഫിക്കറ്റ് തുടങ്ങിയ മേഖലകളിലാണ് ഫണ്ട് ചെല വഴിക്കുന്നത്. എന്നാൽ ഈ പദ്ധതി കൂടുതൽ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നാലാംതരം തുല്യതാ കോഴ്സിന്റെ ആവശ്യകതയിലേക്ക് തെരഞ്ഞെടുക്കുന്ന പ്രത്യേക ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം, പരിശീലനം, പാഠപുസ്തകം വാങ്ങി നൽകൽ, സംഘാടനം, മോണിറ്ററിംഗ്, പരീക്ഷ സംഘാടന ചെലവുകൾ എന്നിവ അനുവദിക്കാവുന്നതാണ്. നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരം പ്രോജക്ടുകൾ നടപ്പാക്കി വരുന്നുണ്ട്. ഇപ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ നിയമാനുസരണമുള്ള ഉദ്യോഗസ്ഥനെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാം. ജില്ലാ തലത്തിൽ കോ-ഓർഡിനേറ്റർ, പ്രാദേശിക തലത്തിൽ പ്രേരക് എന്നിവരെ പദ്ധതിയുടെ സംഘാടന ചുമതലയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

## പ്രവർത്തനം

സംസ്ഥാന സാക്ഷരതാ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കോഴ്സ് രജിസ്ട്രേഷൻ, ക്ലാസ് ആരംഭിക്കൽ, പരീക്ഷ തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നത്. വിവിധ തലങ്ങളിലുള്ള സാക്ഷരതാ സമിതികൾ മോണിറ്ററിംഗ് നട ത്തുന്നു. പ്രോജക്ട് പ്രകാരമുള്ള പദ്ധതികളുടെ ഭാഗമായി പ്രത്യേക മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കാവുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

പദ്ധതിക്ക് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ, പഠിതാക്കളെ കണ്ടെ ത്തുന്നതിന് വേണ്ടിയുള്ള സർവ്വേ, പഠിതാക്കളെ ക്ലാസിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പഠന കേന്ദ്രം സജ്ജമാക്കൽ, പഠനോപകരണ വിതരണം, പഠിതാ ക്കളുടെ സംഗമം, ബോധവൽക്കരണ പരിപാടികൾ, കലാ സാംസ്കാരിക പ്രവർത്ത

നം, പഠിതാക്കൾക്ക് ലഘുഭരണ വിതരണം തുടങ്ങിയ മേഖലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും.

## വകുപ്പിന്റെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ നിയമം അനുശാസിക്കുന്ന വിധമുള്ള ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥരായിരിക്കും ഉചിതം. മേൽ വിവരിച്ച പ്രകാരമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ജില്ലാ തലത്തിൽ സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററെ സംഘാടകനായി നിശ്ചയിക്കേണ്ടതാണ്. പദ്ധതിയുടെ സുഗമമായ സംഘാടനത്തിന് ഇത് അനിവാര്യമാണ്. പ്രാദേശിക തലത്തിൽ പ്രേരക്മാരെ സംഘാടകരായി നിശ്ചയിക്കണം.

## വിവിധ വകുപ്പുകളുടെ ഏകോപനം

നിരക്ഷരതാ നിർമ്മാർജനത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിന് വിപുലമായ സാധ്യതയുണ്ട്. SC/ST ഡിപ്പാർട്ട്മെന്റ്, ന്യൂനപക്ഷ വികസന ഡിപ്പാർട്ട്മെന്റ്, വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, വികലാംഗ ക്ഷേമ വകുപ്പ്, സാമൂഹ്യ ക്ഷേമ വകുപ്പ് തുടങ്ങിയ വകുപ്പ് തുടങ്ങിയവയുടെ ഏകോപനം വിപുലമായ രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കുമ്പോൾ സാക്ഷരതയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് വിടവുകൾ പരിഹരിക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സാക്ഷരതാ മിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നു വരുന്ന സാക്ഷരതാ പരിപാടിയുടെ മോണിറ്ററിംഗ്, അവലോകനം എന്നിവ നടത്തുന്നത് പ്രാദേശികതലം മുതൽ ജില്ലാതലം വരെയുള്ള സാക്ഷരതാ സമിതികളും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് മുഖേന നടപ്പിലാക്കുന്ന സാക്ഷരതാ പരിപാടികൾക്ക് ഓരോ തലത്തിലും പ്രത്യേകം മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കണം. ഈ കമ്മറ്റികളിൽ സാക്ഷരതാ മിഷൻ പ്രതിനിധികളെ കൂടി അംഗമായി ഉൾപ്പെടുത്തണം.

## 3. ഏഴാംതരം തുല്യതാ പരിപാടി (7th Equivalency Programme)

നവസാക്ഷരർക്കും യഥാസമയം സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാതെ പോയവരുമായ മുതിർന്നവർക്കും അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ വിദ്യാഭ്യാസം നൽകുന്ന പദ്ധതിയാണ് തുല്യതാ

പരിപാടി. നാലാംതരം, ഏഴാംതരം, പത്താംതരം എന്നിങ്ങനെ മൂന്ന് തലങ്ങളിലുള്ള തുല്യതാ പരിപാടിയാണ് ഇപ്പോൾ സാക്ഷരതാ മിഷൻ നടത്തി വരുന്നത്. തുല്യതാ പരിപാടിയുടെ രണ്ടാംഘട്ടമാണ് ഏഴാംതരം തുല്യതാ പരിപാടി.

## ലക്ഷ്യം

ഏഴാം ക്ലാസ് വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ 15 വയസ് മുതൽ പ്രായമുള്ളവർക്ക് ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ ഏഴാം ക്ലാസ് വിദ്യാഭ്യാസം നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## ഗുണഭോക്താക്കൾ

ഏഴാം ക്ലാസ് വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവരുമായ മുതിർന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ കോഴ്സിന് ചേരുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 15 വയസ്സാണ്.

## സ്കീമിന്റെ നിർവ്വഹണം:-

സാക്ഷരതാ മിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവർഷവും വിദ്യാകേന്ദ്രങ്ങൾ മുഖേന ഏഴാംതരം തുല്യതാ കോഴ്സ് നടന്നു വരുന്നു. 8 മാസമാണ് കോഴ്സിന്റെ ദൈർഘ്യം. സംസ്ഥാന സാക്ഷരതാ മിഷൻ നേരിട്ടാണ് കോഴ്സ് നടത്തുന്നത്. വിജയികൾക്ക് ഏഴാം ക്ലാസിന് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കും. മുതിർന്നവരുടെ ബോധനശാസ്ത്രത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പാഠപുസ്തകം, പഠന പ്രവർത്തനങ്ങൾ, പരീക്ഷ എന്നിവ ഈ കോഴ്സിനുണ്ട്. ജില്ലാതലത്തിൽ ജില്ലാ സാക്ഷരതാ മിഷന്റെ ജില്ലാ കോ-ഓർഡിനേറ്ററും പ്രാദേശിക തലത്തിൽ പ്രേരക്മാരുമാണ് കോഴ്സിന്റെ നിർവ്വഹണം നടത്തുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ, ചെയർമാൻ, സെക്രട്ടറി, കോ-ഓർഡിനേറ്റർ (F&A) -യുമായുള്ള സാക്ഷരതാ സമിതികൾ ഓരോ തലത്തിലും ഇതിന് നേതൃത്വം നൽകുന്നുണ്ട്.

## ഫണ്ടിംഗ്

ഏഴാംതരം തുല്യതാ കോഴ്സിന്റെ പ്രാഥമിക ചെലവുകൾ സംസ്ഥാന സാക്ഷരതാ മിഷൻ നേരിട്ടാണ് വഹിക്കുന്നത്. പാഠപുസ്തകം, പരിശീലനം, പരീക്ഷ, ഉത്തരക്കടലാസ് മൂല്യനിർണ്ണയം, സർട്ടിഫിക്കറ്റ് തുടങ്ങിയ മേഖലകളിലാണ് ഫണ്ട് ചെലവഴിക്കുന്നത്. എന്നാൽ ഈ പദ്ധതി കൂടുതൽ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴാംതരം തുല്യതാ കോഴ്സിന് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ചെയ്തു കൊടുക്കാവുന്നതാണ്. നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരം

പ്രോജക്ടുകൾ നടപ്പാക്കി വരുന്നുണ്ട്. ഇപ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ നിയമാനുസരണമുള്ള ഉദ്യോഗസ്ഥനെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാം. ജില്ലാ തലത്തിൽ കോ-ഓർഡിനേറ്റർ, പ്രാദേശിക തലത്തിൽ പ്രേരക് എന്നിവരെ പദ്ധതിയുടെ സംഘാടന ചുമതലയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

## പ്രവർത്തനം

സംസ്ഥാന സാക്ഷരതാ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കോഴ്സ് രജിസ്ട്രേഷൻ, ക്ലാസ് ആരംഭിക്കൽ, പരീക്ഷ തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നത്. വിവിധ തലങ്ങളിലുള്ള സാക്ഷരതാ സമിതികൾ മോണിറ്ററിംഗ് നടത്തുന്നു. പ്രോജക്ട് പ്രകാരമുള്ള പദ്ധതികളുടെ ഭാഗമായി പ്രത്യേക മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കാവുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

പദ്ധതിക്ക് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ, പഠിതാക്കളെ കണ്ടെത്തുന്നതിന് വേണ്ടിയുള്ള സർവ്വേ, പഠിതാക്കളെ ക്ലാസിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പഠന കേന്ദ്രം സജ്ജമാക്കൽ, പഠനോപകരണ വിതരണം, പഠിതാക്കളുടെ സംഗമം, ബോധവൽക്കരണ പരിപാടികൾ, കലാ സാംസ്കാരിക പ്രവർത്തനം, പഠിതാക്കൾക്ക് ലഘുഭരണ വിതരണം തുടങ്ങിയ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും.

## വകുപ്പിന്റെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ നിയമം അനുശാസിക്കുന്ന വിധമുള്ള ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥരായിരിക്കും ഉചിതം. മേൽ വിവരിച്ച പ്രകാരമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ജില്ലാ തലത്തിൽ സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററെ സംഘാടകനായി നിശ്ചയിക്കേണ്ടതാണ്. പദ്ധതിയുടെ സുഗമമായ സംഘാടനത്തിന് ഇത് അനിവാര്യമാണ്. പ്രാദേശിക തലത്തിൽ പ്രേരക്മാരെ സംഘാടകരായി നിശ്ചയിക്കണം.

## വിവിധ വകുപ്പുകളുടെ ഏകോപനം

നിരക്ഷരതാ നിർമ്മാർജനത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിന് വിപുലമായ സാധ്യതയുണ്ട്. SC/ST ഡിപ്പാർട്ട്മെന്റ്, ന്യൂനപക്ഷ വികസന ഡിപ്പാർട്ട്മെന്റ്, വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, വികലാംഗ ക്ഷേമ വകുപ്പ്, സാമൂഹ്യ ക്ഷേമ വകുപ്പ് തുടങ്ങിയ വകുപ്പ് തുടങ്ങിയവ

യുടെ ഏകോപനം വിപുലമായ രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാക്ഷരതയുമായി ബന്ധപ്പെട്ട പ്രോജകടുകൾ തയ്യാറാക്കി വിടവുകൾ പരിഹരിക്കാവുന്നതാണ്. ആഗ്രഹമുള്ള എല്ലാവരേയും തുല്യതാ പരിപാടിയിൽ ഉൾപെടുത്തി എന്ന് ഉറപ്പുവരുത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സാക്ഷരതാ മിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നു വരുന്ന സാക്ഷരതാ പരിപാടിയുടെ മോണിറ്ററിംഗ്, അവലോകനം എന്നിവ നടത്തുന്നത് പ്രാദേശികതലം മുതൽ ജില്ലാതലം വരെയുള്ള സാക്ഷരതാ സമിതികളും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് മുഖേന നടപ്പിലാക്കുന്ന സാക്ഷരതാ പരിപാടികൾക്ക് ഓരോ തലത്തിലും പ്രത്യേകം മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കണം. ഈ കമ്മറ്റികളിൽ സാക്ഷരതാ മിഷൻ പ്രതിനിധികളെ കൂടി അംഗമായി ഉൾപ്പെടുത്തണം. ഗ്രാമസഭകളിൽ പ്രവർത്തനങ്ങൾ വിലയിരുത്തപെടണം. വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ചർച്ചചെയ്യപ്പെടണം.

## 4. പത്താംതരം തുല്യതാ കോഴ്സ്

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ഏറ്റവും ശ്രദ്ധേയമായ ചുവടു വെയ്പാണ് സംസ്ഥാന പൊതുപരീക്ഷാ ബോർഡുമായി ചേർന്ന് സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ കോഴ്സ്.

### ലക്ഷ്യങ്ങൾ

പഠനം മുടങ്ങിയ ലക്ഷക്കണക്കിന് സഹോദരങ്ങൾക്ക് പ്രതീക്ഷ നൽകുന്ന ഈ കോഴ്സിലൂടെ വിജയിക്കുന്നവർക്ക് എസ്.എസ്.എൽ.സിക്ക് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കും.

### ഗുണഭോക്താവ്/അർഹത

17 വയസ്സു പൂർത്തിയായ, ഔപചാരികവിദ്യാഭ്യാസത്തിലൂടെയോ സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷയിലൂടെയോ ഏഴാംതരം വിജയിച്ചവർക്ക് പത്താംതരം തുല്യതാ കോഴ്സിൽ ചേരാം. ഭാഷാന്യൂനപക്ഷങ്ങളിലേയ്ക്ക് തുല്യതാ പരിപാടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കന്നഡ ഭാഷയിലും അന്യദേശങ്ങളിലേക്കിത് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ലക്ഷദ്വീപിലും കോഴ്സ് ആരംഭിച്ചു. 2012-13 വർഷത്തിൽ തമിഴ് മാധ്യമത്തിൽ കോഴ്സ് ആരംഭിക്കുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ സമയബന്ധിതമായി നടന്നുവരുന്നുണ്ട്. എസ്. സി./എസ്.ടി. വിഭാഗങ്ങൾക്ക് കോഴ്സ് സൗജന്യമാണ്.

## പ്രവർത്തനങ്ങൾ

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക പഠനകേന്ദ്രങ്ങളിലൂടെയാണ് ക്ലാസ്സ് നടത്തുന്നത്. ഈ രംഗത്ത് വിദഗ്ധരായ അധ്യാപകരാണ് പാഠപുസ്തകങ്ങളും പഠനസഹായിയും തയ്യാറാക്കുന്നത്. പത്തുമാസം ദൈർഘ്യമുള്ള കോഴ്സ് രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും മറ്റു പൊതു അവധി ദിവസങ്ങളിലും നടത്തുന്നു. മാതൃകാചോദ്യങ്ങളും ഉത്തരസൂചികയും സാക്ഷരതാമിഷന്റെ വെബ്സൈറ്റിലൂടെയും അക്ഷരകൈരളി മാസികയിലൂടെയും ലഭിക്കും.

## നിർവ്വഹണം

പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് നൽകലും പൂർണ്ണമായും വിദ്യാഭ്യാസവകുപ്പ് നേരിട്ട് നടത്തുന്നുവെന്നതാണ്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്ന എല്ലാവരേയും വിദ്യാകേന്ദ്രങ്ങൾ വഴിയും സാക്ഷരതാ സമിതി മുഖേനയും ഉൾപെടുത്തി എന്ന് ഉറപ്പു വരുത്തൽ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന് സാക്ഷരതയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ടി കാര്യങ്ങൾക്കായും വിടവുകൾ പരിഹരിക്കുന്നതിനും വെക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സാക്ഷരതാ മിഷൻ ചെയ്യുന്ന പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കതാക്കാനും പിന്തുണയ്ക്കുന്നതിനും സ്കീം ലക്ഷ്യം കാണുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതും ചെലവുകൾ നടപ്പാക്കാവുന്നതുമാണ്.

# 5. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി

## ലക്ഷ്യങ്ങൾ

15-നും 50-നും മധ്യേ പ്രായമുള്ള ഔപചാരിക വിദ്യാഭ്യാസം ലഭിക്കാതെ പോയ മുഴുവൻ പേർക്കും നാലാംക്ലാസ്സിന് തുല്യമായ വിദ്യാഭ്യാസം നൽകുന്ന പദ്ധതിയാണിത്. വിദ്യാഭ്യാസ തുല്യതയോടൊപ്പം സാമൂഹിക തുല്യത കൈവരിക്കുന്നതിന് പഠിതാക്കളെ സജ്ജമാക്കുകയാണ് ഇതിന്റെ പ്രമുഖ ലക്ഷ്യം. കേരളത്തെ സമ്പൂർണ്ണ

പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനമാക്കുകയെന്നത് ഈ പദ്ധതിയുടെ ഉദ്ദേശ്യവും.

## ഗുണഭോക്താക്കൾ

ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത 15 നും 50 നും മധ്യേ പ്രായമുള്ള ആളുകൾ

## പ്രവർത്തനങ്ങൾ

വിദ്യാകേന്ദ്രങ്ങൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുക, അവർക്ക് വേണ്ട വിദ്യാഭ്യാസം നൽകുക, അവരെ പഠിപ്പിച്ച് (തുല്യതാ കേന്ദ്രം വഴി) തുല്യത പരീക്ഷയ്ക്ക് ഇരുത്തുക.

## നിർവ്വഹണം.

സാക്ഷരതാ മിഷന്റെ സഹായം ജില്ലാതലം വഴി വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർ വഴി. ആയതു നടപ്പിൽ വരുത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചുവെന്ന് ഉറപ്പാക്കൽ, പ്രചാരണം, അവബോധം നൽകൽ മുതലായവ.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി മിഷന്റെ പ്രവർത്തനങ്ങൾ സാക്ഷാത്ക്കരിക്കാം. പദ്ധതിരേഖയിൽ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിദ്യാകേന്ദ്രങ്ങൾ അറിവിന്റെ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

# 6 സുസ്ഥിരമായ വിദ്യാകേന്ദ്രങ്ങൾ

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രാദേശിക തലത്തിലുള്ള ഘടകങ്ങളാണ് വിദ്യാകേന്ദ്രങ്ങൾ. വിദ്യാകേന്ദ്രങ്ങൾ മുഖേനയാണ് സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ നടപ്പാക്കിവരുന്നത്.

പ്രാദേശിക തലത്തിലുള്ള തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് വിദ്യാകേന്ദ്രങ്ങളാണ്. ജില്ലാ പഞ്ചായത്ത് തലത്തിൽ മാതൃകാവികസന വിദ്യാകേന്ദ്രങ്ങൾ, വികസനവിദ്യാകേന്ദ്രങ്ങൾ, വിദ്യാകേന്ദ്രങ്ങൾ എന്നിങ്ങനെ വിവിധ തലത്തിലുള്ള വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സാക്ഷരതാ - തുല്യതാ പഠനകേന്ദ്രം, തൊഴിൽ പരിശീലന കേന്ദ്രം, ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്ന കേന്ദ്രം, ഇൻഫർമേഷൻ സെന്റർ, കലാ-സാംസ്കാരിക കേന്ദ്രം, ലൈബ്രറി, എന്നിങ്ങനെയുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു സ്ഥിരം കേന്ദ്രം എന്നതാണ് വിദ്യാകേന്ദ്രങ്ങളെ കുറിച്ചുള്ള സാക്ഷരതാ മിഷന്റെ കാഴ്ചപ്പാട്. ചുരുക്കത്തിൽ ഗ്രാമീണ സർവ്വകലാശാലകളായി വിദ്യാകേന്ദ്രങ്ങൾ മാറണം എന്നർത്ഥം. മേൽ സൂചിപ്പിച്ച സംവിധാനത്തോടെ വിദ്യാകേന്ദ്രങ്ങളെ സുസ്ഥിരമാക്കുന്നതിന് കെട്ടിടം, ഫർണിച്ചർ, വിവിധ പരിപാടികൾ എന്നിവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രോജക്ടുകൾ വയ്ക്കാവുന്നതാണ്.

## ലക്ഷ്യം

എല്ലാവർക്കും അറിവും പ്രധാനം ചെയ്യുക. ആയതിനായി വിദ്യാകേന്ദ്രങ്ങളെ മാറ്റുക

## ഗുണഭോക്താക്കൾ

പാവപെട്ട നിരക്ഷരർ, പഠിക്കാൻ ആഗ്രഹിക്കുന്നവർ, സ്വയംതൊഴിൽ ആഗ്രഹിക്കുന്നവർ മുതലായവർ

## ഫണ്ടിംഗ്

വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് സാക്ഷരതാമിഷന് വളരെ കുറച്ച് ഫണ്ട് മാത്രമെ നീക്കി വയ്ക്കാൻ കഴിയുന്നുള്ളു. വിടവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മനസ്സിലാക്കി കെട്ടിട സൗകര്യത്തിന് ഫണ്ട് വകയിരുത്തുവുന്നതാണ്.

## പ്രവർത്തനങ്ങൾ

വിദ്യാകേന്ദ്രങ്ങൾക്കും സ്ഥലം കാണുക, കെട്ടിടം ലഭ്യമാക്കുക. തുടർ സാക്ഷരത ആഗ്രഹിക്കുന്ന എല്ലാവരുരെയും വിദ്യാകേന്ദ്രത്തിൽ അംഗങ്ങളാക്കുക. തുല്യത പരിക്ഷക്കിരുത്തുക. അവരുടെ തുടർ പഠന മോഹങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് വിവിധ പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതിയിൽ ഉൾകൊള്ളിക്കുക. തൊഴിൽ പരിശീലനത്തിനും ജീവിത ഗുണനിലവാര പ്രവർത്തനങ്ങൾക്കും വേദി ഒരുക്കുക.

## സംഘാടനം

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, സാക്ഷരത സമിതി മുതലായവ

## നിർവ്വഹണം

നിർവ്വഹണം പ്രേരക്മാരിലൂടെ സാക്ഷാത്ക്കരിക്കുന്നു. സാക്ഷരതാ മിഷനും ആവശ്യമായ സഹായം നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അർഹരായ ഗുണഭോക്താക്കളെ മുഴുവൻ വിദ്യാകേന്ദ്രങ്ങളിലെത്തിച്ചു എന്ന് ഉറപ്പുവരുത്തുക. പഠനം യഥാവിധി പൂർത്തിയാക്കുക. സർട്ടിഫക്കറ്റുകൾ വിതരണം ചെയ്യുക. ഗ്രാമസഭ വഴി അവലോകനം ചെയ്യുക. സമ്പൂർണ്ണ സാക്ഷരതാ ഗ്രാമ മായി പ്രഖ്യാപിക്കാൻ വേണ്ട നടപടികൾ എടുക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയമായുള്ള ഏകോപനം സംയോ ജനം എങ്ങനെ സാധ്യമാക്കാം.

സാക്ഷരതാമിഷന്റെ പദ്ധതികൾ സാക്ഷാത്ക്കരിക്കുന്നതിന് തദ്ദേശ രണ സ്ഥാപനം പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതിയിൽ ഉൾപെടുത്തുകയും ഇത് ഒരു തുടർ സംവിധാനമായി കണക്കാക്കി പദ്ധതിയിൽ അവർക്ക് വേണ്ട പ്രോജക്ടുകൾ തയ്യാറാക്കുക. സാധാരണ പൗരൻമാർക്ക് എല്ലാ രംഗങ്ങളിലും സാക്ഷരതാ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിദ്യാകേന്ദ്രങ്ങളെ എന്തിനും ആശ്രയിക്കാവുന്ന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും പാവപെട്ട ജനങ്ങൾക്ക് ഏതിനെക്കുറിച്ചുമുള്ള സംശയം തീർക്കുന്നതിനുമുള്ള വേദി കളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ രണ സ്ഥാപനങ്ങൾ ഏറ്റെടു ക്കേണ്ടതാണ്. വിദ്യാകേന്ദ്രങ്ങളുടെ ശാക്തീകരണത്തിന് പ്രത്യേകം ശ്രദ്ധ നൽകേ ണ്ടതാണ്.

# 7. തീരദേശ തുല്യത-സാക്ഷരതാ പരിപാടി

## ആമുഖം

പ്രാദേശികമായി പിന്നോക്കം നിൽക്കുന്ന തീരദേശ മേഖലയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും പടിപടിയായി 4,7,10, 112 ക്ലാസ്സ് വിദ്യാഭ്യാസം നൽകു ന്നതിനും പഠിതാക്കളെ കൂടുതൽ തൽപ്പരരാക്കുന്നതിനും അവരെ പ്രോത്സാഹിപ്പി ക്കുന്നതിനും സമ്പൂർണ്ണ പത്താ തരം വരെയുള്ള വിദ്യാഭ്യാസം വരെ ലഭ്യമാക്കുന്ന തിനുമാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

തീരദേശ മേഖലയിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുക, 4,7,10 ക്ലാസ്സ് വിദ്യാഭ്യാസം ഏവർക്കും നൽകി സമ്പൂർണ്ണ പത്താം തരം തുല്യതാ പ്രദേശങ്ങളായി പ്രഖ്യാപിക്കുക, പന്ത്രണ്ടാംതരം തുല്യതക്ക് പ്രോത്സാഹിപ്പിക്കുക, പഠിതാക്കൾക്ക് പ്രോത്സാഹനവും തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ പഠനോപകരണങ്ങൾ സൗജന്യമായി നൽകുക,സമൂഹത്തിൽ ഒറ്റപ്പെട്ട് നിൽക്കുന്ന തീരദേശ വാസികളെ സമൂഹത്തിന്റെ ഭാഗമാക്കുവാനും അവർക്ക് വിദ്യാഭ്യാസപരമായി മറ്റുള്ളവരെപ്പോലെ അർഹതപ്പെട്ട കാര്യങ്ങൾ ലഭ്യമാക്കുകയുമാണ് ലക്ഷ്യം.

## ഗുണഭോക്താക്കൾ

തീരദേശ വാസികളായ നിരക്ഷരർ, നവസാക്ഷരർ, 4,7,10 ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞുപോയവർ, പന്ത്രണ്ടാം തരം പഠിക്കുവാൻ ആഗ്രഹിക്കുന്നവർ.

## സ്ക്കീമിന്റെ നിർവ്വഹണം

സാക്ഷരതാ മിഷന്റെ സംസ്ഥാന ജില്ല പ്രാദേശിക സമിതികൾ വിഭാവനം ചെയ്യുന്നപദ്ധതി ഗ്രാമ /ബ്ളോക്ക് /ജില്ല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

## ഫണ്ടിംഗ്

തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ ഫണ്ട്

## പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഓരോ അധ്യയന വർഷവും ക്ലാസ്സുകൾ ആരംഭിക്കുകയും കൂടാതെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതികൾ നടത്തുകയും ചെയ്യുന്നു.

## സംഘാടനം

സംസ്ഥാന ജില്ലാ സാക്ഷരതാ മിഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വികസന/വിദ്യാ കേന്ദ്രങ്ങൾ,കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ കൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ, പദ്ധതി തയ്യാറാക്കുന്നതിൽ തുടങ്ങി പ്രത്യേക പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തി വരുന്നു.

## നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പ്രത്യേക പദ്ധതികളുടെ നിർവ്വഹണ ഉദ്യേഗസ്ഥൻ തദ്ദേശസ്വയം രണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരാണ്. ഗവ. ഉത്തരവ് പ്രകാരം കോ-ഓർഡിനേറ്റർ (എഫ് ആന്റ് എ) എന്ന നിലയ്ക്കാണ് പദ്ധതി നിർവ്വഹിക്കുന്നത്. പദ്ധതിയുടെ സാമ്പത്തിക ക്രയവിക്രയങ്ങൾ, മോണിറ്ററിംഗ്, നിർവ്വഹണ ഘട്ടത്തിലെ മോണിറ്റിംഗ് എന്നിവ നിർവ്വണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി നടപ്പാക്കുന്നു

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഏകോപനം

വിവിധ തലങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാക്ഷരത പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്

# 8. മാനസിക-ശാരീരിക സവിശേഷതയുള്ളവർക്കുള്ള പ്രത്യേക തുല്യതാ പരിപാടി

## ആമുഖം

ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ദി ഡിസേബിൾഡ് ചിൽഡ്രൺ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2009 മുതൽ ഐ.ഇ.ഡി.എസ്.എസ് എന്ന പദ്ധതിയായി മാറുകയും വിവിധ സ്ഥാപനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പല കാരണങ്ങളാലും പഠനം നിഷേധിക്കപ്പെട്ട മാനസിക-ശാരീരിക സവിശേഷതയുളളവർക്ക് ഉപരിപഠന സാധ്യതയുള്ള അംഗീകൃത സർട്ടിഫിക്കറ്റോടുകൂടിയ വിദ്യാഭ്യാസം നൽകുന്നതാണ് ഈ പദ്ധതി. നാലാം തരം തുല്യതാ പരിപാടിയിൽ ആരംഭിച്ച ഈ പദ്ധതി പടിപടിയായി 7, 10 ക്ലാസ്സുകളിലേക്ക് നടപ്പാക്കുകയാണ്.

## ലക്ഷ്യങ്ങൾ

മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന പഠിതാക്കളെ കണ്ടെത്തുക, അനുരൂപീകരണ തലത്തിലൂടെ പ്രത്യേക കൈപ്പുസ്തകം തയ്യാറാക്കുക, പഠിതാക്കൾക്ക് പഠനോപകരണം നൽകുക, ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നൽകുക, ക്ലാസ്സ് റൂമുകളിലും ലൈബ്രറി, ലാബ് സൗകര്യം ഉറപ്പാക്കുക, മൂല്യനിർണ്ണയം നടത്തി സർട്ടിഫിക്കറ്റ് നൽകുക, സ്വന്തം കാലിൽ നിൽക്കുവാൻ പര്യാപ്തരാക്കുക.

## ഗുണഭോക്താക്കൾ

14 വയസ്സിനു മുകളിൽ പ്രായമുള്ള നവസാക്ഷരരായ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ. ബഡ്സ് സ്കൂൾ, വിവിധ സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്നവർ, നിലവിൽ ഉപരിപഠന സാധ്യതയുള്ള സർട്ടിഫിക്കറ്റ് ലഭിക്കാത്തവരുമായ ശാരീരിക-മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരും (പി.ഡബ്ല്യു.ഡി) ആക്ട് 1985, നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്നതുമായ പഠിതാക്കൾ

## സ്ക്കീമിന്റെ നിർവ്വഹണം

ജില്ലാ സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ വിവിധ സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കാവുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾ മേൽ നിർദ്ദേശിച്ച് എജൻസികളുടെ സഹായത്തോടെ തദ്ദേശസ്ഥാപന സെക്രട്ടറിമാർ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻമാരാണ്.

## ഫണ്ടിംഗ്

തദ്ദേശസ്ഥാപനങ്ങളുടെ വിവിധ പദ്ധതി വിഹിതം

## പ്രവർത്തനങ്ങൾ

പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കൽ, വിവിധ വ്യക്തികൾ, വിവിധ സംഘടനകൾ, ഏജൻസികൾ, സ്പെഷ്യൽ സ്കൂളുകൾ, എന്നിവയുടെ യോഗം വിളിച്ച് ചേർക്കൽ, സ്ഥാപന ഭാരവാഹികളുടെ പ്രത്യേക ആലോചനായോഗം ചേരൽ, ഇൻസ്ട്രക്ടർമാർക്ക് പരിശീലനം സംഘടിപ്പിക്കൽ, പഠിതാക്കളുടെ അവലോകനം, പഠനോപകരണങ്ങൾ തയ്യാറാക്കൽ, ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഉറപ്പാക്കൽ, മാതൃകാ പരീക്ഷ, പരീക്ഷ സംഘടിപ്പിക്കൽ, ബോധവൽക്കരണം നൽകൽ, സർട്ടിഫിക്കറ്റ് വിതരണം

## സംഘാടനം

ജില്ലാ സാക്ഷരതാ മിഷൻ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ സ്ക്കൂളുകളിലൂടെ സംഘടിപ്പിക്കുന്നു.

## തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പു മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള കാര്യങ്ങളിൽ ഗ്രാമസഭ വഴി അവബോധം നൽകുക. അർഹരായവരെ സ്കീമിൽ ചേർത്തുവെന്ന് ഉറപ്പുവരുത്തുക

### നിർവ്വഹണ ഉദ്യോഗസ്ഥൻ

ജില്ലാ തലത്തിൽ പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ, വിവിധ തലങ്ങളിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ.

### പദ്ധതി സംയോജന സാധ്യതകൾ

സാമൂഹ്യ നീതി വകുപ്പ്, വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ, വികലാംഗ ക്ഷേമ ബോർഡ് എന്നിവയുടെ പദ്ധതികളുമായും തദ്ദേശഭരണസ്ഥാപനത്തിന്റെ വിവിധ സാക്ഷരതാ- വികലാംഗർക്കുള്ള പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം. സർക്കാർ തലത്തിൽ നയപരമായ തീരുമാനങ്ങൾക്ക് വിധേയമായി ഐ.ഇ.ഡി വകുപ്പിനെ ഉപയോഗപ്പെടുത്താം.

## 9. ആദിവാസി സാക്ഷരതാ തുല്യതാ പദ്ധതികൾ

### ആമുഖം

അവശേഷിക്കുന്ന നിരക്ഷരരേയും സാക്ഷരരാക്കി 4,7,10 തുല്യത ക്ലാസ്സുകളിലേക്ക് കൊണ്ടുവരുന്നതിനുദ്ദേശിച്ചുള്ളതാണീ പദ്ധതി.

### ലക്ഷ്യങ്ങൾ

ആദിവാസി മേഖലയെ സമ്പൂർണ്ണ സാക്ഷരത പ്രദേശമായി പ്രഖ്യാപിക്കുക, സെക്കൻഡറി തലം വരെ വിദ്യാഭ്യാസം സാർവ്വത്രികമാക്കുകയും പരമാവധി ആളുകളെ വിദ്യാസമ്പന്നരാക്കി ആധുനിക സമൂഹത്തിനുപകരിക്കുന്ന ഉത്തമ പൗരൻമാരാക്കാൻ സൗകര്യം ഒരുക്കുന്നു.

### ഗുണഭോക്താവ്

ആദിവാസി മേഖലയിലെ നിരക്ഷരർ, നവസാക്ഷരർ, 4,7,10 ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞുപോയവർ.

### ഫണ്ട്

സംസ്ഥാന ഗവൺമെന്റ് പ്രത്യേക പദ്ധതി പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടയും നടപ്പിലാക്കേണ്ടത്.

### നിർവ്വഹണം

തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യാഗസ്ഥർ വഴി ഇത് നിർവ്വഹിക്കപ്പെടുന്നു. സംസ്ഥാന വിഹിതം ലഭ്യമെങ്കിൽ ആയതും ചേർത്ത് ഗ്രാമ പഞ്ചായത്ത്

സെക്രട്ടറിമാർ, ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർ, വികസന/വിദ്യാ കേന്ദ്രം പ്രേരക്മാർ മുതലായവർ നിർവ്വഹണത്തിലും തദ്ദേശസ്ഥാപനങ്ങളിലെ വിദ്യാഭ്യാസ സമിതി അംഗങ്ങൾ മോണിറ്ററിംഗും നിർവ്വഹിക്കുന്നതാണ്.

### പ്രവർത്തനങ്ങൾ

അർഹരായവരെ കണ്ടെത്തുന്നു. (വിദ്യാകേന്ദ്രം വഴി) തുല്യതാ പരിപാടിയിൽ ചേർക്കുന്നു. അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നു. തുല്യതാ പരീക്ഷയ്ക്ക് സജ്ജമാക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭവഴി അവബോധം നൽകൽ, അർഹരായവരെ കണ്ടുപിടിച്ച് തുല്യതാ പദ്ധതിയിൽ ചേർക്കൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങിനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ സാക്ഷരതാ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം.

## 10. ചേരി നിവാസികൾക്കുള്ള പ്രത്യേക തുല്യതാ പദ്ധതി

### ആമുഖം

ചേരി നിവാസികളെക്കൂടി വിദ്യാഭ്യാസം നൽകി കൈപിടിച്ചുയർത്തുവാനുള്ള താണീ പദ്ധതി.

### ലക്ഷ്യം

ചേരി നിവാസികളെ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപിക്കുക, 4,7,10,12 അവസരം ഒരുക്കുക, സാമൂഹ്യ പുരോഗതിയിലേക്ക് കടന്നു വരാനുള്ള അവസരം ഒരുക്കുക

### ഫണ്ട്

തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട്

### സംഘാടനം

സാക്ഷരതാ മിഷൻ, തദ്ദേശഭരണ സ്ഥാപനം മറ്റ് ഏജൻസികൾ

## 11. ഭാഷാ ന്യൂന പക്ഷങ്ങൾക്കുളള പ്രത്യേക തുല്യത

### ആമുഖം

ഭാഷാ ന്യൂനപക്ഷ പഠിതാക്കൾക്ക് തങ്ങളുടെ പ്രാദേശിക ഭാഷയോടൊപ്പം കാലത്തിനൊത്ത വിദ്യാഭ്യാസം കൂടി നൽകുന്നതാണീ പദ്ധതി. സംസ്ഥാന സാക്ഷരതാ മിഷൻ ഇതിലേക്കായി പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ട്.

### ലക്ഷ്യങ്ങൾ

ഭാഷാ ന്യൂനപക്ഷക്കാർക്ക് വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക, കാലഘട്ടത്തിനനുസരിച്ച വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക, എത്തിച്ചേർന്ന മേഖലയിലെ ചൂഷണത്തിൽ നിന്ന് രക്ഷ നേടുക, സാമൂഹ്യപുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുക.

### ഫണ്ട്.

സംസ്ഥാന ആവിഷ്കൃതം, തദ്ദേശ സ്ഥാപന പദ്ധതി വിഹിതം

### നിർവ്വഹണം

തദ്ദേശഭരണ തലത്തിൽ ബന്ധപ്പെട്ട ഇംപ്ലിമെന്റേഷൻ ഓഫീസറും ജില്ലാതലത്തിൽ ജില്ലാകോഡിനേറ്ററും സംഘാടനം നടത്തണം.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ ഗ്രാമസഭ വഴി കണ്ടെത്തുക, അവബോധം നൽകുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതികളുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് സാക്ഷരതാ പ്രോജക്ടുകളും തൊഴിൽ സംരംഭ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

## 12. സാങ്കേതിക തുല്യതാ പരിപാടി

### ആമുഖം

പഠനത്തോടൊപ്പം തൊഴിലുമെന്ന ആശയം നടപ്പാക്കി മെച്ചപ്പെട്ട വിദ്യാഭ്യാസം കൈവരിക്കുമ്പോൾ അതിനു പര്യാപ്തമായ തൊഴിലുകൂടി കരസ്ഥമാക്കി ഓരോരുത്തരേയും സ്വന്തം കാലിൽ നിൽക്കുന്നതിന് സൗകര്യം ഒരുക്കുന്നതാണ് പദ്ധതി.

ഇതിലൂടെ പഠിതാക്കളുടെ തന്നെ ശേഷികൾ വിലയിരുത്തി ക്രഡിറ്റും നൽകാവുന്നതാണ്. ജീവിത ഗന്ധിയായ ഒട്ടനവധി തൊഴിലവസരങ്ങൾക്ക് ഇതിലൂടെ അംഗീകാരം നൽകുന്നതിനും അവസരം ഒരുക്കുന്നതാണ്. സാങ്കേതിക തൊഴിൽ ചെയ്യുന്നവർക്ക് തങ്ങളുടെ തൊഴിലിൽ ക്രെഡിറ്റും പ്രത്യേക സർട്ടിഫിക്കറ്റും ലഭിക്കുന്നു എന്നതും തുടർ പഠനത്തിന് അത് ഉപകരിക്കുന്നു എന്നതും മാതൃകാപരമാണ്.

### ലക്ഷ്യങ്ങൾ

- പഠനത്തോടൊപ്പം തൊഴിലും എന്ന ആശയം ഉറപ്പിക്കുക
- തൊഴിൽ വൈദഗ്ധ്യത്തിന് ക്രെഡിറ്റും സർട്ടിഫിക്കറ്റും നൽകുക
- പഠിതാവിന്റെ നിലവാരത്തിനൊത്ത് പഠനത്തിന് അവസരം ഒരുക്കുക. ഏത് പ്രായത്തിലും തൊഴിൽ പഠിക്കുന്നതിനുള്ള അവസരം ഒരുക്കുക.

### ഫണ്ട്

തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട്

### നിർവ്വഹണ സ്ഥാപനം

തദ്ദേശഭരണ സ്ഥാപനത്തിന്റെ ബന്ധപ്പെട്ട ഇംപ്ലിമെന്റേഷൻ ഓഫീസർ, ജില്ലാ, സംസ്ഥാന സാക്ഷരതാമിഷനുകൾ

### സംഘാടനം

സാക്ഷരതാമിഷൻ, വിവിധ ഏജൻസികൾ, വ്യക്തികൾ മുതലായവ

### വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകുക. നിർദ്ദേശങ്ങൾ നൽകുക. പഠിതാക്കളെ കണ്ടെത്തുക, അക്രഡിറ്റേഷന് അവസരമൊരുക്കുക

## 13. വിവിധ വകുപ്പുകളുമായുള്ള ബോധവൽക്കരണ പരിപാടി.

വിവര സാങ്കേതിക വിദ്യകളുടെ ഈ ലോകത്ത് അറിവിനോടൊപ്പം അവബോധം കൂടി നൽകാനുദ്ദേശിച്ചുള്ളതാണീ പദ്ധതി. വിവിധ പ്രദേശങ്ങളിൽ താമസിക്കുന്നവരും പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാത്തവരും ആയവർക്ക് വിവിധ ഏജൻസികളുടെ സഹകരണത്തോടെ ബോധവൽക്കരണം നൽകുന്നതാണ് ഈ പദ്ധതി.

### ലക്ഷ്യങ്ങൾ.

വിവിധ ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി അറിവ് നൽകുക, സാമൂഹിക വിപത്തുകളെപ്പറ്റി ബോധവൽക്കരണം നൽകുക, കാലഘട്ടത്തിനൊത്ത് അറിവ് നേടാൻ പര്യാപ്തരാക്കുക.

### ഗുണഭോക്താക്കൾ

സമൂഹത്തിലെ പിന്നോക്ക പ്രദേശങ്ങളിലെ നവസാക്ഷരർ, വിവിധ ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞുപോയവർക്കൊപ്പം പ്രദേശവാസികളായ സാധാരണക്കാരും.

### നിർവ്വഹണ സ്ഥാപനം /ഉദ്യോഗസ്ഥൻ

തദ്ദേശഭരണ സ്ഥാപനങ്ങൾ

### ഫണ്ടിംഗ്

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ ഫണ്ടുകൾ

### പ്രവർത്തനങ്ങൾ

വിവിധ ഏജൻസികളുടെയും സഹകരണത്തോടെ അവബോധം നൽകുന്നു.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭവഴിയും വിദ്യാകേന്ദ്രങ്ങൾ വഴിയും അർഹരെ കണ്ടെത്തുന്നു. അവബോധം നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

മറ്റ് സാക്ഷരതാ പ്രവർത്തനങ്ങളുമായി ഇതിനെ ഏകോപിപ്പിക്കാം.

## 14. തൊഴിൽ പരിശീലന പരിപാടികൾ

### ലക്ഷ്യങ്ങൾ

സാക്ഷരതാ-തുല്യത പഠിതാക്കൾക്കും സ്ത്രീകൾക്കും സ്വയംതൊഴിൽ നേടുന്നതിനുവേണ്ടിയുള്ള വിവിധ തൊഴിൽ പരിശീലനങ്ങൾ

### ഗുണഭോക്താക്കൾ

14 വയസ്സിന് മേൽ പ്രായമുള്ള സാക്ഷരതാ-തുല്യതാ പഠിതാക്കളും സ്ത്രീകളും

## സ്കീമിന്റെ നിർവ്വഹണം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാം.

## ഫണ്ടിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

## സംഘാടനം

അതാത് സാക്ഷരതാ മിഷനുകൾ

## നിർവ്വഹണ ഉദ്യാഗസ്ഥർ

തദ്ദേശസ്വയംഭരണ സ്ഥാപനം

സെക്രട്ടറി/നിർവ്വഹണം - ഉദ്യാഗസ്ഥൻ (വിദ്യാഭ്യാസം)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകുക, അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടുപിടിച്ച് സ്കീമിന്റെ ഭാഗമാക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുളള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തൊഴിൽ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, ജനശിക്ഷൻ സൻസ്ഥാൻ, എസ്.ആർ.സി മുതലായവ. തദ്ദേശഭരണസ്ഥാപനത്തിന്റെ മറ്റ് സാക്ഷരതാ പ്രോജക്ടുകളും സ്വയംതൊഴിൽ പരിപാടികളുമായി ഇതിനെ ഏകോപിപ്പിക്കാം. വനിതാഘടക പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാം.

# 15. കലാപരിശീലന പരിപാടി

## ലക്ഷ്യങ്ങൾ

സംഗീതം, നൃത്തം, ചിത്രമെഴുത്ത്, തിയേറ്റർ ആർട്സ്, ഫോൽക്ക് ലോർ, താളവാദ്യങ്ങൾ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നു. ഇതോടൊപ്പം പഠിതാക്കളുടെ കലോത്സവങ്ങൾ സംഘടിപ്പിക്കുന്നു.

## ഗുണഭോക്താക്കൾ

14 വയസ്സിന് മേൽ പ്രായമുള്ള സാക്ഷരതാ-തുല്യതാ പഠിതാക്കൾ, മറ്റു ഗുണഭോക്താക്കൾ

### ഫണ്ടിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്

### സ്കീമിന്റെ നിർവ്വഹണം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

### സംഘാടനം

അതാത് സാക്ഷരതാ മിഷനുകൾ

### നിർവ്വഹണ ഉദ്യോഗസ്ഥർ

തദ്ദേശസ്വയംഭരണ സ്ഥാപനം

സെക്രട്ടറി/നിർവ്വഹണം - ഉദ്യാഗസ്ഥൻ (വിദ്യാഭ്യാസം)

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകൽ, അഭിരുചിയുള്ള പഠിതാക്കളെ കണ്ടുപിടിച്ച് പരിശീലനം നൽകൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

സാംസ്ക്കാരിക വകുപ്പ്, ഫോൽക്ക് ലോർ അക്കാദമി, സംഗീത-നാടക അക്കാദമി, കലാമണ്ഡലം, ഫൈൻ ആർട്സ് കോളേജ് തുടങ്ങിയ വകുപ്പുകളുടേയും സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് പ്രോജക്ടുകളുമായി ഇതിനെ സംയോജിപ്പിക്കാം.

## 16. ബ്രെയിൽ സാക്ഷരതാ തുല്യതാ പരിപാടി

### ആമുഖം

വൈകല്യമുള്ളവർക്കായുള്ള ദേശീയനയവും ഭരണഘടനയുടെ 41-ാം വകുപ്പും നടപ്പിലാക്കുന്നതിനായി രൂപീകരിച്ച നിയമമാണ് ദേശീയ വികലാംഗജന നിയമം 1995. പ്രസ്തുത നിയമത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിർബന്ധിത വിദ്യാഭ്യാസവും സഹായ സംവിധാനങ്ങളും ഡി.ഡി.ആർ.എസ് എന്ന കേന്ദ്രപദ്ധതിയിലൂടെയും ആർ.ടി.ഇ യിലൂടെ വിവിധ വൈകല്യം സംഭവിച്ചവർക്ക് പഠനത്തിന് അവസരമൊരുക്കുന്നുണ്ട്. എന്നാൽ തന്റേതല്ലാത്ത കാരണങ്ങളാൽ പഠനം നിഷേധിക്കപ്പെട്ട 14 വയസ്സിനു

മുകളിലുള്ളവർക്കുള്ള സാക്ഷരതാമിഷന്റെ പദ്ധതിയാണ് ബ്രെയിൽ സാക്ഷരതാ തുല്യതാ പദ്ധതി

## ലക്ഷ്യങ്ങൾ

അന്ധരായ നിരക്ഷരരെ സാക്ഷരരാക്കുക. 14 വയസ്സിനു മുകളിലുള്ള നവ സാക്ഷരർക്കും, കൊഴിഞ്ഞുപോയവർക്കും തുടർ പഠനാവസരം നൽകുക. വിദ്യാഭ്യാസ പഠനം പല കാരണങ്ങളാൽ നിഷേധിക്കപ്പെട്ട എല്ലാ അന്ധരായവർക്കും സ്വന്തം കാലിൽ നിൽക്കാൻ അവസരമൊരുക്കുക.

## ഫണ്ടിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക പദ്ധതിയിലൂടെ ഫണ്ട് വകയിരുത്താവുന്നതാണ്.

## ഗുണഭോക്താക്കൾ

നിരക്ഷരരായ അന്ധരും 14 വയസ്സിനു മുകളിലുള്ള നവസാക്ഷരരും കൊഴിഞ്ഞുപോയവരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## നിർവ്വഹണം

പദ്ധതിയുടെ സാമ്പത്തിക നിർവ്വഹണം വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള തദ്ദേശ സ്വയംഭരണ ഇംപ്ലിമെന്റേഷൻ ഓഫീസർ നടത്തുന്നു. പദ്ധതിയുടെ പ്രാദേശിക സംഘാടനം പ്രേരക്മാരും ജില്ലാതല സംഘാടനം ജില്ലാ കോർഡിനേറ്റർമാരും നടത്തുന്നു. പാഠപുസ്തകംസ പരീക്ഷ സംഘാടനം എന്നിവ സംസ്ഥാന സാക്ഷരതാ മിഷനും നടത്തുന്നു.

## തദ്ദേശസ്വംയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതി തുക വകയിരുത്തൽ, അർഹരായവരെ കണ്ടെത്തൽ, വിവിധഘട്ടങ്ങളിൽ മോണിറ്ററിംഗ് എന്നിവ തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

# 17. ഹയർ സെക്കണ്ടറി തുല്യതാ പരിപാടി

## ആമുഖം

2013 ഏപ്രിൽ മാസത്തിൽ അംഗീകരിച്ച സാക്ഷരതാമിഷന്റെ ഏറ്റവും പുതിയ പദ്ധതിയാണിത്. സർക്കാർ ഉത്തരവ് സ.ഉ(കൈ) നമ്പർ 138/2013 പൊ.വി.വ 18.4.2013 പ്രകാരം നടപ്പിലാക്കുന്ന ഈ പദ്ധതി സംസ്ഥാന സാക്ഷരതാ മിഷനും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റും സംയുക്തമായി നടപ്പിലാക്കുന്ന ഒന്നാണ്. പല കാരണങ്ങ

ളാൽ പഠനം നിഷേധിക്കപ്പെട്ടവരുടേയും സാക്ഷരതാമിഷനുകളിലൂടെ പത്താംതരം തുല്യതാ കോഴ്സ് പാസ്സായവരുടേയും ചിരകാലാഭിലാഷമാണ് ഇതിലൂടെ പൂവണിയുന്നത്. തുടർ പഠനത്തിന്റെ ഭാഗമായി സംസ്ഥാന സാക്ഷരതാമിഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ നാഴികല്ലാണിത്. ഹ്യൂമാനിറ്റീസ്, കോമേഴ്സ് തുല്യതാ ക്ലാസ്സുകളാണ് ആദ്യപടിയായി അനുവദിച്ചിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- പത്താംതരം വരെ പഠിച്ച ഏത് പ്രായക്കാർക്കും തുടർ പഠനത്തിന് അവസരമൊരുക്കുക
- കാലത്തിനൊത്ത് എല്ലാവരുടേയും അടിസ്ഥാന വിദ്യാഭ്യാസം പന്ത്രണ്ടാംതരം വരെ എത്തിക്കുക
- ഹയർ സെക്കണ്ടറി തലം വരെ വിദ്യാഭ്യാസം സാർവ്വത്രികമാക്കുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും നൽകാൻ വേണ്ടി വിദ്യാഭ്യാസ പ്രക്രിയ കൂടുതൽ പേർക്ക് പ്രാപ്യമാക്കുകയും ചെയ്യുക.

## ഫണ്ട്

ഒരു സ്വാശ്രയ കോഴ്സ് പദ്ധതിയാണിത്. ഗുണഭോക്തൃ വിഹിതമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ തുക വകയിരുത്തിയും പഠിതാക്കൾക്ക് കോഴ്സിൽ ചേരാവുന്നതാണ്.

## നിർവ്വഹണ സ്ഥാപനം

സംസ്ഥാന സാക്ഷരതാമിഷനും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റും സംയുക്തമായി നടത്തുന്നു. ജില്ലാതലത്തിൽ സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർമാർ പരിപാടിയുടെ സംഘാടനവും ഏകോപനവും സംഘടിപ്പിക്കുകയും പ്രേരക്മാരുടെ സഹായത്തോടെ രജിസ്ട്രേഷൻ ശക്തിപ്പെടുത്തുന്നതുമാണ്.

## ഗുണഭോക്താക്കൾ/അർഹത

സംസ്ഥാനസാക്ഷരതാമിഷന്റെ പത്താംതരം തുല്യതാ കോഴ്സ് വിജയിച്ചവരും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ഹയർ സെക്കണ്ടറി വിജയിച്ച് 22 വയസ്സ് പൂർത്തിയായവരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പഠിതാക്കൾക്ക് പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി പഠനാവസരം നൽകുന്ന

തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കാവുന്നതാണ്. പദ്ധതിയിലൂടെ തിരഞ്ഞെടുക്കുന്നവരുടെ തെരഞ്ഞെടുപ്പും തുടർ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗും ചെയ്യാവുന്നതാണ്.

## പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കുകയും ഓരോ അദ്ധ്യയന വർഷവും രജിസ്ട്രേഷൻ നടത്തി പഠന പരിപാടി സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. പാഠപുസ്തകം, പഠന പരിപാടിയുടെ സംഘാടനം എന്നിവ സാക്ഷരതാമിഷനും, പരീക്ഷ, സർട്ടിഫിക്കറ്റ്വിതരണം എന്നിവ ഹയർ സെക്കണ്ടി ഡയറക്ടറേറ്റും നടത്തുന്നതാണ്.

# XIV
# ഭൂജല വകുപ്പ്



## ആമുഖം

1978 ൽ രൂപീകൃതമായ ഭൂജല വകുപ്പിന്റെ ആദ്യകാല പ്രവർത്തനങ്ങൾ മുഖ്യമായും സംസ്ഥാനത്തെ കാർഷിക പുരോഗതിയെ ലക്ഷ്യമിട്ടിട്ടുള്ളതായിരുന്നു. എന്നാൽ പിന്നീട് വകുപ്പിന്റെ പ്രവർത്തനം കുടിവെള്ളത്തിനായുള്ള പദ്ധതികളിലേക്കായി വ്യാപിച്ചു. ഇപ്പോൾ ഭൂജല സ്രോതസ്സിന്റെ പരിപാലനം, ഭൂജല സംപോഷണം എന്നീ മേഖലകൾ കൂടി വകുപ്പിന്റെ പ്രവർത്തന മണ്ഡലത്തിൽ ഉൾപ്പെടുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്ന പദ്ധതികളും ഇതിനെ അടിസ്ഥാനമാക്കിയാണ് രൂപീകൃതമായിട്ടുള്ളത്.

## പ്രധാന പ്രവർത്തനങ്ങൾ

1. വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, റ്റ്യൂബ്വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാന നിർണ്ണയം
2. കുടിവെള്ളത്തിനും, ജലസേചനത്തിനും വ്യാവസായികാവശ്യങ്ങൾക്കുമുള്ള കിണറുകളുടെ (ബോർവെൽ, റ്റ്യൂബ്വെൽ, ഫിൽറ്റർ പോയിന്റ് വെൽ)

നിർമ്മാണവും, ജലലഭ്യതാ തോതിന്റെ നിർണ്ണയവും, ഡവലപിംഗും, കൈപമ്പുകളുടെ അറ്റകുറ്റപണികളും

3. ഭൂജലം ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക്, മറ്റ് സ്ഥാപനങ്ങൾക്ക്, എം.പി/ എൽ.എൽ.എ ഫണ്ട് എസ്.സി ഫണ്ട് വരൾച്ചാ ദുരിതാശ്വാസ ഫണ്ട് പദ്ധതികൾ നടപ്പിലാക്കുവാനുള്ള സാങ്കേതിക സഹായവും ഉപദേശവും നൽകലും.
4. ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള ആക്റ്റിന്റെ ഫലപ്രദമായ നടപ്പാക്കൽ
5. ഭൂജല സംരക്ഷണത്തിനും, കൃത്രിമ സംപോഷണത്തിനുമായുള്ള റീചാർജ്ജ് സ്ട്രക്ചറുകൾക്കായുള്ള സ്ഥാനനിർണ്ണയവും നിർമ്മാണവും
6. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വകുപ്പ് ഫണ്ടുപയോഗിച്ച് ചെറുകിട ജലസേചന പദ്ധതികളും കുഴൽ കിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കൽ
7. സംസ്ഥാനത്തിലെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുക
8. ഭൂജലത്തിന്റെയും സർഫസ് വാട്ടറിന്റെയും സമഗ്രമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കൽ
9. ഭൂജലത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തൽ
10. ഭൂജലനിരപ്പ്, ഗുണനിലവാരം, മീറ്റിരിയോളജി, ഡാറ്റാ ശേഖരണവും അതുപയോഗിച്ചുള്ള പഠനങ്ങൾ
11. ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായി സാമാന്യ ജനങ്ങളെ ബോധവൽക്കരിക്കുക

മേൽ വിവരിച്ച പ്രവൃത്തികൾക്കായി വിവിധ പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. അവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

## 1. ഭൂജല പര്യവേഷണം

(1) വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ട്യൂബ് വെൽ, ബോർവെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാനനിർണ്ണയം, ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, റിമോട്ട് സെൻസിംഗ് എന്നീ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നടത്തുന്നു. ശാസ്ത്രീയമായ പഠനത്തോടെ സ്ഥാന നിർണ്ണയം നടത്തി വകുപ്പ് നിർമ്മിക്കുന്ന കുഴൽ കിണറുകൾ 90% വിജയിക്കുന്ന സ്ഥിതിയാണ് ഉള്ളത്. സ്ഥാന നിർണ്ണയം നടത്തുന്നതിന് വകുപ്പ് ചുവടെ വിവരിച്ചിട്ടുള്ള പ്രകാരമുള്ള തുക ഈടാക്കുന്നു.

| | | |
|---|---|---|
| 1) | വ്യക്തികൾക്ക് (കൃഷിക്കോ, വീട്ടാവശ്യത്തിനോ) | 525/- രൂപ |
| 2) | ജലവിതരണ പദ്ധതികൾക്കായി സ്ഥാപനങ്ങൾക്കും ത്രിതല പഞ്ചായത്തുകൾക്കും | 1750/- രൂപ |
| 3) | വ്യവസായങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും | 3500/- രൂപ |

## 2. ഭൂജല വികസനം

വിവിധതരം കുഴൽ കിണറുകളും നിർമ്മാണം, കിണറുകളുടെ ഡവലപ്പിംഗ്, ജലലഭ്യതാ നിർണ്ണയം, ലോഗിംങ് മുതലായവ നടപ്പിലാക്കുന്നു. ചെറുകിട/നാമമാത്ര കർഷകർക്ക് സ്ഥലത്തെ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാകുന്ന പക്ഷം വകുപ്പ് കുഴിക്കുന്ന കുഴൽ കിണറുകൾക്ക് ഡ്രില്ലിംഗ് റേറ്റിൽ 50% ഇളവ് അനുവദിച്ചു വരുന്നു. വകുപ്പ് നിർമ്മിക്കുന്ന കിണറുകളിൽ ജലം ലഭിക്കാത്ത പക്ഷം ഡ്രില്ലിംഗ് റേറ്റിന്റെ 75% തുക തിരിച്ച് നൽകുന്നു.

(1) ബോർവെൽ - ഏകദേശം 50 മീറ്റർ വരെ ആഴത്തിൽ പാറ ലഭിക്കുന്ന പ്രദേശങ്ങളിൽ, 150 മി വരെ ആഴത്തിൽ കുഴിക്കുന്ന കിണറുകളാണിവ. കടുപ്പമേറിയ പാറ ലഭിക്കുന്നതു വരെയുള്ള വെട്ടുകല്ല് ഉൾപ്പെടെയുള്ള മേൽ മണ്ണ് ഭാഗത്ത് പി.വി.സി. പൈപ്പ് ഉപയോഗിച്ച് സീൽ ചെയ്യുന്നു. ഇത്തരം കിണറുകളിൽ പാറയുടെ വിടവുകളിലുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. 4½'' വ്യാസത്തിലും 6" വ്യാസത്തിലുള്ള ബോർവെല്ലുകളാണ് നിർമ്മിക്കുന്നത്. ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് ഈടാക്കുന്ന തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 4½'' ബോർ വെൽ | - 350/- രൂപ + പൈപ്പിന്റെ വില |
| 6" ബോർ വെൽ | - 600/- രൂപ + പൈപ്പിന്റെ വില |

( 2 ) ട്യൂബ്വെൽ - തീരദേശത്തെ മണൽ പ്രദേശങ്ങളിൽ വളരെ ആഴത്തിൽ ( 100 മി മുതൽ 250 മി വരെ) കുഴിക്കുന്ന കിണറുകളാണിവ. ഇത്തരം കിണറുകളിൽ ശുദ്ധജലം ലഭിക്കുന്ന ആഴത്തിൽ മാത്രം റിബ്ട് സ്ക്രീൻ യു.പി.വി.സി. പൈപ്പുകൾ ഉപയോഗിച്ചും ബാക്കി സ്ഥലങ്ങളിൽ സാധാരണ യു.പി.വി.സി പൈപ്പുകൾ ഉപയോഗിച്ച് സീൽ ചെയ്തുമാണ് നിർമ്മിക്കുന്നത്. ശാസ്ത്രീയമായി നിർമ്മിക്കുന്ന ഇത്തരം കിണറുകളിൽ പൈപ്പിനു പുറത്ത് റിബ്ട് സ്ക്രീൻ ഭാഗത്ത് ചരലും ബാക്കി ഭാഗങ്ങളിൽ കളിമണ്ണും നിറച്ച് ഉപയോഗ പ്രദമാക്കുന്നു. 6"വ്യാസത്തിലും 8"വ്യാസത്തിലും ഇത്തരം കിണറുകൾ നിർമ്മിക്കുന്നു. ഇവയ്ക്കായി വകുപ്പ് ഈടാക്കുന്ന തുക ഇപ്രകാരമാണ്.

| | |
|---|---|
| 6" വ്യാസം | - 2100/- + പൈപ്പിന്റെ വില |
| 8"വ്യാസം | - 2700/- + പൈപ്പിന്റെ വില |

(3) ഫിൽറ്റർ പോയിന്റ് വെൽ -

10 മി മുതൽ 15 മി വരെ ആഴത്തിലുള്ള കിണറുകൾ തീരപ്രദേശത്ത് നിർമ്മിക്കുന്നത്. ജലം ലഭ്യമാകുന്ന ആഴത്തിൽ സ്ളാട്ടർ മെഷ് ചുറ്റിയ സ്ളോട്ടട് പി.വി.സി.പൈപ്പുകളും ബാക്കി സാധാരണ പി.വി.സി. പൈപ്പുകളും ഉപയോഗിച്ച് ഇത്തരം കിണറുകൾ നിർമ്മിക്കുന്നു. 110 എം.എം വ്യാസത്തിൽ നിർമ്മിക്കുന്ന ഇത്തരം കിണറുകൾക്ക് വകുപ്പ് ഈടാക്കുന്ന തുക 225/- രൂപയാണ്. (പൈപ്പിന്റെ വിലകൂടാതെ).

(4) ഡെവലപ്പിംഗ് -

കാലക്രമേണ ജലലഭ്യത കുറയുകയും ഫില്ലിംഗ് ഉണ്ടാകുകയോ ചെയ്യുന്ന കിണറുകളെ പുനർജ്ജീവിപ്പിക്കുന്ന പ്രക്രിയയാണിത്. വകുപ്പ് ഇതിനായി ഇടാക്കുന്ന തുക ഇപ്രകാരമാണ്.

| | |
|---|---|
| ബോർ വെൽ | - മിനിമം 5250/ദിവസം |
| ട്യൂബ് വെൽ | - മിനിമം 14000/ദിവസം |
| ഫിൽറ്റർ പോയിന്റ് വെൽ | - മിനിമം 2600/ദിവസം |

(5) ലോഗിംങ് - റ്റ്യൂബ് വെല്ലിലെ ജലത്തിന്റെ ലഭ്യതയും, ഗുണനിലവാരവും (വിവിധ ആഴങ്ങളിൽ) അറിയാനുള്ള ഒരു പ്രവൃത്തിയാണിത്. ഇതിന് വകുപ്പ് 13125/- രൂപയാണ് ഈടാക്കുന്നത്.

(6) പമ്പിംഗ് ടെസ്റ്റ് - എല്ലാത്തരം കിണറുകളിലേയും ജല ലഭ്യതയുടെ തോത് അറിയാനുള്ള ശാസ്ത്രീയമായ പ്രവൃത്തിയാണിത്. പമ്പിനും, ജനറേറ്ററിനുമുള്ള വാടകയും പിന്നെ 40% ഓവർ ഹെഡ് ചാർജും ഈടാക്കി വകുപ്പ് പമ്പിംഗ് ടെസ്റ്റ് നടത്തുന്നു.

| | |
|---|---|
| പമ്പിംഗ് ടെസറ്റ് നടത്തുന്നതിന് ജനറേറ്റവർവാടക | - മണിക്കൂറിന് 875 രൂപ |
| 10 എച്ച്.പി. വരെയുള്ള പമ്പുകൾക്ക് വാടക | - മണിക്കുറിന് 75 രൂപ |
| 10 എച്ച്.പി.ക്കു മുകളിലുള്ള പമ്പുകൾക്ക് വാടക | - മണിക്കുറിന് 100 രൂപ |
| പമ്പിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുക | - 6440 രൂപ |

## 3. ഭൂജലത്തിന്റെ ഗുണ നിലവാരം

വകുപ്പിനു കീഴിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ മൂന്ന് ലാബുകളിലായി (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ജലത്തിൽ അടങ്ങിയിട്ടുള്ള വിവിധ ധാതുക്കളുടെ തോത് നിർണ്ണയവും, ബാക്ടീരിയയുടെ അളവു നിർണ്ണയവും നടത്തുന്നു. ഇതിനായി വകുപ്പ് താഴെ പറയുന്ന ഫീസ് ഈടാക്കുന്നുണ്ട്.

| | |
|---|---|
| മുഖ്യ ഘടകങ്ങൾ | - 400/- രൂപ |
| മറ്റ് ഘടകങ്ങൾ | - 200/- രൂപ (ഒരു ഘടകത്തിന്) |
| ബാക്ടീരീയ പരിശോധന | - 200/- രൂപ |
| ലോഹങ്ങൾ | - 200/- രൂപ (ഒരു ലോഹത്തിന്) |

## 4. സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ

കേന്ദ്ര ഭൂജല ബോർഡുമായി സംയോജിച്ച് സംസ്ഥാനത്തെ ഭൂജല വിഭവ ശേഷി ഭൂജല വകുപ്പ് അഞ്ച് വർഷത്തിൽ ഒരിക്കൽ തിട്ടപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നു. വരും വർഷങ്ങളിൽ 5 വർഷത്തിൽ ഒരിക്കൽ എന്നുള്ളത് 2 വർഷത്തിലൊരിക്കലായി കുറച്ചിട്ടുണ്ട്. 2008-09 ലെ റിപ്പോർട്ടാണ് ഏറ്റവും അവസാനമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല വിഭവശേഷി താഴെപറയും പ്രകാരമാണ്.

സംസ്ഥാനത്തെ ആകെ ഭൂജല ലഭ്യത - 6029 ബി.സി.എം.

നിലവിലെ ഭൂജല ഉപയോഗം
(ഗാർഹികം, കൃഷി, വ്യാവസായിം) - 2.809 ബി.സി.എം.

സംസ്ഥാനത്തെ ഭൂജല
വികാസത്തിന്റെ തോത് - 47 %

കൂടാതെ ഭൂജലത്തിന്റെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബ്ളോക്കുകൾ അമിത ചൂഷിത, ക്രിട്ടിക്കൽ, അർദ്ധ ക്രിട്ടിക്കൽ, സേഫ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2008-09 ലെ റിപ്പോർട്ട് പ്രകാരം 1 അമിത ചൂഷിത ബ്ളോക്കും, (ചിറ്റൂർ) 3 ക്രിട്ടിക്കൽ ബ്ളോക്കുകളും (കാസർകോട്, മലമ്പുഴ, കൊടുങ്ങല്ലൂർ) 22 അർദ്ധ ക്രിട്ടിക്കൽ ബ്ളോക്കുകളുമാണ് ഉള്ളത്.

## 5. ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും

സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപഭോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2002 ലെ

കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് നിലവിലുണ്ട്. ആക്റ്റ് നടപ്പിലാക്കാനായി ഭൂജല അതോറിറ്റി സ്ഥാപിതമായിട്ടുണ്ട്. ആക്റ്റ് പ്രകാരം സംസ്ഥാനത്തെ പമ്പ് ചെയ്യുന്ന കിണറുകൾ (1.5 എച്ച്.പി.ക്ക് മുകളിലുള്ള പമ്പ് ഘടിപ്പിച്ച സാധാരണ കിണറുകളും, 3 എച്ച്.പി.യ്ക്ക് മുകളിലുള്ള കുഴൽകിണറുകളും) അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിനായി കുഴിക്കുന്ന തുറന്ന കിണർ ഒഴികെ ബാക്കി എല്ലാതരം കിണറുകളും നിർമ്മിക്കുന്നതിനുമുമ്പായി അതോറിറ്റിയുടെ പെർമിറ്റ് വാങ്ങേണ്ടതാണ്. (ഇതിനായി 50/- രൂപ ഫീസായി വകുപ്പിൽ ഒടുക്കേണ്ടതാണ്.) കൂടാതെ ടി പ്രദേശങ്ങളിലുള്ള കിണറിനെ പമ്പിംഗ് കിണറായി പരിവർത്തനം ചെയ്യാനും പെർമിറ്റ് ആവശ്യമാണ്.

## 6. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഹൈഡ്രോളജി പ്രോജക്റ്റ്

വകുപ്പിലെ മികച്ച ഡാറ്റാ ശേഖരം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മറ്റ് ആവശ്യകാർക്കും ലഭിക്കുന്നതിനായി താഴെ പറയുന്ന ഫീസ് നിശ്ചയിച്ചിയിട്ടുണ്ട്.

| | |
|---|---|
| ഭൂജല നിരപ്പിന്റെ ഡാറ്റാ (ബ്ളോക്ക്/വർഷം) | 625/- രൂപ + സി.ഡി. മുതലായവയുടെ വില |
| ഭൂജല ഗുണനിലവാര ഡാറ്റാ (ബ്ളോക്ക്/വർഷം) | 625/- രൂപ + സി.ഡി. |
| ഹൈഡ്രോമിറ്റിയറോളജിക്കൽ ഡാറ്റാ (ബ്ളോക്ക്/വർഷം) | 625/- രൂപ + സി.ഡി. |
| ഹിസ്റ്റോറിക്കൽ ഡാറ്റാ (ബ്ളോക്ക്/വർഷം) | 500/- രൂപ + സി.ഡി. |

( വിദ്യാർത്ഥികൾക്കും, ഗവൺമെന്റ് സ്ഥാപനങ്ങൾക്കും, ഗവേഷകർക്കും മേൽ പറഞ്ഞ ഫീസിൽ 50% ഇളവ് നൽകിവരുന്നു.)

## 7. സാങ്കേതിക സഹായവും ഉപദേശവും

കർഷകർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിനും

ഭൂജലം ഉപയോഗിച്ച് നടപ്പിലാകുന്ന പദ്ധതികൾക്കും കൈപമ്പ് സ്ഥാപിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും വകുപ്പ് സാങ്കേതിക സഹായവും ഉപദേശവും നൽകി വരുന്നു. കൂടാതെ എം.പി., എം.എൽ.എ, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഭൂജല വകുപ്പിൽ നിന്നും നൽകുന്ന ടി സേവനങ്ങൾ പൊതുജന അറിവിനായി ഗ്രാമസഭയിൽ ചർച്ചയ്ക്ക് വയ്ക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

കുടിവെള്ള സംബന്ധമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മുന്നോടിയായി അനുയോജ്യമായ ടി സേവനങ്ങൾ ഉപയോഗപ്പെടുത്തുന്ന വകുപ്പിന്റെ സേവനങ്ങൾ പദ്ധതി രൂപീകരണ പ്രക്രിയയിലും സ്റ്റേയ്ക്ക് ഹോൾഡേഴ്സ് യോഗങ്ങളിലും ഉപ യോഗപെടുത്തുന്നു.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുടിവെള്ള പ്രോജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ വകുപ്പിന്റെ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.

## 8. രാജീവ് ഗാന്ധി കുടിവെള്ളപദ്ധതി

### ആമുഖം

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഉറപ്പു വരുത്താൻ സാധിക്കാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി കുഴൽ കിണറുകൾ നിർമ്മിച്ച്, കിണറിലെ ജലലഭ്യത അനുസരിച്ച് ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് ഘടിപ്പിച്ച് ജലവിതരണം നടത്തുകയും, ജലലഭ്യത കൂടുതലുള്ള കിണറുകളിൽ വൈദ്യുതി പമ്പുകൾ ഘടിപ്പിച്ച് ഭൂജലം സംഭരണികളിൽ ശേഖരിച്ച് ജലവിതരണ ശൃംഖലയിലൂടെ ജലവിതരണം നടത്തുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറുകയും തുടർന്നുള്ള നടത്തിപ്പും, അറ്റകുറ്റപണികളും ഗുണഭോക്തൃ കമ്മിറ്റി നടപ്പിലാക്കുകയും ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

ജലലഭ്യത പൂർണ്ണമായോ ഭാഗികമായോ ലഭ്യമാവാത്ത സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പാക്കുക.

## ഗുണഭോക്താവ്

മറ്റ് ജലവിതരണ ശൃംഖലകളിലൂടെ കുടിവെള്ള ലഭ്യതയില്ലാത്ത 50 നടുത്ത കുടുംബങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ജലലഭ്യതയനുസരിച്ച് ഭൂജല വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഭൂജലവകുപ്പ് ജില്ലാ ആഫീസർ നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്

വകുപ്പിന് ലഭിക്കുന്ന കേരള സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അതാത് ജില്ലകൾക്കാവശ്യമായ വിഹിതം ഭൂജലവകുപ്പ് ഡയറക്ടർ അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂജലവകുപ്പ് ഡയറക്ടറുടെ ഭരണാനുമതിയോടെയും സാങ്കേതികാനുമതിയോടുംകൂടി പദ്ധതി നടപ്പിലാക്കുന്നു

## സംഘാടനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് ഗുണഭോക്താക്കളുടെ ഇടയിൽ ജലസംബന്ധിയായ ബോധവത്ക്കരണം നൽകി അനുയോജ്യമായ സ്ഥലത്ത് കുഴൽകിണർ നിർമ്മിച്ച് ജലലഭ്യതക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ജലലഭ്യതയനുസരിച്ച് ഭൂജലവകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കി തുടർ പ്രവർത്തനങ്ങൾക്കായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. ഗ്രാമസഭയിൽ ചർച്ചയ്ക്ക് വച്ച് മുൻഗണന നിശ്ചയിക്കുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി തയ്യാറാക്കലും നടപ്പിലാക്കലും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ മറ്റ് ആവശ്യമായ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് വിടവ് നികത്തണം തുടർ നടത്തിപ്പ് തദ്ദേശഭരണ സ്ഥാപനം ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപിക്കുകയും മോണിറ്ററിംഗും ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ജലലഭ്യതയനുസരിച്ച് ഭൂജല വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കി തുടർ പ്രവർത്തനങ്ങൾക്കായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളായിരിക്കണം. മറ്റ് ജലവിതരണ ശൃംഖലകളുടെ തുടർച്ചയായോ വികസനത്തിന്റെ ഭാഗമായോ നടപ്പാക്കാൻ പാടില്ലാത്തതാണ്. തുടർ പ്രവർത്തനങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണ്.

## 9. ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും

കൃത്രിമ ഭൂജല സംപോഷണം നടപ്പിലാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി മഴകുഴികൾ, അടിയണകൾ, തടയണകൾ മുതലായവ നിർമ്മിക്കുന്നു. മേൽകുരയിൽ നിന്നും മഴവെള്ളം ശേഖരിച്ച്, കിണറുകൾക്കു ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ കിണറുകൾ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

### ലക്ഷ്യങ്ങൾ

ഭൂജലസമ്പത്ത് വർദ്ധിപ്പിക്കുക, അതുവഴി ജലദൗർലഭ്യം പരിഹരിക്കുക

### ഗുണഭോക്താവ്

പദ്ധതി നടപ്പിൽ വരുത്തുന്ന പ്രദേശങ്ങളിലെ ജനങ്ങൾ പരോക്ഷമായി ഗുണഭോക്താക്കളാകുന്നു.

## സ്കീമിന്റെ നിർവ്വഹണം

അനുയോജ്യമായ സ്ഥലങ്ങളിൽ ഭൂജല വകുപ്പ് പര്യവേഷണം നടത്തി തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും അനുമതിയോടുകൂടി ഭൂജലവകുപ്പിന്റെ ജില്ലാആഫീസർ നടപ്പിലാക്കുന്നു.

## ഫണ്ടിംഗ്

വകുപ്പിന് ലഭിക്കുന്ന കേരളസർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അതാത് ജില്ലകൾക്കാവശ്യമായ വിഹിതം ഭൂജല വകുപ്പ് ഡയറക്ടർ അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

വകുപ്പിൽ നിന്നും തയ്യാറാക്കുന്ന പദ്ധതികൾ ഭൂജലവകുപ്പ് ഡയറക്ടറുടെ ഭരണാനുമതിയും സാങ്കേതികാനുമതിയോടും കൂടി നടപ്പിലാക്കുന്നു.

## സംഘാടനം

അനുയോജ്യമായ സ്ഥലത്ത് ഭൂജലവകുപ്പ് പദ്ധതി നടപ്പിലാക്കുന്നു

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് സഹായകരമായ വിധത്തിൽ ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള സഹകരണം നൽകുക. ഗ്രാമസഭയിൽ നിന്നും വന്ന മുൻഗണനകൾ പരിഗണിച്ച് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്കീം നടപ്പിലാക്കണം

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി തയ്യാറാക്കലും നടപ്പിലാക്കലും. തദ്ദേശഭരണ സ്ഥാപനവുമായി ചർച്ച നടത്തുക. അഭിപ്രായം ആരായുക. ഗുണഭോക്തൃ സമിതിക്കുവേണ്ട മാർഗ്ഗ നിർദ്ദേശം നൽകുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ലഘുലേഖകൾ വഴിയും ബോധവൽക്കരണ സെമിനാറുകളിലൂടെയും ജനങ്ങളിലേക്കെത്തിക്കുക. തദ്ദേശഭരണസ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ മറ്റ് ആവശ്യമായ പ്രദേശങ്ങൾക്കുവേണ്ടി തയ്യാറാക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തുടർ പ്രവർത്തനങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, ഗുണഭോക്താക്കളോ ചെയ്യേണ്ടതാണ്.

# XV

# ജലനിധി



## A. ജലനിധി

1022 കോടി രൂപ മുതൽ മുടക്കി ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം സുഭിക്ഷമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന സമഗ്ര പദ്ധതിയാണ് ജലനിധി രണ്ടാംഘട്ടം. ജനകീയ പങ്കാളിത്തത്തോടെ ഗ്രാമീണ ശുദ്ധജല വിതരണം ശാക്തീകരിക്കുന്നതിനുള്ള നൂതനമായ കർമ്മ പരിപാടികൾ ഉൾക്കൊള്ളുന്നതാണ് രണ്ടാംഘട്ട പദ്ധതി. 200 ഓളം ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഇരുപത് ലക്ഷം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും ശുചിത്വ സംവിധാനങ്ങളും എത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. പദ്ധതി പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ ഈ പദ്ധതി സജ്ജമാക്കുന്നു. പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ആസൂത്രണവും രൂപകൽപനയും നടത്തിപ്പും പരിപാലനവും എങ്ങനെയായിരിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണമായ അവകാശം ജനങ്ങളിൽ നിക്ഷിപ്തമാണ്. സാധാരണ കുടിവെള്ള പദ്ധതികളിൽ നിന്നും വ്യത്യസ്തമായി കമ്മീഷൻ ചെയ്യുന്ന പദ്ധതിയുടെ പരിപാലനവും ഉടമസ്ഥതയും ഗ്രാമപഞ്ചായത്തുകൾക്കും ജനകീയ സമി

തികൾക്കും സ്വന്തമാകുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയ സമിതികളെയും ശാക്തീകരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും പദ്ധതിയുടെ ഭാഗമാണ്. ഒന്നാം ഘട്ടത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള 22 ഗ്രാമപഞ്ചായത്തുക ളിലും തുടർന്നുള്ള ഘട്ടങ്ങളിൽ കേരളത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട 8 ജില്ലകളിലെ (കാസർഗോഡ്, കണ്ണൂർ, വയനാട് മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി) പഞ്ചായത്തുകളിലും ആണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

കേരളത്തിലെ 112 ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനത്തിലൂടെ, പദ്ധതിയുടെ ലക്ഷ്യമായ 2500 പദ്ധതികൾ എന്ന ലക്ഷ്യം കടന്ന് 3710 പദ്ധതികൾ ജലനിധി ഒന്നാം ഘട്ടത്തിൽ വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു. ഇതിലൂടെ 1.90 ലക്ഷം കുടുംബങ്ങൾക്കും 11.23 ലക്ഷം ഗുണഭോക്താക്കൾക്കും ശുദ്ധജല ശുചിത്വ സംവി ധാനങ്ങൾ ലഭ്യമായി.

## 1. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജല നിധി II)

### ലക്ഷ്യങ്ങളും സമീപനങ്ങളും

ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതവുമായി വികേന്ദ്രീകൃത രീതിയിൽ എത്തിക്കുവാൻ കേരള സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കുക

### പദ്ധതിയുടെ അടിസ്ഥാന തത്വങ്ങൾ

ജലനിധിയുടെ അടിസ്ഥാനതത്വങ്ങളിൽ പ്രധാനമായവ താഴെ വിശദമാക്കുന്നു.

1. ആവശ്യാധിഷ്ഠിതം (Demand Driven)
2. സാമൂഹ്യ ഉടമസ്ഥത (Community Ownership)
3. സാമൂഹിക ഉടമ്പടി (Community Contracting)
4. സംയോജനം (Integration)
5. പാവപ്പെട്ടവരോടുള്ള ആഭിമുഖ്യം (Pro Poor Approach)
6. സംഘടനാ ക്രമീകരണം (Institutional Arrangement)

## ഗുണഭോക്താവ്

ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കാണ് സ്കീമിന്റെ ഗുണം ലഭിക്കുന്നത്. ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെയാണ് തിരഞ്ഞെടുക്കുന്നത് എന്നത് വ്യക്തമായ മാനദണ്ഡങ്ങളനുസരിച്ചാണ്. പദ്ധതിയിലെ ജില്ലകളേയും ജനറൽ വിഭാഗത്തിലേയും ഗിരിവർഗ്ഗ വിഭാഗത്തിലേയും ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

കേരളത്തിലെ 8 ജില്ലകൾ ജലദൗർലഭ്യത, ഗിരിവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

## ജനറൽ വിഭാഗം

- പഞ്ചായത്തിലെ ജലവിതരണ കവറേജ് (40 മാർക്ക്) (കുറവ് കവറേജിന് കൂടുതൽ മാർക്ക്)
- ജീവിതഗുണനിലവാര സംബാധകമായ പഞ്ചായത്തുകൾ (20 മാർക്ക്)
- ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടംബങ്ങൾ (20 മാർക്ക്)
- പട്ടികജാതി, പട്ടിക വർഗ്ഗ ജനസംഖ്യ (10 മാർക്ക്)
- വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശേഷി (10 മാർക്ക്)

## ഗിരിവർഗ്ഗ വിഭാഗം

ഗിരിവർഗ്ഗ പദ്ധതി നടപ്പിലാക്കുന്നതിനായി ഗിരിവർഗ്ഗ വിഭാഗത്തിന്റെ ജനസംഖ്യാ അടിസ്ഥാനത്തിൽ രണ്ടു ജില്ലകളെ തിരഞ്ഞെടുത്തു. രണ്ടാം ബാച്ചിൽ വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ 22 ഗ്രാമപഞ്ചായത്തുകൾ ഈ വിധം തിരഞ്ഞെടുത്തിട്ടുള്ളത്. തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷകളെല്ലാം തന്നെ കെ.ആർ.ഡബ്ല്യു. എസ്.എ.യിലേക്കാണ് സമർപ്പിക്കേണ്ടത്.

## സ്കീമിന്റെ നിർവ്വഹണം

സമ്പൂർണ്ണ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ പ്രധാന നിർവ്വഹണ ചുമതല ഗുണഭോക്താക്കൾക്കാണ്. ഗ്രാമപഞ്ചായത്തുകൾ ആവശ്യമായ നേതൃത്വം നൽകുന്നു. പദ്ധതി നിർവ്വഹണ കാലഘട്ടത്തിൽ ആവശ്യമായ പിന്തുണ ലഭ്യമാക്കുക എന്നതുമാത്രമാണ് ജലനിധിയുടെ ചുമതല.

ഓരോ പഞ്ചായത്തിലും ശരാശരി 30-40 ഗുണഭോക്തൃസംഘങ്ങളാണ്പ്ര വർത്തിച്ചു വരുന്നത്. ഓരോ സംഘത്തിനും തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഗുണ ഭോക്തൃ സമിതി ഉണ്ട്. പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതും തുടർന്നുള്ള നടത്തിപ്പും മേൽനോട്ടവും സംരക്ഷണ ഉത്തരവാദിത്വവുമൊക്കെ ഈ സമിതിയാണ്. ഇതിനായി തിരഞ്ഞെ ടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവർ ആണ് ഭരണം നിർവ്വഹിക്കുന്നത്.

ജലനിധി ഒന്നാംഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി ഓരോ ഗ്രാമപഞ്ചായത്തിലും ജലനിധിയുടെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഗ്രാമപഞ്ചായത്ത് സപ്പോർട്ട് ടീം പ്രവർത്തി ക്കും. ഇവരായിരിക്കും പഞ്ചായത്തുതല നിർവ്വഹണ പരിപാടികൾ നടപ്പിലാക്കു ക.

പദ്ധതിയുടെ മേൽനോട്ടവും നേതൃത്വവും ഗ്രാമപഞ്ചായത്തിനാണ്. പദ്ധതി ചെല വിന്റെ 15% വഹിക്കുന്നതിന് പുറമെ, കേരള സർക്കാരിൽ നിന്നുള്ള പണം ഗുണഭോ ക്തൃസമിതികൾക്ക് കൈമാറ്റം ചെയ്യുന്നതും ഗ്രാമപഞ്ചായത്തുകളാണ്. പദ്ധതിയുടെ ആസ്തികളിൽ ഗ്രാമപഞ്ചായത്തിനും ഗുണഭോക്തൃ സമിതികൾക്കും തുല്യ അവ കാശമുണ്ട്.

ഗ്രാമപഞ്ചായത്തുകളെ പദ്ധതി കാലയളവിൽ സഹായിക്കാനും സംഘാടന ത്തിനും സാങ്കേതിക കാര്യങ്ങൾക്ക് പിന്തുണ നൽകാനും സന്നദ്ധ സംഘടനക ലിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സഹായ സംഘടനകളുടെ സേവനം ലഭ്യമാ ണ്. സാമൂഹിക വികസനത്തിന് സഹായകമായ എല്ലാ ക്രമീകരണങ്ങളും നടപ്പിലാ ക്കുന്നതിനും പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിനും വിദഗ്ദ്ധരടങ്ങുന്ന ഒരു സംഘത്തിന്റെ സേവനം സഹായസംഘടനകളിൽ നിന്നും ലഭിക്കുന്നുണ്ട്.

പദ്ധതി മേഖലാതലത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ റീജിയണൽ മാനേ ജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ മേഖലകളിലെ വിദഗ്ദ്ധർ അട ങ്ങുന്ന പ്രസ്തുത യൂണിറ്റിൽ നിന്നും പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തുകളിലൂടെ പദ്ധതി പങ്കാളികൾക്ക് ലഭിക്കുന്നു.

സംസ്ഥാനതലത്തിൽ തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പദ്ധതി നിർവ്വഹണ കേന്ദ്രം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പ്രോജക്ടിന്റെ നേതൃത്വം വഹിക്കുകയും, ലോകബാങ്കും, സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായം ലഭ്യമാക്കുകയും ചെയ്യുന്നു.

## ഫണ്ടിംഗ്

ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാം കേരള ഗ്രാമീണ ശുദ്ധജല വിതരണ പരിസര ശുചീകരണ പദ്ധതി (ജലനിധി രണ്ടാംഘട്ടം) ഒരു ബാഹ്യസഹായത്തോടെയുള്ള പദ്ധതി ആണ്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക ലോകബാങ്ക്, സംസ്ഥാന സർക്കാർ, ഗ്രാമപഞ്ചായത്ത്, ഗുണഭോക്തൃ സമിതികൾ എന്നിവ താഴെ കാണുന്ന അനുപാതത്തിൽ സ്വരൂപിയ്ക്കുന്നു.


| | കോടി രൂപ | യു.എസ്.മില്യൺ ഡോളർ |
|---|---|---|
| ലോകബാങ്ക് | 658.22 | 155.30 |
| ഗുണഭോക്തൃസമിതി | 48.74 | 11.50 |
| ഗ്രാമപഞ്ചായത്ത് | 119.52 | 28.20 |
| സംസ്ഥാന സർക്കാർ | 195.81 | 46.20 |
| **ആകെ** | **1022.29** | **241.20** |

ലോകബാങ്കിൽ നിന്നും ലഭിക്കേണ്ട തുക മുൻകൂറായി നൽകുന്നതല്ല. സംസ്ഥാന സർക്കാർ വാർഷിക ബഡ്ജറ്റിലൂടെ പദ്ധതിയ്ക്കായി പ്രത്യേക തുകകൾ വകയിരുത്തുന്നു. ആയത് കെ.ആർ.ഡബ്ല്യു.എസ്.എ.യ്ക്ക് ലഭ്യമാക്കുകയും പദ്ധതി ചെലവുകൾ നടത്തുകയും ചെയ്തതിനുശേഷം മൂന്ന് മാസത്തിലൊരിക്കൽ എക്സപെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ലോകബാങ്കിന് അയച്ചുകൊടുക്കുന്നു. പ്രസ്തുത ചെലവ് സേറ്റ്മെന്റുകൾ പാസ്സാക്കുന്നതിനനുസരിച്ച് ലോകബാങ്ക് ഫണ്ട് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക കാര്യവകുപ്പിന് ലഭ്യമാക്കുകയും ആ തുക മുഴുവൻ വായ്പയായി സംസ്ഥാന സർക്കാരിന് ലഭിക്കുകയും ചെയ്യും.

മേൽ പ്രസ്താവിച്ചതനുസരിച്ച് ലോകബാങ്ക് സഹായം മുഴുവൻ വായ്പയായിട്ടാണ് സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്.

ലോകബാങ്ക് സഹായം സംസ്ഥാന സർക്കാരിന് ലഭിയ്ക്കുന്നതും സംസ്ഥാന സർക്കാർ തിരിച്ചടവ് നടത്തേണ്ടതും കേന്ദ്രസർക്കാർ മുഖാന്തിരമായിരിക്കും.

പദ്ധതിയുടെ ഫണ്ട് താഴെപറയും പ്രകാരമാണ് വിവിധ തട്ടുകളിൽ ലഭിക്കുന്നത്.


ലോകബാങ്ക്
ഇന്ത്യ ഗവൺമെന്റ്
കടം
കേരള സർക്കാർ
കടം
ബഡ്ജറ്റ് പ്രൊവിഷൻ (ഗ്രാന്റ്)
ജലനിധി, തിരുവനന്തപുരം ട്രഷറി അക്കൗണ്ട്
പി.എം.യു. ബാങ്ക് അക്കൗണ്ട്
പി.എം.യു. ഏറ്റെടുത്ത പ്രവൃത്തികളുടെ ചെലവുകൾ
ആർ.പി.എം.യു. ബാങ്ക് അക്കൗണ്ട്
ആർ.പി.എം.യു. ഏറ്റെടുത്ത പ്രവൃത്തികളുടെ ചെലവുകൾ
ഗുണഭോക്തൃ സമിതി
പഞ്ചായത്ത് വിഹിതം
പഞ്ചായത്ത് പ്രോജക്ട് ബാങ്ക് അക്കൗണ്ട്
പഞ്ചായത്ത്തല പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ
ഗ്രാമ പഞ്ചായത്ത്
ഗുണഭോക്തൃസമിതി വിഹിതം
ഗുണഭോക്തൃസമിതി പ്രോജക്ട് ബാങ്ക് അക്കൗണ്ട്
ഗുണഭോക്തൃസമിതിതല പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ

### പ്രവർത്തനങ്ങൾ

### പദ്ധതി ചംക്രമണം (Scheme cycle)

| ക്രമ നമ്പർ | കാലയളവ് | ചെറുകിട പദ്ധതികൾ | ബ്രഹത് പദ്ധതികൾ | മൾട്ടി.ജി.പി പദ്ധതി | പട്ടികവർഗ്ഗ പദ്ധതികൾ |
|---|---|---|---|---|---|
| 1 | പൂർവ്വാസൂത്രണഘട്ടം | 3 മാസം | 3 മാസം | 3 മാസം | 3 മാസം |
| 2 | തയ്യാറെടുപ്പ്ഘട്ടം | - | - | - | 3 മാസം |
| 3 | ആസൂത്രണ ഘട്ടം | 9 മാസം | 11 മാസം | 15 മാസം | 9 മാസം |
| 4 | നിർവ്വഹണഘട്ടം | 12 മാസം | 13 മാസം | 15 മാസം | 15 മാസം |
| 5 | നിർവ്വഹണാനന്തര ഘട്ടം | 3 മാസം | 3 മാസം | 3 മാസം | 9 മാസം* |
| | ആകെ | 27 മാസം | 30 മാസം | 36 മാസം | 39 മാസം |

*6 മാസം അധിക പരിശീലന സഹായഘട്ടം കൂടി ഉൾപ്പെടുന്നു.

ഓരോ ഘട്ടത്തിലും വിശദമായ പ്രവർത്തനങ്ങൾ ഓരോ പങ്കാളിയും (ഏജൻസി, സഹായ സംഘടന, ഗുണഭോക്തൃ സമിതി, ഗ്രാമപഞ്ചായത്ത്) നിർവ്വഹിക്കേണ്ടതും പദ്ധതി കൃത്യമായ കാലയളവിൽ പൂർത്തിയാക്കേണ്ടതുമുണ്ട്. ഈ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് പദ്ധതിയിൽ 3 കരാറുകൾ ആണ് ഒപ്പിടുന്നത്. ആദ്യത്തെ കരാർ ഗ്രാമപഞ്ചായത്തും ഏജൻസിയും തമ്മിലും, രണ്ടാമത്തെ കരാർ ഗ്രാമപഞ്ചായത്തും സഹായ സംഘടനയും തമ്മിലും, മൂന്നാമത്തെ കരാർ ഗ്രാമപഞ്ചായത്തും ഗുണഭോക്തൃ സമിതിയും തമ്മിലുമാണ് ഒപ്പിടുന്നത്.

## സംഘാടനം

ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ജലവിഭവവകുപ്പിനു കീഴിൽ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്വയംഭരണ അധികാരത്തോടു കൂടി പ്രവർത്തിക്കുന്ന ഏജൻസിയാണ് KRWSA. ഇതിന് തിരുവനന്തപുരം ആസ്ഥാനമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും (PMU) ഇടുക്കി, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ മേഖലാ ഓഫീസുകളും (RPMU) പ്രവർത്തിക്കുന്നു. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തു തലത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സപ്പോർട്ട് ടീം (GPST) എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക - സാമൂഹിക രംഗങ്ങളിൽ ഗ്രാമപഞ്ചായത്ത്, ഗുണഭോക്തൃ സമിതി എന്നിവയക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് KRWSA യിൽ നിന്നും ലഭ്യമാക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട പരിചയ സമ്പന്നരായ സഹായ സംഘടനകളുടെ (NGO) സേവനമോ, പഞ്ചായത്തു തലത്തിൽ

നിയമിതരാവുന്ന സാമൂഹ്യ-സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സംഘത്തേയോ (G-PAT) ഗ്രാമപഞ്ചായത്തിന് നിയമിക്കാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്, വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

### പദ്ധതിയുടെ പങ്കാളികൾ

### KRWSA യുടെ ഉത്തരവാദിത്തങ്ങൾ

- പദ്ധതിയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളെ തെരഞ്ഞെടുക്കുക.
- സഹായസംഘടനകളുടെ പാനൽ തെരഞ്ഞെടുത്തു ഗ്രാമപഞ്ചായത്തുകൾക്കു നൽകുക
- പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സാങ്കേതികാനുമതിയും ഫണ്ടും യഥാസമയം ലഭ്യമാക്കുക
- പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ സാങ്കേതിക സഹായം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരെ നൽകുക.
- ഓഡിറ്റ് ഏർപ്പെടുത്തുക, സാങ്കേതിക നിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഉറപ്പു വരുത്തുക.
- എല്ലാ തലത്തിലും ആവശ്യമായ പരിശീലനം നൽകുക.
- പദ്ധതിയുടെ നിരീക്ഷണവും (Monitoring) വിലയിരുത്തലും അവലോകനവും നടത്തുക.

### ഗ്രാമപഞ്ചായത്തുകൾ - ചുമതലകളും ഉത്തരവാദിത്തങ്ങളും

- ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് ഭരണാനുമതി നൽകുക.
- പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ, പഞ്ചായത്ത് വിഹിതം ലഭ്യമാക്കുക.
- ഗുണഭോക്തൃസമിതിക്ക് സഹായ സംഘടനയുടെ സേവനം ലഭ്യമാക്കുക.
- ഗുണഭോക്തൃ ഫെഡറേഷൻ രൂപീകരിച്ച് സമിതികളുടെ ഏകോപനവനും നേതൃത്വവും നൽകുക.

## സഹായ സംവിധാനങ്ങൾ/സഹായസംഘടന

- ഗുണഭോക്തൃ സമിതികൾ രൂപീകരിക്കൽ
- പദ്ധതിരേഖ തയ്യാറാക്കൽ
- ഗുണഭോക്തൃ വിഹിതം സമാഹരിക്കൽ
- ഗുണഭോക്തൃ സമിതികൾക്ക് ആവശ്യമായ പരിശീലന പരിപാടികളും, ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കൽ
- പദ്ധതി നിർവ്വഹണത്തിനുവേണ്ടി വരുന്ന സാങ്കേതിക പരിജ്ഞാനം നൽകുക.
- ഗുണനിലവാരത്തോടെയുള്ള പ്രധാന സാധന സാമഗ്രികൾ വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക മികവോടെ നടത്തുന്നതിനും മേൽനോട്ടം വഹിക്കുക
- ഓഡിറ്റ്, ഗുണഭോക്തൃ സമിതികളുടെ പദ്ധതി കൈമാറ്റം എന്നിവ പ്രാവർത്തികമാക്കുക.

## ഗുണഭോക്തൃസമിതി - ചുമതലകൾ

- പദ്ധതി നേരിട്ട് നടപ്പിലാക്കുക
- പദ്ധതിക്ക് ആവശ്യമായ എല്ലാ ഘടകങ്ങളുടേയും ചെലവ് നടത്തുക
- പദ്ധതി നടത്തിപ്പിന് ആവശ്യമായ സാധന സാമഗ്രികൾ ഗുണനിലവാര നിബന്ധനകൾക്ക് വിധേയമായി നേരിട്ട് സംഭരിക്കുക
- പദ്ധതി ചെലവിന്റെ കണക്ക് കൃത്യമായി എഴുതി സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യുക.
- ചെലവാകുന്ന തുകയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ജലനിധി നടപ്പിലാക്കുന്ന പഞ്ചായത്തുകൾ, ജലനിധി പദ്ധതിയുടെ നക്കൽ (draft) കർമ്മരേഖ തയ്യാറാക്കി അതിൽ പഞ്ചായത്ത് വിഹിതവും കാണിച്ച് ഡി.പി.സി.യുടെ അംഗീകാരം വാങ്ങേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | | ഗ്രാമ പഞ്ചായത്ത് | ഗുണഭോക്തൃ സമിതി |
|---|---|---|---|---|
| 1 | കുടിവെള്ള പദ്ധതികൾ (ചെറുകിട/ ബൃഹത്/ പുനരുദ്ധാരണ പദ്ധതികൾ | 75% | 15% | 10% (പൊതുവിഭാഗം) (5% - പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക്) |
| 2 | മൾട്ടി ജിപി കുടിവെള്ള പദ്ധതികൾ | | | |
| 21. | പൊതു അടിസ്ഥാന സൗകര്യങ്ങൾ | 100% | ഇല്ല | ഇല്ല |
| 2.2 | പഞ്ചായത്തിനുള്ളിലുള്ള വിതരണ ശൃംഖല | 75% | 15% | 10% പൊതുവിഭാഗം (5%-പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക്) |
| 3 | ഭൂഗർഭ ജലപരിപോഷണ മാർഗ്ഗങ്ങൾ | 80% | 20% | ഇല്ല |
| 4 | പരിസര ശുചിത്വ പദ്ധതികൾ | | | |
| 4.1 | സാമൂഹിക തല പദ്ധതികൾ | 80% | 20% | ഇല്ല |
| 4.2 | ഗാർഹിക തല പദ്ധതികൾ (ബയോഗ്യാസ് ഒഴികെ) | 75% | 15% | ഇല്ല |
| 5 | ഗ്രാമപഞ്ചായത്ത് ശാക്തീകരണം | 100% | ഇല്ല | ഇല്ല |
| 6 | വിവര വിദ്യാഭ്യാസ ആശയവിനിമയ പരിപാടികൾ | 100% | ഇല്ല | ഇല്ല |
| 7 | സാമൂഹ്യ പരിശീലന പരിപാടികൾ | 100% | ഇല്ല | ഇല്ല |
| 8 | പദ്ധതിയുടെ പരിപാലനവും തുടർ നടത്തിപ്പും | ഇല്ല | ഇല്ല | 100% |

## B. ജില്ല മഴവെള്ള സംരക്ഷണ മിഷൻ, തൃശ്ശൂർ

### 1. മഴപൊലിമ-കിണർ റീചാർജിംഗ് പദ്ധതി

ഇന്ന് ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് ജല ദൗർലഭ്യം. ജലത്തിന്റെ 2 ശതമാനം മാത്രമാണ് ശുദ്ധജല ലഭ്യത. ആയതിനാൽ ഇവയെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിത മാണ്. ഈ ഒരു മഹത്തായ സംരംഭത്തിനു വേണ്ടി ഓരോ ജല ഉറവകളും സമ്പു ഷ്ടീകരിക്കേണ്ടതുണ്ട്. ഇതിനുതകുന്ന ചെറിയൊരു കാൽവെപ്പാണ് കിണറുകളിൽ മഴവെള്ളകൊയ്ത്തു നടത്തി ജലവിതാനം ഉയർത്തുന്ന മഴപ്പൊലിമ പദ്ധതി.

സി.ഡബ്ല്യു.ആർ.ഡി.എം കണക്കനുസരിച്ച് തൃശൂർ ജില്ലയിൽ ഏകദേശം 4.5 ലക്ഷം കിണറുകൾ ഉണ്ട്. ഒരു കിണറിനു 20,000 രൂപ ചിലവു കണക്കാക്കിയാൽ 30 കോടി നിക്ഷേപമാണിത്. വർഷം തോറും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്,

മുനിസിപ്പാലിറ്റികളിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കോടി കണക്കിനു രൂപ ടാങ്കർ ലോറി വാടക വഴി ചിലവഴിക്കപ്പെടുന്നു. ഈ തുകയുടെ ഒരു ഭാഗം മഴപ്പെലിമ കിണർ റീച്ചാർജിംഗ് പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തിയാൽ ഗ്രാമങ്ങളും നഗരങ്ങളും അനുഭവിയ്ക്കുന്ന കുടിവെള്ളക്ഷാമത്തിൽ നിന്നും മോചിപ്പിക്കാവുന്നതാണ്. കേരളത്തിലെ ജല ഗവേഷണ കേന്ദ്രമായ സി.ഡബ്ല്യു.ആർ.ഡി.എം മഴപ്പൊലിമ പദ്ധതിയെ കുറിച്ചു നടത്തിയ പഠനത്തിൽ ഈ പദ്ധതി ദൂര വ്യപകമായ നേട്ടങ്ങൾ കൈവരിക്കുന്ന ഒരു പദ്ധതിയാണെന്നും സംസ്ഥാനം മുഴുവൻ ഈ പദ്ധതി നടപ്പിലാക്കണമെന്നും ശുപാർശ ചെയ്തീട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച തൊഴിലുറപ്പു സംബന്ധിച്ച മുരളികമ്മിറ്റി തൃശ്ശൂർ ജില്ലയിലെ മഴപ്പൊലിമ പദ്ധതി ഒരു മാതൃക പദ്ധതിയാണെന്നും ദീർഘ വീക്ഷണത്തോടെയുള്ള ഈ പദ്ധതി മറ്റു ജില്ലകളിലേക്കു കൂടി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. ജില്ലയിലെ പോലീസ് സ്റ്റേഷനിലും, വില്ലേജുകളിലും, പഞ്ചായത്തുകളിലും, സ്കൂളുകളിലും, ജില്ലാകളക്ടറുടെ നവീകരണ പദ്ധതി മഴപ്പൊലിമ യൂണിറ്റുകൾ നിർമ്മാണം പൂർത്തിയാക്കിയുട്ടുണ്ട്. ഈ വർഷം തൃശൂർ ജില്ലയിലെ 88 പഞ്ചായത്തുകളിലും 2 ബ്ലോക്ക് പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ പ്രയോജനം മനസ്സിലാക്കിയ പാലക്കാട്, മലപ്പുറം, പത്തനംതിട്ട ജില്ലകൾ ഈ പദ്ധതിയുടെ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

## ലക്ഷ്യങ്ങൾ

വീട്ടുമുറ്റത്തെ കിണറിനെ ജലസമൃദ്ധമാക്കുക

വെള്ളത്തിന്റെ ഗുണനിലവാരം ഉയർത്തുക

കിണറിന്റെ ചുറ്റു ശുദ്ധജല വലയം രൂപപ്പെടുത്തുക

ഉപ്പുവെള്ളത്തിന്റെ കടന്നു കയറ്റത്തിനു വിരാമം

## ഗുണഭോക്താവ്

കേരളത്തിലെ ജലക്ഷാമം അനുഭവിക്കുന്ന വീടുകൾ

ഗുണനിലവാര പ്രശ്നങ്ങൾ ഉള്ള വീടുകളിലെ കിണറുകൾ ഉള്ളവർ

ഗുണഭോക്തൃ വിഹിതം ചെലവഴിക്കാൻ തയ്യാറുള്ളവർ

ജലക്ഷാമം രൂക്ഷമായ ജല ഗുണനിലവാരം കുറവുള്ള പ്രദേശങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നൽകാം.

ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

## നിർവ്വഹണ ഉദ്യോഗസ്ഥൻ

ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി/എ.ഇ

ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി/എ.എക്സ്. ഇ

## സ്കീമിന്റെ നിർവ്വഹണം

ഗ്രാമപഞ്ചായത്തിന്റെ വികസന പ്ലാനിൽപെടുത്തിയും ബ്ലോക്കു പഞ്ചായത്തിന്റെ നീർത്തടപ്ലാനിൽപ്പെടുത്തിയും ഇതിന്റെ നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

പഞ്ചായത്തിന്റെ തനത്, വികസന ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികളായ തൊഴിലുറപ്പ് പദ്ധതി ഫണ്ട് നീർത്തട വികസന ഫണ്ട് തുടങ്ങിയവ വിനിയോഗിക്കാം. നീർത്തട പ്ലാനിൽപ്പെടുത്തി ചെയ്യുന്ന പ്രവൃത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ആണ് ഉൾപ്പെടുത്തേണ്ടത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും 4500/ രൂപയും 25% ഗുണഭോക്തൃവിഹിതവും തൊഴിലുറപ്പ് പദ്ധതി വഴി 5000/ രൂപയും തൊഴിലുറപ്പ് നോംസിന് വിധേയമായി 50:50 വേതന തൊഴിൽ അനുപാതത്തിൽ നിന്ന് ഐ.ഡബ്ല്യൂ.എം.പി പദ്ധതി പ്രകാരം 4500 രൂപയും 10% ഗുണഭോക്തൃവിഹിതം വകയിരുത്താം. ബാക്കി ഗുണഭോക്തൃ വിഹിതമായി വകയിരുത്താം. ഫിൽറ്റർ സംവിധാനം ഉൾപ്പെടെയുള്ള മഴപ്പൊലിമ യൂണിറ്റിനു 9000 രൂപയും ചെലവു വരുന്നതാണ്. സ്ഥലമനുസരിച്ച് ഇത് വ്യത്യാസപ്പെടുന്നതാണ്.

## പ്രവർത്തനങ്ങൾ

- ജലക്ഷാമം അനുഭവിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടെ കിണർ റീച്ചാർജിംഗിന്റെ സാധ്യതകൾ മനസ്സിലാക്കുക.
- ജലഗുണ നിലവാര പ്രശ്നങ്ങളുള്ള കിണറുകളെയും പഠനത്തിനു വിധേയമാക്കുക
- ജനങ്ങൾക്ക് കിണർ റീച്ചാർജിംഗ് നൽകുന്നതുമൂലം ലഭ്യമാകുന്ന ജലത്തിന്റെ വർദ്ധനവിനെ പറ്റിയും ജലഗുണനിലവാരത്തിൽ പ്രത്യേകിച്ച് ഉപ്പുവെള്ളം, കലക്കൽ, ജലത്തിലുണ്ടാകുന്ന നിറ വ്യത്യാസത്തിലെ മാറ്റം എന്നിവയിൽ റീച്ചാർജിംഗ് സംവിധാനം നടപ്പിലാക്കിയാൽ ലഭ്യമാകുന്ന പ്രയോജനത്തെ കുറിച്ച് അവബോധം കൊടുക്കൽ
- ഗ്രൂപ്പ് ആയി കിണർ റീച്ചാർജിംഗ് സംവിധാനം നടപ്പിലാക്കി പദ്ധതി പ്രദേശത്തെ ജല പത്തായങ്ങളിൽ ജലസമ്പുഷ്ടീകരണം നടത്തുന്നു.
- ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

- ജലപ്രശ്നമുള്ള കിണറുകൾ കണ്ടുപിടിക്കുക
- വാർഡുതലങ്ങളിൽ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകൽ
- ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. സാമഗ്രികൾ വാങ്ങുന്നതിന് പഞ്ചായത്ത്തല പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുന്നു.


## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം

മഴപ്പൊലിമ പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ തൊഴിലുറപ്പ്, നീർത്തട പദ്ധതികളുമായി ഏകോപിപ്പിക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് മുമ്പ് ഗുണഭോക്താക്കളുടെ യോഗം ചേർന്ന് പദ്ധതി വിശദീകരിക്കണം.

# XVI
# കേരള വാട്ടർ അതോറിറ്റി



1984 ലെ കേരള വാട്ടർ & വെയ്സ്റ്റ് വാട്ടർ ഓഡിനൻസിൻ കീഴിൽ നിലനിന്നിരുന്ന പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിനെ 1987 ഏപ്രിൽ 1 മുതൽ കേരള വാട്ടർ അതോറിറ്റി എന്ന ഓട്ടോണമസ് ബോഡിയായി കേരള സർക്കാർ രൂപീകരിച്ചു. ഇതിൻ കീഴിൽ ജല വിതരണം, ശേഖരണം, മലിനജല നിവാരണം എന്നിവ ചുമതലയിൽപ്പെടുത്തി നേരത്തെ നിലനിന്നിരുന്ന ഓഡിനൻസിനു പകരം 1986 ലെ (1984 ലെ 14-ാം ആക്റ്റ്) കേരള വാട്ടർ സപ്ലൈസ് & സേവറേജ് നിയമം നിലവിൽ വരുകയും ചെയ്തു.

## ചുമതലകൾ

**വാട്ടർ അതോറിറ്റിയുടെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്.**

1. ജല വിതരണം, മലിനജല നിവാരണം എന്നിവയ്ക്കായുള്ള സ്കീമുകളുടെ തയ്യാറാക്കൽ, നടത്തിപ്പ്, പ്രൊമോഷൻ, അറ്റകുറ്റപണി, ഫണ്ട് നൽകൽ.
2. സംസ്ഥാനത്തിന്റെ ജലവിതരണം മലിനജല നിവാരണം എന്നിവ ആസൂത്രണം ചെയ്യുക.
3. സർക്കാർ നിർദ്ദേശമനുസരിച്ചുള്ള ജലവിതരണം, ശേഖരണം, മലിനജല നിവാരണം എന്നിവയ്ക്കായി സംസ്ഥാന പ്ലാൻ തയ്യാറാക്കൽ

4. ജലവിതരണത്തിനും മലിനജല നിവാരണത്തിനുമായുള്ള സേവനങ്ങൾക്ക് സംസ്ഥാന ഗുണനിലവാരം ഏർപ്പെടുത്തൽ
5. അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് ആവശ്യമായ ഗവേഷണം നടത്തുക
6. കേരളത്തിലെ ജനങ്ങൾക്ക് നല്ല ജലം വിതരണം ചെയ്യുന്നതിനും മലിനജലം പുറംതള്ളുന്നതിനുമുള്ള പരിപാടികൾ

മാനേജിംഗ് ഡയറക്ടർ നയിക്കുന്ന വാട്ടർ അതോറിറ്റിയുടെ ഹെഡ് ക്വാർട്ടേഴ്സ് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിന് ടെക്നിക്കൽ & അസിസ്റ്റന്റ് മാനേജർമാർ, സാങ്കേതിക, അക്കൗണ്ട് സൗകര്യങ്ങൾ ചെയ്യുവാനുണ്ട്. അതിന് 3 ചീഫ് എഞ്ചിനീയർമാരുടെ കീഴിൽ 3 റീജിയണൽ ഓഫീസർമാർ ഉണ്ട്. ദക്ഷിണ മേഖല തിരുവനന്തപുരം, മദ്ധ്യമേഖല - കൊച്ചി, ഉത്തരമേഖല - കോഴിക്കോട്.

ഇത് കൂടാതെ മറ്റ് 3 ചീഫ് എഞ്ചിനീയർമാരും ഉണ്ട്. ജെ.ഐ.സി.എ പ്രോജക്ട് (ജപ്പാനീസ് ഇന്റർനാഷ്ണൽ കോ-ഓപ്പറേറ്റീവ് ഏജൻസി), ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജി.എൽ) പ്രിൻസിപ്പൾ കൺസൾട്ടന്റ് (WASCON).

കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കീഴിൽ 14 സർക്കിൾ ഓഫീസുകളും അതിൻകീഴിൽ താഴെപറയുന്ന വിവിധ ഡിവിഷനുകളും നിലവിലുണ്ട്.

1. വാട്ടർ സപ്ലൈ പി.എച്ച്. ഡിവിഷൻ - ഇവ ജലവിതരണ സ്കീമുകളുടെ ഓപ്പറേഷനും മെയിന്റനൻസും പ്രാദേശിക സർക്കാരുകളുടെ ഡെപ്പോസിറ്റ് വർക്കുകളും വെള്ളക്കരം പിരിക്കലും
2. പ്രോജക്ട് ഡിവിഷൻ - നാനാവിധ കുടിവെള്ള പ്രോജക്ടുകളുടെയും സീവറേജ് സ്കീമുകളുടേയും നിർവ്വഹണം
3. ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ് & ഡിസൈൻ ഡിവിഷൻ - നഗര ഗ്രാമീണ കുടിവെള്ളം, മലിനജല പ്ലാന്റുകളുടെ ഇൻവെസ്റ്റിഗേഷനും, പ്ലാനിംഗും സിസൈനിംഗും നടത്തുന്നു.
4. സംസ്ഥാന റഫറൽ ലാബ്/ ക്വാളിറ്റി കൺട്രോൾ ഡിവിഷൻ - കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയും മോണിറ്ററിംഗും നടത്തുന്നു. സർക്കാരിനും ജനങ്ങൾക്കും വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു.
5. വാസ്കോൺ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള ശുചിത്വ മേഖലയ്ക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങളും സിവിൽ എഞ്ചിനീയറിംഗിലുള്ള നിർമ്മാണ പ്രവർത്തികളും ഉപദേശവും നൽകുന്നു.

6. ജെ.ഐ.സി.എ (മുമ്പ് ജെ.ബി.ഐ.സി) - ജപ്പാൻ സഹായത്തോടെയുള്ള ജപ്പാൻ ഇന്റർ നാഷ്ണൽ കോ-ഓപ്പറേഷൻ എജൻസിയുടെ 5 മേജർ കുടിവെള്ള സ്കീമുകളുടെ നിർവ്വഹണം
7. സ്റ്റോക്ക് വെരിഫിക്കേഷൻ ഡിവിഷൻ - സ്റ്റോക്ക് വെരിഫൈ ചെയ്യുന്നതിന്
8. വിജിലൻസ് വിംഗ് - പരാതികൾ അന്വേഷിക്കുന്നതിന് ഒരു ടെക്നിക്കൽ മെമ്പർ നയിക്കുന്ന ഡിവിഷൻ
9. ട്രെയിനിംഗ് വിംഗ് - 1991 ൽ രൂപീകരിച്ചത്. ട്രെയിനിംഗ് റിസർച്ച് നടത്തുന്നതിന്
10. ഇന്റേണൽ ഓഡിറ്റ് വിംഗ് - ഹെഡ്ക്വാർട്ടേഴ്സിലുള്ള സെക്ഷനിൽ രണ്ട് ഓഡിറ്റ് ടീം പ്രവർത്തിക്കുന്നു.
11. കമ്പ്യൂട്ടറൈസേഷൻ & ഐ.ടി. വിംഗ് - ഇ.ഗവേണൻസും സർവ്വീസും നടപ്പിലാക്കുന്നു.
12. ടെക്നിക്കൽ ഓഡിറ്റ് വിംഗ് - ടെക്നിക്കൽ മെമ്പറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നു.

ഇതു കൂടാതെ സ്കീമുകളുടെ ഓപ്പറേഷൻ മെയിന്റനൻസിനും പ്രോജക്ടുകളുടെ നിർവ്വഹണത്തിനും വേറെ ഡിവിഷനുകൾ നിലവിലുണ്ട്. കൂടാതെ പ്രോജക്ടുകളുടെ ഡോക്യുമെന്റേഷൻ, എൻ.ആർ.ഡബ്ല്യു മാനേജ്മെന്റ് പ്രവർത്തികൾ തീരദേശ പ്രദേശങ്ങളിൽ ഡീ-സലൈനേഷൻ പ്രോജക്ടുകൾ എന്നിവ ഇതിൽപെടുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ 2012-13 ലെ സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച വിവിധ സ്കീമുകൾ താഴെ നൽകുന്നു. 28 പദ്ധതികൾ കൂടാതെ രാമപുരം, പാല ശുദ്ധജല വിതരണ പദ്ധതി. RIDP XVII ഉൾപെടുത്തി 206.39 കോടി രൂപയുടെ ഒമ്പത് കുടിവെള്ള പദ്ധതികളും 10 കോടി രൂപയുടെ ഒരു എൻഡോസൾഫാൻ പാക്കേജ് പദ്ധതിക്കും അംഗീകാരം ലഭിച്ചിരുന്നു. സാർക്ക് (സ്പെഷൽ അസിസ്റ്റൻസ് എജന്റ്സ് റീസെഷൻ ഇൻ കേരള) എന്ന പേരിൽ മാന്ദ്യവിരുദ്ധ പദ്ധതിയിൽപെടുത്തി 13 നഗരശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

## മറ്റ് പ്രവർത്തനങ്ങൾ 2012-13

1. ആലുവയിലെ മരടിൽ സ്ഥാപിക്കുന്ന സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്
2. 14 ജില്ലകളിലും ജലഗുണനിലവാര പരിശോധനാ ലാബുകൾ (നാഷ്ണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം അനുസരിച്ച്)
3. കേന്ദ്രീകൃത ബില്ലിംഗ് സിസ്റ്റം (അബാക്കസ്), ഓൺലൈൻ വാട്ടർ ചാർജ് അടക്കാനുള്ള സംവിധാനം, വെള്ളക്കര ബില്ലിംഗ്, കുടിവെള്ള വിതരണം മുതലായവയുടെ കമ്പ്യൂട്ടർ വൽക്കരണം.

4. ഊർജ്ജ സംരക്ഷണ പരിപാടികൾ - ഉപയോഗ്യമല്ലാത്ത വസ്തുക്കൾ, മോട്ടോറുകൾ ഉൾപ്പെടെ മറ്റ് വൈദ്യുത ഉപകരണങ്ങൾ എന്നിവയുടെ പുനരുദ്ധാരണം പരിപാലനം
5. ഇ-ടെൻഡിംഗ്
6. ബൾക്ക് മീറ്ററുകൾ സ്ഥാപിച്ചുകൊണ്ടുള്ള റവന്യു നഷ്ടം ഒഴിവാക്കൽ
7. എഡിബി ധനസഹായത്തോടെയുള്ള കുടിവെള്ള സീവറേജ് പദ്ധതികൾ നഗര പ്രദേശങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണ്.

### കൂടാതെ 2013-14 ൽ

1. കുട്ടനാട്ടിലും തൃശൂർ ജില്ലയിലെ തീരപ്രദേശങ്ങളിലും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡി-സാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കൽ.
2. ശുദ്ധജലം ലഭ്യമല്ലാത്ത തീരപ്രദേശങ്ങളിൽ റിവേഴ്സ് - ഓസ്മോസിസ് വഴി ശുദ്ധജലം ലഭ്യമാക്കൽ പദ്ധതി
3. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ പഴകിയ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ.
4. ഉഴിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം, കോവളം എന്നീ പ്രദേശങ്ങളിൽ സമഗ്ര കുടിവെള്ള പദ്ധതികൾ
5. 2000 എം.എൽ.ബി പദ്ധതികൾ

### ഫണ്ടിംഗ്

ഈ പദ്ധതികൾക്കെല്ലാംതന്നെ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടാണ്.

### നിർവ്വഹണം

വാട്ടർ അതോറിറ്റി അതാതു ഡിവിഷൻ/സബ്ഡിവിഷൻ/സെക്ഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്നു.

### പ്രവർത്തനങ്ങൾ

ടെണ്ടർ നോംസ് പാലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ കുടിവെള്ള പ്രോജക്റ്റുകൾ വാട്ടർ അതോറിറ്റി മുമ്പാകെ അവതരിപ്പിക്കുക. പരിഹാരം കാണുക, മുൻഗണനകൾ ഗ്രാമസഭ/ വാർഡ് സഭ വഴി ചർച്ച ചെയ്ത് അതോറിറ്റിക്ക് നൽകുക, കുടിവെള്ള സാക്ഷരത നൽകു

ന്നതിന് അവബോധം നൽകുക. മഴവെള്ളം വഴിയുള്ള ജലസംഭരണ ത്വരിതപ്പെടുത്തുക. ശുദ്ധജലം പാഴാക്കി കളയുന്നതിനെതിരെ ഗ്രാമസഭ/വാർഡ്സഭ വഴി അവബോധം നൽകുക. കുടിവെള്ള വിതരണ സ്കീമുകളുടെ പ്രവർത്തനം വിലയിരുത്തുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

കുടിവെള്ളം അമൂല്യമാണ്. ആയതിനാൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മറ്റ് കുടിവെള്ളപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതും വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ കുളങ്ങൾ, കിണറുകൾ ജലസംഭരണികൾ, അരുവികൾ, പുഴകൾ, ജലാശയങ്ങൾ, തണ്ണീർതടങ്ങൾ എന്നിവ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും കെട്ടിടങ്ങൾ വഴിയുള്ള മഴവെള്ള സംഭരണം നടപ്പിൽ വരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് പ്രോജക്ടുകൾ മുൻഗണന നൽകി പദ്ധതിയിൽ ഉൾപെടുത്താവുന്നതും തൊഴിലുറപ്പ് പദ്ധതിയുമായും നീർത്തട വികസന പദ്ധതിയുമായും സംയോജിപ്പിക്കാവുന്നതും പോരാതെ വരുന്നത് വാട്ടർ അതോറിറ്റി സ്കീമുകളുമായി ഏകോപിപ്പിക്കാവുന്നതുമാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വാട്ടർ അതോറിറ്റി വഴിയുള്ള കുടിവെള്ള വിതരണത്തിന് ഏറ്റവും അവസാന മുൻഗണന നൽകിയാൽ മതി. കുടിവെള്ള കാര്യത്തിലും അഴുക്കുജല നിയന്ത്രണ മാർഗത്തിലും തദ്ദേശസ്വയംഭരണ പദ്ധതികൾ സ്വന്തം പദ്ധതികൾക്കു മുൻഗണന നൽകേണ്ടതാണ്.

## 2012–13 ലെ പദ്ധതികൾ

1. പനവൂർ, പുല്ലംപാറ, വെമ്പായം പഞ്ചായത്തുകളിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
2. കഴക്കൂട്ടം, മേനംകുളം (ഒരു ഭാഗം) വില്ലേജിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
3. അഴൂർ, കിഴുവില്ലം & കീഴാറ്റിങ്ങൽ വില്ലേജികളിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
4. എലാംപല്ലൂർ കുടിവെള്ള പദ്ധതി
5. വെസ്റ്റ കല്ലട, ശാസ്താംക്കോട്ട ഗ്രാമീണ കുടിവെള്ള പദ്ധതി

6. കുളക്കട & പവിത്രേശ്വരം ഗ്രാമീണ കുടിവെള്ള പദ്ധതി
7. തേവലക്കര തെക്കുംഭാഗം ഗ്രാമീണ കുടിവെള്ള പദ്ധതി
8. കുളത്തുപുഴയിലേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
9. കരീപ്ര കുടിവെള്ള പദ്ധതി
10. എലന്തൂർ മല്ലപ്പുഴശ്ശേരി ഗ്രാമീണ കുടിവെള്ള പദ്ധതി
11. വള്ളിക്കോട്, കൊടുമൺ, അങ്ങാടിക്കൽ കുടിവെള്ള പദ്ധതി
12. റാന്നി, പഴവങ്ങാടി കുടിവെള്ള പദ്ധതി
13. കുളനട ഗ്രാമീണ കുടിവെള്ള പദ്ധതി
14. കോന്നി താഴം ഗ്രാമീണ കുടിവെള്ള പദ്ധതി
15. പാല മുനിസിപ്പാലിറ്റി നഗര കുടിവെള്ള പദ്ധതി
16. കുട്ടനാട് ഗ്രാമീണ കുടിവെള്ള പദ്ധതി
17. കറുകുറ്റി, മുക്കനൂർ പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി
18. വാഴക്കുളത്തേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
19. എലങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം കുടിവെള്ള പദ്ധതി
20. പാറക്കടവ് പഞ്ചായത്തിലെ കുടിവെള്ളമെത്താത്ത പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി
21. കടമക്കുടി പഞ്ചായത്ത് കുടിവെള്ള പദ്ധതി
22. കോലഴി, കുറ്റൂർ, പോട്ടോർ പ്രദേശത്തേക്കുള്ള നഗര കുടിവെള്ള പദ്ധതി
23. തൃക്കൂർ, കരൂർ വില്ലേജുകളിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
24. ചെറുതുരുത്തി, നെടുമ്പുര വില്ലേജുകളിലേക്കുള്ള കുടിവെള്ള പദ്ധതി
25. മേത്തല, ഏറിയാട്, എടവിലങ്ങ്, അഴീക്കോട് എന്നീവിടങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി
26. ഊരകം സമീപ പ്രദേശങ്ങളുമുൾപ്പെട്ട കുടിവെള്ള പദ്ധതി
27. തൃശൂർ വാട്ടർ സപ്ലൈ സ്കീം ഇന്ററിം അഗ്മെന്റേഷൻ
28. ചൊവ്വൂർ, മരത്താക്കര കുടിവെള്ള പദ്ധി
29. പട്ടാമ്പി ഗ്രാമീണ കുടിവെള്ള പദ്ധതി
30. അങ്ങാടിപ്പുറം ഫേസ്-2 ഗ്രാമീണ കുടിവെള്ള പദ്ധതി
31. ആനക്കയം കുടിവെള്ള പദ്ധതി

32. അരീക്കോട് കുടിവെള്ള പദ്ധതി
33. കുന്നേമ്മൽ ഫേസ് 4 കായക്കൊടി ഗ്രാമീണ കുടിവെള്ള പദ്ധതി
34. കുന്നേമ്മൽ ഫേസ് 5 തൂണേരി ഗ്രാമീണ കുടിവെള്ള പദ്ധതി
35. കുന്നേമ്മൽ ഫേസ് 6 നരീപറ്റ ഗ്രാമീണ കുടിവെള്ള പദ്ധതി
36. കുന്നേമ്മൽ ഫേസ് 7 വളയം ഗ്രാമീണ കുടിവെള്ള പദ്ധതി
37. കുന്നേമ്മൽ ഫേസ് 8 വാണിമ്മേൽ ഗ്രാമീണ കുടിവെള്ള പദ്ധതി
38. അഗ്മെന്റേഷൻ - കണിയാമ്പറ്റ ഗ്രാമീണ കുടിവെള്ള പദ്ധതി
39. കൃഷ്ണഗിരി, പറക്കാടി, അമ്പലവയൽ വില്ലേജുകളിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
40. പൂവ്വത്തടി പഞ്ചായത്തിലെ നെൽവയൽ വില്ലേജിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി
41. ഇന്ററിം അഗ്മെന്റേഷൻ - തലശ്ശേരിയിലേയും സമീപ പ്രദേശങ്ങളിലേയും ബാലൻസ് പണികൾ
42. കൂത്തുപറമ്പ് മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി
43. പാട്യം, കോട്ടയം സെൻസസ് ടൗണിലെ കുടിവെള്ള പദ്ധതി
44. മൂന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ കുടിവെള്ള പദ്ധതി
45. പടിയൂർ, വയതൂർ വില്ലേജുകളിലെ കുടിവെള്ള പദ്ധതി
46. ഇരിക്കൂറും സമീപ പ്രദേശങ്ങളിലേയും കുടിവെള്ള പദ്ധതി
47. അഴിയൂരും സമീപ പ്രദേശങ്ങളിലേയും ഗ്രാമീണ കുടിവെള്ള പദ്ധതി
48. പാട്ടുവം പ്രോജക്ട്
49. മലോത്ത്, ബലാൽ ഗ്രാമീണ കുടിവെള്ള പദ്ധതി

## 2013-14 ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

1. എടക്കോട്, മേൽതോന്നക്കൽ, കീഴ്തോന്നക്കൽ, വൈലൂർ പള്ളിപ്പുറം ഗ്രാമീണ കുടിവെള്ള പദ്ധതി
2. കഴക്കൂട്ടം, മേനംകുളം (ഒരു ഭാഗം) വില്ലേജുകളിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
3. കഴക്കൂട്ടം കുടിവെള്ള പദ്ധതി (ഒ.ജി)
4. ഐരൂർപാറ വില്ലേജ് കുടിവെള്ള പദ്ധതി (ഭാഗികമായി)
5. ഓട്ടൂർ മണമ്പൂർ പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി ( വർക്കല ഫേസ് -1)
6. നവായ്ക്കുളം വില്ലേജ് ഗ്രാമീണ കുടിവെള്ള പദ്ധതി ( ബാലൻസ് വർക്ക്)

7. എടവ, എളകമൺ പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി ( വർക്കല ഫേസ്-2)
8. കല്ലറ, പാൻഗോഡ് പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി
9. പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി
10. പള്ളിപുറം, ടെക്നോസിറ്റി കുടിവെള്ള പദ്ധതി
11. അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള പി.വി.സി പൈപ്പ്, എം.എസ് പൈപ്പ് ആക്കി മാറ്റൽ
12. ആനത്താച്ചിറ കുളം റിനോവേഷൻ
13. കുന്നത്തുക്കൽ ഗ്രാമീണ കുടിവെള്ള പദ്ധതി
14. പള്ളിച്ചൽ, ബാലരാമപുരം, വിളവൂർക്കൽ ഗ്രാമീണ കുടിവെള്ള പദ്ധതി (ഭാഗികം)
15. ഒറ്റശേഖരമംഗലം ഫേസ് 1& 2 ഗ്രാമീണ കുടിവെള്ള പദ്ധതി (ഭാഗികം)
16. വിഴിഞ്ഞം ഇന്റർനാഷ്ണൽ സീ പോർട്ട് അതോറിറ്റി കുടിവെള്ള പദ്ധതി
17. കുളത്തുപുഴയിലേയും സമീപ വില്ലേജുകളിലേയും കുടിവെള്ള പദ്ധതി
18. വെസ്റ്റ് കല്ലട, സൂർനാട് സൗത്ത് & ശാസ്താംകോട്ട പഞ്ചായത്ത് കുടിവെള്ള പദ്ധതി
19. പട്ടാഴി & പട്ടാഴി വടക്കേക്കര കുടിവെള്ള പദ്ധതി
20. മീനാട്
21. കുളക്കട & പവിത്രേശ്വരം കുടിവെള്ള പദ്ധതി
22. കരീപ്ര കുടിവെള്ള പദ്ധതി
23. പെരിങ്ങര പഞ്ചായത്തിലെ 3,4,7 വാർഡുകളിലെ റീ-ഹാബിറ്റേഷൻ കുടിവെള്ള പദ്ധതി
24. നിർനോം പഞ്ചായത്തിലെ 2,6,7,9 വാർഡുകളിലേയും കടപ്പറ പഞ്ചായത്തിലെ 9 -ാം വാർഡിലേയും റീ-ഹാബിറ്റേഷൻ കുടിവെള്ള പദ്ധതി
25. റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര വില്ലേജുകളിലെ കുടിവെള്ള പദ്ധതി
26. പന്തളം കുടിവെള്ള പദ്ധതി
27. കവിയൂർ, കുന്നത്താനം ഗ്രാമീണ കുടിവെള്ള പദ്ധതി
28. വള്ളിക്കാട്, കൊടുമൺ, അങ്ങാടിക്കൽ വില്ലേജുകളിലെ കുടിവെള്ള പദ്ധതി
29. കുറത്തിശ്ശേരി, മാന്നാർ സമീപ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി
30. കുട്ടനാട് കുടിവെള്ള പദ്ധതി

31. കാഞ്ഞിരപ്പള്ളി, എലിക്കുള്ളം, ചിറക്കടവ് പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി
32. ഏറ്റുമാനൂർ സമീപ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി
33. വെല്ലൂർ പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി
34. മുലക്കുളം, വെളിയന്നൂർ, ഉഴവൂർ പഞ്ചായത്ത് കുടിവെള്ള വിതരണം
35. ഞീഴൂർ, കുറുവിലങ്ങാട്, കടത്തുരുത്തി പഞ്ചായത്ത് കുടിവെള്ള വിതരണം
36. കല്ലറ പഞ്ചായത്ത് കുടിവെള്ള വിതരണം
37. ചെമ്പ് വില്ലേജ് റീഹാബിറ്റേഷൻ കുടിവെള്ള പദ്ധതി
38. ഏലപ്പാറ പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണം
39. പീരുമേട് വണ്ടിപെരിയാർ പഞ്ചായത്തുകളിലെ കുന്നിൻ പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണം
40. പെരവന്താനം, കക്കയം പഞ്ചായത്തുകളിലെ കുന്നിൻ പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണം
41. വണപ്പുറം പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി
42. കുമളി പഞ്ചായത്തിലെ കുന്നിൻപ്രദേശങ്ങളിലെ കുടിവെള്ള വിതരണം - രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി
43. എറാറ്റയാർ പഞ്ചായത്തിലെ കുടിവെള്ളമെത്താത്ത പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണം
44. വണപ്പുറം പഞ്ചായത്ത് കുടിവെള്ള പദ്ധതി ഫേസ് 2
45. വാളകം 16 രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി
46. കാവലങ്ങാട് പാലായിമംഗലം 16- രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി
47. മഞ്ഞള്ളൂർ 15- രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി
48. ആവോലി 15 - രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി
49. കറുകുറ്റി മൂർക്കന്നൂർ പഞ്ചായത്ത് ഗ്രാമീണ കുടിവെള്ള പദ്ധതി
50. പാറക്കടവ് പഞ്ചായത്തിലെ കുടിവെള്ളമെത്താത്ത പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണം
51. കടമ്മക്കുടി, വരാപ്പുഴ പഞ്ചായത്ത് കുടിവെള്ള പദ്ധതി
52. എലങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം കുടിവെള്ള പദ്ധതി
53. ഊരകം സമീപ പ്രദേശങ്ങളുമുൾപ്പെട്ട കുടിവെള്ള പദ്ധതി
54. ചെറുതുരുത്തി, നെടുമ്പുര വില്ലേജുകളിലേക്കുള്ള കുടിവെള്ള പദ്ധതി

55. തൃക്കൂർ, കരൂർ വില്ലേജുകളിലേക്കുള്ള കുടിവെള്ള പദ്ധതി
56. മേത്തല, ഏറിയാട്, എടവിലങ്ങ്, കാടുകുറ്റി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി
57. തൃശൂർ ഇന്ററിം അഗ്മെന്റേഷൻ
58. എടവിലങ്ങ്, അഴീക്കോട് കുടിവെള്ള പദ്ധതി
59. വെങ്കിടങ്ങിലേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള കുടിവെള്ള പദ്ധതി
60. കോലഴി, കുറ്റൂർ, പോട്ടോർ നഗര കുടിവെള്ള പദ്ധതി
61. കൊടുമ്പ്, പൊൽപ്പള്ളി കുടിവെള്ള പദ്ധതി
62. കൊടുമ്പ്, പൊൽപ്പള്ളി കുടിവെള്ള പദ്ധതി
63. പട്ടാമ്പി കുടിവെള്ള പദ്ധതി
64. പട്ടാമ്പി കുടിവെള്ള പദ്ധതി
65. പൊറ്റാശ്ശേരി 1 & 2 കുടിവെള്ള പദ്ധതി
66. കാരാക്കുറിശ്ശി, തച്ചംപാറ വില്ലേജുകളിലേക്കുള്ള കുടിവെള്ള പദ്ധതി
67. കരിമ്പുഴ കുടിവെള്ള പദ്ധതി
68. അഗ്മെന്റേഷൻ -ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി
69. ഷൊർണൂർ നഗര കുടിവെള്ള പദ്ധതി - ഓൺഗോയിംഗ്
70. മൂർക്കനാട് സമീപ വില്ലേജുകളിലെ ഫേസ് 1 - 4 ഗ്രാമീണ കുടിവെള്ള പദ്ധതി
71. അഗ്മനെന്റേഷൻ & ഇംപ്രൂവ്മെന്റ്സ് ടു നിലമ്പൂർ കുടിവെള്ള പദ്ധതി
72. തിരുന്നാവായ സമീപ പ്രദേശങ്ങളിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
73. ചീക്കോട്, സമീപ പ്രദേശങ്ങളിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
74. ആനക്കയം കുടിവെള്ള പദ്ധതി
75. കായക്കൊടി വില്ലേജ് കുടിവെള്ള പദ്ധതി
76. തൂണേരി വില്ലേജ് കുടിവെള്ള പദ്ധതി
77. നരിപ്പെറ്റ വില്ലേജ് കുടിവെള്ള പദ്ധതി
78. വാളയം വില്ലേജ് കുടിവെള്ള പദ്ധതി
79. വാണിമ്മേൽ വില്ലേജ് കുടിവെള്ള പദ്ധതി
80. നാദാപ്പുരം വില്ലേജ് കുടിവെള്ള പദ്ധതി
81. അഴിയൂർ സമീപ പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി
82. പാലക്കൽ, കണ്ണമംഗലം പഞ്ചായത്തിലെ പെരുംകൊടുമ്മൽ എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി

83. കുറ്റ്യാടി കുടിവെള്ള പദ്ധതി
84. കൃഷ്ണഗിരി, അമ്പലവയൽ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി
85. അഗ്മെന്റേഷൻ - പടിഞ്ഞാത്തറ, പടിഞ്ഞാത്തറ പഞ്ചായത്തിലെ കുപ്പാടിത്തറ വില്ലേജ് എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി
86. കണ്ണൂർ മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി മെച്ചപ്പെടുത്തൽ
87. പടിയൂർ, വയതൂർ പഞ്ചായത്തിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി
88. ഇരിക്കൂർ സമീപ പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി
89. തലശ്ശേരി, സമീപ ടൗണുകളിലെ ഇന്ററിം അഗ്മെന്റേഷൻ
90. തലശ്ശേരി മുനിസിപ്പാലിറ്റി & സമീപ ടൗണുകളിലെ ഇന്ററിം അഗ്മെന്റേഷൻ
91. പയൻഗോടൻപാറ കുടിവെള്ള പദ്ധതി
92. പാട്യം കോട്ടയം കുടിവെള്ള പദ്ധതി
93. കൂത്തുപറമ്പ് മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി
94. മേലോത്ത്, ബലാൽ എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി
95. എൻഡോസൾഫാൻ - കുമ്പഡജെ പഞ്ചായത്ത് കുടിവെള്ള പദ്ധതി
96. എൻഡോസൾഫാൻ - മൂളിയാർ പഞ്ചായത്തിലെ എരിഞ്ചേരി എസ്.സി കോളനി കുടിവെള്ള പദ്ധതി
97. എൻഡോസൾഫാൻ - മൂളിയാർ ഗ്രാമപഞ്ചായത്തിലെ കിഴക്കേക്കര ചേല ക്കൽ എസ്.സി കോളനി കുടിവെള്ള പദ്ധതി
98. എൻഡോസൾഫാൻ - കാരക്കട പഞ്ചായത്തിലെ പുത്തനാംമൂല ജയനഗർ കുടിവെള്ള പദ്ധതി
99. എൻഡോസൾഫാൻ -കാറഡുക്ക പഞ്ചായത്തിലെ അംബികാനഗർ കുടിവെള്ള പദ്ധതി
100. എൻഡോസൾഫാൻ - കാറഡുക്ക പഞ്ചായത്തിലെ കുളമുണ്ട കുടിവെള്ള പദ്ധതി
101. എൻഡോസൾഫാൻ - കാറഡുക്ക പഞ്ചായത്തിലെ മഞ്ഞപ്പാറ കുടിവെള്ള പദ്ധതി
102. എൻഡോസൾഫാൻ - കാറഡുക്ക പഞ്ചായത്തിലെ മിഞ്ചിപ്പടവ് കുടിവെള്ള പദ്ധതി
103. എൻമകജെ കുടിവെള്ള പദ്ധതി
104. പനത്തടി കുടിവെള്ള പദ്ധതി

# XVII
# പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ



ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിന്റെ സമസ്ത മേഖലകളിൽ നിന്നും ബഹിഷ്കൃതരായവരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ടു ഭരണ ഘടനാപര മായി തന്നെ ആ വിഭാഗങ്ങളുടെ അവകാശങ്ങളും സംരക്ഷണവും നൽകികൊ ണ്ടുള്ള സമീപനമാണ് സ്വതന്ത്രഭാരതം കൈകൊണ്ടിട്ടുള്ളത്. ഒരു നിശ്ചിത സമയം കൊണ്ട് പിന്നോക്കാവസ്ഥ പടിപടിയായി മാറ്റി രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പൊതു സമൂഹത്തോടൊപ്പം എത്തിയ്ക്കുവാനുള്ള പരിശ്രമമാണ് ഉദ്ദേശിച്ചിട്ടുള്ള ത്. സ്വാതന്ത്ര്യ സമരത്തോടൊപ്പം പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സാമൂഹ്യ അസമത്വം, മനുഷ്യത്വപരമായ അവകാശങ്ങൾ, വികസനം എന്നീ വിഷയങ്ങൾ ശ്രദ്ധ നേടിയിട്ടുള്ളതാണ്. ദേശീയതലത്തിൽ ഭരണഘടനയുടെ മുഖ്യശിൽപിയായ ബാബാ സാഹിബ് അംബേദ്ക്കരുടെയും പ്രാദേശികതലത്തിൽ മഹാത്മ അയ്യൻകാളിയു ടെയും സാമൂഹ്യനീതിയ്ക്ക് വേണ്ടിയുള്ള നിലപാടുകൾ ചരിത്രത്തിൽ ഇടംനേടി യിട്ടുള്ളതാണ്. ഒപ്പംതന്നെ നവോത്ഥാന ആശയങ്ങളുമായി ഒട്ടനവധി മഹൽവ്യക്തി കളും പ്രസ്ഥാനങ്ങളും പങ്ക് ചേരുകയുണ്ടായി. തൽഫലമായി സാമൂഹ്യനീതിയില ധിഷ്ഠിതമായ വികസനത്തിനാണ് അടിത്തറ പാകിയിട്ടുള്ളത്. ആറ് പതിറ്റാണ്ടിനു ശേഷവും പരിഹരിക്കപ്പെടാത്തതും പുതിയതായി ഉയർന്ന് വന്നിട്ടുള്ള പ്രശ്നങ്ങളും വകുപ്പ് സമഗ്രതയോടെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി വികസന

വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും അഞ്ച് വിഭാഗങ്ങളിൽ ഉൾപ്പെടുത്താം.

I. വിദ്യാഭ്യാസ പരിപാടികൾ

II. സാമ്പത്തിക വികസന പരിപാടികൾ

III. സാമൂഹ്യക്ഷേമ പരിപാടികൾ

IV. സാംസ്ക്കാരിക പരിപാടികൾ

V. നിയമാധിഷ്ഠിത സേവനങ്ങൾ

# I. വിദ്യാഭ്യാസം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ മാത്രമാണ്, നിരവധി പോരാട്ടങ്ങൾക്ക് ശേഷം, ഔപചാരിക വിദ്യാഭ്യാസം ലഭിക്കുവാൻ പട്ടികജാതി വിഭാഗങ്ങൾക്ക് അവസരമുണ്ടായത്. അറിവ് നേടുന്നതിന് സാമൂഹ്യമായ വിലക്കുകൾ വളരെയധികം തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പട്ടിക വിഭാഗങ്ങളുടെ വികസനത്തിന്റെ പ്രധാന ചാലക ശക്തിയായി പ്രവർത്തിക്കേണ്ടത് മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കാണ്. ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ പ്രക്രിയയ്ക്ക് വിവിധങ്ങളായ കഴിവുകളെ ഓരോ വ്യക്തിയുടെയും അഭിരുചിക്കനുസരിച്ച് വികസിപ്പിച്ച് എടുക്കുവാൻ കഴിയുമെന്നത് ഇതിനകം തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വകുപ്പ് ആരംഭിച്ച കാലഘട്ടംതൊട്ട് ഇതേവരെയുള്ള കാലയളവിൽ വിദ്യാഭ്യാസത്തിനാണ് പ്രമുഖ സ്ഥാനം നൽകിയിട്ടുള്ളത്. വിദ്യാഭ്യാസ പരിപാടികളെ മൂന്ന് ഘട്ടങ്ങളായി തരംതിരിക്കാം (i) പ്രീപ്രൈമറി (ii) പ്രീമെട്രിക് (iii) പോസ്റ്റ് മെട്രിക്. ഇതിൽ പ്രീപ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്തു കഴിഞ്ഞിട്ടുണ്ട്. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് 100 ശതമാനം കേന്ദ്ര ഫണ്ട് ലഭിക്കുന്നത് കൊണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതുകൊണ്ട് ഇവിടെ പ്രീമെട്രിക് വിദ്യാഭ്യാസ പരിപാടികൾ മാത്രമാണ് നൽകിയിരിക്കുന്നത്.

## പ്രീമെട്രിക് വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | **ലാപ്സം ഗ്രാന്റ്** | സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി/മറ്റ് അർഹ വിദ്യാർത്ഥികൾക്ക് (ഒ.ഇ.സി). അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന നൽകുന്നു.<br>ക്ലാസ് 1 മുതൽ 4 വരെ - 500 രൂപ<br>ക്ലാസ് 5 മുതൽ 7 വരെ - 750 രൂപ<br>ക്ലാസ് 8 മുതൽ 10 വരെ - 1000 രൂപ<br>ഒരു വർഷം തോറ്റവർക്ക് പകുതി തുക |
| 2 | **സ്റ്റൈപന്റ്** | വേടൻ (വേട്ടുവൻ), നായാടി, അരുന്ധതിയാർ/ചക്കിലിയൻ എന്നീ അതീവദുർബല വിഭാഗങ്ങൾക്ക് പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു. ഇതിനുള്ള തുകമുൻകൂറായി പ്രധാനാദ്ധ്യാപകരെ ഏൽപ്പിക്കുന്നു.<br>എൽ.പി. 100/-<br>യു.പി - 125/-<br>എച്ച.എസ് - 150/- |
| 3 | **അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംമ്പേഴ്സ്മെന്റ്** | അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താംക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് നൽകുന്നു.<br>എൽ.പി., യു.പി -ഫീസ് - 1000 രൂപയും<br>സ്പെഷ്യൽ ഫീസ് - 333 രൂപയും<br>എച്ച്.എസ്. ഫീസ് - 1500 രൂപയും<br>സ്പെഷ്യൽ ഫീസ് - 500 രൂപയും<br>കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ, മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ ഓഫീസിൽ നൽകണം. അദ്ധ്യയന വർഷത്തിന്റെ അവസാനമോ അടുത്ത വർഷം ആദ്യമോ തുക ലഭിക്കുന്നതാണ്. |
| 4 | **ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം** | ഉന്നതനിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ പഠിക്കുന്നതിന് 5-ാം ക്ലാസ്സ് മുതൽ സൗകര്യം. 4-ാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത്/സെക്രട്ടറി, മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വരുമാന പരിധി 30,000 രൂപ. |

| | | |
|---|---|---|
| 5 | **ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്** | 4,7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താംക്ലാസ്സ് വരെ പ്രതിവർഷം 4500/ രൂപ വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക. ജാതി വരുമാന സർട്ടിഫിക്കറ്റ്, ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ. കൂടാതെ ഒറ്റത്തവണയായി ഫർണീച്ചർ വാങ്ങുന്നതിന് 12,000/- രൂപ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക്, 2000 രൂപയും അനുവദിക്കുന്നുണ്ട്. |
| 6 | **മോഡൽ റസിഡൻഷ്യൽ സ്കൂൾ** | 5-ാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. 4-ാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ അറിയിപ്പ് നൽകും. ജാതി, വരുമാനം, പഠിക്കുന്ന സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം. രക്ഷിതാക്കളുടെ വരുമാന പരിധി ഒരു ലക്ഷം രൂപ |
| 7 | **സബ്സിഡൈസ്ഡ് ഹോസ്റ്റൽ** | സന്നദ്ധ സംഘടനകൾ നടത്തുന്ന 9 ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് 500 രൂപ പ്രതിമാസ ബോർഡിംഗ് ഗ്രാന്റും 500 രൂപ യൂണിഫോം അലവൻസും നൽകുന്നു. (കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്.) |
| 8 | **പ്രീമെട്രിക് ഹോസ്റ്റലുകൾ** | 89 ഹോസ്റ്റലുകൾ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് പൂർണ്ണമായും കൈമാറിയിട്ടുണ്ട്. 5-ാം ക്ലാസ് മുതൽ അഡ്മിഷൻ, രണ്ട്സെറ്റ് യൂണിഫോം, ക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കറ്റ് മണി 100 രൂപ, അവധി ദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രപ്പടി. മേയ്മാസത്തിൽ അപേക്ഷിക്കണം. ജാതി വരുമാനം, സ്കൂൾ പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. |
| 9 | **ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം** | കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് 5-ാം ക്ലാസ് മുതൽ പ്രവേശനം. മേഖലാതല ട്രയൽസിലൂടെ തെരഞ്ഞെടുക്കുന്നു. (30 സീറ്റ് മാത്രം) പന്ത്രണ്ടാം ക്ലാസ്സ് വരെ സി.ബി.എസ്.ഇ സിലബസിൽ പഠനം |

## സ്കീമുകളുടെ നിർവ്വഹണം

ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന പട്ടികജാതി വികസന ഓഫീസറോ, ജില്ലാ പട്ടികജാതി വികസന ഓഫീസറോ ആണ് മുകളിൽ സൂചിപ്പിച്ച പ്രീമെട്രിക് വിദ്യാഭ്യാസ പദ്ധതികളുടെ നിർവ്വഹണം നടത്തി വരുന്നത്.

## ഫണ്ടിംഗ്

പ്രധാനമായും പട്ടികജാതി വികസന വകുപ്പ് നേരിട്ടോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടോ നടപ്പിലാക്കുന്നുണ്ട്

## പ്രവർത്തനങ്ങൾ

ഭരണഘടനാ പ്രകാരം 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകണമെന്നാണ് വ്യവസ്ഥയുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു കുട്ടിയെ പോലും ഒഴിവാക്കാതെയുള്ള പ്രീമെട്രിക് വിദ്യാഭ്യാസം നൽകുവാനുള്ള പ്രവർത്തനമാണ് നടപ്പിലാക്കേണ്ടത്.

## സംഘാടനം

ബ്ലോക്ക്തലത്തിൽ നിയമിച്ചിട്ടുള്ള പട്ടികജാതി വികസനാഫീസറും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നിയമിച്ചിട്ടുള്ള പ്രമോട്ടറുമാണ് പ്രീമെട്രിക് വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് വേണ്ടിയുള്ള പ്രധാന സംഘാടനം നടത്തേണ്ടത്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പട്ടികജാതി വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പു വരുത്തുവാൻ വേണ്ട പ്രധാന ഘടകമാണ് അടിസ്ഥാന വിദ്യാഭ്യാസം നൽകൽ. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ വരുന്ന പട്ടികജാതി കുടുംബങ്ങളിലെ അംഗങ്ങളുടെ പ്രീമെട്രിക് വിദ്യാഭ്യാസം സുഗമമായി നടത്തുവാൻ വേണ്ട എല്ലാവിധ സഹായസഹകരണങ്ങളും നൽകണം. സ്കൂളിന്റെ ഭൗതികമായ സാഹചര്യം ഒരുക്കൽ, ഗതാഗതസംവിധാനം ഏർപ്പെടുത്തൽ, പ്രഭാതഭക്ഷണം, കൊഴിഞ്ഞ്പോക്ക് തടയൽ, ഗുണനിലവാരമുള്ള പഠനം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതാണ്. പ്രീമെട്രിക് ഹോസ്റ്റൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയത് കാരണം, ബന്ധപ്പെട്ട ബ്ലോക്ക് തന്നെയാണ് പ്രീമെട്രിക് ഹോസ്റ്റലിന്റെ ഭൗതികവും അക്കാദമീയവുമായ കാര്യങ്ങളുടെ ഗുണനിലവാരം കാത്ത് സൂക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എടുക്കേണ്ടത്. ഗ്രാമസഭ, പി.ടി.എ വഴിയുള്ള അവബോധം, അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളും അപേക്ഷിച്ചുവെന്ന് ഉറപ്പു വരുത്തൽ

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

ഓരോ ബ്ലോക്ക് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല പട്ടികജാതി വികസന ഓഫീസറും അർപ്പണ മനോഭാവത്തോട് കൂടിയ പ്രവർത്തനമാണ് നടത്തേണ്ടത്. സമ്പൂർണ്ണ പ്രീമെട്രിക് വിദ്യാഭ്യാസം നൽകുന്നതിനും നൂറ് ശതമാനം വിജയം കൈവരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

നാലു തരത്തിലുള്ള ഹോസറ്റലുകൾ പ്രീമെട്രിക് വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി പ്രവർത്തിക്കുന്നുണ്ട്. ലാപ്സംഗ്രാന്റ്, സ്റ്റൈപന്റ്, സ്കോളർഷിപ്പ് എന്നിവയും നൽകുന്നുണ്ട്. 12-ാം പദ്ധതിയിൽ പട്ടികജാതി വികസനത്തിന് വേണ്ടിയുള്ള പദ്ധതികൾ കുടുംബാധിഷ്ഠിതമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക പരാധീനതകൾ ഏറെയുള്ള കുടുംബങ്ങളുണ്ട്. ചില വിഭാഗങ്ങളിലെ രക്ഷിതാക്കൾ ഇപ്പോഴും നിരക്ഷരരാണ്. അത്തരത്തിലുള്ള കുട്ടികൾ ഒന്നാം തലമുറക്കാരായി വിദ്യാഭ്യാസം നേടുവാൻ വരുന്നവരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും ദുർബലരായ കുട്ടികളെ വേർതിരിച്ചറിയുകയും അവരുടെ വിദ്യാഭ്യാസ പ്രക്രിയ ഒരു കാരണവശാലും തടസ്സപ്പെടാതിരിക്കുവാനുള്ള പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. ഉദാഹരണമായി, വൈദ്യുതി എത്താത്ത വിദ്യാർഥികളുടെ വീടുകൾ, ഒറ്റമുറി മാത്രമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ, കുടുംബത്തിൽ വരുമാന ദായകർ ഇല്ലാത്തവർ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ എന്നിവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ട പ്രോജക്ടുകളായിരിക്കണം വിദ്യാഭ്യാസ പദ്ധതിയിൽ കൂടി മുൻഗണന നൽകി വിഭാവനം ചെയ്യേണ്ടത്.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികജാതി/വർഗ്ഗക്കാർക്കുള്ള വിവിധ വിദ്യാഭ്യാസ പ്രോജക്ടുകളുമായി ഇവയെ ഏകോപിപ്പിക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പട്ടികജാതി വകുപ്പിൽ നിന്നും ജാതി പരിഗണന കൂടാതെ നൽകുന്ന വിദ്യാഭ്യാസ ധനസഹായം ഉണ്ട്. വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെ മക്കൾക്ക് മാത്രമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇതിൻപ്രകാരം എൽ.പി, യു.പി, എച്ച്.എസ് എന്നീ ക്ലാസ്സുകൾക്ക് 110 രൂപയും ഡേ സ്കോളേഴ്സ് അഡ്ഹോക്ക് ഗ്രാന്റായി 750 രൂപയും, ഹോസ്റ്റൽ അന്തേവാസികൾക്ക് 1000 രൂപയും നൽകുന്നതാണ്. ഇവ ലഭിക്കുന്നതിന് വേണ്ടി വില്ലേജ് ഓഫീസറുടേയോ, ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പേഷൻ സെക്രട്ടറി എന്നിവരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവികൾ വഴി അപേക്ഷിക്കണം.

ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള ധനസഹായത്തിന് പരിധി ഇല്ല. യഥാർത്ഥ തുക നൽകുവാനുള്ള സംവിധാനമാണ് ഉള്ളത്.

അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് കിട്ടുന്നവർ, അവരുടെ പഠന നിലവാരത്തിന്റെ ഗ്രേഡ് താഴെയ്ക്ക് പോകാതിരിക്കുവാൻ ശ്രദ്ധിക്കണം. ഒരു പ്രാവശ്യം മാർക്ക്/ഗ്രേഡ് കുറഞ്ഞാൽ സ്കോളർഷിപ്പ് സ്കീമിൽ നിന്ന് രക്ഷ നേടുന്നതും, എന്നാൽ ഒന്നിൽ കൂടുതൽ പ്രാവശ്യം നിലവാരം പുലർത്താതിരുന്നാൽ സ്കോളർഷിപ്പ് നഷ്ടമാകുന്നതുമാണ്

അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് എ.ഇ.ഒ/ഡി.ഇ.ഒ യുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. വിദ്യാഭ്യാസ സ്ഥാപനത്തിന് അംഗീകാരം നൽകുന്നത് കെ. ഇ.ആർ വ്യവസ്ഥകൾ പാലിക്കപ്പെട്ട സ്ഥാപനങ്ങൾക്കാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂൾ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ ഒരു ഭരണ സമിതിയും, ജില്ലാതലത്തിൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ജനാധിപത്യപരമായി ഈ കമ്മിറ്റികൾ പ്രവർത്തിപ്പിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

# II. സാമ്പത്തിക വികസന പദ്ധതികൾ

## 10. സ്വയംതൊഴിൽ പദ്ധതി

18-50 വയസ്സിന് മദ്ധ്യേ പ്രായമുള്ളവരും 7-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള എല്ലാ പട്ടികജാതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതാണ്.

## നിർവ്വഹണം

ഈ പദ്ധതിയുടെ നിർവ്വഹണം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ

## ഫണ്ടിംഗ്

വ്യക്തികൾക്ക് 5 ലക്ഷം വരെയുള്ള വായ്പയും ഗ്രൂപ്പുകൾക്ക് 25 ലക്ഷം വരെയുള്ള വായ്പയും നൽകുന്നു. വായ്പാതുകയുടെ 1/3 സബ്സിഡി ലഭിക്കും.

ഈ പദ്ധതി പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും തുടങ്ങാം.

അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി, സർട്ടിഫിക്കറ്റ് പദ്ധതി റിപ്പോർട്ട്, റേഷൻ കാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്.ജി.എസ്.വൈ ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്വയംതൊഴിൽ ചെയ്യുന്നവർക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലൈസൻസ്, തുടങ്ങിയവ നൽകുക, പദ്ധതികൾ വിജയത്തിലേക്ക് എത്തിക്കുവാനും, ലാഭകരമായി മുന്നോട്ട് കൊണ്ട് പോകാൻവേണ്ട അനുബന്ധ ചെറുപദ്ധതികൾ എന്നിവ വിഭാവനം ചെയ്യാവുന്നതാണ്. ഗ്രാമസഭ വഴി അവബോധം നൽകൽ, അർഹത പരിശോധിച്ച് നിർദ്ദേശം നൽകൽ എന്നീ കാര്യങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഇടപെടൽ നടത്തണം. വകുപ്പ് പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുകയും, വീഴ്ചകൾ യഥാസമയം ചൂണ്ടികാണിച്ച് പരിഹാരങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്താൽ നൽകുകയും വേണം. ഒപ്പം തന്നെ വായ്പ തിരിച്ചടക്കുവാനുള്ള പ്രേരണ ചെലുത്തുകയും ചെയ്യാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയംതൊഴിൽ മുഖാന്തരം ഉണ്ടാക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ സുഗമമായി മാർക്കറ്റ് ചെയ്യാനുള്ള വേദികൾ ഒരുക്കിക്കൊടുത്ത് സംരംഭകരെ യഥാസമയം സഹായിക്കേണ്ടതാണ്. വിവിധ ഏജൻസികളെ സംയോജിപ്പിച്ച് നൂതനമായ ഒരു മോഡൽ സൃഷ്ടിക്കാൻ വേണ്ട ആത്മാർത്ഥമായ ഇടപെടൽ നടത്തുന്നത് അഭികാമ്യമായിരിക്കും.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി വട്ടികവർഗ്ഗക്കാർക്കായുള്ള മറ്റ് സ്വയം തൊഴിൽ പദ്ധതികളുമായും കുടുംബശ്രീ, എൻ.ആർ.എൽ.എം പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സംരംഭങ്ങൾ മിക്കവാറും മുൻപരിചയം ഇല്ലാതെ ആരംഭിക്കുന്ന പ്രവർത്തനങ്ങളാണ്. ഈ പ്രശ്നത്തെ ഒരു മുൻവിധിയോടെ കാണാതെ, വീഴ്ചകൾ സ്വാഭാവികമായി സംഭവിക്കുന്നതും അവ യഥാസമയം തിരുത്തി, ശരിയായ ദിശയിലേക്ക് നയിക്കപ്പെടാനുള്ള ഒത്താശ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, വകുപ്പും കൂട്ടായ പ്രവർത്തനം നടത്തി വിജയം ഉറപ്പിക്കാവുന്നതാണ്.

## 11. വക്കീലന്മാർക്ക് ധനസഹായം

നിയമ വിദ്യാഭ്യാസം കഴിഞ്ഞ ഉടൻ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് പട്ടികജാതി വിഭാഗക്കാർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. എൻറോൾമെന്റ് ചെലവിന് 1550 രൂപയ്ക്ക് പുറമെ താഴെപറയുന്ന നിരക്കിൽ തുക നൽകുന്നതാണ്.

| വർഷം | പുസ്തകം | ഗ്രേഡ് | മുറിവാടക (വർഷത്തിൽ) |
|---|---|---|---|
| ഒന്നാം വർഷം | 6250 | 2000 | |
| രണ്ടാം വർഷം | 6250 | 2000 | 3000 |
| മൂന്നാം വർഷം | 6250 | 2000 | 3000 |

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത ഫാറത്തിലുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, എൽ.എൽ.ബി യുടെ സർട്ടിഫിക്കറ്റ്, ബാർകൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

വകുപ്പ് പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയമബിരുദം ഉള്ളവരും വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് എൻറോൾ ചെയ്തവരെയും കണ്ടെത്തി ഈ പദ്ധതിയെപ്പറ്റിയുള്ള അറിവ് നൽകാവുന്നതാണ്. വൈദ്യുതി കണക്ഷൻ അടക്കമുള്ള ഭൗതീക സാഹചര്യങ്ങൾ ഇല്ലാത്തവർക്ക് അവ നൽകുവാനുള്ള മുൻഗണന നൽകുന്നത് ഉചിതമായിരിക്കും.

## 12. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ്

പട്ടികജാതി സമുദായത്തിൽപ്പെട്ട, ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റിസ്ഷിപ്പിന് ധനസഹായം നൽകുന്നു.

പ്രതിമാന നിരക്ക്

ഐ.ടി.ഐ - 2000/

ഡിപ്ലോമ - 2500/

എഞ്ചിനീയറിംഗ് ഡിഗ്രി - 3000/

അപേക്ഷകർ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വിവരം ഇത്തരത്തിൽ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരെ ഗ്രാമസഭ വഴി അറിയിക്കാവുന്നതാണ്.

## 13. ടൂൾകിറ്റ്

വകുപ്പിന്റെ ഐ.ടി.ഐ കളിൽ വിവിധ ഗ്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണി ആയുധങ്ങളുടെ ഒരു കിറ്റ് വാങ്ങുന്നതിന് ഗ്രാന്റ് നൽകുന്നു. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ഗ്രാന്റിനായി അപേക്ഷ നൽകാവുന്നതാണ്.

വിവിധ ട്രേഡുകളിൽ സാങ്കേതിക പരിജ്ഞാനം നേടിയവരുടെ സേവനം ആവശ്യമായി വരുന്നുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഇവരുടെ മേൽവിലാസവും മൊബൈൽ നമ്പറും സ്ഥിരമായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ഒരു ലേബർ ബാങ്ക് റിസോഴ്സ് എന്ന രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ലേബർ ബാങ്കുമായി ഇവയെ ബന്ധിപ്പിക്കുക

## 14. കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് 25 സെന്റ് കരഭൂമിയോ 60 സെന്റ് നിലമോ കൃഷി ചെയ്യുന്നതിനായി വാങ്ങുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റ്, കർഷകത്തൊഴിലാളിയാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

ഒരു ലക്ഷം രൂപയോ ഭൂമിയുടെ വിലയുടെ 50% തുകയോ ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. ബാക്കി തുക ബാങ്ക് ലോണായി കണ്ടെത്തണം. കരഭൂമിയോ നിലമൊ വാങ്ങിയശേഷം കൃഷിയോഗ്യമാക്കുകയും വരുമാനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും വേണം.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി മറ്റു കൃഷി പ്രോജക്ടുകൾ സംയോജിപ്പിച്ച് മുന്നേറാവുന്നതാണ്. വിത്ത്, വളം, പണി ആയുധങ്ങൾ, ജലസേചന സൗകര്യം എന്നിവ സംയോജിപ്പിച്ച് നടത്തുവാനുള്ള പദ്ധതികൾക്ക് കൂടുതൽ സാധ്യതയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള

ഗുണഭോക്താക്കളെ കണ്ടെത്തി അനുബന്ധ പ്രോജക്ടുംകൂടി നടപ്പിലാക്കാവുന്നതിന്റെ സാധ്യത ബോധ്യപ്പെടുത്തേണ്ടതാണ്. അർഹരായ കുടുംബങ്ങൾക്ക് ഇതിന് വേണ്ട അവബോധം ഗ്രാമസഭ വഴി നൽകാം. അയൽക്കൂട്ടം വഴി ഇവ അർഹതപ്പെട്ടവരിൽ എത്തിക്കാം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ തൊഴിലുറപ്പ് പദ്ധതിയും സ്വയംതൊഴിൽ പദ്ധതികളുമായും ഇതിനെ ഏകോപിപ്പിക്കണം.

## 15. ഉൽപന്ന പ്രദർശന വിപണനമേള

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉൽപന്നങ്ങൾക്കും, പട്ടികജാതി സ്വയംസഹായ സംഘങ്ങളുടെ ഉൽപന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം രണ്ടു സ്ഥലങ്ങളിലായി വിപണനമേള സംഘടിപ്പിക്കുന്നു.

പട്ടികജാതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന മേളയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ മാസത്തിൽ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, അയ്യൻകാളി ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകാം. ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ കൂടിയും കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉൽപന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഓരോ വർഷത്തേയും മേളയുടെ കേന്ദ്രങ്ങൾ പട്ടികജാതി വികസന ഓഫീസറുമായി ബന്ധപ്പെട്ട് അറിഞ്ഞശേഷം ഇതിൽ പങ്കെടുക്കുവാനുള്ള ഗുണഭോക്താക്കളെ മുൻകൂട്ടി തയ്യാറാക്കുന്നതിന് വേണ്ടി പ്രേരിപ്പിക്കാവുന്നതാണ്. ഇത്‌വരെ പങ്കെടുത്തവർക്ക് മേള ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വേദിയായി മാറിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന കുടുംബശ്രീ, എൻ.ആർ.എൽ.എം, എസ്.ജി.എസ്..വൈ വിപണനമേളകളിലും ഇവരെ പങ്കെടുപ്പിക്കാവുന്നതാണ്. ഗ്രാമസഭ വഴി വേണ്ട അവബോധം ഗുണഭോക്താക്കൾക്ക് നൽകി അവരെ കണ്ടെത്തുന്നതിന് സഹായിക്കാം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ കുടുംബശ്രീ, എസ്.ജി.എസ്.വൈ, എസ്.ജെ. എസ്.ആർ.വൈ, മറ്റ് വിപണനമേളകളുമായി ഇതിനെ ഏകോപിപ്പിക്കാം.

## III. സാമൂഹ്യക്ഷേമപരിപാടികൾ

### 16. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയും, മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് ഒന്നരസെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 150000/ 200000/300000 രൂപ ഗ്രാന്റായി അനുവദിക്കുന്നുണ്ട്. ഈ തുകയ്ക്ക് പരമാവധി ഭൂമി വാങ്ങേണ്ടതാണ്.

അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട ബ്ലോക്ക്, മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്.

ഭൂരഹിതർക്ക് ഭൂമി വാങ്ങിയശേഷം, വീടു വെക്കാനുള്ള ഗ്രാന്റും നൽകാവുന്നതാണ്. ഇക്കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുകയും അർഹതപ്പെട്ടവരുടെ ലിസ്റ്റ് ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് നൽകുകയും വേണം. അനർഹരെ ഗ്രാമസഭ വഴി കണ്ടെത്തി ഒഴിവാക്കണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി വാങ്ങൽ, വീടുവെക്കൽ, മറ്റ് അടിസ്ഥാനാവശ്യങ്ങൾക്കുള്ള പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ളവരുടെ മുഴുവൻ ലിസ്റ്റും തയ്യാറാക്കണം.

## 17. ഭവന നിർമ്മാണ ഗ്രാന്റ്

2011-12 സാമ്പത്തിക വർഷം മുതൽ രണ്ടുലക്ഷം രൂപ ഭവനനിർമ്മാണ ഗ്രാന്റായി നൽകുന്നു. നാലു ഗഡുക്കളായി 30,000, 60,000, 80,000, 30,000 രൂപ വീതംനിർമ്മാണ പുരോഗതി അനുസരിച്ച് തുക ഓൺ ലൈനായി പോസ്റ്റ് ഓഫീസ് വഴി വിതരണം ചെയ്യുന്നു.

ഗ്രാമപഞ്ചായത്ത് സ്വന്തമായി രണ്ടു സെന്റും, നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്കാണ് ഗ്രാന്റ് അനുവദിക്കുന്നത്.

മറ്റു നിബന്ധനകൾ മുകളിൽ സൂചിപ്പിച്ച രീതിയിൽ തന്നെയാണ്.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുകയും അർഹതപ്പെട്ടവരുടെ ലിസ്റ്റ് ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് നൽകുകയും വേണം. അനർഹരെ ഗ്രാമസഭ വഴി കണ്ടെത്തി ഒഴിവാക്കണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി വാങ്ങൽ, വീടുവെക്കൽ, മറ്റ് അടിസ്ഥാനാ വശ്യങ്ങൾക്കുള്ള പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ളവരുടെ മുഴുവൻ ലിസ്റ്റും തയ്യാറാക്കണം.

## 18. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി

ദാരിദ്യരേഖയ്ക്ക് താഴെയുള്ള ഭൂരഹിത ഭവന രഹിതരായ വേടൻ (വേട്ടുവൻ) നായാടി, ചക്കിലിയൻ/അരുന്ധതിയാർ, കള്ളാടി എന്നീ വിഭാഗങ്ങൾക്ക് കുറഞ്ഞത് അഞ്ചുസെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വിട് വെക്കുന്നതിനുമായി മൊത്തം 4,50,000/- രൂപ ഗ്രാന്റായി നൽകുന്നു. നിബന്ധനകൾ മുകളിൽ സൂചിപ്പിച്ച രീതിയിൽ തന്നെയാണ്

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുകയും അർഹതപ്പെട്ടവരുടെ ലിസ്റ്റ് ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് നൽകുകയും വേണം. അനർഹരെ ഗ്രാമസഭ വഴി കണ്ടെത്തി ഒഴിവാക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി വാങ്ങൽ, വീടുവെക്കൽ, മറ്റ് അടിസ്ഥാനാവശ്യങ്ങൾക്കുള്ള പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ളവരുടെ മുഴുവൻ ലിസ്റ്റും തയ്യാറാക്കണം.

## 19. ടോയ്ലറ്റ് നിർമ്മാണം

25,000 പട്ടികജാതി കുടുംബങ്ങൾക്ക് 25000 രൂപ വീതം ധനസഹായം നൽകുന്നു. നിബന്ധനകൾക്ക് മാറ്റമില്ല

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുകയും അർഹതപ്പെട്ടവരുടെ ലിസ്റ്റ് ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് നൽകുകയും വേണം. അനർഹരെ ഗ്രാമസഭ വഴി കണ്ടെത്തി ഒഴിവാക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി വാങ്ങൽ, വീടുവെക്കൽ, മറ്റ് അടിസ്ഥാനാവശ്യങ്ങൾക്കുള്ള പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ളവരുടെ മുഴുവൻ ലിസ്റ്റും തയ്യാറാക്കണം.

## 20. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി

50,000 രൂപയിൽ താഴെ വരുമാനമുള്ളവർക്ക് മാരകരോഗം, അത്യാഹിതം എന്നിവയ്ക്ക് 50,000 രൂപ നൽകുന്നു.

ഹൃദയ ശാസ്ത്രക്രിയ, ഗുരുതരമായ രോഗം എന്നിവയ്ക്ക് പരമാവധി ഒരു ലക്ഷം രൂപ അനുവദിക്കും.

മുകളിൽ സൂചിപ്പിച്ച നിബന്ധനകൾക്കൊപ്പം ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിതഫാറത്തിലുള്ള സാക്ഷ്യപത്രം സഹിതം, പട്ടികജാതി വികസന ഓഫീസർക്കോ, ബഹു. മന്ത്രിക്കോ നൽകാവുന്നതാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അവബോധം, അർഹതയുള്ളവരെ കണ്ടു പിടിക്കൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രോജക്ടുകളും, എൻ.ആർ.എച്ച്.എം ഇൻഷുറൻസ് പദ്ധതികളുമായി ഇവയെ ഏകോപിപ്പിക്കണം.

### 21. ഉദ്യോഗാർത്ഥികൾക്ക് യാത്രബത്ത

പി.എസ്.സി, യു.പി.എസ്.സി, വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളും, ഇന്റർവ്യൂവിനും പങ്കെടുക്കുവാൻ അർഹമായ യാത്രാപ്പടി അറ്റന്റൻസ്, സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. അപേക്ഷ സാക്ഷ്യപത്രങ്ങൾ സഹിതം ബന്ധപ്പെട്ട/ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകുക. തുക തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുക. അർഹതപ്പെട്ടവരെകൊണ്ട് അപേക്ഷ നൽകിക്കുക.

### 22. വിവാഹ ധനസഹായം

പെൺകുട്ടികൾക്ക് 50,000/ രൂപ വിവാഹധനസഹായമായി നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണ കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ പട്ടികജാതി വികസന ഓഫീസർ മുഖാന്തിരം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന് സ്കീമിനെക്കുറിച്ച് അവബോധം നൽകാം. ലിസ്റ്റ് ഗ്രാമസഭ വഴി തയ്യാറാക്കി ഡിപ്പാർട്ട്മെന്റിന് നൽകാം. അർഹത പരിശോധിക്കാം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന് ശേഷിക്കുന്നവർക്കായി പദ്ധതിയിൽ വക ഉൾകൊള്ളിച്ച് പ്രോജക്ടുകൾ തയ്യാറാക്കാം.

## 23. മിശ്ര വിവാഹിതർക്ക് ധനസഹായം

50 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതിയെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന് സ്കീമിനെക്കുറിച്ച് അവബോധം നൽകാം. ലിസ്റ്റ് ഗ്രാമസഭ വഴി തയ്യാറാക്കി ഡിപ്പാർട്ട്മെന്റിന് നൽകാം. അർഹത പരിശോധിക്കാം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന് ശേഷിക്കുന്നവർക്കായി പദ്ധതിയിൽ വക ഉൾകൊള്ളിച്ച് പ്രോജക്ടുകൾ തയ്യാറാക്കാം.

## 24. അമ്മയും കുഞ്ഞും പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവത്തിന് മുമ്പ് 6 മാസം മുതലും, പ്രസവശേഷം 6 മാസം വരെയും കുഞ്ഞുങ്ങൾക്ക് 6 മാസം മുതൽ 2 വയസ്സു വരെയും പോഷകാഹാരം നൽകുന്ന പദ്ധതിയാണിത്. ആദ്യത്തെ രണ്ടു പ്രസവത്തിന് മാത്രമാണ് ഈ സഹായം. അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്.

ഈ പദ്ധതിയ്ക്കുള്ള ഉത്തരവ് 6-6-12 ന് പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ട് ആരംഭിക്കുന്നതേയുള്ളു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുക, ലിസ്റ്റ് തയ്യാറാക്കി നൽകുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പോഷകാഹാര പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം.

## 25. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാവർഷവും ആചരിക്കുന്നു. ഈ കാലയളവിൽ, കോളനികൾ കേന്ദ്രീകരിച്ചുള്ള ശുചിത്വ പരിപാടികൾ,

മെഡിക്കൽ ക്യാമ്പുകൾ, വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ, പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടപ്പിലാക്കുന്നു. സംസ്ഥാനതല ഉദ്ഘാടനവും സമാപനവും നടത്തുന്നുണ്ട്. കൂടാതെ ജില്ലാ ബ്ലോക്ക് തലത്തിലും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. രണ്ടാഴ്ച നീണ്ടു നിൽക്കുന്ന ആഘോഷങ്ങളിൽ കൂടി പൊതു സമൂഹവും പട്ടിക ജാതി വിഭാഗങ്ങളുമായിട്ടുള്ള ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

# IV സാംസ്ക്കാരിക പരിപാടികൾ

## 26. നാടൻ കലാമേള

പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ തനതുകലകളെ പരിപോഷിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉൽപന്ന പ്രദർശന മേളയോടനുബന്ധിച്ച് കലാമേളയും സംഘടിപ്പിക്കുന്നു. ഒരു വർഷം രണ്ടു സ്ഥലങ്ങളിലായി പരിപാടി സംഘടിപ്പിക്കുന്നുണ്ട്. മറ്റുവിവരങ്ങൾ നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രദർശന കലാമേള സംഘടിപ്പിക്കുന്നതിനുവേണ്ട പ്രചരണവും നേതൃത്വവും നൽകുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പട്ടികജാതി/വർഗ്ഗക്കാരുടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ കലാസാംസ്ക്കാരികമേള പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

## 27. അംബേദ്ക്കർ ജയന്തി/അയ്യങ്കാളി ജയന്തി ആചരണം

ഏപ്രിൽ 14-ാം തിയ്യതി അംബേദ്ക്കറുടെയും ചിങ്ങമാസത്തിലെ അവിട്ടം നാളിൽ ശ്രീ അയ്യങ്കാളിയുടേയും ജന്മദിനങ്ങൾ വകുപ്പ് ആചരിക്കുന്നുണ്ട്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രചാരണം, മത്സരം സംഘടിപ്പിക്കൽ ഇവയുടെ നേതൃത്വം പഞ്ചായത്ത് കമ്മിറ്റിയ്ക്ക് രൂപീകരിക്കാം. ഫണ്ട് ആവശ്യമെന്ന് കണ്ടാൽ നൽകാം.

## 28. ഡോ. ബി. ആർ അംബേദ്ക്കർ മാധ്യമ അവാർഡ്

പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും അവാർഡ് നൽകുന്നു. അച്ചടി

(30,000 രൂപ), ദൃശ്യമാധ്യമം (30,000/-), റേഡിയോ റിപ്പോർട്ട് (15,000/-) എന്നിങ്ങനെ ക്യാഷും ഫലകവും നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രചാരണം, മത്സരം സംഘടിപ്പിക്കൽ ഇവയുടെ നേതൃത്വം പഞ്ചായത്ത് കമ്മിറ്റിയിൽ രൂപീകരിക്കുക. ഫണ്ട് ആവശ്യമെന്ന് കണ്ടാൽ നൽകാം.

## 29. സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രാന്റ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000/ രൂപ വരെ നൽകുന്നു. മൗലിക രചനകളുടെ രണ്ടു കോപ്പികൾ, സർട്ടിഫിക്കറ്റുകൾ സഹിതം ചീഫ് പബ്ലിസിറ്റി ഓഫീസർ, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രചാരണം, മത്സരം സംഘടിപ്പിക്കൽ ഇവയുടെ നേതൃത്വം പഞ്ചായത്ത് കമ്മിറ്റിയിൽ രൂപീകരിക്കുക. ഫണ്ട് ആവശ്യമെന്ന് കണ്ടാൽ നൽകാം.

## 30. പടവുകൾ മാസിക

പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും, വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും വേണ്ടിയുള്ളതാണ് പടവുകൾ മാസിക.കൂടുതൽ വിവരങ്ങൾക്ക് ചീഫ് പബ്ലിസിറ്റി ഓഫീസറുമായി ബന്ധപ്പെടുക. ഫോൺ 0471-2315375, 2737214, മൊബൈൽ - 9447461408

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രചാരണം, മത്സരം സംഘടിപ്പിക്കൽ ഇവയുടെ നേതൃത്വം പഞ്ചായത്ത് കമ്മിറ്റിയിൽ രൂപീകരിക്കുക. ഫണ്ട് ആവശ്യമെന്ന് കണ്ടാൽ നൽകാം.

## 31. സാഹിത്യ ശിൽപശാല

പട്ടികവിഭാഗത്തിലും ഇതര വിഭാഗത്തിലും പെട്ട സാഹിത്യകാരൻമാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി വർഷം തോറും സാഹിത്യ ശിൽപശാല സംഘടിപ്പിക്കുന്നു. 18 മുതൽ 35 വയസ്സുവരെ പ്രായമുള്ള 50 പേർക്ക് ശിൽപശാലയിൽ പങ്കെടുക്കാം. താമസം, ഭക്ഷണം, യാത്രാബത്ത എന്നിവ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ചീഫ് പബ്ലിസിറ്റി ഓഫീസറുമായി ബന്ധപ്പെടുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രചാരണം, മത്സരം സംഘടിപ്പിക്കൽ ഇവയുടെ നേതൃത്വം പഞ്ചായത്ത് കമ്മിറ്റിയിൽ രൂപീകരിക്കുക. ഫണ്ട് ആവശ്യമെന്ന് കണ്ടാൽ നൽകാം.

## V. നിയമാധിഷ്ഠിത സേവനങ്ങൾ

### 32. 1955 ലെ പൗരാവകാശ സംരക്ഷണ നിയമം

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നു. മികച്ച മാധ്യമ റിപ്പോർട്ടിനുള്ള അവാർഡ്, സാമൂഹ്യ പ്രവർത്തകർക്കുള്ള അവാർഡ് എന്നിവ നൽകുന്നു. കൂടാതെ സാംസ്ക്കാരിക ജാഥകൾ, മത്സരങ്ങൾ, റാലികൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ചീഫ് പബ്ലിസിറ്റി ഓഫീസറുമായി ബന്ധപ്പെടുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സാമൂഹ്യ തിന്മകൾക്കെതിരെ പൗരബോധം വളർത്തുക, പ്രചാരണം നടത്തുക, ഗ്രാമസഭ വഴി അവബോധം നൽകുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ ബോധവൽക്കരണ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം.

### 33. 1989 ലെ അതിക്രമം തടയൽ നിയമം

50 ശതമാനം കേന്ദ്രസഹായം നൽകുന്നത് കൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കേസ് നടത്തിപ്പിനും അതിക്രമങ്ങൾക്ക് ഇരയായവർക്കും സാമ്പത്തിക സഹായം രജിസ്റ്റർ ചെയ്യുന്നത് മുതൽ നിശ്ചിത ശതമാനം തുക മുൻകൂറായും കേസ് തീർപ്പാക്കുന്ന മുറയ്ക്ക് മുഴുവൻ തുകയും ലഭ്യമാക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസറെ സമീപിക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭ വഴി എല്ലാവർക്കും അവബോധം നൽകൽ, കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിന് സഹായിക്കൽ, കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതികളുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ ജാഗ്രതാ സമിതി, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവയുമായി ഇതിനെ ഏകോപിപ്പിക്കണം.

# XVIII.

## പട്ടികവർഗ്ഗ വികസനം



കേരളത്തിലെ 36 വിഭാഗങ്ങളായി തരംതിരിച്ചിട്ടുള്ള പട്ടിക വർഗ്ഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്ലാൻ ഫണ്ടിന്റെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടത്തുന്നത്. ഈ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായി അഞ്ചായി തരംതിരിക്കാം.

I. വിദ്യാഭ്യാസ പരിപാടികൾ

II. ആരോഗ്യ പദ്ധതികൾ

III. സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികൾ

IV. തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ

V. പുതിയ പദ്ധതികൾ

# I. വിദ്യാഭ്യാസ പരിപാടികൾ

<table>
<tr><th>ക്രമനമ്പർ</th><th>സ്കീം</th><th>ലക്ഷ്യങ്ങൾ</th></tr>
<tr><td>1</td><td>നഴ്സറി സ്കൂളുകൾ</td><td>13 നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും ടീച്ചർ/ആയ എന്നിവരുടെ ശമ്പളവും അലവൻസും, കുട്ടികളുടെ ഉച്ചഭക്ഷണം എന്നിവയ്ക്ക് നൽകുന്നു. ഓരോ കുട്ടിക്കും പ്രതിവർഷം 100 രൂപ ഗ്രാന്റായി നൽകുന്നു.</td></tr>
<tr><td>2</td><td>പ്രീ-മെട്രിക് വിദ്യാഭ്യാസം</td><td>എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് താഴെ പറയുന്ന നിരക്കിൽ ലംസം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു.
<table>
<tr><th>ക്രമ. നം.</th><th>ക്ലാസ്സ്</th><th>ലംസം ഗ്രാന്റ്</th><th>പ്രതിമാസ സ്റ്റൈപന്റ്</th></tr>
<tr><td>1</td><td>എൽപി. (1 മുതൽ 4 വരെ)</td><td>250</td><td>100</td></tr>
<tr><td>2</td><td>യു.പി. (5മുതൽ എഴ് വരെ)</td><td>500</td><td>125</td></tr>
<tr><td>3</td><td>ഹൈസ്കൂൾ750150</td><td></td><td></td></tr>
</table>
ഒരു ക്ലാസ്സിൽ തോറ്റ കുട്ടിയ്ക്ക് ലംപ്സം ഗ്രാന്റിന്റെ 50 ശതമാനം നൽകുന്നു. ഒരു മേശയും കസേരയും ഹൈസ്കൂൾ, ഹയർ സെക്കണ്ടറികളിൽ പഠിക്കുന്നവർക്ക് ഒരു പ്രാവിശ്യം നൽകുന്നു.</td></tr>
<tr><td>3</td><td>പോസ്റ്റ് മെട്രിക് പഠനം</td><td>പത്താംക്ലാസ്സ് കഴിഞ്ഞുള്ളവർക്ക് വരുമാന പരിധി ഇല്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപന്റും നൽകുന്നു. സർക്കാരോ, യൂണിവേഴ്സിറ്റിയോ അംഗീകരിച്ച കോഴ്സുകൾ ആകണം. കോളേജിൽ പഠിക്കുന്നവർക്ക് ഒരു പ്രാവശ്യം ഒരു മേശയും കസേരയും നൽകുന്നതാണ്.<br>
പ്ലസ്ടു/വൊക്കേഷണൽ ഹയർ സെക്കണ്ടറി - 900 രൂപ<br>
ബി.എ/ബി.എസ്സ്.സി/ബികോം/ബി.എഡ്/തത്തുല്യം - 950 രൂപ<br>
എം.എ/എം.എസ്സ്.സി/എം.കോം/തത്തുല്യം - 1250 രൂപ<br>
എഞ്ചിനീയറിംഗ്/വെറ്ററിനറി/അഗ്രികൾച്ചർ - 1500 രൂപ<br>
എം.ബി.ബി.എസ്/എം.എസ്/എം.ഡി - 2500 രൂപ<br>
പ്രതിമാസ സ്റ്റൈപന്റ് 8 കിലോമീറ്ററിനുള്ളിൽ 500 രൂപയും അതിനു പുറത്തുള്ളവർക്ക് 600 രൂപയും നൽകുന്നു. കോളേജ് ഹോസ്റ്റലുകളിലും അംഗീകൃത ഹോസ്റ്റലുകളിലും പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും, പോക്കറ്റ്മണിയും (100 രൂപ, 150 രൂപ) നൽകുന്നു.</td></tr>
</table>

| | | |
|---|---|---|
| 4 | **വസ്ത്ര വിതരണം** | ട്രൈബൽ/വെൽഫെയർ സ്കൂളിൽ പഠിക്കുന്ന എൽ. പി വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ടു ജോഡി യൂണിഫോം നൽകുന്നു. (ഒരു കുട്ടിക്ക് 500 രൂപ വീതം) |
| 5 | **ബോർഡിംഗിനുള്ള ധനസഹായം** | വകുപ്പിന്റെ അംഗീകാരമുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലിലെ അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. 1 മുതൽ 10 വരെ 700 രൂപ ബോർഡിംഗ് ഗ്രാന്റ് 500 രൂപ യൂണിഫോം പ്രതിവർഷം പ്ലസ് 1, പ്ലസ് 2 800 രൂപ ഗ്രാന്റ് 700 യൂണിഫോംക്ലാസുകൾക്ക് |
| 6 | **മാതാപിതാക്കൾക്ക് പ്രോത്സാഹനം** | എൽ.പി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് 50 രൂപ നിരക്കിൽ 10 മാസത്തേക്ക് 500 രൂപ നൽകുന്നു. |
| 7 | **സ്കൂളിൽ പഠിക്കുന്നവർക്കും, പരാജിതരായവർക്കും വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി** | ഹൈസ്ക്കൂൾ, 11,12 ക്ലാസ്സിലുള്ളവർക്കാണ് അടുത്തുള്ള പാരലൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിലേക്കായി പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷാകർത്താക്കൾക്ക് നേരിട്ട് നൽകുന്നു. കൂടാതെ ജില്ലാ ഓഫീസർമാരുടെ മേൽനോട്ടത്തിൽ ജനവരി ഫെബ്രുവരി മാസങ്ങളിൽ തീവ്ര പരിശീലന ക്ലാസ്സുകൾ, നെഹ്റു യുവകേന്ദ്രം നടപ്പാക്കുന്ന ഗിരിവികാസ്, അട്ടപ്പാടി ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടപ്പാക്കുന്ന ഗുരുകുലം പദ്ധതി എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 8 | **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം** | അക്കാഡമിക്-കലാ-കായിക മത്സരങ്ങളിലെ ഉന്നത വിജയികൾക്ക്<br>എസ്.എസ്.എൽ.സി - 3000 രൂപ }<br>പ്ലസ് 2 - 4000 രൂപ } ഗ്രേഡിന്റെ അടിസ്ഥാനത്തിൽ<br>ബിരുദം - 4500 രൂപ }<br>ബിരുദാനന്തര ബിരുദം - 6000 രൂപ } ഒന്നാം ക്ലാസ്സ് ലഭിക്കുന്നവർക്ക്<br>ബിരുദ കോഴ്സുകളിൽ ഒന്നാം ക്ലാസിൽ താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ 5 വിദ്യാർത്ഥികൾക്കും, മറ്റു ജില്ലകളിലെ 2 വിദ്യാർത്ഥികൾക്ക് വീതവും, 3000 രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നു. |
| 9 | **അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പരിപാടി** | വിശദാംശങ്ങൾ പട്ടികജാതി വകുപ്പിന്റെ പദ്ധതികളിൽ പരാമർശിച്ചിട്ടുണ്ട്. |
| 10 | **പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥലം വാങ്ങൽ** | സ്വന്തമായി സ്ഥലമില്ലാത്ത 37 ഹോസ്റ്റലുകൾക്ക് സ്ഥലം വാങ്ങാൻ പദ്ധതി ഉണ്ട്. കെട്ടിട നിർമ്മാണം തുടങ്ങിയവ കേന്ദ്രാവിഷ്കൃത കൈപുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 11 | **പോസ്റ്റ് മെട്രിക് ഹോസ്റ്റൽ** | തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവൃത്തി നടക്കുന്നുണ്ട്. താമസം, ഭക്ഷണം എന്നിവ വകുപ്പ് വഹിക്കുന്നു. വയനാട് ജില്ലയിൽ ശ്രീ.പി.കെ കാളൻ സ്മാരക അപ്ലൈഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്കായി രണ്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതാണ്. |
| 12 | **വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ** | 13 മാതൃക പരിശീലന കേന്ദ്രങ്ങൾ പ്രവൃത്തിക്കുന്നുണ്ട്. തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ പരിശീലനം നൽകുന്നു. |
| 13 | **ഉൽപ്പാദനപരിശീലന കേന്ദ്രം** | നെയ്ത്തിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ചേനംപ്പാറയിൽ ഒരു ഉൽപാദന പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. |
| 14 | **വിദ്യാർത്ഥികളുടെ വിനോദയാത്രക്കുള്ള സഹായം** | പ്ലസ് ടു, ഡിഗ്രി, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്നവർക്ക് സ്കൂൾ-കോളേജിൽ നിന്നും പോകുന്ന വിനോദയാത്രക്ക് ധനസഹായം നൽകും. ഇതിൽ ഭാരത ദർശൻ യാത്രയും ഉൾപ്പെടും. |

## നിർവ്വഹണം

നിലവിൽ വിദ്യാഭ്യാസ പദ്ധതികളുടെ നിർവ്വഹണം ബന്ധപ്പെട്ട റ്റി.ഡി.ഒ/പ്രോജക്ട് ഓഫീസർമാർ നിർവ്വഹിക്കുന്നു. വിവിധ കോഴ്സുകളുടെ അറിയിപ്പുകൾ പ്രമോട്ടർമാർ മുഖാന്തിരം നിർവ്വഹിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ പരിപാടികൾ ഊരുക്കൂട്ട സമയത്ത് വിവരിച്ച് കൊടുക്കാവുന്നതും അനുയോജ്യരായ വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകുന്ന വിദ്യാഭ്യാസ പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ വേണ്ട ഉപദേശം നൽകുവാനും, വകുപ്പിന് കഴിയാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതുമാണ്.

അർഹരായ എല്ലാ കുട്ടികളും കോഴ്സിൽ ചേർന്നുവെന്നും ആനുകൂല്യങ്ങൾ യഥാവിധി ലഭ്യമാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താം. ഊരുകൂട്ടങ്ങൾ, ഗ്രാമസഭകൾ എന്നിവയിൽ ടി കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കണം. അപാകതകൾ വകുപ്പിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ശ്രദ്ധയിൽ യഥാസമയം കൊണ്ടു വരണം.

ഇങ്ങനെ നടപ്പിലാക്കുന്ന വിവിധങ്ങളായ കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസ പദ്ധതികൾ പരിശോധിച്ച് ആവശ്യമുള്ളിടത്ത് മറ്റു പദ്ധതികളുമായി സംയോജിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ആരായണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുർബലരായ ഒന്നാംതലമുറ സൃഷ്ടിക്കപ്പെടാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മറ്റു പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിയും വിദ്യാഭ്യാസ പ്രോജക്ടുകളുമായും ഇവയെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തുന്ന പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിലയിരുത്തലിന് വിധേയമാക്കണം.

## II. ആരോഗ്യ പദ്ധതികൾ

| | | |
|---|---|---|
| 15 | **വൈദ്യസഹായ ഘടകങ്ങൾ (മെഡിക്കൽ യൂണിറ്റുകൾ)** | 17 ആയ്യൂർവ്വേദ ഡിസ്പെൻസറികൾ, 2 മിഡൈ്വഫറി സെന്ററുകൾ, 1 ആയ്യൂർവ്വേദാശുപത്രി എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും രോഗികളുടെ ചികിത്സാ ചിലവിനുമായി 212.70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (സംസ്ഥാന ഫണ്ട്) |
| 16 | **സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ** | നെടുമങ്ങാട്, തൊടുപുഴ എന്നീ സ്ഥലങ്ങളിൽ രണ്ടു മൊബൈൽ യൂണിറ്റ് ഉണ്ട്. 13-ാം ധനകാര്യകമ്മീഷന്റെ അവാർഡിനെ തുടർന്ന് കേരളത്തിലെ അഞ്ച് പ്രത്യേക ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതിയിക്ക് വേണ്ടി മാനന്തവാടി, സുൽത്താൻബത്തേരി, കൽപ്പറ്റ, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിൽ മൊബൈൽ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പും എൻ.ആർ.എച്ച്.എമ്മും പട്ടികവർക്ഷ മേഖലയിൽ മൊബൈൽ യൂണിറ്റുകൾ നടത്തുന്നുണ്ട്. |
| 17 | **മാനന്തവാടി, അട്ടപ്പാടി, ഇടുക്കി, ചാലക്കുടി ആരോഗ്യപദ്ധതികൾ** | 1989-90 ൽ ആരംഭിച്ച ഈ പദ്ധതിയിൽ പട്ടികവർക്ഷക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, സിക്കിൾ സെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. നിയന്ത്രണം ആരോഗ്യവകുപ്പിന്. |
| 18 | **അട്ടപ്പാടി ആരോഗ്യ പദ്ധതി** | ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

| | | |
|---|---|---|
| 19 | **വിവിധരോഗങ്ങൾ ബാധിക്കുന്നവരുടെ ചികിത്സയും പുനരധിവാസവും** | ഗുണമേന്മയുള്ള ചികിത്സ ലഭിക്കുന്നതിനുള്ള പദ്ധതി. രോഗികളെ ആശുപത്രിയിൽ എത്തിക്കുക, പോഷകാഹാരം നൽകുക, ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ നൽകുക, മെഡിക്കൽ ക്യാമ്പുകൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ |
| 20 | **സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി** | സംസ്ഥാനത്തെ മുഴുവൻ ആദിവാസികൾക്കും സർക്കാർ ആശുപത്രിയിൽ ചികിത്സ നടത്തുമ്പോൾ 10,000 രൂപ വരെ സൗജന്യ ചികിത്സാ സഹായം ലഭിക്കുന്നു. 10,000 രൂപക്കു മുകളിൽ വരുന്ന ചികിത്സാ ചെലവ് ബി.പി.എൽ വിഭാഗത്തിന് മാത്രം. വ്യക്തിഗത കേസുകളിൽ 10,000 രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും, 50,000 രൂപ വരെ ആശുപത്രി വികസന സമിതിയും, 50,000 രൂപയ്ക്ക് മുകളിൽ സർക്കാർ അനുമതിയും ആവശ്യമാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ആർ.സി.സി, എം.സി.സി, ചിത്രാ മെഡിക്കൽ സെന്റർ, സഹകരണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രി/മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ, റ്റി.ഡി.ഒ എന്നിവരെ സമീപിക്കുകതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യവകുപ്പിന്റേയും പട്ടികവർഗ്ഗ വകുപ്പിന്റേയും സംയുക്ത നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ പദ്ധതികളും നടപ്പിലാക്കുന്നുണ്ടോ എന്ന് കൃത്യമായി മോണിറ്റർ ചെയ്ത് എൻ.ആർ.എച്ച്.എം പദ്ധതിയുമായി സംയോജിപ്പിച്ച് ഓരോ പ്രദേശത്തും നിലനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുവാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്. |

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് (വകുപ്പ് വഴി)

## നിർവ്വഹണം

വകുപ്പ് ഉദ്യാഗസ്ഥർ വഴി

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പട്ടികവർഗ്ഗ ഉപപദ്ധതിയിൻ കീഴിൽ തയ്യാറാക്കുന്ന പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ ഊരുകൂട്ട, ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുകയും ഒരു സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകുകയും ചെയ്യണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

മേൽ പദ്ധതികളും എൻ.ആർ.എച്ച്.എം പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം. വിടവുകൾ തദ്ദേശഭരണ പദ്ധതി വഴി പരിഹരിക്കണം.

| | | |
|---|---|---|
| 21 | **അടിയൻ, പണിയൻ, മറ്റ് പ്രത്യേക ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പാക്കേജ്** | ഈ വിഭാഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിട്ടുള്ള ആവശ്യധിഷ്ഠിത പദ്ധതികളാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.അട്ടപ്പാടി, മാനന്തവാടി, സുഗന്ധഗിരി(വയനാട്) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന അഗതി മന്ദിരങ്ങളും ഈ പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. പ്രത്യേക ദുർബല വിഭാഗങ്ങളുടെ 37 പെരിപ്പതറ്റിക്ക് വിദ്യാഭ്യാസ സെന്ററുകളുടെ പദ്ധതിയും നടപ്പിലാക്കുന്നുണ്ട് |
| 22 | **വർഷക്കാലത്ത് ജോലിക്ക് ആഹാരം നൽകുന്ന പരിപാടി** | ഊരുക്കൂട്ടങ്ങൾ മുഖേന ജൂൺ മുതൽ സെപ്തംബർ വരെയുള്ള 4 മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന തെരഞ്ഞെടുത്ത് ഭൂരഹിതരും ദരിദ്രരുമായ ഗുണഭോക്താക്കളെയാണ് പരിഗണിക്കുന്നത്. 40 രൂപ കൂലിയായും, ബാക്കി 60 രൂപ ഭക്ഷ്യധാന്യമായും നൽകുന്നു. |
| 23 | **ആദിവാസി പുനരധിവാസ മിഷൻ, പുനരധിവസിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ** | ഒരേക്കറെങ്കിലും ഭൂമി നൽകിയശേഷം, ഭവന നിർമ്മാണം അനുബന്ധ സൗകര്യങ്ങൾ, കൃഷിയ്ക്കുള്ള ജലസേചനം, സ്വയംതൊഴിൽ പദ്ധതികൾ ആരോഗ്യപരിപാലന പരിപാടികൾ എന്നിവ ഒരു സമഗ്ര പാക്കേജായി നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| 24 | **പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പരിപാടി** | ജില്ലാ ഓഫീസുകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും വരുന്ന അപേക്ഷകളാണ് പരിഗണിക്കുന്നത്. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് സ്വയം തൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ, ശുദ്ധജല വിതരണവും ശുചിത്വവും, റോഡുകൾ, പാലങ്ങൾ, നടപ്പാലങ്ങളുടെ നിർമ്മാണം, വൈദ്യുതി, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ പുരോഗതി, തൊഴിലധിഷ്ഠിത കോഴ്സുകൾ, ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുക എന്നിവ ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാതല ഓഫീസർ മുഖേന ലഭ്യമാണ്.ഉപപദ്ധതി വിഹിതം ഫലപ്രദമായി നടപ്പിലാക്കുവാൻ ഒരു പ്രോജക്ട് സമീപനം അനിവാര്യമാണ്. |
| 25 | **ഭവന നിർമ്മാണ ഗ്രാന്റ്** | 2,50,000 രൂപ ഭവന നിർമ്മാണ ഗ്രാന്റായി നൽകുന്നു. നടപ്പുവർഷം 1000 വീട് നിർമ്മിക്കുന്നതാണ്. |

| | | |
|---|---|---|
| 26 | **പെൺകുട്ടികൾക്ക് വിവാഹ ധനസഹായം** | വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പെൺമക്കൾക്ക് നൽകുന്ന ധനസഹായം |
| 27 | **ചിങ്ങേരി വികസന പദ്ധതി** | വയനാട് ജില്ലയിലെ ചിങ്ങേരി കോളനികളുടെ മേൽനോട്ട നിർവ്വഹണം നടത്തുന്ന ജീവനക്കാരുടെ ശമ്പളം, കോളനിയിലെ തൊഴിലാളികളുടെ കൂലി തുടങ്ങിയവയ്ക്ക് വേണ്ടിയാണ് ഈ പദ്ധതി |
| 28 | **പട്ടികവർഗ്ഗ പ്രമോട്ടർമാർ** | 4000 രൂപ ഹോണറേറിയം നൽകി യുവതീ-യുവാക്കളെ നിയമിക്കുന്നു. പട്ടികവർഗ്ഗക്കാർ ഉള്ള പഞ്ചായത്തുകളിൽ വികസനത്തിന്റെ പ്രധാന കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും ഇതര വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ബോധവൽക്കരിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ |
| 29 | **ഊരുകൂട്ട രൂപീകരണവും പരിശീലനവും** | പട്ടികവർഗ്ഗ മൂപ്പൻ/വോളന്റിയർമാർക്ക് ഊരുകളിൽ സംഘാടനം നടത്തുന്നതിന് വേണ്ടി പരിശീലനം നൽകുന്നു. പങ്കാളിത്ത രീതിയിൽ സൂക്ഷ്മതലത്തിലുള്ള ആസൂത്രണം ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, വികസന പ്രവർത്തനങ്ങൾ, പങ്കാളിത്തരീതിയിൽ മോണിറ്ററിംഗും, അവലോകനവും തുടങ്ങിയ കാര്യങ്ങളിലാണ് പരിശീലനം |
| 30 | **പട്ടികവർഗ്ഗ കലാ വ്യാപാരമേള** | പാരമ്പര്യ കലാമേളകളും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മേളകളും സംഘടിപ്പിക്കപ്പെടുന്നു. |
| 31 | **ഇൻഫർമേഷൻ എഡ്യുക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ പ്രോജക്ട്** | സാംസ്ക്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, നാടൻ കലോൽസവങ്ങൾ, മദ്യവിരുദ്ധ പ്രചരണം തുടങ്ങിയവ സംഘടിപ്പിക്കുന്നതാണ്. വകുപ്പ് പ്രസിദ്ധീകരിക്കുന്ന പടവുകൾ മാസിക പ്രമോട്ടർ മുഖാന്തിരം ഊരുകളിൽ എത്തിക്കുക |
| 32 | **പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെട്ട സ്കീമുകളുടെ മോണിറ്ററിംഗും** | സർക്കാർ അംഗീകരിച്ച സമഗ്രമായ ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനും, ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറിൽ പരിശീലനം നൽകുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. |
| 33 | **അനാഥകുട്ടികളുടെ സംരക്ഷണം** | പ്രായപൂർത്തിയാകുന്നതുവരെ അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസവും മറ്റു ജീവിത ചെലവുകളും വകുപ്പ് ഏറ്റെടുക്കുന്നതാണ്. |

## III. സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികൾ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## നിർവ്വഹണം

വകുപ്പ് ഉദ്യാഗസ്ഥർ വഴി

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നടക്കുന്ന ഗ്രാമസഭ/വാർഡ്സഭ, ഊരുകൂട്ടം എന്നിവയിൽ നിരവധി വികസന പ്രശ്നങ്ങളാണ് ഉന്നയിക്കപ്പെടുന്നത്. അവയെല്ലാം തരംതിരിച്ച് ത്രിതലം വഴി നടപ്പിലാക്കേണ്ടത്. പട്ടികവർഗ്ഗ വകുപ്പ്, മറ്റ് വികസന വകുപ്പുകൾ എന്നീ ഏജൻസികൾക്ക് സമയബന്ധിതമായി നൽകുകയും പിന്നീട് ഊര്കൂട്ട യോഗങ്ങൾ സംഘടിപ്പിക്കുമ്പോൾ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമാണെന്നും ധരിപ്പിക്കേണ്ടതാണ്.

മേൽ സ്കീമുകൾ എല്ലാം തന്നെ ഊരുകൂട്ടം, ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കണം. അർഹതപ്പെട്ട എല്ലാവരും ടി സ്കീമുകളിൽ ഉൾപെട്ടുവെന്ന് ഉറപ്പുവരുത്തണം. വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

വകുപ്പ് പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും തദ്ദേശ രണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുമ്പോൾ ചർച്ച ചെയ്യുകയും വിടവുകൾ നികത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുകയും ഇരട്ടിപ്പ് ഒഴിവാക്കുകയും വിവരങ്ങൾ പദ്ധതിരേഖയിൽ പ്രതിപാദിക്കുകയും ചെയ്യണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആരെല്ലാം ഏത് സ്കീമിൽ ഉൾപെടുന്നുവെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയണം. വിട്ടുപോയവരെ കണ്ടുപിടിച്ച് സ്കീമുകളിൽ കൊണ്ടുവരണം.

# IV. തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 34 | **ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ** | വയനാടിലെ പ്രിയദർശിനി തേയിലതോട്ടം, അട്ടപ്പാടിയിലെ ഫാമിംഗ് സൊസൈറ്റി, വട്ടലുക്കി ഗിരിജൻ സഹകരണ ഫാമിംഗ് സൊസൈറ്റി എന്നീ ഫാമുകളുടെ പുനരുദ്ധാരണത്തിനും പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| 35 | **പട്ടിക വർഗ്ഗമേഖലകളിൽ കുടുംബശ്രീ പരിപാടി** | കുടുംബശ്രീ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പട്ടിക വർഗ്ഗ വനിതകൾക്ക് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി വകുപ്പ് പ്രത്യേകഫണ്ട് വകയിരുത്തുന്നു. ശാക്തീകരണം, സ്വയംതൊഴിൽ സാദ്ധ്യതകൾ മറ്റു ആനുകൂല്യങ്ങൾ എന്നിവ നേടിയെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വ്യക്തമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു. |
| 36 | **അംബേദ്കർ മെമ്മോറിയൽ റൂറൽ ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ധനസഹായം** | വയനാട് ജില്ലയിലെകൽപ്പറ്റയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ യുവതി-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. തയ്യൽ, ടൈപ്പ്റൈറ്റിംഗ്, കരകൗശലം, പ്രിന്റിംഗ് തുടങ്ങിയവയ്ക്ക് പരിശീലനം നൽകുന്നു. |
| 37 | **വനത്തിനുള്ളിൽ വസിക്കുന്നവരുടെ സമഗ്ര വികസനം** | 671 സങ്കേതങ്ങളിലായി 73,500 പേർ വനത്തിനുള്ളിൽ താമസിക്കുന്നുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിരവരുമാനം, അടിസ്ഥാന സൗകര്യങ്ങൾ, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം, ആരോഗ്യ പരിരക്ഷ, പ്രകൃതിദത്തമായ വാസസ്ഥലങ്ങൾ സംരക്ഷിക്കുക എന്നീ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. |
| 38 | **പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം** | ചെറുകിട വനവിഭവശേഖരണം നടത്തുന്ന പട്ടിക വർക്ഷ സഹകരണ സംഘങ്ങൾ ഒഴികെയുള്ള സംഘങ്ങളുടെ ശാക്തീകരണം, പുനസംഘാടനം എന്നിവയ്ക്കുള്ളതാണ് ഈ പദ്ധതി. കൃഷി, വ്യവസായം, കയർ, മറ്റു പാരമ്പര്യ തൊഴിലുകൾ എന്നിവയുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. |
| 39 | **ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനവും അനുബന്ധ പദ്ധതികളും** | യു.പി. എസ്സ്.സി, പി.എസ്.സി, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, വിവിധ പൊതുമേഖലാ പരീക്ഷാ ബോർഡുകൾ എന്നിവ നടത്തുന്ന മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് - കോച്ചിംഗ് ക്ലാസുകൾ സംഘാടിപ്പിച്ച് പ്രാപ്തരാക്കുക. |

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## നിർവ്വഹണം

വകുപ്പ് ഉദ്യോഗസ്ഥർ വഴി

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടി അനുവദിക്കപ്പെടുന്ന മുഴുവൻ തുകയും ചെലവഴിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട മുന്നൊരുക്കവും പിന്തുണയും നൽകേണ്ടതാണ്.

വകുപ്പിന്റെ സ്കീമുകൾ ചർച്ച ചെയ്ത് ത്രിതല പഞ്ചായത്തുകളുടെ സ്വയം തൊഴിൽ സ്കീമുകൾ തയ്യാറാക്കണം. ഗുണഭോക്താക്കൾ എല്ലാം അർഹരെന്ന് ഊരുകൂട്ടങ്ങളിലും ഗ്രാമസഭകളിലും ഉറപ്പാക്കണം. വിട്ടുപോയവരെ കണ്ടു പിടിക്കണം.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വകുപ്പ് സ്കീമുകൾ കണ്ടറിഞ്ഞ് ത്രിതല പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കണം. വിട്ടുപോയവരെ ഇവയിൽ ഉൾക്കൊള്ളിച്ച് വിടവുകൾ നികത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംതൊഴിൽ പദ്ധതികളുമായി ഇതിനെ ബന്ധിപ്പിക്കണം. പദ്ധതിരേഖയിൽ കാര്യങ്ങൾ പ്രതിപാദിക്കണം.

| | | |
|---|---|---|
| 40 | **വിപുലമായ അടിസ്ഥാന വിവരങ്ങളുടെ സംരക്ഷണം** | 11-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ പട്ടിക വർഗ വിഭാഗങ്ങളുടെ ഊരുകളുടെയും, കുടുംബങ്ങളുടെയും അടിസ്ഥാന വിവരശേഖരണം നടത്തി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വെ കണ്ടെത്തിയ പ്രധാനപ്പെട്ട വികസന പ്രശ്നങ്ങൾ, സാദ്ധ്യതകൾ എന്നിവ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ആസൂത്രണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട എല്ലാ വകുപ്പുകളും പ്രയോജനപ്പെടുത്തേണ്ടതാണ്. |
| 41 | **പട്ടികവർഗ ക്ഷേമത്തിന് വേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ** | കൗൺസലിംഗ്, സെമിനാറുകൾ എന്നിവയിൽ കൂടി മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ദോഷവശങ്ങൾ ബോധ്യപ്പെടുത്തുക. തുടക്കത്തിൽ വയനാട് ജില്ലയിൽ ഈ പരിപാടി ആരംഭിക്കുവാനും പിന്നീട് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത് |
| 42 | **വനിതകൾക്ക് ഓട്ടോറിക്ഷ പരിശീലനം** | തൊഴിൽരഹിതരായ 500 വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള പദ്ധതിയാണ്. |
| 43 | **ഐഡന്റിറ്റി കാർഡ് വിതരണം** | സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് തിരിച്ചറിയൽ രേഖയായി ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്. |
| 44 | **അരിവാൾ രോഗം ബാധിച്ചവർക്ക് ധനസഹായ പദ്ധതി** | വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ അരിവാൾ രോഗം ബാധിച്ചവർക്ക് പോഷകാഹാരവും മരുന്നും വാങ്ങുന്നതിന് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് ഈ സാമ്പത്തിക വർഷം മുതൽ പരിപാടിയിട്ടിട്ടുണ്ട്. |

| | | |
|---|---|---|
| 45 | **പാരമ്പര്യ വൈദ്യ പഠന കേന്ദ്രം** | തിരുവനന്തപുരത്തെ വിതുരയിൽ ഒരു പാരമ്പര്യ വൈദ്യ പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്ന് വരുന്നുണ്ട്. വംശീയ വൈദ്യത്തെ വരും തലമുറയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുത്താനും ലക്ഷ്യമിടുന്നുണ്ട്. |
| 46 | **ലാപ്പ്ടോപ്പ്** | പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവർക്കും, എം.സി.എ, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രണ്ടാംവർഷം ലാപ്പ്ടോപ്പ് വകുപ്പ് നൽകുന്നു. |

## V. പുതിയ പദ്ധതികൾ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

### നിർവ്വഹണം

വകുപ്പ് ഉദ്യാഗസ്ഥർ വഴി

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ പ്രയോജനം വേഗത്തിൽ ലഭ്യമാക്കാൻ വേണ്ട പ്രചരണം നടത്തേണ്ടതാണ്. പ്രമോട്ടർമാരുടെ സേവനം ഇതുവഴി കാര്യക്ഷമമാക്കാൻ കഴിയുന്നതുമാണ്.

ഊരുകൂട്ടം, ഗ്രാമസഭകൾ വഴി മേൽ സ്കീമുകളെക്കുറിച്ച് അവബോധം നൽകൽ. മേൽ സഹായങ്ങൾ ആവശ്യമുള്ളവരെ കണ്ടുപിടിച്ച് അർഹരാക്കാൻ വകുപ്പിന് വേണ്ട നിർദ്ദേശവും സഹായവും നൽകൽ.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം,സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നതാണ് പൗരബോധം, സാമൂഹ്യ തിൻമകൾ ഇല്ലാതാക്കൽ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ, ചൂഷണം തടയൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കാം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ ഉപപദ്ധതിയുമായും വനിത, സ്വയംതൊഴിൽ പദ്ധതികളുമായും ഇവയെ ഏകോപിപ്പിക്കണം. നിലനിൽക്കുന്ന വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ കൂടി പരിഹരിക്കണം. പഞ്ചവത്സര,വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ ടി വിവരങ്ങൾ പദ്ധതിരേഖയിൽ പ്രതിപാദിക്കണം.

# XIX

# സാമൂഹ്യനീതി വകുപ്പ് (സാമൂഹ്യക്ഷേമം)



## ആമുഖം

സമൂഹത്തിൽ ദാരിദ്ര്യം, അജ്ഞത, അസമത്വം, ന്യൂനക്ഷത, പ്രായാധിക്യം തുടങ്ങിയ അവശതയനുഭവിക്കുന്നവരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധ്യമല്ലെങ്കിലും അങ്ങിനെയുള്ളവർക്ക് ആശ്വാസം പകരുകയും പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികൾക്കും സ്ത്രീകൾക്കും അവകാശാധിഷ്ഠിതമായ സാമൂഹ്യനീതി ഉറപ്പാക്കുകയുമാണ് സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ ലക്ഷ്യം. 6 വയസ്സിന് താഴെയുള്ള ശിശുക്കളുടെ സമഗ്രവികസനം ഉറപ്പാക്കൽ , കൗമാരപ്രായ പെൺകുട്ടികളുടെ പുരോഗതി, സ്ത്രീകളുടെ ക്ഷേമം , വയോജനങ്ങൾ, വിഭിന്നശേഷിയുള്ളവർ, അനാഥത്വം നേരിടുന്നവർ, പ്രത്യേകപരിരക്ഷ ആവശ്യമുള്ള കുട്ടികൾ, പരിരക്ഷ ആവശ്യമുള്ള സ്ത്രീകൾ എന്നിവർക്കാവശ്യമായ സേവനങ്ങളും പുനരധിവാസവും സമൂഹത്തിന്റെയോ, സാമൂഹ്യനീതിയുടെയോ ഭാഗമാണ്.

പഞ്ചായത്ത്‌രാജ് നഗരപാലികാ നിയമമനുസരിച്ചുള്ള തദ്ദേശസ്വയംഭരണ സർക്കാരുകളുടെ ചുമതലകളിൽ ഉൾപ്പെടുന്ന വിഷയമാണ് എന്നത് ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനതലത്തിൽ നേരിട്ടും , വിവിധ തട്ടുകളിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിലും നടത്തപ്പെടുന്ന മുഴുവൻ ക്ഷേമ സേവനങ്ങ

ളും ഉപയുക്തമാക്കിയാൽ മാത്രമെ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ ഈ രംഗത്ത് വിജയകരമായി നിർവ്വഹിക്കാൻ കഴിയു. ഇതോടൊപ്പം അവശതയനുഭവിക്കുന്നവരുടെ സുരക്ഷക്കായുള്ള അതിപ്രധാനമായ നിയമങ്ങൾ (ബാലനിയമം, വികലാംഗജനനിയമം, രക്ഷാകർതൃസംരക്ഷണനിയമം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം, അനാഥാലയ നിയന്ത്രണ നിയമം, ദത്തെടുക്കൽ നിയമപാലനം തുടങ്ങിയവ) പരിപാലിക്കപ്പെടുന്നു എന്ന തദ്ദേശസർക്കാരുകൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ നിയമങ്ങൾ നടപ്പാക്കുന്നതിനുള്ള നേതൃത്വ ചുമതല ( Nodel agency) സാമൂഹ്യനീതി വകുപ്പിനാണെന്നതിനാൽ സാമൂഹ്യക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് സ്കീമുകളും സ്ഥാപനസേവനങ്ങളും തദ്ദേശസർക്കാരുകൾ ഉപയുക്തമാക്കുന്നത് അനിവാര്യമാണ്.

## സാമൂഹ്യക്ഷമം അഥവാ സാമൂഹ്യനീതി വകുപ്പിന്റെ അതിപ്രധാന സേവനങ്ങൾ

- ക്ഷേമസുരക്ഷ സ്ഥാപനങ്ങൾ, മഹിളാമന്ദിരം, വൃദ്ധമന്ദിരം, ആശാഭവൻ, പ്രതീക്ഷ ഭവൻ, വികലാംഗസദനം, പ്രത്യാശ ഭവൻ
- സംയോജിത ശിശുവികസന സേവനപരിപാടിയും അനുബന്ധസേവനങ്ങളും
- ബാലനീതി നിയമവുമായി ബന്ധപ്പെട്ട ബാലക്ഷേമസമിതികൾ, ജൂവനൈൽ ജസ്റ്റീസ് ബോർഡ്, ദത്തെടുക്കൽ നടത്തിപ്പ്, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, പ്ലേയ്സ് ഓഫ് സേഫ്റ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ നടത്തിപ്പ്
- ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ പരിപാടിയും ചൈൽഡ്ലൈൻ , മിസിംഗ് ചൈൽഡ് സേവനസഹായങ്ങളും
- നല്ല നടപ്പ് ജാമ്യവുമായി ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർസേവനം
- വിഭിന്നശേഷിയുള്ളവർക്കായുള്ള തിരിച്ചറിയൽ കാർഡ് പോളിസിതല പ്രവർത്തനങ്ങൾ, കേന്ദ്രസർക്കാർ ഗ്രാന്റ് പരിശോധന, വികലാംഗജന നിയമ കോംപിറ്റന്റ് അതോറിറ്റി
- അനാഥാലയം, വയോജന ഭവനങ്ങൾ എന്നിവയുടെ ഗ്രാന്റ്
- വൃദ്ധരായ മാതാപിതാക്കൾക്കായുള്ള നിയമസംരക്ഷണ സേവനം
- സാമൂഹ്യസുരക്ഷാമിഷൻ, വനിതാകമ്മിഷൻ, വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ
- സ്ത്രീധന നിരോധനനിയമ പരിപാലനം, നിർഭയ പദ്ധതി, ശൈശവ നിരോധന നിയമം, ഗാർഹീക പീഡന സംരക്ഷണ നിയമം, മുതിർന്ന പൗരൻമാരുടെ സംരക്ഷണ നിയമം, നാഷ്ണൽ ട്രസ്റ്റ് ആക്റ്റ്, ജില്ലാ ജാഗ്രതാ സമിതി

സാമൂഹ്യക്ഷേമം, നീതി, സുരക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത വിവരണം താഴെ കൊടുക്കുന്നു.

പ്രധാനപരിപാടികൾ പലതും കേന്ദ്രാവിഷ്കൃതപദ്ധതികളാകയാൽ ഇവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കേന്ദ്രാവിഷ്കൃതപദ്ധതികളും എന്ന കില തയ്യാറാക്കിയ കൈപുസ്തകത്തിൽ താഴെ സൂചിപ്പിച്ച പ്രസക്തഭാഗങ്ങൾ പരിശോധിക്കേണ്ടതാണ്.

അദ്ധ്യായം XIII (പേജ് 276 മുതൽ 294 വരെ)

1. സംയോജിതശിശുവികസനം (ICDS)
2. ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ (ICPS)
3. സ്വാധാർ (SWADHAR)
4. സ്കീം ഫോർ ഷോർട്ട് സ്റ്റേ ഹോം ഫോർ വുമൺ
5. ഉജ്ജ്വല
6. രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾ-സംഘം/ RGSEAG
7. വർക്കിംഗ് വിമൽഹോസ്റ്റൽ നിർമ്മാണകേന്ദ്രസഹായം
8. മദ്യമയക്കുമരുന്നു പ്രതിരോധന പ്രവർത്തന കേന്ദ്ര ധനസഹായം
9. വൃദ്ധസദന കേന്ദ്രധനസഹായം - തദ്ദേശസ്ഥാപനങ്ങൾക്ക്
10. ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം.
11. ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർപേഴ്സൺ
12. ഇന്ദിരഗാന്ധി വാർദ്ധക്യപെൻഷൻ
13. നാഷണൽ ഫാമിലി ബനിഫിറ്റ് സ്കീം

## 1. കേരള സർക്കാർ അനാഥാലയങ്ങൾക്കുള്ള ധനസഹായപദ്ധതി ഗ്രാന്റ്

**ലക്ഷ്യങ്ങൾ:**

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥസംരക്ഷണ പ്രവർത്തന സഹായം നൽകുക

### ഗുണഭോക്താക്കൾ:

- 5 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള അനാഥ, അഗതികളുമായ അനാഥാലയ അന്തേവാസികൾ (21 വരെ ദീർഘിപ്പിക്കാം)
- വിദ്യാഭ്യാസസ്ഥാപനത്തിൽ പഠിക്കുന്നുണ്ടായിരിക്കണം
- നിർദ്ദിഷ്ടഫോറത്തിൽ അനാഥാലയ മേധാവിഗ്രാന്റ് അപേക്ഷ ജില്ല സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കുന്നു

### സ്ക്കീമിന്റെ നിർവ്വഹണം

ജില്ലാപഞ്ചായത്തിനു വേണ്ടി ജില്ലാസാമൂഹ്യനീതി ഓഫീസർ നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്- ഇപ്പോൾ ജില്ലാപഞ്ചായത്തിലേക്ക് സർക്കാർ കൈമാറ്റം ചെയ്യുന്നു. ഗ്രാന്റ് പൂർണ്ണമായും ഉപാധിരഹിതമാണ്. ഒരു കുട്ടിയ്ക്ക് പ്രതിമാസം 525 രൂപ ധനസഹായം ലഭിയ്ക്കുന്നു.

### പ്രവർത്തനങ്ങൾ

- ഓർഫനേജ് ചട്ടങ്ങൾ നിർദ്ദേശിച്ച ഫോറങ്ങളിൽ അപേക്ഷ
- ലോക്കൽ ഫണ്ട് ഓഡിറ്റ് നിർബന്ധം
- സാമൂഹ്യനീതി ഓഫീസർ നേരിട്ട് പരിശോധന നടത്തി അർഹത സർട്ടിഫിക്കറ്റ് ജില്ലാ പഞ്ചായത്തിന് നൽകുന്നു. അംഗീകാരം വാങ്ങി തുകമാറി നൽകുന്നു.

### സംഘാടനം

ഓർഫനേജ് റൂൾ പാലിച്ച് പ്രവർത്തനം ഏറ്റെടുക്കുവാനും നിബന്ധന പാലിക്കുവാനും തയ്യാറുള്ള സംഘടനകൾ

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ധനസഹായം അനുവദിക്കുന്നതിനുള്ള അവകാശം ജില്ലാ പഞ്ചായത്തിനാണ്. ഗ്രാമ/ നഗരസഭ അദ്ധ്യക്ഷൻമാർക്ക് ഗ്രാന്റ് വാങ്ങുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുവാനും ക്ഷേമകാര്യങ്ങൾ പരിശോധിക്കുവാനും അധികാരമുണ്ട്.

### വകുപ്പിന്റെ പങ്ക്

ജില്ലാപഞ്ചായത്തിന്റെ ധനസ്രോതസ്സുകളുടെ പട്ടികയിൽ ഈ ധനസഹായവും ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ പ്രോജക്റ്റ് രൂപീകരിക്കേണ്ടതില്ല. എന്നാൽ ജില്ലാ പഞ്ചായത്ത് ഗ്രാമസഭയിൽ ചർച്ചചെയ്യേണ്ടതാണ്.

### തദ്ദേശസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/സംയോജനം

അനാഥാലയങ്ങൾക്ക് സബ്സിഡി പരിധിയിൽ വരുന്ന അനുയോജ്യമായ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ഉദാ: ബയോഗ്യാസ് പ്ലാന്റ്, സൗരോർജ്ജ പദ്ധതി

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒരാളെയും സ്ഥാപനത്തിൽ എക്കാലവും നിലനിർത്തൽ ഒഴിവാക്കണം. സാമൂഹ്യമായി കുടുംബ ബന്ധത്തിൽ സംരക്ഷണം നൽകി പരിപാലിക്കുന്നതിനുള്ള പുനരധിവാസ ശ്രമങ്ങൾ - ഫോസ്റ്റർ കെയർ, അഡോപ്ഷൻ, സ്പോൺസർഷിപ്പ് തുക ഉണ്ടാക്കുവാൻ പരിശ്രമം ഉണ്ടാകണം.

## 2. വൃദ്ധ സദനം,പകൽ വീടുകൾ എന്നിവ തുടങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ധന സഹായ പദ്ധതി

### ലക്ഷ്യങ്ങൾ

കേരളാ സർക്കാരിന്റെ വൃദ്ധ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വൃദ്ധ സദനം /പകൽ വീട് എന്നിവ ആരംഭിക്കുന്നതിനും അവയുടെ ഭരണപരമായ കാര്യങ്ങൾ നടത്തുന്നതിനുമായി ധനസഹായം അനുവദിക്കുക

### ഗുണഭോക്താക്കൾ:

- കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ
- വൃദ്ധ സദനവും പകൽ വീടും തുടങ്ങാനാവശ്യമായ സ്ഥലം, കെട്ടിടം, മറ്റ് പശ്ചാത്തല സൗകര്യം എന്നിവ നൽകുവാൻ തയ്യാറുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ
- വൃദ്ധ സദനം/പകൽ വീട് എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടണ്ടുപോകുവാൻ തയ്യാറുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ
- പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ തയ്യറുള്ള കുടുംബശ്രീ യൂണിറ്റുകളുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ
- 25 അന്തേവാസികൾക്ക് പ്രവേശനത്തിന് സൗകര്യമുള്ള വൃദ്ധ സദനം/ 50 പേർക്കുള്ള സൗകര്യമുള്ള പകൽ വീട് ഉള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം :

സാമൂഹ്യ നീതി വകുപ്പ് നേരിട്ടു നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. അർഹതയുള്ളവർക്ക് 200000 രൂപ നൽകുന്നു.

## പ്രവർത്തനങ്ങൾ :

- നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറം ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ ഐ.സി.ഡി.എസ്.ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിനായി പ്രത്യേക ബാങ്ക് അക്കൗണ്ടണ്ട് തുടങ്ങുന്നു.
- സാമൂഹ്യ നീതി ഡയറക്ടർ ധനസഹായം അനുവദിക്കുന്നു.

## സംഘാടനം

തദ്ദേശ ഭരണ സ്ഥാപനങ്ങൾ കുടുംബശ്രീകൾ എന്നിവ ഒത്തു ചേർന്ന് പ്രവർത്തനങ്ങൾ നടത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വൃദ്ധ സദനം/പകൽ വീട് എന്നിവ തുടങ്ങാനുള്ള സ്ഥലം, കെട്ടിടം, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ഒരുക്കേണ്ടതാണ്. ഇവയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുവാൻ തയ്യാറുള്ള കുടുംബശ്രീ യൂണിറ്റുകളെ കണ്ടെത്തി പ്രവർത്തനങ്ങൾ ഏൽപ്പിക്കേണ്ടതാണ്. വൃദ്ധ സദനം/പകൽ വീട് എന്നിവ തുടങ്ങുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗ്രാമസഭയിൽ വിശദമായി ചർച്ച ചെയ്യേണ്ടതാണ്. പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ഒരു മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കുക.

## വകുപ്പിന്റെ പങ്ക്

വൃദ്ധ സദനം/പകൽ വീട് എന്നിവ ആരംഭിക്കുന്നതിന് തയ്യാറുള്ള എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം

പദ്ധതി രേഖയിൽ ഉൾപ്പെടുത്തുക. വൃദ്ധ സദനം/പകൽ വീട് എന്നിവ തുടങ്ങാനുള്ള സ്ഥലം, കെട്ടിടം, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവയും

അധികമായി ആവശ്യമുള്ള തുകയും തുടർ ചെലവുകൾക്കുമായി പദ്ധതികൾ തയ്യാറാക്കുക. തദ്ദേശഭരണസ്ഥാപനത്തിന്റെ സ്വന്തം പദ്ധതിയുമായി ഇതിനെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വൃദ്ധ സദനം/പകൽ വീട് എന്നിവ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ ഗുണഭോക്താക്കളെ കൃത്യമായും വ്യക്തമായും അറിയിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3. സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി

### ലക്ഷ്യങ്ങൾ

തൊഴിലന്വേഷകരായ വനിതകൾക്ക് പരിശീലനം നൽകി, അവരുടെ കഴിവുകൾ ഉയർത്തി, അവരെ തൊഴിലുള്ളവരായി മാറ്റി തീർക്കുക

### ഗുണഭോക്താക്കൾ

- വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ
- സ്ഥാപനങ്ങളുടെ സമീപ പ്രദേശത്ത് താമസിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വനിതകൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനുവേണ്ടി വനിതാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർ നിർവ്വഹണം നടത്തുക

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

### പ്രവർത്തനങ്ങൾ

- അപേക്ഷകൾ അതത് പ്രദേശത്തെ വനിതാക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്ക് നൽകുക.
- ഐ.ടി.ഐ.കൾ എഞ്ചിനീയറിംഗ് കോളേജുകൾ, ഐ.ഐ.ടി.കൾ, സ്വകാര്യ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സേവനത്താൽ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തൊഴിലന്വേഷകരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾക്കായി ഇത്തരം ഒരു പദ്ധതി നിലവിലുണ്ടെന്ന കാര്യം ഗ്രാമസഭകളിൽ ചർച്ച ചെയ്യുക. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വകുപ്പിനെ സഹായിക്കുക.

## വകുപ്പിന്റെ പങ്ക്

പരിശീലനം നൽകുന്നതിനായി പ്രദേശത്തെ ഐ.ടി.ഐ.കൾ എഞ്ചിനീയറിംഗ് കോളേജുകൾ, ഐ.ഐ.ടി. കൾ, സ്വകാര്യ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ഒരു കരാർ ഉറപ്പാക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം

തൊഴിൽ പരിശീലനം ലഭിക്കുന്ന വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുതകുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ടണ്ട കാര്യങ്ങൾ

വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കൊപ്പം സമീപ പ്രദേശത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വനിതകൾക്കും പരിശീലനം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

# 4. ലിംഗാവബോധ പരിപാടി

## ലക്ഷ്യങ്ങൾ

സ്ത്രീധനമാവശ്യപ്പെടൽ, ലൈംഗീക പീഢനം, ഗാർഹീക പീഢനം എന്നിങ്ങനെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിന് നിയമങ്ങളെ ഉപയോഗിക്കുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനും സ്ത്രീകളെ പ്രാപ്തരാക്കുകയും, ബോധവത്ക്കരണം നടത്തുകയും ചെയ്യുക.

## ഗുണഭോക്താക്കൾ:

- പൊതുജനങ്ങൾ
- കേരളത്തിലെ സ്ത്രീകൾ
- അതിക്രമങ്ങൾക്കിരയായ സ്ത്രീകളും യുവതികളും

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പ്, ജില്ലാ തലത്തിലുള്ള പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖേനയും സേവന ദാതാക്കൾ മുഖേനയും നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## പ്രവർത്തനങ്ങൾ

- സാമൂഹ്യനീതി വകുപ്പ് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രചരണപരിപാടികൾ നടത്തുക.
- വനിതാക്ഷേമ പ്രവർത്തനങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് www.keralawomen.gov.in എന്ന വെബ് പോർട്ടൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നു
- കേരളാസംസ്ഥാന വനിതാനയ നിർവ്വഹണം
- സ്ത്രീധന നിരോധന നിയമം 1961, ഗാർഹീകാതിക്രമ നിരോധന നിയമം 2005 എന്നിവ നടപ്പിലാക്കുന്നതിന് സഹായകമാകുന്നു.
- ജില്ലാ ആസ്ഥാനങ്ങളിലെ എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പ്രചരണ കേന്ദ്രങ്ങളും ഹെൽപ് ഡെസ്ക്കുകളും പ്രവർത്തനം ആരംഭിക്കുക.
- ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുക
- ഇരകൾക്ക് കൗൺസലിംഗ് നൽകുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

വകുപ്പ് നടപ്പിലാക്കുന്ന ഇത്തരം പരിപാടികൾക്ക് വ്യാപകമായ പ്രചരണം നടത്തുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായിക്കാവുന്നതാണ്. പരിപാടിയെക്കുറിച്ചും വെബ് പോർട്ടലിനെക്കുറിച്ചും ഗ്രാമസഭകളിലും യോഗങ്ങളിലും ചർച്ച ചെയ്യുക. സഹായം ആവശ്യമുള്ളവരെ ജാഗ്രതാ സമിതി വഴി കണ്ടെത്തി വേണ്ടത്ര അവബോധം നൽകുകയും സഹായം ലഭ്യമാക്കി എന്ന് ഉറപ്പാക്കുകയും ചെയ്യുക.

## വകുപ്പിന്റെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പോലെത്തന്നെ മറ്റ് സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടിയും പരിപാടിയുടെ ഗുണ നിലവാരം മെച്ചപ്പെടുത്താവുന്ന

താണ്. സർക്കാർ ഫണ്ടിനോടൊപ്പം ഇവരുടെ ഫണ്ടും ഉപയോഗപ്പെടുത്താവുന്നതാണ്

പരിശീലനം നൽകുന്നതിനായി പ്രദേശത്തെ ഐ.ടി.ഐ.കൾ എഞ്ചിനീയറിംഗ് കോളേജുകൾ, ഐ.ഐ.ടി.കൾ, സ്വകാര്യ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ഒരു കരാർ ഉറപ്പാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തുക.

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം

സഹായം നൽകിയവർ ആരെന്നും സഹായം ആവശ്യമുള്ളവർ ആരെന്നുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും പദ്ധതിരേഖയുടെ ഭാഗമാക്കുകയും ചെയ്യുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആവശ്യമായ എല്ലാവർക്കും സഹായം എത്തുന്നു എന്ന കാര്യം ഉറപ്പ് വരുത്തുക

## 5. ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹ ധനസഹായ പദ്ധതി

### ലക്ഷ്യങ്ങൾ

ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികളുടെ വിവാഹ നടത്തിപ്പിനും അതുപോലെ തന്നെ ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കളുടെ വിവാഹ നടത്തിപ്പിനുമായി ധനസഹായം നൽകുന്നു.

### ഗുണഭോക്താക്കൾ

- ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾ
- ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾ
- വാർഷിക വരുമാനം 36000 രൂപയിൽ താഴെയുള്ള മുകളിൽ പറഞ്ഞ വിഭാഗം ആളുകൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പ് നേരിട്ടു നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. അർഹതയുള്ളവർക്ക് 10000 രൂപ നൽകുന്നു.

## പ്രവർത്തനങ്ങൾ :

- നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറം ഐ.സി.ഡി.എസ്.ഓഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.

  1. താഴെ പറയുന്ന രേഖകൾക്കൊപ്പം അപേക്ഷ അതത് ഐ.സി.ഡി. എസ്. ഓഫീസുകളിൽ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കണം.
  2. വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
  3. വരുമാന സർട്ടിഫിക്കറ്റ്
  4. റേഷൻ കാർഡിന്റെ പകർപ്പ്
  5. വിവാഹം നടന്നു എന്നതിന്റെ തെളിവ് (വിവാഹ സർട്ടിഫിക്കറ്റ്, കല്ല്യാണക്കുറി തുടങ്ങിയവ)

- ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി, ജില്ലാ സാമൂഹ്യ നീതി ഓഫീസർ മുഖേന സാമൂഹ്യ നീതി ഡയറകടർക്ക് ധനസഹായത്തിനായി സമർപ്പിക്കണം.
- സാമൂഹ്യ നീതി ഡയറക്ടർ ധനസഹായം അനുവദിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായി ചർച്ചചെയ്യേണ്ടതും ഗുണഭോക്താക്കളെ കൃത്യമായി അറിയിക്കേണ്ടതുമാണ്

## വകുപ്പിന്റെ പങ്ക്

അർഹരായ എല്ലാവർക്കും ധന സഹായം ലഭ്യമാക്കുക. തദ്ദേശഭരണ സ്ഥാപന ങ്ങളുടെ അഭിപ്രായം ആരായുക.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം

പദ്ധതി രേഖകളിൽ ഉൾപ്പെടുത്തുക

## പ്രത്യേകം ശ്രദ്ധിക്കേണ്ടണ്ട കാര്യങ്ങൾ

വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തവർക്ക് അത് ലഭ്യമാക്കുവാൻ ശ്രദ്ധിക്കുക

# 6. മംഗല്യ (വിധവാ വിവാഹ പ്രോത്സാഹന പദ്ധതി)

## ലക്ഷ്യങ്ങൾ

വിധവകളായ സ്ത്രീകളെ പുനർവിവാഹത്തിനായി പ്രോത്സാഹിപ്പിക്കുക. സ്കീം പ്രകാരം വിധവകളും വിവാഹ മോചിതരുമായ സ്ത്രീകൾക്ക് പുനർ വിവാഹത്തിനായി ധനസഹായം നൽകുക

## ഗുണഭോക്താക്കൾ

- 18 മുതൽ 50 വയസ്സുവരെയുള്ള വിധവകൾ/ നിയമപരമായി വിവാഹ മോചനം നേടിയ സ്ത്രീകൾ
- ദാരിദ്ര്യ രേഖക്കുതാഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പ് നേരിട്ടു നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. അർഹതയുള്ളവർക്ക് 25000 രൂപ നൽകുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറം ഐ.സി.ഡി.എസ്.ഓഫീസുകൾ , അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- താഴെ പറയുന്ന രേഖകൾക്കൊപ്പം അപേക്ഷ അതത് ഐ.സി.ഡി.എസ്. ഓഫീസുകളിൽ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കണം.

  1. ആദ്യ വിവാഹം തെളിയിക്കുന്ന രേഖകൾ (വിവാഹ സർട്ടിഫിക്കറ്റ്/മറ്റ് രേഖകൾ)
  2. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൽ ഭർത്താവിന്റെ പേരുൾപ്പെട്ട പേജിന്റെ പകർപ്പ്, മരണമടഞ്ഞ ആളുടെ വിധവയാണ് അപേക്ഷക എന്നുതെളിയിക്കുന്ന രേഖകൾ
  3. വിവാഹ മോചിതയാണെങ്കിൽ ആയത് സംബന്ധിച്ച് കോടതി ഉത്തരവിന്റെ പകർപ്പ്
  4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ അംഗമാണെന്നതിന്റെ തെളിവ് (റേഷൻ കാർഡ്/ബി.പി.എൽ. സർട്ടിഫിക്കറ്റ്)

5. അപേക്ഷകയുടെ ജനന തിയ്യതി തെളിയിക്കുന്നതിനുള്ള രേഖകൾ (സ്കൂൾ സർട്ടിഫിക്കറ്റ്/മെഡിക്കൽ സർട്ടിഫിക്കറ്റ്)
6. പുനർ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ്

- ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി, ജില്ലാ സാമൂഹ്യ നീതി ഓഫീസർ മുഖേന സാമൂഹ്യ നീതി ഡയറകടർക്ക് ധനസഹായത്തിനായി സമർപ്പിക്കുക
- സാമൂഹ്യ നീതി ഡയറക്ടർ ധനസഹായം അനുവദിക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

നമ്മുടെ സാമൂഹ്യ വ്യവസ്ഥിതി വിധവാ പുനർ വിവാഹം പ്രോത്സാഹിപ്പിക്കുന്നില്ല എന്നതിനാൽ, വിധവാ പുനർ വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻ കൈയ്യെടുക്കേണ്ടതാണ്. പ്രസ്തുത വിഷയത്തെക്കുറിച്ചും സ്കീമിനെക്കുറിച്ചും ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായി ചർച്ചചെയ്യേണ്ടതും ഗുണഭോക്താക്കളെ കൃത്യമായി അറിയിക്കേണ്ടതുമാണ്

### വകുപ്പിന്റെ പങ്ക്

അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ധനസഹായം എത്തിയിട്ടുള്ളത് എന്ന കാര്യം ഉറപ്പാക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം

പദ്ധതി രേഖകളിൽ ഉൾപ്പെടുത്തുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിധവകളെപ്പോലെ തന്നെ വിവാഹ മോചിതർക്കും പ്രാധാന്യം നൽകുക

## 7. വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ പദ്ധതി

### ലക്ഷ്യങ്ങൾ

വനിതകൾ ഗൃഹനാഥകളായുള്ള ദരിദ്ര കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിനായി ധനസഹായം നൽകുക. അവരുടെ വിദ്യാഭ്യാസ ഉന്നമനം ഉറപ്പുവരുത്തുക.

## ഗുണഭോക്താക്കൾ

- എസ്.എസ്.എൽ.സി മുതൽ തുടർ വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾ
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾ (ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾ)
- എ.പി.എൽ വിഭാഗത്തിൽ എച്ച്.ഐ.വി/ എയിഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനുവേണ്ടി ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർവ്വഹിക്കുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്, എസ്.എസ്.എൽ.സി മുതൽ പ്ലസ്ടു വരെ പ്രതിമാസം 250 രൂപ വീതം 10 മാസത്തേക്ക് - 2500 രൂപയും ഡിഗ്രി മുതൽ തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 500 രൂപ വീതം 10 മാസത്തേക്ക് 5000 രൂപയും ധനസഹായം അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാഫോറം അംഗൻവാടികൾ, ഐ.സി.ഡി.എസ് ഓഫീസുകൾ, ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.

- സംസ്ഥാന/കേന്ദ്ര സർക്കാറുകളിൽ നിന്നും മറ്റ് സ്കോളർഷിപ്പുകളൊന്നും ലഭിക്കുന്നില്ല എന്ന വിദ്യാഭ്യാസ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം, ബി.പി.എൽ ആണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (റേഷൻകാർഡ് അല്ലെങ്കിൽ പഞ്ചായത്തിൽ നിന്നുമുള്ള രേഖകൾ) എന്നിവയോടൊപ്പം അപേക്ഷ അതത് പ്രദേശത്തെ ഐ.സി.ഡി.എസ് ഓഫീസുകളിൽ സമർപ്പിക്കുന്നു.
- അപേക്ഷകൾ ഐ.സി.ഡി.എസ് ഓഫീസുകളിൽ നിന്നും സാക്ഷ്യപ്പെടുത്തി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നു.
- ജില്ലാ സാമൂഹ്യനീതി ഓഫീസർ അർഹതാ മുൻഗണന അനുസരിച്ച് ധനസഹായം അനുവദിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങൾ എ.പി.എൽ വിഭാഗത്തിൽ എച്ച്.ഐ.വി/എയിഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായുള്ള കുടുംബങ്ങൾ എന്നിവരെ കണ്ടെത്തുന്നതിനും പദ്ധതിയെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഗ്രാമസഭകളിൽ പ്രത്യേകമായി ചർച്ച ചെയ്യേണ്ടതാണ്. അപേക്ഷകർ മുഖ്യമായും ബി.പി.എൽ കുടുംബങ്ങളിൽ നിന്നുമുള്ളവരാകയാൽ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാത്ത ബി.പി.എൽ കുടുംബാംഗങ്ങൾക്ക് അത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം നൽകേണ്ടതാണ്. അർഹതയുള്ള എല്ലാവരും അപേക്ഷിച്ചുവെന്ന് ഐ.സി.ഡിഎസ് സൂപ്പർവൈസർ/ഗ്രാമസഭ/വാർഡ്സഭ/ഉറപ്പുവരുത്തുക

## വകുപ്പിന്റെ പങ്ക്

ലഭിക്കുന്ന അപേക്ഷകളിൽ കൃത്യമായ മുൻഗണനാ മാനദണ്ഡമനുസരിച്ച് അർഹത നിശ്ചയിച്ച് ധനസഹായം അനുവദിക്കാവുന്നതാണ്. സുതാര്യത ഉറപ്പ് വരുത്തുക. തദ്ദേശഭരണ സ്ഥാപനവുമായി കൂടിയാലോചിക്കുക. ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് ഗ്രാമസഭകളിൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ നടത്താം.

പദ്ധതിരേഖയിൽ വിവരങ്ങൾ ഉൾപെടുത്താം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ശരിയായ ഗുണഭോക്താക്കൾക്കാണ് ധനസഹായം ലഭിച്ചിരിക്കുന്നത് എന്നത്. എച്ച്.ഐ.വി/എയിഡ്സ് ബാധിതരായ വനിതാ ഗൃഹനാഥകൾ ധനസഹായം ലഭിക്കുന്നതിനായി മുന്നോട്ട് വരാനുള്ള സാദ്ധ്യത കുറവാണെന്ന കാര്യം മുന്നിൽ കണ്ട് അവർക്ക് ധനസഹായമെത്തിക്കുക എന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭകളിൽ ധനസഹായം നൽകിയവരുടെ വിവരം റിപ്പോർട്ട് ചെയ്യുക.

# 8. അംഗൻവാടി പ്രവർത്തകർക്കുള്ള സംസ്ഥാന അവാർഡ്

## ലക്ഷ്യങ്ങൾ

ഐ.സി.ഡി.എസ് . പദ്ധതി നടത്തിപ്പിലെ അടിസ്ഥാന ഘടകങ്ങളാണ് അംഗൻവാടി പ്രവർത്തകർ. അവരുടെ ശിശുക്ഷേമ പ്രവർത്തനങ്ങൾക്കും സന്നദ്ധ

പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുക. എല്ലാ വർഷവും സംസ്ഥാനത്തെ 37 അംഗൻവാടി വർക്കർക്കും 37 അംഗൻവാടി ഹെൽപ്പർമാർക്കും അവാർഡുകൾ നൽകുന്നു.

## ഗുണഭോക്താക്കൾ

- അംഗൻവാടി വർക്കർ
- അംഗൻവാടി ഹെൽപ്പർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പ് നേരിട്ടു നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന അംഗൻ വാടി വർക്കർക്ക് 5000 രൂപയും സർട്ടിഫക്കറ്റും അംഗൻവാടി ഹെൽപ്പർമാർക്ക് 3000 രൂപയും സർട്ടിഫിക്കറ്റും ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- അംഗൻവാടി വർക്കർമാർക്കുള്ള അവാർഡിനുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ അംഗൻവാടി വർക്കർമാർ തന്നെ പൂരിപ്പിച്ച് അതത് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ശുപാർശ ചെയ്ത് ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകുന്നു. താഴെ പറയുന്ന രേഖകൾക്കൊപ്പം അപേക്ഷ അതത് ഐ.സി.ഡി. എസ്. ഓഫീസുകളിൽ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കുന്നു.
- ഹെൽപ്പർമാരുടെ അപേക്ഷകൾ വർക്കർമാർ സാക്ഷ്യപ്പെടുത്തി സൂപ്പർവൈസർമാരുടെ ശുപാർശയോടുകൂടി ഓഫീസുകളിൽ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കുക.
- ശിശുവികസന പദ്ധതി ഓഫീസർ പ്രസിഡന്റ്, മെഡിക്കൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് തല കമ്മറ്റിയുമായി സംയുക്തമായി അംഗൻ വാടികൾ സന്ദർശിച്ച് പ്രവർത്തങ്ങൾക്കനുസരിച്ച് മാർക്ക് രേഖപ്പെടുത്തി ശുപാർശയോടു കൂടി അപേക്ഷാ ഫോറങ്ങൾ ജില്ലാതല ഐ.സി.ഡി.എസ്. പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുന്നു.
- പ്രോഗ്രാം ഓഫീസർമാർ അംഗൻവാടികൾ നേരിട്ട് സന്ദർശിച്ച് പ്രവർത്തങ്ങൾ വിലയിരുത്തി അർഹമായ അപേക്ഷകൾ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിന് കൈമാറുന്നു.

- സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് അവാർഡുകൾ നിർണ്ണയിച്ച് പ്രഖ്യാപിക്കുന്നു.

### സംഘാടനം

ശിശുവികസന പദ്ധതി ഓഫീസർ കൺവീനറും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായ ബ്ലോക്ക് പഞ്ചായത്ത് തല കമ്മറ്റി

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അംഗൻവാടി പ്രവർത്തകരുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വകുപ്പിനേയും ബ്ലോക്ക് തല കമ്മറ്റിയേയും സഹായിക്കുക. അവരുടെ പ്രവർത്തങ്ങൾക്ക് ഊർജ്ജം നൽകുക. വാർഡ് മെമ്പർമാർ ചെയർമാന്മരായ വെൽഫയർ കമ്മറ്റികൾ പ്രവർത്തങ്ങളിൽ സഹായിക്കുക. ഗ്രാമസഭ നിർദ്ദേശം കൂടി കണക്കിലെടുത്ത് തെരഞ്ഞെടുപ്പ് നടത്തുക.

### വകുപ്പിന്റെ പങ്ക്

സുതാര്യമായ രീതിയിൽ അവാർഡ് നിർണ്ണയം നടത്തുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

സൽഭരണവും അവാർഡും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹരായവർക്ക് മാത്രം അവാർഡുകൾ നൽകുവാൻ ശ്രദ്ധിക്കുക. ജനാഭി പ്രായം ഗ്രാമസഭ വഴി സമാഹരിക്കുക.

## 9. വികലാംഗ മേഖലയിലെ ഏറ്റവും നല്ല ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ, സ്ഥാപനം, തൊഴിൽ ദാതാവ് എന്നിവർക്കുള്ള സംസ്ഥാന അവാർഡുകൾ

### ലക്ഷ്യങ്ങൾ

വികലാംഗരായ തൊഴിലാളികൾ/ഉദ്യോഗസ്ഥർ, വികലാംഗർക്ക് തൊഴിൽ നൽകുന്നവർ, വികലാംഗ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവരുടെ പ്രവർത്തങ്ങളെ പ്രോത്സാഹിപ്പിക്കുക. ശാരീരിക വൈകല്യമുള്ള 18 തൊഴിലാളികൾക്ക് അവാർഡുകൾ ലഭിക്കുന്നു. പൊതു മേഖലാ -സ്വകാര്യ -

സർക്കാർ മേഖലകളിൽ ഓരോന്നിലും അന്ധർ, ബധിരർ, അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ എന്നിവർക്ക് ഈ രണ്ട് അവാർഡുകൾ വീതവും, പൊതു മേഖലാ - സ്വകാര്യ - സർക്കാർ മേഖലകളിൽ ഒരോന്നിലും ഏറ്റവും നല്ല തൊഴിൽ ദാതാവിനുള്ള ഓരോ അവാർഡും, അന്ധർ, ബധിരർ, അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ, മാനസിക വൈകല്യമുള്ളവർ എന്നിവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഓരോ മേഖലയിലും ഒരു അവാർഡ് വീതവും ലഭ്യമാക്കുക.

## ഗുണഭോക്താക്കൾ

- സ്ഥിരമായ വൈകല്യമുള്ളവർ ജോലിചെയ്യുന്ന പൊതു മേഖലാ -സ്വകാര്യ - സർക്കാർ സ്ഥാപങ്ങൾ
- മൊത്തം തൊഴിലാളികളുടെ 2% വികലാംഗർ ജോലിചെയ്യുന്ന പൊതു മേഖലാ -സ്വകാര്യ - സർക്കാർ മേഖലയിലെ ഏറ്റവും നല്ല തൊഴിൽ ദാതാവ്
- വികലാംഗരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പ് നേരിട്ടു നിർവ്വഹണം നടത്തുന്നു

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. ഏറ്റവും നല്ല വികലാംഗ തൊഴിലാളിക്ക് 10000 രൂപയും സാക്ഷ്യപത്രവും സ്ഥാപനങ്ങൾക്ക് 5000 രൂപയും സാക്ഷ്യപത്രവും ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നു.
- തൊഴിലാളികളുടെ അപേക്ഷകൾ സ്ഥാപന മേധാവി ശുപാർശ ചെയ്തിരിക്കണം
- അവരുടെ അപേക്ഷയിൽ ഫോട്ടോയും വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം
- പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കുക
- ലഭിച്ച അപേക്ഷകൾ ജില്ലാസാമൂഹ്യ നീതി ഓഫീസർ സാമൂഹ്യ നീതി ഡയറക്ടർക്ക് കൈമാറുന്നു.

- സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് അവാർഡുകൾ നിർണ്ണയിച്ച് പ്രഖ്യാപിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെ സംബന്ധിച്ച് ഗ്രാമപ്രദേശങ്ങളിലുള്ള വികലാംഗ തൊഴിലാളികൾക്കും വികലാംഗർക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾക്കും വികലാംഗ ക്ഷേമ സംഘടനകൾക്കും അറിവ് ലഭിക്കുന്നതിനായി ഗ്രാമസഭകളിൽ ചർച്ച ചെയ്യുക. മേഖലയിലെ അർഹർക്ക് അവാർഡ് ലഭ്യമാക്കുവാൻ സഹായിക്കുക

### വകുപ്പിന്റെ പങ്ക്

സുതാര്യമായ രീതിയിൽ അവാർഡ് നിർണ്ണയം നടത്തുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി രേഖകളിൽ ഉൾപ്പെടുത്തുക. വികലാംഗ തൊഴിലാളികൾ വികലാംഗർക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾ വികലാംഗ ക്ഷേമ സംഘടനകൾ എന്നിവർക്ക് പ്രോത്സാഹനം നൽകുന്നതിനായി തനത്ഫണ്ട് കണ്ടെത്തുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒരു തവണ അവാർഡ് ലഭിച്ച സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ വീണ്ടും അപേക്ഷിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. അനർഹർ വരാതിരിക്കുന്ന തിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുക.

## 10.വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാ സഹായം

### ലക്ഷ്യങ്ങൾ

ദുരിതമനുഭവിക്കുന്ന വികലാംഗർക്ക് ചികിത്സ നടത്തുന്നതിനായി ധനസഹായം നൽകുക. വികലാംഗ ദുരിതാശ്വാസ നിധിക്കായി സംസ്ഥാന സർക്കാർ ഒരു കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അതിൽ നിന്നും ലഭിക്കുന്ന പലിശയാണ് ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള ചികിത്സ, അപകടത്തെ തുടർന്ന് വികലാംഗരായ ആളുകൾക്കുള്ള ധനസഹായം, വികലാംഗർക്കുള്ള മറ്റ് പദ്ധതികളിലൊന്നും ലഭിക്കാത്ത മറ്റെന്തെങ്കിലും ആവശ്യങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നത്

## ഗുണഭോക്താക്കൾ

- ഗ്രാമ പ്രദേശത്തുള്ള 20000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർ
- നഗര പ്രദേശങ്ങളിലെ 22375 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർവ്വഹണം നടത്തുക.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. ഒരുവർഷം പരമാവധി 5000 രൂപ ധനസഹായം നൽകുന്നു.

## പ്രവർത്തനങ്ങൾ

- ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നു.
- അപേക്ഷയിൽ വൈകല്ല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായി ചർച്ചചെയ്യേണ്ടതും ഗുണഭോക്താക്കളെ കൃത്യമായി അറിയിക്കേണ്ടതുമാണ്. അർഹരായവരെ ഗ്രാമസഭ വഴി കണ്ടെത്തി നൽകാം.

## വകുപ്പിന്റെ പങ്ക്

അർഹരായ എല്ലാവർക്കും ധന സഹായം ലഭ്യമാക്കുക.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി രേഖകളിൽ ഉൾപ്പെടുത്തുക. വികലാംഗർക്കായി ഫണ്ട് വകയിരുത്തുകയും മറ്റ് വികലാംഗ പദ്ധതികളുമായി ഏകോപിപ്പിക്കുയും ചെയ്യുക.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹരായ എല്ലാവർക്കും ധനസഹായം ലഭിച്ചു എന്ന കാര്യം ഉറപ്പ് വരുത്തുവാനായി പ്രത്യേകം ശ്രദ്ധിക്കുക. അനർഹർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പ് വരുത്തുക.

# 11. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ്

## ലക്ഷ്യങ്ങൾ

അംഗീകൃത സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ധനസഹായം നൽകുക.

## ഗുണഭോക്താക്കൾ:

- ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകരിച്ച വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾ
- ഗ്രാന്റ് അനുവദിച്ച് സർക്കാർ ഉത്തരവായ സ്ഥാപനങ്ങൾ
- സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം സർക്കാർ നിയമമനുസരിച്ച് നിജപ്പെടുത്തിയിരിക്കണം
- അത്തരം കേന്ദ്രങ്ങളിലെ അന്തേവാസികൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ സാമൂഹ്യനീതി ഓഫീസർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. അന്തേവാസികൾക്ക് പ്രതിമാസം 525 രൂപ വീതം ധനസഹായം ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറം ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്നു.
- അപേക്ഷാ ഫോറം അന്തേവാസികളുടെ ലിസ്റ്റ്, 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം ജില്ലാ സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു.
- ജില്ലാ സാമൂഹ്യ നീതി ഓഫീസർ സ്ഥാപനങ്ങൾ നേരിട്ട് പരിശോധിച്ച് ശുപാർശ ചെയ്ത് സാമൂഹ്യ നീതി ഡയറക്ടർക്ക് അയക്കുന്നു

- സാമൂഹ്യ നീതി ഡയറക്ടർ, ജില്ലാ സാമൂഹ്യ നീതി ഓഫീസർ മുഖേന ധനസഹായം അനുവദിക്കുന്നു.
- കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്കുള്ള ഫണ്ട് അതത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾക്കും അല്ലാത്തവ നേരിട്ട് സ്ഥാപനങ്ങൾക്കും നൽകുന്നു

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ പ്രദേശത്തുള്ള അംഗീകാരമുള്ള എല്ലാ വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾക്കും ധനസഹായം ലഭിക്കുന്നതിനായി ഗ്രാമസഭകളിൽ ചർച്ച ചെയ്യുക. അംഗീകാരമില്ലാത്ത അർഹതയുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി സഹായിക്കുക.

### വകുപ്പിന്റെ പങ്ക്

അർഹതയുള്ള എല്ലാ സ്ഥാപനങ്ങൾക്കും ധനസഹായം ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം :

ഇത്തരം സ്ഥാപനങ്ങൾക്ക് കൂടുതൽ ധനസഹായം ലഭിക്കുന്നതിനായി ഫണ്ട് വകയിരുത്തുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റു സാമൂഹ്യക്ഷേമ പ്രോജക്ടുകളുമായി ഏകോപിപ്പിക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയില്ലാത്തതും അംഗീകാരമില്ലാത്തതുമായ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

## 12. അന്ധർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ളവരുമായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി

### ലക്ഷ്യങ്ങൾ

അഭിഭാഷകർക്ക് അവരുടെ തൊഴിൽ മേഖലയിൽ മുന്നോട്ട് വരുന്നതിനായി സഹായ ധനം അനുവദിക്കുക

## ഗുണഭോക്താക്കൾ

- അന്ധരും അസ്ഥി സംബന്ധമായ വൈകല്ല്യമുള്ളവരുമായ കേരളത്തിലെ ഏതെങ്കിലും കോടതികളിൽ പ്രവർത്തിക്കുന്ന അഭിഭാഷകർ
- കുടുംബ വാർഷിക വരുമാനം 18000 രൂപയിൽ കവിയാത്ത മേൽ പറഞ്ഞ വിഭാഗം ആളുകൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പ് നേരിട്ടു നിർവ്വഹണം നടത്തുക

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 5 വർഷത്തേക്ക് റീഡേഴ്സ് അലവൻസും, നിയമ പുസ്തകം, സ്യൂട്ട് എന്നിവ വങ്ങുന്നതിനായി ഒരു തവണ 25500 രൂപയും ലഭിക്കുന്നു. സെറിബ്രൽ പാൾസിയുള്ളവർക്കും മറ്റുള്ളവർക്കും 2500 രൂപ ആദ്യകാല ചിലവിനായും നൽകുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറം ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നു ലഭിക്കുന്നു.
- കൃത്യമായി പൂരിപ്പിച്ച അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കുന്നു
- ജില്ലാ സാമൂഹ്യ നീതി ഓഫീസർ സാമൂഹ്യ നീതി ഡയറകടർക്ക് ധനസഹായത്തിനായി സമർപ്പിക്കുന്നു
- സാമൂഹ്യ നീതി ഡയറക്ടർ ധനസഹായം അനുവദിക്കുന്നു

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് കൃത്യമായ വിവരം ലഭിക്കുന്നതിനായി ഗ്രാമസഭകളിൽ ചർച്ച ചെയ്യുക.

## വകുപ്പിന്റെ പങ്ക്

അർഹതയുള്ള എല്ലാവർക്കും ധനസഹായം ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക. സ്കീമിനെക്കുറിച്ച് അവബോധം നൽകുക.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

ഇവർക്ക് കൂടുതൽ സഹായങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതിനായി അനുവദനീയമായ പദ്ധതികൾ തയ്യാറാക്കുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അനർഹർക്ക് സഹായം ലഭിക്കുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക

## 13. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

### ലക്ഷ്യങ്ങൾ

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന വികലാംഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക

### ഗുണഭോക്താക്കൾ

- ഒന്നാം ക്ലാസ്സ് മുതൽ ബിരുദാനന്തര ബിരുദം വരെ (പ്രൊഫഷണൽ, ടെക്നിക്കൽ ട്രെയിനിംഗ് ഉൾപ്പെടെ) പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾ
- വാർഷികവരുമാനം 36000 രൂപയിൽ കവിയാത്ത വികലാംഗ വിദ്യാർത്ഥികൾ
- മുൻ വാർഷിക പരീക്ഷയിൽ 40% ൽ കുറയാത്ത മാർക്ക് ലഭിച്ചവർ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ സാമൂഹ്യനീതി ഓഫീസർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് 1 മുതൽ 4 വരെ പ്രതിമാസം 100 രൂപയും 5 മുതൽ 10 വരെ 125 രൂപയും +1,+2, ഐ.ടി. ഐ കോഴ്സുകൾക്ക് 150 രൂപയും എല്ലാ ഡിഗ്രീ കോഴ്സുകൾ, പോളി ടെക്നിക്ക് തത്തുല്ല്യ കോഴ്സുകൾ മുതലായവ്യക്ക് 175 രൂപയും ബി.ഇ./ബി.ടെക്/എം.ബി.ബി.എസ്. /എൽ.എൽ.ബി./ബി.എഡ്/എൽ.എൽ.എം/ എം.എഡ്. മുതലായവയ്ക്ക് 250 രൂപയും ലഭിക്കുന്നു. 1 മുതൽ +2 വരെ പഠിക്കുന്ന അന്ധ വിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും ബിരുദം മുതൽ പ്രൊഫഷണാൽ കോഴ്സ് വരെ പഠിക്കുന്ന അന്ധ വിദ്യാർത്ഥികൾക്ക് 100 രൂപയും റീഡേഴ്സ് അലവൻസായി ലഭിക്കുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന +1,+2 വിദ്യാർത്ഥികൾക്ക് 200 രൂപയും ,ബി.എ./ബി.എസ്.സി./ബി.കോം വിദ്യാർത്ഥികൾക്ക്

230 രൂപയും പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് 300 രൂപയും അലവൻസ് ലഭിക്കുന്നു. അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് യാത്രാബത്തയായി 100 രൂപ ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറം ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്നു.
- കൃത്യമായി പൂരിപ്പിച്ച അപേക്ഷ ആവശ്യമായ രേഖകൾ സഹിതം പഠിക്കുന്ന സ്ഥാപന മേധാവികൾ വഴി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കുന്നു.
- ജില്ലാ സാമൂഹ്യ നീതി ഓഫീസർ സാമൂഹ്യ നീതി ഡയറകടർക്ക് ധനസഹായത്തിനായി സമർപ്പിക്കുന്നു.
- സാമൂഹ്യ നീതി ഡയറക്ടർ, ജില്ലാ സാമൂഹ്യ നീതി ഓഫീസർ മുഖേന ധനസഹായം അനുവദിക്കുന്നു.
- കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്കുള്ള ഫണ്ട് അതത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾക്കും അല്ലാത്തവ നേരിട്ട് സ്ഥാപന മേധാവികൾക്കും നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് കൃത്യമായ വിവരം ലഭിക്കുന്നതിനായി ഗ്രാമസഭകളിൽ ചർച്ച ചെയ്യുക.

## വകുപ്പിന്റെ പങ്ക്

അർഹതയുള്ള എല്ലാവർക്കും സമയപരിധിക്കുള്ളിൽ തന്നെ ധനസഹായം ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഫണ്ട് വകയിരുത്തുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ള എല്ലാവർക്കും ധനസഹായം എത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

# 14. ലോക വികലാംഗ ദിനാചരണം

## ലക്ഷ്യങ്ങൾ

മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന എല്ലാ വ്യക്തികൾക്കും അവരുടെ സർക്ഷാത്മക കഴിവുകൾ തെളിയിക്കുന്നതിനുള്ള ഒരവസരം നൽകുക. അവരുടെ കലാ-കായിക രംഗത്തുള്ള മികവ് വെളിച്ചത്ത് കൊണ്ട് വരിക. എല്ലാവർഷവും ഡിസംബർ ৪-ാം തീയ്യതിയാണ് ലോക വികലാംഗ ദിനമായി ആചരിക്കുന്നത്

## ഗുണഭോക്താക്കൾ

- മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾ
- മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങളിലെ പരിശീലനാർത്ഥികൾ
- മുകളിൽ പറഞ്ഞ വിഭാഗത്തിൽ പെടാത്ത എല്ലാ വികലാംഗരും

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ സാമൂഹ്യനീതി ഓഫീസർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് 10000 രൂപ. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മറ്റ് സ്വകാര്യ-സർക്കാർ- പൊതു മേഖലാ സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവരിൽ നിന്നുമുള്ള സംഭാവനകൾ

## പ്രവർത്തനങ്ങൾ

- നടത്തപ്പെടുന്ന മത്സരങ്ങളുടെ ലിസ്റ്റ് ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്നു.
- മത്സരിക്കാനുദ്ദേശിക്കുന്ന ഇനങ്ങൾ കാണിച്ച് പേരും മറ്റ് വിവരങ്ങളും ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകുക
- വികലാംഗ ദിനാചരണ വേദിയെക്കുറിച്ചും സമയത്തെ സംബന്ധിക്കുന്നതുമായ വിവരം ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും ലഭിക്കുന്നു.
- വിജയികൾക്ക് സമ്മാനങ്ങൾ ലഭിക്കുന്നു

## സംഘാടനം

ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ കീഴിൽ വകുപ്പുദ്യോഗസ്ഥർ വികലാംഗർ സ്ഥാപനങ്ങളിൽ നിന്നുമുള്ളവർ മറ്റ് പ്രമുഖർ എന്നിവർ ഉൾപ്പെടുന്ന വിവിധ കമ്മറ്റികൾ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പരിപാടിയെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ച ചെയ്യുക. പ്രദേശത്തുള്ള എല്ലാവരേയും പരിപാടിയിൽ ഉൾപ്പെടുത്തുന്നതിനും പങ്കെടുപ്പിക്കുന്നതിനുമായി പ്രവർത്തികുക

## വകുപ്പിന്റെ പങ്ക്

പരിപാടി നടത്തിപ്പിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക. സുതാര്യമായ രീതിയിൽ പരിപാടി നടത്തുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

സർക്കാർ അനുവദിക്കുന്ന ഫണ്ട് വളരെ തുച്ഛമാണ് എന്നതിനാൽ വികലാംഗ ദിനാചരണത്തിനായി പ്രത്യേകം ഫണ്ട് വകയിരുത്തുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വികലാംഗ സ്ഥാപനങ്ങളുമായി ബന്ധമില്ലാത്ത എല്ലാവരേയും പരിപാടിയിൽ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക

# 15. തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

## ലക്ഷ്യങ്ങൾ

അറിയുന്നതും അറിയപ്പെടാത്തതുമായ കാരണങ്ങൾക്ക് സ്ത്രീകൾ ഉൾപ്പെടെ നിരവധി ആളുകൾ ജയിലിലടക്കപ്പെടുന്നു. പിന്നീട് അവരുടെ കുടുംബാംഗങ്ങൾ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുന്നു. കുട്ടികളേയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പലരും വിദ്യാഭ്യാസം നിർത്തുന്നു. ഇത് മറ്റൊരു കുറ്റവാളിയുടെ ഉദയത്തിന് വഴി തെളിയിച്ചേക്കാം. അത്തരം ഒരു അവസ്ഥ ഇല്ലാതാക്കാൻ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക.

## ഗുണഭോക്താക്കൾ

- സ്ത്രീ തടവുകാരുടെ മക്കൾ
- പുരുഷന്മാർ ദീർഘകാലമായി തടവിലായതിനാൽ സ്ത്രീ കുടുംബനാഥയായ കുടുംബങ്ങളിലെ കുട്ടികൾ
- 2 വർഷമോ അതിൽ കൂടുതലോ തടവു ശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ
- ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾ
- അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ സാമൂഹ്യനീതി ഓഫീസർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് . 1 മുതൽ 10 വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500 രൂപ നിരക്കിൽ പരമാവധി 6000 രൂപയും +1,+2, ഡിപ്ലോമ, ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 12000 രൂപയും ധനസഹായം ലഭിക്കുന്നു. തടവ് ശിക്ഷ അനുഭവിക്കുന്ന കാലയളവിൽ മാത്രമാണ് ധനസഹായം ലഭിക്കുക.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറങ്ങൾ ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും ലഭിക്കുന്നു.
- അതത് ജയിൽ സൂപ്രണ്ട്മാർ മുഖേന ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കുന്നു.
- ജില്ലാ സാമൂഹ്യ നീതി ഓഫീസർ ധനസഹായം അനുവദിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ച ചെയ്യുക അത്തരം കുടുംബങ്ങളെ കണ്ടെത്തി അവർക്ക് ധനസഹായം ഉറപ്പാക്കുക

## വകുപ്പിന്റെ പങ്ക്

ധനസഹായം അർഹരായവർക്ക് തന്നെയാണ് ലഭിച്ചിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

ഇത്തരം കുടുംബങ്ങളിലെ കുട്ടികളെ സഹായിക്കുന്നതിനായി കൂടുതൽ തുക വകയിരുത്തുകയും പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ദീർഘകാലമായി തടവ് ശിക്ഷ അനുഭവിക്കുന്ന സ്ത്രീ തടവുകാരുടെ കുട്ടികൾക്ക് മുൻഗണന നൽകുക

## 16. എച്ച്.ഐ.വി.ബാധിതരായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര വിതരണ പദ്ധതി

### ലക്ഷ്യങ്ങൾ

പോഷകാഹാരകുറവ് എച്ച്.ഐ.വി.ബാധിതരുടെ പ്രതിരോധശക്തി കുറയ്ക്കുകയും അവർ എയിഡ്സ് എന്ന അവസ്ഥയിലെത്തി മരണത്തിന് കീഴടങ്ങുകയും ചെയ്യുന്നു. ഭൂരിപക്ഷം എച്ച്.ഐ.വി.ബാധിതരും സാമ്പത്തികമായി വളരെയധികം പിന്നിലാണ് എന്ന് കാണുന്നു. അത് കൊണ്ട് തന്നെ അവർക്ക് പോഷകമൂല്യമുള്ള ആഹാരം സ്വപ്നം കാണുവാൻ പോലും സാധിക്കുന്നില്ല. എച്ച്.ഐ.വി.ബാധിതരായ കുട്ടികളുടെ കാര്യമാണ് ഏറെ കഷ്ടം. ഇത്തരം ഒരു അവസ്ഥ ഇല്ലാതാക്കുവാൻ അവർക്ക് പോഷകാഹാരം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

### ഗുണഭോക്താക്കൾ

കേരളാ എയിഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള ആന്റി റിട്രോ വൈറൽ തെറാപ്പി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എച്ച്.ഐ.വി.ബാധിതർ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ സാമൂഹ്യനീതി ഓഫീസർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ച ചെയ്യുക അത്തരം കുടുംബങ്ങളെ കണ്ടെത്തി അവർക്ക് ധനസഹായം ഉറപ്പാക്കുക

## വകുപ്പിന്റെ പങ്ക്

ധനസഹായം അർഹരായവർക്ക് തന്നെയാണ് ലഭിച്ചിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതിരേഖകളിൽ ഉൾപ്പെടുത്തുക. കൂടുതൽ തുക വകയിരുത്തുക. എച്ച്.ഐ.വി ബാധിതർക്കുള്ള മറ്റ് പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിവിധ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ എച്ച്.ഐ.വി ബാധിതർക്കുള്ള പ്രോജക്ടുകളുമായി ഇതിനെ ബന്ധപ്പിക്കണം. ഇരട്ടിപ്പ് ഒഴിവാക്കണം.

### 17. മിശ്ര വിവാഹ ധനസഹായ പദ്ധതി

## ലക്ഷ്യങ്ങൾ

മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുക

**ഗുണഭോക്താക്കൾ:**

- 22000 രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള മിശ്ര വിവാഹിതർ
- വിവാഹം നിയമപരമായി രജിസ്റ്റർ ചെയ്തവർ
- വിവാഹം കഴിഞ്ഞ് 1 വർഷം കഴിയുകയും 3 വർഷം കഴിയാത്തതുമായ മിശ്ര വിവാഹിതർ
- പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടാത്ത മിശ്ര വിവാഹിതർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ സാമൂഹ്യനീതി ഓഫീസർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. 30000 രൂപ ധനസഹായം ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറം ഐ.സി.ഡി.എസ്.ഓഫീസുകൾ , ജില്ലാ സാമൂഹ്യ നീതി ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.

- അപേക്ഷാഫോറങ്ങൾ വിവാഹം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, ഒന്നിച്ച് താമസിക്കുന്നു എന്നതിന് ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ഐ.സി.ഡി.എസ്.ഓഫീസ്/ സാമൂഹ്യ നീതി ഓഫീസിൽ സമർപ്പിക്കുന്നു.
- ശിശുവികസന പദ്ധതി ഓഫീസർമാർ അന്വേഷണം നടത്തി ശുപാർശ ചെയ്ത് ജില്ലാ സാമൂഹ്യ നീതി ഓഫീസറെ അറിയിക്കുന്നു.
- ജില്ലാ സാമൂഹ്യ നീതി ഓഫീസർ ധനസഹായം അനുവദിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് ഗ്രാമസഭകളിൽ ചർച്ച ചെയ്യുക മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. ഗുണഭോക്താക്കളെ ഗ്രാമ സഭ/വാർഡ് സഭ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നൽകുക. അനർഹർ ഇല്ല എന്ന് ഉറപ്പു വരുത്തുക.

### വകുപ്പിന്റെ പങ്ക്

കാലതാമസം കൂടാതെ ധനസഹായം അനുവദിക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിരേഖകളിൽ ഉൾപ്പെടുത്തുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ മിശ്രവിവാഹ പ്രോജക്ടുകലുമായി ഇതിനെ ഏകോപിപ്പിക്കണം. ഇരട്ടിപ്പ് ഒഴിവാക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിവാഹം നിയമപരമായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് ഉറപ്പ് വരുത്തുക.

## 18. തടവുകാരുടെ ആശ്രിതരുടെ പുനരധിവാസ പദ്ധതി

### ലക്ഷ്യങ്ങൾ

തടവുകാരുടെ ആശ്രിതരായ മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും തന്നെയില്ലാത്ത ഭാര്യമാർ, തൊഴിലില്ലാത്തവരും അവിവാഹിതരുമായ ആണ്മക്കൾ, പെണ്മക്കൾ എന്നിവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക

### ഗുണഭോക്താക്കൾ:

- 7 വർഷവും അതിൽ കൂടുതലും തടവ് ശിക്ഷ അനുഭവിക്കുന്നവരുടെ ആശ്രിതർ
- 24000 രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ളവർ

- തടവ് ശിക്ഷയ്ക്ക് കാരണമായ കുറ്റമല്ലാതെ മറ്റ് കുറ്റങ്ങളൊന്നും ചെയ്യാത്തവരുടെ ആശ്രിതർ
- ഇതിൻ മുൻപ് ഇത്തരം ധനസഹായം ലഭിക്കാത്തവർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ പ്രൊബേഷൻ ഓഫീസർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. 10000 രൂപ ധനസഹായം ലഭിക്കുന്ന ലോൺ ലിങ്ക്ഡ് പദ്ധതിയാണ്. സ്വയം തൊഴിലിനായി ബാങ്കിൽ നിന്നും മറ്റും ലഭിക്കുന്ന ലോണിന്റെ 30% (പരമാവധി 10000 രൂപ വരെ) സബ്സിഡി ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറങ്ങൾ ജില്ലാ പ്രൊബേഷൻ ഓഫീസിൽ നിന്നും ലഭിക്കുന്നു.
- തുടങ്ങുവാനുദ്ദേശിക്കുന്ന സ്വയം തൊഴിലിന്റെ വിശദാംശങ്ങളും ബന്ധപ്പെട്ട വാർഡ് മെംബർ/കൗൺസിലറുടെ ശുപാർശയും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം
- പ്രാവർത്തികമാക്കാവുന്ന പദ്ധതികൾക്ക് മാത്രമേ ധനസഹായം അനുവദിക്കൂ
- ബാങ്ക് ലോൺ അനുവദിച്ച് കൊണ്ടുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം
- അപേക്ഷകൾ ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് സമർപ്പിക്കണം
- പരിശോധനയ്ക്ക് ശേഷം അപേക്ഷകൾ സാമൂഹ്യ നീതി ഡയറക്ടർക്ക് അയക്കുന്നു.
- സാമൂഹ്യ നീതി ഡയറക്ടർ, പ്രൊബേഷൻ ഓഫീസർ വഴി ഡിമാന്റ് ഡ്രാഫ്റ്റ് ആയി ധനസഹായം അനുവദിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യുക. അപേക്ഷകൾ ശുപാർശ ചെയ്ത് അയക്കുവാൻ അപേക്ഷകരെ സഹായിക്കുക

## വകുപ്പിന്റെ പങ്ക്

അപേക്ഷകർക്ക് ലോൺ കിട്ടുന്നതിനായി ബാങ്കുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരളാ സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ,

കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയോട് ശുപാർശ ചെയ്യുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതിരേഖകളിൽ ഉൾപ്പെടുത്തുക. ഇത്തരം ആളുകൾക്ക് തൊഴിൽ സംരംഭങ്ങൾക്കായി കൂടുതലായി ആവശ്യം വരുന്ന ഫണ്ടുകൾക്കായി പദ്ധതികൾ തയ്യാറാക്കുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്വയംതൊഴിൽ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രാവർത്തികമായതും ലാഭമുണ്ടാക്കും എന്നുറപ്പുമുള്ളതുമായ തൊഴിൽ സംരംഭങ്ങൾക്ക് മാത്രം ധനസഹായം നൽകുവാൻ ശ്രദ്ധിക്കുക

# 19. ആക്രമണത്തിനിരയായവരുടെ പുനരധിവാസം

## ലക്ഷ്യങ്ങൾ

ആക്രമത്തിനിരയായ വ്യക്തിയുടെ ചികിത്സ, വീടിന്റെ കേട്പാട് തീർക്കൽ, കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയം തൊഴിൽ കണ്ടെത്തൽ തുടങ്ങിയ പുനരധിവാസ പ്രവർത്തങ്ങൾക്കായി ധനസഹായം നൽകുക. ആക്രമത്തിനിരയായി മരിച്ചവരുടെ ആശ്രിതർക്കും ധനസഹായം ലഭിക്കുന്നു.

## ഗുണഭോക്താക്കൾ:

- ആക്രമത്തിനിരയായവർ
- ആക്രമത്തിനിരയായവരുടെ ആശ്രിതർ (മക്കൾ, രക്ഷിതാക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരർ)
- കേരളത്തിലെ സ്ഥിര താമസക്കാർ
- ആക്രമത്തിനിരയായി സർക്കാർ ആശുപത്രികളിൽ ചികിത്സിക്കുന്നവർ (സർക്കാർ ആശുപത്രി സേവനമില്ലാത്ത സ്ഥലങ്ങളിലെ അർഹതയുള്ളവരും ഉൾപ്പെടുന്നു.)

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി ജില്ലാ പ്രൊബേഷൻ ഓഫീസർ.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. പരമാവധി 10000 രൂപ ധനസഹായം ലഭിക്കുന്നു. എന്നാൽ അർഹതയുള്ളവർക്ക് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മറ്റി ധനസഹായ തുക നിശ്ചയിക്കുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറങ്ങൾ ജില്ലാ പ്രൊബേഷൻ ഓഫീസിൽ നിന്നും ല ി ക്കുന്നു
- മെഡിക്കൽ സർട്ടിഫിക്കറ്റ്, സ്ഥിര താമസം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, കേസിന്റെ പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ് എന്നിവയോടൊപ്പം അപേക്ഷകൾ ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് സമർപ്പിക്കണം
- വീടിന്റെ കേടുപാടുകൾ തീർക്കുന്നതിനുള്ള ധനസഹായത്തിനായി തഹസിൽദാരിൽ നിന്നുമുള്ള സർട്ടിഫിക്കറ്റും കൃഷി നാശ നഷ്ടത്തിന് കൃഷി ഓഫീസറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം
- പരിശോധനയ്ക്ക് ശേഷം അപേക്ഷകൾ സാമൂഹ്യ നീതി ഡയറക്ടർക്ക് അയക്കുന്നു.
- സാമൂഹ്യ നീതി ഡയറക്ടർ, പ്രൊബേഷൻ ഓഫീസർ വഴി ഡിമാന്റ് ഡ്രാഫ്റ്റ് ആയി ധനസഹായം അനുവദിക്കുന്നു.
- ബലാത്സംഗ കേസുകളിൽ കുട്ടികൾക്കും മുതിർന്നവർക്കും അതത് സാമ്പത്തിക വർഷം തന്നെ ധനസഹായം ലഭിക്കുന്നു. വിധവകൾക്കും വിവാഹ മോചിതർക്കും അപേക്ഷിച്ചതിന്റെ അടുത്ത സാമ്പത്തിക വർഷമാണ് സഹായം ലഭിക്കുക

## സംഘാടനം

ജില്ലാ തലത്തിൽ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർ ഉൾപ്പെടുന്ന കമ്മറ്റിയാണ് കേസുകൾ പരിഗണിച്ച് ശുപാർശ ചെയ്യുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യുക. ആക്രമത്തിനിരയായവരുടെ കേസുകൾ പരിഗണിക്കുന്നതിനായി അവ കണ്ടെത്തി ജില്ലാതല കമ്മറ്റിയെക്കൊണ്ട് ശുപാർശചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. ആവശ്യമായ സമയത്ത് തന്നെ ധനസഹായം എത്തിക്കുവാൻ ശ്രമിക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

ആക്രമത്തിനിരയായവരെ പുനരധിവസിപ്പിക്കുന്നതിനായി ആവശ്യമായ കൂടുതൽ ഫണ്ട് കണ്ടെത്തുക. പദ്ധതിയിൽ ഉൾപെടുത്തുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സ്ത്രീപീഡന കേസുകളിലെ ഇരകൾക്ക് പ്രത്യേക പരിഗണന നൽകുവാൻ ശ്രദ്ധിക്കുക

## 20. വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

### ലക്ഷ്യങ്ങൾ

15 മുതൽ 25 വയസ്സ് വരെ പ്രായമുള്ള വികലാംഗരുടെ സാമ്പത്തിക സ്ഥിരതയും സ്വാതന്ത്ര്യവും ഉറപ്പ് വരുത്തുന്നതിനായി അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി. കേരളത്തിൽ ആകെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങളാണ് തുടങ്ങിയിട്ടുള്ളത്. കോഴിക്കോടും തിരുവനന്തപുരത്തും. കോഴിക്കോട് കേന്ദ്രത്തിൽ ബുക്ക് ബൈൻഡിംഗ്, ലെതർ വർക്ക്സ്, ഡി.ടി.പി. എന്നീ പരിശീലനങ്ങളും തിരുവനന്തപുരത്ത് ബുക്ക് ബൈൻഡിംഗ്, ടെയിലറിംഗ് ആന്റ് എംബ്രോയിഡറി, ഡി.ടി.പി. ഫാഷൻ ഡിസൈനിംഗ് എന്നിവയിലുമാണ് പരിശീലനം നൽകുന്നത്

### ഗുണഭോക്താക്കൾ

- 15 മുതൽ 25 വയസ്സ് വരെ പ്രായമുള്ള വികലാംഗർ
- തൊഴിൽ പരിശീലനത്തിൽ ആഭിമുഖ്യമുള്ള മേൽ പറഞ്ഞവിഭാഗം

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിനു വേണ്ടി പരിശീലന കേന്ദ്രങ്ങളിലെ സൂപ്രണ്ടുമാർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് .

### പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറങ്ങൾ അതത് തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നു.
- പരിശീലന വിഷയം തെരഞ്ഞെടുത്ത് അതിനുള്ള അപേക്ഷ തൊഴിൽ പരിശീലന കേന്ദ്രത്തിൽ സമർപ്പിക്കുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യുക. ജനപ്രതിനിധികളുടെ സഹായത്തോടെ ഗുണഭോക്താക്കളെ കണ്ടെത്തി പരിശീലന കേന്ദ്രത്തിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക. ഗ്രാമസഭ വഴി ഗുണഭോക്താക്കളെ കണ്ടെത്തി നൽകുക.

### വകുപ്പിന്റെ പങ്ക്

പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ കണ്ടെത്തുവാൻ സഹായിക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

പരിശീലനകേന്ദ്രങ്ങളുമായി സംയുക്തമായി ചേർന്ന് പരിശീലനം നടത്തുന്നതിനും പരിശീലനം കഴിഞ്ഞവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്നതിനും പദ്ധതികൾ രൂപീകരിക്കുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അഭിരുചിയുള്ള വിഷയങ്ങളിൽ മാത്രം പരിശീലനം നൽകാൻ പ്രത്യേകം ശ്രദ്ധിക്കുക

## 21. ദുർബല ജനവിഭാഗങ്ങൾക്കുള്ള സംരക്ഷണ പുനരധിവാസ പദ്ധതി

### ലക്ഷ്യങ്ങൾ

അനാരോഗ്യം ബാധിച്ച് നിരാശ്രയരും, അശരണരുമായ തെരുവിൽ അലയുന്നവർക്കും, രോഗം ഭേദമായതിനു ശേഷവും ആശുപത്രികളിൽ കഴിയുവാൻ നിർബന്ധിതരുമായവരെ ഏറ്റെടുത്ത് സംരക്ഷിക്കുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുക. ഈ രംഗത്ത് പ്രവർത്തനം നടത്തുവാൻ സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക

### ഗുണഭോക്താക്കൾ

- അനാരോഗ്യം ബാധിച്ച് നിരാശ്രയരും, അശരണരുമായി തെരുവിൽ അലയുന്നവരുമായ സ്ത്രീപുരുഷന്മാർ
- അസുഖം ഭേദമായതിന് ശേഷവും ആശുപത്രികളിൽ കഴിയുവാൻ നിർബന്ധിതരുമായ സ്ത്രീപുരുഷന്മാർ

- ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ഉള്ള സ്ഥാപനങ്ങൾ
- ഒരു രജിസ്റ്റേർഡ് സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനം
- സ്ഥാപനം മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ സാമ്പത്തിക ശേഷിയുള്ള സ്ഥാപനം
- നിയമപ്രകാരം രൂപീകരിക്കപ്പെട്ട ഭരണസമിതി ഉള്ള സംഘടന
- തെരുവിൽ അലഞ്ഞ് തിരിയുന്നവരേയും നിരാലംബരേയും സംരക്ഷിക്കുവാൻ തയ്യാറുള്ള സംഘടന

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ നീതി വകുപ്പിന് വേണ്ടി ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് .

## പ്രവർത്തനങ്ങൾ

- പദ്ധതി പ്രകാരമുള്ള സേവനങ്ങൾക്ക് തയ്യാറുള്ള സന്നദ്ധസംഘടനകളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു.
- അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ
    1. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
    2. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ്
    3. മെമ്മോറാണ്ടം ഓഫ് അസ്സോസ്സിയേഷൻ, ബൈലോ എന്നിവയുടെ പകർപ്പ്
    4. കഴിഞ്ഞ 2 വർഷത്തെ ഭരണ റിപ്പോർട്ട്
    5. കഴിഞ്ഞ 2 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
    6. നിലവിലുള്ള ഭരണ സമിതി അംഗങ്ങളുടെ പേരും മേൽവിലാസവും തെരഞ്ഞെടുക്കപ്പെട്ട തീയ്യതിയും
    7. വാടക കെട്ടിടമാണെങ്കിൽ അത് സംബന്ധിച്ച് കെട്ടിട ഉടമയുമായി ഉണ്ടാക്കിയ കരാർ
    8. കെട്ടിടത്തിന്റെ വിസ്തൃതി തെളിയിക്കുന്നതിന് പി.ഡബ്ല .ഡി എഞ്ചിനീയർ നൽകിയ സർട്ടിഫിക്കറ്റ്
    9. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർ നൽകിയ സ്ഥാപനത്തിലെ ശുചിത്വ റിപ്പോർട്ട്
    10. ജീവനക്കാരുടെ ലിസ്റ്റ്

- അപേക്ഷ കൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കുന്നു.
- ജില്ലാ സാമൂഹ്യ നീതി ഓഫീസർ സ്ഥാപനങ്ങൾ നേരിട്ട് പരിശോധിച്ച് അപേക്ഷകൾ ശുപാർശ ചെയ്ത് സാമൂഹ്യ നീതി ഡയറക്ടർക്ക് അയക്കുന്നു.
- അനുയോജ്യരായ സംഘടനകളെ ഇതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മറ്റി തെരഞ്ഞെടുക്കുന്നു.
- ഇത്തരം സംഘടനകൾ പോലീസുകാർ, സർക്കാർ ആശുപത്രികൾ, സാമൂഹ്യനീതി വകുപ്പുദ്യോഗസ്ഥർ എന്നിവർ ഏൽപിക്കുന്ന നിരാലംബരെ ഏറ്റെടുത്ത് അവർക്ക് സംരക്ഷണം, ആരോഗ്യപരിരക്ഷ, മാനസികോല്ലാസം എന്നിവ നൽകുവാൻ പ്രാപ്തരായിരിക്കണം.
- ഇത്തരം ഗുണഭോക്താക്കൾക്ക് ശരിയായ കൗൺസിലിംഗ് നൽകി അവരുടെ ബന്ധുക്കളെ കണ്ടുപിടിക്കുവാൻ സഹായിക്കണം
- ഓരോ ജില്ലയിലും രണ്ടിൽ കുറയാത്ത സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നു.
- സാമൂഹ്യ നീതി ഡയറക്ടർ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു.

## സംഘാടനം

ജില്ലാ കളക്ടർ ചെയർപേഴ്സനും, ജില്ലാസാമൂഹ്യനീതി ഓഫീസർ മെംബർ സെക്രട്ടറിയും, ജില്ലാ പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, സ്ഥലത്തെ മുനിസിപ്പൽ/കോർപ്പറേഷൻ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, ജില്ലയിലെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രൊബേഷൻ ഓഫീസർ എന്നിവർ അംഗങ്ങളുമായ ജില്ലാതല കമ്മറ്റി

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യുക. ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുവാൻ സംഘടനകളെ പ്രേരിപ്പിക്കുക തുടങ്ങിയ സംഘടന കൾക്ക് സഹായം നൽകുക, ഗുണഭോക്താക്കളെ കണ്ടെത്തി നൽകുക.

## വകുപ്പിന്റെ പങ്ക്

സംഘടനകളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാണോ എന്നകാര്യം നിരന്തരം വിലയിരുത്തുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

ഇത്തരം സംഘടനകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും മറ്റുമായി പ്രോജക്ട് തയ്യാറാക്കി പദ്ധതിയിൽ ഉൾക്കൊള്ളിക്കുക. വിടവുകൾ നികത്തുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ളവർക്കുമാത്രം ധനസഹായം നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക

## 22. സൈക്കോ സോഷ്യൽ സർവീസസ് പദ്ധതി

### ലക്ഷ്യങ്ങൾ

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ മാനസിക-ശാരീരിക-സാമൂഹ്യ അവസ്ഥകളെ മെച്ചപ്പെടുത്തുന്നതിനു അവരുടെ അത്തരം ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ലക്ഷ്യമിടുന്നു.

### ഗുണഭോക്താക്കൾ

- 10 മുതൽ 19 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾ
- കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 500 സ്കൂളുകളിലെ പെൺകുട്ടികൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യനീതി വകുപ്പിലെ ജില്ലാതല ബ്ലോക്ക് തല ഉദ്യോഗസ്ഥർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് .

### പ്രവർത്തനങ്ങൾ

- പരിചയസമ്പന്നയും വിദഗ്ദ്ധയുമായ ഒരു കൗൺസലറുടെ സേവനം ഇത്തരം സ്കൂളുകളിൽ ലഭ്യമാണ്
- കുട്ടികൾക്ക് കൗൺസലിംഗും ഗൈഡൻസും ലഭിക്കുന്നു.
- ആരോഗ്യവകുപ്പുമായി ചേർന്ന് ഹെൽത്ത് ക്ലിനിക്കുകൾ നടത്തി കുട്ടികളുടെ ആരോഗ്യ പരിശോധന നടത്തുന്നു
- വൈദ്യസഹായം ആവശ്യമായ കുട്ടിക്ക് അത് നൽകുവാൻ നിർദ്ദേശിക്കുന്നു

### സംഘാടനം

സ്കൂൾ കൗൺസിലറെ തെരഞ്ഞെടുക്കുന്നത് ജില്ലാതല ഇന്റർവ്യു ബോർഡ്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കൂൾ കൗൺസലിംഗ് പ്രോഗ്രാമിനെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുക. പരിധിയിൽ വരുന്ന സ്കൂളുകളിലെ

സൈക്കോസോഷ്യൽ സർവ്വീസസ് പദ്ധതി പ്രകാരമുള്ള കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുക. നിർദ്ദേശങ്ങൾ നൽകുക. ഗ്രാമസഭ വഴി അവബോധം ഉണ്ടാക്കുക. ഗുണഭോക്താക്കളെ കണ്ടുപിടിക്കുക.

### വകുപ്പിന്റെ പങ്ക്

സൈക്കോസോഷ്യൽ സർവ്വീസസ് പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ -വിദ്യാഭ്യാസ- തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

കൗൺസലിംഗ് സെന്ററുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും മറ്റുമായി ഫണ്ട് വകയിരുത്തുക. പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതിയിൽ ഉൾപ്പെടുത്തുക. ഈ മേഖലകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കൗൺസലിംഗിനോടൊപ്പം തന്നെ പെൺകുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസവും മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കുക

## സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള സാമൂഹ്യ സുരക്ഷാമിഷൻ വഴി നടപ്പിലാക്കുന്ന പരിപാടികൾ

## 23. ആശ്വാസകിരണം പദ്ധതി

### ലക്ഷ്യങ്ങൾ

ഒരു മുഴുവൻ സമയ പരിചാരകന്റെ ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളേയും, മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരേയും, ഗുരുതര രോഗമുള്ളവരേയും പരിചരിക്കുന്നവർക്ക് ധനസഹായം നൽകുക

### ഗുണഭോക്താക്കൾ

- കുടുംബ വാർഷികവരുമാനം മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശത്ത് 22375 രൂപയും പഞ്ചായത്തുകളിൽ 20000 രൂപയും കവിയാത്ത കുടുംബങ്ങളിലെ അവശരെ പരിചരിക്കുന്നവർ

- വരുമാന പരിധിയില്ലാതെ എല്ലാ മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ബാധിച്ചവർ എന്നിവർ
- സ്വന്തം കാര്യങ്ങളൊന്നും സ്വയം ചെയ്യാൻ കഴിയാതെ വാർദ്ധക്യ സഹജമായ കാരണങ്ങളാലല്ലാതെ തീർത്തും കിടപ്പിലായവർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാമിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. അപേക്ഷകർക്ക് പ്രതിമാസം 400 രൂപ

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറം ഐ.സി.ഡി.എസ്.ഓഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു
- താഴെ പറയുന്ന രേഖകൾക്കൊപ്പം അപേക്ഷ അതത് ഐ.സി.ഡി. എസ്. സൂപ്പർവൈസർമാർ സാക്ഷ്യപ്പെടുത്തി ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കുക.
    - a രോഗിയുടേയും പരിചാരകന്റേയും ബി.പി.എൽ റേഷൻ കാർഡ്/വില്ലേജ് ഓഫീസിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ്
    - b നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ തരുന്ന സർട്ടിഫിക്കറ്റ്
- അപേക്ഷകർ പോസ്റ്റ് ഓഫീസ് അക്കൗണ്ട് ആരംഭിച്ച് വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം
- അപേക്ഷകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സാമൂഹ്യസുരക്ഷാമിഷന് അയക്കുക
- സാമൂഹ്യസുരക്ഷാമിഷൻ ധനസഹായം അപേക്ഷകരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ധനസഹായം അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നതിനായി ഗ്രാമസഭകളിൽ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുക

## വകുപ്പിന്റെ പങ്ക്

അപേക്ഷകർക്കെല്ലാവർക്കും തന്നെ ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

അവശരെ പരിചരിക്കുന്നവർക്ക് മറ്റ് തൊഴിലുകൾക്കൊന്നും പോകാൻ സാധിക്കില്ല എന്നതിനാൽ അവർക്ക് സഹായത്തിനായി അഗതി -ആശ്രയ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് വകയിരുത്തുക. പാലിയേറ്റീവ് കെയർ, ആശ്രയ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അനർഹർക്ക് ധനസഹായം ലഭിക്കുന്നില്ല എന്ന കാര്യം ഉറപ്പ് വരുത്തുക

## 24. ക്യാൻസർ സുരക്ഷാപദ്ധതി

### ലക്ഷ്യങ്ങൾ

18 വയസ്സിൻ താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സാസഹായം നൽകുക

### ഗുണഭോക്താക്കൾ

- 8 വയസ്സിനു താഴെ പ്രായമുള്ള ബയോപ്സിയിലൂടെയും മറ്റും ക്യാൻസറാണെന്ന് കണ്ടെത്തിയ കുട്ടികൾ
- നിർദ്ദിഷ്ട ആശുപത്രികളിൽ ക്യാൻസർ ചികിത്സ നടത്തുന്ന കുട്ടികൾ
- പൊതുമേഖല/സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മക്കളല്ലാത്തവർ
- മറ്റ് മെഡിക്കൽ ഇൻഷുറൻസ് ഇല്ലാത്തവർ
- നിർദ്ദിഷ്ട ആശുപത്രികളിലെ ജനറൽ വാർഡുകളിൽ കഴിയുന്നവർ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാമിഷൻ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. പരിശോധനകൾ ഉൾപ്പെടെ എല്ലാത്തരം ചികിത്സക്കും ധനസഹായം ലഭിക്കുന്നു. സാമൂഹ്യസുരക്ഷാമിഷൻ ആവശ്യമായ ഫണ്ട് നിർദ്ദിഷ്ട ആശുപത്രികൾക്ക് നൽകുന്നു. ആദ്യ ഘട്ടത്തിൽ ഒരു കുട്ടിക്ക് പരമാവധി 50000 രൂപയാണ് നൽകുന്നത് എന്നിരുന്നാലും ക്യാൻസർ വിദഗ്ദ്ധൻ,

റേഡിയോളജി വകുപ്പിന്റെ തലവൻ, ആശുപത്രി സൂപ്രണ്ട് എന്നിവരുൾപ്പെടുന്ന കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിഷന്റെ സാധൂകരണത്തിന് വിധേയമായി കൂടുതൽ തുക ചിലവഴിക്കാവുന്നതാണ്

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറം ആവശ്യമില്ല . അതത് ആശുപത്രികളിലെ സുരക്ഷാമിഷന്റെ കൗൺസലർമാർ സാമൂഹ്യ സാമ്പത്തിക വിശകലനം നടത്തുന്നു.
- അർഹരാണെന്ന് കണ്ടെത്തിയ രോഗികൾ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നു. അവർക്ക് ഒരു പേഷ്യന്റ് കാർഡ് ലഭിക്കുന്നില്ല.
- രജിസ്റ്റർ ചെയ്ത രോഗികൾക്ക് ആശുപത്രികൾ വഴി സൗജന്യമായി ചികിത്സ ലഭിക്കുന്നു.

## സംഘാടനം

പദ്ധതി നടത്തുന്നത് കേരളത്തിലെ താഴെ പറയുന്ന ആശുപത്രികളിലൂടെയാണ്

ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം,

ഗവ.മെഡിക്കൽ കോളേജ്, കോട്ടയം,

ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ

ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ,

ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്

ഐ.എം.സി.എച്ച്.മെഡിക്കൽ കോളേജ് , കോഴിക്കോട്

ഐ.സി.എച്ച്. മെഡിക്കൽ കോളേജ് , കോഴിക്കോട്

കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ

റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ജനറൽ ആശുപത്രി, എറണാകുളം

മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അതത് പ്രദേശത്തെ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ധനസഹായം ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക. പദ്ധതിയെക്കുറിച്ച് വിശദീകരിക്കുക

## വകുപ്പിന്റെ പങ്ക്

ആശുപത്രികളുമായി കൂടുതൽ സംയോജിച്ച് പ്രവർത്തിക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തങ്ങളെ സഹായിക്കുന്നതിനായി ഫണ്ട് നൽകുന്നതിനായി പദ്ധതികൾ തയ്യാറാക്കുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് സാമൂഹ്യ സുരക്ഷ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിർദ്ദിഷ്ട ആശുപത്രികളിൽ നിന്നും കൃത്യമായ സമയത്ത് തന്നെ രോഗികൾക്ക് സഹായം ലഭിക്കുന്നു എന്ന കാര്യം

### 25. താലോലം

## ലക്ഷ്യങ്ങൾ

18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്ല്യങ്ങൾ, ഹീമോഫീലിയ, താലസീമിയ, സിക്ക്ൾസെൽ അനീമിയ, എൻഡോസൾഫാൻ രോഗ ബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സ എന്നിവയക്ക് ധനസഹായം നൽകുന്നു.

## ഗുണഭോക്താക്കൾ

- 18 വയസ്സിന് താഴെയുള്ള ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്ല്യങ്ങൾ ഹീമോഫീലിയ, താലസീമിയ, സിക്ക്ൾസെൽ അനീമിയ എന്നിവയുള്ള കുട്ടികൾ
- എൻഡോസൾഫാൻ ബാധിതരായ കുട്ടികൾ
- ഡയാലിസിസ് , മറ്റ് ശസ്ത്രക്രിയകൾ എന്നിവ ആവശ്യമുള്ള കുട്ടികൾ
- നിർദ്ദിഷ്ട ആശുപത്രികളിൽ ചികിത്സ നടത്തുന്ന കുട്ടികൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാമിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. വിദഗ്ദ്ധ ചികിത്സക്കാവശ്യമായ ചികിത്സാ ചെലവുകൾക്ക് പരിധിയില്ല

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറം ആവശ്യമില്ല. അതത് ആശുപത്രികളിലെ സുരക്ഷാമിഷന്റെ കൗൺസിലർമാർ സാമൂഹ്യ സാമ്പത്തിക വിശകലനം നടത്തുന്നു.
- അർഹരായവർക്ക് ആശുപത്രികൾ വഴി ധനസഹായം ലഭിക്കുന്നു.

## സംഘാടനം

പദ്ധതി നടത്തുന്നത് കേരളത്തിലെ താഴെ പറയുന്ന ആശുപത്രികളിലൂടെയാണ്

ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം,

ഗവ.മെഡിക്കൽ കോളേജ്, കോട്ടയം,

ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ

ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ,

ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്

ഐ.എം.സി.എച്ച്.മെഡിക്കൽ കോളേജ് , കോഴിക്കോട്

ഐ.സി.എച്ച്. മെഡിക്കൽ കോളേജ് , കോഴിക്കോട്

കോ-ഓപ്പെറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ

റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

ജനറൽ ആശുപത്രി, എറണാകുളം

മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ

ശ്രീ ചിത്തിര തിരുനാൾ ആശുപത്രി, തിരുവനന്തപുരം

കോ-ഓപ്പെറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി

ചെസ്റ്റ് ഹോസ്പിറ്റൽ, തൃശൂർ

ജനറൽ ഹോസ്പിറ്റൽ, കാസർഗോഡ്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അതത് പ്രദേശത്തെ രോഗ ബാധിതരായ കുട്ടികൾക്ക് ധനസഹായം ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക. പദ്ധതിയെക്കുറിച്ച് വിശദീകരിക്കുക. ഗ്രാമസഭയ്ക്ക് അറവ് നൽകുക. ഗുണഭോക്താക്കളെ കണ്ടെത്തി നൽകുക.

## വകുപ്പിന്റെ പങ്ക്

ആശുപത്രികളുമായി കൂടുതൽ സംയോജിച്ച് പ്രവർത്തിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് അപാകതകൾ ഇല്ലാതാക്കുക.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തങ്ങളെ സഹായിക്കുന്നതിനായി ഫണ്ട് നൽകുന്നതിനായി പദ്ധതികൾ തയ്യാറാക്കുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ ടി മേഖലയിലെ മറ്റ് പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം. ഇരട്ടിപ്പ് ഒഴിവാക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിർദ്ദിഷ്ട ആശുപത്രികളിൽ നിന്നും കൃത്യമായ സമയത്ത് തന്നെ രോഗികൾക്ക് സഹായം ലഭിക്കുന്നു എന്ന കാര്യം

## 26. ശ്രുതിതരംഗം-കോക്ലിയാർ ഇം പ്ലാന്റേഷൻ പദ്ധതി

## ലക്ഷ്യങ്ങൾ

05 വയസ്സ് വരെ പ്രായമുള്ള ശ്രവണ വൈകല്ല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇം പ്ലാന്റേഷനിലൂടെ കേൾവിയും ഓഡിയോ വെർബൽ ഹാബിലിറ്റേഷനിലൂടെ സംസാര ശേഷിയും ലഭ്യമാക്കുക.

## ഗുണഭോക്താക്കൾ

- 05 വയസ്സ് പ്രായമുള്ള കോക്ലിയാർ ഇം പ്ലാന്റേഷൻ സർജറിയിലൂടെ പൂർണ്ണമായും കേൾവി ശക്തി ലഭിക്കുമെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയ കുട്ടികൾ
- പ്രതിവർഷം 2 ലക്ഷം രൂപ വരെ വരുമാനമുള്ള കുട്ടികൾ
- നിർദ്ദിഷ്ട ആശുപത്രികളിൽ ചികിത്സ നടത്തുന്ന കുട്ടികൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാമിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. അഞ്ചര ലക്ഷം രൂപ വരുന്ന ഈ സർജറി പൂർണ്ണമായും സൗജന്യമാണ്

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്, ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റ്, സുരക്ഷാമിഷന്റെ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ദ്ധരും അപേക്ഷയോടൊപ്പമുള്ള സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തിയിരിക്കണം
- അപേക്ഷകൾ സാമൂഹ്യ സുരക്ഷാമിഷന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ സമർപ്പിക്കണം
- അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ മിഷൻ ധനസഹായം ലഭിക്കുന്നു.

## സംഘാടനം

പദ്ധതി നടത്തുന്നത് കേരളത്തിലെ താഴെ പറയുന്ന ആശുപത്രികളിലൂടെയാണ്

ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം,

ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്

സാന്ത്വനം ഹോസ്പിറ്റൽ, തിരുവനന്തപുരം

കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം

മിംസ് ഹോസ്പിറ്റൽ, കോഴിക്കോട്

ഡോ.മനോജ്, ഇ.എൻ.ടി ഹോസ്പിറ്റൽ, കോഴിക്കോട്

ഡോ.നൗഷാദ്, ഇ.എൻ.ടി.ഹോസ്പിറ്റൽ, എറണാകുളം

മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി

വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, തൃശൂർ

അൽഷിഫാ ഹോസ്പിറ്റൽ, പെരിന്തൽമണ്ണ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അതത് പ്രദേശത്തെ കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പദ്ധതിയെ കുറിച്ച് അറിവ് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി കണ്ടുപിടിച്ച് നൽകുക. ചർച്ച ചെയ്യുക.

## വകുപ്പിന്റെ പങ്ക്

ആശുപത്രികളുമായി കൂടുതൽ സംയോജിച്ച് പ്രവർത്തിക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തങ്ങളെ സഹായിക്കുന്നതിനായി ഫണ്ട് നൽകുന്നതിനായി പദ്ധതികൾ തയ്യാറാക്കുക. കുട്ടികൾക്കുള്ള മറ്റ് പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിർദ്ദിഷ്ട ആശുപത്രികളിൽ നിന്നും കൃത്യമായ സമയത്ത് തന്നെ രോഗികൾക്ക് സഹായം ലഭിക്കുന്നു എന്ന കാര്യം

# 27. സ്നേഹപൂർവ്വം പദ്ധതി

## ലക്ഷ്യങ്ങൾ

മാതാപിതാക്കളിലാരെങ്കിലും മരിച്ചു പോയതും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്തതുമായ അവസ്ഥയിലുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന്നായുള്ള പദ്ധതി

## ഗുണഭോക്താക്കൾ

- മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ മരിച്ചു പോയ ദരിദ്ര കുടുംബങ്ങളിലെ കുട്ടികൾ
- സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾ
- വാർഷിക വരുമാനം നഗരങ്ങളിൽ 22375 രൂപയും പഞ്ചായത്തുകളിൽ 20000 രൂപയും കവിയാത്ത കുടുംബങ്ങളിലെ കുട്ടികൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാമിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. 1 മുതൽ 5 വരെ പ്രതിമാസം 300 രൂപയും 6 മുതൽ 10 വരെ പ്രതിമാസം 500 രൂപയും +1,+2 ക്ലാസ്സുകളിൽ 750 രൂപയും കോളേജ് തലത്തിൽ 1000 രൂപയും ധനസഹായം ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്, സുരക്ഷാമിഷന്റെ ഓഫീസ് ഐ.സി.ഡി.എസ് ഓഫീസുകൾ, അംഗൻവാടികൾ, പഞ്ചായത്ത് ഓഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം
  a. മാതാവിന്റേയോ പിതാവിന്റേയോ മരണ സർട്ടിഫിക്കറ്റ്
  b. ബി.പി.എൽ സർട്ടിഫിക്കറ്റ് /ബി.പി.എൽ റേഷൻ കാർഡ്/വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്
  c. 5 വയസ്സിന് താഴെയുള്ള കുട്ടിയാണെങ്കിൽ ജില്ലാ ചൈൽഡ് വെൽഫയർ കമ്മറ്റിയുടെ സർട്ടിഫിക്കറ്റ്
  d. നിലവിലുള്ള രക്ഷാകർത്താവിന്റേയും കുട്ടിയുടേയും പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങി പാസ്സ് ബുക്കിന്റെ പകർപ്പ്
- അപേക്ഷകൾ സാമൂഹ്യസുരക്ഷാമിഷന് അയക്കുന്നു
- സാമൂഹ്യസുരക്ഷാമിഷൻ ധനസഹായം അപേക്ഷകരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

മാതാപിതാക്കളിലാരെങ്കിലും ഇല്ലാത്തതിനാൽ കഷ്ടതയനുഭവിക്കുന്ന കുട്ടികൾക്ക് പദ്ധതിയെകുറിച്ച് അറിയുവാനും സഹായമെത്തിക്കുവാനും ജനപ്രതിനിധികൾ ശ്രമിക്കുക. അർഹതയുള്ള കുട്ടികളെ ഗ്രാമസഭ വഴി കണ്ടെത്തി നൽകുക.

## വകുപ്പിന്റെ പങ്ക്

കുട്ടികൾക്ക് കൃത്യമായി ധനസഹായം എത്തിക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തങ്ങളെ സഹായിക്കുന്നതിനായി ഫണ്ട് നൽകുന്നതിനായി അനുവദനീയമായ പദ്ധതികൾ തയ്യാറാക്കുക. സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം. വിടവുകൾ നികത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ധനസഹായം ലഭിക്കുന്നത് വഴി കുട്ടിയുടെ ജീവിത നിലവാരം മെച്ചപ്പെടുന്നുണ്ട് എന്നകാര്യം ഉറപ്പ് വരുത്തുക.

## 28. സ്നേഹസ്പർശം പദ്ധതി

### ലക്ഷ്യങ്ങൾ

അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടേയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വരുമാന പരിധി നോക്കാതെ ധനസഹായം ലഭ്യമാക്കുക.

### ഗുണഭോക്താക്കൾ

- അവിവാഹിതാവസ്ഥയിൽ നിരവധി ചൂഷണങ്ങളിലൂടെ അമ്മമാരായവർ
- നിലവിൽ കുട്ടികളുള്ള അവിവാഹിതയായ അമ്മ
- നിലവിൽ വിവാഹിതരല്ലാത്തവരും ഒരു പുരുഷന്റെ കൂടെയല്ലാതെ ജീവിക്കുന്നതുമായ അമ്മ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാമിഷൻ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. പ്രതിമാസം 1000 രൂപ ധനസഹായം ലഭിക്കുന്നു.

### പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്, സുരക്ഷാമിഷന്റെ ഓഫീസ് ഐ.സി.ഡി.എസ് ഓഫീസുകൾ, അംഗൻവാടികൾ, പഞ്ചായത്ത് ഓഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- അപേക്ഷകൾ സാമൂഹ്യസുരക്ഷാമിഷന് അയക്കുന്നു.
- സാമൂഹ്യസുരക്ഷാമിഷൻ ധനസഹായം അപേക്ഷകരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അവിവാഹിതരായ അമ്മമാർ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് നിൽക്കുന്നതിനാൽ അവർ അവർക്കായുള്ള പല പദ്ധതികളെ കുറിച്ചും അറിയാതെ പോകുന്നു.

അത്തരക്കാരെയും അവരുടെ കുട്ടികളേയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന് തദ്ദേശ ഭരണ സ്ഥപങ്ങൾക്ക് വളരെ വലിയ ഒരു പങ്ക് നിർവ്വഹിക്കാനുണ്ട്. പദ്ധതിയെകുറിച്ച് പ്രദേശത്തുള്ള ഓരോ അവിവാഹിത അമ്മയേയും വ്യക്തിപരമായി അറിയിക്കുവാൻ ജനപ്രതിനിധികൾ ബാധ്യസ്ഥരാണ്. ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് അവബോധം നൽകാം.

### വകുപ്പിന്റെ പങ്ക്

അവിവാഹിതരായ അമ്മമാർക്ക് നേരിട്ട് അപേക്ഷകളും ധനസഹായവും എത്തിക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/സംയോജനം എങ്ങനെ സാധ്യമാക്കാം

സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തങ്ങളെ സഹായിക്കുന്നതിനായി ഫണ്ട് നൽകുന്നതിനായി പദ്ധതികൾ തയ്യാറാക്കുക. മറ്റ് സാമൂഹ്യ സുരക്ഷ, സ്വയംതൊഴിൽ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ധനസഹായം നൽകുന്നതോടൊപ്പം അവിവാഹിത അമ്മമാരേയും കുട്ടികളേയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക

## 29. കാരുണ്യ ഡെപ്പോസിറ്റ് സ്കീം

### ലക്ഷ്യങ്ങൾ

സ്പെഷ്യൽ സ്കൂളുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും മാനസിക-ശാരീരിക വൈകല്ല്യമുള്ള കുട്ടികളുടെ വൈദ്യസഹായത്തിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമായി ഫണ്ട് സ്വരൂപിക്കുക. ഒരു ലക്ഷമോ അതിന്റെ ഗുണിതങ്ങളായ സംഖ്യയോ സന്നദ്ധരായ വ്യക്തികളിൽ നിന്നോ സംഘടന-സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നോ ശേഖരിച്ച് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ച് അതിന്റെ പലിശ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കുക

- 5 മുതൽ 18 വരെ പ്രായമുള്ള മാനസിക -ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾ
- സ്കൂളിൽ പോകുന്ന അനാഥാലയത്തിലുള്ള/സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടി

- കേരള സർക്കാരോ ഇന്ത്യാ ഗവണ്മെന്റോ അംഗീകരിച്ച സർക്കാർ/എയിഡഡ്/അൺ എയിഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടി

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാമിഷൻ

## ഫണ്ടിംഗ്

ശേഖരിച്ച് ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയുടെ പലിശ . കുട്ടികൾക്ക് ശസ്ത്രക്രിയ, സ്പെഷ്യൽ ഉപകരണങ്ങൾ തുടങ്ങിയ വൈദ്യസഹായം, ട്യൂഷൻ ഫീസ്, പോഷകാഹാരം, വസ്ത്രങ്ങൾ, കമ്പ്യൂട്ടർ എന്നിവയ്ക്കുള്ള ധനസഹായം ലഭിക്കുന്നു.

## പ്രവർത്തനങ്ങൾ

- നിക്ഷേപങ്ങൾ സാമൂഹ്യ സുരക്ഷാമിഷന് സമർപ്പിക്കേണ്ടതാണ്
- നിക്ഷേപകന് കുട്ടിയേയും, സ്ഥാപനത്തേയും തിരഞ്ഞെടുക്കാവുന്നതാണ്
- ലഭിച്ച തുകകൾ പിന്നീട് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സാമ്പത്തികമായി മുന്നിട്ട് നിൽക്കുന്ന സന്നദ്ധരായ ആളുകളെ തുക നിക്ഷേപിക്കുവാൻ പ്രോത്സാഹിപ്പിക്കുക

## വകുപ്പിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് എല്ലാവരും പ്രത്യേകിച്ച് നിക്ഷേപിക്കുവാൻ താത്പര്യമുള്ളവർ അറിയുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/സംയോജനം എങ്ങനെ സംയോജിപ്പിക്കാം

സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തങ്ങളെ സഹായിക്കുന്നതിനായി ഫണ്ട് നൽകുന്നതിനായി പദ്ധതികൾ തയ്യാറാക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രവർത്തനങ്ങൾ സുതാര്യമായിരിക്കുവാൻ ശ്രദ്ധിക്കുക

## 30. വയോമിത്രം പദ്ധതി

### ലക്ഷ്യങ്ങൾ

വയോജനങ്ങൾക്ക് ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുക.നഗരപ്രദേശങ്ങളിൽ മാത്രമാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കുന്നത്

### ഗുണഭോക്താക്കൾ

- 65 വയസ്സിനുമുകളിൽ പ്രായമുള്ള നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർ
- ആരോഗ്യ പരിപാലനവും മറ്റും ആവശ്യമുള്ളവർ
- കിടപ്പ് രോഗികൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ വയോമിത്രം പദ്ധതിയുടെ പ്രവർത്തകർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

### പ്രവർത്തനങ്ങൾ

- 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, വൈദ്യസഹായവും മറ്റും സൗജന്യമായി നൽകൽ
- കിടപ്പ് രോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകൽ
- ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ട് പോകുന്നതിനും തിരിച്ച് കൊണ്ട് വരുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകുന്നതിന് ശ്രദ്ധിക്കുക. വയോമിത്രം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ സഹായിക്കുകയും പങ്കാളികളാവുകയും ചെയ്യുക. ഗ്രാമസഭ വഴി അവബോധം നൽകുക. ഗുണഭോക്താക്കലുടെ ലിസ്റ്റ് തയ്യാറാക്കി അർഹതയുള്ള എല്ലാവരും ഉൾപ്പെട്ടുവെന്ന് ഉറപ്പ് വരുത്തുക.

### വകുപ്പിന്റെ പങ്ക്

അർപ്പണമനോഭാവമുള്ളവരെ മാത്രം പദ്ധതിയിൽ പ്രവർത്തിക്കുവാൻ നിയോഗിക്കുക. തദ്ദേശഭരണ സ്ഥാപനം വഴി അറിവ് നൽകുക.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

മറ്റ് സമാന പദ്ധതികളായ പാലിയേറ്റീവ് കെയർ, ആശ്രയ പദ്ധതിയുമായി ഏകോപിപ്പിക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നേരിട്ടെത്തി സേവനം കൈപ്പറ്റാൻ സാധിക്കാത്തവർക്ക് കൂടുതൽ മുൻഗണന നൽകുക

## 31. പരിപാലനം പദ്ധതി

### ലക്ഷ്യങ്ങൾ

മികച്ച ആരോഗ്യ സംരക്ഷണം ലഭിക്കുന്ന കേരളത്തിൽ ജനങ്ങളുടെ ആയുർ ദൈർഘ്യം കൂടുതലാണ്. ഇനിയും ഒരു 2 ദശാബ്ദക്കാലം കഴിഞ്ഞാൽ കേരളത്തിലെ വൃദ്ധ ജനങ്ങളുടെ എണ്ണം യുവാക്കളുടേതിനേക്കാൾ ഇരട്ടിയാകാനിടയുണ്ട്. പലരും ജോലിക്കായി വിദേശത്ത് പോകുന്നതും മറ്റും വീട്ടിലുള്ള വയോജനങ്ങളുടെ കാര്യം പരിതാപകരമാകുന്നു. അത് വീണ്ടുമൊരു സാമൂഹ്യ പ്രശ്നത്തിനിട വരുത്തും.

ജീവിതത്തിന്റെ സായം കാലങ്ങളിൽ വീടുകളിൽ അടച്ചിടപ്പെടുന്ന അവർക്ക് സാന്ത്വനവും സ്വാതന്ത്ര്യവും ഉല്ലാസവും നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

## ഗുണഭോക്താക്കൾ

- 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ
- ആരുമില്ലാതെ പകൽ സമയങ്ങളിൽ വീടുകളിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## പ്രവർത്തനങ്ങൾ

- വയോജനങ്ങൾക്കായി എൽഡേഴ്സ് പാർക്ക് സ്ഥാപിക്കുക

- രാവിലെ മുതൽ വൈകുന്നേരം വരെ വയോജനങ്ങൾക്ക് സമയം ചെലവിടാൻ ഒരു സ്ഥലമുണ്ടാക്കുക
- സമപ്രായക്കാരായ മറ്റുള്ളവരെ കാണുക
- നടക്കാനും വിശ്രമിക്കുവാനുമുള്ള സൗകര്യം ഉണ്ടാക്കുക
- മാനസികോല്ലാസത്തിനായി സൗകര്യങ്ങൾ ഉണ്ടാക്കുക

## സംഘാടനം

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും സാമൂഹ്യ സുരക്ഷാമിഷനും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ നടത്തിപ്പിനായി സാമൂഹ്യസുരക്ഷാ മിഷനെ സഹായിക്കുക. ഗുണ ഭോക്താക്കളെ ഗ്രാമസഭ വഴി കണ്ടുപിടിച്ച് ലിസ്റ്റ് തയ്യാറാക്കി സേവനം നൽകേണ്ട വരെ കണ്ടുപിടിച്ച് സേവനം നൽകുക.

## വകുപ്പിന്റെ പങ്ക്

മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് ഇതിനായി നേടിയെടുക്കുവാൻ ശ്രമിക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതിയുടെ നടത്തിപ്പിനായി പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും മറ്റുമായി ഫണ്ട് വകയിരുത്തുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ വൃദ്ധജനങ്ങൾക്കായുള്ള പദ്ധ തിയുമായി ഇതിനെ സംയോജിപ്പിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതിക്കായി ഒരുക്കുന്ന സ്ഥലം വയോജന സൗഹൃദമായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക

# 32. അന്നാദായിനി

## ലക്ഷ്യങ്ങൾ

ഉൾക്കാടുകളിലുള്ള ഗുരുതര പോഷണക്കുറവ് അനുഭവിക്കുന്ന ആദിവാസിവിഭാഗങ്ങൾക്ക് ഉച്ചയൂണ് നൽകുക. ആദ്യഘട്ടത്തിൽ മലപ്പുറം ജില്ലയിലെ വെറ്റിലക്കൊല്ലി, കുമ്പളപ്പാറ, മണ്ണല, ആലക്കൽ എന്നീ 4 ആദിവാസി ക്കോളനികളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് .

## ഗുണഭോക്താക്കൾ

- ഉൾക്കാടുകളിൽ വസിക്കുന്ന ആദിവാസികൾ
- ഗുരുതര പോഷണക്കുറവ് അനുഭവിക്കുന്ന ആദിവാസികൾ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## പ്രവർത്തനങ്ങൾ

മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത ആദിവാസികൾക്ക് അവർ താമസിക്കുന്ന യിടങ്ങളിലെത്തി ഭക്ഷണം നൽകുക

## സംഘാടനം

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും സാമൂഹ്യ സുരക്ഷാമിഷനും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഇത്തരം ആളുകളെ കണ്ടെത്തുവാനും അവർക്കരികിൽ പദ്ധതിയുടെ ഗുണങ്ങളെത്തിക്കു വാനും മിഷനെ സഹായിക്കുക. അർഹതപ്പെട്ട എല്ലാവർക്കും സഹായം ഉറപ്പ് വരുത്തുക. ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക.

## വകുപ്പിന്റെ പങ്ക്

പദ്ധതി നടത്തിപ്പിനായി കൂടുതൽ ഫണ്ട് കണ്ടെത്തുവാനുള്ള പ്രവർത്തങ്ങൾ നടത്തുക. കേരളത്തിലെ മറ്റ് ആദിവാസി കോളനികളിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ എത്തിക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതി രേഖകളിൽ ഉൾപ്പെടുത്തുക.വിടവുകൾ നികത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കുക. തദ്ദേശഭരണസ്ഥാപനത്തിന്റെ പട്ടിക വർഗ്ഗ ഉപപദ്ധതിയും ആശ്രയ പദ്ധതിയുമായി ഏകോപിപ്പിക്കുക.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആദിവാസി സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ മുൻഗണന നൽകുക. ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെ കണ്ടെത്തുക

# 33. ഹംഗർ ഫ്രീ സിറ്റി (വിശപ്പു രഹിത നഗരം)പദ്ധതി

## ലക്ഷ്യങ്ങൾ

പണമില്ലാതെ ബുദ്ധിമുട്ടുന്നവർക്ക് ഒരു നേരത്തെ ഭക്ഷണമെങ്കിലും ലഭ്യമാക്കുക. ഈ പദ്ധതിയുടെ നടത്തിപ്പിന് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടത് കോഴിക്കോട് നഗരമാണ്

## ഗുണഭോക്താക്കൾ

- നഗരത്തിൽ എത്തിപ്പെടുന്ന ഭക്ഷണത്തിന് ബുദ്ധിമുട്ടുന്ന ജനങ്ങൾ
- കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിലെ രോഗികൾ
- രോഗികളുടെ കൂട്ടിരിപ്പുകാർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## പ്രവർത്തനങ്ങൾ

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അടുക്കള350 പേർക്കിരിക്കാവുന്ന രീതിയിൽ പുനർനിർമ്മിച്ചു

- സൗജന്യമായി ഭക്ഷണം വിതരണം ആരംഭിച്ചു
- രോഗികൾ, പൊതുജനങ്ങൾ, കൂട്ടിരിപ്പുകാർ എന്നിവർക്ക് ഭക്ഷണം ലഭിക്കുന്നു
- കോഴിക്കോട് നഗരത്തിലെ മറ്റ് 2 പ്രദേശത്ത് കൂടി ഇത്തരം അടുക്കള ഉണ്ടാക്കുവാൻ തീരുമാനിച്ചു

## സംഘാടനം

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും സാമൂഹ്യ സുരക്ഷാമിഷനും

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കോഴിക്കോട് മെഡിക്കൽ കോളേജിലും കോഴിക്കോട് നഗരത്തിലും എത്തിപ്പെടുന്നയാളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. വിഭവം സമാഹരിക്കുന്നതിന് മിഷനെ സഹായിക്കുക.

### വകുപ്പിന്റെ പങ്ക്

പദ്ധതിയുടെ നടത്തിപ്പിനായി പണം നൽകാൻ തയ്യാറുള്ള സന്നദ്ധ സംഘടനകൾ, മനുഷ്യസ്നേഹികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തി പണം ശേഖരിക്കുക. കേരളത്തിലെ മറ്റ് നഗരങ്ങളിൽകൂടി പദ്ധതി എത്തിക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

മറ്റ് പ്രദേശങ്ങളിൽ കൂടി പദ്ധതിയുടെ പ്രയോജനം കിട്ടുന്നതിനായി ഫണ്ട് വകയിരുത്തുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഭക്ഷണം ആവശ്യമുള്ള ഒരാൾ പോലും പദ്ധതിയിൽ നിന്നും വിട്ടുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക

## 34. സാമൂഹ്യ നീതി വകുപ്പിലെ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കൽ

### ലക്ഷ്യങ്ങൾ

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ വിപുലീകരിക്കുക, പശ്ചാത്തല സൗകര്യം ഒരുക്കുക

### ഗുണഭോക്താക്കൾ

- സാമൂഹ്യ നീതി വകുപ്പിലെ ക്ഷേമ സ്ഥാപനങ്ങൾ
- മറ്റ് വകുപ്പിലെ ക്ഷേമസ്ഥാപനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## പ്രവർത്തനങ്ങൾ

- ആദ്യ ഘട്ടത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പുതുക്കി പണിതു
    1. ജുവനൈൽ ഹോം ഫോർ ബോയ്സ്, തിരുവനന്തപുരം, കോഴിക്കോട്
    2. വൃദ്ധ മന്ദിരം, തിരുവനന്തപുരം, പത്തനംതിട്ട, തൊടുപുഴ, വയനാട്, കണ്ണൂർ
    3. പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിന്റെ ഒമ്പതാം വാർഡ്
    4. ജുവനൈൽ ഹോം ഫോർ ഗേൾസ്, കോഴിക്കോട്
    5. മഹിളാമന്ദിരം, തിരുവനന്തപുരം, കോഴിക്കോട്
    6. ഒബ്സർവേഷൻ ഹോം ഫോർ ബോയ്സ്, കോഴിക്കോട്
    7. ആശാ ഭവൻ, കോഴിക്കോട്

## സംഘാടനം

സാമൂഹ്യ സുരക്ഷാ മിഷനും കേരളാ ഹെൽത്ത് വെൽഫയർ സൊസൈറ്റിയും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

.പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. നടത്തിപ്പിൽ സഹായിക്കുക. പോരായ്മകൾ ശ്രദ്ധയിൽ കൊണ്ടു വരുക.

## വകുപ്പിന്റെ പങ്ക്

സാമൂഹ്യ നീതി വകുപ്പിലെ എല്ലാ സ്ഥാപനങ്ങൾക്കും ഫണ്ട് ലഭ്യമാക്കുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശ ഭരണ സ്ഥാപങ്ങളുടെ ഫണ്ടുമായി ചേർത്ത് പദ്ധതികൾ തയ്യാറാക്കുക. വിടവുകൾ നികത്തുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രവർത്തനങ്ങൾ സുതാര്യമാക്കുക

## 35. സ്ഥാപനങ്ങൾക്ക് സംരക്ഷകരെ (care givers) നൽകുന്ന പദ്ധതി

### ലക്ഷ്യങ്ങൾ

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ ആകെ 14 വൃദ്ധ മന്ദിരങ്ങളും 6 ആശാഭവനുകളുമുണ്ട്. ഇവ ആരുമില്ലാത്ത വൃദ്ധർക്കും, അശരണർക്കും, അഗതികൾക്കും, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും അഭയം നൽകുന്നു. .ഇവയിലൊക്കെയും അനുവദിക്കപ്പെട്ടതിലും അധികം അന്തേവാസികളുണ്ട്. എന്നാൽ ഇവിടങ്ങളിലൊന്നും വിദഗ്ദ്ധരായ സംരക്ഷകരില്ല. പദ്ധതി അത്തരം സ്ഥാപനങ്ങളിൽ സംരക്ഷകരെ നൽകുന്നു.

### ഗുണഭോക്താക്കൾ

- സാമൂഹ്യ നീതി വകുപ്പിലെ ക്ഷേമ സ്ഥാപനങ്ങൾ
- മറ്റ് വകുപ്പിലെ ക്ഷേമസ്ഥാപനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

### പ്രവർത്തനങ്ങൾ

- അന്തേവാസികളുടെ എണ്ണമനുസരിച്ച് സംരക്ഷകരെ നൽകൽ
- അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകൽ

### സംഘാടനം

സാമൂഹ്യ സുരക്ഷാ സാമൂഹ്യ നീതി വകുപ്പും

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കുടുംബശ്രീ പോലുള്ള സംഘങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഇത്തരം സ്ഥാപനങ്ങളിൽ സംരക്ഷകരായി പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുക. അംഗങ്ങളെ കുടുംബശ്രീ മുഖാന്തിരം തെരഞ്ഞെടുത്തു നൽകുക.

### വകുപ്പിന്റെ പങ്ക്

ആവശ്യമുള്ള എല്ലാ സ്ഥാപനങ്ങൾക്കും സംരക്ഷകരെ നൽകുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

പരിശീലനത്തിനായി അനുവദനീയമായ ഫണ്ട് വകയിരുത്തുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർപ്പണ മനോഭാവമുള്ളവരേയും പരിശീലനം സിദ്ധിച്ചവരേയും മാത്രം നിയമിക്കുക

## 36.വ്യത്യസ്ത വൈകല്യമുള്ളവർക്ക് വൈകല്യനിർണ്ണയ തിരിച്ചറിയൽ കാർഡും, സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതി

### ലക്ഷ്യങ്ങൾ

സംസ്ഥനത്തെ വൈകല്യം ബാധിച്ച മുഴുവൻ പേരേയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് ലഭ്യമാക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അടിസ്ഥാന മാർഗ്ഗരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുക

### ഗുണഭോക്താക്കൾ

- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ഇല്ലാത്ത മാനസിക ശാരീരിക വൈകല്ല്യം ബാധിച്ചവർ
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ കാലാവധി കഴിഞ്ഞതിനാൽ അവ പുതുക്കേണ്ട ആളുകൾ

### സ്കീമിന്റെ നിർവ്വഹണം :

സാമൂഹ്യ സുരക്ഷാ മിഷൻ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്,,സുരക്ഷാമിഷന്റെ ഓഫീസ് ഐ.സി.ഡി.എസ് ഓഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു
- പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ അതത് ഐ.സി.ഡി.എസ് ഓഫീസുകളിൽ എത്തിക്കുക
- സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത റാങ്കുള്ള ഒരു ഡോക്ടർ അദ്ധ്യക്ഷനായ, ചുരുങ്ങിയത് 5 ഡോക്ടർമാരെങ്കിലുമുള്ള ബോർഡ് അപേക്ഷകരെ പരിശോധിക്കുന്നു.
- ബ്ലഡ് ഗ്രൂപ്പ് പരിശോധിക്കുന്നതിനായി ഒരു ലാബ് ടെക്നീഷ്യൻ, കണ്ണ് പരിശോധനക്കായി ഒരു ഒപ്ടോമെട്രീഷ്യൻ, കേൾവി പരിശോധനക്കായി ഒരു ഓഡിയോളജിസ്റ്റ് എന്നിവരും ക്യാമ്പിൽ ഉണ്ടാകും
- പരിശോധനകൾക്ക് ശേഷം ഉടൻ തന്നെ സി-ഡിറ്റിൽ നിന്നുമുള്ള വിദഗ്ദ്ധർ ലാമിനേറ്റ് ചെയ്ത തിരിച്ചറിയൽ കാർഡും, പാസ്സ്ബുക്കും, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും നൽകുന്നു.

## സംഘാടനം

സാമൂഹ്യ സുരക്ഷാ സാമൂഹ്യ നീതി വകുപ്പും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് ഗ്രാമസഭകളിൽ പ്രത്യേകിച്ച് വികലാംഗർക്കായുള്ള ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യുക. അർഹതപ്പെട്ട എല്ലാവരേയും ഉൾപ്പെടുത്തി എന്ന് ഉറപ്പു വരുത്തുക

## വകുപ്പിന്റെ പങ്ക്

ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും കാർഡ് വിതരണം ചെയ്യുക. കേരളത്തിലെ മുഴുവൻ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

ക്യാമ്പിന്റെ മറ്റ് ചെലവുകൾക്കായി ഫണ്ട് നൽകുക. നേതൃത്വം വഹിക്കുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ വികലാംഗ പദ്ധതിയുമായി ഏകോപിപ്പിക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ക്യാമ്പിൽ പങ്കെടുക്കുന്ന വികലാംഗർക്ക് യാതൊരു ബുദ്ധിമുട്ടും കൂടാതെ കാർഡ് ലഭിക്കുന്നതിന് ശ്രദ്ധിക്കുക

# 37. സ്നേഹ സാന്ത്വനം പദ്ധതി

## ലക്ഷ്യങ്ങൾ

കാസർഗോഡ് ജില്ലയിലെ ദുരിത ബാധിതരുടെ ലിസ്റ്റിൽപ്പെട്ട, ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവ രുമായവർക്ക് പെൻഷൻ നൽകുക

## ഗുണഭോക്താക്കൾ:

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്ന എൻഡോസൾഫാൻ ബാധിതർ
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കാത്ത എൻഡോസൾഫാൻ ബാധിതർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## പ്രവർത്തനങ്ങൾ

- തദ്ദേശസ്വയഭരണസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്ന എൻഡോസൾഫാൻ ബാധിതർക്ക് 1700 രൂപയും, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കാത്ത എൻഡോസൾഫാൻ ബാധിതർക്ക് 2000 രൂപയും പെൻഷൻ ലഭിക്കുന്നു.
- എൻഡോസൾഫാൻ ബാധിതരായ രോഗികൾക്ക് പ്രതിമാസം 1000 രൂപ ലഭിക്കുന്നു

## സംഘാടനം

സാമൂഹ്യ സുരക്ഷാ മിഷൻ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യുക. അർഹരായ എല്ലാ വരുടേയും ലിസ്റ്റ് തയ്യാറാക്കി എല്ലാവർക്കും ഏതെങ്കിലും ഏജൻസി/തദ്ദേശഭരണ സ്ഥാപനത്തിന്റെ ധനസഹായം ലഭ്യമാക്കി എന്ന് ഉറപ്പു വരുത്തുക.

### വകുപ്പിന്റെ പങ്ക്

എൻഡോസൾഫാൻ ബാധിതരായ എല്ലാവർക്കും ധനസഹായം എത്തിക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കം

പദ്ധതി രേഖകളിൽ വിശകലനം ചെയ്യുക. പ്രിതിവിധികൾ നിർദ്ദേശിക്കുക. മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാരിന് നൽകുക.

## 38. എൻഡോസൾഫാൻ ബാധിതരുടെ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം

### ലക്ഷ്യങ്ങൾ

എൻഡോസൾഫാൻ ബാധിതരായതിനാൽ ദുരിതമനു വിക്കുന്ന കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം പാതി വഴിയിൽ നിന്നുപോകാതിരിക്കുവാൻ സഹായിക്കുക

### ഗുണഭോക്താക്കൾ

എൻഡോസൾഫാൻ ബാധിതരുടെ കുടുംബങ്ങളിലെ 1 മുതൽ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

### പ്രവർത്തനങ്ങൾ

- കുട്ടികൾക്ക് താഴെപറയുന്ന രീതിയിൽ ആനുകൂല്യം നൽകുന്നു.

1. 1-ാം ക്ലാസ്സുമുതൽ 8-ാം ക്ലാസ്സുവരെ - 2000 രൂപ വീതം
2. 8-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെ - 3000 രൂപ വീതം
3. +1,+2 ക്ലാസ്സുകൾ - 2000 രൂപ വീതം 4000 രൂപ വീതം

- തുക ഒരുവർഷം ഒറ്റ തവണയായി ലഭിക്കുന്നു.

## സംഘാടനം

സാമൂഹ്യ സുരക്ഷാ മിഷൻ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് ഗ്രാമ സഭകളിൽ വിശദമായി ചർച്ച ചെയ്യുക. അർഹതയുള്ളവരുടെ ലിസ്റ്റ് സ്കൂൾ അധികാരികളും പി.ടി.എ കളുമായി സഹകരിച്ച് പൂർണ്ണമാക്കുക. രോഗബാധയെക്കുറിച്ചുള്ള അവബോധവും പ്രതിരോധ നടപടികളും സ്വീകരിക്കുക.

## വകുപ്പിന്റെ പങ്ക്

എൻഡോസൾഫാൻ ബാധിതരായ എല്ലാവർക്കും ധനസഹായം എത്തിക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതി രേഖകളിൽ ഉൾപ്പെടുത്തുക. വിശകലനം ചെയ്യുക. സർക്കാരിന് വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൈമാറുക.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

എല്ലാവരും പഠനം തുടരുന്നുണ്ട് എന്നകാര്യം ഉറപ്പ് വരുത്തുക

# 39. സമാശ്വാസം പദ്ധതി

## ലക്ഷ്യങ്ങൾ

വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടി വരുന്ന രോഗികൾക്ക് പ്രതിമാസ പെൻഷൻ നൽകുക

## ഗുണഭോക്താക്കൾ

- വൃക്കകൾക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസ് ചെയ്യുന്ന രോഗികൾ

- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലുള്ള മേൽ പറഞ്ഞ വിഭാഗം ആളുകൾ
- ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കുറവുള്ളവർ

## സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യ സുരക്ഷാ മിഷൻ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. ഗുണഭോക്താക്കൾക്ക് പ്രതിമാസം 525 രൂപ പെൻഷൻ ലഭിക്കുന്നു

## പ്രവർത്തനങ്ങൾ

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്, സുരക്ഷാമിഷന്റെ ഓഫീസ്, ഐ.സി.ഡി.എസ് ഓഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ അതത് ഐ.സി.ഡി.എസ് ഓഫീസുകളിൽ എത്തിക്കുക
- അപേക്ഷകർക്ക് കോർ ബാങ്കിംഗ് സൗകര്യമുള്ള നാഷണലൈസ്ഡ് ബാങ്കുകളിൽ അക്കൗണ്ട് ഉണ്ടായിരിക്കണം
- അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉണ്ടണ്ടായിരിക്കണം
- ബി.പി.എൽ. കുടുംബമാണെന്ന് തെളിയിക്കുന്ന റേഷൻ കാർഡിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അല്ലെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപന മേധാവി നൽകുന്ന ബി.പി.എൽ.സർട്ടിഫിക്കറ്റ്
- രോഗി പ്രതിമാസം ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ദ്ധർ നൽകുന്ന സർട്ടിഫിക്കറ്റ്. സർട്ടിഫിക്കറ്റിൽ ഡോക്ടറുടെ സീൽ, രജിസ്ട്രേഷൻ നമ്പർ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം
- അപേക്ഷ ലഭിച്ചാൽ ശിശുവികസന പദ്ധതി ഓഫീസർമാർ രോഗിയുടെ ഭവനം സന്ദർശിച്ച് രോഗി ഡയാലിസിസിന് വിധേയമായി എന്ന് ഉറപ്പ് വരുത്തി ശുപാർശ സഹിതം കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന് അയച്ച് കൊടുക്കുന്നു
- അർഹതയുള്ള അപേക്ഷകർക്ക് ബാങ്ക് അക്കൗണ്ട് വഴി ധനസഹായം അനുവദിക്കുന്നു.

- എല്ലാ ഐ.സി.ഡി.എസ്. ഓഫീസുകളിലും ആപ്രദേശത്തെ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നു.

### സംഘാടനം

സാമൂഹ്യ സുരക്ഷാ മിഷൻ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് അർഹതയുള്ള എല്ലാവരും അറിയുന്നതിനായി ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യേണ്ടതാണ്.അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷിക്കണം.

### വകുപ്പിന്റെ പങ്ക്

രോഗികളുടെ ആവശ്യകത അറിഞ്ഞു കാല താമസം കൂടാതെ ധനസഹായം അനുവദിക്കുക

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

ഇതിനെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതിയുമായും, എൻ.ആർ.എച്ച്.എം സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും ഏകോപിപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് ആരോഗ്യ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ടണ്ട കാര്യങ്ങൾ

ധനസഹായം അനുവദിച്ച് ആറുമാസം തികയുന്ന മുറയ്ക്ക് രോഗിയുടെ ലൈഫ് സർട്ടിഫിക്കറ്റ്, ഡയാലിസിസ് തുടർന്നും ആവശ്യമാണെന്ന് സർക്കാർ/സൗകാര്യ ആശുപത്രികളിലെ വൃക്ക രോഗ വിദഗ്ദ്ധന്റെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുവാൻ ശ്രദ്ധിക്കുക.

## 40. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളായ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

### ഗുണഭോക്താക്കൾ

സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായ പെൺകുട്ടികൾ

### നിർവ്വഹണം

സ്ഥാപന സൂപ്രണ്ടുമാർ നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. ഒരാൾക്ക് 50,000 രൂപ വീതം നൽകുന്നു.

### പ്രവർത്തനങ്ങൾ

അന്തേവാസികളായ പെൺകുട്ടികളെ വിവാഹം കഴിക്കുവാൻ താൽപര്യമുള്ള യുവാക്കൾ ക്ഷേമസ്ഥാപന സൂപ്രണ്ടിന് അപേക്ഷ നൽകുന്നു. സൂപ്രണ്ട് പെൺകുട്ടിയുടേയും വിവാഹം കഴിക്കുവാൻ താൽപര്യമുള്ള ആൺകുട്ടിയുടേയും ബയോഡേറ്റാ സഹിതം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രൊബേഷൻ ഓഫീസർമാർക്ക് അന്വേഷണത്തിനായി നൽകുന്നു. അന്വേഷണ റിപ്പോർട്ട് വീണ്ടും ക്ഷേമ സ്ഥാപനത്തിന് നൽകുന്നു. റിപ്പോർട്ട് അനുസരിച്ച് പെൺകുട്ടിയുടെ കല്ല്യാണം നിശ്ചയിച്ചാൽ സൂപ്രണ്ട് ധനസഹായത്തിനുള്ള അപേക്ഷ സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു. ഡയറക്ടർ ധനസഹായം അനുവദിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി സ്കീമിനെക്കുറിച്ചുള്ള അവബോധം നൽകൽ, പ്രവർത്തനങ്ങളിൽ അർഹരായവരെ പുനരധിവസിപ്പിക്കൽ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് സാമൂഹ്യക്ഷേമ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കണം.

## 41. മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ, എക്സ്പ്യൂപ്പിൾസ്, മുൻ അന്തേവാസികൾക്കും ധനസഹായം നൽകൽ

### ആമുഖം

ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നു വരുന്ന മുൻകുറ്റവാളികളോ മേൽനോട്ടത്തിനു വിധേയരാക്കി വച്ചിരിക്കുന്ന കുറ്റവാളികളോ തിരുത്തലിന് വേണ്ടിയോ നൽകാതെയോ ഉള്ള സ്ഥാപനങ്ങളിലെ എക്സ്പ്യൂപ്പിൾസോ മുൻ

അന്തേവാസികളോ ആയിട്ടുള്ളവരുമായ ആളുകളുടെ സാമൂഹ്യ പുനരധിവാസം ഒരു സാമൂഹ്യപ്രശ്നമാണ്. അവർക്ക് മാന്യമായ ഉപജീവന മാർഗത്തിനായി എന്തെങ്കിലും വ്യവസായമോ, കൈതൊഴിലോ, ചെറുകിട വ്യാപാരമോ ആരംഭിക്കുന്നതിനുവേണ്ട ധനസഹായം നൽകാനായി ഈ പദ്ധതി വിഭാവന ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

ദരിദ്രരായ മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ, എക്സ്പ്യൂപ്പിൾസ്, മുൻ അന്തേവാസികൾ എന്നിവർക്ക് ധനസഹായം നൽകൽ. എക്സ്പ്യൂപ്പിൾസ്/ദരിദ്ര രായ പ്രൊബേഷണർ/ജുവൈനൽ ഹോമുകൾ/സ്പെഷൽ സ്കൂളുകളിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടവർ എന്നിവർക്ക് ഏതെങ്കിലും വ്യവസായമോ, കൈതൊഴിലോ, ബിസിനസ്സോ, വ്യാപാരമോ തുടങ്ങാൻ ധനസഹായം

## ഗുണഭോക്താവ്

ദരിദ്രമായ സാമ്പത്തിക പശ്ചാത്തലമുള്ള കുടുംബങ്ങളിൽപെട്ടവരായ മുൻകുറ്റവാളികൾ, വിമോചിതരായ തടവുകാർ, പ്രൊബേഷണർമാർ, ജുവൈനൽ ഹോമുകൾ/ സ്പെഷൽ സ്കൂളിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടവർ എക്സ് പ്യൂപ്പിൾസ്, അന്തേവാസികൾ എന്നിവർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് പ്രൊബേഷണർമാർക്കായി സർക്കാർ റിപ്പോർട്ടറോ മെമ്പർ സെക്രട്ടറി വിതരണം ചെയ്യുന്നു.

## നിർവ്വഹണ ഉദ്യാഗസ്ഥന്റെ/വകുപ്പിന്റെ പങ്ക്

ധനസഹായ അപേക്ഷകന് അതാത് മെമ്പർ സെക്രട്ടറിമാർ വിതരണം ചെയ്യുന്നു. പ്രൊബേഷണർ ഓഫീസർ അന്വേഷണം നടത്തി ശുപാർശ ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

- അപേക്ഷകൾ മെമ്പർ സെക്രട്ടറിക്ക് നൽകുന്നു.
- പ്രൊബേഷണറി ഓഫീസർക്ക് അയച്ചു കൊടുക്കുന്നു.
- പ്രൊബേഷണറി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം റീജിയണൽ ഓഫീസർ വഴി മെമ്പർ സെക്രട്ടറിക്ക് ധനസഹായം നൽകുന്നതിനായി നൽകുന്നു
- സ്റ്റേയ്റ്റ് ആഫ്റ്റർ കെയർ അസോസിയേഷൻ ഓരോ ഗ്രാന്റും പരിശോധിച്ച് പരമാവധി 10,000 ക നിശ്ചയിക്കുന്നു.

- മെമ്പർ സെക്രട്ടറി മേൽ നിശ്ചയിച്ച പ്രകാരമുള്ള തുക അപേക്ഷകൾ വിതരണം ചെയ്യുന്നു
- റിപ്പോർട്ട് വിനിയോഗ സാക്ഷ്യപത്രവും അതാതു പ്രൊബേഷറി ഓഫീസർക്ക് നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

- അതാതു തദ്ദേശഭരണ സ്ഥാപനത്തിൽപെട്ട പ്രസ്തുത വിഭാഗം അർഹരായ എല്ലാവർക്കും ധനസഹായം ലഭിച്ചുവെന്ന് ഉറപ്പു വരുത്തുക
- ഗ്രാമസഭ വഴി അവബോധം നൽകുക
- അർഹത ഉറപ്പു വരുത്തുക
- അനർഹർ ഇല്ല എന്ന് ഉറപ്പാക്കുക മുതലായവ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് ധനസഹായ പദ്ധതികളുമായും സാമൂഹ്യ ക്ഷേമ പ്രോജക്ടുകളുമായും ഇതിനെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ള എല്ലാവർക്കും യഥാസമയം ധനസഹായം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

## 42. അഗതിപെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും)

### ആമുഖം

ദരിദ്രകുടുംബങ്ങളിൽപെട്ട വിധവകൾക്കും വിവാഹമോചിതർക്കും സമാശ്വാസം നൽകുന്നതിനുള്ള പദ്ധതിയാണിത്. 1-4-2011 മുതൽ കേന്ദ്ര സർക്കാരും ഇതിനുവേണ്ടി ദേശീയ വിധവ പെൻഷൻ നടപ്പിലാക്കുന്നുണ്ട്. ആയതിനുള്ള അർഹത മാനദണ്ഡങ്ങൾ ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ വിധവ/അഗതി പെൻഷൻ പദ്ധതിയിൽ വ്യത്യസ്തമാണ്. എന്നിരുന്നാലും ടി പദ്ധതിയും തുടരുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ വിവരിക്കുന്ന സ്കീം സംസ്ഥാന സർക്കാരിന്റെ അർഹതാ മാനദണ്ഡമനുസരിച്ചാണ് നൽകുന്നു

### ലക്ഷ്യം

18 വയസ്സ് പൂർത്തിയായ വിധവകൾ, വിവാഹമോചിതർക്ക് സമാശ്വാസം നൽകുന്നതിന് മാസം 700/ ക വീതം പെൻഷൻ നൽകുക.

## ഗുണഭോക്താവ്

- കേരളത്തിൽ തുടർച്ചയായി കഴിഞ്ഞ 2 വർഷം സ്ഥിരതാമസക്കാരായ വാർഷിക കുടുംബ വരുമാനം 3,00,000 കയിൽ കവിയാത്തവർ, വിധവകൾ വിവാഹമോചിതർ
- ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാരിന്റെ നോൺപ്ലാൻ ഫണ്ട് തദ്ദേശഭരണ സ്ഥാപനത്തിന് നൽകുന്നു.

## നിർവ്വഹണ ഉദ്യോഗസ്ഥൻ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി. അന്വേഷണ ഉദ്യാഗസ്ഥൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ

## പ്രവർത്തനങ്ങൾ

- നിശ്ചിത ഫോറത്തിലുള്ള (2 പ്രതികൾ) അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുക (സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖകൾ തിരിച്ചറിയുന്നതിനുള്ള രേഖയും അടക്കം അതായത് റേഷൻകാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ/ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)
- അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണത്തിന് ശേഷം തദ്ദേശഭരണ സ്ഥാപനം അംഗീകരിച്ച ലിസ്റ്റ് ഫണ്ടിനും അംഗീകാരത്തിനുമായി ജില്ലാ കളക്ടർക്ക് നൽകുന്നു.
- 40 ദിവസത്തിനകം പെൻഷൻ അനുവദിക്കുന്നു.(അപേക്ഷിച്ച തിയ്യതിക്കുശേഷമുള്ള മാസത്തിന്റെ 1-ാം തിയ്യതി മുതൽ)
- ഗ്രാമസഭയിൽ അനുമതിയായി വന്ന മാസപെൻഷൻ തുക ഇപ്പോൾ 700/-യാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അർഹരായവരെ തെരഞ്ഞെടുത്ത് യഥാസമയം അന്വേഷണം നടത്തി പെൻഷൻ തുക നൽകുക. അനർഹർ ഇല്ല എന്ന് ഉറപ്പു വരുത്തുക.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

യഥാർത്ഥ ഗുണഭോക്താക്കൾക്കാണ് പെൻഷൻ അനുവദിച്ചത് എന്ന് ഉറപ്പ് വരുത്തുക.

# 43. വികലാംഗ പെൻഷൻ

## ആമുഖം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗൻ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുടെ ക്ഷേമത്തിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതി തദ്ദേശഭരണ സ്ഥാപനം വഴി നിർവ്വഹിക്കുന്നു. 1-4-2011 ൽ സമാനമായ കേന്ദ്ര സർക്കാർ സ്കീം നിലവിലുണ്ട്. (ഇന്ദിരാഗാന്ധി ദേശീയ വികലാംഗപെൻഷൻ) ആയതിന്റെ അർഹത മാനദണ്ഡം വ്യത്യസ്തമാണ്.

## ലക്ഷ്യങ്ങൾ

ദരിദ്ര കുടുംബത്തിൽപെട്ട വാർഷിക കുടുംബ വരുമാനം 20,000 / കയിൽ കവിയാത്ത വികലാംഗ/മാനസിക വൈകല്യമുള്ളവരുടെ ക്ഷേമം കണക്കിലെടുത്ത് പ്രതിമാസം നൽകുന്ന പെൻഷൻ, പ്രായനിബന്ധനയില്ല

## ഗുണഭോക്താക്കൾ

വാർഷിക കുടുംബവരുമാനം 20,000/- ക യ്ക്ക് താഴെയുള്ളതും 40% മോ അതിൽ കൂടുതലോ അസ്ഥിവൈകല്യമുള്ളവർ/കാഴ്ച 6/80 അഥവാ 20/200 സ്റ്റെല്ലനിൽ അധികരിക്കാത്തവർ, കേൾവി ശക്തി 90 ഡെസിബെല്ലിൽ കുറഞ്ഞവർ, മാനസിക വൈകല്യം ഐ.ക്യൂ. 50 ൽ താഴെ മാത്രം ഉള്ളവർ ഇതിന് അർഹരാണ്. കൂടാതെ കഴിഞ്ഞ 2 വർഷം കേരളത്തിൽ സ്ഥിരതാമസക്കാർ ആയിരിക്കണം. 80% ൽ കൂടുതൽ വൈകല്യമുള്ളവർക്ക് ഉയർന്ന നിരക്കിൽ പെൻഷൻ അനുവദനീയമാണ് (1000 രൂപ)

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ നോൺപ്ലാൻ ഫണ്ട് ജില്ലാ കളക്ടർ വഴി ഗ്രാമപഞ്ചായത്ത് /മുനിസിപ്പൽ സെക്രട്ടറിക്ക് നൽകുന്നു.

## നിർവ്വഹണ ഉദ്യോഗസ്ഥൻ

ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ സെക്രട്ടറി

## പ്രവർത്തനങ്ങൾ

- അപേക്ഷ (2 പ്രതി) സ്ഥിരതാമസം, വയസ്സ് തെളിയിക്കുന്ന രേഖ, വികലാംഗത്വം തെളിയിക്കുന്ന രേഖ സഹിതം (റേഷൻ കാർഡ്/ജനന സർട്ടിഫിക്കറ്റ്/ഡോക്ടർ സാക്ഷ്യപത്രം) ഏതെങ്കിലും തിരിച്ചറിയൽ കാർഡ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകണം

- അന്വേഷണ ഉദ്യാഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർ വഴി പ്രവർത്തനം നടത്തുന്നു.
- പഞ്ചായത്ത് ഭരണ സ്ഥാപനം, ഗ്രാമസഭ അംഗീകരിക്കുന്നു.
- ജില്ലാ കളക്ടർക്ക് ഫണ്ടിനായി അപേക്ഷിക്കുന്നു.
- 40 ദിവസത്തിനകം പെൻഷൻ അനുവദിക്കുന്നു.
- ഇപ്പോൾ നൽകുന്ന പ്രതിമാസ പെൻഷൻ 700/ക. 80% മേലെ വികലാംഗത്വമുള്ളവർക്ക് 1000/- ക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

യഥാസമയം അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ഗ്രാമസഭ വഴി ചർച്ച ചെയ്ത് പെൻഷൻ അനുവദിക്കുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പെൻഷൻ അപേക്ഷിച്ച മാസത്തിന്റെ അടുത്തമാസം 1 മുതൽ അർഹത

## 44. കർഷകതൊഴിലാളി പെൻഷൻ

### ആമുഖം

60 വയസ്സ് പൂർത്തിയായ കർഷകതൊഴിലാളികളുടെ ക്ഷേമം കണക്കാക്കി സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനം വഴി നൽകുന്ന പെൻഷൻ പദ്ധതിയാണിത്

### ലക്ഷ്യം

വാർഷിക കുടുംബ വരുമാനം 11,000 കയിൽ കവിയാതെയുള്ള കർഷകതൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുക

### ഗുണഭോക്താക്കൾ

വാർഷിക വരുമാനം 11,000 ക യിൽ കവിയാത്ത കുടുംബങ്ങളിൽപെട്ടവരും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവരും 10 വർഷമെങ്കിലും കേരളത്തിൽ തുടർച്ചയായി താമസിക്കുന്നവരും 60 വയസ്സ് പൂർത്തിയായവരുമാണ് പെൻഷന് അർഹതയുള്ളവർ.

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ നോൺപ്ലാൻ ഫണ്ട്, തൊഴിൽ വകുപ്പ് മുഖാന്തിരം ഗ്രാമ/ മുനിസിപ്പൽ സെക്രട്ടറിക്ക് നൽകുന്നു.

### നിർവ്വഹണ ഉദ്യാഗസ്ഥൻ

ഗ്രാമ/മുനിസിപ്പൽ സെക്രട്ടറി

### പ്രവർത്തനങ്ങൾ

- നിശ്ചിത ഫോറത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകുക
- ക്ഷേമനിധി ബോർഡിൽ അംഗത്വം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, വയസ്സ് തെളിയിക്കുന്ന രേഖ, സ്ഥിരംതാമസം തെളിയിക്കുന്നതിനുള്ള രേഖ എന്നിവ അപേക്ഷയോടൊപ്പം നൽകണം.
- അന്വേഷണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ വഴി അന്വേഷണം നടത്തി ഭരണ സമിതി, ഗ്രാമസഭ അംഗീകരിക്കുന്നു.
- ജില്ലാ കളക്ടർക്ക് ഫണ്ടിന് അപേക്ഷിക്കുന്നു.
- 45 ദിവസത്തിനകം പെൻഷൻ അനുവദിക്കുന്നു.
- പ്രതിമാസ പെൻഷൻ ഇപ്പോൾ 500/ക നൽകുന്നു.

#### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

യഥാസമയംഅന്വേഷണം നടത്തി പെൻഷൻ അനുവദിച്ചു എന്ന് ഉറപ്പു വരുത്തുക. യഥാസമയം പെൻഷൻ വിതരണം ചെയ്യുക. അനർഹർക്ക് അനുവദിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തുക.

പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അപേക്ഷ നൽകി അടുത്തമാസം 1 തിയതി മുതൽ പെൻഷന് അർഹതയുണ്ട്.

## 45.50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

### ആമുഖം

ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ള അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾ/അവിവാഹിതരായ അമ്മമാർ വളരെയധികം കഷ്ടതയനുഭവിക്കുന്ന അവരെ പരിപാലിക്കുന്നതിന് ആരും തന്നെയില്ലാത്ത അവസ്ഥ ഉണ്ട്. ഈ പദ്ധതി അവരുടെ ക്ഷേമം ലക്ഷ്യമിടുന്നു.

### ലക്ഷ്യം

ദരിദ്ര കുടുംബത്തിൽപെട്ട 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ /അമ്മമാർ എന്നിവർക്ക് പ്രതിമാസം പെൻഷൻ നൽകി കഷ്ടപ്പാടകറ്റുക.

## ഗുണഭോക്താവ്

വാർഷിക കുടുംബ വരുമാനം 20,000 ക യിൽ കവിയാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ, കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ നോൺ പ്ലാൻഫണ്ട്, ജില്ലാ കളക്ടർ വഴി ഗ്രാമ/മുനിസിപ്പൽ സെക്രട്ടറിക്ക് നൽകുന്നു.

## നിർവ്വഹണ ഉദ്യാഗസ്ഥൻ

ഗ്രാമ/മുനിസിപ്പൽ സെക്രട്ടറി

## പ്രവർത്തനങ്ങൾ

- നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതിയും രേഖകളും സെക്രട്ടറിക്ക് നൽകണം.
- കൂടാതെ അവിവാഹിതയാണെന്നും പ്രായവും വരുമാനവും തെളിയിക്കുന്നതുമായ വില്ലേജോഫീസറിൽ നിന്നും മാതൃകാ ഫോറത്തിലുള്ള സാക്ഷ്യപത്രവും നൽകുന്നു.
- തിരിച്ചറിയാൻ എന്തെങ്കിലും ഹാജരാക്കണം.
- ഐ.സി.ഡി.എസ് സൂപ്പർവൈസർ വഴി അന്വേഷണം നടത്തി തദ്ദേശ രണ സ്ഥാപനം, ഗ്രാമസഭ അംഗീകരിക്കുന്നു.
- ഫണ്ടിന് ജില്ലാ കളക്ടർക്ക് അപേക്ഷിക്കുന്നു.
- 40 ദിവസത്തിനകം പെൻഷൻ നൽകുന്നു. (ഇപ്പോൾ നൽകുന്ന തുക പ്രതിമാസം 700 ക )

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

യഥാസമയം അപേക്ഷ സ്വീകരിച്ച് പെൻഷൻ യഥാസമയം അനുവദിച്ചു എന്ന് ഉറപ്പു വരുത്തുക. അനർഹർ ഇല്ല് എന്നും ഉറപ്പ് വരുത്തുക. ഗ്രാമസഭ വഴി അവബോധം നൽകുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അപേക്ഷ അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന അടുത്തമാസം ഒന്നാം തിയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും.

# 46. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

## ആമുഖം

ദരിദ്ര കുടുംബങ്ങളിൽപ്പെട്ട വിധവകൾക്ക് അവരുടെ പെൺമക്കളുടെ വിവാഹം ഒരു പ്രശ്നമായി അവശേഷിക്കുന്നു. അവരെ സഹായിക്കുന്നതിനുള്ളതാണ് സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനം വഴി നടപ്പിലാക്കുന്ന പദ്ധതി.

## ലക്ഷ്യം

കുടുംബവാർഷിക വരുമാനം 20,000 ക യിൽ കവിയാത്ത കുടുംബങ്ങളിലെ വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്ത് കൊടുക്കുന്നതിനുള്ള ധനസഹായം നൽകുന്നതു വഴി അവരുടെ കഷ്ടപ്പാട് കുറയ്ക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു, ആരും ജീവിച്ചിരിക്കുന്നില്ലെങ്കിൽ വിവാഹം നടത്തി കൊടുക്കുന്ന ബന്ധുവിനോ പെൺകുട്ടിക്കു തന്നെയോ അപേക്ഷിക്കാം. അഗതി മന്ദിരത്തിലെ പെൺകുട്ടിക്കും അപേക്ഷിക്കാം.

## ഗുണഭോക്താവ്

കുടുംബവാർഷിക വരുമാനം 20,000 കവിയാത്ത കുടുംബങ്ങളിലെ 18 വയസ്സ് തികഞ്ഞ പെൺകുട്ടികളുടെ അമ്മമാർ, കേരളത്തിൽ 3 വർഷമായി സ്ഥിരതാമസമുള്ള കുടുംബം, സ്വർണ്ണം ഉൾപ്പെടെ ആകെ സമ്പത്ത് 50,000 രൂപയിൽ കവിയാത്ത കുടുംബം.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ നോൺപ്ലാൻ ഫണ്ട്- തദ്ദേശഭരണ സ്ഥാപനം വഴി നൽകുന്നു.

## നിർവ്വഹണ ഉദ്യാഗസ്ഥൻ

ഗ്രാമ/മുനിസിപ്പൽ സെക്രട്ടറി

## പ്രവർത്തനങ്ങൾ

- നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ
- അപേക്ഷക വിധവയാണെന്ന് തെളിയുന്നതിനുള്ള രേഖ, പെൺകുട്ടിയുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, വിവാഹം നിശ്ചയിച്ചു എന്നുള്ളതിനുള്ള പ്രതി

ശ്രുത വരന്റെ സത്യവാങ്മൂലം, 3 വർഷം സ്ഥിരതാമസം തെളിയിക്കുന്ന രേഖ, വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കുന്ന പക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള (പരമാവധി 1 വർഷം വരെ) അപേക്ഷ ജില്ലാ കളക്ടർക്ക്

- ഐ.സി.ഡി.എസ് സൂപ്പർവൈസർ വഴി അന്വേഷണം നടത്തി തദ്ദേശഭരണ സമിതിയും ഗ്രാമസഭയും അംഗീകരിച്ച് ജില്ലാ കളക്ടർക്ക് ഫണ്ടിംഗ് അപേക്ഷിക്കുന്നു. (ജില്ലാകളക്ടർക്ക് 30 ദിവസത്തിനും സമർപ്പിക്കണം)
- ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം (ഇപ്പോൾ 30,000 ക നൽകുന്നു)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുക. യഥാസമയം അപേക്ഷ നൽകുന്നുവെന്നും അന്വേഷണം നടത്തി ധനസഹായം നൽകുന്നുവെന്നും ഉറപ്പാക്കുക. അനർഹർ ഇല്ല എന്നുറപ്പ് വരുത്തുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അപേക്ഷ ലഭിച്ച നിശ്ചിത സമയത്തിനകം പെൻഷൻ അനുവദിക്കുന്നു എന്നുറപ്പ് വരുത്തുക.

# LV. കുടുംബശ്രീ



## 1. സംഘകൃഷി ചെയ്യുന്ന ജോയിന്റ് (ലയബിലിറ്റി ഗ്രൂപ്പു കൾ)ക്കുള്ള ധനസഹായം

### ലക്ഷ്യങ്ങൾ

- സ്ത്രീകൾക്ക് കൃഷിയിലൂടെയുള്ള ഉപജീവനം
- ഭക്ഷ്യപോഷകാഹാര സുരക്ഷ ഉറപ്പാക്കുക
- തരിശു നിലങ്ങളെ കൃഷിയോഗ്യമാക്കുക

### ഗുണഭോക്താക്കൾ

അയൽകൂട്ട അംഗങ്ങളായ സ്ത്രീകൾ ചേർന്ന് രൂപീകരിക്കുന്ന ( 4 മുതൽ 10 വരെ അംഗസംഖ്യ) സംഘകൃഷി ഗ്രൂപ്പുകൾ

### സ്കീമിന്റെ നിർവ്വഹണം

കുടുംബശ്രീ മിഷൻ പഞ്ചായത്ത് തലത്തിലുള്ള കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ വഴി ജെ.എൽ.ജി കൾക്ക് ധനസഹായം നൽകുന്നു.

# ഫണ്ടിംഗ്

**സംസ്ഥാനാവിഷ്കൃത ഫണ്ട്**

1. സംഘകൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് വിളകൾക്കനുസരിച്ച് വിസ്തൃതി ബോണസും ഉൽപാദന ബോണസും
2. സംഘകൃഷി ഗ്രൂപ്പുകൾക്ക് നൽകുന്ന പരിശീലനം

**ജെ.എൽ.ജി കൾക്ക് ലഭിക്കുന്ന മറ്റ് പിന്തുണാ സഹായങ്ങൾ**

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി) വഴി കെ.എൽ.ജി കൾക്കുള്ള സാങ്കേതിക പരിശീലനത്തിനുള്ള ധനസഹായവും പഞ്ചായത്ത് തലത്തിൽ റിസോഴ്സ് സെന്ററായ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററും.
2. ലോൺ എടുക്കുന്ന ജെ.എൽ.ജി. കൾക്ക് പലിശ സബ്സിഡി
3. ബാങ്ക് വായ്പ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ഇൻഷുറൻസ്
4. കൃഷി വകുപ്പ് : ഉൽപാദനോപാദികൾ, സാങ്കേതിക സഹായം, വിള ഇൻഷുറൻസ്

## പ്രവർത്തനങ്ങൾ

തദ്ദേശഭരണസ്ഥാപനത്തിന്റേയും സി.ഡി.എസ്സിന്റേയും നേതൃത്വത്തിൽ പൊതു തരിശുകളും ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള മറ്റ് സ്വകാര്യ തരിശുകളും കണ്ടെത്തലാണ് ആദ്യപടി. കൃഷി ചെയ്യാൻ താല്പര്യമുള്ള അയൽകൂട്ടാംഗങ്ങളായ 4 മുതൽ 10 വരെയുള്ള സ്ത്രീകൾ ചേർന്ന് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ (സി.ഡി.എസ്) ജെ.എൽ.ജി കളായി അഫിലിയേറ്റ് ചെയ്യുന്നു. അഫിലിയേറ്റ് ചെയ്യുന്ന ജെ.എൽ.ജി കൾക്ക് ഒരു യൂണിക് ഐഡന്റിഫിക്കേഷൻ നൽകുന്നു. ജെ.എൽ.ജി ഗ്രൂപ്പ് ആയി രൂപീകരിക്കുന്നതിനും അഫിലിയേഷനും വേണ്ട നേതൃത്വം ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്) നൽകുന്നു. ജെ.എൽ.ജി കൾ കൃഷി ആരംഭിച്ചു കഴിഞ്ഞാൽ വിസ്തൃതി ബോണസിനുള്ള അപേക്ഷ സി.ഡി.എസുകൾ വഴി ജില്ലാ മിഷൻ ഓഫീസിൽ എത്തിക്കുന്നു. ജെ.എൽ.ജി കളുടെ സ്വന്തം ബാങ്ക് അക്കൗണ്ടുകളിലേക്കുള്ള ചെക്കായി ധനസഹായം സി.ഡി.എസുകൾ മുഖേന ജെ.എൽ.ജി കൾക്ക് എത്തിച്ചു കൊടുക്കുന്നു. ഇപ്രകാരം തന്നെ വിളവെടുപ്പ് കഴിഞ്ഞാൽ ഉൽപാദന ബോണസിനുള്ള ധനസഹായം ജെ.എൽ.ജി കൾക്ക് ലഭിക്കുന്നു. എ.ഡി.എസും, സി.ഡി.എസും ജെ.എൽ.ജി കളെ മോണിറ്ററിംഗ് നടത്തുന്നതിൽ പ്രധാനപെട്ട പങ്ക വഹിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തൊഴിലുറപ്പ് പദ്ധതി വഴി ജെ.എൽ.ജി കളുടെ കൃഷി സ്ഥലം തയ്യാറാക്കി കൊടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന് കഴിയും. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഉൽപദനോപാദികൾ, കാർഷിക യന്ത്രങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ജലസേചനം, വിപണി എന്നിവ ജെ.എൽ.ജി കൾക്ക് നൽകാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

മൂന്ന് മാസത്തിലൊരിക്കലെങ്കിലും ചേരുന്ന വിലയിരുത്തൽ സമിതികൾ വഴി ജെ.എൽ.ജി കളുടെ പ്രവർത്തനങ്ങളെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി സംയോജിപ്പിക്കാനാവുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന സ്കീമുകളുടെ ഗുണഭോക്താക്കളായി ജെ.എൽ.ജി കളെ തെരഞ്ഞെടുക്കാനും സംയോജനം വഴി സാധിക്കുന്നു. ജെ.എൽ.ജി കളുടെ അവലോകന യോഗങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന പ്രശ്നങ്ങളും വിടവുകളും നികത്തുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഇടപെടൽ മൂലം കഴിയുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വയംതൊഴിൽ പ്രോജക്ടുകളും വനിതാഘടക പദ്ധതിയുമായും ഇതിനെ ഏകോപിപ്പിക്കുവാനും സംയോജിപ്പിക്കുവാനും കഴിയണം. ആത്മ (ATMA) ആർ.കെ.വി.വൈ എന്നീ പദ്ധതികളുമായി സംയോജിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സി.ഡി.എസിന്റെ കർമ്മപദ്ധതിയുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതികൾ സംയോജിപ്പിക്കാൻ ശ്രമിക്കണം. (പ്രത്യേകിച്ച് വനിതഘടക പദ്ധതി സ്വയം തൊഴിൽ പ്രോജക്ടുകൾ).

## 2. ആശ്രയ പദ്ധതി

## ലക്ഷ്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക.

## ഗുണഭോക്താവ്

ആശ്രയ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് വേണ്ട ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്ന 9 അർഹതാ മാനദണ്ഡങ്ങളിൽ 7 എണ്ണവും അതിക്ലേശ ഘടകങ്ങളിൽ ഒരെണ്ണവും ബാധകമായ അഗതി കുടുംബം.

## സ്കീമിന്റെ നിർവ്വഹണം

തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയായ ആശ്രയ പദ്ധതിയുടെ നോഡൽ ഏജൻസിയായി കുടുംബശ്രീ – കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രവർത്തിക്കുന്നു. ആശ്രയ ഗുണഭോക്താക്കളുടെ അതിജീവനാവശ്യങ്ങൾക്കുള്ള തുക ചലഞ്ച് ഫണ്ടായി കുടുംബശ്രീയിൽ നിന്ന് ലഭിക്കുന്നു. അടിസ്ഥാനാവശ്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്തുന്നു. വസ്ത്രം മുതലായ ഘടകങ്ങൾക്ക് സ്പോൺസർഷിപ്പ് കണ്ടെത്തുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഉദാഹരണത്തിന് ആരോഗ്യ ഘടകം നടപ്പിലാക്കേണ്ടത് തദ്ദേശഭരണ വകുപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡോക്ടറും, വിദ്യാഭ്യാസ ഘടകം നടപ്പിലാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ സ്കൂൾ മേലധികാരി വഴിയുമാണ്.

## ഫണ്ടിംഗ്

അതിജീവനാവശ്യങ്ങൾക്കുള്ള തുക (പ്രോജക്ടിന്റെ 40% ത്തിൽ അധികം വരാത്ത 25 ലക്ഷം എന്ന പരിധിയ്ക്ക് വിധേയമായി) കുടുംബശ്രീ ചലഞ്ച് ഫണ്ടായി നൽകുന്നു. അടിസ്ഥാനാവശ്യങ്ങൾക്കുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതമായി വകയിരുത്തുന്നു. സ്പോൺസർഷിപ്പ് ഉൾപ്പെടെ വിവിധ ഫണ്ടുകളുടെ സംയോജനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. ആശ്രയ ഫണ്ട് നിക്ഷേപിക്കുന്നതിന് മാത്രമായി ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങേണ്ടതും ചലഞ്ച് ഫണ്ട് ആ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ 3 മാസം കണക്കാക്കിയ വിഹിതവും ടി ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

## പ്രവർത്തനങ്ങൾ

ക്ലേശ ഘടകങ്ങൾ ബാധകമായ കുടുംബങ്ങളെ ഡി.ഡി.എസിന്റെ നേതൃത്വത്തിൽ സർവ്വേ നടത്തി ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുകയും വേണം. ആശ്രയ കുടുംബങ്ങളുടെ ആവശ്യങ്ങൾ കണ്ടെത്തി ഓരോ കുടുംബത്തിന്റേയും ആവശ്യങ്ങൾ ഉൾപ്പെടുത്തി വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. തയ്യാറാക്കിയ പ്രോജക്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാരവും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും നേടിയശേഷം ഗവൺമെന്റ് അംഗീകാരത്തിന് വേണ്ടി സമർപ്പിക്കുന്നു. ഗവൺമെന്റ് അംഗീകാരം ലഭിച്ചതിന് ശേഷം ചലഞ്ച് ഫണ്ട് ലഭിക്കുന്നതോടുകൂടി ആശ്രയ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നു.

## നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ടുകൾ യഥാവിധി സി.ഡി.എസിന് കൈമാറുകയും പദ്ധതിയുടെ നിർവ്വഹണം സി.ഡി.എസ് വഴി യഥാസമയം നടത്തുകയും ചെയ്യുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാസമയം അംഗീകാരം വാങ്ങുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

വിവിധ ഫണ്ടുകൾ സമാഹരിക്കുകയും യഥാസമയം പദ്ധതി പൂർത്തീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ അംഗീകാരം വാങ്ങി എന്ന് ഉറപ്പുവരുത്തുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനമായ ഗ്രാമപഞ്ചായത്ത്/നഗരസഭ വഴിയാണ് നിർവ്വഹണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ ഫണ്ടുകളും പ്രോജക്ടുകളുമായും ഇതിനെ ബന്ധിപ്പിക്കാം.

# 3. റൂറൽ മൈക്രോ എന്റർപ്രൈസ് സ്കീം

## ലക്ഷ്യങ്ങൾ

- വ്യക്തിഗത /ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങാൻ സ്ത്രീകളെ സഹായിക്കുക
- ലിംഗ അസമത്വത്തിൽ നിന്നുള്ള മോചനവും, പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ ഉന്നമനവും സാധ്യമാക്കുക.

## ഗുണഭോക്താവ്

ഗ്രൂപ്പ് സംരംഭമാണെങ്കിൽ ഏറ്റവും കൂടിയത് 10 സ്ത്രീകൾ (5 മുതൽ 10 സ്ത്രീകൾ വരെ) ചേർന്ന ഗ്രൂപ്പുകൾ

## സ്കീമിന്റെ നിർവ്വഹണം

നിർവഹണ ഉദ്യോഗസ്ഥൻ ജില്ല മിഷൻ കോഡിനേറ്റർ ആണ്.

## ഫണ്ടിംഗ്/സബ്സിഡി

### വ്യക്തി സംരംഭം

പദ്ധതി തുക - ഗുണഭോക്താക്കളുടെ ആവശ്യാനുസരണം ലോൺ തുക ലഭ്യമാകുന്നതനുസരിച്ച്. സബ്സിഡി രൂപ അല്ലെങ്കിൽ പദ്ധതി തുകയുടെ 30% ഏതോണോ കുറവ് ആ തുക ലഭിയ്ക്കും.

### ഗ്രൂപ്പ് സംരംഭം

പദ്ധതി തുക - ഗ്രൂപ്പിന്റെ ആവശ്യാനുസരണം ലോൺ തുക ലഭ്യമാകുന്നതനുസരിച്ച്

സബ്സിഡി തുക - ഗ്രൂപ്പിലെ ഒരംഗത്തിന് 10,000 രൂപ നിരക്കിൽ 1,00,000 രൂപ അല്ലെങ്കിൽ പദ്ധതി തുകയുടെ 50% ഏതാണോ കുറവ് ആ തുക ലഭിയ്ക്കും.

### പ്രവർത്തനങ്ങൾ

പദ്ധതിയ്ക്കുവേണ്ട സ്കീം തയ്യാറാക്കി നൽകാൻ ഓരോ പഞ്ചായത്തിലും മൈക്രോ എന്റർ പ്രൈസ് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നു. സംരംഭം തുടങ്ങാൻ ആഗ്രഹം ഉള്ളവർ അയൽകൂട്ടങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഈ അപേക്ഷ എ.ഡി.എസ് വഴി സി.ഡി.എസിൽ എത്തുകയും ജി.ഒ.ടി, ഇ.ഡി.പി വഴി അർഹരായവരെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് & പദ്ധതിയുടെ ഏകോപനം

പദ്ധതിയെ കുറിച്ച് ബോധവത്കരണം നടത്തുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുമായും സ്വയംതൊഴിൽ പദ്ധതികളുമായും ബന്ധിപ്പിക്കണം. കുടുംബശ്രീയുടെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വിടവുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ വനിതാ ഘടക പദ്ധതിയുമായി സംയോജിപ്പിച്ച് പരിഹരിക്കുകയും വേണം. പദ്ധതിരേഖയിൽ ഇവ വിവരിക്കണം.

## 4. യുവശ്രീ

### ലക്ഷ്യങ്ങൾ

- സുസ്ഥിര തൊഴിലവസരങ്ങൾ കണ്ടെത്താൻ യുവജനങ്ങളെ പ്രാപ്തരാക്കുക

### ഗുണഭോക്താവ്

- 18-45 വയസ്സിനിടയിലുള്ള വിദ്യാസമ്പന്നരായ യുവജനങ്ങൾ. കുടുംബശ്രീ കുടുംബത്തിൽപ്പെട്ട യുവാക്കൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാം. ഈ പദ്ധതിയുടെ കീഴിൽ വ്യക്തിഗത സംരംഭവും/ഏറ്റവും കുറഞ്ഞത് 5 പേരടങ്ങുന്ന ഗ്രൂപ്പ് സംരംഭവും ആരംഭിക്കാം.

### സ്കീമിന്റെ നിർവ്വഹണം

നിർവ്വഹണ ഉദ്യാഗസ്ഥൻ ജില്ലാ മിഷൻ കോഡിനേറ്റർ ആണ്.

## ഫണ്ടിംഗ്/സബ്സിഡി

### വ്യക്തിഗത സംരംഭം

പദ്ധതി തുക 50,000 രൂപയോ അതിൽ കൂടുതലോ ആയിരിക്കണം. സബ്സിഡി – 7500 രൂപ അല്ലെങ്കിൽ പദ്ധതി തുകയുടെ 30% ഏതാണോ കുറവ് ആ തുക ലഭിയ്ക്കും.

### ഗ്രൂപ്പ് സംരംഭം

പദ്ധതി തുക 2,50,000 രൂപയോ അതിൽ കൂടുതൽ ആയിരിക്കണം. ഗ്രൂപ്പിലെ ഒരംഗത്തിന് 10,000 രൂപ നിരക്കിൽ 1,00,000 രൂപ അല്ലെങ്കിൽ പദ്ധതി തുകയുടെ 50% ഏതാണോ കുറവ് ആ തുക ലഭിയ്ക്കും.

## പ്രവർത്തനങ്ങൾ

പദ്ധതിയ്ക്കു വേണ്ട സ്കീം തയ്യാറാക്കി നൽകാൻ ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നു. സംരംഭം തുടങ്ങാൻ ആഗ്രഹം ഉള്ളവർ അയൽകൂട്ടങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഈ അപേക്ഷ എ.ഡി.എസ് വഴി സി.ഡി.എസിൽ എത്തുകയും ജി.ഒ.ടി, ഇ.ഡി.പി വഴി അർഹരായവരെ  തിരഞ്ഞെടുക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് ബോധവൽക്കരണം നടത്തുക. തദ്ദേശഭരണസ്ഥാപനത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായും മറ്റ് സ്വയംതൊഴിൽ പദ്ധതികളുമായും ഏകോപിപ്പിക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള സംയോജനം, ഏകോപനം എങ്ങനെ സാധ്യമാക്കാം.

കുടുംബശ്രീ തയ്യാറാക്കിയ കർമ്മപദ്ധതി തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി രേഖ തയ്യാറാക്കുമ്പോൾ ചർച്ച ചെയ്യുകയും വനിത ഘടക പദ്ധതിയിലും പൊതു സ്വയംതൊഴിൽ പദ്ധതിയിലുംപെടുത്തി ബന്ധപ്പെട്ട എല്ലാവർക്കും സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം. പദ്ധതി രേഖയിൽ ടി വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

## 5. ഇന്നവേഷൻ ഫണ്ട്

### ലക്ഷ്യങ്ങൾ

പുതുമയുള്ള അണുസംരംഭങ്ങളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകരെ പ്രാപ്തരാക്കുക.

### ഗുണഭോക്താവ്

പുതുമയുള്ള സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭകർ

### സ്കീമിന്റെ നിർവ്വഹണം

നിർവ്വഹണ ഉദ്യോഗസ്ഥൻ കുടുംബശ്രി ജില്ലാ മിഷൻ കോർഡിനേറ്റർ ആണ്.

### ഫണ്ടിംഗ്/സബ്സിഡി

ഈ പദ്ധതി പ്രകാരം സബ്സിഡിയും ഇന്നവേഷൻ ഫണ്ടുമടക്കം ഏറ്റവും കൂടിയത് പദ്ധതി തുകയുടെ 50% ലഭിയ്ക്കും.

### പ്രവർത്തനങ്ങൾ

പദ്ധതിക്കുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നു. സംരംഭകർ അയൽകൂട്ടങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഈ അപേക്ഷ എ.ഡി.എസ്, സി.ഡി.എസ് വഴി ജില്ലാ മിഷനിൽ എത്തുകയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർപേഴ്സണായ കമ്മിറ്റി അർഹരായവരെ തിരഞ്ഞെടുക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെകുറിച്ച് ബോധവൽക്കരണം നടത്തുക - വിലയിരുത്തൽ സമിതിയിൽ ഇവ ചർച്ചയക്ക് വിധേയമാക്കുക, തദ്ദേശഭരണ സ്ഥാപനത്തിൽ അർഹതയുള്ളവരെ ഗ്രാമസഭ/അയൽകൂട്ടം വഴി കണ്ടെത്തുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ ഇവ ചർച്ച ചെയ്ത് വിടവുകൾ നികത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്വയംതൊഴിൽ പദ്ധതിയുമായി പ്രത്യേകിച്ച് വനിതാ ഘടക പദ്ധതിയുമായി ഇവയെ ഏകോപിപ്പിക്കാം.

## 6. ടെക്നോളജി ഫണ്ട് സ്കീം

### ലക്ഷ്യങ്ങൾ

മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന അണുസംരംഭകരെ പ്രോത്സാഹിപ്പിക്കുക.

### ഗുണഭോക്താവ്

മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന അയൽകൂട്ട സംവിധാനത്തിലുള്ള സ്ത്രീകൾ

### സ്കീമിന്റെ നിർവ്വഹണം

കുടുംബശ്രീ

### ഫണ്ടിംഗ്/സബ്സിഡി

സംസ്ഥാന ഫണ്ട്. സാങ്കേതികവിദ്യയ്ക്കുള്ള ചെലവിനത്തിൽ സാങ്കേതിക വിദ്യ വികസിപ്പിക്കാനായുള്ള ചെലവും വാങ്ങുന്നതിനാവശ്യമായ ചെലവും ഉൾപ്പെടും.

### പ്രവർത്തനങ്ങൾ

പദ്ധതിക്കുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നു. മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾ അയൽക്കൂട്ടങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഈ അപേക്ഷ എ.ഡി.എസ്, സി.ഡി.എസ് വഴി ജില്ലാ മിഷനിൽ എത്തുകയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർപേഴ്സണായ കമ്മിറ്റി അർഹരായവരെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ കുറിച്ച് ബോധവത്ക്കരണം നടത്തുക. സംരംഭങ്ങൾ കണ്ടുപിടിച്ചു അർഹരായവർ അപേക്ഷ നൽകി എന്ന് ഉറപ്പു വരുത്തുക. ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കുക. വിലയിരുത്തൽ സമിതിയിൽ ഇവ ചർച്ചയ്ക് വിധേയമാക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്വയംതൊഴിൽ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം. വിടവുകൾ നികത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാം.

## 7. റിവോൾവിംഗ് ഫണ്ട് സ്കീം

### ലക്ഷ്യങ്ങൾ

സംരംഭകർക്ക് പെട്ടന്നുണ്ടാകുന്ന പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുക

## ഗുണഭോക്താവ്

വനിത സംരംഭകർ - ഗ്രേഡിംഗ് കഴിഞ്ഞ അയൽകൂട്ട സംരംഭകർ

## സ്കീമിന്റെ നിർവ്വഹണം

കുടുംബശ്രി ജില്ലാ മിഷൻ കോർഡിനേറ്റർ വഴി

## ഫണ്ടിംഗ്/സബ്സിഡി

പദ്ധതി തുകയുടെ 15% ൽ കൂടുതൽ വരാതെ ഏറ്റവും കൂടിയത് 35,000 രൂപ വരെ ഒരു ഗ്രൂപ്പിന് ലഭിയ്ക്കും.

## പ്രവർത്തനങ്ങൾ

പദ്ധതിക്കുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നു. നിലവിൽ ചുരുങ്ങിയത് 3 അംഗങ്ങളെങ്കിലും പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകർ ഉള്ള ഗ്രൂപ്പ് സംരംഭങ്ങൾക്കാണ് ഫണ്ടിനർഹത. യൂണിറ്റ് ചുരുങ്ങിയത് 6 മാസമെങ്കിലും തുടർച്ചയായി പ്രവർത്തിച്ചവയായിരിക്കണം. നിർദ്ദിഷ്ട അപേക്ഷ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ പരിശോധിക്കുകയും അർഹമായവയ്ക്ക് തുക അനുവദിക്കുകയും ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെ കുറിച്ച് ബോധവൽക്കരണം നടത്തുക. അർഹതയുള്ളവരെ കണ്ടെത്തി എന്ന് ഉറപ്പു വരുത്തുക. ഗ്രാമസഭ ചർച്ചയ്ക്ക് വിധേയമാക്കുക.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഇവയെ ഏകോപിപ്പിക്കാം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിലും ടി കാര്യങ്ങൾക്കായി പ്രോജക്ടുകൾ തയ്യാറാക്കാം, വിടവുകൾ നികത്താം.

| | | | | |
|---|---|---|---|---|
| 1 | കൃഷി | www.keralaagriculture.com | krishidirector@gmail.com | 0471-2304480 |
| 2 | മണ്ണുപര്യവേഷണം | | agriscu@hotmail.com | 0471-2451433 |
| 3 | ഇറിഗേഷൻ | | cepikkd@gmail.com0495-2380805 | |
| 4 | മത്സ്യബന്ധനം | www.fishnetkerala.gov.in | fisheriesdirector@gmail.com | 0471-2303160 |
| 5 | മൃഗസംരക്ഷണം | www.aho.kerala.gov.in | directorah.ker@nic.in | 0471-2302285 |
| 6 | ക്ഷീരവികസനം | www.dairy.kerala.gov.in | diarydirector05@gmail.com | 0471-2445749 |
| 7 | വ്യവസായം | | www.keralaindustry.org | 0471-2302449 |
| 8 | കയർ ഡിപ്പാർട്ട്മെന്റ് | | directorate@coir.kerala.gov.in | 0471-2322046 |
| 9 | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | www.kkvib.org | secretary@kkvib.org | |
| 10 | കൈത്തറി വകുപ്പ് | www.keralahandloom.gov.in | dirhandloom@asianetindia.com | 0471-2303427 |
| 11 | വനം വകുപ്പ് | www.forest.kerala.gov.in | pccf@forest.kerala.gov.in | 0471-2321610 |
| 12 | ആരോഗ്യവകുപ്പ് | www.dhs.kerala.gov.in | dhskerala@gmail.com | 0471-2303025 |
| 13 | ഭാരതീയ ചികിത്സാ വകുപ്പ് | oww.ism.kerala.gov.in | directorism@yahoo.com | 0471-2322620 |
| 14 | ഹോമിയോ വകുപ്പ് | www.homeopathy.kerala.gov.in | directorhomeokerala@yahoo.in | 0471-2471428 |
| 15 | മലിനീകരണ നിയന്ത്രണ വകുപ്പ് | | kerapcb@asianetindia.com | 0471-2318150 |
| 16 | പൊതു വിദ്യാഭ്യാസ വകുപ്പ് | dpi@education.kerala.gov.in | dirvhse@yahoo.com | 0471-2325106<br>0471-2325323 |
| 17 | കോളേജ് വിദ്യാഭ്യാസ വകുപ്പ് | | dcedirectorate@gmail.com | 0471-2303548 |
| 18 | സാക്ഷരതാ മിഷൻ | www.leapkerala.org | dcedirectorate@gmail.com | 0471-2303548 |
| 19 | ലൈബ്രറി കൗൺസിൽ | | akcknf@gmail.com | 0471-2438801 |
| 20 | ഭൂജല വകുപ്പ് | www.groundwater.kerala.gov.in | gwdkerala@gmail.com | 0471-2434098 |
| 21 | ജലനിധി | | kurianb@yahoo.com | 0471-2340434,<br>2337006 |

| | | | | |
|---|---|---|---|---|
| 22 | കേരള ജല അതോറിറ്റി | | md@kwa.kerala.gov.in | 0471-2322797 |
| 23 | സോഷ്യോ ഇക്കണോമിക് | | seufhg@vsnl.net | 0471-2315907 |
| 24 | സഹകരണം | www.keralarcs@coop.kerala.gov.in | keralarcs@gmail.com | 0471-2331891 |
| 25 | നാഷ്ണൽ എംപ്ലോയ്മെന്റ് | www.detkerala.gov.in | detkerala@gmail.com | 0471-2323856 |
| 26 | തൊഴിൽ വകുപ്പ് | www.lckerala.gov.in | lc@lc.kerala.gov.in | 0471-2330414 |
| 27 | ഫാക്ടറീസ് & ബോയ്‌ലറീസ് | | director@fabkerala.gov.in | 0471-2477974 |
| 28 | പട്ടിക ജാതി വകുപ്പ് | sc.directorate@gmail.com | 0471-2314455 | |
| 29 | പട്ടിക വർഗ്ഗ വകുപ്പ് | www.scstkeralacorporation.org | keralatribes@gmail.com | 0471-2302990 |
| 30 | സഹകരണ കോർപ്പറേഷൻ | www.ksbcdc.com | bcdcmo@gmail.com | 0471-2327979 |
| 31 | പിന്നോക്ക സമുദായം | | obcdirectorate@gmail.com | |
| 32 | ടൂറിസം | http.www.keralatourism.org | info@keralatourism.org | |
| 33 | സിവിൽ സപ്ലൈയ്സ് | www.civilsupplieskerala.gov.in | essentioalcommodity@gmail.com | 0471-2320578 |
| 34 | സാമൂഹ്യനീതി വകുപ്പ് | www.swd.kerala.gov.in | swdkerala@gmail.com | 0471-2302887 |
| 35 | റവന്യു വകുപ്പ് | | lrcommissioner@gmail.com | 0471-2322830 |
| 36 | യുവജനകാര്യലയം | www.dsya.kerala.gov.in | keralasportscouncil@gmail.com | 0471-2325883 |
| 37 | പോലീസ് | | dgp@keralapolice.gov.in | 0471-2721601 |
| 38 | ലോട്ടറി വകുപ്പ് | www.keralalotteries.com | direkerlot@gmail.com | |
| 39 | റിമോട്ട് സെൻസിംഗ് | | directorksrec@yahoo.in | 0471-2301167 |
| 40 | ലീഗൽ മെട്രോളജി | www.lmdkerala.gov.in | clmkerala@gmail.com | 0471-2305996 |
| 41 | ഇൻഷ്വറൻസ് | www.insurancekerala.gov.in | directorksid@yahoo.co.in | |
| 42 | മൈനിംഗ് & ജിയോളജി വകുപ്പ് | www.omg.kerala.gov.in | director@omg.kerala.gov.in | 0471-2447429 |
| 43 | എക്സൈസ് വകുപ്പ് | | eckerala@excise.kerala.gov.in | 0471-2332632 |
| 44 | ഔഷധ ഗുണനിയന്ത്രണ വകുപ്പ് | www.dc.kerala.gov.in | dckerala@gmail.com | 0471-2473256 |

| | | | | |
|---|---|---|---|---|
| 45 | ഫയർ & റസ്ക്യൂ വകുപ്പ് | | keralafireandrescueservices @gmail.com | 0471-2320865 |
| 46 | മോട്ടോർ വെഹിക്കിൾ | www.keralamvd.gov.in | tc@keralamvd.gov.in | 0471-2331314 |
| 47 | പൊതുമരാമത്ത് വകുപ്പ് | www.kerala.pwd.gov.in | ceblogs@pwd.kerala.gov.in | 0471-2322946 |
| 48 | പുരാവസ്തു വകുപ്പ് | www.keralaarchaeology.org | dirarch@sancharnet.in | |
| 49 | സാംസ്ക്കാരിക വകുപ്പ് | | ksnacademi@gmail.com | 0487-2382420 |
| 50 | ഇലക്ട്രിസിറ്റി ബോർഡ് | | cmkseb@ksebnet.com | 0471-2942125 |
| 51 | ഭൂവിനിയോഗ ബോർഡ് | www.kslsb.kerala.gov.in | landuseboard@yahoo.com | |
| 52 | ഹൗസിംഗ് ബോർഡ് | adv.rahmath@yahoo.co.in | adv.rahmath@gmail.com | |
| 53 | കുടുംബശ്രീ | | saradamuraleedharan@gmail.com | 04712554789 |
| 54 | ലീഗൽ സർവ്വീസ് അതോറിറ്റി | www.kelsa.nic.in | kelsakerala@gmail.com | 0484-2395353 |
| 55 | കയർ ബോർഡ് | | coir@mdz.vsnl.net.in | |
| 56 | ബാങ്കിംഗ് | www.nabard.org | Trivandrum@nabard.org | 0471-2323859 |

## ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സഹായിച്ചവർ

| ക്രമ നം. | പേര് | ഫോൺ നമ്പർ |
|---|---|---|
| 1 | പ്രകാശ് എം | 9447887332 |
| 2 | ഡോ. ദിലീപ്കുമാർ. എസ്.ആർ | 9946105486 |
| 3 | ഡോ. എൻ.ആർ. ഹർഷകുമാർ | 9447084814 |
| 4 | കെ.ബി. ഷാജി | 9446430888 |
| 5 | രേണുകുമാർ എം. | 9496346320 |
| 6 | മോഹൻകുമാർ വി.കെ | 9495890013 |
| 7 | കാളിദാസൻ എം.ജി | 9447050945 |
| 8 | ഡോ. ടി.ടി. കൃഷ്ണകുമാർ | 9447015999 |
| 9 | രാജേന്ദ്രൻ | 9446176748 |
| 10 | വി.എസ്. സുകുമാരൻ | 9388551947 |
| 11 | ഗോകുൽ. ടി.ജി | 9744310077 |
| 12 | സേവ്യർ.പി. ഇഗ്നേഷ്യസ് | 04872360469 |
| 13 | ലാസർ ഇ.പി. | 9495739963 |
| 14 | കൃഷ്ണകുമാർ കെ.എസ്. | 9446384841 |
| 15 | പി.കെ. മോഹൻദാസ് | 9447868021 |
| 16 | മോസസ് രാജ്കുമാർ. എസ് | 9446008174 |
| 17 | സുമിത്ര എസ് | 9447975725 |
| 18 | ഡോ. എൻ. ഗോപാലകൃഷ്ണൻ | 9446377982 |
| 19 | ടി. ലീല | 9447878913 |
| 20 | ശ്രീദേവി. കെ.ജി. | 9847693613 |
| 21 | മീര .പി. | 9447541512 |
| 22 | സി.കെ. പ്രദീപ് കുമാർ | 9446534745 |
| 23 | തോമാസ് സ്കറിയ | 9447419754 |

| | | |
|---|---|---|
| 24 | എം.ഒ. പുഷ്പേന്ദ്രൻ | 9446461713 |
| 25 | അനു.എസ്. നായർ | 9447154502 |
| 26 | കെ.വി. ഗോവിന്ദൻ | 9447684686 |
| 27 | സന്തോഷ്കുമാർ സെൻ | 9495420149 |
| 28 | മിറയാമ്മ കെ. ജോർജ് | 9447450867 |
| 29 | ശങ്കരനാരായണൻ എം. | 9446554726 |
| 30 | ശ്രീകുമാർ . ടി. എസ് | 9446553341 |
| 31 | ശോ ന. ഇ. ആർ | 9447234694 |
| 32 | ഡോ. ജോർജ്ജ് തോമാസ് | 9446547341 |
| 33 | അനുമുരളി വി. | 9446089715 |
| 34 | വേണുകുമാർ സി. | 9447206745 |
| 35 | ലീന രവിദാസ് | 9447668709 |
| 36 | എബ്രഹാം .ടി. എസ്. | 9446333177 |
| 37 | ദിനേശ്കുമാർ കെ.പി. | 9447145996 |
| 38 | ബിന്ദു.പി. വർക്ഷീസ് | 9495139003 |
| 39 | പൃഥിപാലൻ. പി.കെ | 9961524558 |
| 40 | നന്ദൻ. പി | 9447603671 |
| 41 | പ്രീതി. എസ് | 9447735405 |
| 42 | ഔസേപ്പ് . പി.വി | 9847531070 |
| 43 | വിനോദ് രാജ് | 2360130 |
| 44 | നവീൻ എ. കെ | 9400506589 |
| 45 | സദാനന്ദൻ ഇ. എസ് | 9447804781 |
| 46 | രാജേന്ദ്രൻ . സി | 9447400650 |
| 47 | അശോക് കുമാർ. ടി. കെ | 9447617751 |
| 48 | ജാക്സൺ ചാക്കോ | 9847336473 |

| | | |
|---|---|---|
| 49 | പി. മുരളീധരൻ | 9400301395 |
| 50 | ഡോ. കെ. വി. മുഹമ്മദ് കുഞ്ഞി | 9447126861 |
| 51 | റഷീദ്. കെ. എം | 9446241788 |
| 52 | രേണുക. വി. കെ | 9847543474 |
| 53 | വിശ്വനാഥൻ. ടി.കെ | 8547329156 |
| 54 | സുമിത്ര. എസ്. | 9446110526 |
| 55 | ശകുന്തള. കെ | 9447740562 |
| 56 | നിഷ. വി.സി | 9605614714 |
| 57 | രത്നം. എ.ജെ | 9495576362 |
| 58 | ശ്രീധരൻ. വി.കെ | 9497073324 |
| 59 | ജോസഫ്ജോണി | 9446990921 |
| 60 | ദിനേശ്കുമാർ.കെ.പി | 9447145996 |
| 61 | ജെയ്സി ജോസഫ് | 9744494896 |
| 62 | ഡോക്ടർ ഗോപീകൃഷ്ണൻ | 9446377982 |
| 63 | വിൽസൺ. ടി. എൻ. | 9496288132 |
| 64 | അനിരുദ്ധൻ. ടി.സി | 9072446698 |
| 65 | അജിത്കുമാർ. സി.ടി | 9447527301 |
| 66 | മിനി രവീന്ദ്രൻ | 9495884529 |
| 67 | ഷൈജ. എസ്. | 9946755146 |
| 68 | ജയകുമാർ | 9496004058 |
| 69 | ഡോ. ജഗദീശൻ (ഹെൽത്ത് എ.ഡി) | |
| 70 | ജയദേവൻ പി.കെ | 9895287950 |
| 71 | രവീന്ദ്രനാഥൻ. എം.കെ | 9746342952 |

തിയ്യതി : 01-01-2014 കോഡിനേറ്റർ - രവീന്ദ്രനാഥൻ എം.കെ.



# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും




**Kerala Institute of Local Administration (KILA)**
Mulamkunnathukavu, Thrissur-680 581
Phone:+91 487 2201312, 2201768, 2201061, 2200244
Fax: +91 487 2201062, email:mail@kilaonline.org
Website:www.kilaonline.org